## ഒന്നാം ഭാഗം

# *നിത്യ പ്രാർത്ഥനക്രമം*

(ശ്ഹീമൊ നമസ്ക്കാരം)

(ഏഴുനേരത്തെ പ്രാർത്ഥന രണ്ടുനേരമായി നടത്തുമ്പോൾ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പായി ഒമ്പതാംമണിനേരത്തെ പ്രാർത്ഥന ആരംഭിക്കേണ്ടതാകുന്നു.)

### കുരിശുവരയ്ക്കുന്നതിന്റെ സാരാംശം

നമ്മുടെ രക്ഷിതാവായ മിശിഹാതമ്പുരാൻ നമ്മുടെ രക്ഷയ്ക്കായിട്ട് സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്ക് ഇറങ്ങിയതിനെ ഉദ്ദേശിച്ചു നെറ്റിയിൽനിന്ന് നെഞ്ചിലേക്കും പാപം മൂലം ഇടത്തേതിലായിരുന്ന നമ്മെ രക്ഷകന്റെ കുരിശുമരണം മൂലം വലത്തുഭാഗത്തെ മക്കളാക്കിത്തീർത്തതിനെ ഉദ്ദേശിച്ച് ഇടത്തേ തോളിൽനിന്നു വലത്തേ തോളിലേക്കും കുരിശ് വരയ്ക്കുന്നു.

✠✠✠✠✠✠✠✠✠✠✠✠✠✠



## സന്ധ്യാപ്രാർത്ഥന

(പ്രാർത്ഥിപ്പാൻ കിഴക്കോട്ടു മുഖമായി നിന്ന് നെഞ്ചത്തു കൈകൾ കെട്ടി അന്യവിചാരങ്ങളെ അടക്കിക്കൊണ്ട് താഴെ വരുന്നപ്രകാരം ചൊല്ലണം.)

### ആരംഭം

[1]പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ,

തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ സ്തുതികൾകൊണ്ട് നിറഞ്ഞിരിക്കുന്ന[2] ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.[2]

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.[2]

### കൗമാ

ദൈവമേ! നീ പരിശുദ്ധനാകുന്നു.
ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമെ.[3]

---

1. വിശുദ്ധ ത്രിത്വനാമം പറയുന്നിടത്തെല്ലാം കുരിശുവരയ്ക്കേണ്ടത് മുറയാകയാൽ ഇവിടെ കുരിശുവരയ്ക്കണം.
2. തലതാഴ്ത്തി കുനിഞ്ഞുവന്ദിച്ചിട്ട് കുരിശുവരയ്ക്കണം.
3. മുട്ടുകുത്തി കയ്യും കുത്തി തല നിലത്തു തൊടുവിച്ച് കുമ്പിട്ട് എഴുന്നേറ്റ് കുരിശു വരയ്ക്കണം. മൂന്നുപ്രാവശ്യം ചൊല്ലുമ്പോഴും ഇങ്ങനെ ചെയ്യണം.

ദൈവമേ! നീ പരിശുദ്ധനാകുന്നു.
ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.
ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമെ.

[1]ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ.

ദൈവമേ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്കു സ്തുതി. പാപികളായ അടിയാരോടു കൃപചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്മോർ.[2]

[3]സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നഅപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും

1. ഇവിടം മുതൽ കൗമാ അവസാനിക്കുന്നതുവരെ നിവർന്നു നിന്നു കൈകൾ രണ്ടും മലർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലണം.
2. ഇവിടെ തലതാഴ്ത്തി വന്ദിച്ചു കുരിശുവരയ്ക്കണം.
3. ഈ കർത്തൃപ്രാർത്ഥന ആരംഭിക്കുമ്പോൾ കണ്ണുകളെ സ്വർഗ്ഗത്തിലേക്കു ഉയർത്തി നോക്കണം.



ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു.[1] ആമീൻ.

[2]കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക [3]മൊർത്ത്മറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കു വേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

(ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഇവിടെ 51-ാം മസുമൂറാ ചൊല്ലിയതിന്റെ ശേഷം 'കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ' എന്നുള്ളതു ചൊല്ലേണ്ടതാകുന്നു. മറ്റു ദിവസങ്ങളിൽ 51-ാം മസുമൂറാ ഇവിടെ ചൊല്ലേണ്ട ആവശ്യമില്ല.)

### 51-ാം മസുമൂറാ

ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയണമെ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

1. ഇവിടെ തല താഴ്ത്തി വന്ദിച്ച് കുരിശു വരയ്ക്കണം.
2. കൃപനിറഞ്ഞ മറിയമേ എന്നുള്ളത് എല്ലാ കൗമായ്ക്കും ചൊല്ലണമെന്ന് നിർബന്ധമില്ല. ചൊല്ലുന്നതുകൊണ്ട് വിരോധവുമില്ല.
3. മൊർത്ത് എന്നത് മോർ എന്നതിന്റെ സ്ത്രീലിംഗമാണ്.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കയും ചെയ്‌വാനായിട്ടുതന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. സോപ്പാകൊണ്ട് എന്റെമേൽ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. തൽഗായെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്ന് നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചുകളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ മുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയും അരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയുംചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.



എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതി ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ (ബലിയായി) കരേറും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ. കുറിയേലായിസോൻ.

**141, 142, 119, 117 മസുമൂറാകൾ.**

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലൊ. എന്നോടുത്തരമരുളിച്ചെയ്യണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ചുകേട്ട് കൈക്കൊള്ളുകയും ചെയ്യണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപംപോലെയും എന്റെ കൈകളിൽനിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായ ക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്കു കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയുടെ മുനയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവു ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽനിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ച് വീഴട്ടെ.

എന്റെ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലൊ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവച്ചു. ഞാൻ വലത്തോട്ടുനോക്കി, എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽനിന്നു



എന്നെ വിടുവിക്കണമെ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്നു പുറപ്പെടുവിക്കണമെ. നീ എന്നോടുത്തരമരുളിച്ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ. നിന്റെ ന്യായങ്ങളിൽനിന്ന് എന്നെ പഠിപ്പിക്കണമെ.

എന്റെ ദേഹി എല്ലായ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ടു കെണികളെ വച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്നും മാറിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു. നിന്റെ കല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എക്ക്ബൊ**

കർത്താവേ! കരുണയോടെ നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോട് ഉത്തരമരുളി ച്ചെയ്യണമെ. ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും ദയ വോടെ കൈക്കൊള്ളുവാൻ നിനക്ക് ഇഷ്ടമുണ്ടാവുകയും ചെയ്യണമെ. സ്തൗമെൻകാലോസ്......

**കോലോകൾ-ധൂപപ്രാർത്ഥന**

കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന നിന്റെ സന്നിധി യിൽ സുഗന്ധവർഗ്ഗം പോലെ ഇമ്പമായി ഭവിക്കണമെ. സുഗ ന്ധധൂപംപോലെ അതു നിന്റെ സന്നിധിയിലേക്കു ഉയരു മാറാകണമെ. സുഗന്ധവർഗ്ഗങ്ങളുടെ പുക നിനക്കിമ്പമായി രിക്കുന്നതുപോലെ ഞങ്ങളുടെ നമസ്ക്കാരങ്ങളിലും പ്രാർത്ഥനകളിലും അപേക്ഷകളിലും സ്തോത്രങ്ങളിലും നീ ഇഷ്ടപ്പെട്ട് ഞങ്ങളിലുള്ള അയോഗ്യതകളെ ഓർക്കാതെ അവയെ കൈക്കൊള്ളുകയും ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. ബാറെക്മോർ.

**ദൈവമാതാവിനോടു**

കന്യകയായ മാതാവേ! എല്ലാഭാഗങ്ങളിൽനിന്നും ഞങ്ങൾക്കു വന്നുകൂടുന്ന ഉപദ്രവങ്ങളെയും, ഈ ലോക സമുദ്രത്തിന്റെ ഓളങ്ങളെയും ചുഴലികളെയും നീ തടയ ണമെ. മാതാവേ! ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യ മായ പ്രവേശനം മൂലം ദൈവം ഞങ്ങൾക്കു കരുണയും പാപ മോചനവും രോഗികൾക്കു സൗഖ്യവും ഞെരുക്കത്തിലി രിക്കുന്നവർക്കു ആശ്വാസവും അകലെ പോയിരിക്കുന്ന വർക്കു തിരിച്ചുവരവും നൽകുവാനായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.



**പരിശുദ്ധന്മാരോട്**

സഹദേന്മാരേ! ജലപ്രളയ കാലത്തിൽ നീതിമാനായ നോഹ തന്നോടുകൂടെ പെട്ടകത്തിനകത്തു പ്രവേശിച്ച ജീവ ജന്തുക്കളെ അതിന്റെ ഉള്ളിൽ മറച്ചുകൊണ്ടപ്രകാരം നിങ്ങൾ ലോകത്തെ ചുറ്റിയിരിക്കുന്ന തിരമാലകളിൽനിന്നും ചുഴലി കളിൽനിന്നും അതിനെ മറച്ചുകൊള്ളണമെ.

**ഏക പരിശുദ്ധനോട്**

മാർ തോമാശ്ലീഹാ![1] നിന്റെ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു. നിന്റെ ശ്രേഷ്ഠമായ നാമം താഴെയുള്ളവരുടെ ഇടയിൽ പുകഴ്ത്തപ്പെടുന്നു. നിന്റെ യജമാനനായ മിശിഹാ നിന്റെ നല്ല നടപടികളെ കണ്ട് നിന്റെ ഓർമ്മയെ ബഹുമാ നിച്ച് ശ്രേഷ്ഠതപ്പെടുത്തിയിരിക്കുന്നു. നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമെ.

**അനുതാപത്തിന്റെ**

പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമലനായിരിക്കുന്ന ദൈവമായ കർത്താവേ! ഞങ്ങൾക്ക് എല്ലായ്പോഴും നിർമ്മല ഹൃദയത്തെ തരണമെ. നിനക്കിഷ്ടമില്ലാത്ത വ്യർത്ഥവിചാര ങ്ങളെയും ദുശ്ചിന്തകളെയും ഞങ്ങളിൽനിന്നു നീക്കിക്കളയ ണമെ. ചുങ്കക്കാരന്റെയും പാപിയായ സ്ത്രീയുടെയും അനു താപത്തെ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ അനുതാപ ത്തെയും കൈക്കൊള്ളണമെ. മാനസാന്തരപ്പെട്ട് തന്റെ അടു ക്കലേക്കു വരുന്ന അനുതാപക്കാരിൽ പ്രീതിപ്പെടുന്നവനായ

1. മലങ്കര ഉപയോഗിക്കുന്ന പുസ്തകമാകകൊണ്ട് മലങ്കരയുടെ ശ്ലീഹാ യായ മാർ തോമ്മാശ്ലീഹാ എന്ന് ഇവിടെ പറഞ്ഞുവെങ്കിലും പ്രാർത്ഥന ക്കാരൻ ഏതു പരിശുദ്ധന്റെ പള്ളിയിൽ ഉൾപ്പെട്ടിരിക്കുന്നവോ ആ പരിശു ദ്ധന്റെയും ഏതു പരിശുദ്ധന്റെ പെരുന്നാൾ ആചരിക്കുന്നുവോ ആ പരി ശുദ്ധന്റെയും പേർ ആവശ്യം പോലെ മാറ്റി ഉപയോഗിക്കേണ്ടതാകുന്നു.

കരുണാപൂർണ്ണനായിരിക്കുന്ന കർത്താവേ! നിന്നെ ഉപേക്ഷിച്ചു പറഞ്ഞതിന്റെ ശേഷം ശെമഒാനെ നീ പുണ്യപ്പെടുത്തിയ പ്രകാരം ഞങ്ങളുടെ കടങ്ങളെയും പാപങ്ങളെയും പരിഹരിക്കണമെ.

കർത്താവേ! നിന്റെ അന്ത്യമായ ന്യായവിസ്താരത്തിൽ മുഖപക്ഷമില്ലാത്തതിനെ ഓർത്ത് കുറ്റക്കാരായ ഞങ്ങൾ ഏറ്റം ദുഃഖിക്കുന്നു. ഭയങ്കരമേറിയ നിന്റെ കണക്കുപുസ്തകങ്ങൾ തുറക്കപ്പെട്ട് ഞങ്ങളുടെ കുറ്റങ്ങൾ വായിക്കപ്പെടുന്ന സമയത്ത് നിന്റെ കൃപ പ്രബലപ്പെട്ട് നിന്റെ നീതിയിങ്കൽ ഞങ്ങളെ സഹായിക്കണമെ. കുറ്റക്കാരായ ഞങ്ങൾക്കു മോചനം ലഭിക്കുകയും ചെയ്യുമാറാകണമെ. കർത്താവേ! ഞങ്ങൾ പാപം ചെയ്തുപോയി എന്നു ഞങ്ങൾ സമ്മതിക്കുന്നു. ദയവോടെ ഞങ്ങളോടു കരുണ ചെയ്യണമെ.

**മരിച്ചവർക്കുവേണ്ടി**

കർത്താവേ! പുണ്യപ്പെടുത്തുന്ന നിന്റെ വിശുദ്ധ ശരീരത്തെയും രക്തത്തെയും അനുഭവിച്ചിട്ടുള്ള വിശ്വാസികളായ മരിച്ചുപോയവരെക്കുറിച്ച് നല്ല സ്മരണയുണ്ടാകുമാറാകണമെ. മിശിഹാകർത്താവേ! നിന്റെ മാലാഖമാരോടുകൂടെ മഹത്വത്തിൽ നീ വരുമ്പോൾ ഞങ്ങളുടെ മരിച്ചുപോയവർ മുഖപ്രസാദത്തോടുകൂടെ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിന്റെ ദൈവത്വത്തെ സ്തുതിക്കുമാറാകണമെ. മൊറിയൊ......

(ഇവിടെ അതാതു ദിവസം സന്ധ്യയ്ക്കുള്ള പ്രത്യേക പ്രാർത്ഥന ചേർത്തു ചൊല്ലിയതിന്റെ ശേഷം ചൊല്ലേണ്ടത്)

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.



കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണയുണ്ടാകണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.........

**********

## സൂത്താറാ പ്രാർത്ഥന

(ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി കൗമയും ചൊല്ലിയതിന്റെ ശേഷം)

**കോലോകൾ- അനുതാപത്തിന്റെ**

കർത്താവേ! നിന്റെ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമെ. നിന്റെ നൽവരത്തിന്റെ ഭണ്ഡാരം കവർച്ച ചെയ്യപ്പെടാതിരിപ്പാനായിട്ട് ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്കു നീ കാവൽക്കാരെ നിയമിക്കണമെ. ബാറെക്മോർ.

വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊണ്ടാടപ്പെടുന്ന പരിശുദ്ധനായ ദൈവമേ! കർത്താവ് പരിശുദ്ധനെന്നും തന്റെ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേന്മാർ സ്തുതിക്കുന്നതുപോലെ ഞങ്ങൾ നിന്നെ സ്തുതിപ്പാനായിട്ട് ഞങ്ങളെല്ലാവരുടെയും വിചാരങ്ങളെ നീ വിശുദ്ധീകരിച്ച് വെടിപ്പാക്കണമെ. മൊറിയൊ.........

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണയുണ്ടായി ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.

നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും കൃപയും മോചനവും ഞങ്ങൾക്കയച്ചുതരണമെ.

ഞങ്ങളുടെ പ്രവൃത്തികൾ നിന്നെ കോപിപ്പിപ്പാൻ തക്കവയാകുന്നുവെങ്കിലും നീ കോപത്തിന് ആഗ്രഹമില്ലാത്തവനാകുന്നു. നീ കരുണാപൂർണ്ണനായിരിക്കുന്നതുകൊണ്ട് നിന്റെ ശാന്തത കലങ്ങാത്തതുമാകുന്നു.

നിന്റെ കരുണാസമുദ്രത്തിന്റെ വലിപ്പത്തിങ്കൽ ഞങ്ങളുടെ പാപം അസംഖ്യമെങ്കിലും അതു ചെളിയുടെ ഒരു തുള്ളിപോലെ മാത്രം ഇരിക്കുന്നു. മഹാസമുദ്രത്തെ ഒരു തുള്ളി ചെളിക്കു കലക്കുവാൻ കഴിയുന്നതല്ലല്ലൊ.

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾ നൽകുന്നവനും ആയുള്ളവനേ! ഞങ്ങളുടെ മേൽ പ്രീതിതോന്നി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകളെ നൽകണമെ.

(ഉറങ്ങുവാൻ പോകുമ്പോൾ സൂത്താറാ വീണ്ടും പ്രാർത്ഥിക്കുന്നില്ലെങ്കിൽ മാർ അപ്രേമിന്റെ മെമ്രാ ഇവിടെ ചേർത്തു ചൊല്ലണം.)

കുറിയേ.......കുറിയേ........കുറിയേ.......

**91, 120 മസുമൂറാകൾ**

(കൂട്ടമായി പ്രാർത്ഥിക്കുമ്പോൾ ഈ മസുമൂറാ രണ്ടുപേർ മാത്രം ഓരോ നിറുത്ത് മാറി മാറി ചൊല്ലേണ്ടതാകുന്നു.)

ബാറെക്മോർ, അത്യുന്നതന്റെ മറയിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ!

ബാറെക്മോർ, നീ കർത്താവിനോട്, എന്റെ ശരണവും എന്റെ സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.



അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും, അവന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തുനിന്ന് ആയിരങ്ങളും നിന്റെ വലത്തു ഭാഗത്തുനിന്നു പതിനായിരങ്ങളും വീഴും.

അവർ നിങ്കലേക്കടുക്കുകയില്ല. എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ടുതന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവു നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല, ശിക്ഷ നിന്റെ കൂടാരത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിനായിട്ട് അവൻ തന്റെ മാലാഖമാരോടു നിന്നെക്കുറിച്ചു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട് അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും ഹർമോനൊ സർപ്പത്തെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ അവനെ ഞാൻ കാണിക്കയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെനിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽനിന്നാകുന്നു

അവൻ നിന്റെ കാൽ ഇളക്കുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലതുകൈകൊണ്ട് നിനക്കു നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

### പ്രാർത്ഥന

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, മെനഓലം വാദാമൊല്ഓലം ഒൽമ്മീനാമ്മീൻ.

മഹോന്നതന്റെ മറയിൽ ഇരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണ ചെയ്യണമെ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമെ.



മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമെ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമെ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമെ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമെ.

### കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. (കുമ്പിടുക)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. (കുമ്പിടുക)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. (കുമ്പിടുക)

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.
നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.
നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.
ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി.
ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി.
ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........ഇത്യാദി

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽനിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും



വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി[1] വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റവനും സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമൂദീസാ ഒന്നുമാത്രമേയുള്ളൂ എന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ, സ്തൗമെൻകാലോസ് കുറിയേലായിസോൻ, കുറിയേ........കുറിയേ......

---

1.ഇവിടെ മൂന്നുപ്രാവശ്യം കുമ്പിടണം. മിശിഹായുടെ മനുഷ്യാവതാരത്തെയാണ് ഇവിടെ വന്ദിക്കുന്നത്.

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ. ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി എന്നേക്കും ഞങ്ങളുടെ ശരണമേ! നിനക്കു സ്തുതി ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

കൃപനിറഞ്ഞ മറിയമേ.........ഇത്യാദി.

(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ വിശ്വാസപ്രമാണം ഒരാൾ മാത്രം ചൊല്ലുകയും ശേഷം പേർ കേട്ടു ധ്യാനിക്കുകയും ചെയ്യേണ്ടതും ഒടുവിലുള്ള ആമ്മീനും കുറിയേലായിസോനും ഇടയിൽ മൂന്നു സ്ഥലത്തു 'വിശ്വസിക്കുന്നു' എന്നുള്ളതും എല്ലാവരും കൂടി ചൊല്ലേണ്ടതും ആകുന്നു. ഏഴുനേരത്തെ പ്രാർത്ഥന രണ്ടു നേരമായി പ്രാർത്ഥിക്കുമ്പോൾ വിശ്വാസപ്രമാണം മുതലായത് സന്ധ്യാപ്രാർത്ഥനയിൽ സൂത്താറായുടെ അന്ത്യത്തിലും പ്രഭാതപ്രാർത്ഥനയിൽ മദ്ധ്യാഹ്നപ്രാർത്ഥനയുടെ അന്ത്യത്തിലും ചൊല്ലിയാൽ മതിയാകുന്നതും ഏഴു നേരവും പ്രത്യേകം പ്രത്യേകമായി പ്രാർത്ഥിക്കുമ്പോൾ അതാതു പ്രാർത്ഥനയുടെ അവസാനത്തിൽ ചൊല്ലേണ്ടതും ആകുന്നു.)

*************

# പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു......ഇത്യാദി കൗമ.

### പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും



ക്ഷയവും ആകുന്ന നിദ്രയിൽനിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

### 133, 118,116, മസുമൂറാകൾ

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ ശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.

ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽനിന്ന് നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമെ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമെ.

എന്റെ നാവു നിന്റെ വചനത്തെ ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ വിചാരിച്ചു.

എന്റെ ആത്മാവു ജീവിച്ച് നിന്നെ സ്തുതിക്കയും നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ ഞാൻ നിന്റെ കല്പനകളെ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

**എനിയോനൊ**

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനേ! അനുതാപത്തിലേക്കു ഞങ്ങളെ ഉണർത്തണമെ.

വിശുദ്ധ കന്യകയായുള്ളവളേ! നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ.

ദീർഘദർശിമാരും ശ്ലീഹന്മാരുമായുള്ളവരേ! നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ.

ഈഹീദായക്കാരും ദയറാക്കാരുമായുള്ളവരേ! നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമെ.

കർത്താവേ! വിശ്വാസികളായ മരിച്ചുപോയവരെ നീ ആശ്വസിപ്പിക്കണമെ.

കുറിയേ.......കുറിയേ.........കുറിയേ.......

**എക്ക്ബൊ**

വിശുദ്ധ കന്യകയായ മാതാവേ! ഞങ്ങളുടെ ഇടയിൽ സമാധാനം ഉണ്ടാകുവാനും ഞങ്ങൾക്കു കരുണ ലഭിപ്പാനുമായിട്ട് നിന്റെ ഏകപുത്രനോടു നീ അപേക്ഷിക്കണമെ.



നിന്റെ പ്രാർത്ഥനകളാൽ യുദ്ധങ്ങൾ ഇല്ലാതാവുകയും രാജാക്കന്മാർ സമാധാനമായിരിക്കയും സഭ മഹത്വപ്പെടുകയും സഭയുടെ മക്കൾ അദൃശ്യമായ മഹാശക്തിയെ സ്തുതിച്ചുകൊണ്ട് സന്തോഷപ്പെരുന്നാൾ ആഘോഷിക്കയും ചെയ്യുമാറാകണമെ.

കുറിയേ......കുറിയേ.......കുറിയേ........ ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

**കോലോകൾ**

കർത്താവേ! കന്യാവ്രതത്തോടും വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിന്നെ പ്രസവിച്ച മാതാവിന്റെ ഓർമ്മ പരിമളധൂപം പോലെ നിനക്ക് ഇമ്പമായിരിക്കണമെ. ഇവിടെ ഭൂമിയിലും മീതെ സ്വർഗ്ഗത്തിലും അവൾക്കു നല്ല ഓർമ്മ ഉണ്ടാവുകയും ചെയ്യണമെ. ബാറെക്മോർ.

വിശുദ്ധ കന്യകയായുള്ളവളേ! ആദിമുതലേ നിന്നെ തിരഞ്ഞെടുത്ത പിതാവിനു സ്തുതിയും തിരുവുള്ളത്താൽ നിന്നിൽനിന്ന് ശരീരിയായിത്തീർന്ന പുത്രനു സ്തോത്രവും മേലിൽനിന്നിറങ്ങിവന്ന് നിന്നെ തന്റെ കൂടാരമാക്കിത്തീർത്ത്, നിന്നിൽ വസിച്ച വിശുദ്ധറൂഹായ്ക്കു പുകഴ്ചയും ഉണ്ടായിരിക്കട്ടെ. മൊറിയോ.......

**ബോവൂസോ**

ദൈവപുത്രാ! ഒമ്പതുമാസം നിന്നെ വഹിച്ച മാതാവിന്റെ പ്രാർത്ഥനകളാൽ ഞങ്ങളിൽനിന്ന് ക്രോധത്തിന്റെ വടികളെ നീക്കിക്കളയണമെ.

**2-ാം കൗമാ**

കർത്താവിന്റെ ബഹുമാനം........ഇത്യാദി കൗമാ

**എക്ക്ബൊ**

തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരുമായുള്ളവരേ! നിങ്ങളെ ലോകത്തിനു സഹായങ്ങളെ ഒഴുക്കുന്ന ഉറവകളാക്കിത്തീർക്കുകയും നിങ്ങളുടെ അസ്ഥികളാകുന്ന നിക്ഷേപത്തിൽ ശക്തികളെ വസിപ്പിക്കുകയും ചെയ്തവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങൾക്കുവേണ്ടി നിങ്ങൾ കർത്താവിനോടപേക്ഷിക്കണമെ.

കുറിയേ......കുറിയേ......കുറിയേ....... ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

**കോലോകൾ**

ശ്ലീഹന്മാരേ! നിങ്ങൾ സഭയിൽ പ്രസംഗിച്ചിട്ടുള്ള വിശ്വാസത്തെ പരത്താതിരിപ്പാനായിട്ട് എല്ലാ ഭാഗങ്ങളിൽനിന്നും എതിരാളികൾ സഭയെ ചുറ്റിയിരിക്കുന്നു. അതിനാൽ സഭയിലും അതിന്റെ മക്കളിലും വാദങ്ങളും കലഹങ്ങളും ഇല്ലാതാകുവാനായിട്ട് നിങ്ങളെ തിരഞ്ഞെടുത്തവനോടു നിങ്ങൾ അപേക്ഷിക്കണമെ. കർത്താവേ! നിന്റെ വചനങ്ങൾ തങ്കം പോലെ സ്ഫുടം ചെയ്യപ്പെടുവാനായിട്ട് നിന്റെ സത്യം അതിനു ഒരു മൂശയായിത്തീരണമെ. തന്റെ സഭയെ വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ആചാര്യന്മാർ വെടിപ്പോടെ അട്ടഹസിക്കുകയും ചെയ്യുമാറാകണമെ. ബാറെക്മോർ.



കർത്താവേ! നീ തെരഞ്ഞെടുത്തിട്ടുള്ള പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ സംവത്സരത്തിന്റെ പന്ത്രണ്ടു മാസങ്ങളെയും കൃപയോടെ വാഴ്ത്തണമെ. വേനലും വർഷവും നിയമപ്രകാരം അതാതുകാലത്തു ക്രമമായിട്ടുണ്ടാവുകയും സ്വർഗ്ഗീയ നന്മകളും ഭൂമിയുടെ വിളവുകളും ഞങ്ങൾക്കു ലഭിക്കുകയും ചെയ്യണമെ. കർത്താവേ! ഫലങ്ങൾ വളരുകയും അഗതികളും ദരിദ്രന്മാരും ഭക്ഷിച്ച് നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്വാൻ തക്കവണ്ണം വാഴ്വിന്റെ മഴകളെയും ചാറൽമഴകളെയും നീ പെയ്യിക്കണമെ. മൊറിയോ........

**ബോവൂസൊ**

കർത്താവേ! നിന്നെ ഇഷ്ടപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണചെയ്യണമെ.

റൂഹായാൽ നിന്നെക്കുറിച്ച് സംസാരിച്ച ദീർഘദർശിമാരും നിന്റെ പ്രത്യക്ഷതയെ അറിയിച്ച ശ്ലീഹന്മാരും നിന്നേയുള്ള സ്നേഹം നിമിത്തം മരണത്തെ സ്വീകരിച്ച സഹദേന്മാരും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു. ഞങ്ങളോടു കൃപചെയ്യണമെ.

പരിശുദ്ധന്മാരേ! ശിക്ഷകളെയും ക്രോധത്തിന്റെ വടികളെയും ഞങ്ങളിൽനിന്ന് ഒഴിച്ച് നീക്കിക്കളവാനായിട്ട് നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളാൽ പ്രസാദിപ്പിച്ചിട്ടുള്ള കർത്താവിനോടു ഞങ്ങളോടുകൂടെ അപേക്ഷിക്കണമെ.

കർത്താവേ! നിന്നെ ഇഷ്ടപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണചെയ്യണമെ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ.

**3-ാം കൗമാ**

കർത്താവിന്റെ ബഹുമാനം.........ഇത്യാദി കൗമാ

**എക്ക്ബൊ**

കർത്താവേ! ഞങ്ങളുടെ മരിച്ചുപോയവരെ നിന്റെ മഹിമയുള്ള ഭവനങ്ങളിൽ ആശ്വസിപ്പിക്കണമെ. കർത്താവേ! ഞങ്ങളുടെയും അവരുടെയും തെറ്റുകളെ ക്ഷമിച്ച് ഇല്ലായ്മ ചെയ്തുകൊണ്ട് അവരെ ആശ്വസിപ്പിക്കുകയും ഞങ്ങളോടു കൃപയുണ്ടാവുകയും ചെയ്യണമെ.

കുറിയേ.......കുറിയേ......കുറിയേ......ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

**കോലോകൾ**

മിശിഹാ കർത്താവേ! ഞങ്ങളെക്കുറിച്ച് നീ മൗനമായിരിക്കയും നിന്നെ ആരാധിക്കുന്നവരിൽനിന്ന് അകലമായിരിക്കയും അരുതെ. എന്തെന്നാൽ ഞങ്ങളുടെ ആശ്രയം നിന്നിലാകുന്നു. കർത്താവേ! ഞങ്ങളെ ജീവന്റെ വഴിയിൽ നടത്തുകയും രാപകൽ നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! ഉന്നതങ്ങളിൽ കൊമ്പിന്റെയും കാഹളത്തിന്റെയും ശബ്ദം കേൾക്കപ്പെടുകയും ശവക്കല്ലറകളും പാറകളും പിളർക്കപ്പെടുകയും എല്ലാ മരിച്ചവരും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന സമയത്ത് ഞങ്ങളോടു



കരുണയുണ്ടാകുമാറാകണമെ. കർത്താവേ! ആ നാഴികയിൽ ഞങ്ങളെ നിന്റെ വലത്തുഭാഗത്ത് നിർത്തുകയും ചെയ്യണമെ. മൊറിയൊ..........

**ബോവൂസൊ**

പാപികളോടു കരുണ ചെയ്യുന്നവനേ! നിന്റെ ന്യായവിധി ദിവസത്തിൽ ഞങ്ങളോടു കരുണചെയ്യണമെ.

കരുണയുള്ളവനേ! ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ വാതുക്കൽ മുട്ടുന്നു. നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകണമെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി.

ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ഹാലേലുയ്യാ. ദൈവമേ! നിനക്കു സ്തുതി.

(താഴെ ബ്രാക്കറ്റിനകത്തുള്ളതു കുർബാനയിൽ സംബന്ധിക്കുന്ന ദിവസങ്ങളിൽ ചൊല്ലിയാൽ മതി.)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ.

നാം ദൈവത്തിന്റെ പുത്രന്മാരായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം.

അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ. മൊറിയൊ........

**മാവുർബൊ**

ലൂക്കോസ് 1: 46 മുതൽ

മറിയം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങളെ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരങ്ങളിൽ അഹങ്കാരികളെ ചിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും അവന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രയേലിനെ സഹായിച്ചു. ആമ്മീൻ.

**132-ാം മസുമൂറാ**

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു.



അത് അഹറോന്റെ തലയിന്മേലും അവന്റെ അങ്കിയുടെ നെഞ്ചിൻമേൽ വീണുകിടക്കുന്ന താടിയായ അവന്റെ താടിയിൻമേലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കല്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

ദൈവമാതാവിനു ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാൻമാർക്കു ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹൻമാരുടെയും സഹദേൻമാരുടെയും പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

കർത്താവേ! നിന്റെ സഹദേൻമാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതൻമാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമെ.

ദയയുള്ളവനും കരുണനിറഞ്ഞിരിക്കുന്നവനുമായുള്ളോവേ! നിന്റെ ന്യായവിസ്താരദിവസത്തിൽ ഞങ്ങളോടു കരുണചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികൾക്കു തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാകുമാറാകണമെ.

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലത്തു ഭാഗത്ത് നിൽക്കുമാറാകണമെ.

**വേറൊരു എനിയോനൊ**

കന്യകയായ മാതാവേ! എല്ലാക്കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ.

(കർത്താവേ!) എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ നിന്റെ പരിശുദ്ധൻമാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽനിന്നു മായിച്ചുകളയണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കയും അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാളൊക്കെയും എല്ലായ്പോഴും പിതാവിനെയും പുത്രനെയും വിശുദ്ധ റൂഹായെയും സ്തുതിച്ച് വന്ദിച്ച് മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നള്ളുന്നതായ നിന്റെ വലിയ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഞങ്ങളെ നിറുത്തണമെ.

ഈ സമയത്തു നിനക്കു സ്തുതിപാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിൻമേൽ കരുണചെയ്യണമെ.

കർത്താവേ! ഞങ്ങളോടു കരുണ ചെയ്ത് ഞങ്ങൾക്കു സഹായിക്കണമെ.



(ഇതിന്റെ ശേഷം ഉറങ്ങിയവരേ നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ. എന്നാദിയായി താഴെയുള്ളതു ചൊല്ലിക്കൊള്ളണം. കുർബാനയിൽ സംബന്ധിക്കാത്ത ദിവസങ്ങളിൽ ഹാലേ......ഉഹാലേ......ഉഹാലേ......ദൈവമേ! നിനക്കു സ്തുതി എന്നതിന്റെ ശേഷം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ........

**148, 149, 150 മസുമൂറാകൾ**

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ. ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രൻമാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകലനക്ഷത്രങ്ങളുമേ അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കുമീതെയുള്ള വെള്ളങ്ങളുമായുള്ളോവേ! അവനെ സ്തുതിപ്പിൻ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും എല്ലാ ആഴങ്ങളും അഗ്നിയും കല്മഴയും തൽഗോയും ഗ്ലീദോയും, അവന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കൻമാരും സകലജാതികളും ഭൂമിയിലെ പ്രഭുക്കൻമാരും സകല ന്യായാധിപതിമാരും ശിശുക്കളും കന്യകമാരും വൃദ്ധൻമാരും യൗവനക്കാരുമായുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ. ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

കർത്താവിനു ഒരു പുതിയ പാട്ടിനെയും നീതിമാൻമാരുടെ സഭയിൽ അവന്റെ സ്തുതിയെയും പാടുവിൻ. ഇസ്രയേൽ തന്റെ സൃഷ്ടാവിൽ സന്തോഷിക്കയും സെഹിയോന്റെ പുത്രൻമാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കയും ചെയ്യട്ടെ.

നീതിമാൻമാർ ബഹുമാനത്താൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിൻമേൽ അവനെ സ്തുതിക്കയും തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാനേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

**കോലോകൾ**

ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുകയും അവനു മാതാവായിത്തീരുകയും അവൾ മുഖാന്തിരം ഭൂമിയിൽനിന്ന് ശാപം നീക്കപ്പെടുകയും ചെയ്തവളായ കന്യകയേ! നിന്റെ ഏകപുത്രൻ തന്റെ നിരപ്പും സമാധാനവും സഭയിലും നാനാഭാഗങ്ങളിലും വസിപ്പിപ്പാനായിട്ട് നീ അവനോട് അപേക്ഷിക്കണമെ. ബാറെക്മോർ.



(മാർ തോമ്മാശ്ലീഹായുടെ) പ്രാർത്ഥനകളാൽ കർത്താവു ഭൂമിയിൽനിന്ന് ക്രോധത്തെ നീക്കുകയും തന്റെ സഭയിലും നാനാഭാഗങ്ങളിലും നിരപ്പും സമാധാനവും വസിപ്പിക്കുകയും ചെയ്യട്ടെ. അവന്റെ ഓർമ്മയെ ആഘോഷിക്കുന്ന ജനസംഘം എല്ലായ്പോഴും സകലവിധ ഉപദ്രവങ്ങളിൽനിന്നും കാത്തുകൊള്ളപ്പെടുകയും ചെയ്യട്ടെ. മെന......

കർത്താവേ! മാമോദീസാമൂലം നിന്നെ ധരിച്ചവരായ ഞങ്ങളുടെ മരിച്ചുപോയവരെ സ്വർഗ്ഗരാജ്യത്തിൽ നിന്റെ വലത്തുകൈകൊണ്ട് മഹത്വത്തിന്റെ അങ്കി ധരിപ്പിക്കണമെ. മൊറിയൊ.....

**ബോവൂസൊ**

കർത്താവേ! നിന്റെ മാതാവിന്റെയും വിശുദ്ധൻമാരുടെയും പ്രാർത്ഥനയാൽ ഞങ്ങളോടു കരുണചെയ്യണമെ. സമാധാനത്തിന്റെ ദൂതനായിവന്ന് കന്യകമറിയാമിനോട് അറിയിച്ചവനായ മാലാഖ ദൈവം ഞങ്ങളോടു സംയോജിച്ചിരിക്കുന്നു എന്ന് ഞങ്ങളോടറിയിക്കുമാറാകണമെ.

ഹാനനിയാ മുതലായ പൈതങ്ങളുടെമേൽ പനിനീർ തളിച്ചവനായ മാലാഖ മരിച്ചുപോയവരുടെ അസ്ഥികളിൻമേൽ കരുണയാകുന്ന പനിനീർ തളിക്കുമാറാകണമെ.

കർത്താവേ! നിന്റെ മാതാവിന്റെയും വിശുദ്ധൻമാരുടെയും പ്രാർത്ഥനയാൽ ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും പുണ്യപ്പെടുത്തുകയും ചെയ്യണമെ.

**മാലാഖമാരുടെ സ്തുതിപ്പ്**

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാക്കാലത്തും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗാധിപതിയും സൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ! നിന്നെയും യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! വിശുദ്ധ റൂഹായോടുകൂടെ നിന്നെയും നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ! ഞങ്ങളോടു കരുണചെയ്യണമെ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

തന്റെ പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനേ! ദയതോന്നി ഞങ്ങളോടു കരുണചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. വിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം പിതാവായ ദൈവത്തിന്റെ മഹത്വത്തിനു കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം മഹത്വമുള്ളതും നീ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.



സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായുള്ളവനേ! നിനക്കും ഏകപുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോടു കരുണചെയ്യണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു...............ഇത്യാദി കൗമാ

************

## പ്രഭാത പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു, ഇത്യാദി കൗമായും.
ദൈവമേ! നിന്റെ കൃപയിൻ പ്രകാരം .......ഇത്യാദി 4-ാം പേജിൽ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ.........

**63-ാം മസുമൂറാ**

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായിട്ടു കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലത്തെയും നിന്റെ ബഹുമാനത്തെയും കാണ്മാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ ഉയർത്തുകയും ചെയ്യും.

തന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിൻമേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്യും.

എന്തെന്നാൽ നീ എനിക്കു സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏല്പിക്കപ്പെടുകയും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

സ്വർഗ്ഗസ്ഥനായ രാജാവേ! പ്രഭാതസമയത്ത് ഞാൻ നിന്റെ അടുക്കൽ വന്ന് നിന്റെ സിംഹാസനത്തിൻ മുമ്പാകെ വന്ദിച്ചു. നിനക്കു വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളും എന്നോടു ക്ഷമിക്കണമെ.



ഉത്തമനും ദയാലുവുമായുള്ളവനേ! ഞാൻ നിന്നോടപേക്ഷിക്കയും നിന്റെ കരുണയ്ക്കായി ആഗ്രഹിക്കയും ചെയ്യുന്നു. നിനക്കു വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളെയും എന്നോടു ക്ഷമിക്കണമെ.

പ്രകാശത്തിൽ വസിച്ചുകൊണ്ടിരിക്കുന്നവനും പ്രകാശമായിരിക്കുന്നവനുമേ! അന്ധകാരത്തിൽ ആക്രമിക്കപ്പെടാത്ത പ്രകാശത്തിനു എന്നെ യോഗ്യനാക്കണമെ. ബാറെക്മോർ.

സ്വർഗ്ഗത്തിലും ഭൂമിയിലും മഹത്വമുള്ളവനും സ്വർഗ്ഗവാസികളും ഭൂവാസികളും തന്റെ നാമത്തെ മഹത്വപ്പെടുത്തുന്നവനുമായ കർത്താവേ! നിനക്കു സ്തുതി. ആമ്മീൻ.

**113-ാം മസുമൂറാ**

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യൻമാരേ! സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോടു സദൃശൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കൻമാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്നു ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

### 148, 149, 150, 116 മസുമൂറാകളിൽനിന്ന്

അവന്റെ സകല ദൂതൻമാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി, അവൻ കല്പിച്ചു അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമത്തെ നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല കാരകിലുകളും മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളുമേ! (കർത്താവിനെ സ്തുതിപ്പിൻ.)

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്വം ഭൂമിയിലും ആകാശത്തിലും വ്യാപരിച്ചിരിക്കുന്നു. അവൻ തന്റെ ജനത്തിന്റെ കൊമ്പിനെയും തന്റെ സകല നീതിമാൻമാർക്കും തന്റെ സ്വന്തജനമായ ഇസ്രായേൽ പുത്രൻമാർക്കും മഹത്വത്തെയും ഉയർത്തുന്നു.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കയും വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രർക്ക് രക്ഷ കൊടുക്കയും ചെയ്യുന്നു.

പുറജാതികൾക്കു പ്രതിക്രിയയും ജാതികൾക്കു ശിക്ഷയും ചെയ്വാനും അവരുടെ രാജാക്കൻമാരെ ആലാത്തുകൾകൊണ്ടും അവരുടെ മാന്യൻമാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും അവന്റെ സകല നീതിമാൻമാർക്കും മഹത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.



അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

#### എക്ക്ബൊ

ദൈവമേ! ഞങ്ങളെ സഹായിക്കണമെ. ഞങ്ങൾ ചെയ്ത പാപങ്ങളുടെ തിരമാലകളും ചുഴലികളും ഞങ്ങളെ ചുറ്റിയിരിക്കുന്നു. ഞങ്ങൾ പാപസമുദ്രത്തിൽ മുങ്ങിപ്പോകാതിരിപ്പാനായിട്ട് നീ ഞങ്ങൾക്കു സമാധാനത്തിന്റെ തുറമുഖമായിരിക്കണമെ. ഞങ്ങൾ അനുതാപത്തിനായിട്ട് കാത്തിരിക്കുന്നു. പത്രോസിന് എന്നപോലെ ഞങ്ങൾക്കു നിന്റെ കൈ നീട്ടിത്തന്ന് ഞങ്ങളോടു കരുണചെയ്യണമെ. സ്തൗമെൻ.....

#### കോലോകൾ – ധൂപപ്രാർത്ഥന

സുഗന്ധവാസനയായിട്ട് പിതാവായ ദൈവത്തിനു തന്നെത്തന്നെ കാഴ്ചയണച്ചവനായ മിശിഹാതമ്പുരാനേ! നീ മൂലം ഞങ്ങൾ ദൈവത്തിങ്കൽ സുഗന്ധവാസനയായിത്തീരുമാറാകണമെ. ഞങ്ങളുടെ നമസ്ക്കാരങ്ങളും ശുശ്രൂഷകളും നീ നിരസിക്കത്തക്കവണ്ണം ദുർഗന്ധങ്ങളാൽ നിറഞ്ഞിരിക്കുന്നു എങ്കിലും അശുദ്ധനായ ആ കുഷ്ഠരോഗിയെ തൊട്ടുവെടിപ്പാക്കിയ നിന്റെ തൃക്കൈകൊണ്ട് ഞങ്ങളെയും ഞങ്ങളുടെ നമസ്ക്കാരങ്ങളെയും ശുശ്രൂഷകളെയും തൊട്ടു വെടിപ്പാക്കി സുഗന്ധവാസന വീശുന്ന സുഗന്ധവർഗ്ഗങ്ങളാക്കിത്തീർക്കണമെ. ബാറെക്മോർ.

#### ദൈവമാതാവിനോട്

ദൈവമായ കർത്താവേ! നിന്റെ സന്നിധിയാൽ സീനായി പർവ്വതത്തെ ഇളക്കിയവനും ഉയരത്തെയും ആഴത്തെയും വഹിച്ചിരിക്കുന്നവനും നീ ആയിരിക്കെ, കന്യകമറിയം നിന്നെ വഹിക്കുന്നതിനും അവൾ പുരുഷസംബന്ധം കൂടാതെ നിന്നെ ഗർഭം ധരിച്ച് അവർണ്ണനീയമായവിധത്തിൽ പ്രസവിക്കുന്നതിനും തിരുവിഷ്ടമുണ്ടായതുപോലെ നിന്റെ മാതാവിന്റെ ഓർമ്മയെ നീ മഹത്വപ്പെടുത്തുകയും അവളുടെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കയും ചെയ്യണമെ.

### പരിശുദ്ധന്മാരോട്

സഹദേന്മാരേ! ദൈവം തന്റെ കരുണയാൽ ഞങ്ങളെല്ലാവരോടും കൃപചെയ്‌വാനും അവസാനനാളിലെ ശിക്ഷാവിധിയിൽനിന്ന് ഞങ്ങളെ രക്ഷിപ്പാനും ജയത്തിന്റെ കിരീടങ്ങൾ നിങ്ങൾ പ്രാപിക്കുന്ന സമയത്ത് ഞങ്ങൾ നിങ്ങളെ കാണ്മാൻ ഇടവരുവാനുമായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

### ഏകപരിശുദ്ധനോട്

മാർ (തോമ്മാശ്ലീഹാ)! ഞെരുക്കത്തിലിരിക്കുന്ന എല്ലാവരും നിന്റെ സഹായത്തെ അന്വേഷിക്കുന്നു. നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയും അഭയസ്ഥാനവും ആയിരിക്കണമെ. നിന്റെ പ്രാർത്ഥനയാൽ ഞങ്ങളുടെ യാചനകൾ നൽകപ്പെടുകയും ഞങ്ങളുടെ രോഗികൾ സുഖപ്പെടുകയും പിശാചുക്കളാൽ പരീക്ഷിക്കപ്പെടുന്നവർ സ്വാതന്ത്ര്യപ്പെടുകയും ചെയ്യുമാറാകണമെ.

### അനുതാപത്തിന്റെ

തന്നെ വിളിക്കുന്ന പാപികൾക്ക് തന്റെ കരുണയെ വിരോധിക്കാത്തവനായ ദൈവമേ! നിന്റെ കരുണയാൽ ശിക്ഷകളെയും ക്രോധത്തിന്റെ വടികളെയും ഞങ്ങളിൽനിന്ന് വിലക്കി നീക്കിക്കളയണമെ. നിന്റെ കൃപയ്ക്കുവേണ്ടി നിന്നെ



സ്തോത്രം ചെയ്‌വാനായിട്ട് സന്തോഷമുള്ള മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും ഞങ്ങൾക്കു തരണമെ. നിന്റെ സ്ലീബായുടെ മഹത്വമേറിയ അടയാളത്താൽ ദുഷ്ടനെ ഞങ്ങളിൽനിന്ന് വിരോധിക്കണമെ.

കർത്താവേ! നിന്നെ സ്തുതിക്കുന്നതിൽനിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽനിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്കിടയാക്കരുതെ. കർത്താവേ! നീതിയിൻപ്രകാരം ഞങ്ങളെ നീ വിധിക്കരുതെ. ഞങ്ങൾ കുറ്റക്കാരാകുന്നു എന്ന് ഞങ്ങൾക്കുതന്നെ ബോദ്ധ്യമാകുന്നു. ഞങ്ങളുടെ കുറ്റങ്ങൾക്കു നീ ഞങ്ങളോടു പകരം ചോദിക്കുന്നെങ്കിൽ നിത്യജീവന്റെ ശരണമില്ലാതെയും നിന്നോടപേക്ഷിപ്പാൻ നിവൃത്തിയില്ലാതെയും ഞങ്ങൾ അഗ്നിനരകം അവകാശിക്കേണ്ടവരായിത്തീരുമല്ലോ. ആകയാൽ നിന്റെ കരുണ മൂലം ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമെ.

കർത്താവേ! നീ ഞങ്ങളെ ന്യായം വിധിക്കുമ്പോൾ ഞങ്ങളുടെ മലിനതകൾ ഞങ്ങളെ മൂടിക്കളയരുതേ. നീതിമാൻമാർ മഹത്വം ധരിക്കുമ്പോൾ ന്യായാസനത്തിങ്കൽ ഞങ്ങൾ നഗ്നരായിത്തീരരുതേ. ഞങ്ങൾ തെറ്റി പാപത്തിൽ വീണുപോയിരിക്കുന്നു. എഴുന്നേല്പാനായിട്ട് നിന്റെ വലതുകൈ ഞങ്ങൾക്കു നീട്ടിത്തരണമെ. അനുതാപക്കാർക്കു വാതിൽ തുറന്നിട്ടിരിക്കുന്നവനായി പാപികളോടു കരുണയുള്ളവനേ! സ്ക്കീപ്പായിൽ വച്ച് കള്ളനോടു ചെയ്തപ്രകാരം ഞങ്ങളോടു കരുണചെയ്യണമെ.

### മരിച്ചവർക്കുവേണ്ടി

നിദ്രപ്രാപിച്ചവരായ ഞങ്ങളുടെ പിതാക്കൻമാർക്കും സഹോദരൻമാർക്കും ആശ്വാസവും നല്ല ഓർമ്മയും നീ നൽകണമെ. കർത്താവേ! നിന്റെ ആരാധകരെ വിശുദ്ധൻമാരുടെ സംഘങ്ങളിലും നിരകളിലും ചേർക്കണമേ. നീ നിന്റെ സിംഹാസനത്തിൻമേൽ ഇരിക്കുകയും നല്ലവരെ ദുഷ്ട

ന്മാരിൽനിന്ന് വേർതിരിക്കുകയും ചെയ്യുന്ന സമയത്തു ന്യായാസനത്തിങ്കൽ അവർക്ക് നിന്റെ കരുണ ലഭിക്കുമാറാകട്ടെ. നിന്റെ മഹത്വം വെളിപ്പെടുന്ന നാളിൽ അവർ നിന്റെ വലതു ഭാഗത്തു നിൽക്കുകയും ചെയ്യുമാറാകണമെ. മൊറിയൊ.....

(ഇവിടെ അതാതു ദിവസം പ്രഭാതസമയത്തേക്കുള്ള പ്രത്യേക പ്രാർത്ഥന ചൊല്ലിയതിന്റെ ശേഷം ചൊല്ലേണ്ടത്.)

കർത്താവേ! നിനക്കു സ്തോത്രം ചെയ്യുന്നതും ഉന്നതപ്പെട്ട നിന്റെ നാമത്തിനു പാടുന്നതും പ്രഭാതകാലത്തു നിന്റെ കൃപയെയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തെയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം നീ കേൾക്കണമെ. പ്രഭാതസമയത്തു ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമെ.

കർത്താവേ! നിന്റെ ജനങ്ങളോടു കരുണചെയ്യണമെ. കർത്താവേ! ഞങ്ങളെല്ലാവരുടെയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളവനേ! നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽനിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു....... ഇത്യാദി കൗമാ.

***********

## മൂന്നാം മണിനേരത്തെ പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു......ഇത്യാദി കൗമ

**കോലോകൾ**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്നെ വിളിക്കുന്നവരായ ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്യണമെ. എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്നവനായ പിതാവ്



ഞങ്ങൾക്കു വേറെയില്ല. തിരുവുള്ളത്താൽ ഇല്ലായ്മയിൽനിന്ന് ഞങ്ങളെ നീ സൃഷ്ടിച്ചുണ്ടാക്കി. ഞങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ശേഷം ഇപ്പോൾ നിന്റെ കോപം ഞങ്ങളെ നശിപ്പിച്ചുകളയരുതേ. കർത്താവേ! നിന്റെ കല്പനകളെ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമെ. പുണ്യപ്രവൃത്തികളാൽ ഞങ്ങൾ നിനക്ക് ഇഷ്ടരായിത്തീരുമാറാകണമെ. കർത്താവേ; നിന്റെ കൃപയാൽ ഞങ്ങളോടു കരുണചെയ്യണമെ. ബാറെക്മോർ

ഞങ്ങൾ ഞങ്ങളുടെ പ്രവൃത്തികളും പാപങ്ങളും നിമിത്തം നിന്നിൽനിന്ന് അകന്നുപോയിട്ടു പേരിനുമാത്രം നിനക്കുള്ളവരായി ഭവിച്ചിരിക്കുന്നതുകൊണ്ട് ഞങ്ങൾ പരിതപിക്കുന്നു. അനുതപിപ്പാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ഞങ്ങളുടെ അഹങ്കാര മനസ് ഞങ്ങളെ സമ്മതിക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നു. തന്നത്താൻ പഠിക്കുന്നുമില്ല. ഞങ്ങൾ മറ്റുള്ളവരുടെ ദാഹം തീർത്തു എങ്കിലും ഞങ്ങൾ ദാഹത്തിൽതന്നെ ഇരിക്കുന്നു. ചവളത്താൽ കുത്തിത്തുറക്കപ്പെട്ട നിന്റെ തിരുവിലാവിലെ ഉറവയിൽനിന്ന് ഞങ്ങളെ കുടിപ്പിച്ച് ഞങ്ങളുടെ ദാഹം തീർക്കണമെ. മൊറിയോ.............

**ബോവൂസൊ**

ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു നീ വരണമേ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യണമെ.

കർത്താവേ! നിന്നോടുള്ള ചേർച്ചയിൽനിന്നു ഞങ്ങൾ അകന്നുപോകാതിരിപ്പാൻ ആഗ്രഹിക്കുന്നു. പാപം ഞങ്ങളെ പുറത്താക്കി എങ്കിലും നിന്റെ ആർദ്രസ്നേഹം ഞങ്ങളെ അകത്തു കയറ്റണമെ. പാപം ഞങ്ങൾക്കായി പതിയിരുന്നു ദയകൂടാതെ ഞങ്ങളെ വളരെ മുറിവേല്പിച്ചിരിക്കുന്നു. മഹാവൈദ്യനായുള്ളവനേ! ഞങ്ങളെ വേദനപ്പെടുത്തുന്ന മുറിവുകളെ നീ സുഖപ്പെടുത്തണമെ.

ദുഷ്ടൻ ഞങ്ങൾക്കു വലവച്ച് അവന്റെ കുടുക്കിൽ ഞങ്ങളെ അകപ്പെടുത്തിയിരിക്കുന്നു. നീ അവന്റെ കുടുക്കിനെ പൊട്ടിച്ച് അപകടത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. നല്ല ഇടയനായുള്ളവനേ! വഴിതെറ്റിപ്പോയ ആടിനെ അന്വേഷിച്ച് പുറപ്പെടണമേ. അതിന്റെ ജീവനെ അന്വേഷിക്കുന്ന ദുഷ്ടന്റെ കൈകളിൽ അതിനെ വിട്ടുകൊടുക്കരുതെ.

സ്വർഗ്ഗത്തിലാക്കുവാനും നരകത്തിലിടുവാനും അധികാരമുള്ളവനായ മിശിഹാതമ്പുരാനേ! ദയവോടെ നരകത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി കൗമാ

************

# മദ്ധ്യാഹ്ന പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു............ ഇത്യാദി കൗമ

**കോലോകൾ**

ശുദ്ധിമതിയായ മാതാവേ! ഞങ്ങൾക്കുവേണ്ടിയുള്ള അപേക്ഷയെ നീ മുടക്കരുതെ. നിന്റെ ഏകപുത്രൻ ഞങ്ങളെല്ലാവരോടും കൃപചെയ്‌വാനായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ബാറെക്മോർ

സകലത്തിന്റെയും കർത്താവേ! നിന്നെ സ്നേഹിച്ചവരായ നിബിയൻമാരുടെയും നിന്റെ സുവിശേഷം പ്രസംഗിച്ചവരായ ശ്ലീഹൻമാരുടെയും പ്രാർത്ഥനകളാലും അപേക്ഷകളാലും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കണമെ. മെനഓലം.......

കർത്താവേ! രണ്ടു ലോകങ്ങളും നിന്റെ അധികാരത്തിൽ ഇരിക്കുന്നു. ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളണമെ. നിന്റെ ശരണത്തിൻമേൽ മരിച്ചുപോയവർക്കു നിന്റെ കരുണയാൽ പാപപരിഹാരം കൊടുക്കുകയും ചെയ്യണമെ. മൊറിയൊ.......



**ബോവൂസൊ**

കർത്താവേ! നിന്റെ മാതാവിന്റെയും സകല പരിശുദ്ധൻമാരുടെയും പ്രാർത്ഥനയാൽ ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും പുണ്യപ്പെടുത്തണമെ.

കന്യകമറിയാമിനെക്കുറിച്ചുള്ള ഓർമ്മ ഞങ്ങൾക്കു വാഴ്‌വായിരിക്കണമെ. അവളുടെ പ്രാർത്ഥന ഞങ്ങളുടെ ആത്മാക്കൾക്കു കോട്ടയും ആയിരിക്കണമെ.

നിബിയൻമാരും ശ്ലീഹൻമാരും സഹദേൻമാരും പരിശുദ്ധൻമാരും ആയുള്ളവരേ! ഞങ്ങൾക്കെല്ലാവർക്കും വേണ്ടി കരുണയ്ക്കായി നിങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കണമെ.

കർത്താവേ! നിന്റെ ശരണത്തിൻമേൽ നിദ്രപ്രാപിച്ചിരിക്കുന്നവരായ ഞങ്ങളുടെ പിതാക്കൻമാരുടെയും സഹോദരങ്ങളുടെയും മുഖത്ത് ആനന്ദമാകുന്ന പനിനീർ നീ തളിക്കണമെ.

കർത്താവേ! നിന്റെ മാതാവിന്റെയും സകല പരിശുദ്ധൻമാരുടെയും പ്രാർത്ഥനയാൽ ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും പുണ്യപ്പെടുത്തണമെ.

(കുർബാനയിൽ സംബന്ധിക്കാത്ത ദിവസങ്ങളിൽമാത്രം താഴെ കാണുന്ന മാനീസാ ചൊല്ലണം.)

**മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസാ**

നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ പരിശുദ്ധൻമാരെല്ലാവരുടെയും പ്രാർത്ഥനയാൽ

സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കുംവേണ്ടി വന്ന് വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയാമിൽനിന്ന് ഭേദംകൂടാതെ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ! നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടി ക്കൊന്നവനും വിശുദ്ധ ത്രിത്വത്തിൽ ഏകനും തന്റെ പിതാവിനോടും ജീവനുള്ള തന്റെ വിശുദ്ധറൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ! ഞങ്ങളെല്ലാവരോടും കൃപ ചെയ്യണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.......ഇത്യാദി കൗമാ.

വിശ്വാസപ്രമാണം

*************

## ഒൻപതാം മണിനേരത്തെ പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു...............ഇത്യാദി കൗമ

**കോലോകൾ**

മരിച്ചവരെ ജീവിപ്പിക്കുന്നവനായുള്ളവേ! നിനക്കു സ്തുതി. കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനേ! നിനക്കു സ്തുതി. നിനക്കു സ്തുതിയും നിന്നെ അയച്ച പിതാവിനും വിശുദ്ധ റൂഹായ്ക്കും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ബാറെക്മോർ.

തിരുവുള്ളത്താൽ മൂന്നു ദിവസം കബറിൽ പാർത്തവനായി ത്രിത്വത്തിൽ ഒരുവനായുള്ളവനേ! നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കുകൊള്ളപ്പെട്ടവരായ മരിച്ചുപോയവരെ നീ ഉയിർപ്പിച്ചു ജീവിപ്പിക്കണമെ. മൊറിയൊ......

**ബോവൂസൊ**

കരുണകൾ നിറഞ്ഞിരിക്കുന്നവനേ! ഉയിർപ്പുദിവസത്തിൽ നിന്റെ സൃഷ്ടിയെ പുതുതാക്കണമെ. കർത്താവേ! നിന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച് നിന്റെ വരവിനായി നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തണമെ.



കർത്താവേ! നിന്നിലുള്ള ആശാബന്ധത്തോടുകൂടെ നിദ്രപ്രാപിച്ചിരിക്കുന്നവരായ നിന്റെ ദാസരെ അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ വസിപ്പിക്കണമെ.

വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒന്നുപോലെ അട്ടഹസിച്ചു പറയുമാറാകണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.......ഇത്യാദി കൗമാ

***********

**നിത്യപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടതായ**

**ഓരോ ദിവസത്തിനുമുള്ള**

## പ്രത്യേക പ്രാർത്ഥനകൾ

(തിങ്കളാഴ്ച സന്ധ്യയെന്നുള്ളത് ഞായറാഴ്ച അസ്തമിച്ചുള്ള സന്ധ്യയെ ഉദ്ദേശിച്ചാകുന്നു. മറ്റു ദിവസങ്ങളെയും ഇങ്ങനെ ഗണിക്കേണ്ടതാകുന്നു.)

### തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥനയിൽചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! ആത്മാവും ശരീരവും തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം അവയുടെ പാപങ്ങളെക്കുറിച്ച് അവയ്ക്കൊരുമിച്ച് നിന്നോടപേക്ഷിപ്പാൻ കഴിയാത്തതിനാൽ അവ ലോകത്തിൽ ഒരുമിച്ചായിരിക്കുമ്പോൾതന്നെ നീ അവയോടു കരുണചെയ്വാനായിട്ട് നിന്നെ വിളിക്കുന്നു. ന്യായാസനത്തിങ്കൽ അവ രണ്ടിനോടും കരുണചെയ്യണമെ. ബാറെ.

ഞങ്ങളുടെ കർത്താവേ! ഈ അഴിഞ്ഞുപോകുന്ന സന്ധ്യയാൽ ആക്രമിക്കപ്പെടാത്ത പകൽ നീ ഞങ്ങൾക്കായിരിക്കണമെ. നിന്റെ സ്ലീബാ ഞങ്ങളോടു യുദ്ധം ചെയ്യുന്ന ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളുന്ന കോട്ടയായിരിക്കണമെ. മൊറിയൊ......

**ബോവൂസൊ**

കർത്താവേ! സന്ധ്യ ഞങ്ങളെ പിടികൂടി രാത്രിയാമത്തിൽ ആക്കിയിരിക്കുന്നതിനാൽ നീ ഞങ്ങൾക്കു രാത്രിയിൽ സൂര്യനായിരിക്കയും നിന്നിൽ ഞങ്ങൾ നടക്കുകയും ചെയ്യുമാറാകണമെ.

### തിങ്കളാഴ്ച പ്രഭാതപ്രാർത്ഥനയിൽചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

പ്രഭാതസമയത്തു കാഹളങ്ങൾ ധ്വനിക്കയും അവൻ ദൈവമായ കർത്താവു തന്നെയെന്ന് ഇസ്രായേൽ ജനങ്ങൾ അട്ടഹസിക്കയും ഈറീഹോയിലെ കോട്ടകൾ വീഴുകയും ചെയ്തു. സഹോദരൻമാരേ! ദൈവം സർവ്വലോകത്തോടും കരുണചെയ്‌വാനായിട്ട് നമ്മളും പ്രഭാതസമയത്തു നമ്മുടെ ശബ്ദമുയർത്തി സ്തുതിപാടണം. ബാറെക്മോർ.

പ്രഭാതസമയത്തു സിംഹങ്ങളുടെ കുഴിയിൽനിന്നു ദാനിയേലും ആഴത്തിന്റെ അടിയിൽ നിന്നു യൗനാനും പ്രാർത്ഥിച്ചതിനാൽ കർത്താവേ! ദാനിയേലിനെ കുഴിയിൽനിന്നും യൗനാനെ സമുദ്രത്തിൽനിന്നും നീ രക്ഷിച്ചുവല്ലൊ. അപ്രകാരം ഞങ്ങളെയും ദുഷ്ടനിൽനിന്നു രക്ഷിച്ച് ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ.......

**ബോവൂസൊ**

കർത്താവേ! കരുണനിറഞ്ഞിരിക്കുന്ന നിന്റെ വലിയ വാതിൽ ഞങ്ങൾക്കു തുറന്നുതരണമെ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ.

പ്രഭാതസമയത്തു സകല സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന പ്രകാശമായ കർത്താവേ! നിന്റെ കൃപയ്ക്കുവേണ്ടി നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമെ.



### ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

അദ്ധ്വാനക്കാരും വേലക്കാരും ആശ്വാസപ്പെടുന്നതിനായിട്ടും കൃപയാൽ നമ്മെ മനഞ്ഞുണ്ടാക്കിയ പിതാവിനെയും സ്ലീബായാൽ നമ്മെ രക്ഷിച്ച പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിക്കുന്നതിനായിട്ടും സമാധാനത്തിന്റെ സന്ധ്യയും ആശ്വാസത്തിന്റെ രാത്രിയും നമുക്കു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ.

നീതിയുള്ള രാജാവും മഹത്വമുള്ള ദീർഘദർശിയുമായ ദാവീദിനെപ്പോലെ തന്റെ കുറ്റങ്ങളെ തന്റെ കണ്ണുകളുടെനേരെ വച്ചിരിക്കുന്നവൻ ഭാഗ്യവാനാകുന്നു. 'ദൈവമേ! എന്നോടു കരുണചെയ്ത് എന്റെ അകൃത്യങ്ങളെ മോചിക്കണമെ' എന്ന് ദാവീദ് അനുതാപത്തോടെ നിലവിളിച്ചു പറഞ്ഞതുപോലെ ഞങ്ങളും പറയുവാനായിട്ട് അനുതാപമുള്ള ഹൃദയം ഞങ്ങൾക്കു തരണമെ. മൊറിയൊ........

**ബോവൂസൊ**

ഞങ്ങളുടെ കുറ്റങ്ങളെല്ലാം തന്റെ സന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്നു എന്ന മിശിഹാരാജാവേ! നീ ന്യായവിസ്താരം ചെയ്യുന്ന സമയത്തു ഞങ്ങളോടു കരുണചെയ്യണമെ.

### ചൊവ്വാഴ്ച പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! ഞങ്ങൾ പാപം ചെയ്യുന്നതും അനുതപിക്കുന്നതും സ്വന്തമനസ്സോടെയാണെങ്കിലും സാത്താൻ ഞങ്ങളെ പാപത്തിൽ വീഴിച്ചു എന്നു കാരണം പറഞ്ഞുകൊള്ളുന്നു. അയ്യോ! ഞങ്ങൾ തെറ്റിപ്പോയി. അയ്യോ! ഞങ്ങൾ അനുതപിച്ചില്ല. അയ്യോ! അവസാന ന്യായവിസ്താരം അടുത്തുവല്ലൊ. കർത്താവേ! ന്യായവിസ്താരനാളിൽ ഞങ്ങളുടെ നേരെ ദയവായിരിക്കണമെ. ബാറെക്മോർ.

കർത്താവേ! ചോദിക്കുന്നവനു കിട്ടുമെന്നും അന്വേഷിക്കുന്നവൻ കണ്ടെത്തുമെന്നും കരുണയുടെ വാതിൽക്കൽ മുട്ടുന്നവനു തുറക്കപ്പെടുമെന്നും പറഞ്ഞിരിക്കുന്നതിനാൽ ഞങ്ങൾ നിന്റെ അടുക്കൽ വന്ന് നിന്റെ വാതുക്കൽ മുട്ടുന്നു. ഞങ്ങളുടെ യാചനകളെ നൽകണമെ. അനുതപിക്കുന്ന പാപികൾക്കു തന്റെ വാതിൽ തുറന്നിട്ടിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയൊ..........

**ബോവൂസൊ**

കർത്താവേ! അഴിഞ്ഞുപേകുന്ന ഈ പ്രഭാതസമയത്തു ഞങ്ങളോടു കരുണ ചെയ്യണമെ. അഴിവില്ലാത്ത ആ പ്രഭാതസമയത്തു നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തണമെ. കർത്താവേ! മാടപ്രാവ് ആശ്വാസലക്ഷ്യമായി സൈത്തിന്റെ ഇല കൊത്തിപ്പിടിച്ചുകൊണ്ട് നീതിമാനായ നോഹിന്റെ അടുക്കലേക്കു തിരിച്ചു വന്നതുപോലെ ഞങ്ങളുടെ പ്രാർത്ഥന നിങ്കൽനിന്ന് കൃപയും കരുണയും പ്രാപിച്ചുകൊണ്ട് ഞങ്ങളുടെ അടുക്കലേക്കു തിരിച്ചുവരുമാറാകണമെ.

## ബുധനാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ടത്

**കോലോകൾ**

ദൈവമാതാവായ വിശുദ്ധ കന്യകമറിയമേ! നിന്റെ പുകഴ്ചകളെ വിവരിപ്പാൻ ഞങ്ങൾക്കു പ്രാപ്തിയില്ല. സർവ്വൈകനാഥനായവനു മാതാവായിത്തീർന്ന കന്യകയായുള്ളവളേ! നിന്റെ ചരിത്രം അവർണ്ണനീയംതന്നെ. നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമെ. ബാറെക്മോർ.

കർത്താവേ! നിന്നെ പ്രസവിച്ച കന്യകയായ മാതാവിന്റെ പ്രാർത്ഥനകളാൽ നിന്റെ സഭയിൽനിന്ന് ശിക്ഷകളും ക്രോധത്തിന്റെ വടികളും നീക്കിക്കളയണമെ. കർത്താവേ! കന്യാവ്രതത്തിൽ നിന്നെ പ്രസവിച്ചവളായ വിശുദ്ധ കന്യകയോടുകൂടെ നിനക്കു സ്തുതിപാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. മൊറിയൊ............



**ബോവൂസൊ**

ദൈവമാതാവേ! രാജാധിരാജനായവൻ ലോകമൊക്കെയിലും തന്റെ നിരപ്പും സമാധാനവും വസിപ്പിപ്പാനും ഭൂതലത്തിൽനിന്ന് ക്രോധത്തിന്റെ വടികളെ നീക്കുവാനുമായിട്ട് ഞങ്ങളോടുകൂടെയും ഞങ്ങൾക്കു വേണ്ടിയും അവനോടു പ്രാർത്ഥിക്കണമെന്നു നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

## ബുധനാഴ്ച പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

ദാവീദിന്റെ പുത്രിയായ മറിയമേ! ലോകത്തിന്റെ സകല വംശങ്ങളിലും വച്ച് നിന്നെ തെരഞ്ഞെടുക്കുകയും നിന്നിൽനിന്ന് ശരീരമെടുക്കുകയും ദൈവമായിരിക്കുമ്പോൾ സാധാരണ മനുഷ്യനെപ്പോലെ ഭൂമിയിൽ ഉദിക്കുകയും ചെയ്തവനായ മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ നമുക്കുവേണ്ടി അവന്റെ മഹിമാവസ്ഥയെ ഏറ്റം താഴ്ത്തുകയും അവന്റെ മാതാവിന്റെ ഓർമ്മയെ നാനാഭാഗങ്ങളിലും പ്രാബല്യപ്പെടുത്തുകയും ചെയ്തതിനാൽ അവനു സ്തുതിയുണ്ടാകട്ടെ. ബാറെക്മോർ.

ദൈവത്തിന്റെ ജീവനുള്ള പുത്രനെ പ്രസവിച്ച മറിയമേ! നിനക്കു ഭാഗ്യം. വ്യാപാരിയെപ്പോലെ മിശിഹാ കയറി വസിച്ചതായ അലങ്കരിക്കപ്പെട്ട കപ്പലായവളേ! നിനക്കു ഭാഗ്യം. സ്വർഗ്ഗീയശില്പിയെ കൈക്കൊണ്ടവളായി പണിക്കുറവുതീർന്ന കൊട്ടാരമായവളേ! നിനക്കു ഭാഗ്യം. നീ നിന്റെ കന്യാവ്രതത്തിനു ഭംഗം വരാതെ അവനെ വഹിക്കയും മലിനതപ്പെടാത്തവളായി അവനെ പ്രസവിക്കയും ചെയ്തുവല്ലൊ. നിന്നിൽനിന്നുദിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.

മൊറിയൊ......

**ബോവൂസൊ**

ദാവീദിന്റെ പുത്രിയിൽനിന്ന് ജഡപ്രകാരം ജനിച്ച ദൈവ പുത്രാ! നിന്റെ ആട്ടിൻകൂട്ടത്തിൻമേൽ നിന്റെ കരുണകളെ ധാരാളമായി ചൊരിയണമെ.

## വ്യാഴാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

കൃഷിക്കാരെപ്പോലെ ലോകത്തിലേക്കു പുറപ്പെട്ടവരായി വിശ്വാസപ്രസംഗികളായ പരിശുദ്ധ ശ്ലീഹൻമാരേ! ഞങ്ങളുടെ ഇടയിൽനിന്ന് കളകൾ ചുവടെ പറിച്ചു നീക്കപ്പെടുവാനും നല്ലവിത്ത് ഞെരുക്കപ്പെടാതിരിപ്പാനുമായിട്ട് നിങ്ങൾ പ്രാർത്ഥിക്കണമെ. ഭൂലോകത്തിൽ തന്റെ ഏവൻഗേലിയോനെ വിതച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ.

ഈയോബ് കുപ്പയിൽനിന്നും, ദാനിയേൽ കുഴിയുടെ ഉള്ളിൽനിന്നും, മൂന്നു പൈതങ്ങൾ അഗ്നിച്ചൂളയിൽനിന്നും നിന്നെ വിളിക്കയും നീ അവരെ രക്ഷിക്കയും ചെയ്തുവല്ലൊ. അപ്രകാരം ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ വിളിക്കുന്നു. ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ....

**ബോവൂസൊ**

കർത്താവേ! പരിശുദ്ധ പിതാക്കൻമാരുടെയും സത്യവിശ്വാസികളായ ഉപദേഷ്ടാക്കൻമാരുടെയും പ്രാർത്ഥനകളും അപേക്ഷകളും മൂലം നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സഭയോടു കൃപചെയ്യണമേ.



## വ്യാഴാഴ്ച പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

മിശിഹായെ പ്രസാദിപ്പിപ്പാനായിട്ട് ഞെരുക്കങ്ങൾ സഹിക്കയും അവനിൽനിന്ന് പരിശുദ്ധാത്മാവിനെയും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും താക്കോലുകളെയും പ്രാപിക്കയും ചെയ്തവരായ ശ്ലീഹൻമാരെപ്പോലെ കർത്താവേ! നിന്നെ പ്രസാദിപ്പിപ്പാനും നിന്റെ തിരുനാമത്തിനുവേണ്ടി ഞെരുക്കങ്ങൾ സഹിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. അവരുടെ പ്രാർത്ഥനകളാൽ നിന്നിൽനിന്ന് സകല വാഴ്വുകളും സഹായങ്ങളും ഞങ്ങൾ കൈക്കൊള്ളുമാറാകണമെ. ബാറെക്മോർ.

യേശുബർനൂൻ ആകാശത്തട്ടിൽ സൂര്യനെയും ചന്ദ്രനെയും തടസ്സം ചെയ്തു നിർത്തിയതുപോലെ കർത്താവേ; മാർതോമാശ്ലീഹായുടെയും അവന്റെ കൂട്ടുശ്ലീഹൻമാരുടെയും പ്രാർത്ഥനകളാൽ നിന്റെ സഭയിൽനിന്ന് ശിക്ഷകളെയും ഭിന്നതകളെയും നീ നീക്കിക്കളയണമെ. വേദവിപരീതികളുടെയും ദുഷ്ടൻമാരുടെയും ഉപദ്രവങ്ങളിൽനിന്ന് നിന്റെ സഭയെ രക്ഷിക്കണമെ. നിന്റെ നിരപ്പും സമാധാനവും എപ്പോഴും അതിൽ വാഴുമാറാകണമെ. മൊറിയൊ........

**ബോവൂസൊ**

എപ്പിസ്ക്കോപ്പൻമാരും പിതാക്കൻമാരും ആയുള്ളവരേ! നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ. കർത്താവ് നിങ്ങളുടെ പ്രാർത്ഥനകൾമൂലം ഞങ്ങൾക്കു പാപപരിഹാരം നൽകട്ടെ.

വിശ്വാസത്തോടുകൂടെ നിങ്ങളിൽ ആശ്രയിക്കുന്ന എല്ലാവരിൽനിന്നും നിങ്ങളുടെ പ്രാർത്ഥനകൾമൂലം ക്രോധത്തിന്റെ വടികളെ കർത്താവ് നീക്കിക്കളയുമാറാകട്ടെ.

## വെള്ളിയാഴ്ച സന്ധ്യപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

### കോലോകൾ

വിശുദ്ധ സ്ലീബായെ കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ കാണുകയും അത് യുദ്ധങ്ങളിൽ അവനെ രക്ഷിക്കയും ചെയ്ത പ്രകാരം സ്ലീബാ ലോകാവസാനം വരെ പള്ളികൾക്കും ദയറാകൾക്കും രക്ഷയുടെ കോട്ടയായിരിക്കണമെ. കർത്താവേ! നിന്റെ സ്ലീബായാൽ ലോകത്തിന്റെ നാനാഭാഗങ്ങളെയും നീ സമാധാനപ്പെടുത്തണമെ. ബാറെക്മോർ.

സഹദേൻമാരേ! പാപത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഞങ്ങളുടെ വംശം നിങ്ങളുടെ പ്രാർത്ഥനമൂലം കരുണ പ്രാപിക്കുമാറാകണമെ. നിങ്ങളുടെ പ്രാർത്ഥനയുടെ ശക്തിയാൽ സാത്താനു ലജ്ജ ഭവിക്കുകയും അവന്റെ സൈന്യങ്ങൾക്കു വീഴ്ച ഭവിക്കുകയും ചെയ്യുമാറാകണമെ. നിങ്ങളുടെ പ്രാർത്ഥന എന്നും ഞങ്ങൾക്കു സഹായമായിരിക്കണമെ. മൊറിയൊ.........

### ബോവൂസൊ

കർത്താവേ! ഞങ്ങളുടെ വർഗ്ഗത്തിൻമേൽ ശക്തിപ്പെട്ടവനായ ആകെൽക്കറുസായെ നിന്റെ സ്ലീബാമൂലം നീ ചവിട്ടി മറിച്ചിട്ടതിനാൽ ജീവൻ നൽകുന്ന നിന്റെ സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു.

## വെള്ളിയാഴ്ച പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

### കോലോകൾ

സ്ലീബാ സമാധാനത്തിന്റെ അടയാളമാകുന്നു. സ്ലീബായാൽ ഞങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഞങ്ങൾ പ്രശംസിക്കയും ചെയ്യുന്നു. കർത്താവായ യേശുവേ! നിന്റെ സ്ലീബായിൽ നിത്യവും ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. അതു ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കയും സ്വർഗ്ഗരാജ്യത്തിൽ ഞങ്ങൾക്കവകാശമുണ്ടാക്കുകയും ചെയ്യുമാറാകട്ടെ. ബാറെക്മോർ.



അന്യായക്കാരായ ന്യായാധിപതിമാരിൽനിന്ന് ദുഷ്കർമ്മങ്ങളെയും ഞെരുക്കങ്ങളെയും സഹിച്ചവരായ വിശുദ്ധ സഹദേൻമാരേ! അഴിവില്ലാത്ത പ്രകാശമണവറയിൽ നിങ്ങൾക്കു പ്രതിഫലം കാക്കപ്പെട്ടിരിക്കുന്നതുപോലെ നിങ്ങളുടെ പ്രാർത്ഥനകൾ മൂലം നിങ്ങളോടു കൂടെ നല്ല പ്രതിഫലം കൈക്കൊള്ളുവാൻ ഞങ്ങളും യോഗ്യരായിത്തീരുമാറാകണമെ. മൊറിയൊ.........

### ബോവൂസൊ

തന്റെ സ്ലീബായാൽ വഴിതെറ്റിൽനിന്ന് തന്റെ സഭയെ രക്ഷിച്ചവനായ പുത്രാ! നിന്റെ സഭയിൽ എന്നന്നേക്കും നിന്റെ സമാധാനം സ്ഥാപിക്കണമെ. അതിന്റെ പുത്രൻമാരെ പ്രകാശത്തിന്റെ സ്ലീബായാൽ കാത്തുകൊള്ളണമെ.

ദൈവപുത്രാ! സ്ലീബായിൽ വച്ച് വലതുഭാഗത്തെ കള്ളനോടു നീ കരുണ ചെയ്തപ്രകാരം ഞങ്ങളോടു കരുണചെയ്യണമേ.

## ശനിയാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

### കോലോകൾ

കർത്താവേ! ജീവിച്ചിരിക്കുമ്പോൾ പള്ളികളിലും ദയറാകളിലും വിശുദ്ധ മദ്ബഹായിൽ നിനക്കു ശുശ്രൂഷ ചെയ്തിട്ടുള്ള പട്ടക്കാരും ശുശ്രൂഷക്കാരുമായ നിന്റെ ആചാര്യൻമാരെ നീ പുണ്യപ്പെടുത്തണമെ. അവർ പാപമോചനത്തിനായിട്ട് തങ്ങളുടെ കൈകൾകൊണ്ട് നിന്റെ ശരീരത്തെയും രക്തത്തെയും എടുത്ത് ആഘോഷിച്ചതിനാൽ നിന്റെ ശരീരം മൂലം അവരുടെ കടങ്ങൾ പരിഹരിക്കപ്പെടുകയും നിന്റെ രക്തം മൂലം അവരുടെ പാപങ്ങൾ മോചിക്കപ്പെടുകയും അവർ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിനക്കു സ്തുതിപാടുകയും ചെയ്യുമാറാകണമെ. ബാറെക്മോർ.

കർത്താവേ! ജീവനുള്ള നിന്റെ ശരീരത്തെയും രക്തത്തെയും അനുഭവിച്ചവരായ ഞങ്ങളുടെ മരിച്ചുപോയവരെ സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മയ്ക്കു നീ ഇടയാക്കണമെ. നീ നിന്റെ ന്യായാസനത്തിൻമേലിരുന്ന് ദുഷ്ടൻമാരിൽനിന്ന് നല്ലവരെ വേർതിരിക്കുന്ന സമയത്ത് അവർ മുഖപ്രസാദത്തോടുകൂടെ നിന്റെ വലത്തുഭാഗത്തു നിൽക്കുമാറാകണമെ. മൊറിയൊ........

**ബോവൂസൊ**

ദൈവപുത്രാ! അഴിവില്ലാത്ത സ്വർഗ്ഗരാജ്യത്തിൽ ശുദ്ധിമാൻമാരോടും നീതിമാൻമാരോടും കൂടെ നിന്റെ ദാസരെ ആശ്വസിപ്പിക്കണമെ.

### ശനിയാഴ്ച പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവിനെയുള്ള സ്നേഹം നിമിത്തം വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിച്ചവരായ ആചാര്യൻമാരെ! ഈറേ മാലാഖമാർ സന്തോഷസ്ഥലത്തേക്കു കൊണ്ടുപോകുമാറാകണമേ. ദൈവപുത്രാ! വിശുദ്ധിയോടെ നിനക്കു ശുശ്രൂഷ ചെയ്തവരായ പട്ടക്കാരെ നീ മറന്നുകളയരുതേ. നിന്റെ വരവിന്റെ വലിയ നാളിൽ അവർക്കു മുഖപ്രസാദം കൊടുക്കണമേ. ബാറെ.....

നിന്റെ വിശുദ്ധ ശരീരം ഭക്ഷിക്കയും നിന്റെ ജീവനുള്ള രക്തം കുടിക്കയും ചെയ്തിട്ടുള്ള വിശ്വാസികളായ മരിച്ചവർ സൗരഭ്യധൂപം മൂലം പാപപരിഹാരം കൈക്കൊള്ളുകയും നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് സ്തുതിപാടുകയും ചെയ്യുമാറാകണമെ. മൊറിയൊ......

മരിച്ചവരെ കബറുകളിൽനിന്ന് ഉയിർപ്പിക്കുന്നവനും ഉയിർപ്പുദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നവനുമായ മിശിഹാതമ്പുരാനേ! നിനക്ക് എന്നന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ.

നിത്യ പ്രാർത്ഥനക്രമം അടങ്ങിയ ഒന്നാം ഭാഗം സമാപ്തി.



**രണ്ടാം ഭാഗം**

# പ്രത്യേക പ്രാർത്ഥനക്രമം

(ആണ്ടടക്കമുള്ള എല്ലാ ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും പ്രത്യേകം പ്രത്യേകമായി നിത്യപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുവാനുള്ള പ്രാർത്ഥനകൾ)

## കൂദോശ് ഈത്തൊ ഞായറാഴ്ചയ്ക്കും ഹൂദോസ് ഈത്തൊ ഞായറാഴ്ചയ്ക്കും കൂടി

(നവംബർ മാസത്തിൽ ഒന്നാമത്തെ ഞായറാഴ്ചയാണ് കൂദോശ് ഈത്തൊ. എന്നാൽ ഒക്ടോബർ 30-ാം തീയതിയോ 31-ാംതീയതിയോ ഞായറാഴ്ചയായിട്ടു വന്നാൽ അതു കൂദോശ് ഈത്തൊയായി ആചരിക്കണം.)

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ദീർഘദർശിമാരാൽ തന്റെ സഭയെ പണിയുകയും ശ്ലീഹൻമാരാൽ അതിന്റെ പണിക്കുറവു തീർക്കുകയും സ്വജാതികളെയും പുറജാതികളെയും അതിലേക്കു ക്ഷണിച്ചു വരുത്തുകയും ചെയ്തവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. വിശുദ്ധ സഭയെ പണിത് സ്വർഗ്ഗീയ ഐശ്വര്യങ്ങളാൽ അതിനെ അലങ്കരിക്കയും തന്റെ കൃപമൂലം അതിൽ വസിക്കയും ചെയ്തവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. തന്റെ ഉന്നതാവസ്ഥയെ താഴ്ത്തുകയും തന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ട ആടുകൾക്കു ഭക്ഷണവും പാനീയവും ആയിത്തീരുകയും ചെയ്തവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ.

കർത്താവേ! നിന്റെ സമാധാനം നിന്റെ സഭയിൽ നില നിൽക്കുമാറാകണമെ. നിന്റെ സ്നേഹത്തെ അതിന്റെ ഉള്ളിൽ കലർത്തണമെ. കലഹങ്ങളും ശണ്ഠകളും ദുസ്തർക്കങ്ങളും അതിൽനിന്ന് നീക്കിക്കളയണമെ. കർത്താവേ! നിന്റെ കുരിശുമരണത്തിന്റെ പുണ്യമുള്ള രക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന ആടുകളെ ശരിയായിട്ട് മേയിപ്പാനും ഭരിപ്പാനും വേണ്ടി പട്ടക്കാരെയും മേൽപ്പട്ടക്കാരെയും രാജാക്കൻമാരെയും ഉദ്യോഗസ്ഥൻമാരെയും നീ ബോധജ്ഞാനമുള്ളവരക്കിത്തീർക്കണമെ. മൊറിയൊ.....

**ബോവൂസൊ**

ദൈവപുത്രാ! നിന്റെ വലിയ നാളിൽ നിന്റെ സഭയെ സന്തോഷിപ്പിക്കണമെ. നിന്റെ സഭയുടെ പ്രജകളെ പ്രകാശത്തിന്റെ സ്ലീബായാൽ മുദ്രകുത്തണമെ. നിന്റെ സമാധാനം അവരുടെ ഇടയിൽ വാഴുമാറാകണമെ. നിന്റെ ആടുകളെ നശിപ്പിക്കുന്നതിന് അഹങ്കാരപ്പെടുന്ന ചെന്നായ്ക്കൾ ലജ്ജയോടെ പിന്തിരിയുമാറാകണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

സത്യപ്രകാശമായവന്റെ മണവാട്ടിയായ വിശുദ്ധസഭയേ! നിനക്കു ഭാഗ്യം. നിന്റെ മണവാളൻ മരണമില്ലാത്തവനാകുന്നു. അവന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന സഭയേ! അവനു സ്തുതി പാടുക. അവൻ നിനക്കുവേണ്ടി തന്നെത്തന്നെ ബലി കഴിക്കയും നിന്റെ പ്രജകളുടെ പാപപരിഹാരത്തിനുവേണ്ടി അവന്റെ ശരീരം ഭക്ഷണവും അവന്റെ രക്തം പാനീയവുമായിട്ട് നിനക്കു തരുകയും ചെയ്തുവല്ലൊ. ബാറെക്മോർ.

കർത്താവേ! വിശുദ്ധ സഭയെയും അതിന്റെ പ്രജകളെയും നിന്റെ സ്ലീബായാൽ കാത്തുകൊള്ളണമെ. നിബിയൻമാരിലും ശ്ലീഹൻമാരിലും വസിച്ച് അവരെക്കൊണ്ട്



സംസാരിപ്പിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് സഭയിൽ വന്ന് വസിക്കുമാറാകണമെ. കർത്താവേ! നിദ്രപ്രാപിച്ച് നിന്റെ സഭയിൽനിന്ന് വേർപെട്ടിരിക്കുന്ന ഞങ്ങളുടെ പിതാക്കൻമാരുടെയും സഹോദരൻമാരുടെയും സകല മരിച്ചുപോയവരുടെയും പാപങ്ങൾക്കു പരിഹാരമുണ്ടാക്കി നിന്റെ രാജ്യത്തിൽ ജീവന്റെ പുസ്തകത്തിൽ അവരുടെ പേരുകൾ എഴുതണമെ. മൊറിയൊ........

**ബോവൂസൊ**

തന്റെ സഭയിൽ വസിക്കുകയും മേൽപ്പട്ടക്കാരെക്കൊണ്ടും പട്ടക്കാരെക്കൊണ്ടും ശെമ്മാശ്ശൻമാരെക്കൊണ്ടും അതിനെ അലങ്കരിക്കുകയും ചെയ്തവനായ മിശിഹാതമ്പുരനു സ്തുതി. സഭയെ തെരഞ്ഞെടുത്ത അദൃശ്യനായ പിതാവിനും സ്ലീബായാൽ അതിനെ രക്ഷിച്ച പുത്രനും അതിനെ ശുദ്ധീകരിക്കുന്നവനായ പരിശുദ്ധാത്മാവിനും സ്തുതി.

# സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

യോഗ്യമാംവണ്ണം ഫലം പുറപ്പെടുവിക്കാത്ത വൃക്ഷമായ ജനങ്ങളിൽനിന്ന് ഒരു അറിയിപ്പുകാരനെ തിരഞ്ഞെടുക്കുകയും സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ അവനെപ്പോലെ വേറെ ആരുമില്ലെന്ന് സാക്ഷീകരിക്കുകയും ചെയ്തവനായ മിശിഹാരാജാവേ! നിനക്കു സ്തുതി. നിന്റെ അറിയിപ്പുകാരന്റെ ജനനം മൂലം വിഫലമായ ഗർഭപാത്രങ്ങൾക്ക് ആശ നൽകുകയും തന്റെ മഹാശക്തിയെ വെളിപ്പെടുത്തുകയും ചെയ്തവനായ കർത്താവേ! നിനക്കു സ്തുതി. ബാറെക്...

തന്റെ പ്രസംഗക്കാരൻ മൂലം സ്ക്കറിയായുടെ അവിശ്വാസത്തെ നീക്കിക്കളഞ്ഞവനായ മിശിഹാ! നിന്റെ സഭയിൽനിന്ന് ഇടത്തൂടുകളെയും വിശ്വാസമില്ലായ്മയെയും നീക്കിക്കളയണമെ. സൽപ്രവൃത്തികളിൽനിന്ന് അന്യൻമാരായിരിക്കുന്ന ഞങ്ങളെ നല്ല ഫലം കായ്ക്കുന്ന വൃക്ഷങ്ങളാക്കിത്തീർക്കണമെ. നിന്റെ പ്രസംഗക്കാരനെപ്പോലെ പുറജാതികളുടെ ഇടയിൽ സുവിശേഷം പ്രസംഗിപ്പാനും നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുവനും ഞങ്ങളെ യോഗ്യരാക്കണമെ. മൊറിയൊ.......

**ബോവൂസൊ**

ഗബ്രിയേൽ മാലാഖമൂലം തന്റെ പ്രസംഗക്കാരന്റെ ജനനത്തെ അറിയിച്ചവനായ മിശിഹാ! നിന്റെ ജനങ്ങൾക്കു കൃപയുടെ ശരണത്തെ നീ കൊടുക്കണമെ. നിന്റെ ജനങ്ങളിൽനിന്ന് ക്രോധത്തിന്റെ വടികളെ നീക്കിക്കളയുകയും ചെയ്യണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

തന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ കേൾക്കപ്പെട്ടുവെന്നും തന്റെ ഭാര്യയായ ഏലിശ്ബാ വൃദ്ധതയിൽ പുത്രനെ പ്രസവിക്കുമെന്നും ഗബ്രിയേൽമൂലം സ്ക്കറിയായെ അറിയിച്ചവനായ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളുടെ പ്രാർത്ഥനയെ കൈക്കൊണ്ട് സന്തോഷത്തിന്റെ അറിയിപ്പ് ഞങ്ങൾക്കു കല്പിച്ചയയ്ക്കണമെ. സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഈ പെരുന്നാളിൽ നിന്റെ ദാസരായ ഞങ്ങളെല്ലാവരെയും നിന്റെ കരുണയാൽ ദർശിക്കണമെ. ഞങ്ങളുടെ പാപത്തിന്റെ കെട്ടുകളെ ഞങ്ങളിൽനിന്ന് അഴിക്കണമെ. ഞങ്ങളുടെ ഹൃദയങ്ങളിൽ സന്തോഷത്തെ പ്രകാശിപ്പിക്കയും ചെയ്യണമെ. ബാറെക്മോർ.



വൃദ്ധയും വന്ധ്യയുമായവൾക്കു പുത്രനെ കൊടുത്തതിനാൽ കന്യാവ്രതത്തിനു ഭംഗം കൂടാതെ കന്യകയ്ക്കു പ്രസവിപ്പാൻ കഴിയുമെന്ന് കാണിച്ചവനേ! ഞങ്ങളുടെ ഹൃദയങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും അവിശ്വാസത്തെ ഞങ്ങളിൽനിന്ന് നീക്കിക്കളയുകയും നിന്റെ കരുണയ്ക്കും പ്രീതിക്കും ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. നിന്റെ അളവറ്റ സ്നേഹത്തെയും മഹാകരുണയെയും ഞങ്ങൾ സ്തുതിച്ചു പുകഴ്ത്തുന്നു. മൊറിയൊ......

**ബോവൂസൊ**

കർത്താവേ! നിന്റെ സ്ഥാനപതിയുടെ പ്രാർത്ഥനയാൽ നിന്റെ സിംഹാസനത്തിൽനിന്ന് നിന്റെ വലംകൈ നീട്ടി ഞങ്ങളെ വാഴ്ത്തി ശുദ്ധീകരിക്കണമെ. അവസാനനാളിൽ ഞങ്ങളെയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെയും നിന്റെ വലത്തുഭാഗത്ത് നിറുത്തുകയും ചെയ്യണമെ.

# ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

വിശുദ്ധകന്യകമറിയാമിന്റെ അടുക്കൽ മാലാഖമാരുടെ തലവനെ അയച്ച് തന്റെ ജനനത്തെക്കുറിച്ച് അറിയിക്കുകയും താഴ്മയോടെ ഇറങ്ങിവന്ന് അവളിൽ വസിക്കുകയും ചെയ്തവനായ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. ആകാശവും ഭൂമിയും മാലാഖമാരും മനുഷ്യരും തന്നെ മഹത്വപ്പെടുത്തുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ മാതാവിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ. ബാറെക്മോർ.

നീതിയുടെ സൂര്യന്റെ മാതാവേ! നിനക്കു സമാധാനം. വിശുദ്ധിയുടെ കൊട്ടാരമേ! നിനക്കു സമാധാനം. വളരെ ഐശ്വര്യങ്ങൾ നിറഞ്ഞിരിക്കുന്ന കപ്പലേ! നിനക്കു സമാധാനം. നിന്റെ കന്യാവ്രതത്തിന്റെ ഫലം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾ നിന്നെപ്പോലെ വെടിപ്പുള്ളവരായി ജീവിപ്പാൻ നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമെ. മൊറിയൊ......

**ബോവൂസൊ**

പുരുഷസംബന്ധത്തിൽ പരീക്ഷിക്കപ്പെടാത്തവളായ കന്യകയിൽ വസിച്ച് ദാസവേഷം ധരിപ്പാൻ കൃപയോടെ തിരുമനസ്സായ മിശിഹാതമ്പുരാനേ! നീ ഞങ്ങളിൽ വസിച്ച് മരണത്തിന്റെയും പാപത്തിന്റെയും കഠിനമായ ബന്ധനങ്ങളിൽ നിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമെ. ഞങ്ങളെ നിനക്കു ശുദ്ധമുള്ള ആലയങ്ങളും വെടിപ്പുള്ള ഭവനങ്ങളുമാക്കിത്തീർക്കുകയും ചെയ്യണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കന്യകയിൽനിന്ന് ശരീരമെടുപ്പാൻ തിരുമനസ്സായ കർത്താവേ! ഞങ്ങളെല്ലാവരെയും സമാധാനത്തിൽ ബന്ധിപ്പിക്കണമെ. നിന്റെ ഐക്യതകൊണ്ട് ഞങ്ങളെ നിറയ്ക്കണമെ. നിങ്കലും തമ്മിൽതമ്മിലുമുള്ള സ്നേഹം ഞങ്ങൾക്കു ദാനം ചെയ്യണമെ. നാശമില്ലാത്ത ജീവൻ അവകാശിപ്പാനും നിന്റെ മാതാവിനോടുകൂടെയും നിന്റെ പരിശുദ്ധൻമാരോടുകൂടെയും നിനക്കു സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെക്മോർ.

വെടിപ്പുള്ള നിത്യകന്യകയേ! നിനക്കു ഭാഗ്യം. പരമാർത്ഥമുള്ള മാടപ്രാവേ! നിനക്കു ഭാഗ്യം. ക്രൂബേൻമാരുടെ രഥത്തെക്കാൾ ഉന്നതമുള്ളവളേ! നിനക്കു ഭാഗ്യം. ഐശ്വര്യങ്ങളുടെ നിക്ഷേപമേ! നിനക്കു ഭാഗ്യം. മന്നാ അതിൽ



സൂക്ഷിക്കപ്പെട്ടതായ സ്വർണ്ണച്ചെപ്പേ! നിനക്കു ഭാഗ്യം. രണ്ടാമത്തെ ആകാശമേ! നിനക്കു ഭാഗ്യം. നിന്റെ പ്രാർത്ഥനയാൽ സഭയും അതിന്റെ പ്രജകളും സകല അപകടങ്ങളിൽനിന്നും രക്ഷപെടുമാറാകണമെ. രാജാക്കൻമാർ സമാധാനത്തിൽ ഇരിക്കുമാറാകണമെ. വിശ്വാസികളായ മരിച്ചവർ പാപമോചനം കൈക്കൊള്ളുകയും ചെയ്യുമാറാകണമെ. മൊറിയൊ......

**ബോവൂസൊ**

കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളേ! നിനക്കു സമാധാനം. മനുഷ്യകൈകൾ കൂടാതെ അതിൽനിന്നു കല്ലുവെട്ടിയെടുക്കപ്പെട്ട പരിശുദ്ധ പർവ്വതമേ! നിനക്കു സമാധാനം. ജീവന്റെ മുന്തിരിക്കുലയെ പുറപ്പെടുവിച്ച വാഴ്ത്തപ്പെട്ട മുന്തിരിത്തണ്ടേ! നിനക്കു സമാധാനം. നിയമത്തിന്റെ പെട്ടകമേ! നിനക്കു സമാധാനം. ഹസ്ക്കീയേൽ കണ്ട അടയ്ക്കപ്പെട്ട വാതിലേ! നിനക്കു സമാധാനം. കന്യകയായ മാതാവേ! നിനക്കു സമാധാനം. വളരെ പ്രായമുള്ള കഴുകനെ പ്രസവിച്ച പരമാർത്ഥതയുള്ള മാടപ്രാവേ! നിനക്കു സമാധാനം. നിന്റെ പ്രാർത്ഥനയാൽ സകല വാഴ്വുകളും ഞങ്ങൾക്കു ലഭിക്കുമാറാകണമെ. ദുഷ്പ്രവൃത്തികാർക്ക് ഒരുക്കപ്പെട്ടിരിക്കുന്ന പുറത്തെ അന്ധകാരത്തിൽനിന്നു ഞങ്ങൾ രക്ഷപെടുകയും ചെയ്യുമാറാകണമെ.

# ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

തന്റെ സ്ഥാനപതിയായ യോഹന്നാനെ അവന്റെ മാതാവിന്റെ ഉദരത്തിൽ വച്ച് ശുദ്ധീകരിച്ചവനായ കർത്താവേ! ഞങ്ങളോടു കരുണചെയ്തു ഞങ്ങളെയും ശുദ്ധീകരിക്കണമെ. ഏലിശ്ബാ മറിയാമിന്റെ സമാധാനം കേട്ടപ്പോൾ അവളുടെ

ഉദരത്തിലെ പ്രജ കുതിച്ചതുപോലെ ഞങ്ങൾ ഭക്തിയോടെ നിന്നെ ആദരിപ്പാനും നിന്നിൽ സന്തോഷിപ്പാനും യോഗ്യരായിത്തീരുമാറാകണമെ. ബാറെക്മോർ.

തന്നെത്തതന്നെ താഴ്മപ്പെടുത്തിക്കൊണ്ട് കന്യകയുടെ ഗർഭത്തിൽ പ്രവേശിച്ച് തന്റെ പ്രസംഗക്കാരനെ ദർശിപ്പാൻവേണ്ടി ഏലിശ്ബായുടെ അടുക്കൽ എഴുന്നള്ളിയവനായ കർത്താവേ! നിനക്കു സ്തുതി. നിന്റെ കൃപയാൽ പാപികളായ ഞങ്ങളുടെ അടുക്കലും കൃപയോടെ എഴുന്നള്ളി ഞങ്ങളെ ദർശിക്കയും ശുദ്ധീകരിക്കയും നിന്റെ മാതാവിന്റെയും മാർ യോഹന്നാന്റെയും അവന്റെ മാതാവായ ഏലിശ്ബായുടെയും പ്രാർത്ഥനകളാൽ ഞങ്ങളോടു കൃപയായിരിക്കയും ചെയ്യണമെ. മൊറിയൊ......

**ബോവൂസൊ**

കന്യകമറിയാം സിംഹക്കുട്ടിയെ വഹിച്ചുകൊണ്ട് ലേവായക്കാരുടെ ഭവനത്തിലേക്കു വന്ന് വൃദ്ധയായ ഏലിശ്ബായുടെ സമാധാനം ചോദിച്ചപ്പോൾ അവളുടെ ഗർഭത്തിലെ പ്രജ അവന്റെ കർത്താവിന്റെ സമാധാനത്തെ ആദരിച്ച് തുള്ളിയതുപോലെ കർത്താവേ! നിന്റെ രണ്ടാമത്തെ വരവിൽ ഞങ്ങൾ നിന്നെ സന്തോഷത്തോടെ എതിരേൽക്കുകയും പാപമോചനത്താൽ മുഖപ്രസാദമുള്ളവരായി നിനക്കു സ്തുതി പാടുകയും ചെയ്യുമാറാകണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

തന്റെ സ്ഥാനപതിയെ ദർശിപ്പാൻ താഴ്മയോടെ എഴുന്നള്ളിയവനായ മിശിഹാതമ്പുരാനേ! നിന്റെ കൃപയെ സ്തോത്രം ചെയ്യുവാൻ ഞങ്ങളുടെ ബലഹീനതയെ ശക്തിപ്പെടുത്തണമെ. ആകാശത്തിനും ഭൂമിക്കും അവനെ സംക്ഷേപിപ്പാൻ കഴിയാതിരിക്കെ കന്യകയുടെ ഗർഭത്തിൽ



വസിച്ച് തന്റെ ദാസനെ ദർശിച്ചവനായി സകലത്തിന്റെയും ഉടയവനായ കർത്താവേ! പാപികളായ ഞങ്ങളുടെ അയോഗ്യതയോടുകൂടിയ പ്രാർത്ഥനകളെ കൃപയോടെ കൈക്കൊള്ളുവാൻ തിരുവിഷ്ടമുണ്ടാകണമേ. ബാറെക്മോർ.

**ബോവൂസൊ**

ഉദയനക്ഷത്രത്തെ വഹിച്ചവളായ ഏലിശ്ബായുടെയും നീതിയുടെ സൂര്യനെ വഹിച്ചവളായ കന്യകമറിയാമിന്റെയും പ്രാർത്ഥനകളാൽ കർത്താവേ! ഞങ്ങളുടെ ഹൃദയകണ്ണുകൾ പ്രകാശിക്കയും നിന്റെ ദൈവിക രഹസ്യങ്ങളെ ഞങ്ങൾ കാണുകയും ചെയ്യുമാറാകണമെ. ഞങ്ങളും ഞങ്ങളുടെ മരിച്ചുപോയവരും നിന്റെ വലത്തുഭാഗത്തെ മക്കളോടു നീ കല്പിക്കുന്ന സന്തോഷകരമായ ശബ്ദം കേൾപ്പാൻ യോഗ്യരായിത്തീരുകയും ചെയ്യുമാറാകണമെ. മൊറിയൊ..

ദാവീദിന്റെ പുത്രിയുടെ അടുക്കലേക്കു തന്റെ പുത്രനെ അയച്ചവനായ പിതാവിനു സ്തുതി. തന്റെ മാതാവിന്റെ ഗർഭത്തിലിരുന്നുകൊണ്ട് തന്റെ ദാസനെ ദർശിച്ചവനായ പുത്രനു വന്ദനം. സ്ഥാനപതിയെ അവന്റെ കർത്താവിന്റെ സന്നിധിയിൽ സന്തോഷം പൂണ്ടവനാക്കി ഇളക്കിയവനായ പരിശുദ്ധ റൂഹായ്ക്കു സ്തോത്രം.

## യോഹന്നാന്റെ ജനനത്തിന്റെ ഞായറാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! നിന്റെ സ്ഥാനപതിയുടെ ജനനദിവസം വലിയതും മഹത്വമുള്ളതും ആകുന്നു.അവന്റെ പ്രാർത്ഥനയാൽ വിശുദ്ധ സഭയിൽ നിരപ്പും സമാധാനവും ഉണ്ടാകണമെ. അവന്റെ ജനനത്തിങ്കൽ പിതാവിന്റെ നാവിൻ ബന്ധനങ്ങൾ അഴിക്കപ്പെട്ടതുപോലെ നിന്നെ സ്തുതിക്കുന്നതിനു ഞങ്ങളുടെ നാവുകളെയും അധരങ്ങളെയും സാത്താന്റെ കെട്ടുകളിൽ നിന്ന് നീ മോചിപ്പിക്കണമെ. മൊറിയൊ......

മിശിഹാതമ്പുരാനേ! നിന്റെ സ്ഥാനപതിയുടെ ജനനത്താൽ മക്കളില്ലാതിരുന്ന സ്ക്കറിയായെയും വന്ധ്യയായ ഏലിശ്ബായെയും നീ സന്തോഷിപ്പിച്ചതുപോലെ നിന്നിൽ നിന്നുള്ള വാഴ്വുകളാൽ ഞങ്ങളെയും സന്തോഷിപ്പിച്ച് കരുണയോടെ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങൾ മഹാപാപികളാണെങ്കിലും നിന്റെ ഇഷ്ടൻമാരായ അവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കൃപചെയ്യണമെ. മൊറിയൊ.........

**ബോവൂസൊ**

തന്റെ സ്നേഹംമൂലം ഇറങ്ങിവന്ന് കരുണയോടെ മനുഷ്യവർഗ്ഗത്തെ ദർശിക്കുകയും പാപികൾക്കു വഴി ഒരുക്കുവാനായിട്ട് തനിക്കു മുമ്പായി യോഹന്നാനെ പറഞ്ഞയയ്ക്കുകയും അവന്റെ ജനനത്താൽ ആകാശത്തെയും ഭൂമിയെയും സന്തോഷിപ്പിക്കുകയും ചെയ്തവനായ മിശിഹാതമ്പുരാനു സ്തുതി.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

യോഹന്നാൻ ജനിച്ചപ്പോൾ സ്ക്കറിയാ സ്തുതിപാടുന്നു. ഏലിശ്ബാ സന്തോഷിക്കുന്നു. അവളുടെ അയൽക്കാരും കുടുംബക്കാരും സർവ്വ വല്ലഭനെ മഹത്വപ്പെടുത്തുന്നു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ താഴ്ത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. സ്വർഗ്ഗത്തിൽ സ്രോപ്പേൻമാർ തനിക്കു സ്തുതിപാടുന്നവനായ കർത്താവേ! ഈ ദിവസത്തിൽ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്റെ കൃപയെ സ്തുതിക്കുന്നു. നിന്റെ സ്ഥാനപതിയുടെ പ്രാർത്ഥനയാൽ ഞങ്ങളുടെ അയോഗ്യതകളെ ഓർക്കാതെ ഞങ്ങളുടെ സ്തുതിപ്പുകളെ കൈക്കൊള്ളുകയും ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. ബാറെക്മോർ.



സൃഷ്ടികളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ വരവിനു വഴി ഒരുക്കുവാൻവേണ്ടി വന്ധ്യയും വൃദ്ധയുമായവൾക്കു മകനെ കൊടുത്ത കർത്താവേ! നിനക്കു സ്തുതി. നിനക്കു ഇഷ്ടമുള്ള സൽപ്രവൃത്തികളിൽനിന്നും അന്യരായിരിക്കുന്ന ഞങ്ങളോടു കരുണചെയ്ത് സ്വർഗ്ഗരാജ്യത്തിലേക്കു ഞങ്ങൾക്കു വഴി ഒരുക്കണമെ. മനുഷ്യസ്നേഹമുള്ളവനേ! നീ എഴുന്നള്ളുമ്പോൾ ഞങ്ങളെയും ഓർത്തുകൊള്ളണമെ. മൊറിയൊ.....

**ബോവൂസൊ**

കൃപയോടെ തന്റെ ജനങ്ങളെ ദർശിച്ചവനായ കർത്താവേ! നിന്റെ മുന്നോടിയായ യോഹന്നാന്റെ ജനനപ്പെരുന്നാളിനെ നിനക്ക് ഇഷ്ടമുള്ളപ്രകാരം ആചരിപ്പാനും അനുതാപത്തിന്റെ ഫലങ്ങളെ പുറപ്പെടുവിപ്പാനും നിന്റെ മഹത്വ പ്രത്യക്ഷതയെ എതിരേൽക്കുന്നതിനു ദീപയഷ്ടികളെ കൊളുത്തിക്കൊണ്ട് ഉണർവ്വോടെ ഒരുങ്ങിയിരിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

## യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച

## സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

**കോലോകൾ**

വാതിലടച്ച് മുദ്രയിട്ടിരിക്കുന്ന കൊട്ടാരത്തെയും രാജാവ് അതിൽ വസിക്കുന്നതിനെയും യൗസേപ്പിനു കാണിച്ചുകൊടുക്കുകയും കന്യകയുടെ ഗർഭം പരിശുദ്ധാത്മാവിൽനിന്നാണെന്ന് അവനെ അറിയിച്ച് സ്ഥിരപ്പെടുത്തുകയും ചെയ്തവനായ മിശിഹാതമ്പുരാനേ! ആദാമിനെയും മക്കളെയും രക്ഷിപ്പാനായിട്ട് നീ മനുഷ്യാവതാരം ചെയ്തതിനാൽ നിനക്കു സ്തുതി. ബാറെക്മോർ.

മറിയാമിനെ വ്യഭിചാരിണിയെപ്പോലെ കണക്കിട്ട് അവളെ ശാസിച്ചുകൊണ്ടിരുന്ന യൗസേപ്പ് വെളിപാടിന്റെ ശേഷം സങ്കടത്തോടെ അവളോടു മാപ്പപേക്ഷിക്കുകയും അവളെ ശുശ്രൂഷിക്കുകയും ചെയ്തതുപോലെ സത്യത്തെ അറിവാനും അതിൽ സ്ഥിരമായിരിപ്പാനും സത്യവിരോധ മായി യാതൊന്നും പ്രവർത്തിക്കാതിരിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. മൊറിയൊ......

**ബോവൂസൊ**

യൗസേപ്പിന്റെയും നിന്റെ മാതാവിന്റെയും പ്രാർത്ഥന കളാൽ ഈ ദിവസത്തിൽ നീ ഞങ്ങളോടു നിരപ്പായി ഞങ്ങളുടെ അറ്റകുറ്റങ്ങളെ മോചിക്കണമെ. വർണ്ണിക്കപ്പെടാ വതല്ലാത്ത താഴ്മയോടെ ഇറങ്ങിവന്ന് കന്യകയിൽ വസിച്ച വനായ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹാ യെയും ഞങ്ങൾ സ്തോത്രം ചെയ്തു വന്ദിക്കുന്നു.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! നിന്റെ മാതാവിന്റെ ഗർഭത്തെക്കുറിച്ചു യൗസേപ്പിനെ സ്ഥിരപ്പെടുത്തിയതുപോലെ സത്യോപദേശ ങ്ങളിൽ നിന്റെ സഭയെ സ്ഥിരപ്പെടുത്തണമെ. നിന്റെ സഭ യിൽനിന്ന് വേദവിപരീതങ്ങളെയും തർക്കങ്ങളെയും നീക്കി ക്കളഞ്ഞ് അതിൽ സമാധാനവും ഐക്യതയും സ്നേഹവും വസിപ്പിക്കണമെ. ബാറെക്മോർ.

യൗസേപ്പ് തന്റെ ഉറക്കത്തിൽനിന്ന് എഴുന്നേറ്റപ്പോൾ കന്യകയിൽ വസിച്ചവനെ വന്ദിച്ചതുപോലെ ഞങ്ങൾ പാപ ഉറക്കത്തിൽ നിന്നുണർന്നു നിന്നെ വന്ദിച്ച് സ്തുതിപ്പാൻ യോഗ്യരായിത്തീരണമെ. സത്യമായിട്ട് കന്യകയിൽ വസിച്ച വനും പിതാവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരിക്കുന്നവനുമായ അമ്മാനുയേലേ! നിനക്ക് എന്നന്നേക്കും സ്തുതി യോഗ്യ മാകുന്നു. മൊറിയൊ........



**ബോവൂസൊ**

കൃപനിറഞ്ഞ മറിയമേ! സർവ്വസൃഷ്ടികളും നിനക്കു സമാധാനം പറയുന്നു. അവർണ്ണനീയമായവിധത്തിൽ നീതി യുടെ സൂര്യനെ നീ ഗർഭം ധരിച്ചതിനാൽ നിനക്കു ഭാഗ്യം. നിന്റെ പ്രാർത്ഥനകളാൽ ഞങ്ങൾ സത്യത്തെ മുറുകെപ്പിടിച്ച് അതിൽ സ്ഥിരപ്പെട്ടിരിപ്പാൻ യോഗ്യരായിത്തീരണമെ.

## യൽദോ നോമ്പ് ദിവസങ്ങളിൽ

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ദൈവമേ! ഞങ്ങളുടെ പിതാവായ ആദാം വിലക്കപ്പെട്ട ഫലം ഭക്ഷിച്ചതിനാൽ മനുഷ്യജാതിക്കുണ്ടായ ആപത്തിനെ തീർപ്പാനായിട്ട് നിന്റെ വാത്സല്യമുള്ള ഏകപുത്രനെ കരുണ യോടെ മനുഷ്യാവതാരത്തിലേക്കു നീ കല്പിച്ചയച്ചുവല്ലൊ. ആ രക്ഷാകരമായ ജനനപ്പെരുന്നാളിന്റെ ബഹുമാനത്തിനും ആഘോഷത്തിനും വേണ്ടി ഭക്ഷണസുഖത്തെ വെടിഞ്ഞ് ഞങ്ങൾ ആചരിക്കുന്ന നോമ്പിനെ മ്ഗൂശെൻമാരുടെ കാഴ്ചകൾപോലെ നീ കൈക്കൊള്ളണമെ. ബാറെക്മോർ.

ഭക്ഷണംമൂലം ഞങ്ങളുടെമേൽ അധികാരപ്പെട്ടവനായ ആകെൽക്കറുസ്സായെ ജയിപ്പാൻ നോമ്പ് തോല്ക്കാത്ത ആയുധമായി നിന്റെ ഏകപുത്രനായ ഞങ്ങളുടെ ഏക രക്ഷ കൻ ഞങ്ങൾക്കു ഏല്പിച്ചുതന്നിരിക്കുന്നതിനാൽ രക്ഷാക രമായ ജനനപ്പെരുന്നാളിലേക്കു നോമ്പ് എന്ന വലിയ ആയുധം ധരിച്ചുകൊണ്ട് ഞങ്ങൾ ഓടുന്നു. ഞങ്ങളെ ആക്ര മിച്ചു വീഴിപ്പാൻവേണ്ടി ഞങ്ങളോടു കഠിന യുദ്ധം ചെയ്യുന്ന ദുഷ്ടശത്രുവിൽനിന്നും സൈന്യങ്ങളിൽനിന്നും കരുണ യോടെ ഞങ്ങളെ രക്ഷിക്കണമെ. മൊറിയൊ.......

**ബോവൂസൊ**

ദൈവമേ! ഞങ്ങൾ ബലഹീനരാകകൊണ്ടു ഞങ്ങളുടെ നോമ്പും നമസ്ക്കാരങ്ങളും ബലഹീനമുള്ളവയും കുറ്റമുള്ള വയുമാകുന്നു. എങ്കിലും ഞങ്ങൾ നിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരും നിന്റെ കൈവേലയും ആകുന്നു എന്നുള്ളതിനെ ഓർത്ത് ഞങ്ങളുടെ നോമ്പിനെയും നമ സ്ക്കാരങ്ങളെയും കൃപയോടെ കൈക്കൊള്ളണമെ. മനുഷ്യാ വതാരത്തിനു നിന്റെ ഏകപുത്രനെ അയപ്പാൻ തക്കവണ്ണം നിനക്കു ഞങ്ങളോടു കരുണയുണ്ടായെങ്കിൽ ഞങ്ങളുടെ ശുശ്രൂഷകളുടെ കുറ്റങ്ങളെ പോക്കുവാനും പാപങ്ങളെ മോചി പ്പാനും നിന്റെ മഹാകരുണയെ തടുപ്പാൻ യാതൊന്നിനും കഴി യുന്നതല്ലല്ലോ. മഹാസമുദ്രത്തിൽ ഒരുതുള്ളി ചെളിപോലെ യല്ലാതെ നിന്റെ മഹാകരുണയുടെ മുമ്പിൽ ഞങ്ങളുടെ പാപ ങ്ങൾ എന്തുള്ളു? ദൈവമേ! ഞങ്ങൾ നിന്റെ കരുണയെ കൈക്കൊണ്ട് പാപമോചനം ലഭിച്ചവരായി ഞങ്ങളുടെ രക്ഷി താവിന്റെ ജനനപ്പെരുന്നാളിൽ മാലാഖമാരോടുകൂടെ നിന്നെ സ്തുതിച്ചു പുകഴ്ത്തുവാനും ആട്ടിടയൻമാരോടുകൂടെ അത്ഭു തങ്ങൾ കാണുവാനും ഞങ്ങളോടുള്ള നിന്റെ സ്നേഹത്തെ തിരിച്ചറിഞ്ഞ് നന്ദിയുള്ള ഹൃദയത്തോടെ നിന്നെയും നിന്റെ ഏകപുത്രനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ചു പുക ഴ്ത്തുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ദൈവമേ! നോമ്പാലും നമസ്ക്കാരത്താലുമല്ലാതെ ഈ ജാതി പുറപ്പെട്ടുപോകുന്നതല്ലെന്ന് നിന്റെ ഏകപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ ഞങ്ങളുടെ വൈരിയായ സാത്താനെ ഓടിച്ചു പുറത്താക്കുവാൻ വേണ്ടി നോമ്പിൽ ഞങ്ങൾ അഭയം പ്രാപിച്ചിരിക്കുന്നു. ഈ നോമ്പ് ഞങ്ങൾക്കു കോട്ടയും കാവലും ആയിരിക്കണമെ. ബാറെക്മോർ.



സാത്താന്റെ അടിമയിൽനിന്ന് നിന്റെ ഏകപുത്രൻ ഞങ്ങളെ വിടുർത്തിയെങ്കിലും ഞങ്ങൾ ഞങ്ങളുടെ ദുഷ്പ്ര വൃത്തികൾ നിമിത്തം പിന്നെയും അവന്റെ അടിമയിൽ പെട്ടു പോയിരിക്കുന്നു. അയ്യോ നോമ്പുമൂലം ഈ അടിമയിൽനിന്ന് രക്ഷിക്കപ്പെട്ട് ജനനപ്പെരുന്നാളിൽ ഹൃദയപൂർവ്വം സന്തോ ഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. മൊറിയൊ....

**ബോവൂസൊ**

തന്റെ സ്വന്തനീതിയാൽ രക്ഷിക്കപ്പെടുന്ന ഒരുവനും ഇല്ലാത്തതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ നോമ്പിലോ നമ സ്ക്കാരത്തിലോ അല്ല നിന്റെ കൃപയിൽമാത്രം ആശ്രയിച്ചി രിക്കുന്നു. ദൈവമേ! ഞങ്ങളെ കൈവിട്ടുകളയരുതേ. കരു ണയുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതേ. സന്തോഷത്തിന്റെ പെരുന്നാളിൽ ഞങ്ങൾ ദുഃഖിപ്പാൻ ഇട യാവുകയും അരുതേ.

ആഭരണങ്ങളാലും വസ്ത്രങ്ങളാലും ഭക്ഷണപാനീയ ങ്ങളാലും പുറമെ മാത്രമല്ല, ദുർവിചാരങ്ങളെയും ദുഷ്പ്ര വൃത്തികളെയും സകല പാപങ്ങളെയും നീക്കിക്കളഞ്ഞ് സകലവിധ നൻമകളെയും ധരിച്ച് ദൈവിക ആഭരണങ്ങളെ അണിഞ്ഞുകൊണ്ട് അകമേയും പുറമേയും ദൈവേഷ്ടപ്ര കാരം സന്തോഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ.

## ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ചയിലും, ജനനപ്പെരുന്നാളിലും, ജനനപ്പെരുന്നാളിനു ശേഷം ദനഹാവരെയുള്ള ഞായറാഴ്ചകളിലും

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

അമ്മാനുയേലേ! ദൈവമായ നീ മനുഷ്യനായിത്തീർന്ന് ബേത്‌ലഹേമിൽ ജനിക്കയും നിന്റെ രാജത്വത്തിന്റെയും ദൈവത്വത്തിന്റെയും കഷ്ടാനുഭവത്തിന്റെയും ലക്ഷ്യമായി

മ്ഗൂശെൻമാരിൽനിന്ന് സ്വർണ്ണവും കുന്തുരുക്കവും മൂരും കാഴ്ച കൈക്കൊള്ളുകയും ചെയ്ത സകലത്തിന്റെയും ഉടയവനേ! ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടി നിന്റെ മഹിമയെ താഴ്ത്തുകയും ഞങ്ങളെ നിന്നെപ്പോലെ ആക്കുവാനായിട്ട് നീ ഞങ്ങളെപ്പോലെ ആയിത്തീരുകയും ചെയ്തതിനാൽ നിനക്കു സ്തുതി. ബാറെക്മോർ.

കർത്താവേ! ജീവൻ നിറഞ്ഞിരിക്കുന്ന നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് ഞങ്ങളുടെ ദാരിദ്ര്യത്തെ തീർപ്പാൻവേണ്ടി മനുഷ്യാവതാരത്തിലേക്കു നീ വന്നതിനാൽ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയാൽ ഞങ്ങൾക്കു പാപപരിഹാരം നൽകണമെ. നിന്റെ കൃപകൾക്കുവേണ്ടി ഇടവിടാതെ നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. മൊറിയൊ....

**ബോവൂസൊ**

മിശിഹാതമ്പുരാനേ! നിന്റെ മനുഷ്യാവതാരത്താൽ നീ ഞങ്ങളുടെ വർഗ്ഗത്തെ രക്ഷിക്കുകയും ഞങ്ങളെ നിന്റെ പിതാവിനു മക്കളും നിനക്കു സഹോദരങ്ങളും ആക്കിത്തീർക്കുകയും ചെയ്തുവല്ലൊ. മേലിൽനിന്നുള്ള നിന്റെ ഉദയവും മറിയാമിൽനിന്നുള്ള ജനനവും വാഴ്ത്തപ്പെട്ടതാകുന്നു. ആദ്യന്തമില്ലാത്ത പുത്രാ! നിനക്കു സ്തുതി യോഗ്യമാകുന്നു.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ഞങ്ങളുടെ രക്ഷിതാവേ! നിന്റെ മനുഷ്യാവതാരത്തെ ഓർത്ത് ഞങ്ങളോടു നിരപ്പാകണമേ. ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം നിന്റെ കരുണയുടെ സമുദ്രത്തിൽ കഴുകിക്കളയണമെ. നീ സത്യമുള്ള ദൈവമാകുന്നു. നീ മാത്രം പരിശുദ്ധനാകുന്നു. മനുഷ്യസ്നേഹമുള്ളവനേ! ക്രൂബേൻമാരോടും സ്രോപ്പേന്മാരോടും സകല മാലാഖമാരോടും കൂടെ നിന്നെ സ്തുതിച്ചു വന്ദിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ബാറെ....



കർത്താവേ! നിന്നെക്കുറിച്ചു സംസാരിക്കുന്നതിനു ഞങ്ങളുടെ നാവിനു പ്രാപ്തിയില്ല.ജഡപ്രകാരമുള്ള നിന്റെ ജനനത്തെക്കുറിച്ച് ഞങ്ങൾ വിസ്മയിക്കുന്നു. ആകാശവും ഭൂമിയും നിന്നെക്കൊണ്ട് നിറഞ്ഞിരിക്കുമ്പോൾ നീ മറിയാമിന്റെ ഗർഭത്തിൽ വസിച്ചുവല്ലൊ. ലോകങ്ങളെ പോറ്റുന്നവനായ നീ ശിശുവിനെപ്പോലെ പാൽ കുടിക്കുകയും ഭൂമിയിൽ ഇഴഞ്ഞുനടക്കുകയും ചെയ്തുവല്ലൊ. നിന്റെ സർവ്വകൃപകൾക്കും വേണ്ടി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. മൊറിയൊ.........

**ബോവൂസൊ**

അത്ഭുതത്തിന്റെ പുത്രാ! നിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കിയതിനാൽ ഏതുപ്രകാരത്തിൽ നിന്നെ മഹത്വപ്പെടുത്തേണ്ടു എന്ന് ഞങ്ങൾ അറിയുന്നില്ല. നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുവാനായിട്ട് ഞങ്ങളുടെ കുറ്റങ്ങൾ മോചിക്കണമെ. നിന്റെ കരുണയാൽ ഞങ്ങളുടെ പാപവ്രണങ്ങളെ സുഖപ്പെടുത്തണമെ. നിന്റെ ആട്ടിൻകൂട്ടത്തിൽ എന്നേക്കും സമാധാനം വാഴുമാറാകണമെ.

ഡിസംബർ 26–ാം തീയതി

## ദൈവമാതാവിന്റെ പുകഴ്ചയുടെ പെരുന്നാളിൽ

## സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടത്

കർത്താവിനെ വഹിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടവളായ വിശുദ്ധ കന്യകയായ മാതാവേ! നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ. ഉയരത്തിലും ആഴത്തിലും നാനാഭാഗങ്ങളിലും നിന്റെ ഓർമ്മയുടെ ദിവസം ജയം പ്രാപിക്കുന്നു. നിന്റെ ഓർമ്മയിൽ സഭ സന്തോഷിക്കുകയും ചെയ്യുന്നു. ദൈവമാതാവേ! നിന്റെ ഓർമ്മ ഞങ്ങൾക്കു വാഴ്വിനായിത്തീരണമെ. ബാറെക്മോർ.

തന്റെ സ്രഷ്ടാവിനെ താലോലിക്കയും മുലപ്പാൽ കുടിപ്പിക്കയും ചെയ്‌വാൻ തിരുവിഷ്ടത്താൽ യോഗ്യതയുള്ളവളായിത്തീർന്ന കന്യകമറിയാമേ! നിനക്കു ഭാഗ്യം. തന്റെ രാജത്വത്തിനു അവസാനമില്ലാത്ത രാജാധിരാജൻ വസിച്ചതായ കൊട്ടാരമേ! നിനക്കു ഭാഗ്യം. സൃഷ്ടികളെ രക്ഷിപ്പാനായിട്ട് നിന്നിൽനിന്നുദിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയൊ....

**ബോവൂസൊ**

ദൈവമാതാവേ! നിന്റെ പെരുന്നാൾദിവസത്തിൽ നിന്നെ ബഹുമാനിക്കുന്ന കൂട്ടങ്ങൾക്കുവേണ്ടി നീ പ്രാർത്ഥിക്കണമെ. നിന്റെ പെരുന്നാളിനെ ബഹുമാനിക്കുന്നവരായ ഞങ്ങളുടെ ഇടയിൽ നിരപ്പും സമാധാനവും ഉണ്ടാകുവാനായിട്ട് നിന്റെ ഏകപുത്രനോടു നീ അപേക്ഷിക്കണമെ. നിന്റെ പ്രാർത്ഥനയാൽ നിന്റെ ഏകപുത്രന്റെ കരുണയും മനോഗുണവും ഞങ്ങളുടെമേൽ ചൊരിയപ്പെടുമാറാകണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

സ്വഭാവത്തിനപ്പുറമായിട്ട് വൃക്ഷത്തിൽനിന്ന് ആടും കല്പ്പാറയിൽനിന്ന് വെള്ളവും മത്സ്യത്തിൽനിന്നു നാണയവും ഉണ്ടായതുപോലെ നിത്യകന്യകയേ! നീ സ്വഭാവത്തിനപ്പുറമായി പുരുഷസംബന്ധംകൂടാതെ ദൈവപുത്രനെ പ്രസവിച്ചതിനാൽ നിന്റെ പുകഴ്ചകളെ വിവരിപ്പാൻ കഴിയുന്നവൻ ആരുമില്ല. ബാറെക്മോർ.

കൊത്തിനെ പട്ടണത്തിലെ കല്യാണത്തിനു വീഞ്ഞു കുറവായപ്പോൾ നിന്റെ അപേക്ഷപ്രകാരം നിന്റെ പുത്രൻ അവർക്കു വെള്ളംകൊണ്ട് വീഞ്ഞുണ്ടാക്കി കൊടുത്തതുപോലെ നിന്റെ അപേക്ഷയാൽ രോഗികൾക്കു സ്വസ്ഥതയും വ്യസനിച്ചിരിക്കുന്നവർക്കു ആശ്വാസവും ഉണ്ടാകുമാറാകണമെ. ഭാഗ്യം നിറഞ്ഞ മാതാവേ! ഭൂമിയിലെ സകല വംശങ്ങളും നിനക്കു ഭാഗ്യം തരുന്നു. മൊറിയൊ.......



**ബോവൂസൊ**

ദൈവമാതാവേ! ഇതാ ഒരു കന്യക ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കുമെന്ന് പറഞ്ഞിട്ടുള്ള ഏശായാ നിബിയുടെ ദീർഘദർശനം നിന്നിൽ നിവൃത്തിയായിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവായ മിശിഹാ! നിന്റെ മാതാവിന്റെ ഓർമ്മയാൽ ആണ്ടിന്റെ കിരീടം വാഴ്ത്തപ്പെടുമാറാകട്ടെ. നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും മനോഗുണവും ഞങ്ങൾക്കു ലഭിക്കുമാറാകണമെ. പാപികൾ കരുണ പ്രാപിക്കുകയും മരിച്ചുപോയവർ ആശ്വാസം കൈക്കൊള്ളുകയും ചെയ്യുമാറാകണമെ.

ഡിസംബർ 27-ാം തീയതി

## ശിശുവധപ്പെരുന്നാളിൽ

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

മ്ഗൂശെൻമാർ കാഴ്ചകളാൽ വന്ദിക്കയും കൊല്ലപ്പെട്ട ശിശുക്കൾ തങ്ങളുടെ രക്തത്താൽ ബഹുമാനിക്കയും ചെയ്തിട്ടുള്ള മിശിഹാതമ്പുരാനേ! നിനക്കുവേണ്ടി അറുക്കപ്പെട്ട പരമാർത്ഥികളായ ശിശുക്കളെ നീ കിരീടം ധരിപ്പിച്ചു പുകഴ്ത്തിയതുപോലെ അവസാന നാളിൽ പരിശുദ്ധൻമാരോടുകൂടെ നില്പാനും മുഖപ്രസാദത്തോടെ നിനക്കു സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ബാറെ..

പരമാർത്ഥമുള്ള കുഞ്ഞാടുകളെപ്പോലെ കഴുത്തറക്കപ്പെട്ടവരായ ശിശുക്കളേ! നിങ്ങൾ ആർക്കുവേണ്ടി അറുക്കപ്പെട്ടുവോ അവൻ അവസാനനാളിൽ വരുമ്പോൾ നിങ്ങളെ വിളിച്ച് നിത്യജീവനെ അവകാശപ്പെടുത്തുവിൻ എന്നു നിങ്ങളോടു പറയുന്നതിനാൽ നിങ്ങൾക്കു ഭാഗ്യം. മൊറിയൊ.....

**ബോവൂസൊ**

പരമാർത്ഥികളായ ശിശുക്കളുടെ ബലിയെ കൈക്കൊണ്ട് മിശിഹായുടെ തിരുനാമത്തിനുവേണ്ടി അവരെ ആദ്യ രക്തസാക്ഷികളാക്കിത്തീർത്തവനായ ദൈവത്തിന് ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതി ഉണ്ടായിരിക്കട്ടെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! സത്യത്തിന്റെ കുഞ്ഞാടായ നിന്നെ നശിപ്പിപ്പാനാഗ്രഹിച്ചുകൊണ്ട് കൗതുകമുള്ള കുഞ്ഞുങ്ങളെ കൊന്നവനായ ഹേറോദേസിനു കഷ്ടം. അവനു നിത്യാഗ്നിയും അവർക്കു നിത്യാനന്ദവും അവകാശമായിത്തീർന്നു. അന്യായക്കാരനായ ആ രാജാവുമൂലം യീഹൂദിൽ നടന്ന സംഗതിയെക്കുറിച്ച് വ്യസനിക്കാത്ത ഹൃദയവും കരയാത്ത കണ്ണും ഏതാകുന്നു. കർത്താവേ! നിന്നെപ്രതി കൊല്ലപ്പെട്ട ശിശുക്കളുടെ പ്രാർത്ഥനയാൽ ഞങ്ങൾ ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെയും അവനാൽ ആക്രമിക്കപ്പെടാതെയും ഞങ്ങളെ കാത്തുകൊള്ളണമെ. ബാറെക്മോർ.

കർത്താവേ! ശിശുക്കളുടെ ഈ ഓർമ്മദിവസത്തിൽ നിനക്കു സ്തുതിപാടുവാനും അവർ നിന്നിൽനിന്നു നല്ല പ്രതിഫലം കൈക്കൊള്ളുമ്പോൾ അവരോടുകൂടെ സന്തോഷിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അവരുടെ ഓർമ്മ കഴിക്കുന്നവരായ ഞങ്ങൾക്കു നീ കരുണയും പാപമോചനവും നൽകണമെ. നിന്റെ മാതാവിന്റെയും നിനക്കുവേണ്ടി മരിച്ച ശിശുക്കളുടെയും പ്രാർത്ഥനയാൽ നിന്റെ ആട്ടിൻകൂട്ടത്തെയെല്ലാം പുണ്യപ്പെടുത്തണമെ. മൊറിയൊ..



സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന് ശിശുവായിത്തീരുകയും തനിക്കുവേണ്ടി ബേത്‌ലഹേമിലെ ശിശുക്കൾ കൊല്ലപ്പെടുകയും ചെയ്തവനായ കർത്താവേ! അവരെപ്പോലെ നിനക്കുവേണ്ടി ജീവനെപ്പോലും ഉപേക്ഷിപ്പാനും നിന്നിൽതന്നെ ശരണം പ്രാപിപ്പാനും ഞങ്ങളെ ഒരുക്കണമെ. രക്തസാക്ഷികളായ ശിശുക്കളേ! നിങ്ങൾക്കു ഭാഗ്യവും നിങ്ങളുടെ കർത്താവിനു സ്തുതിയും ദുഷ്ടനും സൈന്യങ്ങൾക്കും മുഖലജ്ജയും നിങ്ങളുടെ ഓർമ്മമൂലം ഞങ്ങളുടെമേൽ കർത്താവിന്റെ കരുണയും ഉണ്ടാകട്ടെ.

ജനുവരി 1-ാം തീയതി

## കർത്താവിന്റെ ചേലാകർമ്മപ്പെരുന്നാളും, ആണ്ടു പിറപ്പും, മാർ ബസ്സേലിയോസ്, മാർ ഗ്രിഗോറിയോസ് എന്നിവരുടെയും ശേഷം സകല പരിശുദ്ധൻമാരുടെയും ഓർമ്മയും.

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

പഴയ നിയമത്തെ പൂർത്തിയാക്കി പുതിയ നിയമത്തെ ഏർപ്പെടുത്തുവാൻ ഉയരത്തിൽനിന്നിറങ്ങിയവനും എട്ടാം ദിവസം ചേലാകർമ്മം കൈക്കൊണ്ട് അതിനെ മായിച്ചുകളഞ്ഞവനുമായ മിശിഹാതമ്പുരാനേ! ഞങ്ങൾക്കു കല്പിക്കപ്പെട്ടിരിക്കുന്ന നിയമങ്ങളെ ശരിയായി ആചരിപ്പാനും പഴയ മനുഷ്യനെ ഉരിഞ്ഞുകളവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെക്മോർ.

ഉയരങ്ങളിൽ മാലാഖമാരുടെ നിരകളെ ക്രമപ്പെടുത്തിയവനായ കർത്താവേ! നിന്റെ കൃപയാൽ സംവത്സരത്തിന്റെ കിരീടത്തെയും മാസങ്ങളെയും ദിവസങ്ങളെയും നാഴികകളെയും ഞങ്ങൾക്കു ഗുണകരമായ വിധത്തിൽ

നീ ക്രമപ്പെടുത്തി വാഴ്ത്തണമെ. ഭൂമിയിൽ നിന്റെ നിരപ്പും സഭയിൽ സമാധാനവും വസിപ്പിക്കണമെ. സന്തോഷങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും ഞങ്ങൾക്കു നൽകണമെ. മൊറിയൊ.......

**ബോവൂസൊ**

വിശുദ്ധ സഭയുടെ ഉപദേഷ്ടാക്കൻമാരേ! ഞങ്ങളോടു കോപിച്ചിരിക്കുന്ന കർത്താവിനെ നിങ്ങൾ സമാധാനപ്പെടുത്തണമെ. ഞങ്ങളുടെ പ്രാർത്ഥനകളാൽ ദൈവകൃപയുണ്ടാകുമാറാകണമെ. ഞങ്ങൾ നിങ്ങളുടെ പിന്നടികളിൽ നടക്കുന്നവരായിത്തീരുകയും ചെയ്യുമാറാകണമെ. കർത്താവേ! ഈ പുതിയ വത്സരാരംഭത്തിൽ ഞങ്ങൾ പുതിയവരായിത്തീർന്ന് നിനക്ക് ഇഷ്ടമുള്ള വിധത്തിൽ ജീവിപ്പാനും ഞങ്ങളുടെ ജീവിതകാലത്ത് എല്ലാ വത്സരങ്ങളിലും പാപങ്ങളിൽനിന്നൊഴിഞ്ഞ് മേൽക്കുമേൽ വിശുദ്ധിയിലും വെടിപ്പിലും അഭിവൃദ്ധിപ്പെട്ട് നിങ്കലേക്കു അടുത്തുവരുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ജനനം, ചേലാകർമ്മം മുതലായി മനുഷ്യരുടെ ഹീനമുറകളെയെല്ലാം ഹീനൻമാരും പാപികളുമായ ഞങ്ങൾക്കു വേണ്ടി താഴ്മയോടെ അംഗീകരിച്ചവനായ കർത്താവേ! അംഗീകാരവത്സരവും നിനക്കിഷ്ടമുള്ളതായ വലത്തേതിനടുത്ത ആരംഭവും ഞങ്ങൾക്കുണ്ടാകുവാൻ കൃപചെയ്യണമെ. ഈ സംവത്സരത്തിൽ നിന്റെ കൃപയാൽ കൃഷികളെയും സർവ്വഫലങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും നിന്റെ തൃക്കൈ നീട്ടി കൃപയോടെ വാഴ്ത്തണമെ. പിശാചിന്റെ സകല ഉപായ തന്ത്രങ്ങളെയും വിശ്വാസ വിപരീതങ്ങളെയും



ജയിച്ച് വിശുദ്ധ റൂഹായുടെ ദാനങ്ങൾകൊണ്ട് നിറഞ്ഞവരായി നിന്റെ സന്നിധിയിൽ നില്പാനും ഇടവിടാതെ നിന്നെ സ്തോത്രം ചെയ്വാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ പിതാക്കൻമാരായ മാർ ബസ്സേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും ശേഷമുള്ള സകല പിതാക്കൻമാരുടെയും പ്രാർത്ഥനകളാൽ ഞങ്ങൾക്കു പാപമോചനം ലഭിക്കുമാറാകണമെ. സത്യവിശ്വാസികളായ ആ ഉപദേഷ്ടാക്കൻമാരുടെ സത്യോപദേശത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിക്കുമാറാകണമെ. അവരെപ്പോലെ നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്നവരും നിന്നെ ഇഷ്ടപ്പെടുത്തുന്നവരും ആയിരിപ്പാൻ ഞങ്ങൾ യോഗ്യരായിത്തീരുമാറാകണമെ. നിഖ്യായിലും കുസ്തന്തീനോപോലീസിലും എഫേസോസിലും ഉണ്ടായ പൊതു സുന്നഹദോസുകളിലെ വിശ്വാസത്തിൽനിന്നും നിയമങ്ങളിൽനിന്നും ഇടത്തോട്ടോ വലത്തോട്ടോ വിട്ടുമാറാതെ സ്ഥിരതയോടെ ജീവിപ്പാനും നിനക്കിഷ്ടമുള്ളപ്രകാരം നല്ല അവസാനം പ്രാപിപ്പാനും ഞങ്ങൾക്കിടയാക്കുകയും ചെയ്യുമാറാകണമെ. മൊറിയൊ.....

**ബോവൂസൊ**

മിശിഹാതമ്പുരാനേ! നിന്റെ തൃക്കാലുകളിൽ വിലയേറിയ പരിമളതൈലം പൂശിയവളായ സ്ത്രീയെ നീ ശുദ്ധീകരിച്ചതുപോലെ നിന്റെ തൃപ്പാദത്തിങ്കൽ ഞങ്ങളുടെ കണ്ണുനീരുകളെ ചൊരിയുവാനും ഞങ്ങളുടെ മേൽ നിന്റെ തിരുവിഷ്ടമുണ്ടായി ശുദ്ധീകരണം കൈക്കൊള്ളുവാനും ഞങ്ങളുടെ ആയുസ്സ്പര്യന്തം നിന്റെ കൃപയിൻകീഴ് ജീവിപ്പാനും ഞങ്ങൾക്കു സംഗതി വരുത്തണമെ. സത്യമുള്ള ഇടയൻമാരും ഉപദേഷ്ടാക്കൻമാരും ആയവരേ! നിങ്ങൾ ലോകത്തിനു പ്രകാശവും ഭൂമിയുടെ ഉപ്പും എന്ന് പേർ

വിളിക്കപ്പെട്ടിരിക്കുന്നതിനാൽ നിങ്ങളുടെ പ്രാർത്ഥനമൂലം നിങ്ങളെപ്പോലെ ഞങ്ങൾ പ്രകാശമുള്ളവരും മറ്റുള്ളവരെക്കൂടെ ദൈവത്തിങ്കലേക്കു ആകർഷിക്കുന്നവരുമായിത്തീരുമാറാകണമെ. ആകാശത്തിലും ഭൂമിയിലും നിങ്ങളുടെ ഓർമ്മയെ ഉന്നതപ്പെടുത്തിയ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. നിങ്ങളുടെ നമസ്ക്കാരങ്ങളാൽ സകല ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ കാത്തുകൊള്ളപ്പെടുമാറാകണമെ. കർത്താവേ! വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെയും ഞങ്ങളെയും നിന്റെ ശുദ്ധിമാൻമാരോടുകൂടെ നിന്റെ വലത്തുഭാഗത്ത് നിറുത്തുകയും നിന്റെ രാജ്യത്തിൽ ആനന്ദിപ്പിക്കയും ചെയ്യണമെ. വേണ്ടസമയത്ത് വെയിലും മഴയും തന്ന് ഭൂമിയുടെ നന്മകളെ അനുഭവിച്ചുകൊണ്ട് എപ്പോഴും നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ.

ജനുവരി 6-ാം തീയതി

## ദനഹാപ്പെരുന്നാളിലും, ദനഹായുടെ ശേഷം മൂന്നുനോമ്പുവരെയുള്ള എല്ലാ ഞായറാഴ്ചകളിലും സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

തന്റെ മാമോദീസാമൂലം പാപത്തിന്റെ അശുദ്ധിയിൽനിന്ന് ഞങ്ങളെ വെടിപ്പാക്കുന്നതായ മാമോദീസായെ ഞങ്ങൾക്കു ശുദ്ധീകരിച്ചുതന്നവനായ കർത്താവേ! പാപത്തിന്റെ സകല അഴുക്കുകളെയും കരുണയോടെ ഞങ്ങളിൽനിന്ന് കഴുകിക്കളയണമെ. ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മാമോദീസായ്ക്കു ചേരാത്തതായ യാതൊന്നും വിചാരിപ്പാനും പറവാനും പ്രവർത്തിപ്പാനും ഞങ്ങൾക്കിടയാകയും അരുതേ. ബാറെക്മോർ.



മണ്ണുകൊണ്ടുള്ള ഭവനം പഴതാകുമ്പോൾ വെള്ളംകൊണ്ട് അതിനെ പുതുതാക്കുന്നതുപോലെ മണ്ണായ ആദാമിന്റെ ശരീരം പഴതായപ്പോൾ വെള്ളംകൊണ്ട് അതിനെ പുതുതാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തിന്റെയും ഉടയവനായിരിക്കുമ്പോൾ ദാസനിൽനിന്ന് മാമൂദീസാ കൈക്കൊള്ളുവാൻ തിരുമനസ്സായി ഇറങ്ങിവന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ മുദ്രയാൽ മുദ്രകുത്തപ്പെട്ടവരെ ഉയർത്തണമേ. ശത്രുക്കളെ മറിച്ചുകളയണമെ. മൊറിയൊ.........

**ബോവൂസൊ**

ഭൂമിക്കടുത്തവരെ രക്ഷിപ്പാനായിട്ട് ഇറങ്ങിവന്ന് ദാസനിൽനിന്ന് മാമൂദീസാ കൈക്കൊണ്ടവനായ മിശിഹാതമ്പുരാനേ! നിന്റെ എളിമയാൽ ഞങ്ങളെ നീ രക്ഷിക്കകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും ഞങ്ങൾ സ്തുതിച്ചു സ്തോത്രം ചെയ്യുന്നു.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

മനുഷ്യനെപ്പോലെ മാമൂദീസാ മുങ്ങിയ ദൈവമേ! പരിശുദ്ധാത്മാവിനാലും അഗ്നിയാലും ഞങ്ങളെ നീ ശുദ്ധീകരിക്കണമെ. പിതാവായ ദൈവമേ! ഈ ദിവസത്തിൽ ഞങ്ങൾക്കു ജീവൻ നൽകണമെ. പുത്രനായ മിശിഹാ! ഞങ്ങളെ പുണ്യപ്പെടുത്തണമെ. പരിശുദ്ധ റൂഹാ! നിന്റെ ആവസിപ്പാൽ ഞങ്ങളെ ശുദ്ധീകരിക്കണമെ. ബാറെക്മോർ.

അത്യുന്നതന്റെ പുത്രാ! നീ എളിമയിലേക്ക് ഇറങ്ങിവന്നതിനാൽ നിനക്കു സ്തുതി. മാലാഖമാർ നിന്നെ പുകഴ്ത്തുന്നതുപോലെ പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ കരുണ ഞങ്ങളെല്ലാവരുടെമേലും ഉണ്ടായിരിക്കണമെ. ഞങ്ങൾ കുളിച്ച് വെടിപ്പായതിന്റെ ശേഷം പാപച്ചെളിയിൽ ഉരുളുവാൻ ഇടയാക്കാതെ ഞങ്ങളെ കാത്തുകൊള്ളണമെ. മൊറിയൊ.......

**ബോവൂസൊ**

തന്റെ സ്നേഹം നിമിത്തം ഞങ്ങൾക്കുവേണ്ടി ഇറങ്ങി വരുകയും ഞങ്ങളുടെ വർഗ്ഗത്തെ ഉയർത്തുവാനായിട്ട് മാമൂദീസായ്ക്കു തലതാഴ്ത്തുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മിശിഹാതമ്പുരാനേ! നിന്റെ മാമൂദീസായാൽ ഞങ്ങളെ ശുദ്ധീകരിക്കുകയും നിന്റെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു തന്ന് ഞങ്ങളെ നിന്റെ പിതാവിനു മക്കളാക്കിത്തീർക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ നിന്റെ രാജ്യത്തിൽ ആനന്ദിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

ജനുവരി 7-ാം തീയതി

## മാർ യോഹന്നാൻ മാംദോനോയുടെ പുകഴ്ചയുടെയും ശിരഛേദനത്തിന്റെയും പെരുന്നാളിൽ

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! ഹേറോദേസിന്റെ ദുഷ്പ്രവൃത്തിയെ വിരോധിപ്പാനും അവനെ നന്മയിലേക്കു തിരിപ്പാനും വേണ്ടി മാർ യോഹന്നാൻ മാംദോനോയെ നീ അവന്റെ അടുക്കലേക്ക് അയച്ചതുപോലെ നിന്റെ ദാസൻമാർമൂലവും തിരുവചനങ്ങൾ മൂലവും ഞങ്ങളെ ദുഷ്പ്രവൃത്തികളിൽനിന്ന് വിരോധിക്കണമെ. ആ പരിശുദ്ധന്റെ ഉപദേശത്തെ ആ ദുഷ്ടൻ അനുസരിക്കാഞ്ഞതുപോലെ കർത്താവേ! നിന്റെ ദാസൻമാരെയും തിരുവചനങ്ങളെയും അനുസരിക്കാത്തവണ്ണം കഠിന ഹൃദയം ഞങ്ങൾക്കുണ്ടാകാതെ ഞങ്ങളെ കാത്തുകൊള്ളണമെ. പരിശുദ്ധന്റെ ഗുണദോഷത്തെ കേട്ടിട്ടും അവൻ അവന്റെ ദുഷ്പ്രവൃത്തിയിൽ മുറുകെ പിടിച്ചിരുന്നതുപോലെ ഞങ്ങൾ പരിശുദ്ധവചനങ്ങളെ കേട്ടുകൊണ്ട് ഞങ്ങളുടെ തിന്മകളെ മുറുകെപ്പിടിച്ചിരിപ്പാൻ ഞങ്ങൾക്കിടയാക്കരുതേ. ബാറെക്മോർ.



കർത്താവേ! ദുഷ്ടയായ ഹേറോദ്യായുടെ പുത്രി ഹേറോദേസിന്റെ പിറന്നാളിൽ നൃത്തം ചെയ്ത് അവനെ സന്തോഷിപ്പിച്ചതുപോലെ ഞങ്ങൾ ലോകത്തെയും ജഡത്തെയും പിശാചിനെയും സന്തോഷിപ്പിക്കുന്നവരായിത്തീരാതെ നീ ഞങ്ങളെ കാത്തുകൊള്ളണമെ. ദോഷത്തിലുള്ള ആനന്ദം നിമിത്തം അവൾ ചോദിക്കുന്നതെല്ലാം കൊടുക്കാമെന്ന് അവൻ സത്യം ചെയ്തതുപോലെ ഞങ്ങൾ പാപത്തിൽ ആനന്ദിച്ചിട്ട് ഞങ്ങളുടെ വിലയേറിയ ആത്മാക്കളെ സാത്താനു കൊടുക്കാമെന്ന് അവനോട് ഉടമ്പടി ചെയ്വാൻ ഞങ്ങളെ നീ സമ്മതിക്കരുതേ. ഹേറോദേസ് ഹേറോദ്യായുടെ വലയിൽ അകപ്പെട്ടതുപോലെ ഞങ്ങൾ സാത്താന്റെ വലയിൽ അകപ്പെടാതെ ഞങ്ങളുടെ മേൽ കാവൽക്കാരെ നിയമിക്കണമെ. മൊറിയൊ.........

**ബോവൂസൊ**

ഹേറോദ്യാ അവളുടെ മകളെ സത്യത്തിനും നീതിക്കും വിരോധമായി യോഹന്നാന്റെ തല തളികയിൽ ഇവിടെത്തരണമെന്ന് ഹേറോദേസിനോടു യാചിപ്പാൻ പറഞ്ഞുകൊടുത്തു പഠിപ്പിച്ചതുപോലെ കർത്താവേ! സത്യത്തിനും നീതിക്കും വിരോധമായി യാതൊരുത്തരോടും യാതൊന്നും ആവശ്യപ്പെടുവാനോ പ്രവർത്തിപ്പാനോ ഇടവരാതെ ഞങ്ങളെ കൃപയോടെ കാത്തുകൊള്ളണമെ. ഞങ്ങൾ ഞങ്ങളുടെ സന്താനങ്ങളോടു നിന്റെ പരിശുദ്ധകല്പനകൾക്കുവിരോധമായി സാത്താന്റെ ഇഷ്ടത്തിനൊത്തവണ്ണം യാതൊന്നും ഉപദേശിപ്പാൻ ഇടയാകാതെ ഞങ്ങളെ തടുത്തുകൊള്ളുകയും ചെയ്യണമെ. മാർ യോഹന്നാന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടാലും രാജകല്പന ഉണ്ടായാലും അളവില്ലാത്ത ലോകധനം ലഭിച്ചാലും സത്യത്തിനു വിരോധമായി വിചാരിക്കുകയോ പറകയോ പ്രവർത്തിക്കുകയോ ചെയ്യാതിരിപ്പാനും സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഭയം കൂടാതെ എവിടെയും സത്യത്തെ ഘോഷിപ്പാനും അനീതിയെ വെറുക്കുവാനും ധൈര്യമുള്ള ഹൃദയം കൃപയോടെ ഞങ്ങൾക്കു നൽകണമേ. ബാറെ......

വ്യഭിചാരിണിയായ ദുഷ്ടസ്ത്രീയുടെ അപേക്ഷയനുസരിച്ച് പരിശുദ്ധന്റെ തല വെട്ടിച്ച് അവൾക്കു കൊടുപ്പിച്ച ഹേറോദേസിനെപ്പോലെ, കർത്താവേ! ഞങ്ങളുടെ ജഡത്തിന്റെ ഇഷ്ടത്തെയും ആനന്ദത്തെയും കുറിച്ചു ഞങ്ങളെ ശാസിക്കുന്ന നിന്റെ തിരുവചനങ്ങളെ വെറുക്കുവാനും ഞങ്ങളുടെ നൻമയ്ക്കുവേണ്ടി ആഗ്രഹിച്ച് ഗുണദോഷിക്കുന്ന നിന്റെ പരിശുദ്ധ ദാസൻമാരെ ഉപദ്രവിക്കുകയോ ധിക്കരിക്കുകയോ അപമാനിക്കുകയോ ചെയ്‌വാനും ഞങ്ങൾക്ക് ഇടയാകരുതേ. മൊറിയൊ........

**ബോവൂസൊ**

കർത്താവേ! നിന്റെ ഇഷ്ടൻമാരായ പരിശുദ്ധൻമാരെ ഉപദ്രവിക്കുന്നതിനാലും നിന്റെ കല്പനകളെ ലംഘിക്കുന്നതിനാലും ഞങ്ങൾ ശാപങ്ങൾക്കു പാത്രീഭൂതരായിത്തീരരുതേ. ആത്മാവിൻ പ്രകാരവും ജഡപ്രകാരവും ഉള്ള ഞങ്ങളുടെ പിതാക്കൻമാരെ വേണ്ടപോലെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യുന്നതിനാൽ ഈ ലോകത്തിൽ ശുഭാവസ്ഥയും അരിഷ്ടതകൂടാതെ ദീർഘായുസ്സും ആ ലോകത്തിൽ നിത്യജീവനും ഞങ്ങൾക്കു ലഭിക്കുമാറാകണമെ. കർത്താവേ! മാർ യോഹന്നാൻ മാംദോനോയുടെ പ്രാർത്ഥനകളാൽ നിന്റെ കൃപയും കരുണയും ഞങ്ങളുടെമേൽ ഉണ്ടാകണമേ.



ജനുവരി 8-ാം തീയതി

## മാർ എസ്തേപ്പാനോസ് സഹദായുടെ ഓർമ്മ ദിവസത്തിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! മാർ എസ്തേപ്പാനോസ് സഹദായെപ്പോലെ കൃപയും ശക്തിയും നിറഞ്ഞവരായി പരിശുദ്ധാത്മാവിൽ തിളച്ചുകൊണ്ട് നിന്റെ തിരുനാമത്തിനുവേണ്ടി കഷ്ടതകളും ഞെരുക്കങ്ങളും സഹിപ്പാനും മരണത്തെപ്പോലും ഭയപ്പെടാതെ നിന്നിൽ ജീവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. ബാറെക്മോർ.

പരിശുദ്ധ സഹദായുടെ മുഖം മാലാഖയുടെ മുഖത്തോടു തുല്യമായി ശോഭിച്ചതുപോലെ കർത്താവേ! ഞങ്ങൾ നിന്റെ പ്രകാശത്തിൽ ശോഭിപ്പാനും സൽപ്രവൃത്തികളാൽ അലങ്കരിക്കപ്പെടുവാനും നിന്റെ തിരുനാമത്തെ നിന്നെ അറിയാത്തവരുടെ ഇടയിൽ ധൈര്യത്തോടെ ഘോഷിപ്പാനും യോഗ്യരായിത്തീരുമാറാകണമേ. മൊറിയൊ......

**ബോവൂസൊ**

മാർ എസ്തേപ്പാനോസിനു വിരോധമായി കള്ളസാക്ഷി പറയിച്ചിട്ടും അവനെ കൊല്ലത്തക്കവണ്ണം യഹൂദപ്രമാണികൾക്കു കോപം ജ്വലിച്ച് അവർ അവന്റെ നേരെ പല്ലുകടിച്ചതു കണ്ടിട്ടും അവൻ ദൈവികധൈര്യത്തോടെ യേശുമൂലമുള്ള രക്ഷയെ പ്രസംഗിച്ചതുപോലെ കർത്താവേ! അവന്റെ പ്രാർത്ഥനമൂലം ഏവൻഗേലിയോന്റെ ശത്രുക്കളെ ഭയപ്പെടാതെ മിശിഹായുടെ നാമത്തെ പ്രസിദ്ധപ്പെടുത്തുവാനും ദൈവികധൈര്യത്തോടുകൂടെ ജീവിപ്പാനും ഞങ്ങൾക്കും ഇടയാക്കണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! മാർ എസ്തേപ്പാനോസ് വിശ്വാസവും പരിശുദ്ധ റൂഹായും നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു നോക്കിയതുപോലെ ഞങ്ങളും വിശ്വാസവും പരിശുദ്ധ റൂഹായും നിറഞ്ഞവരായി നിങ്കലേക്കു നോക്കുവാൻ യോഗ്യരായിത്തീരണമെ. ബാറെക്മോർ

അവൻ സ്വർഗ്ഗത്തിലേക്കു നോക്കിയപ്പോൾ ദൈവമഹത്വത്തെയും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശു നിൽക്കുന്നതിനെയും കണ്ടതുപോലെ ദൈവമേ! നിന്റെ മഹത്വത്തെയും നിന്റെ പുത്രനായ യേശുവിനെയും കാണുവാൻ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമെ. മൊറി...

**ബോവൂസൊ**

സർവ്വശക്തനായ ദൈവമേ! അസൂയക്കാരായ യഹൂദൻമാർ മാർ എസ്തേപ്പാനോസിനെ കൊല്ലുവാൻ കല്ലെറിഞ്ഞുകൊണ്ടിരുന്നപ്പോൾ 'കർത്താവേ! ഈ പാപം അവർക്കു നില നിർത്തരുതേ' എന്ന് അവൻ പ്രാർത്ഥിച്ചതുപോലെ ഞങ്ങൾ അവനോടു സാദൃശ്യപ്പെട്ടുകൊണ്ട് ഞങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പാനും അവർക്കുവേണ്ടി പ്രാർത്ഥിപ്പാനും അവരോടു പ്രതികാരം ചെയ്യാതിരിപ്പാനും ഞങ്ങളെ പഠിപ്പിക്കണമെ. അവന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കട്ടെ.

ഫെബ്രുവരി 2-ാം തീയതി

## കർത്താവിന്റെ ദേവാലയ പ്രവേശന (മായൽത്തൊ)പെരുന്നാളിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ശിശുവിനെപ്പോലെ ദൈവാലയത്തിലേക്കു വഹിക്കപ്പെട്ടവനായി സകലത്തിന്റെയും സ്രഷ്ടാവും നിർമ്മിതാവുമായുള്ളവനേ! നിന്റെ ഉന്നതമായ സ്വർഗ്ഗങ്ങളിൽനിന്നു



താഴ്മയോടെ ഇറങ്ങിവരികയും പാപം ഒഴികെയുള്ള മാനുഷികങ്ങളെയെല്ലാം നിന്നിൽ നിവൃത്തിയാക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. ബാറെക്മോർ.

വൃദ്ധനായ ശെമവൂൻ ജഡീകണ്ണുകളാൽ നിന്നെ കാണ്മാനായിട്ട് അവനെ ലോകത്തിൽ ജീവനോടെ കാത്തുകൊള്ളുകയും 'ഇനി നിന്റെ ദാസനെ സമാധാനത്തോടെ പിരിച്ചുവിടണമെ' എന്ന് അവൻ അപേക്ഷിച്ചതിനെ കേൾക്കയും ചെയ്തവനായ കർത്താവേ! സമാധാനത്തോടെ മരണം പ്രാപിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കിത്തീർക്കണമെ. മൊറിയോ..

**ബോവൂസൊ**

നേർച്ചകളെയും കാഴ്ചകളെയും കൈക്കൊള്ളുന്നവനായ മിശിഹാതമ്പുരാനേ! ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കാഴ്ചവയ്ക്കപ്പെടുവാൻ നീ തിരുമനസ്സായതിനാൽ എന്നന്നേക്കും നിനക്കു സ്തുതി.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! ഞങ്ങളുടെ ഹൃദയകൂടാരങ്ങളിൽ നിന്നെ കൈക്കൊള്ളുവാനും ഞങ്ങളുടെ ആന്തരിക ഭുജങ്ങളിൽ നിന്നെ വാത്സല്ലിപ്പാനും വൃദ്ധനായ ശെമഓനോടും ഹന്നായോടും കൂടെ നിന്നിൽ സന്തോഷിച്ച് ആനന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ ശുശ്രൂഷയും നമസ്ക്കാരങ്ങളും നിന്നെ അനുകൂലപ്പെടുത്തുന്നവയായിരിക്കയും ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ പാപജഡത്തെ ഉരിഞ്ഞുകൊണ്ട് ഹൃദയത്തെ കൈകൾകൂടാതെ ചേലചെയ്തു ഞങ്ങളെ പുതിയ മനുഷ്യരാക്കിത്തീർക്കണമെ. നിന്നെ സ്തോത്രം ചെയ്വാനായിട്ട് ഞങ്ങളുടെ നാവുകളെയും

അധരങ്ങളെയും കൈകൾകൂടാതെ ചേലചെയ്തു ശുദ്ധീക രിക്കണമെ. ഞങ്ങളുടെ അരകൾ മുറുക്കി വിളക്കുകൾ കത്തി ച്ചുകൊണ്ട് ഞങ്ങളുടെ പിതാക്കൻമാരോടും സഹോദരൻമാ രോടും കൂടെ നിന്നെ എതിരേല്പാൻ ഞങ്ങളെ യോഗ്യരാ ക്കിത്തീർക്കണമെ. മൊറിയൊ......

**ബോവൂസൊ**

ഞങ്ങളുടെ ജീവന്റെയും രക്ഷയുടെയും ശരണമായ കർത്താവേ! നിന്റെ സഹായങ്ങളെ ഞങ്ങളിൽനിന്ന് വിരോ ധിക്കരുതെ. വിശുദ്ധ കന്യകയിൽനിന്ന് ജനിച്ചു ദൈവാല യത്തിലേക്കു വഹിക്കപ്പെട്ടവനായ കർത്താവേ! നിന്റെ ശ്രീഭ ണ്ഡാരത്തിൽനിന്ന് ഞങ്ങളുടെ പാപബന്ധനങ്ങൾക്ക് മോചനമുണ്ടാക്കിത്തരികയും ഞങ്ങളുടെ യാചനകളെ നല്കുകയും ചെയ്യണമെ.

## മൂന്നു നോമ്പിന്റെ പ്രാർത്ഥനക്രമം

(ഞായറാഴ്ച അസ്തമിച്ചുള്ള തിങ്കളാഴ്ച സന്ധ്യക്ക് ഈ പ്രാർത്ഥന ആരംഭിക്കുന്നതാകകൊണ്ട് ഇതിനു മുമ്പായി (ഞായറാഴ്ച മാത്രം) നിത്യപ്രാർത്ഥനയിൽനിന്ന് 45-ാം വശ ത്തുള്ള ഒമ്പതാം മണിനേരത്തെ പ്രാർത്ഥന നടത്തിയതിന്റെ ശേഷം ഈ പ്രാർത്ഥന ആരംഭിക്കേണ്ടതാകുന്നു.)

### സന്ധ്യാപ്രാർത്ഥന

[1]ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു.......
ഇത്യാദി കൗമായും തികച്ചതിന്റെ ശേഷം.
കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലൊ....ഇത്യാദി 6-ാം വശത്ത്.

1. ഇവിടെ സന്ധ്യാപ്രാർത്ഥനയ്ക്കു ആരംഭവും കൗമായും ചൊല്ലണമെന്ന് പറഞ്ഞു എങ്കിലും സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പ് ഒമ്പതാംമണി നേരത്തെ പ്രാർത്ഥന നടത്തുമ്പോൾ ആരംഭം ഒമ്പതാം മണിനേരത്തെ പ്രാർത്ഥന യ്ക്കുള്ള കൗമയുടെ മുമ്പ് ചൊല്ലേണ്ടതും പിന്നീട് ഈ പ്രാർത്ഥനയ്ക്കു മുമ്പ് ആരംഭം ആവർത്തിക്കേണ്ട ആവശ്യമില്ലാത്തതും ആകുന്നു.



**എനിയോനൊ**

കർത്താവേ! നിന്റെ വാതുക്കൽ ഞങ്ങൾ മുട്ടുന്നു. നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കൃപയും കരുണയും ഞങ്ങൾ യാചിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ട് ഞങ്ങൾക്കു പാപമോചനം നൽകണമെ.

കരുണയുള്ളവനേ! നിനുവാക്കാരെപ്പോലെ നിന്നെ ഞങ്ങൾ വിളിക്കുന്നു. നിന്റെ കൃപയാൽ പാപികളായ ഞങ്ങ ളോടു കരുണചെയ്യണമെ.

കരുണനിറഞ്ഞ കർത്താവേ! ഞങ്ങളിൽനിന്ന് ശിക്ഷ കളും അരിശത്തിന്റെ വടികളും നീക്കിക്കളയണമെ. ബാറെ..

കർത്താവേ! നിന്നിൽ സങ്കേതം പ്രാപിക്കുന്ന പാപിക ളായ ഞങ്ങളെ പാപമോചനത്തിനു യോഗ്യരാക്കണമെ. ഞങ്ങളുടെ അനുതാപത്തെയും നോമ്പിനെയും നീ കൈക്കൊള്ളുകയും ചെയ്യണമെ. സ്തൗമെൻകാലോസ്...

**കോലോകൾ**

നല്ലവനും ദയവാനുമായ കർത്താവേ! എല്ലാ വിധ ത്തിലും നീ മനുഷ്യരുടെ രക്ഷയെ ആഗ്രഹിക്കുന്നുവല്ലൊ. മനുഷ്യസ്നേഹമുള്ളവനേ! നിനുവാപട്ടണം സത്യത്തിൽ നിന്നു തെറ്റി പാപത്തിനു കീഴ്പ്പെട്ടിട്ട് അതു സാത്താന് അവ കാശമായിരിപ്പാൻ നീ സമ്മതിക്കാതെ അതിനെ വഴിതെ റ്റിൽനിന്ന് തിരിപ്പിക്കയും നിന്റെ അവകാശമാക്കിത്തീർക്കു കയും ചെയ്തതുപോലെ ഞങ്ങളെ വഴിതെറ്റിൽനിന്ന് തിരി പ്പിക്കുകയും സാത്താന്റെ അടിമയിൽനിന്ന് രക്ഷിക്കയും ചെയ്യണമെ. ബാറെക്മോർ.

ചേലയില്ലാത്ത നിനുവാക്കാർ യൗനാന്റെ പ്രസംഗം കേട്ട് അനുതപിച്ചുവല്ലൊ. ഞങ്ങളോ വിശുദ്ധ പുസ്തകങ്ങൾ ഉപദേ ശിക്കുന്നതിനെ രാവും പകലും കേട്ടിട്ടും അഹങ്കാരത്തോടും ഹൃദ യകാഠിന്യത്തോടും കൂടിയിരിക്കുന്നു. ഞങ്ങളുടെ ഹൃദയത്തിനു മാർദ്ദവവും ഭയവും അനുതാപവും നൽകണമെ. മൊറി.......

**വീണ്ടും കോലോകൾ**

സകലത്തിന്റെയും ഉടയവനും കരുണയുള്ളവനും സത്യവാനുമായ ദൈവമേ! നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന ആടുകൾക്കു കൃപയും കരുണയും നൽകണമെ. നിന്റെ ആടുകൾ നിന്റെ സന്നിധിയിൽ കഴിക്കുന്ന പ്രാർത്ഥനകളെയും സ്തോത്രങ്ങളെയും കൈക്കൊള്ളുകയും ചെയ്യണമെ. ബാറെക്മോർ.

മത്സ്യത്തിന്റെ ഉള്ളിൽനിന്ന് യൗനാന്റെ പ്രാർത്ഥന കൈക്കൊള്ളുകയും നിനുവാക്കാരെ കരുണയോടെ നിന്റെ കോപത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തതുപോലെ നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്ന അടിയാരുടെ പ്രാർത്ഥനകളെ കൈക്കൊള്ളണമെ. ഞങ്ങളുടെ നോമ്പിലും നമസ്ക്കാരങ്ങളിലും നിനക്കിഷ്ടമുണ്ടായിട്ട് ഞങ്ങൾക്കു പാപമോചനം നൽകുകയും ചെയ്യണമെ. മൊറി...

**ബോവൂസൊ**

കർത്താവേ! നിനുവായിൻമേൽ നീതിയോടുകൂടി ഉണ്ടായ തീർപ്പിനെ കൃപയോടെ നീക്കിക്കളഞ്ഞതുപോലെ നിന്റെ കൃപയാൽ നിന്റെ സഭയിൽനിന്ന് വേദവിപരീതങ്ങളെയും തർക്കങ്ങളെയും നീ നീക്കിക്കളയണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ഏക ദൈവമേ! നിന്റെ ആട്ടിൻകൂട്ടമാകുന്ന ഞങ്ങളോടു കരുണചെയ്ത് ഞങ്ങളുടെ യാചനകളെ നൽകണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ ഇത്യാദി 12-ാം വശത്ത്.

(ഇതു ഞായറാഴ്ച അസ്തമിച്ചുള്ള സന്ധ്യക്കു മാത്രം ഇവിടെ ചൊല്ലിയാൽ മതി.)

ദൈവമേ! നീ പരിശുദ്ധനാകുന്നു................ഇത്യാദി കൗമാ



**സൂത്താറാ പ്രാർത്ഥന**

ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി കൗമാ

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. (കുമ്പിടുക)

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. (കുമ്പിടുക)

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. (കുമ്പിടുക)

**4-ാം മസുമൂറാ**

(കൂടി നമസ്ക്കരിക്കുമ്പോൾ ഈ മസുമൂറാ രണ്ടുപേർ മാത്രം ഓരോ നിറുത്ത് മാറി മാറി ചൊല്ലേണ്ടതാകുന്നു.)

ബാറെക്മോർ, എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമായുള്ളോവേ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോടുത്തരമരുളിച്ചെയ്തു.

ബാറെക്മോർ, എന്റെ ഞെരുക്കങ്ങളിൽ നീ എന്നെ ആശ്വസിപ്പിച്ചു. നീ എന്നോടു കരുണചെയ്ത് എന്റെ പ്രാർത്ഥനയെ കേൾക്കണമെ.

മനുഷ്യപുത്രൻമരേ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കയും വ്യർത്ഥത്തെ സ്നേഹിക്കയും വ്യാജത്തെ അന്വേഷിക്കയും ചെയ്യുന്നു. എന്നേക്കുമായിട്ടൊ.

കർത്താവ് അത്ഭുതത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ തനിക്കായിട്ട് വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ. ഞാൻ കർത്താവിനെ വിളിക്കുമ്പോൾ അവൻ കേൾക്കും.

നിങ്ങൾ കോപിപ്പിൻ. പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ പറകയും നിങ്ങളുടെ കിടക്കകളിൻമേൽ വിചാരിക്കയും ചെയ്വീൻ.

നിങ്ങൾ നീതിയുടെ ബലികളെ കഴിച്ച് കർത്താവിൽ ആശ്രയിപ്പിൻ.

നല്ലവനെ നമുക്ക് ആരു കാണിച്ചുതരുമെന്നും അവന്റെ മുഖപ്രകാശത്തെ നമ്മുടെമേൽ വിരിക്കട്ടെ എന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ! അവരുടെ ഗോതമ്പും വീഞ്ഞും എണ്ണയും ഒരുമിച്ച് സമാധാനത്തോടെ വർദ്ധിച്ച കാലത്തേക്കാൾ എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

ഞാൻ കിടന്നുറങ്ങും. എന്തെന്നാൽ കർത്താവേ! നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

(ഉയരങ്ങളിൽ ദൈവത്തിനു സ്തുതി എന്നുള്ളതും 4-ാം മസുമൂറായും ഞായറാഴ്ച അസ്തമിച്ചുള്ള സൂത്താറായ്ക്കു മതി. ഈ 4-ാം മസുമൂറായ്ക്കുശേഷം നിത്യപ്രാർത്ഥനയിൽ നിന്ന് 12-ാം വശത്തുള്ള കോലോകൾ ആദിയായത് ചൊല്ലണം.)

## പാതിരാത്രിയുടെ പ്രാർത്ഥന

### ഒന്നാം കൗമാ

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു...... ഇത്യാദി
ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ.......ഇത്യാദി 19-ാംവശത്ത്
ബാറെക്മോർ- രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ
നിൽക്കുന്നവരായി...........ഇത്യാദി 20-ാം വശത്ത്.

### എനിയോനൊ

നിനുവായുടെ പ്രാർത്ഥന കൈക്കൊണ്ട ദൈവമേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ട് ഞങ്ങളുടെ നോമ്പിൽ ഇഷ്ടപ്പെടണമെ.



എല്ലായ്പോഴും ഞങ്ങളോടു കരുണചെയ്യുന്നവനും ഞങ്ങളുടെ നാശത്തിൽ ഇഷ്ടമില്ലാത്തവനുമായ കർത്താവേ! നിനക്കു സ്തുതി.

നിനുവായോടു ദയവുചെയ്ത ദയവാനായ കർത്താവേ! നിന്റെ സഭയെ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കണമെ.

ബാറെക്മോർ.

കരുണയുള്ള പിതാവിനും ദയവാനായ പുത്രനും പുണ്യപ്പെടുത്തുന്ന റൂഹായ്ക്കും സ്തുതി. കുറിയേ.... കുറിയേ.... കുറിയേ......

### എക്ബോ

അനുതാപികൾക്കു വാതിൽ തുറക്കുന്നവനായ കർത്താവേ! നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു തുറന്നുതരണമെ. മനോഗുണവാനേ! മഹാപാപികളായ ഞങ്ങൾക്കു പാപമോചനം നൽകി ഞങ്ങളെ പുണ്യപ്പെടുത്തണമെ. കുറിയേ....കുറിയേ......കുറിയേ.....ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഇത്യാദി 22-ാം വശത്ത്.

### കോലോകൾ

കർത്താവേ! ഞങ്ങളുടെ പാപങ്ങൾ ശുദ്ധിമാൻമാർക്കു കാക്കപ്പെട്ടിരിക്കുന്നതായ ആനന്ദത്തോട്ടത്തിൽനിന്ന് ഞങ്ങളെ തടുക്കുന്ന വേലിയായിത്തീർന്നേക്കുമോ എന്നു വച്ച് ഞങ്ങൾ ഭയപ്പെടുന്നു. കർത്താവേ! നരകത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ച് നിന്റെ തിരുവുള്ളമുള്ള സ്ഥലത്ത് ഞങ്ങളെ വസിപ്പിക്കണമെ. ബാറെക്മോർ.

യേശുരാജാവേ! നിന്റെ വാതിൽ അനുതാപികളുടെ മുമ്പിൽ തുറന്നിട്ടിരിക്കുന്നതിനാൽ നിനക്കു സ്തുതി. പാപികളായ ഞങ്ങളുടെ യാചനകളെ നൽകയും നിന്റെ

നൽവരങ്ങളാൽ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യണമെ. സകല നന്മകളെയും നൽകുന്നവനേ! ഞങ്ങൾ നിനക്ക് ഇടവി ടാതെ സ്തുതിപാടുന്ന നന്ദിയുള്ളവരായിരിക്കണമെ. മൊറിയൊ......

**ബോവൂസൊ**

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ഏകദൈ വമേ! നീ ഞങ്ങൾക്കു കൂട്ടായിരിക്കണമെ. ഞങ്ങളുടെ പ്രാർത്ഥനകളെ കേൾക്കണമെ. ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ.

**രണ്ടാം കൗമാ**

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന് ഇത്യാദി കൗമാ 16-ാം വശത്ത്.

**എക്ക്ബോ**

അയ്യോ! ഞങ്ങൾക്കു കഷ്ടം! ഞങ്ങൾ നീതിമാൻമാ രുടെ ഇടയിൽ സംസർഗ്ഗം ചെയ്തിട്ടും ഗുണപ്പെട്ടില്ല. ഞങ്ങൾ അവരുടെ നല്ല നടപടികളെ പഠിക്കായ്കകൊണ്ട് അവരുടെ വിരുന്നുകളിൽ ഞങ്ങൾ അന്യൻമാരായിപ്പോയല്ലൊ. ഞങ്ങ ളുടെ ദുഷ്പ്രവൃത്തികൾ അവരുടെ നിരകളിൽനിന്ന് ഞങ്ങളെ പുറത്തു തള്ളുകയും ചെയ്യുന്നുവല്ലൊ. കുറിയേ...കുറിയേ..... കുറിയേ....ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെ യ്യണമെ.......ഇത്യാദി 22-ാം വശത്ത്.

**കോലോകൾ**

ദൈവത്തിന്റെ വാതിൽ എല്ലായ്പോഴും കരുണനിറഞ്ഞ താകുന്നുവെന്നും ആ വാതുക്കൽ മുട്ടുന്നവനു കർത്താവു തുറന്നുകൊടുക്കാതിരിക്കയില്ലെന്നും ഉള്ളതിനു തങ്ങളുടെ കണ്ണുനീരുകളാൽ പാപമോചനം പ്രാപിച്ചവരായ കള്ളനും ചുങ്കക്കാരനും പാപിയായ സ്ത്രീയും സാക്ഷികളാകുന്നുവ ല്ലൊ. ലോകരക്ഷിതാവേ! അവരെപ്പോലെ ഞങ്ങൾക്കും പാപ മോചനം നൽകണമെ. ബാറെക്മോർ.



പാപം ചെയ്തവൻ മേലാൽ പാപം ചെയ്യാതെയും പാപം ചെയ്യാത്തവൻ നല്ല കരുതലോടും ഇരിക്കേണ്ടതാകുന്നു. എന്തെന്നാൽ നീതി വാതുക്കൽ ഇരുന്നു തൂവലും കയ്യിൽ പിടിച്ചുകൊണ്ട് എല്ലാവന്റെയും പ്രവൃത്തികളെ പക്ഷപ്രതി കൂടാതെ കണക്കെഴുതുന്നു. രഹസ്യങ്ങളെ അറിയുന്നവനായ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ.

**3-ാം കൗമാ**

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന് ഇത്യാദി കൗമാ........16-ാം വശത്ത്.

**എക്ക്ബോ**

യേശുവേ! നീ ഞങ്ങൾക്കു സഹായക്കാരനായിരിക്കണമെ. യേശുവേ! നീ ഞങ്ങൾക്കു അഭയസ്ഥാനമായിരിക്കണമെ. യേശുവേ! നീ ഞങ്ങളെ ശക്തിപ്പെടുത്തണമെ. യേശുവേ! നീ ഞങ്ങളെ കാത്തുകൊള്ളണമെ. യേശുവേ! ദുഷ്ടനെ ഞങ്ങളിൽനിന്ന് നീ മാറ്റിക്കളയണമെ. യേശുവേ! ഞങ്ങളുടെ കടങ്ങളെയും പാപങ്ങളെയും നീ പരിഹരിക്കണമെ. യേശുവേ! നീ ന്യായം വിസ്തരിക്കുമ്പോൾ ഞങ്ങളോടു ദയവു ചെയ്യണമെ. കുറിയേ.....കുറിയേ....കുറിയേ.....

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ഇത്യാദി 22-ാം വശത്ത്.

**കോലോകൾ**

കർത്താവേ! നിന്റെ വാതുക്കൽ ഞങ്ങൾ മുട്ടുന്നു. നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണകളെ ഞങ്ങൾ യാചി ക്കുന്നു. ഞങ്ങൾ പാപത്തിൽ തഴമ്പിച്ച് നിന്റെ വഴിയെ വിട്ടു നടക്കുന്നു. ഞങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് അവ യിൽനിന്ന് പിൻമാറുവാനും നിന്റെ കൃപയിൽ ജീവിപ്പാനും ഞങ്ങൾക്കിടയാക്കണമെ. ബാറെക്മോർ.

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവമേ! നീ ഞങ്ങൾക്ക് ഉന്നതമായ കോട്ടയും സങ്കേതസ്ഥലവും ആയിരിക്കണമെ. ഞങ്ങളോടു യുദ്ധം ചെയ്യുന്ന ദുഷ്ടനിൽനിന്നും സൈന്യങ്ങളിൽനിന്നും നിന്റെ കരുണയുടെ ചിറകുകൊണ്ട് ഞങ്ങളെ മറച്ചുകൊള്ളണമെ. മൊറിയൊ......

**ബോവൂസൊ**

സകലവും കേൾക്കുന്നവനും പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും ആയവനേ! ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യണമെ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ. ഉഹാലേലുയ്യാ. ദൈവമേ! നിനക്കു സ്തുതി.

ഹാലേലുയ്യാ, ഉഹാലേലുയ്യാ. ഉഹാലേലുയ്യാ. ദൈവമേ! നിനക്കു സ്തുതി.

ഹാലേലുയ്യാ, ഉഹാലേലുയ്യാ. ഉഹാലേലുയ്യാ. ദൈവമേ! നിനക്കു സ്തുതി.

[1]കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ. മൊറിയൊ.....

**148, 149, 150. മസുമൂറാകളിൽനിന്ന്**

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ. ആകാശത്തിൽ നിന്നും കർത്താവിനെ സ്തുതിപ്പിൻ.... (ഇത്യാദി 32-ാം വശത്ത്)

1. മൂന്നു നോമ്പിന്റെ ബുധനാഴ്ച കുർബാനയുള്ള ദിവസം ആകകൊണ്ട് 'കുർബാനയിൽ സംബന്ധിക്കുന്ന ദിവസങ്ങളിൽ മാത്രം ചൊല്ലേണ്ടത്". എന്ന തലക്കെട്ടോടുകൂടി 26-ാം വശത്ത് 'കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ' എന്നു തുടങ്ങി 30-ാം വശത്ത്. 'കർത്താവേ! ഞങ്ങളോട് കരുണചെയ്ത് ഞങ്ങളെ സഹായിക്കണമേ' എന്നുള്ളതുവരെ ചൊല്ലിയതിന്റെ ശേഷം 'ഉറങ്ങിയവരേ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ' എന്നുള്ളതും മറ്റും ചൊല്ലേണ്ടതാകുന്നു.



ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉൺമയായതും ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു, ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

**കോലോകൾ**

കർത്താവേ! ഞങ്ങളോടു ദയവു ചെയ്യണമെ. കർത്താവേ! ഞങ്ങളോടു ദയവു ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്താൽ ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെ നീ ഞങ്ങളോടു ഓർക്കാതിരിക്കണമെ. ബാറെക്മോർ.

ദൈവമേ! നീ ഞങ്ങളെ ശിക്ഷിക്കുന്നത് കരുണയോടുകൂടി ആയിരിക്കണമെ. ക്രോധത്തിന്റെ വടി ഞങ്ങളുടെ നേരെ ഉപയോഗിക്കരുതേ. ഞങ്ങളുടെ പ്രാർത്ഥനകൾക്കു നിന്റെ വാതിൽ തുറന്നുതരണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. മൊറിയൊ...

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.

തന്റെ കരുണകളെ ഞങ്ങളിൽ നിന്ന് വിരോധിക്കാതിരിക്കുന്ന നല്ലവനേ! ഞങ്ങളുടെ പ്രാർത്ഥനയ്ക്കു നീ വാതിൽ തുറന്നുതരണമെ. ഞങ്ങളുടെ അപേക്ഷയെ ചെവികൊടുത്ത് കേട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകളെ നൽകണമെ.

നല്ലവനും ദയവാനുമായ കർത്താവേ! നിന്നെപ്പോലെ ഞങ്ങൾക്കാരുണ്ട്. ഞങ്ങൾ പാപം ചെയ്യുമ്പോൾ നീ ദീർഘക്ഷമയോടിരിക്കുന്നു. ഞങ്ങൾ നിന്റെ അടുക്കലേക്കു തിരിയുമ്പോൾ നീ സന്തോഷിക്കുന്നു.

പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകളെ നൽകുന്നവനും ആയുള്ളവനേ! ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടു നിരപ്പായി കരുണയോടെ ഞങ്ങളുടെ യാചനകളെ നൽകണമേ.

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ......ഇത്യാദി 32-ാം വശത്ത്.
ഞങ്ങളുടെ കർത്താവായ യേശുമിശിഹാ.......ഇത്യാദി 34-ാം വശത്ത്.
ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി കൗമാ.

## പ്രഭാത പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു........ ഇത്യാദി കൗമ
ദൈവമേ! നിന്റെ കൃപയിൻപ്രകാരം .......... ഇത്യാദി 4-ാം വശത്ത്.

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ. മൊറിയൊ........

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു........ (ഇത്യാദി 34-ാം വശത്ത്.)

**എനിയോനൊ**

നിനുവാക്കാരുടെ അനുതാപം ലോകത്തിനു ഒരു മാതൃകയായിത്തീരുകയും അതിനാൽ ദൈവം അവരോടു നിരപ്പാകുകയും ചെയ്തതുപോലെ കർത്താവേ! ശിക്ഷാവിധിയെ ഞങ്ങളിൽനിന്ന് നീക്കിക്കളയുകയും വീണുപോകാതെ കരുണയോടെ ഞങ്ങളെ താങ്ങുകയും ചെയ്യണമെ.

സഹോദരൻമാരേ! നാമെല്ലാവരും നിനുവാക്കാരോടു സാദൃശ്യപ്പെടുകയും അവരെപ്പോലെ കരുണ പ്രാപിപ്പാൻ യോഗ്യരായിത്തീരുകയും ചെയ്യേണ്ടിയിരിക്കുന്നു.

പാപികളെ പുണ്യപ്പെടുത്തുന്നവനും അനുതാപികളെ കൈക്കൊള്ളുന്നവനുമായ കർത്താവേ! ഞങ്ങളുടെ പാപങ്ങളെ പരിഹരിച്ച് മോചിപ്പിക്കണമെ. ബാറെക്മോർ.



കർത്താവേ! നിന്റെ കൃപയാൽ നിനുവാക്കാരുടേതുപോലെ ഞങ്ങളുടെ അനുതാപത്തെ കൈക്കൊള്ളണമെ. നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് നിന്റെ രക്ഷ ഞങ്ങൾക്കു കാണിച്ചുതരികയും ചെയ്യണമെ. കുറിയേ.......

**19-ാം മസുമൂറാ**

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല. വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന്റെ മേൽ അവന്റെ കൂടാരം അടിച്ചു. അതു തന്റെ മണവറയിൽനിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും ആകാശത്തിന്റെ അറുതികളിൻമേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ആവിയിൽനിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിന്റെ വേദപ്രമാണം കറയില്ലാത്തതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതുമാകുന്നു. കർത്താവിന്റെ വേദപ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയുമാകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതുമാകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതുമാകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തെക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല, നിന്റെ ദാസൻ അവയാൽ സൂക്ഷ്മമാക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടൻമാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്നു ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽനിന്ന് നിന്റെ ദാസനെ തടുക്കണമെ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമെ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

നല്ലവനും ദയവാനും ആയവനേ! നിനുവാക്കാർക്കെന്ന പോലെ നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കും തുറന്നുതരികയും നിന്റെ കൈ ഞങ്ങൾക്കും നീട്ടിത്തരികയും ചെയ്യണമെ.

കരുണ നിറഞ്ഞ കർത്താവേ! നിന്റെ വാതിൽക്കൽ മുട്ടുന്ന സകല പാപികളെയും മോചനത്തിനു യോഗ്യരാക്കണമെ.

പാപികളെ അനുതാപത്തിലേക്കു വിളിപ്പാനായിട്ട് വന്നവനായ മിശിഹാ! നിന്റെ സത്യവഴിയിലേക്കു ഞങ്ങളെ തിരിപ്പിക്കണമെ. ബാറെക്മോർ.



കർത്താവേ! നിനുവാക്കാരുടെ നോമ്പു മൂലം നിന്റെ ക്രോധത്തെ അവരിൽനിന്ന് നീക്കുകയും അവരോടു നിരപ്പാകുകയും ചെയ്തതുപോലെ ഞങ്ങളിൽനിന്ന് നിന്റെ ക്രോധത്തെ നീക്കിക്കളഞ്ഞ് ഞങ്ങളോടു നിരപ്പാകണമെ. കുറി......

**ഏശായാ 42: 10 മുതൽ 13 വരെയും 55 ൽ 8-ാം വാക്യവും.**

കർത്താവിനു ഒരു പുതിയ പാട്ടിനെയും അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവീൻ. സമുദ്രത്തിലേക്കു ഇറങ്ങിപ്പോകുന്നവരും അതിലുള്ള സകലവും ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ! കർത്താവിനു പാടുവീൻ!

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കുകയും അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വൈരാഗ്യത്തെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ! മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവു ഞാനാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

നിനുവാക്കാരെ അനുതാപം പഠിപ്പിപ്പാനായിട്ടു യൗനാനെ അവരുടെ അടുക്കലേക്കയച്ചവനായ ദൈവമേ! പാപങ്ങളുടെ അഗാധത്തിൽനിന്ന് കയറി രക്ഷപ്പെടുവാൻ അനുതാപമുള്ള ഹൃദയം ഞങ്ങൾക്കു തരണമെ.

തന്നോടപേക്ഷിച്ച നിനുവാക്കാരോടു വളരെ കരുണ ചെയ്തവനായ ദൈവമേ! ഞങ്ങളുടെമേൽ നിന്റെ കൃപ വർദ്ധിപ്പിച്ച് ഞങ്ങൾക്കു പാപപരിഹാരം നൽകണമെ.

കർത്താവേ! പാപികളായ നിന്റെ അടിയാരെ നീ തള്ളിക്കളയരുതേ. നിന്റെ ശരീരവും രക്തവും ഞങ്ങളിൽ കലർന്നിരിക്കുന്നതുകൊണ്ട് ഞങ്ങളോടു ദയവു ചെയ്യണമെ. ബാറെ......

നിനുവാക്കാരിൽനിന്ന് ഭയങ്കരമായ തീർപ്പിനെ നീക്കിക്കളഞ്ഞവനായ കർത്താവേ! നിന്റെ വിലയേറിയ രക്തത്താൽ രക്ഷിക്കപ്പെട്ടവരായ നിന്റെ അടിയാരിൽനിന്ന് നിന്റെ കോപത്തെ നീക്കിക്കളയണമെ. ആമ്മീൻ.

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി.....ഇത്യാദി 36-ാം വശത്ത്.

അവന്റെ സകല ദൂതൻമാരേ........ഇത്യാദി 37-ാംവശത്ത്.

**എക്ക്ബൊ**

കർത്താവും രക്ഷിതാവുമായ മിശിഹാ! പിശാചുക്കളുടെ വഞ്ചനയിൽനിന്നും ദുഷ്ടസൈന്യങ്ങളിൽനിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കണമെ. ഞങ്ങൾ നിന്റെ അടിയാരാകുന്നു. ഞങ്ങളെല്ലാവരും നിന്റെ തൃക്കൈകളിൽ ഇരിക്കുന്നു. നിന്റെ കരുണകൾക്കു ഞങ്ങൾ കാത്തിരിക്കുന്നു, നിന്നെ കൂടാതെ ഞങ്ങൾക്കു വേറെ ആശ്രയമില്ല. സ്തൗമെൻ......

**കോലോകൾ**

കർത്താവേ! നിനുവാപട്ടണം മുഴുവനും ഏകശബ്ദത്തോടെ നിന്റെ തിരുമുമ്പാകെ കണ്ണീരുകളെ ഒഴുക്കി നിലവിളിച്ചപ്പോൾ നീ അവരുടെ നിലവിളിയും ഉപവാസവും കൈക്കൊണ്ട് ക്രോധത്തിന്റെ ശിക്ഷാവിധിയെ അവരിൽനിന്ന് നീക്കിക്കളഞ്ഞതുപോലെ നിന്റെ മുമ്പാകെ നിലവിളിക്കുന്ന ഞങ്ങളുടെ ഉപവാസവും പ്രാർത്ഥനയും കണ്ണുനീരും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ. ബാറെ...



കർത്താവേ! നിന്റെ ആട്ടിൻകൂട്ടം നിനുവാക്കാരെപ്പോലെ നിന്നെ വിളിക്കുന്നു. അവരുടെ അപേക്ഷ കൈക്കൊള്ളണമെ. ഞങ്ങളുടെ വീഴ്ചയ്ക്ക് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന സാത്താൻ സന്തോഷിക്കാതിരിപ്പാനായിട്ട് ഞങ്ങളുടെ മേൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ശിക്ഷാവിധിയെ കരുണയോടെ ഞങ്ങളിൽനിന്ന് നീക്കണമെ.

**വീണ്ടും കോലോകൾ**

കർത്താവേ! നിനുവാക്കാർ തങ്ങളുടെ കണ്ണുനീരുകളാൽ എഴുതപ്പെട്ട സങ്കടത്തെ നിന്റെ സന്നിധിയിൽ സമർപ്പിച്ചപ്പോൾ നീ അവർക്ക് സങ്കടനിവൃത്തിവരുത്തിക്കൊടുത്തതുപോലെ ഞങ്ങളുടെ സങ്കടവും കേട്ട് സകല ഉപദ്രവങ്ങളും ഞങ്ങളിൽനിന്ന് മാറ്റിത്തരണമെ. ബാറെക്മോർ.

നിനുവാക്കാർ നാൽപ്പതുദിവസം നോമ്പ് നിശ്ചയിച്ച് ചാക്കുശീലയും ധരിച്ച് ദൈവത്തിന്റെ വാതുക്കൽ കിടന്നുകൊണ്ട് അനുകൂലശബ്ദം കിട്ടുവോളം അടങ്ങാതെ നിലവിളിച്ചു. അവരുടെ സങ്കടംകേട്ട് അവരോടു കരുണചെയ്ത കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയൊ.......

**ബോവൂസൊ**

നിനുവായിലെ വൃദ്ധൻമാർ ചാക്കുശീല ധരിച്ചുകൊണ്ട് നിലത്തിരുന്നു. യൗവ്വനക്കാർ ചാരത്തിലും കണ്ണുനീരിലും കിടന്നുരുണ്ടു. ശിശുക്കൾക്കും പൈതങ്ങൾക്കും അവർ മുലകൊടുക്കുകപോലും ചെയ്തില്ല. മണവാളൻമാരും മണവാട്ടിമാരും അലങ്കാരങ്ങളെയും ആഭരണങ്ങളെയും നീക്കിക്കൊണ്ട് കരഞ്ഞ് കണ്ണുനീരൊലിപ്പിച്ചു. സ്ത്രീകൾ തങ്ങളുടെ വാത്സല്യമക്കളെക്കുറിച്ച് അലറിക്കരഞ്ഞു. മൃഗങ്ങൾ പുല്ലുകിട്ടായ്കകൊണ്ട് സങ്കടശബ്ദം പുറപ്പെടുവിക്കയും ചെയ്തു.

വൃദ്ധൻമാരും പൈതങ്ങളും ധനവാൻമാരും ദരിദ്രൻമാരും രാജാവും പ്രഭുക്കൻമാരും സങ്കടമേറിയ ശബ്ദത്തോടെ ഒരുമിച്ച് നിലവിളിച്ചു. അവരുടെ കണ്ണുനീരുകളാൽ അവരുടെ മുഖങ്ങൾ നനഞ്ഞപ്പോൾ കർത്താവിൽനിന്നും കരുണകൾ ഒഴുകി അവരുടെ ആത്മാക്കളെ ആശ്വസിപ്പിച്ചു. സഹോദരന്മാരേ! നാമെല്ലാവർക്കും കരുണയും പാപമോചനവും ലഭിപ്പാനായിട്ട് അവരോടു സാദൃശ്യപ്പെടേണ്ടിയിരിക്കുന്നു. അവരുടെ ഉപവാസത്തെയും പ്രാർത്ഥനകളെയും കണ്ണുനീരുകളെയും കൈക്കൊണ്ട് അവരിൽനിന്ന് ക്രോധത്തെ നീക്കിക്കളഞ്ഞവനായ ത്രിയേക ദൈവത്തിനു സ്തുതി. അവന്റെ കരുണ എല്ലായ്പോഴും നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

### പ്രഭാതകാലത്തെ പ്രാർത്ഥനാസ്തുതി

സകലത്തിന്റെയും ഉടയവനായ കർത്താവേ! ഈ ദിവസത്തിൽ പാപമലിനതകൾ കൂടാതെ നീതിയിൽ ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ കർത്താവേ! നീ എന്നേക്കും വാഴ്ത്തപ്പെട്ടവനും പുകഴ്ത്തപ്പെട്ടവനും തിരുനാമ മഹത്വത്തോടുകൂടിയിരിക്കുന്നവനും ആകുന്നു. ആമ്മീൻ.

കർത്താവേ! ഞങ്ങളുടെ ശരണം നിന്റെ മേൽ ഇരിക്കുന്നതുപോലെ നിന്റെ കൃപയും കരുണയും ഞങ്ങളുടെ മേൽ ഇരിക്കണമെ. കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കല്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കയും കാണിക്കയും ചെയ്യണമെ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ കൃപയാൽ നിന്റെ വേദപ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമെ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ! നിന്റെ പ്രകാശങ്ങളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. നിന്റെ കരുണ എന്നേക്കും ഞങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ.



കർത്താവേ! നിന്റെ കൈവേലയെ നീ നിരസിച്ചു തള്ളിക്കളയരുതേ. നിനക്കു സ്തുതി യോഗ്യമാകുന്നു. നിനക്കു സ്തുതി ചേർച്ചയാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളവനേ! എന്നേക്കും നിനക്കു മഹത്വം യുക്തമാകുന്നു. ആമ്മീൻ.

കർത്താവേ! നിനക്കു സ്തോത്രം ചെയ്യുന്നതും.......ഇത്യാദി 44-ാം വശത്ത്.
ദൈവമേ! നീ പരിശുദ്ധനാകുന്നു .........ഇത്യാദി കൗമാ.

## മൂന്നാം മണി നേരത്തെ പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി കൗമാ

### കോലോകൾ

കർത്താവിന്റെ ക്രോധത്തിന്റെ കാരണം അകൃത്യം തന്നെയെന്ന് നിനുവായിലെ രാജാവ് മനസ്സിലാക്കിയതുകൊണ്ട് അവൻ ബദ്ധപ്പെട്ട് നോമ്പിൽ സങ്കേതം പ്രാപിച്ചു. അതിനാൽ ക്രോധത്തിന്റെ കാരണവും ക്രോധവും നീങ്ങുകയും കർത്താവ് അനുകൂലപ്പെടുകയും ചെയ്തു. ബാറെ....

കരുണയോടുകൂടി ശിക്ഷാവിധിയെ പിൻവലിച്ചവനായ ദൈവത്തെ നിനുവാക്കാർ ഹൃദയപൂർവ്വം സ്തുതിച്ചു. കോട്ട മുഴുവനും ദിവസേന പരിഭ്രമിച്ചുകൊണ്ടിരുന്നതിനാൽ കർത്താവിന്റെ സന്നിധിയിൽ അവർ പാപങ്ങളെ ഏറ്റുപറഞ്ഞു. അവരുടെ അപേക്ഷ കൈക്കൊണ്ടവനായ ദൈവത്തെ അവരെല്ലാവരും മഹത്വപ്പെടുത്തി. മൊറിയൊ.......

### ബോവൂസൊ

നിനുവാക്കാർ കുഞ്ഞുങ്ങളെ മുലകുടിപ്പിക്കാതെയും മൃഗങ്ങൾക്കു ഭക്ഷണം കൊടുക്കാതെയും സുഗന്ധവർഗ്ഗങ്ങൾക്കു പകരം വെണ്ണീറും നല്ല വസ്ത്രങ്ങൾക്കു പകരം ചാക്കുശീലയും ധരിച്ചുകൊണ്ടും രാജാവും പ്രജകളും ഒരു

മിച്ച് സത്യഹൃദയത്തോടെ അനുതപിച്ച് ഉപവസിച്ച് പ്രാർത്ഥിച്ചപ്പോൾ അവരെ കൈക്കൊണ്ടവനായ ദൈവമേ! നീ കരുണയുടെ കടലും കരുണ നിറഞ്ഞവനുമാകുന്നുവല്ലൊ. പാപികളോടുള്ള നിന്റെ ശിക്ഷയും കരുണയോടുകൂടിയതാണല്ലോ. മനസ്സലിവും അനുതാപവും നിനക്കു സന്തോഷമുള്ളതും കണ്ണുനീരുകൾ നിങ്കൽ അംഗീകരിക്കപ്പെട്ടതുമാണല്ലൊ. കർത്താവേ! നിന്റെ സന്നിധിയിൽനിന്നുകൊണ്ട് പ്രാർത്ഥിക്കുന്നവരായ ഞങ്ങളോടു ദയവുചെയ്യണമെ. ഞങ്ങളെല്ലാവരെയും നീ കാത്തുകൊള്ളണമെ. ഞങ്ങളുടെ നോമ്പും നമസ്ക്കാരങ്ങളും കൈക്കൊണ്ട് ഞങ്ങൾക്കു പാപമോചനം നൽകുകയും ചെയ്യണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി കൗമാ.

## മദ്ധ്യാഹ്നപ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു...... ഇത്യാദി കൗമ

**കോലോകൾ**

തന്നോടു പ്രാർത്ഥിച്ച നിനുവാക്കാരുടെ കണ്ണുനീരുകളെ കൈക്കൊണ്ടവനായ ദൈവമേ! ഞങ്ങളെല്ലാവരുടെയും പ്രാർത്ഥനകളെ കൈക്കൊള്ളണമെ. ദൈവമേ! നീ അവരോട് ഉത്തരമരുളിച്ചെയ്തതുപോലെ നിന്റെ കൃപയാൽ പാപികളായ ഞങ്ങളോടും ഉത്തരമരുളിച്ചെയ്യണമെ. നല്ലവനും അനുതാപികളെ കൈക്കൊള്ളുന്നവനും നീ മാത്രമാകയാൽ നിന്റെ കരുണമൂലം ഞങ്ങളോടു ദയവുചെയ്യണമെ. ബാറെക്മോർ.

മക്കൾ കരഞ്ഞു കണ്ണുനീരൊലിപ്പിച്ചുകൊണ്ട് എപ്പോൾ മരിക്കുമെന്ന് പറവാൻ അവരുടെ പിതാക്കൻമാരോട് അപേക്ഷിച്ചപ്പോൾ പിതാക്കൻമാർ അതുകേട്ട് മക്കളെക്കുറിച്ച് മഹാസങ്കടത്തോടെ നിലവിളിച്ചു. അവരുടെ സങ്കടങ്ങളെയും



നെടുവീർപ്പുകളെയും കേട്ട് അവർക്കു രക്ഷ നൽകിയ കർത്താവേ! നിന്റെ കോപത്താൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. നിന്റെ തൃക്കൈകൾകൊണ്ട് മനഞ്ഞുണ്ടാക്കപ്പെട്ടവരായ ഞങ്ങളോടു കരുണയുണ്ടാകണമെ. മൊറിയോ....

**ബോവൂസൊ**

ഞങ്ങളുടെ വർഗ്ഗത്തിൻമേൽ തന്റെ കരുണകളെ ചൊരിയുന്നവനായി കരുണയുടെ കടലായ കർത്താവേ! നിന്റെ തിരുവിലാവിൽനിന്ന് ഒഴുകിയ രക്തത്താൽ നിന്റെ ആട്ടിൻകൂട്ടത്തിന്റെ അകൃത്യങ്ങൾക്കു പരിഹാരമുണ്ടാക്കണമെ. മൊറി...

ദൈവമേ! നീ പരിശുദ്ധനാകുന്നു.....ഇത്യാദി കൗമാ.

## ഒൻപതാംമണിനേരത്തെ പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു.............ഇത്യാദി കൗമ

**കോലോകൾ**

പ്രാർത്ഥിപ്പാനായിട്ട് ദേവാലയത്തിലേക്കു വരുന്നവൻ തന്റെ ആത്മാവിനെയും ശരീരത്തെയും ദുർവിചാരങ്ങളിൽനിന്ന് വെടിപ്പാക്കണം. അപ്പോൾ കർത്താവ് അവന്റെ പ്രാർത്ഥനകളും അപേക്ഷകളും കേൾക്കും. വിധിയുടെ നാളിൽ അവനു കരുണ ലഭിക്കുകയും ചെയ്യും ബാറെ.....

എല്ലാവനും അവനവന്റെ കണ്ണുനീരുകളാൽ അവനവന്റെ വസ്ത്രത്തെ വെളുപ്പിക്കണം. എന്തെന്നാൽ ദൈവപുത്രന്റെ വരവു സമീപിച്ചിരിക്കുന്നു. ശ്ലീഹാ സാക്ഷിക്കുന്നതുപോലെ ലോകാവസാനം വാതുക്കൽ നിൽക്കുന്നു. ന്യായവിധിയിൽ കരുണ പ്രാപിക്കുന്നവൻ ഭാഗ്യവാൻ. മൊറിയൊ.....

**ബോവൂസൊ**

ഉത്തമനും ദയവാനുമായുള്ളോവേ! നിന്റെ കരുണയുടെ പതിവിൻപ്രകാരം കൃപയോടെ ഞങ്ങളോട് ഉത്തരമരുളിച്ചെയ്യണമെ. ഞങ്ങളുടെ പാപങ്ങളുടെ അധികത്വം നിമിത്തം നിന്റെ ഉഗ്രകോപം ഞങ്ങളെ നശിപ്പിക്കരുതെ. ഞങ്ങളുടെ ബലഹീനവർഗ്ഗത്തിനുവേണ്ടി കഷ്ടതയും കുരിശുമരണവും സഹിപ്പാൻ നിന്നെ നിർബന്ധിച്ചതായ കരുണകൾ ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുമാറാകണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു..... ഇത്യാദി കൗമാ

മൂന്നുനോമ്പിന്റെ പ്രാർത്ഥനക്രമം സമാപ്തി.

## മൂന്നുനോമ്പിന്റെ ശേഷം ഒന്നാമതു വരുന്നതായ പട്ടക്കാരുടെ ഞായറാഴ്ച

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! കരുണയോടുകൂടിയ നിന്റെ കല്പനകളെ ആചരിക്കയും എല്ലാറ്റിനെയുംകാൾ അധികം നിന്റെ വാത്സല്യത്തെ സമ്പാദിക്കയും ചെയ്തവരായ ആചാര്യൻമാർക്കു സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മ നൽകണമെ. നിന്റെ രാജ്യത്തിലെ വിരുന്നിൽ അവരെ പങ്കുകാരാക്കണമെ. അവരുടെ ജീവകാലത്തും മരണസമയത്തും തങ്ങളുടെ ആത്മാക്കളെ നിങ്കലേക്ക് ഏല്പിച്ചിരിക്കയാൽ നിന്റെ ശ്രേഷ്ഠത വെളിപ്പെടുന്ന ദിവസത്തിൽ അവരെ മഹത്വം ധരിപ്പിക്കയും ചെയ്യണമെ. ബാറെക്മോർ.

രാജാധിരാജനും കിരീടങ്ങളെ നിർമ്മിക്കുന്നവനുമായവനേ! നീ ഞങ്ങൾക്കുവേണ്ടി മുൾക്കിരീടം ധരിക്കുകയും കുരിശുമരണത്തിനു നിന്നെത്തന്നെ ഏല്പിക്കുകയും ചെയ്തുവല്ലൊ. അതിലേക്കു നിന്നെ നിർബന്ധിച്ചതായ മഹാകരുണമൂലം നിന്റെ ആചാര്യൻമാരുടെ പ്രയാസങ്ങൾക്കും



വലച്ചിലുകൾക്കും അവസാനനാളിൽ മഹത്വത്തിന്റെ കിരീടം അവർക്കു കൊടുക്കുകയും നിന്റെ വലത്തുഭാഗത്ത് അവരെ നിറുത്തുകയും ചെയ്യണമെ. താൽപ്പര്യമുള്ള വേലക്കാർക്കു നീ നല്ല പ്രതിഫലം കൊടുക്കുന്ന സമയത്ത് അവരെ സ്വർഗ്ഗരാജ്യത്തിൽ പ്രകാശത്തിന്റെ മണവറയിൽ പ്രവേശിപ്പിച്ച് സന്തോഷിപ്പിക്കയും ചെയ്യണമെ. മൊറിയൊ...

**ബോവൂസൊ**

കർത്താവേ! ഈ ലോകത്തിൽനിന്ന് ഞങ്ങളെ വിട്ടുപോയവരായ സകല ആചാര്യൻമാരും ശോഭയുള്ള ആചാര്യനായ അഹറോനോടു കൂടെയും അബ്രഹാമിന്റെ മടിയിലും ആനന്ദിക്കുമാറാകണമെ. നിന്റെ സന്നിധിയിൽ ശുശ്രൂഷിച്ചവരായ സകല ആചാര്യൻമാരും തങ്ങൾക്കു ലഭിച്ച വരമാകുന്ന ദ്രവ്യത്തെ അവസാനനാളിൽ ലാഭത്തോടുകൂടി നിന്റെ സന്നിധിയിൽ കൊണ്ടുവരികയും ചെയ്യുമാറാകണമെ.

### പ്രഭാതപ്രാർത്ഥനയിൽചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! ജീവിച്ചിരിക്കുമ്പോൾ നിന്റെ നുകത്തെ വഹിക്കുകയും നിന്റെ സത്യത്തെ സ്നേഹിക്കുകയും ആയുഷ്ക്കാലമെല്ലാം ശുദ്ധസ്ഥലത്ത് അദ്ധ്വാനിക്കയും ചെയ്തവരായ ആചാര്യൻമാർ പുനരുത്ഥാനത്തിങ്കൽ മുഖപ്രസാദത്തോടുകൂടെ നിന്നെ കാണുകയും നിന്റെ മണവറയിൽ ആനന്ദിക്കുകയും ചെയ്യുമാറാകണമെ. ബാറെക്മോർ.

കർത്താവേ! പിതാക്കൻമാരെയും മക്കളെയും കുടുംബത്തെയും ഉപേക്ഷിച്ച് എന്റെ പിന്നാലെ വരുന്നവൻ നിത്യജീവനെ അവകാശപ്പെടുത്തുമെന്ന് നീ കല്പിച്ചിട്ടുണ്ടല്ലൊ. നിനക്കു ശുശ്രൂഷ ചെയ്തവരായ ആചാര്യൻമാർ നിന്റെ പിന്നാലെ വന്നവരാകയാൽ അവരുടെ പ്രയത്നങ്ങളെ ഓർത്ത് അവർക്കു നിത്യജീവനിൽ അവകാശം കൊടുക്കണമെ. മൊറിയൊ.......

**ബോവൂസൊ**

സ്വർഗ്ഗീയരാജാവേ! നിനക്കു ശുശ്രൂഷ ചെയ്തവരായ ആചാര്യൻമാരെ സ്വർഗ്ഗത്തിൽ ആദ്യജാതൻമാരുടെ സംഘത്തിലും നീതിമാൻമാരുടെ ഇടയിലും വസിപ്പിപ്പാൻ കൃപയുണ്ടാകണമെ. നീ വാഗ്ദത്തം ചെയ്തിരിക്കുന്നപ്രകാരം സന്തോഷങ്ങളുടെ മണവറയിൽ നിന്നോടുകൂടെ അവരെ ആനന്ദിപ്പിക്കയും ചെയ്യണമെ. അവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടും കൃപചെയ്യണമെ.

## മൂന്നുനോമ്പിന്റെ ശേഷം രണ്ടാമതുവരുന്നതായ മരിച്ചവരുടെ ഞായറാഴ്ച

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ദൈവമേ! മരിച്ചവർക്കു നല്ല ആശാബന്ധം നീ ഉണ്ടാക്കണമെ. നീ മഹത്വത്തോടെ ഉദിക്കുമ്പോൾ അവർ നിന്റെ കൂടെ മണവറയിലേക്കു പ്രവേശിക്കുമാറാകണമെ. കരുണയുള്ളവനേ! നിന്റെ ദാസരെ കരുണകൂടാതെ ശിക്ഷയ്ക്കു വിധിക്കരുതെ. നിന്റെ മുമ്പാകെ കുറ്റമില്ലാത്തവനില്ലല്ലൊ. മരിച്ചുപോയവർ അനുഭവിച്ചിട്ടുള്ള നിന്റെ ശരീരത്തെയും രക്തത്തെയും ഓർത്ത് അവസാനനാളിൽ അവർക്കു പാപമോചനം നൽകണമെ. ബാറെക്മോർ.

ജഡത്തിൽ മരണം അനുഭവിക്കുകയും പാതാളത്തിലേക്കു ഇറങ്ങിച്ചെന്ന് അവിടെയുള്ള ആത്മാക്കളോട് ഏവൻഗേലിയോൻ പ്രസംഗിക്കുകയും ചെയ്തവനായ മിശിഹാതമ്പുരാനേ! വഴിയാത്രക്കാരെപ്പോലെയും പരദേശികളെപ്പോലെയും ഈ ഭൂമിയിൽ പരദേശവാസം ചെയ്തു ഞങ്ങളിൽനിന്ന് വേർപ്പെട്ടുപോയിരിക്കുന്നവരായ നിന്റെ ദാസർ സ്വർഗ്ഗരാജ്യത്തിൽ നിന്റെ പരിശുദ്ധൻമാരോടു കൂടെ ആനന്ദിക്കുമാറാകണമെ.



**ബോവൂസൊ**

കർത്താവേ! നിന്റെ ശരണത്തിൻമേൽ നിദ്രപ്രാപിച്ച് തങ്ങളുടെ പരദേശവാസം അവസാനിപ്പിച്ചവരായ ഞങ്ങളുടെ പിതാക്കന്മാരെയും സഹോദരങ്ങളെയും നിന്റെ ഇഷ്ടപ്രകാരം ജീവിച്ച് നിന്നെ പ്രസാദിപ്പിച്ചവരോടു കൂടെ ആനന്ദിപ്പാൻ യോഗ്യരാക്കിത്തീർക്കണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

നിന്റെ കല്പനയാൽ മരണം പ്രാപിച്ച് ഈ ലോക ആയുസ്സിൽനിന്ന് വേർപെട്ടവരായ നിന്റെ ദാസർ അവിടെ ദുരിതം അനുഭവിക്കാതെയും അഗ്നിനരകം കാണാതെയും പരമാനന്ദത്തിൽ വസിച്ച് നിനക്കു സ്തുതിപാടുമാറാകണമെ. ബാറെക്മോർ.

നിന്റെ ദാസരിൽനിന്ന് കഠിനമായ ദുഷ്ക്കർമ്മങ്ങളെയെല്ലാം നീ നീക്കിക്കളയണമെ. അഗ്നിനരകം അവരോട് അടുക്കുമാറാകരുതെ. പുഴു അവരെ തൊടുവാനിടയാകരുതെ. നിന്റെ നൻമകൾ കൊണ്ട് അവർ തൃപ്തിപ്പെടുമാറാകണമെ. നീ അവർക്ക് ആശാബന്ധവും ആശ്വാസവും ആയിരിക്കയും ചെയ്യണമെ. മൊറിയൊ.......

**ബോവൂസൊ**

കരുണയും കൃപയുമാകുന്ന പനിനീർ നിന്റെ ദാസരുടെമേൽ നീ തളിക്കണമേ. നീ മഹത്വത്തോടെ എഴുന്നള്ളുന്ന സമയത്ത് നിന്റെ വലത്തുഭാഗത്ത് നില്പാൻ അവരെ യോഗ്യരാക്കണമെ. അബ്രഹാമിന്റെയും ഇസഹാക്കിന്റെയും മടിയിൽ അവരെ നീ വസിപ്പിക്കണമെ. നിന്റെ കരുണകൾക്കു വേണ്ടി അവർ നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ.

## വലിയനോമ്പിന്റെ പേത്തുർത്തൊ എന്നു പറയുന്ന കൊത്ത്നെ ഞായറാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

ഭൂവാസികളുടെ കല്യാണവിരുന്നിലേക്കു ഇറങ്ങിവന്ന് വെള്ളത്തെ വീഞ്ഞാക്കിത്തീർക്കുകയും ആ അത്ഭുതത്താൽ മണവാളനെയും വിരുന്നുകാരെയും സന്തോഷിപ്പിക്കയും ചെയ്തവനായ കർത്താവേ! നിന്റെ സഭയെ സന്തോഷിപ്പിക്കണമെ. സഭയുടെ പ്രജകളെ നീ തൃക്കൈനീട്ടി വാഴ്ത്തണമെ. നിന്റെ തിരുവിഷ്ടം ചെയ്യത്തക്കവണ്ണം ഞങ്ങളെ തിൻമകളിൽനിന്ന് നൻമകളിലേക്കു മാറ്റി ഒരു പുതിയ സൃഷ്ടിയാക്കിത്തീർക്കുകയും ചെയ്യണമെ. ബാറക്മോർ.

കൊത്ത്നെ പട്ടണത്തിലെ കല്യാണത്തിനു കൃപയോടെ ഇറങ്ങിച്ചെന്നവനായ കർത്താവേ! നിന്റെ അളവില്ലാത്ത കൃപയാൽ ഞങ്ങളുടെ നമസ്ക്കാരങ്ങളെ കൈക്കൊണ്ട് ഞങ്ങളോടു നിരപ്പാകണമെ. ഞങ്ങൾ നിന്നെ എത്ര വളരെ കോപിപ്പിച്ചിരിക്കുന്നു. നീ വെള്ളത്തെ നല്ല വീഞ്ഞാക്കിത്തീർത്തതുപോലെ ഞങ്ങളെ നിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരാക്കിത്തീർക്കണമെ. ദൈവികധനത്തിൽ ദരിദ്രരായിരിക്കുന്ന ഞങ്ങളെ നീ ഐശ്വര്യമുള്ളവരാക്കിത്തീർക്കണമെ. മൊറിയൊ.......

### ബോവൂസൊ

ഈ ലോകവും അതിന്റെ മോദങ്ങളും അഴിഞ്ഞുപോകുന്നതാണെന്നുള്ള വിചാരം കൂടാതെ അതിഭക്ഷണത്തിലും ലഹരിയിലും മുങ്ങിക്കിടക്കുന്ന ഞങ്ങളെ അഗാധക്കുഴിയിൽ നിന്നു കയറ്റി നൻമകളിലേക്കു തിരിപ്പിക്കയും പാപമോചനം നൽകുകയും ചെയ്യണമെ.



## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

തിരുവചനത്താൽ വെള്ളത്തെ വീഞ്ഞാക്കിയ ദൈവപുത്രാ! നിന്റെ ഉപദേശങ്ങളുടെ നല്ല വീഞ്ഞു കുടിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ സ്നേഹമെന്ന വീഞ്ഞ് ഞങ്ങൾക്കു പകർന്നുതന്ന് ഞങ്ങളെ ആനന്ദിപ്പിക്കണമെ. അഴിഞ്ഞുപോകുന്നതായ ലോകവിരുന്നിൽ സംബന്ധിച്ചവനായ കർത്താവേ! സ്വർഗ്ഗരാജ്യത്തിലെ വിരുന്നിൽ റൂഹായ്ക്കടുത്ത മേശയിൽ ഞങ്ങളെ ഇരുത്തണമേ. ബാറെക്മോർ.

സകലവും പ്രവർത്തിപ്പാൻ കഴിയുന്നവനായ ദൈവമേ! കൊത്ത്നെ പട്ടണത്തിലെ കല്യാണത്തിൽ നിന്റെ മാതാവിന്റെ അപേക്ഷപ്രകാരം ശുശ്രൂഷകൻമാർ മൂലം നീ വീഞ്ഞുണ്ടാക്കിക്കൊടുത്ത് അവരെ സന്തോഷിപ്പിച്ചതുപോലെ നിന്റെ മാതാവിന്റെ പ്രാർത്ഥനമൂലം ലോകഇമ്പങ്ങളാൽ കറപിടിച്ചിരിക്കുന്നവരായ ഞങ്ങളെ നിന്റെ മഹാകരുണകൊണ്ട് ശുദ്ധീകരിച്ച് വെടിപ്പാക്കി സന്തോഷിപ്പിക്കണമെ. മൊറിയൊ........

### ബോവൂസൊ

സ്വർഗ്ഗത്തിൽനിന്ന് കൃപയോടെ ഇറങ്ങിവന്ന് ദരിദ്രനെപ്പോലെ ലോകത്തിൽ സഞ്ചരിച്ചവനായ കർത്താവേ! നിന്റെ സഭയുടെ പ്രജകളെ വിഴുങ്ങുവാൻവേണ്ടി സിംഹത്തെപ്പോലെ അലറി നടക്കുന്ന സാത്താനെയും സൈന്യങ്ങളെയും നീ ശാസിച്ച് ഞങ്ങളിൽനിന്ന് ദൂരത്താക്കണമെ. ഞങ്ങൾ നിന്ദ്യരും ഹീനരുമെങ്കിലും ഞങ്ങളെ രക്ഷിപ്പാൻവേണ്ടി മനുഷ്യവതാരം ചെയ്‌വാൻ നിന്നെ നിർബന്ധിച്ചതായ കരുണകൾ ഞങ്ങളുടെമേൽ ചൊരിഞ്ഞ് ഞങ്ങളെ തള്ളിക്കളയാതിരിക്കണമെ.

# വലിയ നോമ്പിലെ പ്രാർത്ഥനക്രമം

**(ശനിയാഴ്ചകളും ഞായറാഴ്ചകളും ഒഴിച്ചുള്ള ദിവസങ്ങളിൽ)**

(ഓശാന ഞായറാഴ്ച ഒഴികെ വലിയനോമ്പിലെ എല്ലാ ഞായറാഴ്ചകളും അസ്തമിച്ചുള്ള തിങ്കളാഴ്ച സന്ധ്യയ്ക്കു മാത്രം നിത്യപ്രാർത്ഥനയിൽ നിന്ന് 45-ാം വശത്തുള്ള ഒമ്പതാം മണിനേരത്തെ പ്രാർത്ഥന ഈ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പ് നടത്തേണ്ടതാകുന്നു.)

## സന്ധ്യാപ്രാർത്ഥന

[1]ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു......ഇത്യാദി കൗമ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോടു നീ ഉത്തരമരുളിച്ചെയ്യണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളുകയും ചെയ്യണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽനിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടു പോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്കു കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടൻമാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ.

[1]ഇവിടെ സന്ധ്യാപ്രാർത്ഥനയ്ക്ക് ആരംഭവും കൗമായും ചൊല്ലണമെന്ന് പറഞ്ഞു എങ്കിലും സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പ് ഒമ്പതാംമണിനേരത്തെ പ്രാർത്ഥന നടത്തുമ്പോൾ ആരംഭം ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയ്ക്കുള്ള കൗമായുടെ മുമ്പ് ചൊല്ലേണ്ടതും പിന്നീട് സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പ് ആരംഭം ആവർത്തിക്കേണ്ട ആവശ്യമില്ലാത്തതും ആകുന്നു.



എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ തടുക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്ക് ഉയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽനിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവച്ചു. ഞാൻ വലത്തോട്ടുനോക്കി എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചുകേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാൻമാരായതുകൊണ്ട് അവരിൽനിന്ന് എന്നെ വിടുവിക്കണമെ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമെ. നീ എന്നോടുത്തരമരുളിച്ചെയ്യുമ്പോൾ നിന്റെ നീതിമാൻമാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ. നിന്റെ ന്യായങ്ങളിൽനിന്ന് എന്നെ പഠിപ്പിക്കണമെ.

എന്റെ ദേഹി എല്ലായ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ട് കെണികളെ വച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്നും മാറിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിനു ആനന്ദം ആകുന്നു. നിന്റെ കല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.



**എനിയോനൊ**

തന്റെ പരിശുദ്ധതയ്ക്കു ഭംഗമില്ലാതിരിക്കെ ഞങ്ങൾക്കു വേണ്ടി നോമ്പുനോറ്റവനായ മിശിഹാ! നിനക്ക് ഇഷ്ടമാകുന്നപ്രകാരം നോമ്പുനോല്പാൻ ഞങ്ങൾക്കു കൃപചെയ്യണമെ.

എല്ലാ സൃഷ്ടികളെയും പോറ്റുന്നവനായിരിക്കെ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വനത്തിൽ വച്ച് വിശന്നവനായ കർത്താവേ! വയറിനെ സ്നേഹിക്കാതെ നോമ്പ്നോല്പാൻ ഞങ്ങളെ യോഗ്യരാക്കണമെ.

കർത്താവേ! വെടിപ്പോടെ നോമ്പ് നോല്പാനും സന്തോഷത്തോടെ നിന്റെ നോമ്പിനെ എതിരേല്പാനും ഞങ്ങൾക്കു കൃപ ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ നോമ്പ് നിനക്കിഷ്ടമുള്ളതായിരിക്കണമെ. അങ്ങനെ ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം മോചിക്കുകയും ചെയ്യണമെ. സ്തൗമെൻകാലോസ്.........

സാത്താനോടു യുദ്ധം ചെയ്യുവാനുള്ള പ്രധാന ആയുധമാകുന്ന നോമ്പേ! സമാധാനത്തോടെ വരിക. മൂശ നാല്പതു ദിവസം നോമ്പു നോറ്റു, നമ്മുടെ കർത്താവും നാല്പതു ദിവസം നോമ്പുനോറ്റു. നോമ്പാലും പ്രാർത്ഥനയാലും സാത്താനെ മായിപ്പാൻ ഞങ്ങളെ പഠിപ്പിച്ചവനായ മിശിഹാതമ്പുരാനു സ്തുതി. ബാറെക്മോർ.

നോമ്പുമൂലം മൂശ ദൈവത്താൽ എഴുതപ്പെട്ട കല്പലകകളെ പ്രാപിച്ചു. നോമ്പിനാൽ ഏലിയാ ദൈവേഷ്ടനായിത്തീരുകയും ആകാശവും ഭൂമിയും അവനെ അനുസരിക്കുകയും ചെയ്തു. അസൂയയെയും കുരളയെയും മറ്റു തിന്മകളെയും വെടിഞ്ഞ് നോമ്പുനോല്ക്കുകയും പ്രാർത്ഥിക്കുകയും തന്റെ നടപടികളാൽ കർത്താവിനെ ഇഷ്ടപ്പെടുത്തുകയും ചെയ്യുന്നവൻ ഭാഗ്യവാനാകുന്നു. മൊറിയൊ...........

**വീണ്ടും കോലോകൾ**

ദൈവമേ! ഞങ്ങളുടെ കുറ്റങ്ങൾക്കു പരിഹാരമുണ്ടാക്കണമെ. ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം മോചിക്കണമെ. ഞങ്ങൾ പാപം ചെയ്തു നിന്നെ കോപിപ്പിച്ചിരിക്കയാൽ പാപിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ അടുക്കൽ നിലവിളിക്കുന്നു. മനുഷ്യസ്നേഹമുള്ളവനേ! ഞങ്ങളെ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ. നീ വലിയ മഹത്വത്തോടെ എഴുന്നള്ളുന്ന ദിവസത്തിൽ നിന്റെ ശുദ്ധിമാൻമാരോടുകൂടെ നിന്റെ കൃപയ്ക്കു ഞങ്ങൾ സ്തുതി പാടുമാറാകണമെ. ബാറെക്മോർ.

കർത്താവേ! ആ മുടിയനായ പുത്രനെപ്പോലെ ഞങ്ങൾ സങ്കടത്തോടെ നിന്റെ അടുക്കൽ നിലവിളിക്കുന്നു. ഞങ്ങളോടു കരുണചെയ്യണമെ. സ്വർഗ്ഗത്തിനും നിനക്കും വിരോധമായി ഞങ്ങൾ പാപം ചെയ്തു. കൂലിക്കാരെപ്പോലെയെങ്കിലും ഞങ്ങളെ കൈക്കൊള്ളണമെ. നിന്റെ ഭവനത്തിൽ ദാസന്മാരെപ്പോലെയെങ്കിലും ഞങ്ങളെ വിചാരിക്കണമെ. നിനക്കു വിരോധമായി ഞങ്ങൾ ചെയ്തിട്ടുള്ള സകലപാപങ്ങളും ഞങ്ങളോടു ക്ഷമിക്കുകയും ചെയ്യണമെ. മൊറിയൊ.......

**ബോവൂസൊ**

ആത്മാവും ശരീരവും ഒരുമിച്ച് നോമ്പുനോല്ക്കേണ്ടിയിരിക്കുന്നതിനാൽ ശരീരം ഭക്ഷണത്തെ വെടിയുമ്പോൾ ആത്മാവ് തിന്മകളെയും വെടിയേണ്ടതാകുന്നു. ദുർവിചാരങ്ങളെ വെടിയാതെ ഭക്ഷണത്തെ മാത്രം വെടിഞ്ഞുള്ള നോമ്പ് വ്യർത്ഥമാകുന്നു. കർത്താവേ! ആത്മാവിലും ശരീരത്തിലും ശരിയായിട്ട് നോമ്പുനോല്പാൻ നിന്റെ കൃപ ഞങ്ങൾക്കു കൂട്ടായിരിക്കണമെ.

(പാതിനോമ്പിനും നാല്പതാം വെള്ളിയാഴ്ചയ്ക്കും ഓശാന നാളുകൾക്കുമുള്ള പ്രത്യേക പ്രാർത്ഥനകൾ ഇവിടെ ചൊല്ലണം.)



ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണയുണ്ടാകണമെ.

(ഇത് ഈ നോമ്പിലെ ഞായറാഴ്ച അസ്തമിച്ചുള്ള സന്ധ്യകൾക്കു മാത്രം ചൊല്ലിയാൽ മതി.)

ദൈവമേ! നീ പരിശുദ്ധനാകുന്നു........ഇത്യാദി കൗമാ

## സൂത്താറാ പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു.......... ഇത്യാദി കൗമ

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. (കുമ്പിടുക)

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. (കുമ്പിടുക)

ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. (കുമ്പിടുക)

ബാറെക്മോർ എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനും ആയുള്ളോവേ!........ഇത്യാദി ൯൦-ാം വശത്ത്.

(ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും എന്നുള്ളതു ചൊല്ലി കുമ്പിടുന്നതും 4-ാം മസുമൂറാ ചൊല്ലുന്നതും വലിയനോമ്പിന്റെ ഓശാന ഞായറാഴ്ച ഒഴികെ എല്ലാ ഞായറാഴ്ചകളും അസ്തമിച്ചുള്ള സന്ധ്യയിലെ സൂത്താറായ്ക്കു മതി. ഈ 4-ാം മസുമൂറായുടെ ശേഷം നിത്യപ്രാർത്ഥനയിൽ 12-ാം വശത്തുള്ള കോലോകൾ ആദിയായതു ചൊല്ലണം)

## പാതിരാത്രിയുടെ പ്രാർത്ഥന

### ഒന്നാം കൗമാ

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു.............ഇത്യാദി കൗമ

#### പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവുമാകുന്ന നിദ്രയിൽനിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയമാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

#### മസുമൂറാ

ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളവരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.



നിങ്ങൾ ശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.

ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽനിന്ന് നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമെ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമെ.

എന്റെ നാവു നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികൾ ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ വിചാരിച്ചു. എന്റെ ആത്മാവു ജീവിച്ച് നിന്നെ സ്തുതിക്കയും നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ ഞാൻ നിന്റെ കല്പനകളെ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വിനയപ്പെടുകയും നോമ്പു നോല്ക്കയും സാത്താനാൽ പരീക്ഷിക്കപ്പെടുകയും ചെയ്തവനായ മിശിഹാതമ്പുരാനേ! യോഗ്യമായ വിധത്തിൽ നോമ്പു നോല്ക്കുവാനും ഞങ്ങളോടു യുദ്ധം ചെയ്യുന്ന സാത്താനെ ജയിപ്പാനും നിന്റെ സഹായം ഞങ്ങൾക്കുണ്ടാകണമെ.

സത്യസ്നേഹത്തോടും ദൈവധ്യാനത്തോടും വെടിപ്പോടും കൂടെ നോമ്പുനോല്പാൻ ഞങ്ങളെ പഠിപ്പിച്ചവനായ രക്ഷിതാവേ! നിന്റെ തിരുവിഷ്ടപ്രകാരം നോമ്പു നോല്പാനും അതിനാൽ ഞങ്ങളുടെ സർവ്വ അനീതികൾക്കും മോചനം ലഭിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

ഞങ്ങളുടെ കർത്താവേ! വഴിയും സത്യവും ജീവനും നീയാകുന്നുവല്ലൊ. നീ ഞങ്ങൾക്കു വഴി തെളിയിച്ചുതരികയും വാതിൽ തുറന്നുതരികയും നിത്യജീവനിൽ പ്രവേശിപ്പാനും നിന്റെ വിശുദ്ധൻമാരോടുകൂടെ ആനന്ദിപ്പാനും കൃപ നൽകുകയും ചെയ്യണമെ. ബാറെക്മോർ.

മനോഗുണവാനേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമെ. നിന്റെ കരുണയാൽ ഞങ്ങൾക്കു നിരപ്പും സമാധാനവും നൽകി രണ്ടു ലോകങ്ങളിലും ഞങ്ങളോടു കൃപചെയ്യണമെ. കുറിയേ...........കുറിയേ..........കുറിയേ.........

**എക്ക്ബൊ**

(അനുതാപികൾക്കു വാതിൽ തുറക്കുന്നവനായ കർത്താവേ!.......മുതലായി 92-ാം വശം മുതലുള്ള മൂന്നുനോമ്പിന്റെ പാതിരാത്രിയുടെ പ്രാർത്ഥനതന്നെ നടത്തുക. വിശേഷിച്ചു പാതിനോമ്പിന്റെ ബുധനാഴ്ചയും നാല്പതാം വെള്ളിയാഴ്ചയും കുർബാനയുള്ള ദിവസങ്ങൾ ആകകൊണ്ടും നിത്യപ്രാർത്ഥനയല്ല,



നോമ്പിന്റെ പ്രാർത്ഥന തന്നെ നടത്തേണ്ടതാകകൊണ്ടും പാതിരാത്രിയുടെ പ്രാർത്ഥനയിൽ മൂന്നാം കൗമായ്ക്കു 'ഹാലേലുയ്യാ ഊഹാലേലുയ്യാ ദൈവമേ! നിനക്കു സ്തുതി' എന്നതിന്റെ ശേഷം 95-ാം വശത്ത് മൂന്നുനോമ്പിന്റെ ബുധനാഴ്ചയെക്കുറിച്ച് പറഞ്ഞിരിക്കുന്നതുപോലെ 'കുർബാനയിൽ സംബന്ധിക്കേണ്ടിയ ദിവസങ്ങളിൽമാത്രം ചൊല്ലേണ്ടത്' എന്ന തലക്കെട്ടോടുകൂടി 26-ാം വശത്ത് 'കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ' എന്നു തുടങ്ങി 30-ാം വശത്ത് 'കർത്താവേ! ഞങ്ങളോടു കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.' എന്നുള്ളതുവരെ ചൊല്ലിയിട്ട് 'ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ' എന്നുള്ളതും മറ്റും ചൊല്ലേണ്ടതാകുന്നു.)

# പ്രഭാത പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു..........ഇത്യാദി കൗമ

**മസുമൂറാ**

ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമെ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിൻമകൾ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കയും ചെയ്വാനായിട്ടുതന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. സോപ്പാകൊണ്ട് എന്റെമേൽ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ. തൽഗായെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്ന് നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ മുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയുംചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.



നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നൻമചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ (ബലിയായി) കരേറും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ. കുറിയേലായിസോൻ.

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ........

**മസുമൂറാ**

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായിട്ട് കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലത്തെയും നിന്റെ ബഹുമാനത്തെയും കാണ്മാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകളെ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സുംകൊണ്ട് എന്നപോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിൻമേൽ ഞാൻ നിന്നെ ഓർത്തു രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏല്പിക്കപ്പെടുകയും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നല്ലതും വളമുള്ളതുമായ നിലമാക്കിത്തീർക്കുകയും നിന്റെ കല്പനകളാകുന്ന വിത്ത് ഞങ്ങളിൽ വിതച്ച് മുളപ്പിച്ച് വളർത്തുകയും ചെയ്യണമെ.

രക്ഷിതാവേ! നിന്റെ കരുണയാൽ സകല അന്യായങ്ങളിൽനിന്നും, സകല ദുഷ്ടതകളിൽനിന്നും ലോകമോദങ്ങളിൽനിന്നും ഞങ്ങളെ തുടച്ച് വെടിപ്പാക്കണമെ. കർത്താവേ! നിന്റെ മുന്തിരിത്തോട്ടത്തിൽ നല്ല വേലക്കാരായിരിപ്പാൻ കൃപയോടെ ഞങ്ങൾക്കു സഹായിക്കണമെ. ബാറെക്മോർ.

സ്വർഗ്ഗീയ കൃഷിക്കാരനായ കർത്താവേ! ദുഷ്ടൻ ഞങ്ങളിൽ കളകൾ വിതയ്ക്കാതെ നിന്റെ കാവൽ ഉണ്ടായിരിക്കണമെ. കുറിയേ..........



**19-ാം മസുമൂറാ**

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്കു അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല. വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന്റെമേൽ അവന്റെ കൂടാരം അടിച്ചു. അതു തന്റെ മണവറയിൽനിന്ന് പുറപ്പെടുന്ന മണവാളൻ എന്നപോലെ (ആകുന്നു.) പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും ആകാശത്തിന്റെ അറുതികളിൻമേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ആവിയിൽനിന്ന് മറവായിരിക്കുന്നത് (ഒന്നും) ഇല്ല.

കർത്താവിന്റെ വേദപ്രമാണം കറയില്ലാത്തതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതുമാകുന്നു. കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയുമാകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതുമാകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതുമാകുന്നു. കർത്താവിന്റെ

ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയുമാകുന്നു. അവ സ്വർണ്ണത്തെക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു.

അത്രയുമല്ല, നിന്റെ ദാസൻ അവയാൽ സൂക്ഷ്മമാക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടൻമാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്നു ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽനിന്ന് നിന്റെ ദാസനെ തടയണമെ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമെ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്.....

**എനിയോനൊ**

രക്ഷിതാവേ! ഞങ്ങൾ പാപക്കുഴിയിൽ വീണിരിക്കുന്നു. നിന്റെ മഹാകരുണയാൽ അതിൽനിന്നു ഞങ്ങളെ വലിച്ചു കയറ്റണമെ.

പ്രയോജനകരമായ ഈ നോമ്പിനെ ശരിയായി നിവർത്തിപ്പാൻ ഞങ്ങൾക്കു കൃപചെയ്യണമെ. കരുണയോടെ ഞങ്ങളുടെ കറകളെ കഴുകി വെടിപ്പാക്കുകയും ചെയ്യണമെ.

ആത്മാക്കളുടെ ഉത്തമവൈദ്യനായ കർത്താവേ! അശുദ്ധ മോഹങ്ങളിൽ രോഗപ്പെട്ടിരിക്കുന്ന ഞങ്ങൾക്കു നീ ഔഷധം നൽകണമെ. ബാറെക്മോർ.



സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി ഞങ്ങളെ കാണിച്ചുതന്നവനായ മിശിഹാ! നിന്റെ ഇഷ്ടപ്രകാരം അതിൽക്കൂടി ശരിയായിട്ട് നടപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. കുറിയേലായിസോൻ.

കർത്താവിന് ഒരു പുതിയ പാട്ടും അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ. സമുദ്രത്തിലേക്കു ഇറങ്ങിപ്പോകുന്നവരും അതിലുള്ള സകലവും ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ! (കർത്താവിനു പാടുവിൻ).

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവന്റെ സ്തുതികൾ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവു പരാക്രമശാലി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വൈരാഗ്യത്തെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ! മേലിൽനിന്ന് ആനന്ദിപ്പിൻ, മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവു ഞാനാകുന്നു! ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എനിയോനൊ**

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സാത്താനോടു യുദ്ധം ചെയ്ത് അവനെ മറിച്ചിട്ടവനായ കർത്താവേ! അവന്റെ ചതികളിൽനിന്നും ഉപായതന്ത്രങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ.

പാപി ജീവിപ്പാനല്ലാതെ മരിപ്പാൻ എനിക്കിഷ്ടമില്ലെന്ന് ദീർഘദർശിയെക്കൊണ്ട് പറയിച്ചവനായ ദൈവമേ! ഞങ്ങൾ നിനക്കായിട്ട് ജീവിപ്പാനും നിന്റെ തൊഴുത്തിലേക്കു വരുവാനും കൃപ ചെയ്യണമെ.

ദാനിയേൽ നോമ്പുനോറ്റ് സിംഹങ്ങളുടെ വായ അടച്ചുവല്ലൊ. കർത്താവേ! ഞങ്ങളെ പിടിപ്പാൻ കാത്തിരിക്കുന്ന പിശാചുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. ബാറെ.....

ഹാനനിയാ മുതലായ പൈതങ്ങൾ നോമ്പുമൂലം അഗ്നിയിൽനിന്ന് രക്ഷിക്കപ്പെട്ടതുപോലെ കർത്താവേ! ഞങ്ങളുടെ നോമ്പുമൂലം അഗ്നിനരകത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. ആമ്മീൻ

### 113-ാം മസുമൂറാ

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യൻമാരേ! സ്തുതിപാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോടു സദൃശൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു.

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കൻമാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്നു ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.



അവന്റെ സകല ദൂതൻമാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി, അവൻ കല്പിച്ചു അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതല്ല.

പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല കാരകിലുകളും മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളുമേ! (കർത്താവിനെ സ്തുതിപ്പിൻ.)

എന്തെന്നാൽ അവന്റെ നാമംമാത്രം വലിയതാകുന്നു. അവന്റെ മഹത്വം ഭൂമിയിലും ആകാശത്തിലും വ്യാപിച്ചിരിക്കുന്നു. അവൻ തന്റെ ജനത്തിന്റെ കൊമ്പും തന്റെ സകല നീതിമാൻമാർക്കും തന്റെ സ്വന്തജനമായ ഇസ്രാ യേൽ പുത്രൻമാർക്കും മഹത്വവും ഉയർത്തുന്നു.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കയും വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രർക്കു രക്ഷ കൊടുക്കുകയും ചെയ്യുന്നു.

പുറജാതികൾക്കു പ്രതിക്രിയയും ജാതികൾക്കു ശിക്ഷയും ചെയ്വാനും അവരുടെ രാജാക്കൻമാരെ ആലാത്തുകൾകൊണ്ടും അവരുടെ മാന്യൻമാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും അവന്റെ സകല നീതിമാൻമാർക്കും മഹത്വം ഉണ്ടാകുവാനും അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**എക്ക്ബൊ**

കന്യകമറിയാമിൽനിന്നു ശരീരമെടുത്തു മനുഷ്യനായി തീർന്ന് പാപികളായ ഞങ്ങളുടെ ഇടയിൽ പെരുമാറുകയും പരിശുദ്ധ നോമ്പിനെ തോറ്റുപോകാത്ത ആയുധമായി ഞങ്ങൾക്കു തരികയും ചെയ്ത രക്ഷിതാവേ! നിന്റെ ദൈവത്വത്തിന് ഇഷ്ടമായിരിക്കുന്ന അവസ്ഥയിൽ ജീവിച്ച് നിനക്ക് ഇഷ്ടൻമാരായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ.

സ്തൗമെൻകാലോസ് കുറിയേ.......

**കോലോകൾ**

നോമ്പിനാൽ പറുദൈസായുടെ വാതിലുകൾ തുറക്കപ്പെടുന്നു. അതിനെ ശരിയായി ആചരിക്കുന്നവർക്കു മാലാഖമാരുടെ പ്രഭയും ഉയരത്തിലേക്കു കരേറുവാൻ ആത്മീയ ചിറകുകളും ലഭിക്കുന്നു. മഹാകരുണയുള്ള ദൈവമേ! ഞങ്ങളുടെ ഈ നോമ്പിൽ നിന്റെ വരങ്ങളും സഹായങ്ങളും ധാരാളമായി ഞങ്ങൾക്കു ചൊരിഞ്ഞുതരണമെ. ബാറെക്മോർ.

ഈ ലോകത്തിൽ ദാനധർമ്മങ്ങളെ വിതയ്ക്കുന്നവന് ഉയിർപ്പിന്റെ നാളിൽ കൊയ്യുവാനിടയാകും. ധർമ്മം ചെയ്യുന്ന നീതിമാൻമാർ ഭാഗ്യവാൻമാർതന്നെ. മിശിഹാ വന്ന് എല്ലാവന്റെയും പ്രവൃത്തികൾ പരിശോധിക്കുന്ന സമയത്ത് ധർമ്മം ചെയ്തവർക്കു നിത്യജീവൻ നൽകപ്പെടുന്നു. മുഖപക്ഷമില്ലാത്ത ന്യായാധിപതിയായ മിശിഹാതമ്പുരാനു സ്തുതി.

മൊറിയൊ...........



**വീണ്ടും കോലോകൾ**

മഹാകാരുണ്യവാനായ ദൈവമേ! നിന്റെ വരങ്ങളെ ഞങ്ങൾക്കു വർദ്ധിപ്പിച്ചുതരണമെ. ദയവാനായ കർത്താവേ! ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ. നിന്നിൽനിന്ന് എല്ലായ്പോഴും വരങ്ങൾ ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ നിന്നെ വിളിക്കുന്ന പാപികളോടു നീ ഉത്തരമരുളിച്ചെയ്ത് അവരുടെമേൽ നിന്റെ വരങ്ങളെ ഒഴുക്കണമെ. നിന്റെ വാതിൽക്കൽ മുട്ടുന്നവർക്കു തുറന്നു കൊടുക്കുകയും ചെയ്യണമെ.

കർത്താവേ! ഞങ്ങളുടെ അപേക്ഷപ്രകാരം ഞങ്ങൾക്കു കരുണയും പാപമോചനവും സ്വർഗ്ഗരാജ്യത്തിൽ പുതിയ ജീവനും നൽകണമെ. സർവ്വ രഹസ്യങ്ങളും വെളിപ്പെടുത്തുന്നതായ ആ മഹാദിവസത്തിൽ ഞങ്ങളെ ലജ്ജിപ്പിക്കാതെ സ്വർഗ്ഗരാജ്യം അവകാശിപ്പാൻ യോഗ്യരാക്കിത്തീർക്കണമെ. നിന്റെ അടിയാരായ ഞങ്ങളുടെ നോമ്പും ശുശ്രൂഷയും ചെയ്യണമെ. മൊറിയൊ..........

**ബോവൂസൊ**

കർത്താവേ! നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു തുറന്നുതരണമെ. ഞെരുക്കത്തിന്റെ കാലങ്ങൾ ഞങ്ങൾക്കു വന്നുകൂടുമാറാകരുതെ. ഞങ്ങളുടെ മുമ്പിൽ നിന്റെ വാതിൽ അടച്ചുകളഞ്ഞാൽ പിന്നെ ഞങ്ങൾ എവിടെപ്പോയി മുട്ടേണ്ടു. നിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങളോടു ദയതോന്നി, ഞങ്ങളെ കൈവിട്ടുകളയാതിരിക്കണമെ. ഞങ്ങളുടെ അകൃത്യങ്ങളുടെ ദുർഗന്ധം നിമിത്തം നിന്റെ സന്നിധിയിൽനിന്ന് ഞങ്ങളെ പുറത്തു തള്ളിക്കളകയും അരുതെ.

(പാതിനോമ്പിനും നാല്പതാം വെള്ളിയാഴ്ചയ്ക്കും ഊശാന നാളുകൾക്കും ഉള്ള പ്രത്യേകപ്രാർത്ഥനകൾ ഇവിടെ ചേർത്തുചൊല്ലണം.)

**പ്രഭാതകാലത്തെ പ്രാർത്ഥനാസ്തുതി**

സകലത്തിന്റെയും ഉടയവനായ കർത്താവേ! ഈ ദിവസം പാപമലിനതകൾ കൂടാതെ നീതിയിൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ കർത്താവേ! നീ എന്നേക്കും വാഴ്ത്തപ്പെട്ടവനും പുകഴ്ത്തപ്പെട്ടവനും തിരുനാമമഹത്വത്തോടുകൂടിയിരിക്കുന്നവനുമാകുന്നു. ആമ്മീൻ.

കർത്താവേ! ഞങ്ങളുടെ ശരണം നിന്റെ മേൽ ഇരിക്കുന്നതുപോലെ നിന്റെ കൃപയും കരുണയും ഞങ്ങളുടെ മേൽ ഇരിക്കണമെ. കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കല്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കയും കാണിച്ചുതരികയും ചെയ്യണമെ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ കല്പനയാൽ നിന്റെ വേദപ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമെ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ! നിന്റെ പ്രകാശങ്ങളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. നിന്റെ കരുണ എന്നേക്കും ഞങ്ങളുടെ മേൽ ഉണ്ടായിരിക്കട്ടെ.

കർത്താവേ! നിന്റെ കൈവേലയെ നീ നിരസിച്ച് തള്ളിക്കളയരുതെ. നിനക്കു സ്തുതി യോഗ്യമാകുന്നു. നിനക്കു സ്തുതി ചേർച്ചയാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! എന്നേക്കും നിനക്കു മഹത്വം യുക്തമാകുന്നു. ആമ്മീൻ.

കർത്താവേ! നിനക്കു സ്തോത്രം ചെയ്യുന്നതും ഉന്നതപ്പെട്ട നിന്റെ നാമത്തിനു പാടുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത്



എന്റെ ശബ്ദം നീ കേൾക്കണമെ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമെ. കർത്താവേ! ഞങ്ങളെല്ലാവരുടെയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ! നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽനിന്ന് ഞങ്ങളെ സുഖപ്പെടുത്തണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു......ഇത്യാദി കൗമാ.

# മൂന്നാം മണിനേരത്തെ പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു ............ ഇത്യാദി കൗമ

**കോലോകൾ**

പാപികളേ! അവസാനമില്ലാത്ത അഗ്നിനരകത്തെ ഓർത്തു ഭയപ്പെടുവിൻ. അന്യായത്തിൽനിന്ന് നിങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കുവിൻ. കണ്ണുനീരുകളാൽ നിങ്ങളുടെ പാപക്കറകളെ കഴുകുവിൻ. സ്വർഗ്ഗീയ രാജാവിനെ അനുകൂലപ്പെടുത്തുവിൻ. അവൻ അവസാന നാളിൽ നിങ്ങൾക്കു നിത്യാനന്ദം നൽകും! അവന് എന്നേക്കും സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

സഹോദരങ്ങളേ! നമുക്കു ലഭിച്ച ഈ അവസരത്തിൽ അനുതപിക്കാം. കർത്താവിനോടു കരുണകൾ യാചിക്കാം. അല്ലെങ്കിൽ അവസാന നാൾ രാത്രിയിൽ കള്ളനെപ്പോലെ വരുമ്പോൾ നാം പാപികളായി കാണപ്പെടുകയും കരുണ കൂടാതെ ശിക്ഷാവിധി അനുഭവിക്കേണ്ടിവരികയും ചെയ്യും. പാപികളുടെ മനസ്സുതിരിവിന് ആഗ്രഹിച്ചിരിക്കുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയൊ...

**ബോവൂസൊ**

ലോകാവസാനവും പ്രതികാരത്തിന്റെ നാളും അടുത്തിരിക്കുന്നതിനാൽ കർത്താവേ! നിന്റെ എതിരേല്പിനു ദീപയഷ്ടികളെ കത്തിച്ചുപിടിച്ചുകൊണ്ട് ഒരുങ്ങിയിരിപ്പാൻ ഉണർവ്വുള്ള ഹൃദയം ഞങ്ങൾക്കു നൽകണമെ. ആദാമിന്റെ മക്കളെല്ലാവരും ഉയിർത്തെഴുന്നേൽക്കുകയും ദുഷ്ടൻമാരും നല്ലവരും തമ്മിൽ വേർതിരിക്കപ്പെടുകയും ചെയ്യുന്ന സമയത്ത് കർത്താവേ! ഞങ്ങൾ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് ഇടവിടാതെ നിനക്കു സ്തുതി പാടുവാൻ യോഗ്യരായിത്തീരണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.....ഇത്യാദി കൗമാ.

## മദ്ധ്യാഹ്ന പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു...........ഇത്യാദി കൗമ

**കോലോകൾ**

കർത്താവേ! നിന്റെ സഭയുടെ നോമ്പും നമസ്ക്കാരങ്ങളും നീ കൈക്കൊണ്ട് നാനാഭാഗങ്ങളിലും അതിനെ സമാധാനപ്പെടുത്തണമെ. വിശുദ്ധതകളെയും വേദവിപരീതങ്ങളെയും തർക്കങ്ങളെയും കലഹങ്ങളെയും അതിൽനിന്നു നീക്കിക്കളയണമെ. നിന്റെ ഇഷ്ടപ്രകാരം ഭരിക്കുന്ന ഇടയൻമാരെ അതിൽ നിയമിക്കണമെ. അതു നിന്റെ രാജ്യത്തിൽ നിന്റെ പിതാവിന്റെ വലത്തുഭാഗത്തു ആനന്ദിക്കുകയും ചെയ്യുമാറാകണമെ. ബാറെക്മോർ.

ലോകമേ! ഞാൻ നിന്നിൽ ഇരുന്നുകൊണ്ട് അനേകം പാപങ്ങളെ ചെയ്തു. നീ പാപങ്ങളുടെ സമുദ്രമാകുന്നു. ഞങ്ങളുടെ ദുഷ്ടമനസ്സ് ഞങ്ങളെ ദുർഘടവഴിയിൽക്കൂടി നടത്തിയിരിക്കുന്നു. ന്യായവിധിയുടെ ദിവസത്തെയും എരിതീ ഒഴുകുന്ന നദിയെയും ഞങ്ങൾ ഭയപ്പെടുന്നു. കർത്താവേ!



നിന്റെ സ്ലീബായുടെ അടയാളം ഞങ്ങൾക്കു കൂട്ടായിരിക്കണമെ. അതുമൂലം ഞങ്ങൾ അഗ്നിനദി കടന്ന് നിന്റെ കൃപയിൽ ജീവിക്കുമാറാകണമെ. മൊറി.......

**ബോവൂസൊ**

ദരിദ്രർക്കും യാചകർക്കും കൊടുക്കാതെ ഭൂമിയിൽ ദ്രവ്യം ഒളിച്ചുവച്ചവർക്കു കഷ്ടം. തീക്കനലുകൾ വീണു നശിച്ചുപോകുന്നതായ ദ്രവ്യത്തെ ആശ്രയിച്ച് അതിപലിശ വാങ്ങിയവർക്കു കഷ്ടം. ഉടുപ്പില്ലാത്തവരെ ഉടുപ്പിച്ചവർ ഭാഗ്യവാൻമാർ. അവർ പ്രകാശത്തിന്റെ മണവറയിൽ നാശമില്ലാത്ത മഹത്വം ധരിക്കും. തങ്ങളുടെ മേശയിൽനിന്ന് പട്ടിണിക്കാരെ തൃപ്തിപ്പെടുത്തിയവരും ഭാഗ്യവാൻമാർ. അവർ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കും. കർത്താവേ! ഞങ്ങൾ നിന്നെ വിട്ട് ദ്രവ്യത്തിൽ ആശ്രയിച്ചിട്ട് നിന്നിൽനിന്നുള്ള കരുണകൾക്കു അയോഗ്യരായിത്തീരരുതെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു........ഇത്യാദി കൗമാ.

## ഒൻപതാം മണിനേരത്തെ പ്രാർത്ഥന

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു................ ഇത്യാദി കൗമ

**കോലോകൾ**

ദയവാനായ കർത്താവേ! വലത്തുഭാഗത്തെ ഇരുപ്പിന് എല്ലാവരും ആഗ്രഹിക്കുന്നതായ ആ ദിവസത്തിൽ ഞങ്ങളെ നിന്റെ സന്നിധിയിൽനിന്ന് തള്ളിക്കളയരുതെ. നിന്റെ ശരീരവും രക്തവും ഞങ്ങളിൽ ഇരിക്കുന്നതുകൊണ്ട് ഞാൻ നിങ്ങളെ അറിയുന്നില്ലാ എന്ന് നീ ഞങ്ങളോടു കല്പിക്കരുതെ. ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മാമൂദീസാ ഞങ്ങൾക്കു മുങ്ങി

പ്പോകാത്ത കപ്പലായിത്തീർന്നിട്ട് അതിനാൽ ഞങ്ങൾ അഗ്നിക്കടലിനെ കടന്നു നിന്റെ കൃപയിൽ ജീവിക്കുമാറാകണമെ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ പാപങ്ങൾ ഞങ്ങളെ മൂടിയിരിക്കുന്നു. ഞങ്ങൾ ചെയ്തുപോയ കുറ്റങ്ങൾ എപ്പോഴും ഞങ്ങളുടെ നേരെ നിൽക്കുന്നു. ഞങ്ങൾ എങ്ങനെ ആകാശത്തിലേക്കു നോക്കി മോചനത്തെ അപേക്ഷിക്കേണ്ടു. പാപിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് നിന്റെ വാതിലിൽ മുട്ടിവിളിക്കുന്നു. ഞങ്ങളോട് ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമെ. മൊറിയൊ..........

**ബോവൂസൊ**

മനോഗുണവാനായ ദൈവമേ! ഞങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ചുകളയരുതെ. ഞങ്ങളുടെ പ്രാർത്ഥന നിരസിച്ചുകളയരുതെ. ഞങ്ങളെ നീ കൈവിട്ടുകളയരുതെ. ഞങ്ങൾ നിന്നിൽ മാത്രം ആശ്രയിച്ചിരിക്കുന്നു. നിന്റെ കൃപ ഞങ്ങളെ രക്ഷിക്കുമാറാകണമെ. കർത്താവേ! ഞങ്ങൾ പാപച്ചെളിയിൽ മുങ്ങിക്കിടക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പായാൽ ഞങ്ങളുടെമേൽ തളിക്കണമെ. ഞങ്ങളുടെ മലിനതകൾ കൃപയോടെ കഴുകിക്കളയണമെ. ഞങ്ങൾ നിനക്കുള്ളവരായിരിപ്പാനും നിന്റെ ഇഷ്ടപ്രകാരം നടപ്പാനും ന്യായവിധിയുടെ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് സ്തുതിപാടുവാനും യോഗ്യരായിത്തീരുകയും ചെയ്യണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.........ഇത്യാദി കൗമാ.

*വലിയനോമ്പിന്റെ പ്രാർത്ഥനക്രമം സമാപ്തം*



## വലിയനോമ്പിന്റെ ഒന്നാം ശനിയാഴ്ച മാർ അപ്രേമിന്റെയും മാർ തേവോദോറസിന്റെയും ഓർമ്മയിൽ

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! സത്യവിശ്വാസം ഞങ്ങളോടുപദേശിക്കയും നല്ല മേച്ചിൽസ്ഥലത്ത് ഞങ്ങളെ മേയിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ മല്പാൻമാരുടെയും പിതാക്കൻമാരുടെയും ഉപദേശത്തിൽ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ പിന്നടികളിൽ നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. മാർ അപ്രേമിന്റെയും മാർ തേവോദോറസിന്റെയും പ്രാർത്ഥനകളാൽ സഭയിൽ നിരപ്പും സമാധാനവും വർദ്ധിപ്പിക്കണമെ. ബാറെക്മോർ.

കർത്താവേ! അവരെപ്പോലെ സത്യവിശ്വാസം പ്രസിദ്ധപ്പെടുത്തുവാനും ഞങ്ങളുടെ ആത്മാക്കൾക്ക് പ്രയോജനം വരുത്തുന്നവയായി അവർ ഉപദേശിച്ചുതന്നിട്ടുള്ള നോമ്പ്, നമസ്ക്കാരം മുതലായ സർവ്വപ്രമാണങ്ങളെയും ആചരിപ്പാനും വിധിയുടെ നാളിൽ അവരോടുകൂടെ നിന്നെ എതിരേല്പാനും ഞങ്ങളെ യോഗ്യരായിത്തീർക്കണമെ.

മൊറിയൊ.........

**ബോവൂസൊ**

കർത്താവേ! അവരിൽ എന്നപ്രകാരം പരിശുദ്ധ റൂഹാ ഞങ്ങളിലും വസിച്ച് ഞങ്ങൾ നിന്നെ സ്തോത്രം ചെയ്വാനും സത്യവിശ്വാസത്തിൽനിന്ന് തെറ്റിപ്പോയവരെ സത്യത്തിന്റെ വഴിയിലേക്ക് തിരിപ്പിപ്പാനും തക്കതായ നാവും ശക്തിയും ബോധവും ഞങ്ങൾക്കു നൽകണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

സകല കാഴ്ചക്കാർക്കും നല്ല മാതൃകയായിത്തീർന്നിരിക്കുന്ന മാർ അപ്രേം, മാർ തേവോദോറോസ് എന്ന പിതാക്കൻമാരേ! ഞങ്ങൾ രാവും പകലും ജാഗരണത്തിലും പ്രാർത്ഥനകളിലും നിങ്ങൾ സാദൃശ്യപ്പെടുമാറാകണമെ. ഐശ്വര്യവാനാകുവാൻ കർത്താവിനോട് യാചിക്കുന്ന എല്ലാവന്റെയും മുമ്പിൽ അവന്റെ ഭണ്ഡാരം തുറന്നിരിക്കുന്നുവല്ലൊ. ബാറെക്മോർ.

ഉണങ്ങിയ അസ്ഥിയിൽനിന്ന് അത്ഭുതകരമായി ശിംശോന് വെള്ളം ഒഴുകുകയും അവന്റെ ദാഹസമയത്ത് ആ വെള്ളം കുടിക്കുകയും ചെയ്തു എങ്കിൽ പരിശുദ്ധ പിതാക്കൻമാരായ മാർ അപ്രേമും മാർ തേവോദോറോസും ആയുള്ളവരേ! നിങ്ങളുടെ പ്രാർത്ഥനകളിൽ സങ്കേതം പ്രാപിക്കുന്നവർക്ക് നിങ്ങളുടെ അസ്ഥികൾ എത്ര വളരെ സഹായങ്ങളെ ഒഴുക്കും. മൊറിയൊ..........

### ബോവൂസൊ

മാർ അപ്രേം, മാർ തേവോദോറോസ് എന്ന പിതാക്കൻമാരേ! നിങ്ങളുടെ പ്രാർത്ഥന ആകാശത്തിലേക്ക് കയറിച്ചെന്ന് ആവശ്യക്കാർക്ക് കൃപയും കരുണയും കോപിച്ചിരിക്കുന്നവർക്ക് സ്നേഹവും സമാധാനവും രോഗികൾക്കു സ്വസ്ഥതയും കൊണ്ടുവരുമാറാകണമെ.



## വലിയനോമ്പിന്റെ ഞായറാഴ്ചകളിൽ (ഓശാന ഒഴികെ) സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

സങ്കടപ്പെട്ടവരെ ദർശിപ്പാനും രോഗങ്ങളെ ശാന്തതപ്പെടുത്തുവാനും പിശാചുക്കളെ തള്ളിക്കളയുവാനും അടിമപ്പെട്ടവരെ സ്വാതന്ത്ര്യപ്പെടുത്തുവാനുമായിട്ട് കരുണയോടെ ഇറങ്ങിവന്നവനായ മിശിഹാ! ദരിദ്രരായ ഞങ്ങൾക്കു നിന്റെ ധനത്തെ എടുത്തുതരണമെ. നിന്റെ തിരുവചനത്താൽ ഞങ്ങളെ ജീവിപ്പിക്കണമെ. വിശ്വാസക്കുറവുനിമിത്തം ഞങ്ങളെ നിരസിച്ചുകളയരുതെ. നിന്നിലുള്ള വിശ്വാസം ഞങ്ങളിൽ വർദ്ധിപ്പിക്കണമെ. പത്രോസിന്റെ അമ്മായിഅമ്മയുടെ പനിയെ നീ നീക്കിയതുപോലെ ഞങ്ങളെ വ്യസനിപ്പിക്കയും ദണ്ഡിപ്പിക്കയും ചെയ്യുന്ന പാപത്തിന്റെ ഉഗ്രതകളെ നീ ശാന്തതപ്പെടുത്തണമെ. ബാറെക്മോർ.

സകല വേദനകൾക്കും രോഗങ്ങൾക്കും വൈദ്യനും മുറിവുകളെ കെട്ടുന്നവനുമായ കർത്താവേ! ഞങ്ങളുടെ ആത്മാക്കളുടെ രോഗങ്ങളെ നീ സുഖപ്പെടുത്തണമെ. ഞങ്ങളുടെ അശുദ്ധി നീ നീക്കി ശുദ്ധീകരിക്കണമെ. നിന്റെ കരുണയാൽ ഞങ്ങളുടെ കടച്ചീട്ടുകളെ കീറിക്കളയണമെ. രോഗങ്ങൾകൊണ്ട് വലഞ്ഞിരിക്കുന്നവരായ ഞങ്ങൾക്കു നിന്റെ മഹാശക്തിയാൽ സർവ്വസഹായങ്ങളും അയച്ചുതരണമെ. ഞങ്ങളുടെ പാപക്കറകളെ കഴുകി വെടിപ്പാക്കുകയും ചെയ്യണമെ. മൊറിയൊ.......

### ബോവൂസൊ

കുഷ്ഠരോഗികൾ തന്നെക്കണ്ട് സ്വസ്ഥത പ്രാപിക്കയും മരിച്ചവർ ഉയിർക്കുകയും പക്ഷവാതക്കാരും മുടന്തൻമാരും സ്വസ്ഥതപ്പെട്ട് നടക്കുകയും പിശാചുക്കൾ തന്നിൽനിന്ന് ഓടിഒളിക്കുകയും ചെയ്യുമാറാക്കിയ രക്ഷിതാവേ!

നീ കൃപയോടെ ഞങ്ങളുടെ അടുക്കൽ ഇറങ്ങിവന്ന് ഞങ്ങളിൽ രോഗികളായിരിക്കുന്നവരെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കയും പിശാചുകളെ ഓടിക്കയും ചെയ്യണമെ. നീ സമുദ്രത്തെ ശാസിച്ച് അതിന്റെ കോപത്തെ അടക്കിയതുപോലെ പാപത്തിന്റെ ഉഗ്രതകളെ ഞങ്ങളിൽനിന്ന് അടക്കണമെ. നിന്റെ കൃപയാൽ രഹസ്യവും പരസ്യവുമായ സകല രോഗങ്ങളെയും വേദനകളെയും ഞങ്ങളുടെ ആത്മാക്കളിൽനിന്നും ശരീരങ്ങളിൽനിന്നും നീക്കിക്കളയുകയും ചെയ്യണമെ. നീ ഞങ്ങളോട് ചെയ്തിരിക്കുന്ന കൃപകൾക്കും കരുണകൾക്കും വേണ്ടി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

മനുഷ്യനെപ്പോലെ ഭൂമിയിൽ നടക്കുകയും ദൈവത്തെപ്പോലെ അത്ഭുതശക്തികൾ പ്രവർത്തിക്കുകയും ചെയ്തവനായ കർത്താവേ! നീ ക്നാനായക്കാരിയുടെ മകളിൽനിന്ന് പിശാചിനെ പുറത്താക്കുകയും ശെമഓന്റെ അമ്മായിഅമ്മയുടെ പനിയെ സുഖപ്പെടുത്തുകയും ശതാധിപന്റെ ബാല്യക്കാരനെ സുഖപ്പെടുത്തുകയും ചെയ്തുവല്ലൊ. കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മയെയും നീ ചെയ്തിട്ടുള്ള അത്ഭുതങ്ങളെയും ഞങ്ങളോടുള്ള നിന്റെ സ്നേഹത്തെയും നീ ഒരു വിധത്തിലും കഷ്ടതകൾക്ക് അർഹനല്ലാതിരിക്കുമ്പോൾ ഞങ്ങൾക്കുവേണ്ടി സഹിച്ചിട്ടുള്ള കഷ്ടതകളെയും വിവരിപ്പാൻ ഞങ്ങൾക്കു പ്രാപ്തിയില്ല. ബാറെ....

കർത്താവേ! ദീർഘകാലം രോഗിയായിരുന്ന ആ സ്ത്രീയുടെ കൂനിനെ നീ നേരെയാക്കി സുഖപ്പെടുത്തുകയും പിശാചുക്കളുടെ ലെഗിയോനുകളെ സമുദ്രത്തിന്റെ അഗാധങ്ങളിൽ മുക്കുകയും ചെയ്തപോലെ പാപങ്ങളിൽ



കൂനിയിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ നീ നേരെയാക്കി സുഖപ്പെടുത്തുകയും ഞങ്ങളുടെ അനീതികളെയെല്ലാം നിന്റെ കരുണയുടെ കടലിൽ മുക്കിക്കളയുകയും ചെയ്യണമെ. ഞങ്ങളുടെ പാപഭാരങ്ങളെ നീക്കിക്കളഞ്ഞ് നിന്റെ സോപ്പായാൽ ഞങ്ങളെ വെടിപ്പാക്കുകയും ഞങ്ങളെ നിന്റെ വെടിപ്പുള്ള വാസസ്ഥലമാക്കിത്തീർക്കുകയും ചെയ്യണമെ. മൊറിയൊ.............

### ബോവൂസൊ

കർത്താവേ! ഊർശ്ലേമിൽനിന്ന് ഈറീഹോയിലേക്കു ഇറങ്ങിപ്പോയ മനുഷ്യൻ കള്ളൻമാരുടെ കയ്യിൽ അകപ്പെട്ട് അർദ്ധപ്രാണനാകുവോളം ഉപദ്രവിക്കപ്പെട്ടു എങ്കിലും ഒടുവിൽ അവനു സഹായം ലഭിച്ചതുപോലെ വൈരികളാൽ ഉപദ്രവിക്കപ്പെടുന്നവരായ ഞങ്ങളോടു കരുണചെയ്തു ഞങ്ങളെ സഹായിച്ചു രക്ഷിക്കണമെ. പിറവിക്കുരുടനായ മനുഷ്യന്റെ കണ്ണുകളിൽ നീ മണ്ണു കുഴച്ചുതേച്ച് സുഖപ്പെടുത്തിയതിനാൽ മണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചവൻ നീതന്നെയെന്ന് കാണിച്ചുവല്ലൊ. അപ്രകാരം കർത്താവേ! പാപരോഗത്തിൽ കുരുടരായിരിക്കുന്ന ഞങ്ങളുടെ കണ്ണുകളെ നീ തെളിയിക്കയും ഞങ്ങളെ പുതിയ സൃഷ്ടികളാക്കിത്തീർക്കയും ചെയ്യണമെ.

മാർച്ച് 9-ാം തീയതി

## നാല്പതു സഹോദന്മാരുടെ ഓർമ്മയിൽ

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

(ഈ തീയതി ശനിയാഴ്ചയോ ഞായറാഴ്ചയോ ആയിട്ട് വന്നാൽ ആ ദിവസത്തിൽ തന്നെ ഈ ഓർമ്മ ആചരിക്കണം. അല്ലെങ്കിൽ ആ മാസം 14-ാം തീയതിക്കു മുമ്പുള്ള ശനിയാഴ്ചയോ ഞായറാഴ്ചയോ ഈ ഓർമ്മ കഴിക്കണം.)

**കോലോകൾ**

മിശിഹാരാജാവിന്റെ ദാസൻമാരെ ഉപദ്രവിച്ചു കഷ്ടപ്പെടുത്തണമെന്ന് സത്യത്തിന്റെ വൈരിയും അസൂയക്കാരനുമായ ആകെൽക്കറുസാ അന്യായക്കാരനായ രാജാവിനോട് ഉപദേശിക്കയാൽ ആ ദുഷ്ടരാജാവ് പരിശുദ്ധന്റെ സഹദേൻമാരെ സമുദ്രത്തിനകത്ത് വെള്ളത്തിൽ രാത്രിമുഴുവനും നിറുത്തുകയും കഠിനമായ കുളിരിനാലും ഞെരുക്കങ്ങളാലും അവരുടെ ശരീരങ്ങളെ കഷ്ടപ്പെടുത്തുകയും ചെയ്തു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ. ബാറെക്മോർ.

പരിശുദ്ധ സഹദേൻമാർ ധൈര്യത്തോടുകൂടെ അരമുറുക്കി ആയുധം ധരിച്ചുകൊണ്ട് യുദ്ധത്തിന് ഒരുങ്ങിനിന്നു. യുദ്ധത്തിൽ അവർ ജയം പ്രാപിക്കയും മഹത്വത്തിന്റെ കിരീടങ്ങൾ കൈക്കൊള്ളുകയും ചെയ്തു. കർത്താവേ! അവരെപ്പോലെ നിന്നോടുള്ള സ്നേഹത്തിൽ സ്ഥിരപ്പെട്ടിരിപ്പാനും ഞങ്ങളുടെ വൈരികളായ ദുഷ്ടപിശാചുക്കളോട് ധൈര്യത്തോടെ യുദ്ധം ചെയ്വാനും അവരുടെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കയും ശക്തിപ്പെടുത്തുകയും ചെയ്യണമെ. മൊറിയൊ.......

**ബോവൂസൊ**

നാല്പതു സഹദേന്മാർ സമുദ്രത്തിനകത്ത് നടത്തിയ യുദ്ധത്തെയും പോരാട്ടത്തെയും സ്വർഗ്ഗീയ സൈന്യങ്ങൾ കണ്ട് വിസ്മയിക്കയും അവരുടെ വിജയത്തെക്കുറിച്ച് സന്തോഷിച്ച് കൈകൊട്ടുകയും ചെയ്തതുപോലെ കർത്താവേ! ഞങ്ങൾ പാപങ്ങളെ വിട്ട് അനുതപിച്ച് നിങ്കലേക്കു തിരിയുന്നതിനാൽ സ്വർഗ്ഗീയസൈന്യങ്ങൾ സന്തോഷിപ്പാനിടയാക്കണമെ. നിന്റെ പടയാളികളായ സഹദേൻമാർക്കു പോരാട്ടത്തിൽ ശക്തിയും ധൈര്യവും വിജയവും നൽകിയവനായ നിനക്കു സ്തുതി.



## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

രാത്രിമുഴുവനും സഹദേൻമാർ സമുദ്രത്തിൽ നഗ്നമായി നിന്ന് കാറ്റും കുളിരും സഹിച്ചുകൊണ്ട് തങ്ങളുടെ ശരീരങ്ങളെ ഗണ്യമാക്കാതെ പോരാടിയതിനാൽ കർത്താവ് അവരുടെ അവയവങ്ങളെ ലോകത്തിനു ഔഷധങ്ങളാക്കിത്തീർത്തിരിക്കുന്നു. വിശ്വാസത്തോടെ അവരിലും അവരുടെ അസ്ഥികളിലും സഹായം അന്വേഷിക്കുന്നവർ അതിനെ പ്രാപിക്കാതിരിക്കയില്ല. ആകാശത്തിലും ഭൂമിയിലും അവരെ പുകഴ്ത്തിയവന് എന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ.
ബാറെക്മോർ.

അവരുടെ കഷ്ടതകളെ വിവരിപ്പാൻ കഴിയുന്നവനാരുണ്ട്. അവരെക്കുറിച്ച് വിസ്മയിക്കാത്തവനും ആരുണ്ട്. കർത്താവേ! അവരുടെ പ്രാർത്ഥനകളാൽ നിന്റെ സഭയിൽ സമാധാനവും നിരപ്പും വർദ്ധിപ്പിക്കണമെ. അവരെപ്പോലെ നിനക്കായിട്ട് ജീവിപ്പാനും ദുഷ്ടനോടും സൈന്യങ്ങളോടും ധൈര്യസമേതം യുദ്ധം ചെയ്തു ജയിപ്പാനും മഹത്വത്തിന്റെ കിരീടങ്ങളെ പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. മൊറിയൊ.......

**ബോവൂസൊ**

കർത്താവേ! നിന്നെ സ്നേഹിച്ച സഹദേൻമാരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണചെയ്യണമെ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും പാപപരിഹാരത്തിനു യോഗ്യരാക്കിത്തീർക്കയും ചെയ്യണമെ.

മാർച്ച് 25-ാം തീയതി

## ദൈവമാതാവിന്റെ അറിയിപ്പിന്റെ പെരുന്നാൾ

(ഈ പെരുന്നാളിനു 60-ാം വശത്ത് ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ചയിലെ പ്രത്യേക പ്രാർത്ഥനതന്നെ സന്ധ്യക്കും പ്രഭാതത്തിലും ഉപയോഗിച്ചുകൊൾക.)

## പാതിനോമ്പിന്റെ ബുധനാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

ഇസ്രായേൽക്കാരുടെ മദ്ധ്യേ മൂശാനിബി പിച്ചള സർപ്പത്തെ നാട്ടുകയും ജനങ്ങൾ അതിനാൽ ഹർമ്മോനൊ സർപ്പങ്ങളുടെ കടിയിൽനിന്ന് രക്ഷപെടുകയും ചെയ്തതുപോലെ ഞങ്ങൾ പള്ളിയുടെ അകത്ത് ജയത്തിന്റെയും ജീവന്റെയും അടയാളമായ സ്ലീബായെ വച്ചിരിക്കുന്നു. കർത്താവേ! അതിനാൽ ഞങ്ങൾക്ക് രക്ഷയുണ്ടാകുവാനായിട്ട് നിന്റെ സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു. ബാറെക്മോർ.

മിശിഹാതമ്പുരാനേ! നിന്റെ സുവിശേഷ നടപടിയുടെ കാലത്ത് അബ്ഗാർ രാജാവ് നിന്നെ ക്ഷണിച്ച് എഴുതി അയച്ചതിനു മറുപടിയോടുകൂടി തിരുരൂപം അവനു നൽകിയതുപോലെ ഞങ്ങളുടെ പ്രാർത്ഥനാലേഖനങ്ങളെ നീ കൈക്കൊണ്ട് ഞങ്ങൾക്കു അനുകൂലത്തിന്റെ മറുപടി തരികയും നിന്റെ പെരുമാറ്റവും സ്വഭാവവും താഴ്മയും ഞങ്ങളിൽ സ്ഥാപിക്കയും ഞങ്ങളെ നിനക്കുള്ളവരാക്കിത്തീർക്കയും ചെയ്യണമെ. മൊറിയൊ........

### ബോവൂസൊ

അനുതപിക്കുന്ന പാപികളെ സ്നേഹത്തോടും കരുണയോടുംകൂടെ കൈക്കൊള്ളുന്നവനായ രക്ഷിതാവേ! ഞങ്ങളെ നീ കൈക്കൊണ്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമെ.



## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ ഏക മദ്ധ്യസ്ഥനായ മിശിഹാതമ്പുരാനേ! ഞങ്ങളുടെ നോമ്പിൽ പകുതിക്കാലം കഴിഞ്ഞിരിക്കുന്നതുകൊണ്ട് അതിനിടയിൽ ഞങ്ങളിൽ വന്നുപോയിട്ടുള്ള തെറ്റുകളെയും കുറ്റങ്ങളെയും ക്ഷമിച്ച് ആ നാളുകളെ ഞങ്ങളുടെ ആത്മാക്കൾക്ക് പ്രയോജനകരമാക്കിത്തീർക്കണമെ. ഞങ്ങൾ നിവർത്തിപ്പാനുള്ള നോമ്പിന്റെ ശേഷം നാളുകളെ നിന്റെ ഇഷ്ടത്തിനൊത്തവണ്ണം നിവർത്തിപ്പാൻ ഞങ്ങൾക്ക് ഇടവരുത്തണമെ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ ഉദാസീനതമൂലം അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും വന്നുപോയിട്ടുള്ള സകല പിഴകളെയും നീ കൃപയോടെ മോചിച്ച് പെസഹാപ്പെരുന്നാളിനും ഉയിർപ്പുപെരുന്നാളിനും ചെന്നുചേരുവാനും നിന്നെ മഹത്വപ്പെടുത്തുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. നിന്റെ കരുണ മൂലം ഞങ്ങളുടെ കടച്ചീട്ടുകളെ നീ കീറിക്കളഞ്ഞു എന്നുള്ളത് സർവ്വനൻമകളുടെയും വൈരിയായ സാത്താൻ കണ്ട് ലജ്ജിച്ചുപോകുവാനിടയാക്കണമെ. മൊറിയൊ........

### ബോവൂസൊ

കർത്താവേ! പിശാചുക്കളാകുന്ന സർപ്പങ്ങളാൽ ഞങ്ങൾ കടിക്കപ്പെടാതെയും ആ വിഷം മൂലം ഞങ്ങൾ ആത്മീയ മരണത്തിൽ ഉൾപ്പെടാതെയും ഇരിപ്പാനായിട്ട് പ്രകാശത്തിന്റെ സ്ലീബായിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. അതിന്റെ ശക്തിയാൽ സകല ഉപദ്രവങ്ങളിൽനിന്നും ക്രോധത്തിന്റെ ശിക്ഷകളിൽനിന്നും ഞങ്ങൾ കാത്തുകൊള്ളപ്പെടുമാറാകണമെ.

## ഓശാന നാളുകൾക്കും ഓശാന ഞായറാഴ്ചയ്ക്കും സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

(നോമ്പിന്റെ ആറാം ഞായറാഴ്ചയുടെ ശേഷമുള്ള തിങ്കളാഴ്ച മുതൽ ഓശാന ഞായറാഴ്ചവരെയുള്ള നാളുകൾ ഓശാനനാളുകൾ ആകുന്നു. എങ്കിലും അതിനിടയിലുള്ള നാല്പതാം വെള്ളിയാഴ്ചയും അതിന്റെ പിറ്റേദിവസമുള്ള ലാസറിന്റെ ശനിയാഴ്ചയും സംഗതി മാറ്റമുള്ളതുകൊണ്ട് മേൽപറഞ്ഞ തിങ്കളാഴ്ചമുതൽ വ്യാഴാഴ്ചവരെ ഓശാനനാളുകളിലെ പ്രത്യേക പ്രാർത്ഥന വലിനോമ്പിന്റെ പ്രാർത്ഥനയിൽ ചേർത്തു പ്രാർത്ഥിച്ചുകൊള്ളേണ്ടതും, നാല്പതാം വെള്ളിയാഴ്ചയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും നോമ്പിന്റെ പ്രാർത്ഥനയിൽ ചേർത്തു പ്രർത്ഥിച്ചുകൊള്ളേണ്ടതും ലാസറിന്റെ ശനിയാഴ്ചയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും ഓശാന ഞായറാഴ്ചയ്ക്കുള്ള ഓശാനനാളുകളിലെ പ്രത്യേകപ്രാർത്ഥനയും നിത്യപ്രാർത്ഥനയിൽ ചേർത്തു പ്രാർത്ഥിച്ചുകൊള്ളേണ്ടതും ആകുന്നു.)

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

കൃപയോടെ ഇറങ്ങിവന്ന് താഴ്മയോടെ കഴുതപ്പുറത്ത് കയറിയവനായ മിശിഹാതമ്പുരാനേ! പൈതങ്ങളോടുകൂടെ നിന്നെ മഹത്വപ്പെടുത്തുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളെ കരേറ്റണമെ. ബാറെക്മോർ.

താഴ്മയോടെ നീ കഴുതപ്പുറത്ത് കയറിയ ആ ദിവസത്തിൽ നാനാഭാഗങ്ങളിലും നിന്റെ സഭയെ ഉയർത്തണമെ. നിന്റെ ശക്തിയാൽ അതിന്റെ പ്രജകളെ കാത്തുകൊള്ളണമെ. പരമാർത്ഥഹൃദയത്താൽ ശിശുക്കളോടുകൂടെ ഞങ്ങൾ നിന്നെ എതിരേൽക്കുകയും ചെയ്യുമാറാകണമെ. മൊറി.......



### ബോവൂസൊ

ക്രൂബേൻമാരെ തന്റെ രഥത്തിൽ പൂട്ടിയിരിക്കുന്നവനും സ്രോപ്പേൻമാർ തന്റെ മഹത്വത്തിന് കാദീശ് പാടുന്നവനും ആയവൻ ഊർശ്ലേം തെരുവുകളിൽ താഴ്മയോടെ കഴുതപ്പുറത്തു കയറി. അവൻ ഊർശ്ലേമിലേക്ക് ഘോഷത്തോടെ പ്രവേശിച്ചപ്പോൾ ശിശുക്കളും പൈതങ്ങളും അവനെ മഹത്വപ്പെടുത്തി. മേലുള്ളവർ കാദീശ് കാദീശ് കാദീശ് എന്നും താഴെയുള്ളവർ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി എഴുന്നള്ളിയവനായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നും അട്ടഹസിച്ചു. അവരോടുകൂടെ ഞങ്ങളും ദാവീദിന്റെ പുത്രന് ഓശാന എന്ന് അട്ടഹസിച്ചു പറയുന്നു. ഞങ്ങളുടെ സ്തുതിപ്പിനെ കൈക്കൊണ്ട് ഞങ്ങളോട് കൃപയായിരിക്കണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

സൈത്തിന്റെയും ദെക്ലായുടെയും കൊമ്പുകളാൽ പുകഴ്ത്തപ്പെട്ടവനായ കർത്താവേ! അവസാനനാളിൽ മഹത്വത്തിന്റെ കൊമ്പുകളെ പിടിച്ചുകൊണ്ട് നിന്നെ എതിരേല്പാനും നിനക്ക് സ്തുതി പാടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ശിശുക്കളിൽനിന്ന് എന്നപ്രകാരം ഈ ദിവസത്തിൽ ഞങ്ങളുടെ സ്തുതിപ്പുകളെയും പ്രാർത്ഥനകളെയും കൈക്കൊള്ളണമെ. ബാറെക്മോർ.

കർത്താവേ! സന്തോഷത്തോടെ നിന്റെ ഓശാനപ്പെരുന്നാളിനെ ആചരിക്കുന്ന നിന്റെ സഭയെ നീ കാത്തുകൊള്ളണമെ. നാശവും അടിമയും ക്രോധത്തിന്റെ ശിക്ഷകളും കൃപയോടെ അതിൽനിന്ന് മായിച്ചുകളയണമെ. അത് നിനക്ക് എല്ലായ്പോഴും സ്തുതിപാടുവാനായിട്ട് നിരപ്പും സമാധാനവും അതിനു കൊടുക്കണമെ. മൊറിയൊ......

**ബോവൂസൊ**

ഞങ്ങൾക്കുവേണ്ടി ശരീരം ധരിക്കയും ഊർശ്ലേമിലേക്കുള്ള പ്രവേശനത്തിൽ കഴുതപ്പുറത്തിരിക്കുകയും ചെയ്തവനായ കർത്താവേ! ദാവീദിന്റെ പുത്രന് ഊശാന എന്നും കർത്താവിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകുന്നു എന്നും ഞങ്ങൾ നിനക്ക് എപ്പോഴും സ്തുതി പാടുവാൻ യോഗ്യരായിത്തീരുമാറാകണമെ. മഹത്വത്തിന്റെ രാജാവായ യേശുമിശിഹാ! നിന്റെ വരവും വാഴ്ത്തപ്പെട്ടതാകുന്നു.

## നാല്പതാം വെള്ളിയാഴ്ച

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

പരിശുദ്ധ മാമോദീസായുടെ ശേഷം പരിശുദ്ധ റൂഹായാൽ വനത്തിലേക്ക് നടത്തപ്പെടുകയും അവിടെ നാല്പതു പകലും നാല്പതു രാവും നോമ്പ് നോൽക്കുകയും അതിന്റെ ശേഷം പരസ്യശുശ്രൂഷ ആരംഭിക്കുകയും ചെയ്തവനായ മശിഹാതമ്പുരാനേ! ഏതൊരു സ്ഥാനിയും ആദ്യമായി നോമ്പ് നോറ്റ് ദൈവാനുഗ്രഹം പ്രാപിച്ചതിന്റെ ശേഷം തന്റെ ജോലിയിൽ പ്രവേശിക്കണമെന്ന് നിന്റെ നോമ്പുമൂലം ഞങ്ങളെ പഠിപ്പിച്ചതിനാൽ നിനക്ക് സ്തുതി. ബാറെ........

ആകെൽക്കറുസ്സാ കൊണ്ടുവന്നതായ എല്ലാ പരീക്ഷകളിലും നീ അവനെ തോല്പിക്കുകയും 'സാത്താനേ! നീ എന്റെ പിന്നിൽ പോക' എന്നു പറഞ്ഞ് അവനെ ഓടിക്കുകയും ചെയ്തതിനാൽ നോമ്പിലും പ്രാർത്ഥനയിലും ഉൾപ്പെട്ടിരിക്കുന്നവനെ സാത്താൻ പരീക്ഷിക്കുമെന്നും ദൈവശക്തിയാൽ അവനെ ജയിപ്പാനും ലജ്ജിപ്പിച്ച് ഓടിച്ചുകളവാനും മനുഷ്യന് കഴിയുമെന്നും പ്രവൃത്തിമൂലം ഞങ്ങളെ പഠിപ്പിച്ചതിനാൽ നിനക്കു സ്തുതി. മൊറിയോ..........



**ബോവൂസൊ**

ഞങ്ങളുടെ രക്ഷിതാവായ യേശുവേ! ഭയഭക്തിയോടും ദൈവികസംസർഗ്ഗത്തോടും ധ്യാനത്തോടും കൂടെ ലോകത്തിൽ നിന്നൊഴിഞ്ഞ് നോമ്പ് നോല്പാനും പിശാചിന്റെ പരീക്ഷയിൽ അകപ്പെടാതിരിപ്പാനും നിന്റെ ശക്തിയാൽ അവനെ ജയിപ്പാനും എപ്പോഴും ഞങ്ങളെ നീ സഹായിക്കണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! സകല ജോലികൾക്കും മുമ്പായി നിന്റെ തിരുസന്നിധിയിൽ പ്രാർത്ഥിച്ച് കരുണ പ്രാപിച്ചുകൊണ്ട് വിശുദ്ധ ജീവിതത്തിൽ കാലം കഴിപ്പാൻ നിന്റെ ദൈവികസഹായം ഞങ്ങൾക്കയച്ചുതരണമെ. ഞങ്ങളുടെ പ്രാപ്തിക്കൊത്തവണ്ണം ഭക്ഷണത്തിൽ നിന്നൊഴിഞ്ഞുകൊണ്ട് ഇതുവരെ ഞങ്ങൾ ആചരിച്ചു. എങ്കിലും ഇതിന്റെ ശേഷം ഞങ്ങൾ അതിഭക്ഷണക്കാരും ലഹരിപ്രിയൻമാരും ആയിത്തീർന്നിട്ട് നിന്റെ വെറുപ്പും ശാപവും കൈക്കൊള്ളുവാൻ ഞങ്ങൾക്കിടയാകരുതേ. ബാറെക്മോർ.

കർത്താവേ! മാലാഖമാരെക്കൂടെയും തങ്ങളുടെ സ്ഥാനത്തുനിന്ന് തള്ളിക്കളവാൻ ഇടയാക്കിയ പ്രശംസയിൽനിന്ന് ഒഴിഞ്ഞ് വിനയത്തോടെ ജീവിപ്പാൻ ഞങ്ങൾക്ക് കൃപചെയ്യണമെ. 'ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു. ഞാനല്ലാതെ വേറെ ദൈവം നിനക്കുണ്ടാകരുത്' എന്നുള്ള കല്പനയ്ക്കെതിരായി സാത്താനെയാകട്ടെ, മറ്റ് യാതൊന്നിനെയാകട്ടെ ആശ്രയിപ്പാനിടയാകാതെ നിന്നെ മാത്രം സേവിപ്പാനും ആരാധിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. മൊറിയൊ........

**ബോവൂസൊ**

സർവ്വശക്തിയുള്ള ദൈവമായ കർത്താവേ! ഞങ്ങളുടെ ബലഹീനതമൂലം അപൂർണ്ണതയോടെ എങ്കിലും ഞങ്ങൾ ആചരിച്ച നോമ്പിന്റെ ശേഷം നിന്നെ കോപിപ്പിക്കുന്നതും വേദനപ്പെടുത്തുന്നതുമായ പാപച്ചെളിയിൽ ഉരുളാതിരിപ്പാനും കുളിച്ച പന്നി ചെളിയിൽ ഉരുളുന്നതുപോലെയും നായ് ഛർദ്ദിച്ചത് ഭക്ഷിക്കുന്നതുപോലെയും ഞങ്ങൾ ആയിത്തീരാതിരിപ്പാനും സർവ്വ തിൻമകളുടെയും അടിസ്ഥാനമാകുന്ന ദ്രവ്യാഗ്രഹത്തിൽ വീണ് കുടുങ്ങാതിരിപ്പാനും നീ ഞങ്ങളെ സഹായിച്ച് കാത്തുകൊള്ളണമെ.

## ലാസറിന്റെ ശനിയാഴ്ച

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

തന്റെ സ്നേഹിതനായ ലാസറിന്റെ ശരീരത്തിനു നാറ്റം പിടിച്ചതിന്റെ ശേഷം ജീവനുള്ള ശബ്ദത്താൽ അവനെ വിളിച്ചുയിർപ്പിച്ചവനായ മിശിഹാ! പാപത്താൽ മരിച്ച് നാറ്റം പിടിച്ചിരിക്കുന്നവരായ ഞങ്ങളെ നീ ഉയിർപ്പിക്കുകയും നിന്റെ സ്നേഹിതരെന്ന് വിളിക്കപ്പെടുവാൻ യോഗ്യരാക്കിത്തീർക്കയും ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! നിന്റെ ജീവനുള്ള ശബ്ദം ഞങ്ങളുടെ മരിച്ചുപോയവരെ വിളിച്ചുയിർപ്പിക്കയും അവർ നിന്റെ സന്നിധിയിൽ മുഖപ്രസാദം കൈക്കൊള്ളുകയും ചെയ്യുമാറാകണമെ. സ്വർഗ്ഗീയ വിരുന്നിൽ നിന്റെ സ്നേഹിതനായ ലാസറിന്റെയും അവന്റെ സഹോദരിമാരുടെയും നിന്റെ ഇഷ്ടൻമാരായ സകല പരിശുദ്ധൻമാരുടെയും നിരയിൽ നിന്നോടുകൂടെ ഇരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ. മൊറിയൊ.......



**ബോവൂസൊ**

ലാസറിനെ വിളിച്ചുയിർപ്പിച്ചതിനാൽ ഉയിർപ്പിന്റെ ശരണം ഞങ്ങൾക്കു നൽകിയവനായ കർത്താവേ! ഉയിർപ്പും ജീവനും നീ തന്നെയാകുന്നു എന്ന് കല്പിച്ചിരിക്കുന്ന പ്രകാരം നിന്നിൽ ജീവിപ്പാനും നിന്നിൽ മരിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

തങ്ങളുടെ സഹോദരന്റെ ഉയിർപ്പിനാൽ മറിയാമിനെയും മാർത്തയെയും സന്തോഷിപ്പിച്ചവനായ കർത്താവേ! പാപമോചനത്താൽ ഞങ്ങളെയും സന്തോഷിപ്പിക്കണമെ. ഞങ്ങളെയും ഞങ്ങളുടെ മരിച്ചവരെയും സന്തോഷം നിറഞ്ഞ ഉയിർത്തെഴുന്നേല്പിനും വലത്തുഭാഗത്തെ നിലയ്ക്കും യോഗ്യരാക്കിത്തീർക്കണമെ. ബാറെക്മോർ.

കർത്താവേ! മരിച്ചവനായ ലാസറിനെ നീ വിളിക്കയും അവൻ കൈകളും കാലുകളും കെട്ടപ്പെട്ടവനായി കബറിൽ നിന്ന് പുറത്തുവരികയും ചെയ്തപ്പോൾ 'അവനെ അഴിച്ചുവിടുവീൻ; അവൻ പോകട്ടെ' എന്ന് നീ പറഞ്ഞതുപോലെ ഞങ്ങളുടെ പാപബന്ധനങ്ങളെ ഞങ്ങളിൽനിന്ന് അഴിച്ച് ഞങ്ങളെ സ്വാതന്ത്ര്യരാക്കണമെ. മൊറിയൊ.......

**ബോവൂസൊ**

മരിച്ചവരെ ഉയിർപ്പിക്കുന്നവനേ! നിനക്കു സ്തുതി. ഞങ്ങളുടെ മരണത്തെ ജീവിപ്പിപ്പാൻ വന്നവനേ! നിനക്കു സ്തുതി. തന്റെ സ്നേഹിതനായ ലാസറിനെക്കുറിച്ച് കണ്ണുനീരൊഴുക്കിയവനേ! നിനക്കു സ്തുതി. നിങ്ങൾ അവനെ എവിടെ വച്ചു എന്ന് നീ ചോദിച്ചതിനാൽ ആദാമേ! നീ എവിടെ എന്ന് ചോദിച്ച പിതാവിന്റെ പുത്രൻ നീയാകുന്നുവെന്ന് കാണിച്ചവനേ! നിനക്കു സ്തുതി. എല്ലാക്കാലങ്ങളിലും എല്ലാ സമയങ്ങളിലും എന്നേക്കും ഇടവിടാതെ നിനക്കു സ്തുതി.

# ഹാശാ ആഴ്ചയിലെ പ്രാർത്ഥനക്രമം

(ഹാശാ ആഴ്ചയിൽ 'ദൈവമേ! നീ പരിശുദ്ധനാകുന്നു' എന്നാദിയായ കൗമായ്ക്കു പകരം ഈ പ്രത്യേക കൗമാകൾ ഉപയോഗിക്കുന്നു. എല്ലാ കൗമാകളിലും 'ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു' എന്നത് ചൊല്ലിയശേഷം അതാതു നേരത്തേക്കുള്ള പ്രത്യേക കൗമാ 'ദൈവമേ! നീ പരിശുദ്ധനാകുന്നു' എന്നതുപോലെ മൂന്നുപ്രാവശ്യം ചൊല്ലി കുമ്പിടുകയും അതുകഴിഞ്ഞ് 'എന്റെ കർത്താവേ! നിനക്കു സ്തുതിയും' എന്നുള്ളതും 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!' എന്നുള്ളതും ചൊല്ലേണ്ടതാകുന്നു.)

**തിങ്കളാഴ്ച സന്ധ്യമുതൽ**

ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.

തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽനിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ. (കുമ്പിടുക).

തന്റെ കഷ്ടാനുഭവത്താൽ...........ഇത്യാദി (കുമ്പിടുക).

തന്റെ കഷ്ടാനുഭവത്താൽ...........ഇത്യാദി (കുമ്പിടുക).

(എഴുന്നേറ്റു നിവർന്നുനിന്ന് കൈകൾ മലർത്തിപ്പിടിച്ചുകൊണ്ട്.)

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!................ഇത്യാദി



**ചൊവ്വാഴ്ച സന്ധ്യമുതൽ**

രക്ഷിതാവേ! നിന്റെ കഷ്ടാനുഭവത്തിൽ ദുഃഖം അനുഭവിച്ച സഭ നിന്റെ ഉയിർത്തെഴുന്നേൽപ്പിൽ സന്തോഷിക്കയും അതിന്റെ പ്രജകൾ നിന്നിൽനിന്ന് പാപപരിഹാരം കൈക്കൊള്ളുകയും ചെയ്യുമാറാകണമെ.

**ബുധനാഴ്ച സന്ധ്യമുതൽ**

നിന്നെ കൊല്ലുന്നതിന് ഒരുമ്പെട്ട ജനങ്ങൾ നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും നിന്നിലും നിന്റെ കഷ്ടാനുഭവങ്ങളിലും ഏറ്റുപറഞ്ഞ ജനങ്ങൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കയും ചെയ്യുമാറാകണമെ.

**വ്യാഴാഴ്ച സന്ധ്യമുതൽ**

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോടു കരുണചെയ്യണമെ.

**ദുഃഖവെള്ളിയാഴ്ച സന്ധ്യക്കും**
**സൂത്താറായ്ക്കും**

തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽനിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ! ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ.

**ദുഃഖവെള്ളിയാഴ്ച പാതിരാത്രിയുടെ**

കഷ്ടതയോടും മനോവേദനയോടും കൂടെ നീ കഴിച്ച പ്രാർത്ഥനമൂലം ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ.

### രണ്ടാം കൗമായ്ക്ക്

ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തേക്കു നിന്നെ നടത്തിയതായ സ്നേഹം നിമിത്തം ന്യായവിസ്താരത്തിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കാതെയും ഞങ്ങളുടെ കുറ്റങ്ങളെ ഓർക്കാതെയും ഇരിക്കണമെ.

### മൂന്നാം കൗമായ്ക്ക്

തന്റെ ന്യായവിസ്താരത്താൽ ശിക്ഷാവിധിയെ നീക്കിക്കളഞ്ഞവനായ മിശിഹാ! ഞങ്ങളെ ന്യായവിസ്താരത്തിലേക്ക് പ്രവേശിപ്പിക്കാതെയും ഞങ്ങളുടെ കുറ്റങ്ങളെ ഓർക്കാതെയും ഇരിക്കണമെ.

### നാലാം കൗമായ്ക്ക്

ന്യായവിസ്താരത്തിൽ തന്റെ ദാസനിൽനിന്ന് അടികൊണ്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താരദിവസത്തിൽ കൃപയോടെ ഞങ്ങളോടു കരുണ ചെയ്യണമെ.

### മാലാഖമാരുടെ സ്തുതിപ്പിന്റെ അവസാനത്തിൽ

നിന്നെ ഉപേക്ഷിച്ച ശെമഓന്റെ കുറ്റങ്ങളെ നീ പരിഹരിച്ചതുപോലെ നിന്നിൽ സങ്കേതം പ്രാപിച്ചിരിക്കുന്നവനായ എന്നോടു കരുണ ചെയ്യണമെ.

### ദുഃഖവെള്ളിയാഴ്ച പ്രഭാതപ്രാർത്ഥനയുടെ ആദിയിലും അവസാനത്തിലും

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും ഞങ്ങളെ രക്ഷിച്ചവനായ മിശിഹായെ ഈ പ്രഭാതസമയത്ത് ഞങ്ങൾ സ്തോത്രം ചെയ്ത് വന്ദിക്കുന്നു.



### ദുഃഖവെള്ളിയാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥനയുടെ ആദിയിൽ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താരനാളിൽ കൃപയോടെ ഞങ്ങളോടു കരുണചെയ്യണമെ.

### ദുഃഖവെള്ളിയാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥനയുടെ അവസാനത്തിൽ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ അടിക്കപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താരനാളിൽ കൃപയോടെ ഞങ്ങളോടു കരുണചെയ്യണമെ.

### ദുഃഖവെള്ളിയാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥനയുടെ ആദിയിൽ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ആക്ഷേപിക്കപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താരനാളിൽ കൃപയോടെ ഞങ്ങളോടു കരുണചെയ്യണമെ.

### ദുഃഖവെള്ളിയാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥനയുടെ അവസാനത്തിൽ

കർത്താവേ! നിന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ ആ കള്ളനെപ്പോലെ കരുണയോടെ ഞങ്ങളെയും ഓർക്കണമെ.

### ദുഃഖവെള്ളിയാഴ്ച ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയുടെ ആദിയിൽ

കുരിശിൽ തൂക്കിയ പട്ടണത്തെ തന്റെ സ്ക്കീപ്പായാൽ നിർമ്മൂലമാക്കിയവനായ മിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയും അഭയസ്ഥാനവും ആയിരിക്കണമെ.

## ദുഃഖവെള്ളിയാഴ്ച ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയുടെ അവസാനത്തിൽ

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ മിശിഹാ! ഞങ്ങളുടെ മരിച്ചുപോയവരെ ഉയിർപ്പിക്കുകയും ഞങ്ങളോടു കൃപയുണ്ടാകുകയും ചെയ്യണമെ.

## അറിയിപ്പിന്റെ ശനിയാഴ്ച സന്ധ്യ മുതൽ ആ ദിവസത്തിന്റെ അവസാനംവരെ

തന്റെ കബറടക്കത്താൽ കബറിലെ നാശത്തെ നീക്കിയവനായ മിശിഹാ! ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച് ഞങ്ങളുടെ കബറടക്കപ്പെട്ടവരെ ഉയിർപ്പിക്കണമെ.

(ഹാശായുടെ ഏതെങ്കിലും ദിവസങ്ങളിൽ പാതിരാത്രി പ്രാർത്ഥനയ്ക്കും പ്രഭാതപ്രാർത്ഥനയ്ക്കും പ്രത്യേക കൗമാ ഇല്ലാത്തപ്പോൾ ഉപയോഗിക്കേണ്ടിവന്നാൽ ഇതു ചൊല്ലാം.)

തന്റെ കഷ്ടാനുഭവത്താലും താഴാഴ്മയാലും ഞങ്ങളെ രക്ഷിച്ചവനായ മിശിഹായെ ഈ രാത്രിസമയത്ത് (പ്രഭാതസമയത്ത്) ഞങ്ങൾ സ്തോത്രം ചെയ്ത് വന്ദിക്കുന്നു.

## അറിയിപ്പിന്റെ ശനിയാഴ്ച കുർബാനയ്ക്ക്

(ദൈവമേ! നീ പരിശുദ്ധനാകുന്നു.......എന്നതിനു പകരം)

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ മിശിഹാ! ഞങ്ങളുടെ മരിച്ചവരെ ഉയിർപ്പിച്ചു ഞങ്ങളോടു കരുണചെയ്യണമെ.

## ദുഃഖവെള്ളിയാഴ്ച സ്ലീബാവന്ദനവിന്റെ സമയത്ത് ചൊല്ലേണ്ടത്

ഞങ്ങളുടെ ആത്മാക്കൾക്ക് അതിനാലെ രക്ഷയുണ്ടായിരിക്കുന്ന സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു. മിശിഹാതമ്പുരാനേ! നീ എഴുന്നള്ളുമ്പോൾ ഞങ്ങളെ ഓർക്കണമെ എന്ന് ആ കള്ളനോടുകൂടെ ഞങ്ങൾ പറയുന്നു.



# സന്ധ്യാപ്രാർത്ഥന

(ഓശാന ഞായറാഴ്ച അസ്തമിച്ചുള്ള ഹാശായുടെ തിങ്കളാഴ്ച സന്ധ്യയ്ക്കു മാത്രം ഈ താഴെയുള്ള പ്രാർത്ഥന ആരംഭിക്കുന്നതിനുമുമ്പ് നിത്യപ്രാർത്ഥനയിൽ 45-ാം വശത്തുള്ള ഒമ്പതാം മണിനേരത്തെ പ്രാർത്ഥന നിവർത്തിച്ചുകൊള്ളണം. )

ആരംഭവും ഹാശായുടെ കൗമായും ചൊല്ലിയതിന്റെ ശേഷം.

കൗമാ 153-ാം വശം മുതൽ നോക്കുക.

51-ാം മസുമൂറാ 4-ാം വശത്ത്.

തന്റെ തിരുവിഷ്ടത്തോടെ കഷ്ടതയിലേക്കു വന്നവനും തന്റെ സ്ലീബായാൽ ലോകത്തിനു രക്ഷയുണ്ടാക്കിയവനുമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ.

ഊർശ്ലേമിൽ തന്റെ കഷ്ടതകളെ കാണുമെന്ന് ശ്ലീഹൻമാരോടു മുമ്പുകൂട്ടി അറിയിച്ചവനായ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ.

സർവ്വശക്തനായിരിക്കുമ്പോൾ തിരുവിഷ്ടത്തോടെ മനുഷ്യനായിത്തീർന്ന കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ബാറെക്മോർ.

പാപപരിഹാരം നൽകുന്ന ബലിയായിത്തീരുകയും തന്റെ പിതാവിനെ ലോകത്തോടു നിരപ്പാക്കുകയും ചെയ്തവനായ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. കുറി....

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലൊ.......... ഇത്യാദി 6-ാം വശത്ത്.

**എനിയോനൊ**

രക്ഷിതാവായ യേശുവേ! കഷ്ടതയനുഭവിപ്പാനും മരിപ്പാനുമായിട്ട് താഴ്മയോടെ വന്നു ഞങ്ങളെ രക്ഷിച്ചതിനാൽ നിനക്കു സ്തുതി. നിന്നെ അയച്ച പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

മരിക്കയും ജീവിക്കയും മരണമുള്ളവരെ ജീവിപ്പിക്കയും ചെയ്തവനായ ജീവനുള്ളവനും മരണമില്ലാത്തവനുമായ കർത്താവേ! നിനക്കു സ്തുതി.

തന്റെ സഭയ്ക്കുവേണ്ടി ജഡത്തിൽ കഷ്ടതയനുഭവിച്ചവനായ കർത്താവേ! നിന്റെ സഭയിൽനിന്ന് വേദവിപരീതങ്ങളെയും തർക്കങ്ങളെയും നീക്കിക്കളയണമെ. ബാറെ....

തന്റെ സാദൃശ്യം നശിച്ചുപോകാതിരിപ്പാൻ വേണ്ടി തന്നെത്തന്നെ താഴ്ത്തി കഷ്ടതകൾ അനുഭവിച്ചവനായ അത്യുന്നതനു സ്തുതി. സ്തൗമെൻകാലോസ്.......

**കോലോകൾ**

മിശിഹാ നമ്മുടെ വ്രണങ്ങളെ സുഖപ്പെടുത്തുവാൻ ഇറങ്ങിവന്ന വൈദ്യനാകുന്നു. അവൻ ചെയ്ത സഹായങ്ങൾക്കു പകരം അവനെ അപമാനിക്കയും അവന്റെ അദ്ധ്വാനങ്ങൾക്കു പകരം അവനെ കൊല്ലുകയും ചെയ്തു. അവനെ കഷ്ടപ്പെടുത്തിയവരുടെ മേൽ ദീർഘക്ഷമയോടിരിക്കുന്നവനായ കരുണയുള്ളവനു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രൻ ഇസ്രായേൽ എന്ന മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ അടുക്കൽ ഇറങ്ങിവന്ന് വിശ്വാസം, നീതി, സത്യം എന്ന ഫലങ്ങൾ അവരോട് ആവശ്യപ്പെട്ടു. അവർ അവനോട് എതിർത്തുനിന്ന് അവനെ കൊല്ലുവാൻ ആലോചന ചെയ്തു. അവന്റെ നീതിക്കു സ്തുതിയുണ്ടായിരിക്കട്ടെ. മൊറിയൊ..............

**വീണ്ടും കോലോകൾ**

അത്യുന്നതൻ തന്റെ പെരുമയെ താഴ്ത്തി ഇറങ്ങിവന്നപ്പോൾ ദുഷ്ടമനുഷ്യർ അവനെ വചനത്തിൽ അകപ്പെടുത്തുവാൻ ശ്രമിച്ചു. കുറെ അപ്പംകൊണ്ട് അവൻ അനേകംപേരെ തൃപ്തിപ്പെടുത്തിയതിനു പകരം അവർ അവനു കൈപ്പു കൊടുത്തു. സകലത്തിന്റെയും ന്യായാധിപതിയായുള്ളവനെ അവർ വിസ്തരിച്ച് മരണശിക്ഷയ്ക്കു വിധിച്ചു. 'നിങ്ങൾ അന്വേഷിക്കുന്നവൻ ഞാൻ തന്നെയാകുന്നു.' എന്ന് പറഞ്ഞ് തന്റെ മഹാശക്തിയെ വെളിപ്പെടുത്തിയിട്ടും അവരുടെ



അസൂയയ്ക്കും അഹങ്കാരത്തിനും കുറവുവന്നില്ല. അവരെ സഹിച്ചവനായ കർത്താവിന് സ്തുതി. ബാറെക്മോർ.

നമ്മെ പറുദീസായിലേക്കു തിരികെവരുത്താൻവേണ്ടി തന്നെത്തന്നെ താഴ്ത്തുകയും കഷ്ടതകളും മരണവും സഹിക്കുകയും മുഖത്തു തുപ്പലേല്ക്കുകയും ചെയ്തവനെ നാം വന്ദിക്കണം. ദൈവമേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുവാനും നിന്റെ ഉയിർപ്പിൽ ആനന്ദിപ്പാനും നിന്റെ രാജ്യം അവകാശിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. നിന്റെ കൃപയാൽ ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കണമെ. ഞങ്ങളുടെ മലിനതകളെയെല്ലാം തുടച്ചുവെടിപ്പാക്കയും ചെയ്യണമെ.

**ബോത്തെദ്ഹാശോ**

(കൂടി നമസ്ക്കരിക്കുമ്പോൾ ഒരാളോ, രണ്ടുപേരോ ഇതു ചൊല്ലുകയും ശേഷംപേർ കേട്ട് ധ്യാനിച്ചുകൊണ്ട് ഇതുമുതൽ ഇതിന്റെ ശേഷമുള്ള ബോവൂസൊ അവസാനിക്കുന്നതുവരെ കുമ്പിടുകയും ചെയ്യേണ്ടതാകുന്നു. ബോവൂസൊയിൽ ആലോഹൻ റാഹേമേലൈൻ എന്നുള്ളത് എല്ലാവരും കൂടി ചൊല്ലണം. എല്ലാ കൗമയുടെയും ഈ സ്ഥാനത്ത് ഇങ്ങനെ ചെയ്തുകൊള്ളണം.)

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

സഹോദരൻമാരേ! ഒരിക്കലും വേർപെടാതെ തന്റെ പിതാവിനോടു കൂടിയിരിക്കുന്ന ഏകപുത്രനെ നാം സ്തോത്രം ചെയ്യണം. അവൻ നമുക്കുവേണ്ടി തന്നെത്തന്നെ താഴ്ത്തുകയും കഷ്ടതകളെ സഹിക്കുകയും ചെയ്തു. അവന്റെ കഷ്ടതയിൽ നാമെല്ലാവരും കഷ്ടതയെ ധരിക്കണം.

വിശ്വാസമെന്ന ഫലം നൽകേണ്ട അവസരത്തിൽ അശുദ്ധൻമാർ മുന്തിരിത്തണ്ടിനെക്കൂടെ നശിപ്പിച്ചു. മുന്തിരിത്തോപ്പിന്റെ ഉടമസ്ഥന്റെമേൽ മരണക്കുറ്റത്തെ ആരോപിച്ചു. ഒരു മനുഷ്യൻ മരിക്കുന്നതു കൊള്ളാമെന്ന് കയ്യാപ്പാ അവനെക്കുറിച്ച് ദീർഘദർശനം പറയുകയും ചെയ്തു.

ദൈവപുത്രന്റെ കഷ്ടാനുഭവത്തെയും കൊലയുടെ ചരിത്രത്തെയുംകുറിച്ച് പറയുന്നത് അവനെ സ്നേഹിക്കുന്നവർക്കു ജീവന്റെ തുറമുഖത്ത് ചെന്നുപറ്റിയതുപോലെയാകുന്നു. അക്രമിയാൽ അടിമയാക്കപ്പെട്ടവർ ഈ മഹാരാജാവിന്റെ കഷ്ടപ്പാടുമൂലം സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു.

ദൈവപുത്രൻ തന്റെ സാക്ഷാലുള്ള സ്ഥിതിയിൽ വന്നിരുന്നെങ്കിൽ അവന്റെ നേരെ നില്പാനും അവനോടെതിർപ്പാനും ആർക്കു കഴിയുമായിരുന്നു. നമുക്കുവേണ്ടി ജഡത്തിൽ കഷ്ടതയനുഭവിപ്പാൻ അവന് ഇഷ്ടം തോന്നിയതുകൊണ്ട് എല്ലാവന്റെയും രക്ഷയ്ക്കുവേണ്ടി അവൻ മരണം അനുഭവിച്ചു.

അവൻ തന്റെ സ്നേഹം മൂലം നമ്മുടെ ബലഹീനാവസ്ഥയെ ധരിച്ചതിനാൽ അവന്റെ കൂടെ കഷ്ടപ്പെടുവാൻ നമുക്കു താൽപര്യമുണ്ടായിരിക്കണം. നാം അവന്റെ കഷ്ടതയെ ധരിച്ചുകൊണ്ട് അവനോടു പാപമോചനത്തെ യാചിക്കണം. അവൻ തന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു കൃപയോടെ നമുടെ യാചനകളെ നൽകും. അദൃശ്യനായ പിതാവിനു സ്തുതി. നമുക്കുവേണ്ടി കഷ്ടതയനുഭവിച്ച പുത്രനു വന്ദനം. ജീവൻ നൽകുന്ന റൂഹായ്ക്കു സ്തോത്രം. അവൻ മൂന്നു ക്നൂമാകളും മൂന്നു നാമങ്ങളും ഏക ദൈവവുമാകുന്നു. അവന് എന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ.



കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ........

(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക.)

മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു.

**ബോവൂസൊ**

കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മിശിഹാ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ.

ആലോഹൻ റാഹേമേലൈൻ കുറിയേലായിസ്സോൻ

(അർത്ഥം- ദൈവമേ! ഞങ്ങളോടു കരുണചെയ്യണമെ.)

കുറ്റക്കാരനായ ആദാമിനുവേണ്ടി നീ എത്രയധികം താഴ്മപ്പെട്ടു എന്ന് പറവാൻ കഴിയുന്നവനാരുണ്ട്. ഇസ്രായേൽക്കാർക്ക് നീ പാറയിൽനിന്ന് വെള്ളം കൊടുത്തു. അവർക്കു ഭക്ഷിപ്പാൻ മന്നായും കാടപ്പക്ഷിയും കൊടുത്തു. നീ ദൈവപുത്രനാകുന്നു എന്ന് വചനങ്ങളാലും പ്രവൃത്തികളാലും നീ അവർക്കു തെളിയിച്ചു. ആലോഹൻ..........

അവരോ നിന്നെ ദ്വേഷിക്കയും കുറ്റമില്ലാത്തവനായ നിന്നെ മരണത്തിനേല്പിക്കയും ദുഷ്പ്രവൃത്തിക്കാരായ കള്ളൻമാരോടുകൂടെ നിന്നെ കുരിശിൽ തറയ്ക്കയും ചെയ്തു. നിന്റെ കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി ന്യായമായപ്രകാരം നിന്നെ സ്തോത്രം ചെയ്വാൻ കഴിയുന്നവൻ ആരുണ്ട്. ആലോഹൻ........

ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്താൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. മാലാഖമാരും മനുഷ്യരും നിന്റെ താഴ്മയുടെ ബഹുത്വത്തെക്കുറിച്ച് അത്ഭുതപ്പെട്ടു. ആലോഹൻ..............

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക.)

**ആദ്യത്തെ നിറുത്ത്**

തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽനിന്ന് ഉയിർപ്പിക്കുന്ന പുത്രൻ ഉയിർപ്പുദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു. ആലോഹൻ.......

**അവസാനത്തെ നിറുത്ത്**

മരിച്ചവരെ കബറുകളിൽനിന്നുയിർപ്പിക്കയും ഉയിർപ്പുദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കയും ചെയ്യുന്നവനേ! നിനക്കു സ്തുതി. ആലോഹൻ..........

(പെസഹാവ്യാഴാഴ്ചയ്ക്കും ദുഃഖവെള്ളിയാഴ്ചയ്ക്കും അറിയിപ്പിന്റെ ശനിയാഴ്ചയ്ക്കും സന്ധ്യാപ്രർത്ഥനയ്ക്ക് പ്രത്യേകമുള്ള പ്രാർത്ഥന ഇവിടെ ചേർത്തു ചൊല്ലുക.)

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!................ ഇത്യാദി 11-ാം വശത്ത്.

ഹാശായുടെ കൗമാ 153-ാം വശം മുതൽ നോക്കുക.



# സൂത്താറാ പ്രാർത്ഥന

ആരംഭവും, ഹാശായുടെ കൗമായും ചൊല്ലിയതിന്റെ ശേഷം (കൗമാ 153-ാം വശം മുതൽ)

**കോലോകൾ**

കർത്താവേ! നിന്റെ കഷ്ടാനുഭവം ഞങ്ങളുടെ കഷ്ടതകളെ നീക്കിക്കളയുന്നതും നിന്റെ താഴ്മ ഞങ്ങളെ ഉയർത്തുന്നതും നിന്റെ ദുഃഖം ഞങ്ങളുടെ ദുഃഖങ്ങളെ മാറ്റുന്നതും ആയിരിക്കണമെ. നിന്റെ പെസഹായാൽ നിരപ്പും സമാധാനവും ആനന്ദവും ഞങ്ങൾക്കു വർദ്ധിക്കുമാറാകണമെ. നിന്റെ സ്കീപ്പാ വലത്തുഭാഗത്തെ മഹത്വമുള്ള നിരയിലേക്കു ഞങ്ങളെ കൊണ്ടുപോകുന്നതായിരിക്കണമെ. നിന്റെ മരണത്താൽ ഞങ്ങളെ ജീവിപ്പിക്കണമെ. നിന്റെ ഉയിർപ്പിനാൽ ഞങ്ങളെ ശുദ്ധീകരിക്കയും ചെയ്യണമെ. ബാറെ.......

കർത്താവേ! സ്ലീബായുടെ കഷ്ടതകളെ അനുഭവിക്കുന്നതിന് നിന്റെ ഇഷ്ടത്തോടെ നീ ഇറങ്ങിവരികയും ദുഷ്ടൻ കീഴ്പെടുത്തിയ ഞങ്ങളുടെ ബലഹീനവർഗ്ഗത്തിനുവേണ്ടി യൂദൻമാരിൽനിന്ന് ആക്ഷേപം അനുഭവിക്കയും ചെയ്തതിനാൽ ദീർഘദർശനവചനങ്ങളെല്ലാം നിവൃത്തിയായതുകൊണ്ട് നിബിയൻമാരുടെ കൂട്ടമൊക്കെയും സന്തോഷിക്കുന്നു. ദൈവപുത്രാ! നീ ചെയ്ത സർവ്വരക്ഷകൾക്കും വേണ്ടി നിന്നെ സ്തുതിപ്പാൻ ഞങ്ങളുടെ നാവുകൾക്ക് പ്രാപ്തി പോരാ. ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി കരയുവാൻ ഞങ്ങൾക്ക് കണ്ണുനീരുകളും പോരാ. ന്യായപ്രകാരം നിന്റെ അനുകൂലം ഞങ്ങളിലുണ്ടാകുവാൻ മാർഗ്ഗവും കാണുന്നില്ല. ആയതുകൊണ്ട് നിന്റെ കരുണയിൽ മാത്രം ഞങ്ങൾ ആശ്രയിക്കുന്നു. നീ ഞങ്ങളെ തള്ളിക്കളയരുതെ.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

സത്യത്തിന്റെ മണവാളനായ യേശു അവന്റെ വിരുന്നിലേക്കു നമ്മെ ക്ഷണിച്ചു. നാം ജാഗരണം, നോമ്പ്, പ്രാർത്ഥന, സ്നേഹം, സമാധാനം മുതലായ നല്ല വസ്ത്രങ്ങളെ ധരിച്ചുകൊണ്ട് അവന്റെ കൂടെ സന്തോഷിക്കണം.

അവന്റെ കഷ്ടാനുഭവത്തിന്റെ ഓർമ്മയിൽ നാം ഉറക്കമൊഴിഞ്ഞ് പ്രാർത്ഥിക്കണം. മടിയൻമാരായിരിക്കരുത്. ബുദ്ധിയില്ലാത്ത കന്യകമാർക്കു നാം തുല്യരായിത്തീർന്നിട്ട് മണവറയ്ക്കു പുറത്തു തള്ളപ്പെടുവാൻ ഇടയാകാതെ കരുതുകയും വേണം.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ.........

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറി ചൊല്ലേണ്ടുംവിധം 162-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരുമാറാകണമെ. ആലോഹൻ...........

കർത്താവേ! നിന്നാൽ ഞങ്ങളുടെ ദീപയഷ്ടികൾ പ്രകാശിക്കയും ഞങ്ങളുടെ ആത്മാക്കൾ അലങ്കരിക്കപ്പെടുകയും ചെയ്യുമാറാകണമെ. നിന്റെ കരുണയാൽ നിന്നോടുകൂടെ ഞങ്ങൾ മണവറയിൽ സന്തോഷിക്കയും ചെയ്യുമാറാകണമെ. ആലോ......



ഞങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോയിട്ട് മണവാളൻ വരുമ്പോൾ ബുദ്ധിയില്ലാത്ത സ്ത്രീകളെപ്പോലെ വാതിലിനു പുറത്തു തള്ളപ്പെടുമാറാകരുതെ. കർത്താവേ! നിന്നാൽ ഞങ്ങളുടെ പാപങ്ങൾ പരിഹരിക്കപ്പെടുകയും ഞങ്ങളുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുകയും ബുദ്ധിയുള്ള കന്യകമാരെപ്പോലെ ദീപയഷ്ടികൾ പ്രകാശിപ്പിച്ചുകൊണ്ട് നിന്നെ എതിരേൽക്കുകയും ചെയ്യുമാറാകണമെ. ആലോഹൻ.........

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരുമാറാകണമെ. ആലോഹൻ.............

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ചമാത്രം താഴെകാണുന്ന പ്രകാരം ചൊല്ലുക.)

**ആദ്യത്തെ നിറുത്ത്**

തന്റെ മരണത്താൽ ഞങ്ങളെ അടിമത്വത്തിൽനിന്നും വിടുർത്തിയവനായ പുത്രൻ തമ്പുരാനേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾക്കുവേണ്ടി മരിച്ചവനായ മിശിഹാ! ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും പാപപരിഹാരം നൽകണമെ.

(അവസാനത്തെ നിറുത്തും ഇതുപോലെ ചൊല്ലുക.)

കുറിയേലായിസ്സോൻ, കുറിയേ......കുറിയേ.........

ബാറെക്മോർ, അത്യുന്നതന്റെ മറയിൽ........ഇത്യാദി 13-ാം വശത്ത്.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, മെനഓലം വാദാമൊലഓലം ഒൽമ്മീനാമ്മീൻ.

മഹോന്നതന്റെ മറയിൽ.......ഇത്യാദി 15-ാം വശത്ത്.

കർത്താവിന്റെ ബഹുമാനം.....ഇത്യാദി കൗമായ്ക്കുപകരം അതാതു ദിവസത്തേക്കുള്ള ഹാശായുടെ കൗമാ ചൊല്ലിക്കൊള്ളണം.

സ്വർഗ്ഗസ്ഥനായ പിതാവേ!......ഇത്യാദി വിശ്വാസപ്രമാണം 17-ാം വശത്ത്.

കുറിയേ, കുറിയേ, കുറിയേ.......ഇത്യാദി 18-ാം വശത്ത്

# പാതിരാത്രിയുടെ പ്രാർത്ഥന

## ഒന്നാം കൗമാ

ആരംഭവും, ഹാശായുടെ കൗമായും ചൊല്ലിയതിന്റെ ശേഷം. കൗമാ 153-ാം വശത്ത്.

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ!....... ഇത്യാദി 19-ാം വശത്ത്.

ബാറെക്മോർ, രാത്രികാലങ്ങളിൽ...........ഇത്യാദി 20-ാം വശത്ത്.

### എനിയോനൊ

ആദാമിനെ പറുദീസായിലേക്കു തിരികെ വരുത്തുവാൻ കഷ്ടത സഹിക്കുന്നതിന് മനസ്സുവച്ചവനായ സകലത്തിന്റെയും ഉടയവനായ കർത്താവേ! നിനക്കു സ്തുതി.

സൊപ്രേൻമാരുടെ രോഗികളെ സുഖമാക്കിയതിനു പകരം അവർ അവനു സ്ക്കീപ്പായും മരണവും ഒരുക്കിയതിനെ തിരുമനസ്സോടെ അനുഭവിച്ചവനായി സകലത്തിന്റെയും ഉടയവനായ കർത്താവേ! നിനക്കു സ്തുതി.

തന്റെ കഷ്ടതയിൽ ഞങ്ങൾ കഷ്ടപ്പെടുവാനും തനിക്കു സ്തുതിപാടുവാനുമായിട്ട് ഞങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ടവനായി സകലത്തിന്റെയും ഉടയവനായ കർത്താവേ! നിനക്കു സ്തുതി. ബാറെക്മോർ.

ശരീരം ധരിച്ചവനായ ദൈവമേ! നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങൾ രക്ഷപ്പെട്ടിരിക്കുന്നു. നിന്റെ വിലയേറിയ രക്തത്താൽ ഞങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നു. സകലത്തിന്റെയും ഉടയവനേ! നിനക്കു സ്തുതി. കുറിയേ......



### എക്ക്ബൊ

അവൻ സൃഷ്ടിച്ചുണ്ടാക്കിയ വായ്കൊണ്ട് അവനെ മഹത്വപ്പെടുത്തുന്നതിനു പകരം അവന്റെ മുഖത്തു തുപ്പുകയും അവൻ പിശാചുക്കളെ പുറത്താക്കിയപ്പോൾ അതു ബെത്സ്ബൂബിനെ കൊണ്ടാണെന്നു പറകയും അവനെ മരണശിക്ഷയ്ക്കു വിധിപ്പാൻ കള്ളസാക്ഷി പറയിക്കയും ചെയ്തതിനെക്കുറിച്ച് അവരെ കോപത്തോടെ നശിപ്പിക്കാതെ ദീർഘക്ഷമയോടെ ഇരിക്കുന്നവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. കുറിയേ.....കുറിയേ........കുറിയേ....

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഇത്യാദി 22-ാം വശത്ത്.

### കോലോകൾ

സകലത്തിന്റെയും ഉടയവൻ നമുക്കുവേണ്ടി കൊല്ലപ്പെട്ടിരിക്കുന്നതിനെ ഓർത്താൽ കണ്ണുനീരൊഴുക്കാതെ ഇരിപ്പാൻ ആർക്കു കഴിയും. പാപികളെ രക്ഷിക്കുന്നവൻ ന്യായം വിസ്തരിക്കപ്പെട്ടു. അബ്രഹാമിന്റെ പുത്രൻ അബ്രഹാമിന്റെ പുത്രൻമാരിൽനിന്ന് ആക്ഷേപവും കഷ്ടതകളും സഹിച്ചു. വഴിതെറ്റിൽനിന്ന് ഞങ്ങളെ രക്ഷിപ്പാനായിട്ട് കഷ്ടതയനുഭവിച്ചു. കർത്താവേ! ഹൃദയപൂർവ്വമായി നിന്നെ സ്തുതിപ്പാൻ ഞങ്ങൾക്കു കൃപ നൽകണമെ. ബാറെക്മോർ.

രക്ഷിതാവേ! നിന്റെ ആത്മീയ മണവറയിൽ പുതിയ ജീവനിൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ. നിന്റെ പെസഹായ്ക്കും ഉയിർത്തെഴുന്നേല്പിനും ഞങ്ങളെ കൊണ്ടുചെന്നടുപ്പിക്കണമെ. നിന്റെ പിതാവിന്റെ മുമ്പിൽ ഞങ്ങളെ നീ ഏറ്റുപറയണമെ. ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്ത് ഞങ്ങളുടെ പാപക്കറകളെ കഴുകിക്കളയണമെ. ഞങ്ങളുടെ നേരെയുള്ള നിന്റെ സ്നേഹം എത്ര വലിയതാകുന്നു.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

സൃഷ്ടികളുടെ ഉടമസ്ഥൻ ഹാവായുടെ ശാപം നീക്കുവാനായിട്ട് തന്റെ സ്ഥാനത്തു നിന്നിറങ്ങിവന്ന് മനുഷ്യനായിത്തീരുകയും നമ്മുടെ അടിമത്വം നീക്കുന്നതിനായിട്ട് അവന്റെ കൈകളിലും കാലുകളിലും ആണി തറയ്ക്കുകയും വിലാവിൽ കുന്തം കൊണ്ട് കുത്തുകൊള്ളുകയും കവിളത്ത് അടികൊള്ളുകയും ചെയ്തു. അല്പമായ അപ്പം കൊണ്ട് വളരെ കൂട്ടങ്ങളെ തൃപ്തിപ്പെടുത്തിയ അത്ഭുതത്തെയും അവൻ ചെയ്തിട്ടുള്ള മറ്റനേക അത്ഭുതങ്ങളെയും നൻമകളെയും ത്യജിച്ചുകൊണ്ട് അവൻ മരണത്തിനു യോഗ്യനാകുന്നു എന്ന് അവന്റെ ജനങ്ങൾ അട്ടഹസിച്ചു. അവന്റെ ദാഹത്തിന് അവർ ചൊറുക്കാ കൊടുത്തു. ദീർഘകാലം രക്ഷകനില്ലാതെ കിടന്നിരുന്ന അടിമയെ അവൻ സ്വതന്ത്രമാക്കി എന്നുള്ളത് അവർ തിരിച്ചറിഞ്ഞില്ല.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളെ ന്യായംവിസ്തരിക്കുന്നതിന് പ്രവേശിക്കരുതെ. മൊറിയൊ........

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറിച്ചൊല്ലേണ്ടും വിധം 162-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരുമാറാകണമെ. ആലോഹൻ.........



രക്ഷിതാവായ മിശിഹാ ആദാമിനുവേണ്ടി കഷ്ടതകളും മരണവും അനുഭവിക്കത്തക്കവണ്ണം അവനെ സ്നേഹിച്ചതിനാൽ അവനുവേണ്ടി അഹങ്കാരികളിൽനിന്ന് അനുഭവിച്ച ഞെരുക്കങ്ങൾക്ക് എണ്ണമില്ല. അവൻ കുഷ്ഠരോഗികളെ ശുദ്ധീകരിക്കുകയും ചെകിടരെ കേൾക്കുമാറാക്കുകയും ഊമരെ സംസാരിക്കുമാറാക്കുകയും കുരുടൻമാർക്കു കാഴ്ച കൊടുക്കുകയുമത്രെ ചെയ്തത്. ആലോഹൻ..........

യൂദൻമാർ അവന്റെ സ്നേഹത്തിനു പകരം ആക്ഷേപവും പരിഹാസവും അടികളും ഞെരുക്കങ്ങളും മുൾക്കിരീടവും അത്രെ കൊടുത്തത്. സ്വർഗ്ഗത്തിൽ മാലാഖമാർ ഇടവിടാതെ സ്തുതിക്കയും അവന്റെ നേരെ നോക്കുവാൻ ഭയപ്പെടുകയും ചെയ്യുന്ന ദൈവപുത്രനെ ആചാര്യൻമാർ ദുഷിക്കുന്നു. സൊപ്രേന്മാർ ആക്ഷേപിക്കുന്നു. ആലോഹൻ..........

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമെ. ആലോഹൻ.......

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച മാറിച്ചൊല്ലേണ്ടും വിധം 163-ാം വശം നോക്കുക.)

**രണ്ടാം കൗമാ**

ഹാശായുടെ കൗമാ എടുത്ത് ചൊല്ലുക 153-ാം വശം മുതൽ.

**എക്ക്ബൊ**

ഞങ്ങൾക്കുവണ്ടി കഷ്ടതകളും മരണവും അനുഭവിക്കയും മരണത്താലും സ്ക്കീപ്പായാലും ഞങ്ങളെ രക്ഷിക്കയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ!

നീ ഞങ്ങളുടെ സങ്കേതസ്ഥലവും ആശാബന്ധവും ബല മുള്ള കോട്ടയും ആകുന്നു. നിന്നിൽ ശരണം പ്രാപിക്കുന്ന വൻ ഒരിക്കലും ലജ്ജിക്കയില്ല. കുറിയേ........കുറിയേ........കുറി യേ........ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യ ണമെ. ഇത്യാദി 22-ാം വശത്ത്.

**കോലോകൾ**

സകലത്തെയും വിധിക്കുന്നവനായ നീ ദുഷ്ടൻമാരുടെ മുമ്പാകെ വിധിക്കപ്പെട്ടതും കുറ്റം കൂടാതെ നീ മരണശി ക്ഷയ്ക്ക് ഏല്പിക്കപ്പെട്ടതും നീ കുരിശുമരത്തിൽ തൂങ്ങി ക്കിടക്കുന്നതും ഓർക്കുകയോ കാണുകയോ ചെയ്താൽ കണ്ണുനീരൊഴുക്കാത്തവൻ ആരാകുന്നു. മിശിഹാതമ്പുരാനേ! നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതി. ബാറെക്മോർ.

നിങ്ങളിലൊരുവൻ സാത്താനാകുന്നുവെന്നും അവൻ എന്നെ യൂദൻമാരുടെ കൈയിൽ ഏല്പിക്കുമെന്നും മൂന്നാം ദിവസം ഞാൻ ഉയിർക്കുമെന്നും തന്റെ ശിഷ്യൻമാരോടു പറ ഞ്ഞവനായ കർത്താവേ! നിന്റെ ശിഷ്യസ്ഥാനത്തുനിന്ന് ഞങ്ങൾ വേർപിരിഞ്ഞ് സാത്താനു കൂട്ടാളികളാകാതിരിപ്പാൻ ഞങ്ങളെ കാത്തുകൊള്ളണമെ.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാ നുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

കർത്താവേ! എത്ര വായ്കളും എത്ര നാവുകളും കൂടി യാലും നിന്റെ താഴ്മയെക്കുറിച്ച് വിവരിപ്പാൻ കഴിയുന്നതല്ല. പാപികൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനായിട്ട് നിന്റെ പിതാവ് നിന്നെ അയച്ചതിനെ ഉപമിച്ചുകൊണ്ട് അബ്രഹാം തന്റെ പുത്രനെ ബലികഴിപ്പാൻ പോയതിനെ ഓർത്താൽ വിസ്മ



യിക്കാത്തവൻ ആരുണ്ട്.

തന്റെ സാദൃശ്യം നശിച്ചുപോകാതിരിപ്പാൻവേണ്ടി തന്നെത്തന്നെ താഴ്ത്തിയ അത്യുന്നതനു സ്തുതി. ആയിര മായിരങ്ങളായിട്ടും പതിനായിരം പതിനായിരങ്ങളായിട്ടും അവനു സ്തുതി. അവനും അവന്റെ പിതാവിനും അവന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതി. സകലത്തിന്റെയും ഉടമയാ യിരിക്കുന്നവൻ വിസ്തരിക്കപ്പെടുവാൻ മൺകട്ടയുടെ മുമ്പാകെ നിൽക്കുന്നതിന് തിരുമനസ്സായതിനാൽ അവനു സ്തുതി.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ.........

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറ്റിച്ചൊല്ലേണ്ട വിധം 163-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരു ണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ട പ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയി ത്തീരേകണമെ.

തന്റെ ദൈവികസഹായങ്ങളാൽ ഞങ്ങളെ ദർശിച്ചവ നായ രക്ഷകൻ വാഴ്ത്തപ്പെട്ടവനാകുന്നു. തന്റെ കഷ്ടാനുഭ വത്താൽ ഞങ്ങളുടെ കഷ്ടതകളെയെല്ലാം മായിച്ചുകളഞ്ഞ വൻ വാഴ്ത്തപ്പെട്ടവനാകുന്നു. കരുണയോടും സ്നേഹ ത്തോടും കൂടെ ഞങ്ങളെ ദർശിച്ചവനായ ദൈവമേ! ഞങ്ങ ളോടുള്ള നിന്റെ സ്നേഹം എത്ര വലിയതാകുന്നു. ആലോ...

യൂദസ്ക്കറിയോത്താ ദ്രവ്യാഗ്രഹം നിമിത്തം പോയി

തന്റെ ഗുരുവിന്റെ വൈരികളോടു തനിക്കു വിരോധമായി ആലോചന ചെയ്തതുപോലെ കർത്താവേ! നിന്നെ വിട്ട് ആകെൽക്കറുസ്സായോടു ചേരുവാനും നിന്റെ മുറിവുകളെ വേദനപ്പെടുത്തുവാനും ഇടയാകാതെ ഞങ്ങളെ കാത്തുകൊള്ളണമെ. ആലോഹൻ........

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരേണമെ. ആലോഹൻ...........

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച മാറി ചൊല്ലേണ്ട വിധം 163-ാം വശത്ത് നോക്കുക.)

### മൂന്നാം കൗമാ

ഹാശായുടെ കൗമാ എടുത്ത് ചൊല്ലുക. 153-ാം വശം മുതൽ.

#### എക്ക്ബൊ

ഞങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിച്ച കർത്താവേ! ഞങ്ങളുടെ ഉദാസീനതമൂലം ഞങ്ങളിൽ വന്നുകൂടിയിരിക്കുന്ന പാപകഷ്ടതകളെ ഞങ്ങളിൽനിന്ന് നീക്കിക്കളയണമെ. ഞങ്ങളുടെ ശുശ്രൂഷകളെ കൈക്കൊണ്ട് ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. കുറിയേ.............. കുറിയേ..........കുറിയേ...........ഞങ്ങളുടെ കർത്താവേ! ഇത്യാദി 22-ാം വശത്ത്.

#### കോലോകൾ

പാപിയായ സ്ത്രീയുടെ കണ്ണുനീരുകളെ കൈക്കൊണ്ട് അവൾക്കു പാപമോചനം കൊടുത്തവനായ കർത്താവേ! നിന്റെ ജനങ്ങളോടു കരുണചെയ്യണമെ. ശെമഓൻ നിന്നെ



ഉപേക്ഷിച്ചു പറഞ്ഞിട്ടും അവന്റെ അനുതാപത്തെയും കണ്ണുനീരുകളെയും നീ കൈക്കൊണ്ടതുപോലെ പാപികളായ ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട് ഞങ്ങൾക്കു പാപമോചനം നൽകുകയും ചെയ്യണമെ. ബാറെക്മോർ.

മാളികയിൽവച്ച് ശിഷ്യൻമാർക്കു തന്റെ ശരീരവും രക്തവും കൊടുത്ത് അവരോടു 'നിങ്ങൾ ഇത് വാങ്ങി ഭക്ഷിക്കയും കുടിക്കയും ചെയ്വിൻ' എന്ന് കല്പിച്ചവനായ കർത്താവേ! നിന്റെ ശരീരവും രക്തവും ഞങ്ങൾക്കു പാപങ്ങളുടെ പരിഹാരത്തിനും മോചനത്തിനും ആയിത്തീരുമാറാകണമെ. അതു ഞങ്ങൾക്കു ശിക്ഷാവിധിക്കായി ഭവിക്കരുതെ.

#### ബോത്തെദ് ഹാശൊ

കർത്താവേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

വഞ്ചകനും ദ്രവ്യാഗ്രഹിയുമായ യഹൂദസ്ക്കറിയോത്താ അന്ധകാരത്തിന്റെ പുത്രൻമാരോടു ചേർന്ന് തന്റെ ഗുരുവിന്റെ വില വാങ്ങുകയും 'ഞാൻ ചുംബിക്കുന്നവനെ പിടിച്ചുകൊള്ളണ'മെന്ന് അവർക്കു ലക്ഷ്യം കൊടുക്കുകയും സർവ്വജ്ഞാനിയായ ഗുരുവിനെ 'ശ്ലോം റാബി' എന്ന് പറഞ്ഞ് വഞ്ചനയോടെ ചുംബിക്കുകയും ചെയ്തിട്ടും തന്റെ മഹാശക്തിയാൽ അവനെ നശിപ്പിക്കാതെ ദീർഘക്ഷമയോടെ ഇരുന്നവനായ മിശിഹാതമ്പുരാന്റെ കരുണയും സ്നേഹവും എത്ര വലിയതാകുന്നു.

തന്റെ ഗുരുവിനെയും കൂട്ടുശ്ലീഹൻമാരെയും വിട്ടുപോയവനു ഹാ! കഷ്ടം. തന്റെ ഗുരുവിനെ വഞ്ചിക്കാമെന്നു കരുതിയ ഭോഷനു ഹാ! കഷ്ടം. സഹോദരൻമാരേ! ദ്രവ്യാഗ്രഹം ദൈവത്തിൽനിന്ന് മനുഷ്യനെ അകറ്റുന്നതാകുന്നു എന്ന്

ഓർത്തുകൊൾവിൻ. വിശുദ്ധ മാമൂദീസായുടെ പുത്രൻമാരേ! നമ്മുടെ രക്ഷകന്റെ തിരുവിഷ്ടത്തിനു വിരോധമായി സാത്താനോടും സൈന്യങ്ങളോടും ചേരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ........

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറ്റിച്ചൊല്ലേണ്ട വിധം 162-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽനിന്നു ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ. ആലോഹൻ.....

തന്റെ മരണത്തിന്റെ ഓർമ്മയ്ക്കായിട്ട് തന്റെ ശരീരവും രക്തവും ഞങ്ങൾക്കു തന്നവനായ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ആലോഹൻ...........

സ്വർഗ്ഗീയ രാജാവേ! നിന്റെ സഭയോടു കരുണചെയ്യണമെ. മഹത്വത്തോടെ അതിന്റെ കൊമ്പിനെ ഉയർത്തണമെ. തന്റെ ശിഷ്യൻമാരുടെ പാദങ്ങളെ കഴുകിയവനായ കർത്താവേ! ഞങ്ങളുടെ പാപങ്ങളെ കഴുകി ഞങ്ങളെ വെടിപ്പാക്കണമെ. ആലോഹൻ......

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ആശാബന്ധവും ആയുള്ളവനേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമെ.

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്ത് മാത്രം അറിയിപ്പിന്റെ ശനിയാഴ്ച താഴെ കാണിച്ചിരിക്കുംപ്രകാരം മാറി ചേർത്തു ചൊല്ലണം.)



**ആദ്യത്തെ നിറുത്ത്**

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെനീക്കി ജീവൻ നൽകിയവനായ മശിഹാ! ഞങ്ങളുടെ മരിച്ചുപോയവരെ ആശ്വസിപ്പിക്കയും ഞങ്ങളോടു കരുണചെയ്കയും ചെയ്യണമെ. ആലോഹൻ..........

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി.

(പെസഹാവ്യാഴാഴ്ചയും അറിയിപ്പിന്റെ ശനിയാഴ്ചയും കുർബാനയുള്ള ദിവസങ്ങളാകകൊണ്ട് ആ ദിവസങ്ങളിൽ 'കുർബാനയിൽ സംബന്ധിക്കുന്ന ദിവസങ്ങളിൽ മാത്രം ചൊല്ലേണ്ടത്' എന്നു തലക്കെട്ടുള്ളതായി 26-ാം വശം മുതൽ ഉള്ളതു ചൊല്ലിയശേഷം 'ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നു.........'ഇത്യാദി ചൊല്ലണം. കുർബാനയില്ലാത്ത മറ്റു ദിവസങ്ങളിൽ ഹാലേ......... ഉഹാലേ........ഉഹാലേ.... ദൈവമേ! നിനക്കു സ്തുതി, എന്നതിന്റെ ശേഷം.)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ.............

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ...............ഇത്യാദി 30-ാം വശത്ത്.

**കോലോകൾ**

നിന്റെ ശരീരത്താലും രക്തത്താലും നിന്റെ മരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും ഓർമ്മയെ കഴിപ്പാൻ ശിഷ്യൻമാരോടു കല്പിച്ചവനായ കർത്താവേ! ഇടവിടാതെ നിന്നെ സ്തോത്രം ചെയ്വാനും നിന്റെ ഉപദേശത്തെ അനുസരിപ്പാനും ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമെ. ബാറെക്മോർ

ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്നു ശിഷ്യൻമാരോടു കല്പിച്ചവനായ കർത്താവേ! ഞങ്ങൾ ഉണർവ്വോടുകൂടെ നിന്നെ സ്തുതിപ്പാൻ കൃപ നൽകണമെ. ഞങ്ങൾക്കുവേണ്ടി പിതാവിന്റെ മുമ്പിൽ മുട്ടുകുത്തി രക്തം വിയർക്കത്തക്ക വണ്ണം മരണവേദനയോടെ പ്രാർത്ഥിച്ചവനേ! ഞങ്ങളുടെ നമസ്ക്കാരങ്ങളെ കൈക്കൊള്ളണമെ.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

മനുഷ്യർക്കു രക്ഷ നൽകുവാൻവേണ്ടി ഇറങ്ങിവന്ന രക്ഷിതാവ് മനുഷ്യരുടെ ദുഷ്ടതയെ സഹിച്ചുകൊണ്ട് അവന്റെ കഷ്ടതകളാലും മരണത്താലും മരണത്തിന്റെ അധികാരത്തെ നീക്കിക്കളഞ്ഞതിനാൽ അവനു സ്തുതി. അവൻ വന്ന് ദീർഘദർശിമാരുടെ ദീർഘദർശനങ്ങളെ നിവർത്തിച്ചതിനാൽ അവനു സ്തുതി. സകലത്തെയും ദഹിപ്പിപ്പാൻ കഴിയുന്ന മഹാ അഗ്നിയായവനെ താളടികളായവർ പിടിച്ചപ്പോൾ അവർക്കു വഴങ്ങിക്കൊടുപ്പാൻ തിരുമനസ്സായതിനാൽ അവനു സ്തുതി.

അവന്റെ കൈകളിൽ ആണി തറച്ചതിനാൽ ഫലത്തിനായിട്ട് നീട്ടിയ കൈകളെയും അവന്റെ കാലുകളിൽ ആണി തറച്ചതിനാൽ വൃക്ഷത്തിങ്കലേക്കു നടന്ന കാലുകളെയും ശുദ്ധീകരിച്ചതിനാൽ അവനു സ്തുതി. സർവ്വശക്തൻ സൃഷ്ടിച്ചുണ്ടാക്കിയ മനുഷ്യരിൽനിന്ന് അക്രമങ്ങളെ സഹിപ്പാൻ തിരുമനസ്സായതിനാൽ അവനു സ്തുതി. കുരിശുമരത്തിൻമേൽ തൂങ്ങിക്കിടക്കുമ്പോൾക്കൂടെയും അവനെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ തിരുമനസ്സായതിനാൽ അവനു സ്തുതി. അവനും അവന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി.



കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ.......

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറി ച്ചൊല്ലേണ്ടും വിധം 162-ാം വശത്ത്.)

**ബോവൂസൊ**

കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മിശിഹാ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ. ആലോഹൻ.......

തന്നെത്തന്നെ ഏല്പിച്ചുകൊടുത്ത് തന്റെ ആടുകളെ രക്ഷിച്ചവനായ നല്ല ഇടയാ! നിന്റെ കഷ്ടാനുഭവത്തെക്കുറിച്ചുള്ള നന്ദികൊണ്ട് ഞങ്ങളുടെ ഹൃദയത്തെ നിറയ്ക്കണമെ. നിന്റെ കഷ്ടതകളെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ നാവുകളെ വെടിപ്പാക്കുകയും ചെയ്യണമെ. ആലോഹൻ........

ന്യായസ്ഥലത്തുവച്ച് കുറ്റക്കാരനെപ്പോലെ വിസ്തരിക്കപ്പെട്ടവനായ കർത്താവേ! നിന്റെ അവസാനത്തെ ന്യായവിസ്താരത്തിൽ ഞങ്ങളെ കുറ്റക്കാരോടുകൂടെ തള്ളിക്കളയരുതെ. ആക്ഷേപത്തിന്റെ വസ്ത്രം ധരിപ്പിക്കപ്പെട്ടവനേ! അവസാന നാളിൽ മഹത്വത്തിന്റെ നിലയങ്കി ഞങ്ങളെ ധരിപ്പിക്കയും ചെയ്യണമെ. ആലോഹൻ.........

ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. മാലാഖമാരും മനുഷ്യരും നിന്റെ താഴ്മയുടെ ആധിക്യത്തെക്കുറിച്ച് വിസ്മയിച്ച് അത്ഭുതപ്പെട്ടു. ആലോഹൻ.........

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച 163-ാം വശത്ത് വിവരിച്ചിരിക്കുന്ന പ്രകാരം മാറി ചേർത്തു ചൊല്ലണം.)

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!........ ഇത്യാദി 34-ാം വശത്ത്.

ഹാശായുടെ കൗമാ 153-ാം വശം മുതൽ.

## പ്രഭാത പ്രാർത്ഥന

ആരംഭവും ഹാശായുടെ കൗമായും.

51-ാം മസുമൂറാ 4-ാം വശത്ത്.

**എനിയോനൊ**

ന്യായസ്ഥലത്തുവച്ച് കവിളത്ത് അടികൊണ്ടവനായ കർത്താവേ! പിശാചുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കണമെ.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കുരിശുമരത്തിൽ തൂങ്ങിക്കിടന്നുകൊണ്ട് മരണം അനുഭവിച്ചവനായ കർത്താവേ! ഞങ്ങൾക്കു പാപമോചനവും നിത്യജീവനും നൽകണമെ.

തലയിൽ മുൾക്കിരീടം ധരിച്ചവനായ കർത്താവേ! നിന്റെ ഇഷ്ടം പ്രവർത്തിച്ചവർക്കു നീ മഹത്വത്തിന്റെ കിരീടം കൊടുക്കുന്ന നാളിൽ ഞങ്ങൾക്കും മഹത്വത്തിന്റെ കിരീടം നൽകണമെ. ബാറെക്മോർ.

കുറ്റമില്ലാത്തവൻ താൻ മാത്രമായിരിക്കുന്ന കർത്താവേ! ഞങ്ങളുടെ കടച്ചീട്ടിനെ കീറിക്കളഞ്ഞ് ഞങ്ങൾക്കു നിത്യാനന്ദം നൽകണമെ. കുറിയേ........

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളേടു കരുണചെയ്യണമെ.

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഇത്യാദി 37-ാം വശത്ത്.



**എനിയോനൊ**

ഞങ്ങൾക്കുവേണ്ടി കൈകളിലും കാലുകളിലും ആണി തറയ്ക്കപ്പെട്ടവനായ കർത്താവേ! നിന്റെ മഹാകരുണകൾക്കു സ്തുതി.

തന്റെ തിരുമനസ്സോടെ കുരിശു ചുമന്നവനായ കർത്താവേ! നിന്റെ കുരിശെടുത്തുകൊണ്ട് നിന്റെ പിന്നാലെ വരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

നിന്റെ സ്ലീബാ ഞങ്ങൾക്ക് ദുഷ്ടനിൽനിന്നും സൈന്യങ്ങളിൽനിന്നും മറച്ചുകൊള്ളുന്ന കോട്ടയായിരിക്കണമെ.

ബാറെക്മോർ.

നിന്റെ സ്ലീബാ ഞങ്ങളുടെ മരിച്ചുപോയവർക്കു വഴിയും പാലവുമായിരിക്കയും അതിനാൽ അവർ സന്തോഷങ്ങളുടെ മണവറയിലേക്കു പ്രവേശിക്കയും ചെയ്യുമാറാകണമെ. കുറിയേ..........

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ.......ഇത്യാദി 98-ാം വശത്ത്.

**എനിയോനൊ**

പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്ന ആത്മാക്കളോടു പുതിയ ജീവനെ അറിയിച്ചവനായ മിശിഹാ! പാപബന്ധനങ്ങളിൽനിന്ന് ഞങ്ങളെ നീ അഴിച്ചുവിടണമെ.

നിന്ദയുടെ സ്ലീബാമേൽ തൂങ്ങിക്കിടന്നവനായ സൃഷ്ടികളുടെ ഉടയവനെ ഞങ്ങൾ വന്ദിച്ചു കുമ്പിടുന്നു. ഞങ്ങളെ കൈക്കൊള്ളണമെ. മരിച്ചവർ ഉയിർത്തെഴുന്നേറ്റ് നിന്റെ എതിരേല്പിനു പുറപ്പെട്ടതുപോലെ പാപകബറുകളിൽനിന്ന് എഴുന്നേറ്റ് നിന്നെ വന്ദിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ബാറെ....

ഭൂമി കുലുങ്ങുകയും ഇരുട്ടുണ്ടാവുകയും പാറകൾ പൊളിയുകയും ചെയ്തതു നിമിത്തം നീ ദൈവവും ദൈവപുത്രനുമാകുന്നു എന്ന് വെളിപ്പെടുത്തിയതിനാൽ നിനക്കു സ്തുതി. കുറിയേ.........

കർത്താവിന് ഒരു പുതിയ പാട്ടിനെയും........ഇത്യാദി 100-ാം വശത്ത്.

**എനിയോനൊ**

യൂദൻമാരേ! നിങ്ങൾ മരത്തിൻമേൽ തൂക്കിയവൻ സത്യമായിട്ടും ദൈവമാകുന്നു എന്നുള്ളത് നിങ്ങൾ അറിയാഞ്ഞതിനാൽ നിങ്ങൾക്കു കഷ്ടം.

നിങ്ങളുടെ സൃഷ്ടികർത്താവിന്റെ നേരെ നിങ്ങൾ അഹങ്കരിച്ചതിനാൽ നിങ്ങൾക്കു കഷ്ടം.

അവനെ പിടിച്ചുകെട്ടുകയും ആണിതറയ്ക്കയും ചെയ്ത കൈകൾക്കു കഷ്ടം. ബാറെക്മോർ.

ദേവാലയത്തിന്റെ വാതിൽമറ കീറിപ്പോയതിനാൽ പരിശുദ്ധാത്മാവ് നിങ്ങളിൽനിന്ന് മാറിപ്പോയി എന്ന് കാണിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ആമ്മീൻ.

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി.

കർത്താവിന്റെ ഭൃത്യൻമാരേ! സ്തുതി പാടുവിൻ ഇത്യാദി 36-ാം വശത്ത്.

അവന്റെ സകല ദൂതൻമാരുമേ! അവനെ സ്തുതിപ്പിൻ. ഇത്യാദി 37-ാം വശത്ത്.

**എക്ക്ബൊ**

വെള്ളിയാഴ്ച ദിവസത്തിൽ ദൈവപുത്രനെ സത്യത്തിന്റെ വൈരികൾ കുരിശിൽ തൂക്കി. ആദിഭൂതങ്ങൾ ഇളകി. പാറകൾ പൊളിഞ്ഞു. കുന്നുകൾ വിലപിച്ചു. ദൈവാലയത്തിന്റെ വാതിൽമറ കീറപ്പെട്ടു. കബറുകൾ തുറക്കപ്പെട്ടു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു. തങ്ങളുടെ കർത്താവിനെ കുരിശിൽ തൂക്കുവാൻ ധൈര്യം തോന്നിയ ശപിക്കപ്പെട്ട ജനങ്ങൾക്കു ഹാ! കഷ്ടം. സ്തൗമെൻകാലോസ്........



**കോലോകൾ**

കർത്താവേ! അവസാന നാളിൽ നീ എഴുന്നള്ളുമ്പോൾ നിന്നെ ഉപേക്ഷിക്കുകയും ആക്ഷേപിക്കുകയും ചെയ്തവരോടുകൂടെ ഞങ്ങൾ ലജ്ജിക്കുവാനിടയാകരുതെ. അഹങ്കാരത്താൽ നിന്നെ കുരിശിൽ തൂക്കിയവരോടുകൂടെ ഞങ്ങൾ അതിവേദനപ്പെടരുതെ. 'നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങി വരിക, എന്നാൽ ഞങ്ങൾ വിശ്വസിക്കാം' എന്നു പറഞ്ഞുകൊണ്ട് നിന്നെ ദുഷിച്ചവരോടുകൂടെ കരച്ചിലിനും പല്ലുകടിക്കും ഞങ്ങൾ ഏല്പിക്കപ്പെടുകയും അരുതെ. ബാറെക്മോർ.

ഞങ്ങൾ നിന്റെ സ്ലീബായാൽ പ്രശംസിക്കുന്നു. നിന്റെ മുറിവുകളെ തഴുകുകയും ചുംബിക്കുകയും ചെയ്യുന്നു. നീ നടത്തിയ രക്ഷയിൽ ഞങ്ങൾ ആനന്ദിക്കുന്നു. കർത്താവേ! ഞങ്ങളുടെ അനീതികളെയെല്ലാം മായിച്ചുകളയണമെ. നിന്റെ സ്ലീബായുടെ ചിറകിൻകീഴെ ഞങ്ങളെ മറച്ചുകൊള്ളണമെ. ഞങ്ങളെ നിനക്കു വസിപ്പാൻ തക്കതായ വെടിപ്പുള്ള ആലയങ്ങളാക്കിത്തീർക്കണമെ. സത്യജീവനാകുന്ന നിന്നിൽ ഞങ്ങൾ ജീവിക്കുകയും ചെയ്യുമാറാകണമെ. മൊറിയൊ........

**വീണ്ടും കോലോകൾ**

ജീവനുണ്ടാക്കുന്നതും രക്ഷയുണ്ടാക്കുന്നതുമായ നിന്റെ കഷ്ടാനുഭവം മൂലം ഞങ്ങൾക്കു ആത്മശരീരങ്ങളുടെ വെടിപ്പും വിശുദ്ധിയും നൽകണമെ. സകല തിന്മകളുടെയും മാതാവാകുന്ന ദ്രവ്യാഗ്രഹത്തിൽനിന്ന് ഞങ്ങളെ ഒഴിക്കണമെ. എന്തെന്നാൽ യൂദാസ്ക്കറിയോത്താ അതിനെ സ്നേഹിക്കുകയും ശ്ലീഹാസ്ഥാനത്തുനിന്ന് തള്ളപ്പെടുകയും കേൾവിക്കാരും കാഴ്ചക്കാരും ഭ്രമിക്കത്തക്കതായ ലജ്ജയും ദുരിതവും അവൻ അനുഭവിക്കയും ചെയ്തുവല്ലൊ. ബാറെ......

കർത്താവേ! വെറുപ്പുണ്ടാക്കുന്നവരായ ആ ദുഷ്ടജനങ്ങളെപ്പോലെ അഗ്നിനരകം അവകാശിക്കുവാൻ പാപങ്ങൾ നിമിത്തം ഞങ്ങൾ യോഗ്യരാകുന്നുവെങ്കിലും നിന്റെ മഹാകരുണ ഞങ്ങളുടെമേൽ ചൊരിഞ്ഞ് ഞങ്ങളെ നിന്റെ ഇഷ്ടരായ മക്കളാക്കിത്തീർക്കണമെ. യൂദാസ്ക്കറിയോത്തായെപ്പോലെ ഞങ്ങൾ ആകെൽക്കറുസ്സായുടെ ഇഷ്ടൻമാരും അവന്റെ ഗുണദോഷത്തിൽ അകപ്പെടുന്നവരും ആയിത്തീരുമാറാകരുതെ. അവൻ വഞ്ചനയുടെ ചുംബനത്താൽ നിന്നെ ഏല്പിച്ചുകൊടുത്തതുപോലെ ഞങ്ങൾ നിന്റെ സന്നിധിയിൽ വഞ്ചന നിറഞ്ഞവരായിത്തീരാതെ പരമാർത്ഥതയും സത്യവും ഉള്ളവരായിരിക്കുമാറാകണമെ.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

കാരാഗൃഹത്തിലാക്കപ്പെടുകയും കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി സർവ്വശക്തനും ജീവനുള്ളവനും ആയവനു സ്തുതി.

ദുഷ്ടൻമാർ അവനെ വിധിക്കുകയും കുറ്റപ്പെടുത്തുകയും കാരാഗൃഹത്തിലിടുകയും പ്രഹരിക്കുകയും ചമ്മട്ടികൊണ്ടടിക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ ഓർത്താൽ ഹൃദയം തകരാത്തവൻ ആരുണ്ട്?

ദുഷ്ടനായ്ക്കളാകുന്ന യൂദൻമാർ സിംഹമായവനെ കൊല്ലുവാൻ ചാടിപ്പുറപ്പെട്ടു. അവൻ ശക്തനെപ്പോലെ മൗനമായിരുന്നു. ഇത് ഓർത്താൽ ഹൃദയം തകരാത്തവനാരുണ്ട്?

സകലത്തെയും പ്രകാശിപ്പിക്കുന്ന സൂര്യനായവനെ കാരാഗൃഹത്തിൽ കയറ്റി വാതിലടച്ചു. ഇതിനെ ഓർത്താൽ ഹൃദയം തകരാത്തവനാരുണ്ട്?



രക്ഷിതാവു ശിക്ഷയ്ക്കു വിധിക്കപ്പെടുകയും പൈശൂന്യത്താൽ കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തു. യഹൂദജനങ്ങൾ തങ്ങളുടെ കർത്താവും രാജാവുമായവനെ കൊന്നു. ഇത് സഹിപ്പാൻ കഴിയുന്നവൻ ആരുണ്ട്?

കണ്ടാലും ഇടയൻ അടികൊള്ളുകയും അവന്റെ ആടുകൾ ചിതറപ്പെടുകയും സ്നേഹിതൻമാർ ഒളിച്ചുമാറുകയും ചെയ്തു. ഇതിൽ ദുഃഖിക്കാതിരിക്കുന്നതെങ്ങനെ?

നിന്ദ്യമായി താളടിയായിരിക്കുന്നവൻ സിംഹാസനത്തിൽ ഇരുന്നു. സകലത്തെയും ദഹിപ്പിപ്പാൻ കഴിയുന്ന മഹാ അഗ്നിയായിരിക്കുന്നവൻ അവന്റെ മുമ്പിൽ കുറ്റക്കാരനെപ്പോലെ നിന്നു. ഇത് സഹിക്കുന്നതെങ്ങനെ?

അവന്റെ വൈരികൾ അവനെ വളഞ്ഞു. സ്നേഹിതൻമാർ ചിതറപ്പെട്ടു. അവൻ മാത്രം പിടിക്കപ്പെട്ടു. ഇവയെക്കുറിച്ച് ഹൃദയം തകരാത്തവൻ ആരുണ്ട്?

ബലവാനായവൻ അകത്തു വിലങ്ങിൽ കിടക്കുന്നു. ബലഹീനർ ആരവം ഉണ്ടാക്കുന്നു. ലോകങ്ങളുടെ ഉടയവനെ കുരിശിൽ തറയ്ക്കുന്നു. ഇവയെക്കുറിച്ച് കരയാത്തവൻ ആരുണ്ട്?

രോഗികൾ തങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തിയ വൈദ്യനെ പിടിച്ചു വിസ്താരത്തിനു ഏല്പിച്ചു. ഇതിനെക്കുറിച്ച് അലറിക്കരയാത്തവൻ ആരുണ്ട്?

ഉണക്കച്ചുള്ളികളാകുന്ന യഹൂദൻമാർ ജ്വലിക്കുന്ന അഗ്നിയായവനെ പിടിച്ചുകെട്ടി വാറുകൾ കൊണ്ട് അടിച്ചു. ഇതിനെക്കുറിച്ച് കരയാത്തവർ ആരുണ്ട്?

ദുഷ്ടജനങ്ങൾ ദൈവപുത്രനെ ദ്വേഷിച്ചു. കള്ളനെ വിട്ടുകിട്ടുവാൻ യാചിച്ചു. അയ്യോ! എത്ര കഷ്ടം.

അവൻ ചെയ്ത നൻമകൾക്കു പകരമായി അവർ അവനെ ഞെരുക്കങ്ങൾ അനുഭവിപ്പിച്ചു. അയ്യോ! ഇതു സഹിക്കുന്നതെങ്ങനെ?

യാതൊരു കുറ്റവും ഇല്ലാത്തവനെ 'തൂക്കുക തൂക്കുക' എന്നു വിളിച്ചുപറഞ്ഞുകൊണ്ട് അവർ പൈശൂന്യത്താൽ കുറ്റം ചുമത്തി. അയ്യോ! ഇതു സഹിക്കുന്നതെങ്ങിനെ?

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ.......

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറിച്ചൊല്ലേണ്ടും വിധം 162-ാം വശത്ത് നോക്കുക)

**ബോവൂസൊ**

കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മിശിഹാ! ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ. ആലോഹൻ........

മരത്തിൻമേൽ തൂങ്ങി നമുക്കുവേണ്ടി മരിച്ചവനെ നാം വന്ദിക്കണം. അവന്റെ പാദപീഠത്തെ നാം കുമ്പിടണം. അവന്റെ കഷ്ടാനുഭവത്തെ ഓർത്തു സ്തോത്രം ചെയ്യണം. മണ്ണായ ആദാമിന്റെ മക്കളെ ദൈവമക്കളാക്കിത്തീർത്തവനെ നാം വന്ദിക്കണം. നമുക്കു പാപമോചനത്തിനായിട്ട് അവന്റെ ശരീരത്തെയും രക്തത്തെയും നൽക്കിയവനെ നാം കുമ്പിടണം. ആലോഹൻ........

ദൈവമേ! നീ പരിശുദ്ധനാകുന്നു. നീ പരിശുദ്ധനാകുന്നു. നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങി ഞങ്ങളെ രക്ഷിച്ചവനേ! നിനക്കു സ്തുതി. ജയത്തിന്റെ അടയാളമാകുന്ന സ്ലീബായോടുകൂടെ നീ എഴുന്നള്ളുമ്പോൾ നിന്റെ വലത്തുഭാഗത്ത് ഞങ്ങളെ നിറുത്തണമെ. ഏദൻതോട്ടത്തിൽ വച്ച് തോല്പിക്കപ്പെട്ട ഞങ്ങളുടെ വർഗ്ഗത്തിനു ജയവും രക്ഷയും നൽകിയവനേ! നിനക്കു സ്തുതി. ആലോഹൻ........



ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്താൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. മാലാഖമാരും മനുഷ്യരും നിന്റെ താഴ്മയുടെ ആധിക്യത്തെക്കുറിച്ച് വിസ്മയിച്ച് അത്ഭുതപ്പെട്ടു. ആലോഹൻ.......

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച 163-ാം വശത്ത് വിവരിക്കുന്ന പ്രകാരം മാറിച്ചേർത്തു ചൊല്ലണം.)

(പെസഹാ വ്യാഴാഴ്ചയ്ക്കും ദുഃഖവെള്ളിയാഴ്ചയ്ക്കും അറിയിപ്പിന്റെ ശനിയാഴ്ചയ്ക്കും ഉള്ള പ്രത്യേക പ്രാർത്ഥന ഇവിടെ ചേർത്തു ചൊല്ലണം.)

കർത്താവേ! നിനക്ക് സ്തോത്രം ചെയ്യുന്നതും.........ഇത്യാദി 41-ാം വശത്ത്.

ഹാശായുടെ കൗമാ 153-ാം വശം മുതൽ.

## മൂന്നാം മണിനേരത്തെ പ്രാർത്ഥന

ആരംഭവും, ഹാശായുടെ കൗമായും ശേഷം. കൗമാ 153-ാം വശത്ത്.

51-ാം മസുമൂറാ 4-ാം വശത്ത്.

**എനിയോനൊ**

കർത്താവേ! നീ മരത്തിൽ തൂങ്ങിക്കിടക്കുന്നത് സ്വർഗ്ഗീയ സൈന്യങ്ങൾ കണ്ടിട്ട് അവർ വിസ്മയത്തോടെ നിന്നു. ശപിക്കപ്പെട്ടകൂട്ടം സിംഹങ്ങളെപ്പോലെ നിന്റെ നേരെ അലറി. ആ ദുഷ്ടജനത്തിന് ഹാ! കഷ്ടം.

ഭൂമി ഗോഗുൽത്തായിൽ നിന്നെ കണ്ടിട്ട് ഭ്രമിച്ചു കുലുങ്ങി. നിന്റെ നേരെ അഹങ്കരിച്ചവരായ ശപിക്കപ്പെട്ട ജനത്തിന് ഹാ! കഷ്ടം.

സൂര്യൻ സ്ക്കീപ്പായിൽ നിന്നെ കണ്ടിട്ട് ഇരുണ്ടുപോയി. നിന്റെ നേരെ അഹങ്കരിച്ചവരായ ശപിക്കപ്പെട്ട ജനത്തിന് ഹാ! കഷ്ടം.

സകല വായ്കളിൽനിന്നും സകല നാവുകളിൽനിന്നും സകല സൃഷ്ടികളിൽനിന്നും നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. സ്തൗമെൻകാലോസ്...........

**കോലോകൾ**

സ്വർഗ്ഗീയ രാജാവിന്റെ വചനമായ ഏക പുത്രാ! നീ ചെയ്ത രക്ഷയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. നീ ഞങ്ങളെ പാപത്തിന്റെ വീഴ്ചയിൽനിന്ന് നിന്റെ കരുണമൂലം എഴുന്നേല്പിക്കയും പറുദീസായുടെ അടയ്ക്കപ്പെട്ട വാതിൽ ഞങ്ങൾക്ക് തുറന്നുതരികയും ചെയ്തുവല്ലൊ. ദൈവമേ! നിന്റെ ജീവനുള്ള സ്ലീബായെ വന്ദിപ്പാനും അതിന്റെ ചിറകിൻകീഴെ മറഞ്ഞുകൊള്ളുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെക്മോർ.

കർത്താവേ! നിന്റെ സ്ലീബായാൽ ഞങ്ങളുടെ ബലഹീനതയെ താങ്ങണമെ. ക്രോധത്തിന്റെ വടികളെ ഞങ്ങളിൽനിന്ന് നീക്കണമെ. നിന്റെ വൈരികളെ ലജ്ജിപ്പിക്കണമെ. നിന്റെ ആട്ടിൻകൂട്ടമെല്ലാം അനുഗ്രഹിക്കപ്പെടുമാറാകണമെ. ഞങ്ങളുടെ മരിച്ചുപോയവരെ ഭാഗ്യമേറിയ ഭവനങ്ങളിൽ ആശ്വസിപ്പിക്കണമെ. വലത്തുഭാഗത്തെ മക്കളോടു കല്പിക്കുന്നതായ സന്തോഷവാക്ക് കേൾപ്പാൻ ഞങ്ങളെയും അവരെയും യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.



വഞ്ചകനായ ശിഷ്യൻ അന്ധകാരത്തിന്റെ മക്കളോടു തന്റെ ഗുരുവിന്റെ വില വാങ്ങി. 'ഞാൻ മുത്തുന്നവനെ പിടിച്ചുകൊള്ളണ'മെന്നുള്ള അടയാളവും അവർക്കു കൊടുത്തു. ആ വഞ്ചകൻ തന്റെ കൂട്ടു ശിഷ്യൻമാരിൽനിന്നും വേർപിരിഞ്ഞ് അന്ധകാരത്തിന്റെ പുത്രൻമാരോടു ചേരുകയും അങ്ങനെ നരകത്തിന്റെ അവകാശിയായിത്തീരുകയും ചെയ്തു. ശെമഓൻ 'ഞാനിവനെ അറിയുന്നില്ല' എന്നു പറഞ്ഞ് ഉപേക്ഷിച്ചു. ആചാര്യൻമാർ ദൈവപുത്രനെ ദുഷിപറകയും അവന്റെ തലയിൽ അടിക്കുകയും മുഖത്തു തുപ്പുകയും ചെയ്തു.

അവർ രാത്രിയിൽ വിളക്കു കത്തിച്ചുകൊണ്ട് പ്രകാശത്തിൽ വസിക്കുന്നവനായ പ്രകാശത്തിന്റെ രാജാവിനെ വിസ്തരിച്ചു. ആദാമിനു കുപ്പായമുണ്ടാക്കിക്കൊടുത്തവനെ അവർ ആക്ഷേപത്തിന്റെ കുപ്പായം ധരിപ്പിക്കയും മുള്ളുകൊണ്ട് മെടഞ്ഞുണ്ടാക്കിയ കിരീടം അവന്റെ തലയിൽ വയ്ക്കുകയും ശപിക്കപ്പെട്ട ദാസൻ അവന്റെ കവിളത്ത് അടിക്കുകയും ചെയ്തു. സ്നേഹം മൂലം ഞങ്ങൾക്കുവേണ്ടി വിലങ്ങും അടികളും അക്രമങ്ങളും ആക്ഷേപങ്ങളും വിസ്താരവും അനുഭവിപ്പാൻ തിരുമനസ്സായ കർത്താവേ! നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും പാടുന്നു.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ...........

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറിച്ചൊല്ലേണ്ടും വിധം 162-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമെ. ആലോഹൻ...........

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ നീ കൊന്ന് ഞങ്ങൾക്കു മരണമില്ലായ്മയെ നൽകി ഞങ്ങളെ കഷ്ടപ്പെടുത്തുന്നവനായ ദുഷ്ടനെ നിന്റെ കഷ്ടാനുഭവത്താൽ നീ കഷ്ടപ്പെടുത്തി. സകലത്തെയും വഹിച്ചുകൊണ്ടിരിക്കുന്നവനായ നിന്നെ യൗസേപ്പും നീക്കോദീമോസും കൂടി വഹിച്ചു. ആലോഹൻ.........

ജീവനുള്ളവനായ നീ മരിച്ചവനെപ്പോലെ കബറടക്കപ്പെട്ടു. ആദ്യന്തമില്ലാത്തവനായ നീ ശവക്കല്ലറയുടെ അതിരുകളിൽ അടയ്ക്കപ്പെട്ടു. സത്യവാനും നീതിമാനുമായ നീ കള്ളൻമാരുടെ മദ്ധ്യേ തൂങ്ങിക്കിടക്കുന്നു. സകലത്തെയും പോറ്റുന്നവനായ നീ ദാഹിക്കുന്നുവെന്ന് വിളിച്ചുപറഞ്ഞു. മനുഷ്യരായ ഞങ്ങളെ ദൈവികരാക്കിത്തീർക്കുവാനായിട്ട് കഷ്ടതയിലേക്കും മരണത്തിലേക്കും തിരുവിഷ്ടത്തോടെ ഇറങ്ങിവന്നവനായ നിനക്കു സ്തുതി. ആലോഹൻ.........

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമെ. ആലോഹൻ.........

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും 163-ാം വശത്ത് വിവരിച്ചിരിക്കുന്ന പ്രകാരം മാറി ചേർത്ത് ചൊല്ലണം.)



ഹാശായുടെ കൗമാ 153-ാം വശം മുതൽ
വിശ്വാസപ്രമാണം 17-ാം വശത്ത്.

കുറിയേലായിസ്സോൻ, കുറിയേ.......കുറിയേ........ ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ......ഇത്യാദി 18-ാം വശത്ത്.

## മദ്ധ്യാഹ്ന പ്രാർത്ഥന

ആരംഭവും, ഹാശായുടെ കൗമായും കൗമാ 153-ാം വശം മുതൽ, 51-ാം മസുമൂറാ 4-ാം വശത്ത്.

**എനിയോനൊ**

മിശിഹാതമ്പുരാനേ! നീ സകലത്തിന്റെയും ജീവനും ആശാബന്ധവുമാകയാൽ ഞങ്ങളോടു കൃപചെയ്യണമെ.

നീ മരണനുകത്തെ തകർക്കുകയും മനുഷ്യവർഗ്ഗത്തെ രക്ഷിക്കുകയും ചെയ്തുവല്ലോ. നിന്റെ ഇമ്പമുള്ള നുകം ഞങ്ങളുടെ മേൽ വയ്ക്കണമെ.

നിന്റെ ശരീരത്തിൽനിന്നു ലോകനടപടിപ്രകാരം ആത്മാവു വേർപിരിഞ്ഞെങ്കിലും നിന്റെ ദൈവത്വം ആത്മാവിൽനിന്നാകട്ടെ ശരീരത്തിൽനിന്നാകട്ടെ വേർപിരിഞ്ഞിട്ടില്ല. കർത്താവേ! നീ ഞങ്ങളിൽനിന്ന് വേർപിരിഞ്ഞുപോകരുതെ.

നീ വാഗ്ദത്തം ചെയ്തപ്രകാരം വലത്തുഭാഗത്തെ കള്ളനെ പറുദീസായിലേക്കു പ്രവേശിപ്പിച്ചുവല്ലോ. ഞങ്ങളെ പറുദീസായിൽ നിന്ന് അന്യരാക്കിത്തീർക്കരുതെ.

ബാറെക്മോർ.

കുരിശിൽ കിടന്നുകൊണ്ട് നിന്റെ വിലാവിൽ കുത്തുകൊള്ളുകയും ലോകത്തിനു പാപപരിഹാരമായി അവിടെനിന്നു രക്തവും വെള്ളവും ഒഴുകുകയും ചെയ്തുവല്ലോ. നിന്റെ ജീവനുള്ള വചനങ്ങൾ കേൾക്കുമ്പോൾ ഞങ്ങൾക്കു

കുത്തുകൊള്ളുകയും നിന്നിൽനിന്ന് ഞങ്ങൾ പാപപരിഹാരം കൈക്കൊള്ളുകയും ചെയ്യുമാറാകണമെ. സ്തൗമെൻ.....

**കോലോകൾ**

കർത്താവേ! ഞങ്ങളുടെ മരിച്ചവരുടെമേൽ കൃപയും കരുണയുമാകുന്ന പനിനീർ തളിക്കണമെ. പാപങ്ങളുടെ അഗാധക്കുഴിയിൽനിന്ന് ഞങ്ങളെ കരേറ്റണമെ. സകലത്തിന്റെയും ഉടയവനും ദൈവവും നീ ആയിരിക്കുമ്പോൾ സ്നേഹത്തോടും മനസ്സോടുംകൂടെ കഷ്ടതകളും മരണവും അനുഭവിപ്പാൻ നീ ഒരുങ്ങിയതിനെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്‌വാൻ നന്ദിയുള്ള ഹൃദയം ഞങ്ങൾക്കു തരണമെ. പാപികളായ ഞങ്ങൾ നിന്റെ തിരുമുമ്പിൽ സമർപ്പിക്കുന്ന സ്തോത്രബലികളിൽ നിനക്ക് അറപ്പുതോന്നരുതെ. ബാറെക്മോർ.

പാപരോഗം പിടിച്ചു നാറിയിരിക്കുന്നവരായ ഞങ്ങളെ നീ ശുദ്ധീകരിച്ച് വെടിപ്പാക്കുകയും ഞങ്ങളെ സുഗന്ധവാസനയുള്ളവരാക്കിത്തീർക്കുകയും ചെയ്യണമെ. മനുഷ്യാവതാരം ചെയ്‌വാനും ഹീനതകൾ ഏല്പാനും കഷ്ടതകൾ സഹിപ്പാനും അപമാനകരമായ മരണം അനുഭവിപ്പാനും നിന്നെത്തന്നെ നിർബന്ധിച്ച തുല്യമില്ലാത്ത കരുണകളും സ്നേഹവും ഇപ്പോൾ ഞങ്ങളെ കൈക്കൊള്ളുവാൻ നിന്നെ നിർബന്ധിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ശരണത്തോടെ നിന്നെ ഞങ്ങൾ വിളിക്കുന്നു. നീതിമാൻമാരെയല്ല പാപികളെ വിളിപ്പാൻ വന്നവനേ! ഞങ്ങളെ തള്ളിക്കളയരുതെ.

**ബോത്തെദ് ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.



ഊർശ്ലേമിൽ നടന്ന ഭ്രമിക്കത്തക്കതായ സംഗതികളെക്കുറിച്ച് സർവ്വ സൃഷ്ടികളും വിലപിച്ചു. അവകളെക്കുറിച്ച് വിലപിക്കാതിരിപ്പാൻ ആർക്കു കഴിയും?

അവകാശിയായ പുത്രൻ പിതാവിന്റെ മുന്തിരിത്തോപ്പിലേക്ക് അയയ്ക്കപ്പെട്ടു. ശപിക്കപ്പെട്ട വേലക്കാർ അവനെപ്പിടിച്ചു കുരിശിൽ തറച്ചു കൊന്നു. ഇതിനെക്കുറിച്ച് ഹൃദയം തകരാത്തവൻ ആരുണ്ട്?

അന്യായക്കാരായ ആചാര്യൻമാർ രാത്രിയിൽ അവനെ കുറ്റം ചുമത്തി. പകലിൽ അവനെ കൊല്ലുവാനായിട്ട് നാടുവാഴിയെ ഏല്പിച്ചു. ഇതിൽ സങ്കടപ്പെടാത്തവൻ ആരുണ്ട്?

അന്ധകാരത്തിന്റെ മക്കൾ രാത്രിയിൽ അവനെ പിടിച്ചു വിസ്തരിച്ചു. പകലിൽ അവനെ കുരിശിൻമേൽ ഉയർത്തി. ഇതിൽ സങ്കടപ്പെടാത്തവൻ ആരുണ്ട്?

രക്ഷിതാവിനെ കുറ്റപ്പെടുത്തിയ ആചാര്യൻ നിഗളത്തോടെ ഇരിക്കുമ്പോൾ രക്ഷിതാവ് അവന്റെ മുമ്പിൽ നിൽക്കുകയും വിസ്തരിക്കപ്പെടുകയും ചെയ്തു. ഇതിൽ വിസ്മയിക്കാത്തവനാരുണ്ട്?

അവൻ ദാഹത്തിനു വെള്ളം ചോദിച്ചു. അവർ അവനു ചൊറുക്കാ കൊടുത്തു. ഇതിൽ സങ്കടപ്പെടാതിരിക്കുന്നതെങ്ങിനെ?

ദൈവപുത്രാ! നീ സ്വർഗ്ഗത്തിലെ മാലാഖമാരെ ഉപേക്ഷിച്ച് ഞങ്ങൾക്കുവേണ്ടി മരിച്ച് മഹാരക്ഷ നടത്തിയതിനാൽ നിനക്കു സ്തുതി.

വാഴ്ത്തപ്പെട്ട പിതാവിന്റെ പുത്രനായ യേശുവേ! നിന്റെ കഷ്ടാനുഭവം മൂലം ലോകം ശാപത്തിൽനിന്ന് രക്ഷിക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ...........

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറിച്ചൊല്ലേണ്ടും വിധം 162-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മിശിഹാ! ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണചെയ്യണമെ. ആലോഹൻ..........

കർത്താവേ! മുഖസ്തുതിക്കാരായ പ്രീശൻമാർക്കും സൊപ്രെൻമാർക്കുമുള്ള നിത്യദുരിതത്തിൽനിന്നു ഞങ്ങളെ നീ രക്ഷിക്കണമെ. അവരുടെ വികടവിചാരങ്ങൾ ഞങ്ങളിൽ ഉണ്ടാകരുതെ. രക്തം ചൊരിയുന്നവരും ചതിയൻമാരുമായ മനുഷ്യരിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളണമെ. വലത്തു ഭാഗത്തെ കള്ളനോടുകൂടെ നിന്റെ രാജ്യത്തിൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ. നിന്റെ താഴ്മയും കരുണയും സ്നേഹവും ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങളുടെ ആലോചനകളും വിചാരങ്ങളും പ്രകാശമാകുന്ന നിന്നാൽ പ്രകാശിക്കുമാറാകണമെ. ആലോഹൻ...........

ഞങ്ങൾ നിന്റെ മഹത്വപ്രത്യക്ഷതയെ എതിരേല്പാൻ ഒരുങ്ങിയിരിക്കുന്നവരും അഴുക്കില്ലാത്ത വസ്ത്രങ്ങൾ ധരിച്ച് ദീപയഷ്ടികൾ കൊളുത്തി പിടിച്ചിരിക്കുന്നവരും ആയിരിപ്പാൻ യോഗ്യരായിത്തീരണമെ. ആ ഭയങ്കര സമയത്ത് കർത്താവേ! വാതുക്കൽനിന്നു ഞങ്ങളെ നീ പുറത്തുതള്ളിക്കളയരുതെ. ഈ കഷ്ടാനുഭവ നാളുകളിൽ നിന്റെ സന്നിധിയിൽ ഞങ്ങൾ കഴിച്ചിട്ടുള്ള അപേക്ഷകളും പ്രാർത്ഥനകളും ജാഗരണങ്ങളും പ്രയത്നങ്ങളും ഞങ്ങളിൽനിന്ന്



കൈക്കൊള്ളണമെ. മേൽപ്പട്ടക്കാരും പട്ടക്കാരും ശെമ്മാശ്ശൻമാരും രാജാക്കൻമാരും ന്യായാധിപൻമാരും പ്രഭുക്കൻമാരും ധനവാൻമാരും ദരിദ്രൻമാരും വൃദ്ധൻമാരും ബാല്യക്കാരും പുരുഷൻമാരും സ്ത്രീകളും കുഞ്ഞുങ്ങളുമായ എല്ലാവരുടെമേലും നിന്റെ ധാരാളമായ കൃപകളെയും വരങ്ങളെയും ചൊരിയണമെ. ആലോഹൻ..........

ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. മാലാഖമാരും മനുഷ്യരും നിന്റെ താഴ്മയുടെ ആധിക്യത്തെക്കുറിച്ച് വിസ്മയിച്ച് അത്ഭുതപ്പെട്ടു. ആലോഹൻ........

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച 163-ാം വശത്ത് വിവരിച്ചിരിക്കുന്ന പ്രകാരം മാറി ചേർത്തു ചൊല്ലണം.)

ഹാശായുടെ കൗമാ 153-ാം വശം മുതൽ.

## ഒൻപതാം മണിനേരത്തെ പ്രാർത്ഥന

ഹാശായുടെ കൗമാ

51-ാം മസുമൂറാ 4-ാം വശത്ത്.

**എനിയോനൊ**

കർത്താവേ! നിന്റെ മരണത്താൽ ലോകത്തിനു ജീവനും രക്ഷയും നീ നൽകിയതിനാൽ നിനക്കു സ്തുതി.

സർവ്വശക്തനും സകലത്തിന്റെയും ഉടയവനുമായ നിന്റെ കബറിനെ കാപ്പാനായിട്ട്, യഹൂദൻമാർ ഭ്രാന്ത് പിടിച്ച് കാവൽക്കാരോടുകൂടി കല്ലിനു മുദ്രകുത്തി.

കർത്താവേ! ലോകത്തിൽ നീ അനുഭവിച്ച ഹീനതകളെയും കഷ്ടതകളെയും ഓർക്കുന്നവരായ ഞങ്ങൾ നിന്റെ സർവ്വശക്തിയെ നിരസിപ്പാനിടയാകരുതെ.

നിന്റെ കഷ്ടതകളും മരണവുമെല്ലാം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി അളവറ്റ സ്നേഹത്തോടെ തിരുവിഷ്ടപ്രകാരം നീ സഹിച്ചു എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇടവിടാതെ നിന്നെ സ്തോത്രം ചെയ്വാൻ ഞങ്ങൾക്കു കൃപ ചെയ്യണമെ.
ബാറെക്മോർ.

കർത്താവേ! നിന്റെ സഭയുടെ മേൽ എന്നേക്കും നിന്റെ വാഴ്വുകളെ ചൊരിയണമെ. നിന്റെ പരിശുദ്ധ റൂഹാ അതിൻമേൽ വസിക്കണമെ. സത്യവിശ്വാസം എന്നേക്കും അതിൽ സ്ഥിരമായിരിക്കണമെ. സ്തൗമെൻ.......

**കോലോകൾ**

കർത്താവേ! നിന്റെ സഭയെ അതിന്റെ മക്കളുടെ കൂട്ടങ്ങളാൽ പ്രാബല്യപ്പെടുത്തണമെ. അതിന്റെ മക്കളെ മരണത്തിന്റെ അധികാരത്തിൽനിന്നും ദുഷ്ടന്റെ അടിമയിൽനിന്നും സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കണമെ. അതിൽ നിരപ്പും സമാധാനവും വർദ്ധിപ്പിക്കയും ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! നീ ഞങ്ങളെ സ്നേഹിച്ചതുപോലെ വെടിപ്പുള്ള ഹൃദയത്തോടും പരമാർത്ഥതയോടുംകൂടെ നിന്നെ സ്നേഹിപ്പാനും നിന്റെ കല്പനകളെ ആചരിപ്പാനും നിന്റെ സ്ലീബായിൽ അഭയം പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

**ബോത്തെദ്ഹാശൊ**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനെ ദുഷ്ടൻമാർ പിടിച്ചുകെട്ടി ചമ്മട്ടികളാൽ അടിക്കുകയും തൂക്കുമരത്തെ തോളിൽ ചുമപ്പിച്ചുകൊണ്ട് ഗോഗുൽത്താമലയിലേക്കു നടത്തുകയും കള്ളൻമാരുടെ നടുവിൽ കുരിശിൽ തൂക്കുകയും ചെയ്തു. തന്റെ വസ്ത്രങ്ങളെ അവർ ചീട്ടിട്ടു ഭാഗിച്ചു. സിംഹക്കുട്ടിയായ താൻ സ്കീപ്പായിൽ കിടന്നുകൊണ്ട് അട്ടഹസിച്ചപ്പോൾ ഭൂമി കുലുങ്ങി. അന്ധകാരത്തിന്റെ മക്കൾ പേടിച്ചു. സാത്താന്റെ കിരീടം നീക്കപ്പെട്ടു എന്ന് അവൻ അറിഞ്ഞ് ഏറ്റം വിലപിച്ചു.



ബലവാനായ രക്ഷിതാവ് മരിച്ചവരുടെ ഇടയിൽ പാതാളത്തിൽ ചെന്ന് അതിന്റെ കോട്ടകളെ ഇടിച്ചുപൊളിക്കയും വാതിലുകളെ തകർക്കുകയും ആദാമിനെ രക്ഷപ്പെടുത്തുകയും ചെയ്തു. തന്റെ ഉയിർപ്പിനെ വിശ്വസിച്ചവരായ ആദാമിന്റെ മക്കൾക്ക് കബറിൽനിന്ന് പറുദീസായുടെ അകത്തേക്കു നേരെ വഴിതെളിക്കുകയും മരണത്തെയും സാത്താനെയും കാലുകൾക്കു കീഴെ ഇട്ട് ചവിട്ടി ജയത്തോടെ പുറപ്പെടുകയും ചെയ്തു.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള നിന്റെ ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതെ. മൊറിയൊ.......

(ഇതിന്റെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാറിച്ചൊല്ലേണ്ടും വിധം 162-ാം വശത്ത് നോക്കുക.)

**ബോവൂസൊ**

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരേണമെ. ആലോഹൻ...........

കർത്താവേ! നീ മരിച്ച് ഞങ്ങളെ ജീവിപ്പിച്ചിരിക്കുന്നതുകൊണ്ട് രണ്ടാമത്തെ മരണത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ. ഞങ്ങളുടെ പ്രാർത്ഥന സ്വർഗ്ഗത്തിന്റെ വാതിലുകളെ തുറക്കുന്ന താക്കോലായിരിക്കണമെ. ആലോ......

തന്റെ ആടുകൾക്കുവേണ്ടി ജീവനെ വെടിഞ്ഞവനായ നല്ല ഇടയാ! നിന്റെ തിരുവിഷ്ടത്തിനൊത്തവണ്ണം ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം നിന്റെ സന്നിധിയിൽ ഞങ്ങൾ കാണപ്പെടുമാറാകണമെ. ദുഷ്ടന്റെ അസൂയയിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളണമെ. നിന്റെ തിരുവചനങ്ങളെ തിരിച്ചറിയുവാൻ ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമെ. ആലോഹൻ............

കർത്താവേ! ഞങ്ങളെയും ഞങ്ങളുടെ പിതാക്കൻമാരെയും ഞങ്ങളുടെ സഹോദരൻമാരെയും, നിന്റെ ശരണത്തിൻമേൽ മരിച്ചുപോയിരിക്കുന്ന സകല മരിച്ചവരെയും മുഖപ്രസാദത്തിനും നിന്റെ രാജ്യത്തിലെ ആനന്ദത്തിനും യോഗ്യരാക്കിത്തീർക്കണമെ. ആലോഹൻ..........

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരേണമെ. ആലോഹൻ..............

(ഈ ബോവൂസ്സൊയുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും 163-ാം വശത്ത് വിവരിച്ചിരിക്കുന്ന പ്രകാരം മാറി ചേർത്തു ചൊല്ലണം.)

ഹാശായുടെ കൗമാ 153-ാം വശം മുതൽ

## പ്രത്യേക പ്രാർത്ഥന

## പെസഹാവ്യാഴാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

ജീവനോടിരുന്നുകൊണ്ട് തൻ ശരീരവും രക്തവും ഭക്ഷിച്ചുകുടിക്കുവാൻ തന്റെ ശിഷ്യൻമാർക്ക് നൽകുകയും 'പാപമോചനത്തിനായി നിങ്ങൾ ഇതിനെ അനുഭവിപ്പീൻ' എന്ന് കല്പിക്കുകയും ചെയ്തവനായ ദൈവമേ! ഞങ്ങൾ



അയോഗ്യതയോടെ നിന്റെ രക്തശരീരങ്ങളെ കൈക്കൊണ്ടിട്ട് യൂദ സ്ക്കറിയോത്തായ്ക്കു കൂട്ടാളികളായിത്തീരാതിരിപ്പാൻ ഞങ്ങളെ കാത്തുകൊള്ളണമെ. ബാറെക്മോർ.

'എന്റെ രണ്ടാമത്തെ വരവുവരെ എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്‌വീൻ' എന്ന് നീ കല്പിച്ച പ്രകാരം ഞങ്ങൾ യോഗ്യതയോടെ ചെയ്‌വാനും വിശ്വാസത്തോടെ ഭക്ഷിച്ച് കുടിക്കുവാനും അതു ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ആയിരിപ്പാനും ഞങ്ങൾക്കു കൃപചെയ്യണമെ. മൊറിയൊ..........

### ബോവൂസൊ

മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിക്കുകയും പാറയിൽ നിന്നു വെള്ളമൊഴുക്കുകയും വൃക്ഷത്തിൽനിന്ന് ആടിനെ കാണിക്കുകയും കന്യകയിൽനിന്ന് ജനിക്കുകയും ചെയ്തവനായ കർത്താവ് അപ്പവും വീഞ്ഞും തന്റെ തൃക്കൈകളിൽ എടുത്തു വാഴ്ത്തി നിന്റെ ശരീരവും രക്തവും ആക്കിത്തീർത്ത് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി അതിനെ നിയമിച്ചു. കർത്താവേ! അതു ഞങ്ങൾക്കു ശിക്ഷാവിധിക്കായി തീരരുതെ. ഞങ്ങളോടുള്ള നിന്റെ കൃപകൾക്കായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

കർത്താവേ! നിന്റെ സഭയിൽ നീ ക്രമപ്പെടുത്തിയ പ്രകാരം സത്യമുള്ള പട്ടക്കാരുടെ കൈകളാൽ വാഴ്ത്തപ്പെടുന്ന അപ്പവും വീഞ്ഞും സത്യമായിട്ടും നിന്റെ ശരീരവും രക്തവും തന്നെയെന്ന് സംശയം കൂടാതെ വിശ്വസിച്ചുകൊണ്ട് അതിനെ അനുഭവിപ്പാനും പാപമോചനം കൈക്കൊള്ളുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ബാറെ.....

കർത്താവേ! അപ്പവും വീഞ്ഞും നിന്റെ ശരീരരക്തങ്ങളായിത്തീരുന്നതെങ്ങിനെയെന്ന് പറഞ്ഞു ഞങ്ങളെ അവിശ്വാസത്തിൽ വീഴിപ്പാൻ ആഗ്രഹിക്കുന്ന സാത്താനോടും സൈന്യങ്ങളോടും നിന്റെ മഹാശക്തികളാലും അത്ഭുതങ്ങളാലും ജീവനുള്ള തിരുവചനങ്ങളാലും പോരാടി ജയിപ്പാൻ നിന്റെ കൃപ ഞങ്ങളെ സഹായിക്കണമെ. മൊറിയൊ....

**ബോവൂസൊ**

അത്യുന്നതനായ ദൈവമേ! താഴ്മയോടെ ശിഷ്യൻമാരുടെ കാലുകളെ കഴുകിയതുപോലെ താഴ്മപ്പെട്ട് തമ്മിൽ തമ്മിൽ കാലുകളെ കഴുകുവാനും സത്യസ്നേഹത്തിൽ നില നിൽപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ കറകളിൽനിന്ന് ഞങ്ങളെ നീ കഴുകി വെടിപ്പാക്കണമെ. പാപപരിഹാരം നൽകുന്നതായ നിന്റെ ശരീരരക്തങ്ങളെ അനുഭവിക്കുന്നതിനാൽ ഞങ്ങൾ നിനക്കുള്ളവരായിത്തീരുമാറാകണമെ. ഞങ്ങൾക്കുവേണ്ടി ഞങ്ങളെപ്പോലെ ആയിത്തീർന്ന് തന്നെത്തന്നെ ബലികഴിച്ചവനായ കർത്താവേ! ഇടവിടാതെ നിന്നെ സ്തുതിച്ച് വന്ദിപ്പാനും നിന്നോടു സാദൃശ്യപ്പെടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

## വലിയവെള്ളിയാഴ്ച അഥവാ ദുഃഖവെള്ളിയാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

വെള്ളിയാഴ്ച ദിവസത്തിൽ നമ്മുടെ വംശത്തലവനായ ആദാമിന്റെ ന്യായത്തീർപ്പിനെ അഴിപ്പാൻ വേണ്ടി സർവ്വശക്തനും സകലത്തിന്റെയും ഉടയവനുമായ നമ്മുടെ കർത്താവ് ന്യായാസനത്തിൻ മുമ്പാകെ നിന്നു. ഹന്നാൻ ഇരിക്കുന്നു. കയ്യാപ്പാ വിസ്തരിക്കുന്നു. ജനങ്ങൾ ഇവൻ കുറ്റക്കാരനെന്ന്



വിളിച്ചുകൂവുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി അനീതിനിറഞ്ഞവരായ ജനങ്ങളിൽനിന്ന് ഇവയെല്ലാം കർത്താവ് സഹിച്ചു. അയ്യോ! എത്ര അക്രമം! അയ്യോ! എന്തു സങ്കടം! ഇതു സഹിപ്പാൻ ആർക്കു കഴിയും? ഇവകളെ അറിഞ്ഞുകൊണ്ട് രക്ഷിതാവിനോടു നന്ദിയില്ലാത്ത ലോകത്തെയും പാപത്തെയും സ്നേഹിക്കുന്നവനു ഹാ! കഷ്ടം. തന്റെ നിസ്തുല്യ താഴ്മയ്ക്ക് അളവില്ലാതെ സ്തുതിയുണ്ടായിരിക്കട്ടെ. കർത്താവേ! നിന്റെ ഉഗ്രകോപത്തെ ഞങ്ങളുടെ മേൽ ചൊരിയരുതെ. ബാറെക്മോർ.

ദൈവപുത്രനെ കയ്യാപ്പാ വിസ്തരിക്കുമ്പോൾ അവനെ മരണത്തിനു ഏല്പിച്ചുകൊടുപ്പാൻ കാരണം അന്വേഷിക്കയാൽ കള്ളസാക്ഷിക്കാർ വന്ന് 'ഇവൻ ന്യായപ്രമാണത്തെ ലംഘിക്കുന്നതും ശാബതിൽ രോഗികളെ സുഖപ്പെടുത്തുന്നതും ഞങ്ങൾ കണ്ടിട്ടുണ്ടെന്ന്' സാക്ഷി പറഞ്ഞു. ജനങ്ങൾ ഇവൻ മരണത്തിനർഹൻ എന്ന് അട്ടഹസിച്ചു. ക്രൂബേൻമാർ, സ്രോപ്പേൻമാർ മുതലായ സ്വർഗ്ഗീയ സൈന്യങ്ങൾ തങ്ങളുടെ യജമാനൻ താഴ്മയോടെ തലകുനിച്ച് മൗനമായി നിൽക്കുന്നതു കണ്ടിട്ട് വിസ്മയിച്ചു ഭ്രമിക്കുന്നു. തന്റെ ദീർഘക്ഷമയും താഴ്മയും എത്രയെന്ന് പറവാൻ ആർക്കു കഴിയും. കരുണാനിധിയായവനേ! ഞങ്ങളോടുള്ള സ്നേഹത്തിന്റെ ഏറ്റം ചെറിയ അംശം പോലും ഞങ്ങൾക്കു നിന്നോടില്ലാത്തതിനാൽ ഞങ്ങൾ നിന്റെ മഹാകോപത്തിനും നരകശിക്ഷയ്ക്കും യോഗ്യരാകുന്നു. എങ്കിലും നിന്റെ മനുഷ്യസ്നേഹം നിമിത്തം നിന്നെ ധിക്കരിച്ചവരോടുകൂടെ ഞങ്ങളെ തള്ളിക്കളയരുതെ. മൊറിയൊ.........

**ബോവൂസൊ**

തീയോടടുത്താൽ കരിഞ്ഞുപോകുന്ന ഉണക്കത്തുരുമ്പുകൾ ക്രൂരമേറിയ അഗ്നിയെ പിടിച്ചുകെട്ടി വാറുകളാൽ അടിക്കുകയും അനേക കഷ്ടതകളെ അനുഭവിപ്പിക്കയും കേൾക്കുന്ന ചെവികളിൽ മുഴങ്ങത്തക്ക വണ്ണവും കാണുന്ന കണ്ണുകൾ ഇരുളാക്കത്തക്കവണ്ണവും ഹൃദയം തകരത്തക്ക വണ്ണവും അംഗങ്ങൾ തകർന്നു ബോധം കെട്ടു വീഴത്തക്കവണ്ണവും എണ്ണമില്ലാത്ത പങ്കപ്പാടുകൾ അവനെ ഏല്പിക്കയും പരിഹസിക്കയും മുഖത്തു തുപ്പുകയും മറ്റും ചെയ്തു. ലോകത്തിലെ സർവ്വ സൃഷ്ടികളും ഇവകളെക്കുറിച്ച് പറഞ്ഞൊപ്പിപ്പാൻ പാടില്ലാത്ത പ്രകാരം ദുഃഖിച്ച് വിലപിച്ചിട്ടും ഭാഗ്യംകെട്ട ദുഷ്ടക്കൂട്ടം തിരിച്ചറിയാതെ തനിക്കു വിരോധമായി അതികോപത്തോടെ പല്ലുകടിച്ചു. നീതിമാനും കുറ്റമില്ലാവനും അന്യായക്കാരാൽ കുറ്റം വിധിക്കപ്പെടുവാൻ തിരുമനസ്സായവനും രാജാധിരാജനും കർത്താധികർത്താവും ആയവനേ! ഞങ്ങളോടു കരുണയുണ്ടാകണമെ. ഞങ്ങളുടെ കടച്ചീട്ടുകളെ കീറിക്കളയണമെ. ആകെൽക്കറുസ്സായുടെ അടിമയിൽനിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമെ. നിത്യജീവൻ ഞങ്ങൾക്ക് അവകാശമായി നൽക. അവസാനത്തെ ന്യായവിസ്താരനാളിൽ ഞങ്ങളെ ലജ്ജിപ്പിക്കാതെ മുഖപ്രസാദവും വലത്തുഭാഗത്തുള്ള നിലയും ഞങ്ങൾക്കു നൽകണമെ. 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭത്തിനു മുമ്പേ നിങ്ങൾക്കു ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗം അവകാശിച്ചുകൊൾവിൻ' എന്നുള്ള സന്തോഷശബ്ദം ഞങ്ങൾ കേട്ടുകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ.



## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കുറ്റക്കാരനെപ്പോലെ ന്യായസ്ഥലത്തേക്കു നടത്തപ്പെടുകയും ദാസനിൽ നിന്ന് കവിളത്ത് അടികൊള്ളുകയും പാപത്തിന്റെ ദാസരെ സ്വാതന്ത്ര്യപ്പെടുത്തുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്ലീബായിൽ തൂങ്ങി മരിച്ച് ഞങ്ങൾക്കു ജീവൻ നൽകുകയും ചെയ്തവനായ മിശിഹാതമ്പുരാനേ! നിന്റെ മഹാകരുണകൾക്കു സ്തുതി. വെടിപ്പുള്ള വിചാരങ്ങളാലും നല്ല നടപ്പുകളാലും ഞങ്ങൾ നിന്റെ കുരിശിൻചുവട്ടിൽ വന്ന് നിന്റെ തൃപ്പാദങ്ങളെ വന്ദിപ്പാനും ചുംബിപ്പാനും പാപമോചനം പ്രാപിപ്പാനും ഞങ്ങളുടെ ജീവകാലമെല്ലാം നിന്നിൽ നിന്നും വിട്ടുമാറാതെ നിന്നിൽത്തന്നെ ആശ്രയിച്ചുകൊണ്ട് സമാധാനത്തോടെ ഈ ലോകം വിടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെക്മോർ.

വഞ്ചകനായ ശിഷ്യൻ വിലമതിക്കപ്പെടാവുന്നവനല്ലാത്ത തന്റെ ഗുരുവിന്റെ വില വാങ്ങിക്കയും സർവ്വജ്ഞാനിയായ ഗുരുവിനെ വഞ്ചനയുടെ ചുംബനത്താൽ ഏല്പിച്ചുകൊടുക്കുകയും സർവ്വശക്തനും പിടിക്കപ്പെടുവാൻ പാടില്ലാത്തവനും ആയവനെ അഹങ്കാരികളായ സ്വജനങ്ങൾ പിടിച്ചു വിസ്തരിച്ചു മരണശിക്ഷയ്ക്കു വിധിക്കയും കുരിശു ചുമപ്പിച്ചുകൊണ്ട് ഗോഗുൽത്തായിലേക്കു നടത്തുകയും ലജ്ജയോ ദയവോ കൂടാതെ അവനെ കുരിശിൽ തറയ്ക്കുകയും മറ്റും ചെയ്തതു സ്വർഗ്ഗസേനകൾ കണ്ടിട്ട് ചിലർ വിസ്മയിക്കുന്നു, ചിലർ ഭ്രമിക്കുന്നു, ആകാശം വിറയ്ക്കുന്നു. ആദാമിന്റെ മക്കൾ രക്ഷ പ്രാപിക്കുന്നു, പിശാചുക്കൾ ഭ്രമിച്ചുവീഴുന്നു. മഹത്വത്തിന്റെ ഉടയവനേ! നിനക്കു സ്തുതി. ഞങ്ങളോടു

നീ ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ യാചനകളെ നൽകണമെ. ജയത്തിന്റെ അടയാളമായ സ്ലീബായോടുകൂടെ നീ വരുമ്പോൾ ഞങ്ങളെയും നിന്നെ ബഹുമാനിച്ചവരെയും നിന്റെ വലത്തു ഭാഗത്തു മഹത്വത്തോടെ നിറുത്തണമെ. മൊറിയൊ....

**ബോവൂസൊ**

നമുടെ രക്ഷകനായ യേശുമിശിഹാ വെള്ളിയാഴ്ച ദിവസത്തിൽ നമുക്കുവേണ്ടി മുൾക്കിരീടം വയ്ക്കുവാൻ തന്റെ തലയെയും കുരിശു ചുമക്കുവാൻ തോളിനെയും ആണികൾ തറയ്ക്കുവാൻ കൈകളെയും കാലുകളെയും ആക്ഷേപത്തിന്റെ കുപ്പായത്തിനു ശരീരത്തെയും താഴ്മയോടെ വിട്ടുകൊടുത്തു. നീതിമാനായ മഹാരാജാവിനെ കള്ളൻമാരുടെ നടുവിൽ തൂക്കി. സകലത്തെയും പോഷിപ്പിച്ച് രക്ഷിക്കുന്നവന് അവർ ചൊറുക്കായും കൈപ്പും കൊടുത്തു. തന്റെ ശരീരത്തിൽനിന്നാകട്ടെ, ആത്മാവിൽനിന്നാകട്ടെ, ദൈവത്വം മാറാതെ തന്റെ ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടു. ഞങ്ങൾക്കുവേണ്ടി മഹാ താഴ്മയിലേക്ക് ഇറങ്ങി വന്നവനേ! നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി കഷ്ടതയനുഭവിച്ചവനും സ്വഭാവത്തിൽ കഷ്ടതയില്ലാത്തവനും ആയവനേ! നിനക്കു സ്തുതി. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ശപിക്കപ്പെട്ട യഹൂദൻമാർ തന്റെ ദീർഘക്ഷമയെ തിരിച്ചറിയാതെയും അത്ഭുതങ്ങൾ കണ്ടിട്ടും വിശ്വസിക്കാതെയും കഠിനകഷ്ടതകൾ തന്നോടു ചെയ്വാൻ ധൈര്യപ്പെട്ടു. ഭൂമി കുലുങ്ങി, സൂര്യൻ ഇരുണ്ടു, പാറകൾ പിളർന്നു, ദേവാലയത്തിന്റെ വാതിൽമറ കീറപ്പെട്ടു. സർവ്വസൃഷ്ടികളും ദുഃഖം പൂണ്ടു. താൻ ദൈവമാകുന്നു എന്ന് ആകാശവും ഭൂമിയും സാക്ഷിച്ചു. ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദൈവമേ! നീ പരിശുദ്ധനാകുന്നു. അരിഷ്ടരായ



ഞങ്ങൾക്കുവേണ്ടി കഷ്ടതകളും ആക്ഷേപങ്ങളും സഹിച്ചവനായ ബലവാനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങി മരിച്ച് ഞങ്ങളെ രക്ഷിച്ചവനായ മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ പാപക്കഷ്ടതയില്ലാത്തവരാക്കിത്തീർക്കണമെ. നിന്റെ ശക്തിയാൽ വിപരീതിയുടെ സകല ശക്തിയെയും ഞങ്ങൾ ജയിക്കുമാറാകണമെ. നിന്റെ താഴ്മയിൽ ഞങ്ങൾ സാദൃശ്യപ്പെടുമാറാകണമെ. നിന്റെ ഉയിർത്തെഴുന്നേല്പുദിവസത്തിൽ നിന്റെ ഇഷ്ടപ്രകാരം ഞങ്ങൾ സന്തോഷിക്കുമാറാകണമെ. നിന്റെ രാജ്യത്തിൽ ഞങ്ങൾ മഹത്വപ്പെടുമാറാകണമെ. നിന്റെ ഇഷ്ടം ചെയ്തവരോടുകൂടെ ഞങ്ങൾ ആനന്ദിക്കുമാറാകണമെ. ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും പുണ്യവാൻമാരുടെ നിരയിൽ ചേർക്കണമെ. നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള സകല കൃപകൾക്കുംവേണ്ടി നിന്നെ ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്യുന്നു.

## അറിയിപ്പിന്റെ ശനിയാഴ്ച

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ജീവനുള്ളവനായ യേശു പാതാളത്തിൽ മരിച്ചവരുടെ ഇടയിലേക്കു പ്രവേശിച്ച് മരണനുകത്തെ തകർത്തു. അവൻ മരണത്തിന്റെ ശിരസ്സിനെ ചവിട്ടുകയാൽ അതിന്റെ കിരീടവും വീണുപോയി. മരിച്ചവർക്കു ധൈര്യവും സന്തോഷവും ലഭിച്ചു. യേശുവേ! ഞങ്ങളുടെ മരണാവസ്ഥയെ കണ്ട് കരുണയോടെ ഞങ്ങളെ ജീവിപ്പിക്കണമെ. ബാറെക്മോർ.

യേശുമിശിഹാ മരിച്ചവരുടെ ഇടയിലേക്ക് ഇറങ്ങിപ്പോയപ്പോൾ മാലാഖമാരുടെ കൂട്ടം വിസ്മയത്തോടെ സ്തുതി പാടി. മരിച്ചവർ സന്തോഷിച്ചു. കർത്താവേ! നീ ഞങ്ങളുടെ അടുക്കലേക്കിറങ്ങിവന്നതിനെയും ഞങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ട് മരിച്ച് ഞങ്ങളെ രക്ഷിച്ചതിനെയും ഓർത്ത് ഹൃദയപൂർവ്വമായി നിന്നെ വന്ദിച്ച് സ്തുതിപ്പാനും നിന്നിൽ സന്തോഷിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

മൊറിയൊ..........

**ബോവൂസൊ**

ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചിട്ടുള്ള ആദാമിനെ സ്വാതന്ത്രനാക്കുന്നതിന് പാതാളത്തിലേക്കിറങ്ങി മരണത്തിന്റെ മൂർച്ചയെ കെടുത്തുകയും ആദാമിന്റെ ബന്ധനത്തെ അഴിച്ച് അവനെ രക്ഷിക്കുകയും ചെയ്തു.

അത്യുന്നതങ്ങളിൽ മഹിമാസനത്തിൽനിന്ന് ഹീനാവസ്ഥയിലേക്കു തിരുമനസ്സോടെ ഇറങ്ങിവന്നവനായ മിശിഹാതമ്പുരാനു സ്വർഗ്ഗവാസികളിൽനിന്നും ഭൂവാസികളിൽനിന്നും സർവ്വ സൃഷ്ടികളിൽനിന്നും ഇടവിടാതെ എന്നേക്കും സ്തുതികളും സ്തോത്രങ്ങളും ഉണ്ടാകുമാറാകട്ടെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ദൈവമായ യേശു പാതാളത്തിന്റെ പൂട്ടുകളെ പൊളിച്ചു. മരണം അവന്റെ ശബ്ദംകേട്ട് വിറച്ചു. ആദാം അവന്റെ മുമ്പാകെ മുട്ടുകുത്തി വന്ദിച്ചു. ദീർഘദർശനങ്ങൾ നിവൃത്തിയായി. കർത്താവേ! ലോകമോദങ്ങൾകൊണ്ട് ഞങ്ങളെ വീഴിപ്പാനും നിന്നിൽ നിന്നകറ്റുവാനും വേണ്ടി ഇടവിടാതെ ഞങ്ങളോടു യുദ്ധം ചെയ്യുന്ന സാത്താനെ നീ വിരോധിച്ച് ഓടിക്കണമെ. ഞങ്ങൾ നിന്റെ ജീവവചനങ്ങളെ കേട്ട് ഞങ്ങളുടെ പാപാവസ്ഥയെക്കുറിച്ച് ഇളകി വിറച്ച് നിങ്കലേക്കു ചേരുവാൻ യോഗ്യരായിത്തീരണമെ. ബാറെക്മോർ.



കാണാതെപോയ ആടിനെ അന്വേഷിച്ച് പുറപ്പെടുന്നതിൽനിന്ന് കഷ്ടതകളാകട്ടെ മരണമാകട്ടെ ഒന്നും നിന്നെ തടയുവാൻ കഴിഞ്ഞില്ല. എന്നാലോ നീ പാതാളത്തിലേക്കിറങ്ങി അതിനെ കണ്ടുപിടിക്കുകയും നിന്റെ മഹാകരുണയാൽ അതിനെ രക്ഷിക്കയും ചെയ്തു. കർത്താവേ! അതുപോലെ ആകെൽക്കറുസ്സായുടെ കെണികളിൽ അകപ്പെട്ടിരിക്കുന്ന ഞങ്ങളെ നിന്റെ കരുണയാൽ സ്വാതന്ത്രരാക്കി രക്ഷിക്കണമെ.

**ബോവൂസൊ**

മിശിഹാതമ്പുരാനേ! നിന്റെ മരണത്താൽ നീ ഞങ്ങൾക്കു ജീവൻ നൽകിയതിനാൽ നിനക്കു സ്തുതി. നീ ആകാശത്തിന്റെയും ഭൂമിയുടെയും ഉടയവനായിരിക്കുമ്പോൾ ഞങ്ങൾക്കുവേണ്ടി കബറിൽ അടയ്ക്കപ്പെടുവാൻ തിരുമനസ്സായതിനാൽ നിനക്കു സ്തുതി. നീ കുറ്റമില്ലാത്തവനായിരിക്കുമ്പോൾ കുറ്റക്കാരനെപ്പോലെ കള്ളൻമാരുടെ നടുവിൽ കുരിശിൽ തറയ്ക്കപ്പെടുവാൻ തിരുമനസ്സായതിനാൽ നിനക്കു സ്തുതി.

വിശ്വാസികളയ മരിച്ചവരെ മഹത്വം ധരിപ്പിക്കുന്നവനേ! നിനക്കു സ്തുതി. സാത്താനെ കീഴ്പ്പെടുത്തുകയും മരണത്തെ കൊല്ലുകയും ആദാമിനെയും സന്തതികളെയും സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കയും ചെയ്തവനേ! നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ.

## ക്യംതാ അഥവാ ഉയിർപ്പു ഞായറാഴ്ചയ്ക്കും ഹേവോറെ നാളുകൾക്കും സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

(ഉയിർപ്പു ഞായറാഴ്ചയുടെ പിറ്റെദിവസം തിങ്കളാഴ്ച മുതൽ ശനിയാഴ്ചവരെ ഹേവോറെ നാളുകളാകകൊണ്ട് ആ ദിവസങ്ങളിലും, ഉയിർപ്പു മുതൽ സെപ്റ്റംബർ 14-ാം തീയതി സ്ലീബാ പ്പെരുന്നാൾ വരെയുള്ള എല്ലാ ഞായറാഴ്ചകളും ഉയിർപ്പിന്റെ ഞായറാഴ്ചകളാകകൊണ്ട് ആ ദിവസങ്ങളിലും ഈ പ്രാർത്ഥനതന്നെ ഉപയോഗിച്ചുകൊള്ളണം.)

### കോലോകൾ

കർത്താവേ! നീ വലിയ ശക്തിയോടും അതിർത്തിയില്ലാത്ത മഹത്വത്തോടുംകൂടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ് അന്ധകാരത്തിൽ ഇരുന്ന സർവ്വ സൃഷ്ടികളെയും പ്രകാശിപ്പിച്ചു. കന്യകയുടെ വ്രതമുദ്രയ്ക്കു ഭംഗംവരാതെ നീ അവളിൽ നിന്ന് ഭൂമിയിൽ ജനിച്ചതുപോലെ കബറിന്റെ മുദ്രയ്ക്ക് ഇളക്കം വരാതെ ഉയിർത്തെഴുന്നേറ്റ് സർവ്വ സൃഷ്ടികളെയും വിസ്മയിപ്പിച്ചു. നിന്റെ സഭയെയും അതിന്റെ മക്കളെയും നിന്റെ ഉയിർത്തെഴുന്നേല്പിൽ സന്തോഷിപ്പിക്കണമെ. ബാറെ.......

രക്ഷിതാവേ! നിന്റെ ഉയിർത്തെഴുന്നേല്പിൽ ആകാശവും ഭൂമിയും സന്തോഷം ധരിച്ചു. മരണവും സാത്താനും പാതാളവും ലജ്ജിച്ചു. മരണത്തിന്റെ അധികാരം മാഞ്ഞുപോയി. ഈറേൻമാരും മാലാഖമാരും നിനക്കു സ്തുതിപാടി. മനുഷ്യവർഗ്ഗം രക്ഷപ്രാപിച്ചു. നഷ്ടപ്പെട്ടുപോയ പറുദീസാ തിരികെ ലഭിച്ചു. കർത്താവേ! അന്യായത്തിന്റെ കെട്ടുകളെ ഞങ്ങളിൽനിന്ന് അഴിക്കണമെ. സ്വർഗ്ഗീയസൈന്യങ്ങളോടു കൂടെ നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. മൊറിയൊ......



### ബോവൂസൊ

കർത്താവേ! നിന്റെ സ്ലീബായാൽ രക്ഷപെട്ടിരിക്കുന്ന നിന്റെ സഭയെ വിശ്വാസത്തിന്റെ പാറമേൽ സ്ഥിരപ്പെടുത്തണമെ. അതിലെ ആചാര്യൻമാരിൽ ഐക്യത വർദ്ധിപ്പിക്കണമെ. അതിന്റെ പ്രജകളുടെ ശബ്ദം സ്രോപ്പേൻമാരുടെ ശബ്ദങ്ങൾപോലെ മുഴങ്ങുമാറാകണമെ. നിന്നെ ഏറ്റുപറഞ്ഞിട്ടുള്ള മരിച്ചുപോയവരെ നിന്റെ വലത്തു ഭാഗത്ത് നിറുത്തണമെ. നിന്നിൽ നിന്നുള്ള കരുണകൾക്കു കാത്തിരിക്കുന്ന നിന്റെ ജനങ്ങളിൽനിന്ന് നിന്റെ തിരുമുഖത്തെ തിരിച്ചു കളയരുതേ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

വെള്ളവസ്ത്രം ധരിച്ചവരായ മാലാഖമാർ കബറിന്റെ അടുക്കൽ നിൽക്കുന്നതു കാവൽക്കാർ കണ്ടിട്ട് അവർ ഒളിച്ചോടിപ്പോയി. നിങ്ങൾ അവനെ കബറടക്കം ചെയ്ത് കബറിന്റെ വാതിൽക്കൽ കല്ലിനെ ഉരുട്ടിവച്ച് മുദ്രയും കുത്തിയിട്ട് അവൻ ഇതാ മിന്നൽപോലെ പോയിയെന്ന് അട്ടഹസിച്ചുകൊണ്ട് അവർ ഊർശ്ലേമിലേക്കു പ്രവേശിച്ചു. കർത്താവേ! അവസാനത്തെ ഉയിർപ്പുനാളിൽ ഞങ്ങൾ മഹത്വത്തിന്റെ വെള്ള നിലയങ്കി ധരിപ്പാനും നിന്റെ മഹത്വത്തെ കാണ്മാനും ഞങ്ങൾക്കു കൃപ നൽകണമെ. ബാറെക്മോർ.

നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ദിവസത്തിൽ നിന്റെ ജനങ്ങളുടെമേൽ നിന്റെ കരുണകളെ ചൊരിയണമെ. രാവും പകലും നിന്റെ വേദപ്രമാണങ്ങളിൽ ധ്യാനിപ്പാനും നിന്റെ കൃപകളെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്വാനും ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമെ. ജയം നൽകുന്ന നിന്റെ

സ്ലീബായാൽ ഞങ്ങളെ നീ ആയുധം ധരിപ്പിക്കണമെ. നിന്റെ സ്ലീബായുടെ ശക്തിയാൽ നിന്റെ ജനങ്ങളിൽനിന്ന് ശിക്ഷകളെയും ക്രോധത്തിന്റെ വടികളെയും പഞ്ഞത്തെയും വസന്തകളെയും സകല ഉപദ്രവങ്ങളെയും നീക്കിക്കളയണമെ. മൊറിയൊ.......

**ബോവൂസൊ**

വലിയ ശക്തിയോടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു ബലവും മഹത്വവും ജയവും ധരിക്കുകയും പാതാളത്തിന്റെ ഉയർന്ന കോട്ടകളെയെല്ലാം ഇടിച്ചുപൊളിക്കയും അതിൽ അടയ്ക്കപ്പെട്ടിരുന്ന മനുഷ്യവർഗ്ഗത്തെ സ്വാതന്ത്ര്യപ്പെടുത്തി പുറപ്പെടുവിക്കയും ചെയ്തവനായ ദൈവപുത്രാ! ഞങ്ങളെല്ലാവരെയും അഴിവില്ലാത്ത സന്തോഷത്തിനു നീ യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങൾക്കു കരുണയും പാപമോചനവും സമാധാനവും ഉണ്ടാകുമാറാകണമെ. നീ രക്ഷിച്ചിട്ടുള്ള നിന്റെ സഭയുടെ വൈരികളെ നീ മറിച്ചിടണമെ. നിന്റെ ശരണത്തിൻമേൽ മരിച്ച് നിന്റെ മഹത്വപ്രത്യക്ഷതയ്ക്കു കാത്തിരിക്കുന്നവരായ സകല മരിച്ചവരെയും പ്രകാശത്തിന്റെ ഭവനങ്ങളിൽ നീ വസിപ്പിക്കണമെ.

## പുതുഞായറാഴ്ച
## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

മാർ തോമ്മാശ്ലീഹാ! നിന്റെ കർത്താവിന്റെ മുറിവുകളെ സ്പർശിപ്പാൻ നീ യോഗ്യനായിത്തീർന്നതിനാൽ നിനക്കു ഭാഗ്യം! അഹങ്കാരികൾ മരത്തിൻമേൽ വച്ച് കുത്തിത്തുറന്ന ആ വിലാവിൽനിന്ന് സ്വർഗ്ഗീയ നന്മകൾ നിറഞ്ഞിരിക്കുന്ന വലിയ ധനത്തെ നീ പ്രാപിക്കയും വിശുദ്ധ സഭയെ സത്യവിശ്വാസം പഠിപ്പിക്കയും ചെയ്തു. കർത്താവേ! ഞങ്ങൾ വിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിപ്പാൻ കൃപനൽകണമെ. ബാറെ......



തന്റെ കർത്താവിന്റെ വിലാവിനെ സ്പർശിച്ചതുവരെ ഉയിർപ്പിനെ പ്രസംഗിപ്പാൻ മനസ്സില്ലാതിരുന്നവനായ മാർ തോമ്മാ ശ്ലീഹായുടെ നിരൂപണയെ സ്ഥിരപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്നിലും നിന്റെ നടപടികളിലും സംശയം കൂടാതിരിപ്പാൻ സ്ഥിരമുള്ള ഹൃദയം ഞങ്ങൾക്കു തരണമെ. മൊറിയൊ.........

**ബോവൂസൊ**

ഇൻഡ്യയുടെ രാജാവിനു മാർ തോമ്മാശ്ലീഹായെക്കൊണ്ട് സ്വർഗ്ഗത്തിൽ കോവിലകം പണിയിച്ചവനായ കർത്താവേ! സ്വർഗ്ഗത്തിൽ പ്രകാശത്തിന്റെ മണവറയിൽ സന്തോഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

രാജാവു കണ്ട സ്വപ്നപ്രകാരം അവനു കോവിലകം ഉണ്ടാക്കുന്ന പണിക്കാരനെ അന്വേഷിപ്പാൻ അവൻ കച്ചവടക്കാരനായ ഹാബാനെ അയക്കുകയും ഇൻഡ്യയിൽ സുവിശേഷം പ്രസംഗിപ്പാനായിട്ട് പണിക്കാരനെന്നുള്ള പേരിൽ കർത്താവേ! നീ തോമ്മായെ അവനു വിൽക്കുകയും ചെയ്തുവല്ലൊ. മാർ തോമ്മായുടെ പ്രാർത്ഥന ഞങ്ങൾക്കു സഹായകമായിരിക്കണമെ. ബാറെക്മോർ.

കർത്താവേ ! നിന്റെ ശിഷ്യനായ മാർ തോമ്മാശ്ലീഹാ മുഖാന്തിരം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ പ്രകാശത്തിന്റെ മണവറ ലഭിക്കുകയും നിന്റെ ശ്ലീഹാമൂലം നീ ഞങ്ങളെ അറിയിച്ചിട്ടുള്ള സത്യവിശ്വാസത്തെ ഞങ്ങൾ മുറുകെപ്പിടിക്കുകയും ചെയ്യുമാറാകണമെ. കർത്താവേ! നിന്റെ ശ്ലീഹായുടെ പ്രാർത്ഥനയാൽ നിന്റെ വിശുദ്ധസഭയിൽ നിന്ന് വേദവിപരീതങ്ങളെയും തർക്കങ്ങളെയും നീക്കിക്കളയണമെ. അതിന്റെ വൈരികൾ അതിന്റെ മുമ്പിൽ മുട്ടുമടക്കുമാറാകണമെ. മൊറിയൊ.......

**ബോവൂസൊ**

മാർ തോമ്മാശ്ലീഹാ! ഇൻഡ്യയുടെ രാജാവിനാൽ കല്യാണത്തിനു ക്ഷണിക്കപ്പെടുകയും അവിടെ അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കയും രാജാവും കുടുംബവും വിശ്വസിക്കയും ചെയ്തുവല്ലൊ. കർത്താവേ! സ്വർഗ്ഗരാജ്യത്തിന്റെ മേശമേൽ ഞങ്ങളെ ഇമ്പപ്പെടുത്തണമെ. നിന്റെ സഭ മാർതോമ്മാശ്ലീഹായുടെ പ്രാർത്ഥനകളാൽ അത്ഭുത ശക്തികളാൽ പുകഴ്ത്തപ്പെടുമാറാകണമെ.

രാവും പകലും നിന്റെ ഏവൻഗേലിയോനിൽ ധ്യാനിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. മാർ തോമ്മാശ്ലീഹായുടെ പ്രാർത്ഥനകളാൽ പഞ്ഞവും വസന്തകളും പിശാചുക്കളുടെ ഉപദ്രവങ്ങളും നീങ്ങിപ്പോകുമാറാകണമെ. കർത്താവേ! എല്ലായ്പോഴും നിന്നെ ഏറ്റുപറവാനും സ്തുതിപ്പാനും നിന്റെ കൃപ കൈക്കൊള്ളുവാനും ഞങ്ങൾക്ക് ഇടവരുത്തുകയും ചെയ്യണമെ.

## സ്വർഗ്ഗാരോഹണപ്പെരുന്നാൾ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

രക്ഷിതാവായ യേശുമിശിഹാ! സ്വർഗ്ഗത്തിലേക്കുള്ള നിന്റെ കരേറ്റത്തിന്റെ ദിവസം വാഴ്ത്തപ്പെട്ടതാകുന്നു. ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാവനേയും എന്റെ അടുക്കലേക്ക് ആകർഷിക്കുമെന്ന് വാഗ്ദത്തം ചെയ്തവനായ മിശിഹാ! പാപങ്ങളുടെ അഗാധത്തിൽനിന്ന് ഞങ്ങളെ കരേറ്റണമെ. സ്വർഗ്ഗത്തിലേക്കുള്ള നിന്റെ കരേറ്റത്തിൽ മാലാഖമാരുടെ കൂട്ടങ്ങൾ നിനക്കു സ്തുതിപാടിയതുപോലെ നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ബാറെക്മോർ.



ശ്ലീഹൻമാരെ സൈത്തു പർവ്വതത്തിലേക്കു കൂട്ടി തൃക്കൈകൾ ഉയർത്തി വാഴ്ത്തുകയും ആകെൽക്കറുസ്സായുടെ വഞ്ചനയോടു യുദ്ധം ചെയ്വാൻ അവർക്കു ശക്തി നൽകുകയും ചെയ്തവനായ കർത്താവേ! നിന്റെ സഭയെ തൃക്കൈ നീട്ടി അനുഗ്രഹിക്കുകയും ദുഷ്ടനെ ജയിപ്പാൻ ശക്തിപ്പെടുത്തുകയും ചെയ്യണമെ. അതിൽനിന്നു സകല തർക്കങ്ങളെയും വേദവിപരീതങ്ങളെയും നീക്കിക്കളയണമെ. രോഗികൾക്കു സുഖവും പാപികൾക്കു മോചനവും നൽകണമെ. നിന്റെ ദൈവികമഹത്വത്തിന്റെ കതിരുകളാൽ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കണമെ. മൊറിയൊ.........

**ബോവൂസൊ**

വർണ്ണിക്കപ്പെടാവതല്ലാത്ത സന്തോഷങ്ങളുടെ സ്ഥലത്ത് അഴിവില്ലാത്തതായ ആ പെരുന്നാളിൽ നിന്നെ സ്തുതിക്കുന്നവരായ ശുദ്ധിമാൻമാരുടെ കൂട്ടങ്ങളിലേക്കു ഞങ്ങളെ നീ ചേർക്കണമെ. ലോകത്തിനടുത്ത വ്യർത്ഥവിചാരങ്ങളിൽനിന്ന് ഞങ്ങളുടെ നിരൂപണകളെയും ബോധങ്ങളെയും സ്വർഗ്ഗീയ കാര്യങ്ങളിലേക്ക് നീ ഉയർത്തണമെ. നീ ഞങ്ങളുടെ ഉള്ളിൽ പ്രവേശിച്ച് വസിക്കുകയും ചെയ്യണമെ.

വാതിലുകളേ! നിങ്ങളുടെ തല ഉയർത്തുവിൻ, മഹത്വങ്ങളുടെ രാജാവ് പ്രവേശിക്കട്ടെ എന്ന് മാലാഖമാർ അട്ടഹസിച്ചതുപോലെ ഞങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളോട് അട്ടഹസിച്ചു പറഞ്ഞുകൊണ്ട് സന്തോഷത്തോടും ഘോഷത്തോടും നിന്നെ കൈക്കൊള്ളുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. നിന്റെ സഹായങ്ങളാൽ ഞങ്ങളുടെ പരദേശവാസത്തിന്റെ ഈ കാലത്തെ സകല ദുഃഖങ്ങളിൽനിന്നും പീഡകളിൽനിന്നും ഒഴിച്ച് കാത്തുകൊള്ളണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

കർത്താവേ! നീ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ട് ജയത്തോടെ നിന്റെ പിതാവിന്റെ അടുക്കൽ എത്തി അവന്റെ വലത്തു ഭാഗത്ത് ഇരുന്നു. ഭൂമിയിൽനിന്ന് മനുഷ്യരെപ്പോലെ നീ കരേറുകയും സ്വർഗ്ഗത്തിൽ ദൈവത്തെപ്പോലെ കൈക്കൊള്ളപ്പെടുകയും ചെയ്തു. കർത്താവേ! ഞങ്ങളും നിന്റെ പിതാവിന്റെ അടുക്കൽ കയറുവാനായിട്ട് ആത്മാവിന്റെ വേഗതയുള്ള ചിറകുകളെ ഞങ്ങൾക്കു നൽകണമെ. ബാറെക്മോർ.

കർത്താവേ! പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ആത്മാക്കളെ നീ കരേറ്റണമെ. നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിൽ നിന്റെ എതിരേല്പിനു വന്നെത്തുവാൻ ഞങ്ങൾക്കു കൃപ നൽകണമെ. നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു തുറന്നു തന്ന് ഞങ്ങളുടെ നമസ്ക്കാരങ്ങളും ശുശ്രൂഷകളും കൈക്കൊള്ളണമെ. നിന്റെ സ്വർഗ്ഗീയ സൈന്യങ്ങളോടുകൂടെ നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. മൊറിയൊ......

### ബോവൂസൊ

ഞങ്ങളെ ഉയർത്തുവാനായിട്ട് തന്നത്താൻ താഴ്ത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങളെ കരേറ്റുവാനായിട്ട് ഇറങ്ങിവന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ സ്നേഹത്തിൽ ഞങ്ങളുടെ നിരൂപണകളെ ആനന്ദിപ്പിക്കണമെ. നിന്റെ വലത്തുഭാഗത്തെ നിലയ്ക്കു ഞങ്ങളെ യോഗ്യരാക്കണമെ. സത്യവിശ്വാസത്തോടെ നിന്റെ അടുക്കലേക്ക് മുമ്പുകൂട്ടി യാത്രപുറപ്പെട്ടവരായ ഞങ്ങളുടെ പിതാക്കൻമാരെയും സഹോദരൻമാരെയും നിന്റെ രാജ്യത്തിൽ പ്രകാശത്തിന്റെ സ്ഥലത്ത് വസിപ്പിക്കയും ചെയ്യണമെ.



## പെന്തിക്കൊസ്തിപ്പെരുന്നാളിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

'ഉയരങ്ങളിൽനിന്ന് ശക്തി പ്രാപിക്കുവോളം നിങ്ങൾ ഊർശ്ലേം പട്ടണത്തിൽ പാർപ്പീൻ' എന്നും 'പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽനിന്ന് എടുക്കുകയും ചെയ്യുന്ന വേറൊരു ആശ്വാസപ്രദനായ പരിശുദ്ധ റൂഹായെ നിങ്ങൾക്കയയ്ക്കും' എന്നും ശിഷ്യൻമാരോടു കല്പിച്ചവനായ മിശിഹാ! നീ പിതാവിന്റെ അടുക്കൽ കരേറുകയും ആകാശത്തിലും ഭൂമിയിലും സർവ്വാധികാരവും നിനക്കു ലഭിക്കുകയും ചെയ്തതിന്റെ ശേഷം പരിശുദ്ധാത്മാവിനെ തന്റെ ശിഷ്യൻമാരുടെ അടുക്കൽ അയച്ച് അതിനെക്കൊണ്ട് അവരെ നിറച്ചതിനാൽ നിനക്കു സ്തുതി. ബാറെക്മോർ.

ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് ശ്ലീഹൻമാരുടെമേൽ വസിച്ച് അവരെ ജ്ഞാനമുള്ളവരാക്കുകയും അവരെക്കൊണ്ട് പല ഭാഷകളിൽ സംസാരിപ്പിക്കുകയും ചെയ്തതുപോലെ കർത്താവേ! നിന്റെ വിശുദ്ധ റൂഹായെ ഞങ്ങളുടെ മേൽ അയച്ച് ഞങ്ങളെ ജ്ഞാനമുള്ളവരാക്കുകയും ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും എല്ലാവിധത്തിലും നിന്റെ മഹത്വങ്ങളെ സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ നാവുകളെ വെടിപ്പാക്കുകയും ചെയ്യണമെ. മൊറിയൊ.......

### ബോവൂസൊ

കർത്താവേ! നിന്റെ ജീവനുള്ള വചനങ്ങളെ ധൈര്യത്തോടെ ഘോഷിപ്പാൻ നിന്റെ വിശുദ്ധ റൂഹാ ഞങ്ങൾക്കു സഹായമായിരിക്കണമെ. നിന്റെ വിശുദ്ധ റൂഹാ ഞങ്ങളിൽ വസിപ്പാൻ തക്കവണ്ണം ഞങ്ങളെ വെടിപ്പും വിശുദ്ധിയുമുള്ള ആലയമാക്കിത്തീർക്കണമെ. നിന്നെ ആരാധിക്കുന്നവരായ

ഞങ്ങൾ നിന്റെ വരങ്ങളാലും ദാനങ്ങളാലും ഐശ്വര്യപ്പെടുമാറാകണമെ. ഞങ്ങളെ നിനക്കു കൊള്ളാവുന്ന വിശുദ്ധ പാത്രങ്ങളാക്കിത്തീർക്കണമെ. നിന്റെ വന്ദ്യ ഏവൻഗേലിയോൻ ഭൂലോകമൊക്കെയിലും പ്രസംഗിക്കപ്പെടുകയും നിന്റെ തിരുനാമം മഹത്വപ്പെടുകയും ചെയ്യുമാറാകണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കൊടുങ്കാറ്റുപോലെ പെട്ടെന്ന് ആകാശത്തിൽനിന്ന് ശബ്ദമുണ്ടാവുകയും പരിശുദ്ധ റൂഹാ തീനാവുകൾപോലെ ശ്ലീഹൻമാർക്കു കാണപ്പെടുകയും അവരിൽ ഓരോരുവന്റെ മേൽ ഇരിക്കുകയും അവരെല്ലാവരും വിശുദ്ധ റൂഹാകൊണ്ട് നിറഞ്ഞ് ഓരോരോ ഭാഷകളിൽ ദൈവത്തിൻ അത്ഭുതങ്ങൾ സംസാരിക്കയും ചെയ്തപ്രകാരം കർത്താവേ! നിന്റെ കൃപയാൽ വിശുദ്ധ റൂഹായുടെ ആവസിപ്പിനും ദാനങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമെ. ദൈവവചനത്തിന്റെ ഉന്നത ശബ്ദം ഞങ്ങൾ കേട്ട് പാപഉറക്കത്തിൽനിന്ന് ഞങ്ങൾ ഞെട്ടി ഉണരുമാറാകണമെ. ദഹിപ്പിക്കുന്ന അഗ്നിയായ നിന്നാൽ ദഹിച്ചുപോകാതെ ഞങ്ങൾ പ്രകാശിക്കപ്പെടുമാറാകണമെ. ബാറെക്മോർ.

പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ശ്ലീഹൻമാർക്കു ലഭിച്ച നൽവരപ്രകാരം പല ഭാഷകളിൽ ദൈവത്തിന്റെ അത്ഭുതങ്ങളെ അവർ സംസാരിക്കുന്നതു കേട്ട ആളുകൾ ഇവർ മദ്യം സേവിച്ച് ലഹരിച്ചിരിക്കുന്നു എന്നു പറഞ്ഞുവല്ലൊ. കർത്താവേ! നിന്റെ പരിശുദ്ധ റൂഹായെ ഞങ്ങൾ ആസ്വദിച്ച് അതിനാൽ ഞങ്ങൾ ലഹരിക്കുമാറാകണമെ. ഭയന്നു മാറുകയും ഉപേക്ഷിച്ചു പറകയും ചെയ്തവനായ ശെമഓൻകീപ്പാ വിശുദ്ധ റൂഹായുടെ ശക്തിയാൽ ജനക്കൂട്ടത്തിന്റെ മദ്ധ്യേ ധൈര്യസമേതം പ്രസംഗിച്ചുവല്ലൊ. കർത്താവേ! അപ്രകാരം



ഞങ്ങൾ നിന്റെ വിശുദ്ധ റൂഹായാൽ ശക്തിപ്പെട്ട് പുറജാതികളുടെയും സ്വജാതികളുടെയും മുമ്പാകെ ശോഭിച്ച് വിളങ്ങുകയും ലജ്ജയും ഭയവും കൂടാതെ നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ.
മൊറിയൊ..........

**ബോവൂസൊ**

ശ്ലീഹൻമാർ മാളികയിൽ ഒരുമിച്ചുകൂടിയിരുന്നതുപോലെ ഏകമനസ്സോടും യോഗ്യതയോടും കൂടെ ഞങ്ങളെല്ലാവരും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കു കാത്തിരിപ്പാൻ താൽപര്യമുള്ളവരായിത്തീരുമാറാകണമെ. വിദ്യ കുറഞ്ഞവരും മീൻപിടുത്തക്കാരുമായവർ തത്വജ്ഞാനികൾപോലും വിസ്മയിക്കത്തക്കവണ്ണം ജ്ഞാനികളും സമർത്ഥൻമാരുമായി ഭവിച്ചതുപോലെ കർത്താവേ! ബലഹീനരും പാപികളും അയോഗ്യരുമായ ഞങ്ങൾ ബുദ്ധിപ്രകാശമുള്ളവരായിത്തീർന്ന് നിന്റെ തിരുനാമത്തെ വഹിക്കുകയും പ്രസിദ്ധപ്പെടുത്തുകയും നിന്റെ തിരുനാമത്തിനുവേണ്ടി പീഡയോ ഞെരുക്കങ്ങളോ സഹിപ്പാൻ സന്തോഷമുള്ളവരായിത്തീരുകയും ചെയ്യുമാറാകണമെ.

## സ്വർണ്ണവെള്ളിയാഴ്ച

(അതായതു പൊന്തിക്കൊസ്തി ഞായറാഴ്ചയുടെ ശേഷം വരുന്ന വെള്ളിയാഴ്ച)

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! നിന്റെ ശ്ലീഹന്മാരായ ശെമഓൻ കീപ്പായും യോഹന്നാനും ഒരുമിച്ച് ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയ്ക്കായിട്ട് ദൈവാലയത്തിലേക്കു പോകുമ്പോൾ മാതാവിന്റെ ഉദരംമുതലേ മുടന്തനായിരുന്ന മനുഷ്യനെ ദൈവാലയത്തിൽ

പോകുന്നവരോടു ധർമ്മം യാചിപ്പാൻ വേണ്ടി 'ശപ്പീറാ' എന്നുപേരുള്ള ദൈവാലയ വാതിൽക്കൽ എടുത്തുകൊണ്ടുവന്നു വച്ചിരുന്നതിനെ അവർ കാണുകയും നിന്റെ തിരുനാമത്തിൽ അവർ അവനെ സുഖപ്പെടുത്തുകയും ചെയ്തുവല്ലൊ. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ. ബാറെക്മോർ.

കർത്താവേ! നിന്റെ ശിഷ്യൻമാരായ ശെമഒാൻകീപ്പായെപ്പോലെയും യോഹന്നാനെപ്പോലെയും പ്രാർത്ഥനകൾക്കു ദൈവാലയത്തിൽ പോകുവാൻ ഞങ്ങൾ താല്പര്യമുള്ളവരായിത്തീരണമെ. ദുർബലൻമാരും രോഗികളുമായിരിക്കുന്നവരോടു ദയ വിചാരിപ്പാനും കഴിവുള്ള സഹായങ്ങൾ അവർക്കു ചെയ്തുകൊടുപ്പാനും ഒരുക്കമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമെ. ഞങ്ങൾ ആത്മാവിൽ രോഗികളും മുടന്തരും ആയിരിക്കുന്നതിനാൽ മാർ ശെമഒാന്റെയും മാർ യോഹന്നാന്റെയും പ്രാർത്ഥനകൾ മൂലം ഞങ്ങളുടെ ആത്മരോഗങ്ങളെ സുഖപ്പെടുത്തണമെ. ഞങ്ങൾ നാമത്തിൽ മാത്രം ക്രിസ്ത്യനികളായിരിക്കാതെ നിന്റെ ശിഷ്യൻമാരെപ്പോലെ അകമേയും പുറമേയും സാക്ഷാൽ ക്രിസ്ത്യാനികളായിരിപ്പാൻ നീ ഞങ്ങൾക്കു സഹയിക്കണമെ. മൊറിയൊ.......

**ബോവൂസൊ**

മുടന്തനായ യാചകൻ നിന്റെ ശിഷ്യൻമാരോടു ഭിക്ഷയാചിച്ചപ്പോൾ 'ഞങ്ങൾക്കു പൊന്നും വെള്ളിയും ഇല്ലെന്നും ഞങ്ങളുടെ കൈവശമുള്ളതു തരാമെന്നും നസ്രേത്തുകാരനായ യേശുവിന്റെ നാമത്തിൽ നീ എഴുന്നേറ്റ് നടക്കുക'യെന്നും പറഞ്ഞ് അവന്റെ കൈയിൽ പിടിച്ച് എഴുന്നേല്പിക്കയും ഉടനെ അവൻ സുഖപ്പെടുകയും അവൻ ചാടി എഴുന്നേറ്റ് നടന്ന് അവരുടെ കൂടെ ദൈവാലയത്തിലേക്കു പോയി ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്ത



തുപോലെ കർത്താവേ! നിന്റെ ശിഷ്യൻമാരെ അനുഗമിപ്പാനും ലോകധനത്തിൽ ആശ്രയിക്കാതെ നിന്റെ ശക്തിയിൽ ആശ്രയിപ്പാനും നിന്നിൽനിന്നു സകല അനുഗ്രഹങ്ങളും കൈക്കൊള്ളുവാനും അയോഗ്യതയോടെയെങ്കിലും ഞങ്ങൾ നിന്നിൽനിന്നനുഭവിക്കുന്ന സർവ്വ സഹായങ്ങൾക്കും വേണ്ടി ഇടവിടാതെ നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്വാനും ഞങ്ങളുടെ ലോകമയമായ ആ നിത്യജീവിതത്തെ വിട്ട് അനുതപിച്ച് നിന്നിൽ ജീവിക്കുന്നതിനാൽ സ്വർഗ്ഗത്തിലെ മാലാഖമാർ ഞങ്ങളെക്കുറിച്ച് സന്തോഷിപ്പാനും നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.

(പ്രഭാതപ്രാർത്ഥനയിലും ഇതുതന്നെ ചൊല്ലുക)

## ശ്ലീഹാനോമ്പിൽ
## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! പഠിത്തമില്ലാത്തവരും ഭോഷൻമാരുമായിരുന്ന മീൻപിടുത്തക്കാർ നിന്നോടു ചേർന്ന് നിന്റെ ശിഷ്യൻമാരായിത്തീർന്നപ്പോൾ ലോകത്തിലെ തത്വജ്ഞാനികൾപോലും അവരെ ജയിപ്പാൻ കഴിയാത്തവണ്ണം ജ്ഞാനികളും സമർത്ഥരുമായി ഭേദപ്പെട്ടതുപോലെ ഞങ്ങൾ നോമ്പാലും പ്രാർത്ഥനകളാലും സൽപ്രവൃത്തികളാലും നിന്നോടു ചേർന്നു നിനക്കിഷ്ടമുള്ളവരായിരിപ്പാനും നിന്റെ തിരുവിഷ്ടം ചെയ്തു ജീവിപ്പാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമെ. ബാറെ.......

കർത്താവേ! നിന്നോടുള്ള സ്നേഹത്താൽ മാർ പത്രോസ് ശ്ലീഹാ തലകീഴായുള്ള മരണത്തിനും മാർ പൗലോസ് ശ്ലീഹാ വാളിന്റെ മൂർച്ചയ്ക്കും നിന്റെ തിരുനാമത്തിനുവേണ്ടി തങ്ങളെത്തന്നെ ഏല്പിച്ചുകൊടുത്തതുപോലെ ഞങ്ങളും നിന്നെ സത്യമായി സ്നേഹിച്ച് നിന്റെ

തിരുനാമത്തിനു വേണ്ടി കഷ്ടതകളും ഞെരുക്കങ്ങളും സഹിപ്പാനും യാതൊരുവിധ ഉപദ്രവങ്ങളോ മരണമോ നിന്നിൽനിന്ന് ഞങ്ങളെ വേർപെടുത്താതിരിപ്പാനും നിന്റെ കൃപ ഞങ്ങൾക്കു സഹായമായിരിക്കണമെ. അവരുടെ പ്രാർത്ഥനകളാൽ സകല ശത്രുക്കളിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. മൊറിയൊ....

**ബോവൂസൊ**

കർത്താവേ! വിശുദ്ധ ശ്ലീഹൻമാരുടെ പ്രാർത്ഥനകളാൽ അവരെപ്പോലെ ഞങ്ങൾ ലോകത്തെയും അതിന്റെ മോദങ്ങളെയും ജയിച്ച് പരമാനന്ദകരമായ ആ ലോകത്തിലെ നിത്യജീവനെ ആഗ്രഹിപ്പാനും അവകാശിപ്പാനും യോഗ്യരായിത്തീരണമെ. ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടാതെ ആത്മാവിനെയും ശരീരത്തെയും അഗ്നിനരകത്തിൽ ഇടുവാൻ കഴിയുന്നവനെ ഭയപ്പെടുവാനും ശരീരത്തെക്കാൾ ആത്മവെടിപ്പിനെയും വിശുദ്ധിയെയും കരുതി ക്രിസ്ത്യാനികൾക്കുചിതമായപ്രകാരം ജീവിപ്പാനും നിന്റെ കൃപ ഞങ്ങൾക്ക് സഹായമായിരിക്കണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

കർത്താവേ! വിശുദ്ധ ശ്ലീഹൻമാരുടെ നോമ്പ് നിനക്ക് ഇഷ്ടമായതുപോലെ ഞങ്ങളുടെ നോമ്പിലും നീ ഇഷ്ടപ്പെടണമെ. ഞങ്ങൾ ലോകത്തിനായിട്ടല്ല നിനക്കായിട്ടും നിന്നിലും അവരെപ്പോലെ ജീവിപ്പാൻ സഹായിക്കയും ചെയ്യണമെ. ബാറെ.....

ഞങ്ങൾ നാമമാത്രക്രിസ്ത്യാനികളായിട്ടല്ല സത്യക്രിസ്ത്യാനികളായിട്ട് ഈ ലോകത്തിൽ ശോഭിപ്പാനും നോമ്പ്, നമസ്ക്കാരം, ധർമ്മം മുതലായ സൽപ്രവൃത്തികളിൽ മാതൃകകളായിരിപ്പാനും ഞങ്ങൾക്ക് ഇടയാക്കണമെ. മൊറി....



**ബോവൂസൊ**

പരിശുദ്ധശ്ലീഹൻമാർ ലോകമൊക്കെയുടെയും രക്ഷയ്ക്കുവേണ്ടി ശ്രമിക്കുകയും അനേകായിരം ആത്മാക്കൾക്ക് അവർ രക്ഷയുടെ കാരണമായിത്തീരുകയും ചെയ്തപ്രകാരം കർത്താവേ! ഞങ്ങളും നിന്നെ സത്യമായിട്ട് സ്നേഹിച്ച് സൽപ്രവൃത്തികളാൽ അലങ്കരിക്കപ്പെട്ടുകൊണ്ട് പലരുടെയും രക്ഷയ്ക്കു കാരണക്കാരായിത്തീരണമെ.

ഞങ്ങളുടെ ചുറ്റുമുള്ള പുറജാതികൾ ഞങ്ങളുടെ നല്ല നടപടികളെയും ഞങ്ങളോടുള്ള നിന്റെ സ്നേഹത്തെയും ഞങ്ങളുടെ ഇടയിൽ നീ പ്രവർത്തിക്കുന്ന അത്ഭുതങ്ങളെയും കണ്ട് ഞങ്ങളോടുകൂടെ നിന്റെ തൊഴുത്തിൽ ചേരുവാനും നിന്റെ തിരുനാമം ഭൂലോകമൊക്കെയിലും മഹത്വപ്പെട്ട് പുകഴ്ത്തപ്പെടുവാനും ആകെൽക്കറുസ്സാ ലജ്ജിപ്പാനും ഇടയാകണമെ.

## മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹൻമാരുടെ പെരുന്നാളിൽ (ജൂൺ 29-ാം തീയതി) സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

മീൻപിടുത്തക്കാരായ ശ്ലീഹൻമാർമൂലം സഭയെ സത്യത്തിന്റെ അറിവു പഠിപ്പിച്ചവനായ ഉപദേഷ്ടാവേ! സത്യത്തിന്റെ അറിവ് ഞങ്ങൾ കൈക്കൊണ്ടതിന്റെ ശേഷം സാത്താന്റെ ഉപായതന്ത്രങ്ങളാൽ വിശ്വാസത്തെറ്റിലേക്കു വീഴുവാൻ ഞങ്ങൾക്കിടയാക്കരുതെ. സത്യവിശ്വാസമെന്ന കപ്പലിനെ ശ്ലീഹൻമാരെക്കൊണ്ട് നടത്തിക്കുന്നവനായി കപ്പൽപ്രമാണിയായുള്ളവനേ! നിന്റെ ശ്ലീഹായുടെ പ്രാർത്ഥനകളാൽ ഞങ്ങൾ പാപസമുദ്രത്തിൽ വീഴാതെയും അതിന്റെ ഓളങ്ങളിലും തിരമാലകളിലും കുടുങ്ങാതെയും ഞങ്ങളെ കാത്തുകൊള്ളണമെ. ബാറെക്മോർ.

അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും കർത്താവേ! നിനക്കിഷ്ടമാകുന്നപ്രകാരം നിന്നെ സേവിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അവർ മൂലം ഞങ്ങളുടെ യാചനകൾ നൽകപ്പെടുമാറാകണമെ. അവരുടെ പുണ്യാവസ്ഥയെ ഞങ്ങളുടെ ഉള്ളിൽ സ്ഥാപിക്കണമെ. അവരുടെ ഉപദേശത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതണമെ. ഞങ്ങൾ അവരുടെ നിരയിൽ ചേർന്ന് അവരോടുകൂടെ ക്രമപ്പെടുമാറാകണമെ. മൊറിയൊ.........

**ബോവൂസൊ**

കർത്താവേ! വിലയേറിയ മാണിക്യംപോലെ വിശുദ്ധ ശ്ലീഹൻമാരുടെ കൈയിൽ നിന്റെ വിശുദ്ധ സഭയ്ക്കായിട്ട് നീ ഏല്പിച്ചുകൊടുത്തിട്ടുളള സത്യവിശ്വാസത്തെ ഞങ്ങൾ മുറുകെപ്പിടിച്ച് അതിൽ ജീവിക്കയും മരിക്കയും ചെയ്യുമാറാകണമെ. അവരോടുകൂടെയും അവരുടെ ഇടയിലും ഞങ്ങൾ നിന്നുകൊണ്ട് നിനക്ക് സ്തുതിപാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ശ്ലീഹൻമാരേ! നിങ്ങൾ സത്യവും ജ്ഞാനവുമുള്ള ഭരണക്കാരും ഇടയൻമാരും പരിശോധിക്കപ്പെട്ട ഉപദേഷ്ടാക്കൻമാരും സാമർത്ഥ്യമുള്ള വൈദ്യൻമാരും ധൈര്യമുള്ള മല്ലൻമാരും അജയ്യമായ കോട്ടകളും പാറമേൽ സ്ഥാപിക്കപ്പെട്ട ഭവനങ്ങളും പിതാവിന്റെ സ്നേഹിതരും പുത്രന്റെ വാൽസല്യ ശിഷ്യൻമാരും പരിശുദ്ധാത്മാവിന്റെ വാസസ്ഥലങ്ങളും ആകുന്നു. നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ. ബാറെക്മോർ.

നിങ്ങളുടെ പ്രാർത്ഥനകളുടെ സഹായങ്ങളാൽ സത്യജ്ഞാനവും നല്ല ആലോചനയും അശുദ്ധങ്ങളിൽനിന്നുള്ള വേർപാടും നീതിയുടെ വേലയ്ക്കു താൽപര്യവും കർത്താവിൽനിന്ന് ഞങ്ങൾക്കു ലഭിക്കുമാറാകണമെ. ഭൂമിയുടെ



ഉപ്പാകുന്ന നിങ്ങളാൽ ഞങ്ങൾ രുചിക്കപ്പെടുമാറാകണമെ. നിങ്ങളുടെ പ്രകാശത്താൽ ഞങ്ങൾ ലോകത്തിൽ പ്രകാശിക്കപ്പെടുകയും ചെയ്യുമാറാകണമെ. മൊറിയൊ.........

**ബോവൂസൊ**

കർത്താവേ! ശ്ലീഹൻമാർ ഞങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ഇടുങ്ങിയ വഴിയിൽക്കൂടി ഞങ്ങൾ ബുദ്ധിയോടെ നടക്കുമാറാകണമെ. അവരുടെ പ്രാർത്ഥനകളാൽ രോഗികൾ സുഖപ്പെടുകയും ദുഃഖിച്ചിരിക്കുന്നവർ ആശ്വസിക്കയും ദരിദ്രൻമാർ ഐശ്വര്യം പ്രാപിക്കുകയും ധനവാൻമാർ ധർമ്മിഷ്ഠരാകുകയും ചെയ്യുമാറാകണമെ. ശ്ലൈഹീക ഉപദേശങ്ങളിൽ ഞങ്ങൾ സ്ഥിരപ്പെടുകയും ഏവൻഗേലിയോനടുത്ത മുറകളാൽ ഞങ്ങളുടെ അരകൾ മുറുക്കപ്പെടുകയും ദുഷ്ടനോടുള്ള യുദ്ധങ്ങളെയെല്ലാം ഞങ്ങൾ ജയിക്കുകയും ചെയ്യുമാറാകണമെ.

(ജൂൺ 30-ാം തീയതി പന്ത്രണ്ടു ശ്ലീഹൻമാരുടെ പെരുന്നാളിനും ഇതു തന്നെ ചേർത്തു ചൊല്ലിക്കൊള്ളണം.)

(ജൂലായ് 3-ാം തീയതി മാർ തോമ്മാശ്ലീഹായുടെ പെരുന്നാളിൽ 209-ാം വശത്തുള്ള പുതുഞായറാഴ്ചയുടെ പ്രാർത്ഥന ചേർത്തുചൊല്ലിക്കൊള്ളണം. ഡിസംബർ 18-ാം തീയതിയും മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ ആചരിക്കുക മലങ്കരയിൽ മുമ്പിനാലെ പതിവുണ്ട്.)

## ശൂനോയൊനോമ്പിൽ

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

മർത്തമറിയം ലോകഇമ്പങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വ നൻമകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിന്റെ മാതാവായിത്തീരുവാൻ തിരഞ്ഞെടുക്കപ്പെട്ടതുപോലെ കർത്താവേ! ഞങ്ങളും

ലോകഇമ്പങ്ങളെ വെടിഞ്ഞ് നോമ്പ്, നമസ്ക്കാരം മുതലായ നൻമകളാൽ അലങ്കരിക്കപ്പെട്ടവരും നിനക്കു വസിപ്പാൻ തക്ക വിശുദ്ധ ആലയങ്ങളും ആയിരിപ്പാൻ യോഗ്യരായി ത്തീരണമെ. ബാറെക്മോർ.

സ്ത്രീമൂലം വന്ന നാശത്തെ സ്ത്രീമൂലം തീർപ്പാൻ വേണ്ടി വേർതിരിക്കപ്പെട്ട നിത്യകന്യകയായ മർത്തമറിയം അമ്മയുടെ പ്രാർത്ഥനകളാൽ കർത്താവേ! ഞങ്ങളുടെ നോമ്പും നമസ്ക്കാരങ്ങളും ശുശ്രൂഷകളും നീ കൈക്കൊ ള്ളണമെ. അവളുടെ പ്രാർത്ഥനയാൽ കൊത്തിനെയിലെ കല്യാണത്തിന് അത്ഭുതകരമായി വീഞ്ഞിന്റെ കുറവിനെ നീ തീർത്തുകൊടുത്തതുപോലെ ഞങ്ങളുടെ നോമ്പിന്റെയും പ്രാർത്ഥനകളുടെയും ശുശ്രൂഷകളുടെയും കുറവുകളെ നീ തീർക്കുകയും ചെയ്യണമെ. മൊറിയൊ...........

### ബോവൂസൊ

കർത്താവേ! നിന്റെ മാതാവിന്റെ മരണസമയത്തു മാലാഖമാരുടെയും നിബിയൻമാരുടെയും ശ്ലീഹൻമാരു ടെയും സഹദേൻമാരുടെയും പൂർവ്വ പിതാക്കൻമാരുടെയും സകല പരിശുദ്ധൻമാരുടെയും കൂട്ടത്തോടുകൂടി നീ എഴു ന്നള്ളി അവളുടെ ആത്മാവിനെ ബഹുമാനത്തോടെ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ നോമ്പിനെയും പ്രാർത്ഥ നകളെയും കൃപയോടെ ദർശിച്ചു കൈക്കൊള്ളണമെ. അപ്ര കാരം തന്നെ അവളുടെ ശരീരം മാലാഖമാരുടെയും സകല പരിശുദ്ധൻമാരുടെയും എതിരേല്പാലും സംഗീതങ്ങളാലും ഘോഷത്താലും ആകാശത്തിലേക്കുയർത്തപ്പെട്ടതുപോലെ ഞങ്ങളുടെ നോമ്പാലും പ്രാർത്ഥനകളാലും സ്വർഗ്ഗത്തിൽ നിന്റെ സന്നിധിയിലേക്ക് ഉയർത്തപ്പെടുമാറാകണമെ. നിന്നിൽനിന്നു ഞങ്ങളെ അകറ്റുവാൻ ഇടവിടാതെ ശ്രമി ക്കുന്ന സാത്താനും സൈന്യങ്ങളും ലജ്ജിച്ച് ഓടുകയും ചെയ്യുമാറാകണമെ.



## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

ദൈവമേ! ഈ നോമ്പിന്റെ അവസാനത്തിൽ നിത്യക ന്യകയായ ദൈവമാതാവിന്റെ വാങ്ങിപ്പിന്റെയും സ്വർഗ്ഗാരോ ഹണത്തിന്റെയും ഓർമ്മ നിന്റെ ഇഷ്ടപ്രകാരം വെടിപ്പുള്ള നോമ്പോടും ആത്മശരീരങ്ങളുടെ വിശുദ്ധിയോടും കൂടി കഴി പ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെക്.......

കരുണയുള്ള പിതാവേ! ഞങ്ങളുടെ നോമ്പും നമസ്ക്കാര ങ്ങളും കൈക്കൊള്ളപ്പെടുവാനും പഴയ മനുഷ്യനെ ഉരിഞ്ഞുക ളഞ്ഞ് പുതിയ മനുഷ്യനെ ധരിപ്പാനും ദൈവത്തിന്റെ വലത്തു ഭാഗത്ത് മിശിഹാ ഇരിക്കുന്നിടത്തുള്ള ഉയരത്തിലെ കാര്യങ്ങളെ ചിന്തിപ്പാനും ഞങ്ങൾക്കു നീ കൃപചെയ്യണമെ. മൊറി......

### ബോവൂസൊ

സർവ്വശക്തിയുള്ള ദൈവമേ! ഭൂമിസംബന്ധമായ കാര്യ ങ്ങളെയല്ല, മേലുള്ള സ്വർഗ്ഗീയ കാര്യങ്ങളെ വിചാരിപ്പാനും മർത്തമറിയത്തിന്റെ ഓർമ്മയിൽ മേലുള്ള സ്വർഗ്ഗീയ സൈന്യ ങ്ങളോടുകൂടെ നിനക്കു സ്തുതിപാടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. എല്ലാവന്റെയും പ്രവൃത്തികൾ പരിശോധിക്കപ്പെട്ടു തക്കതായ പ്രതിഫലം കൊടുക്കപ്പെടുന്ന ഭയങ്കരനാളിൽ ഞങ്ങളുടെ നോമ്പും നമസ്ക്കാരങ്ങളും ഞങ്ങൾക്കു കുറ്റത്തിനും ശിക്ഷാവിധിക്കും ആയിത്തീരാതെ നിന്റെ കൃപകൾക്കും സഹായങ്ങൾക്കും പാപമോചന ത്തിനും മാർഗ്ഗമായിത്തീരണമെ.

## കൂടാരപ്പെരുന്നാളിൽ (ഓഗസ്റ്റ് 6-ാം തീയതി)

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

നമ്മുടെ കർത്താവ് തന്റെ ശിഷ്യൻമാരായ ശെമഓനെയും യാക്കൂബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ട് താബോർ പർവ്വതത്തിലേക്കു കയറി അവരുടെ മുമ്പിൽ മറുരൂപപ്പെടുകയും സൂര്യനെപ്പോലെ പ്രകാശിക്കയും മോശയും ഏലിയായും തന്നോടു സംസാരിക്കുന്നതായി കാണപ്പെടുകയും ചെയ്തുവല്ലൊ. കർത്താവേ! നിന്റെ നിബിയൻമാരുടെയും ശ്ലീഹൻമാരുടെയും പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കണമെ. ബാറെക്മോർ.

കർത്താവേ! കീപ്പായെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു പോയതുപോലെ നിന്റെ അടുക്കലേക്കു ഞങ്ങളെ ആകർഷിക്കണമെ. മോശയും ഏലിയായും എന്നപോലെ ഞങ്ങൾ എല്ലായ്പോഴും നിന്നോടു സംഭാഷണം ചെയ്യുമാറാകണമെ. ഭൂമിസംബന്ധമായ കാര്യങ്ങളിലും അതിന്റെ മോദങ്ങളിലും ഞങ്ങൾ ബന്ധിക്കപ്പെടാതെ ഉയരത്തിലേക്കു നിന്റെ അടുക്കലേക്കു തന്നെ ഞങ്ങളുടെ ബോധങ്ങളെ ഉയർത്തണമെ. മൊറിയൊ......

### ബോവൂസൊ

കർത്താവേ! ഞങ്ങൾ കല്യാണവിരുന്നിൽ അഴുക്കുവസ്ത്രം ധരിച്ചവരായി കാണപ്പെടാതെ പ്രകാശവും വെണ്മയുമുള്ള കല്യാണവസ്ത്രങ്ങൾ ധരിക്കുമാറാകണമെ. 'ഞാൻ പ്രീതിപ്പെട്ടിട്ടുള്ള എന്റെ വാത്സല്യപുത്രൻ ഇവനാകുന്നു; എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! നിങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാനന്ദത്തെ അവകാശമാക്കുവിൻ' എന്നുള്ള സന്തോഷ ശബ്ദവും നിന്നിൽനിന്നു ഞങ്ങൾ കേൾക്കുമാറാകണമെ.



## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

കർത്താവേ! സ്വർഗ്ഗരാജ്യത്തിൽ പ്രകാശത്തിന്റെ കൂടാരങ്ങളിൽ ഞങ്ങളെ വസിപ്പിപ്പാൻ കൃപയുണ്ടാകണമെ. വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെയും ആ കൂടാരങ്ങളിൽ വസിക്കുവാൻ യോഗ്യരാക്കിത്തീർക്കണമെ. പ്രകാശമുള്ള മേഘം അവരുടെ മേൽ നിഴലിച്ചതുപോലെ നിന്റെ കൃപയുടെ ചിറകുകൾ വിടുർത്തി ഞങ്ങളെ മറച്ചുകൊള്ളണമെ. ബാറെക്മോർ.

നിബിയൻമാരോടും ശ്ലീഹൻമാരോടും മാലാഖമാരോടും കൂടെ നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. കർത്താവേ! നിന്നിൽ വിശ്വസിക്കാത്തവരോടുകൂടെ കൈകളും കാലുകളും കെട്ടപ്പെട്ടവരായി പുറത്തെ അന്ധകാരത്തിലേക്കു ഞങ്ങൾ തള്ളപ്പെടരുതെ. അവസാനനാളിൽ നീ എഴുന്നള്ളുമ്പോൾ ഞങ്ങളുടെ മുഖങ്ങൾ ശോഭിച്ചും പ്രകാശിച്ചും കൊണ്ട് നിന്റെ വലത്തുഭാഗത്തു ഞങ്ങൾ നിൽക്കുകയും ചെയ്യുമാറാകണമെ. മൊറി....

### ബോവൂസൊ

പരിശുദ്ധ ശ്ലീഹൻമാരേ! 'ഇവൻ എന്റെ വാത്സല്യപുത്രനാകുന്നു' എന്ന് പിതാവായ ദൈവം വിളിച്ചുപറഞ്ഞ ശബ്ദം കേട്ട നിങ്ങളുടെ ചെവികൾക്കു ഭാഗ്യം. ദീർഘദർശിമാർ കാണ്മാൻ ആഗ്രഹിച്ചിട്ട് കാണാതിരുന്നിട്ടുള്ളതിനെ കണ്ട നിങ്ങളുടെ കണ്ണുകൾക്കു ഭാഗ്യം. നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽനിന്ന് ശിക്ഷകളും അരിശത്തിന്റെ വടികളും നീങ്ങിപ്പോകുമാറാകണമെ. ശുഭമായ സംവത്സരങ്ങളും സന്തോഷത്തിന്റെ മാസങ്ങളും ഞങ്ങൾക്കു ലഭിക്കുമാറാകണമെ. നിങ്ങളുടെ കൂടെ പരമാനന്ദഭാഗ്യം ഞങ്ങൾ അനുഭവിക്കുകയും ചെയ്യുമാറാകണമെ.

## ദൈവമാതാവിന്റെ ശൂനോയൊ പെരുന്നാൾ (ഓഗസ്റ്റ് 15-ാം തീയതി)

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

#### കോലോകൾ

ശ്ലീഹൻമാരിൽ ജീവിച്ചിരുന്നവരും നിദ്രപ്രാപിച്ചിരുന്നവരുമായ എല്ലാവരുടെയും, നിബിയൻമാരുടെയും സകല സ്വർഗ്ഗീയസൈന്യങ്ങളുടെയും നിരകളുടെ ആഘോഷത്തോടുകൂടെ തന്റെ മാതാവിന്റെ ശരീരത്തെ ബഹുമാനിച്ച് സ്വർഗ്ഗത്തിലേക്കു കരേറ്റിയവനായ മിശിഹാതമ്പുരാനേ! നിന്റെ മാതാവിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ. അവളുടെ സ്വർഗ്ഗാരോഹണത്താൽ ആയാർ ശുദ്ധീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു. അവളുടെ പ്രാർത്ഥനകളാൽ നല്ല അവസാനം പ്രാപിപ്പാൻ ഞങ്ങൾക്കിടയാക്കണമെ. ബാറെക്മോർ.

ഭാഗ്യവതിയായ ദൈവമാതാവ് മേലുള്ളവരാലും താഴെയുള്ളവരാലും പുകഴ്ത്തപ്പെടുകയും പ്രകാശത്തിന്റെ ഭവനങ്ങളിലെത്തി വസിക്കുകയും മേലുള്ളവരുടെയും താഴെയുള്ളവരുടെയും ശബ്ദങ്ങൾ ഒരുമിച്ച് കൂടിക്കലർന്ന് അവൾക്കു മഹത്വം പാടുകയും ചെയ്തു. കർത്താവേ! ഞങ്ങൾ അയോഗ്യരെങ്കിലും നിന്റെ മാതാവിന്റെ പ്രാർത്ഥനയാൽ പ്രകാശത്തിന്റെ ഭവനങ്ങളിൽ ചെന്നെത്തുകയും മാലാഖമാരുടെ സ്തുതിപ്പുകളിൽ ചേർന്നു നിനക്കു സ്തുതിപാടുകയും ചെയ്യുമാറാകണമെ. മൊറിയൊ...........

#### ബോവൂസൊ

വിശുദ്ധ കന്യകയായ മാതാവേ! നീ ദൈവത്തിന്റെ സിംഹാസനമായിത്തീർന്നതിനാൽ നിനക്കു ഭാഗ്യം. ദൈവപുത്രന്റെ ദൂതൻമാരും അവനെ പ്രസാദിപ്പിച്ചവരായ നിബിയൻമാരും ശ്ലീഹൻമാരും ആഘോഷത്തോടുകൂടെ അവന്റെ



സിംഹാസനമായ മർത്തമറിയാമിനെ സ്വർഗ്ഗത്തിലാക്കിയതിനെക്കുറിച്ച് വിവരിപ്പാൻ കഴിയുന്നവനാരുണ്ട്? കന്യകമാതാവേ! നിന്റെ വിശുദ്ധാവസ്ഥയെയും ഭാഗ്യാവസ്ഥയെയും സന്തോഷത്തോടുകൂടി മഹത്വപ്പെടുത്തുവാനും നിന്നോട് സാദൃശ്യപ്പെടുവാനും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

#### കോലോകൾ

വിശുദ്ധ കന്യകമറിയാം ജീവിച്ചിരിക്കുമ്പോഴും ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടതിന്റെ ശേഷവും അവളിൽനിന്നും അവളുടെ കട്ടിലിൽനിന്നും കിടക്കയിൽനിന്നും വസ്ത്രങ്ങളിൽനിന്നും ഉണ്ടായിട്ടുള്ള അത്ഭുതങ്ങളും സഹായങ്ങളും അവർണ്ണനീയമാകുന്നു. വിശുദ്ധമാതാവേ! നീ പ്രസവിച്ചിട്ടുള്ള ദൈവപുത്രന്റെ അടുക്കൽ നിന്റെ പ്രാർത്ഥന തുല്യമില്ലാത്തവണ്ണം സ്വീകാര്യയോഗ്യമാകയാൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ ദയവുണ്ടാകണമെ.
ബാറെക്മോർ.

ദൈവമാതാവേ! നിന്റെ മരണത്തിങ്കലും സ്വർഗ്ഗാരോഹണത്തിങ്കലും നീ ദൈവമാതാവുതന്നെയെന്നും പരിശുദ്ധന്മാരുടെ രാജ്ഞിയെന്നും ക്രിസ്ത്യാനികളുടെ പ്രശംസയെന്നും നിന്റെ പുത്രൻ സ്പഷ്ടമായി തെളിയിച്ചു. രണ്ടാമത്തെ ആകാശമായവളേ! നിന്റെ പ്രാർത്ഥനകളാൽ നിന്റെ ഏകപുത്രന്റെ കൃപയും കരുണയും ഞങ്ങളുടെമേൽ ധാരാളമായി ചൊരിയപ്പെടുമാറാകണമെ മൊറിയൊ.........

#### ബോവൂസൊ

ഭാഗ്യവതിയുടെ വിശുദ്ധ ശരീരത്തിൻ മുമ്പാകെ മാലാഖമാരുടെ സൈന്യങ്ങളും നീതിമാന്മാരും പുണ്യവാന്മാരും പരിശുദ്ധന്മാരും ശ്ലീഹന്മാരും വിശുദ്ധ പിതാക്കന്മാരും

മല്പാന്മാരും കൂട്ടം കൂട്ടമായിട്ടും നിരനിരയായിട്ടും നിന്ന് ആർപ്പുവിളിച്ച് ഘോഷിച്ചു. മഹത്വത്തോടും ബഹുമാനത്തോടും കൂടെ അവളുടെ ശരീരത്തെ ഉയർത്തിയ കർത്താവേ! സമാധാനത്തിന്റെ മാലാഖമാർമൂലം ആശ്വാസവും ഇമ്പവും നിറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്ക് ഞങ്ങൾ നടത്തപ്പെടുമാറാകണമെ.

## സ്ലീബാപ്പെരുന്നാളിന് (സെപ്തംബർ 14-ാം തീയതി)

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

(ഇതുമുതൽ കൂദോശ് ഈത്തൊവരെ സ്ലീബായുടെ ഞായറാഴ്ചകളാകുന്നു. അന്നും ഈ പ്രാർത്ഥന തന്നെ ചൊല്ലിക്കൊള്ളുക.)

### കോലോകൾ

കർത്താവേ! നിന്റെ സ്ലീബായാൽ ആദാമിന്റെ വർഗ്ഗം രക്ഷിക്കപ്പെട്ടു. നിന്റെ സ്ലീബായാൽ വലത്തുഭാഗത്തെ കള്ളൻ നിത്യജീവനെ അവകാശമാക്കി. നിന്റെ വിശുദ്ധ സഭ നിന്റെ സ്ലീബായിൽ പ്രശംസിക്കുന്നു. സ്ലീബാ അതിന്റെ പരിചയാകുന്നുവെന്ന് ലജ്ജിക്കാതെ ഏറ്റുപറയുകയും ചെയ്യുന്നു. നിന്റെ സ്ലീബാ ഞങ്ങൾക്കു യുദ്ധത്തിൽ ആയുധവും പരിചയും ആയിരിക്കണമെ. ബാറെക്മോർ.

കർത്താവേ! നിന്റെ സ്ലീബാ സൃഷ്ടികളെ പിതാവിനോടു സമാധാനപ്പെടുത്തുകയും നാലുഭാഗങ്ങളെയും വിഗ്രഹാരാധനയിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. നിന്റെ സ്ലീബാ സൂര്യനെക്കാളും ചന്ദ്രനെക്കാളും അധികം ഭൂമിയെ പ്രകാശിപ്പിച്ചു. കർത്താവേ! നിന്റെ മാതാവിന്റെയും പരിശുദ്ധൻമാരുടെയും പ്രാർത്ഥനകളാൽ വിശുദ്ധ സ്ലീബാ പള്ളികൾക്കും ദയറാകൾക്കും കോട്ടയായിരിക്കണമെ. ഞങ്ങളുടെ മരിച്ചുപോയവർക്കു പാപമോചനവും നിത്യാനന്ദവും നൽകുകയും ചെയ്യണമെ. മൊറിയൊ.............



### ബോവൂസൊ

കർത്താവേ! ഞങ്ങൾ സങ്കേതം പ്രാപിച്ചിരിക്കുന്ന നിന്റെ സ്ലീബാ നിത്യജീവന്റെയും പരമാനന്ദത്തിന്റെയും സ്ഥലത്തേക്കു ഞങ്ങളെ കടത്തിക്കൊണ്ടുപോകുന്ന പാലമായിരിക്കണമെ. എല്ലായ്പോഴും ഞങ്ങളുടെ മുഖത്ത് സ്ലീബായുടെ അടയാളം ഞങ്ങൾ വരയ്ക്കുന്നതിനാൽ അതിന്റെ ശക്തിമൂലം സകല ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ കാത്തുകൊള്ളപ്പെടേണമെ. ദൈവമാതാവായ മർത്തമറിയാമിനെയും ദൈവഇഷ്ടം പ്രവർത്തിച്ച് തന്നെ പ്രസാദിപ്പിച്ചിട്ടുള്ളവരായ സകല പരിശുദ്ധന്മാരേയും വിശുദ്ധ പിതാക്കന്മാരെയും ഞങ്ങൾ ഓർക്കുകയും അവരുടെ നല്ലനടപടികളെ കണ്ട് പഠിക്കയും മരണപര്യന്തം അവരെപ്പോലെ വിശുദ്ധിയിൽ ജീവിക്കയും അവരുടെ പ്രാർത്ഥനകളാൽ ഞങ്ങളും ഞങ്ങളുടെ മരിച്ചുപോയവരും പാപമോചനത്തിനും അവസാനനാളിൽ മുഖപ്രസാദത്തിനും യോഗ്യരായിത്തീരുകയും ചെയ്യുമാറാകണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

കർത്താവേ! ജീവനുള്ള നിന്റെ സ്ലീബായോടുകൂടെ നീ എഴുന്നള്ളുന്ന ദിവസത്തിൽ നിന്റെ എതിരേല്പിനു പുറപ്പെടുവാനും ജീവൻ നൽകുന്നതായ നിന്റെ സ്ലീബായെ വന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. അതിനെ ഞങ്ങൾ ആയുധമായി ധരിച്ചുകൊണ്ട് പാപക്കഷ്ടതകളെ ജയിപ്പാനായിട്ട് അതിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുമാറാകണമെ. ബാറെക്മോർ.

ദീർഘദർശിയായ മോശ ചെങ്കടലിനെ ഭാഗിപ്പാനായിട്ട് സ്ലീബായുടെ ആകൃതി വരത്തക്കവണ്ണം കടലിനെ ആദ്യം വിലങ്ങെയും പിന്നീട് നെടുകെയും അടിച്ചതിനാൽ അവൻ നിന്റെ സ്ലീബായെ സാദൃശ്യപ്പെടുത്തി. ആ വിശുദ്ധ

സ്ലീബായുടെ അടയാളത്താൽ ഇസ്രായേൽ ജനം രക്ഷിക്കപ്പെടുകയും അവരുടെ വൈരികൾ നശിക്കുകയും ചെയ്തു. കർത്താവേ! നിന്റെ സ്ലീബായാൽ രഹസ്യവും പരസ്യവുമായ ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. മൊറിയൊ.......

**ബോവൂസൊ**

യൗനാൻനിബി മത്സ്യത്തിന്റെ ഉള്ളിൽ അവന്റെ കൈകളെ വിടുർത്തി പ്രാർത്ഥിച്ചതിനാൽ സ്ലീബായെ സാദൃശ്യപ്പെടുത്തി. ജലപ്രളയത്തിങ്കൽ നോഹിന്റെ കപ്പൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ടും വടക്കുനിന്ന് തെക്കോട്ടും സ്ലീബാഭാഷയിൽ വെള്ളത്തിൻമീതെ നടന്ന് കർത്താവിന്റെ ഉഗ്രകോപത്തെ ശമിപ്പിച്ചു. കർത്താവേ! നിന്റെ സ്ലീബായുടെ ശക്തിയാൽ പഞ്ഞത്തിൽനിന്നും വസന്തകളിൽനിന്നും സകല ഉപദ്രവങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ.

ആകാശത്തിൽ കാണപ്പെട്ട സ്ലീബായുടെ അടയാളത്താൽ കുസ്തന്തീനോസ് രാജാവ് ശത്രുക്കളെ ജയിച്ചതുപോലെ ഞങ്ങളുടെ ശത്രുക്കളായ സാത്താനെയും സൈന്യങ്ങളെയും വിശുദ്ധ സ്ലീബാമൂലം ഞങ്ങൾ ജയിക്കുമാറാകണമെ. വിശുദ്ധ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സഭയിൽ നിരപ്പും സമാധാനവും വർദ്ധിപ്പിക്കണമെ. അതിൽനിന്ന് വേദവിപരീതങ്ങളെയും തർക്കങ്ങളെയും മായിച്ചുകളയണമെ. സർവ്വശക്തനായ ദൈവത്തിനു സ്തുതിയും ബഹുമാനവും ദൈവമാതാവിനും സകല പരിശുദ്ധൻമാർക്കും പുകഴ്ചയും വിശ്വാസികളായ മരിച്ചുപോയവർക്കു കരുണയും കൃപയും ഉണ്ടാകുമാറാകട്ടെ.

(ദൈവമാതാവിന്റെ സകല പെരുന്നാളുകൾക്കും 72-ാം വശത്തുള്ള ദൈവമാതാവിന്റെ പുകഴ്ചയുടെ പെരുന്നാളിലെ പ്രാർത്ഥന ചേർത്തു ചൊല്ലിക്കൊൾക)



## സഹദേൻമാരുടെ പെരുന്നാളുകളിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

വിശുദ്ധ സഹദേന്മാർ ന്യായസ്ഥലത്ത് പ്രവേശിച്ചപ്പോൾ പരിശുദ്ധാത്മാവും അവരോടുകൂടെ പ്രവേശിച്ചു. പ്രതിയോഗിയായ സാത്താൻ ലജ്ജയോടെ ഓടി ഒളിച്ചു. വിശുദ്ധ സഹദേന്മാരേ! നിങ്ങൾ കിരീടം പ്രാപിക്കുകയും പിതാവു നിങ്ങളുടെ പേരുകളെ എഴുതുകയും പുത്രൻ നിങ്ങൾക്കു കിരീടം ഒരുക്കുകയും ചെയ്യുന്ന സമയം ഇതാകുന്നുവെന്നും നിങ്ങളെ മഹത്വത്തിന്റെ നിലയങ്കി ധരിപ്പിപ്പാൻവേണ്ടി ഞാൻ വന്നിരിക്കുന്നുവെന്നും നിങ്ങൾ സ്വർഗ്ഗീയമണവാളനോടുകൂടെ മണവറയിൽ പ്രവേശിക്കുമെന്നും പരിശുദ്ധാത്മാവ് നിങ്ങളോടു കല്പിക്കയും ഒരു മാതാവു തന്റെ മക്കൾക്കു ധൈര്യം കൊടുക്കുന്നതുപോലെ നിങ്ങൾക്ക് ധൈര്യം നൽകുകയും ചെയ്തുവല്ലൊ. ബാറെക്മോർ.

സഹദേൻമാർ സത്യവിശ്വാസത്തിനുവേണ്ടി സ്ലീബായെ ആയുധമാക്കിക്കൊണ്ട് പടയാളികളെപ്പോലെ പുറപ്പെട്ട് സാത്താനോടും സൈന്യങ്ങളോടും യുദ്ധം ചെയ്ത് അവരെ തോല്പിച്ചു. നമ്മുടെ ശത്രുക്കൾ മുട്ടുമടക്കി വീണുവെന്നും. നാം ജയത്തോടെ എഴുന്നേറ്റുവെന്നും നമ്മെ സൃഷ്ടിച്ച കർത്താവിനെ മാലാഖമാരോടുകൂടെ സ്തുതിച്ച് പുകഴ്ത്തിക്കൊണ്ട് നമുക്ക് സന്തോഷിക്കാമെന്നും അവർ തമ്മിൽ തമ്മിൽ പറഞ്ഞ് ജയഘോഷം പാടി. കർത്താവേ! അവരുടെ പ്രാർത്ഥനകളാൽ സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിപ്പാനും സാത്താനെയും സൈന്യങ്ങളെയും ജയിപ്പാനും ഞങ്ങളെ സഹായിക്കണമെ. മൊറിയൊ.........

**ബോവൂസൊ**

കർത്താവേ! ഞങ്ങൾ അയോഗ്യരെങ്കിലും നിന്നെ സ്നേഹിച്ചവരായ വിശുദ്ധ സഹദേൻമാരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണചെയ്യണമെ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും പാപമോചനം നൽകുകയും ചെയ്യണമെ.

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

**കോലോകൾ**

ആരെങ്കിലും സഹദേൻമാരുടെ പോരാട്ടസ്ഥലത്തേക്കു പ്രവേശിച്ചുനോക്കുമ്പോൾ ഒരു സഹദാ അഗ്നിയിൽ എരിയുന്നതും മറ്റൊരുവന്റെ ശരീരം മുറിക്കപ്പെട്ടിരിക്കുന്നതും വേറൊരുവൻ അംഗഹീനനാക്കപ്പെട്ടിരിക്കുന്നതും കാണുന്നു. സഹദേൻമാരോ ഹൃദയാനന്ദത്തോടുകൂടിയിരുന്നുകൊണ്ട് യേശുവേ! ഞങ്ങൾ നിന്നെക്കുറിച്ചു മരിക്കുന്നുവെന്നും ഞങ്ങളുടെ സഹായത്തിനു വന്നു ഞങ്ങളെ രക്ഷിക്കണമെയെന്നും അട്ടഹസിക്കുന്നതു കേൾക്കുകയും ചെയ്യുന്നു. കർത്താവേ! നിന്റെ തിരുനാമത്തിനുവേണ്ടി ഉപദ്രവങ്ങളെ സന്തോഷത്തോടെ സഹിപ്പാൻ വിശ്വാസവും ധൈര്യവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമെ. ബാറെക്മോർ.

മേഘങ്ങൾക്കകത്തുനിന്ന് മിന്നൽ പുറപ്പെടുന്നതുപോലെ പരിശുദ്ധ സഹദേൻമാർ ദൈവപുത്രന്റെ എതിരേല്പിനു പറന്നെത്തുകയും തങ്ങളുടെ രക്തം അവനെ കാണിക്കയും ചെയ്യുന്നു. അപ്പോൾ അവരുടെ തലകളിൽ മഹത്വമേറിയ കിരീടങ്ങൾ വയ്ക്കപ്പെടുന്നു. ജഡികകണ്ണുകൊണ്ട് കണ്ടിട്ടില്ലാത്തതും മഹത്വമേറിയതുമായ മഹാഭാഗ്യത്തെ അവർക്കവകാശമായി കൊടുക്കുന്നു. കർത്താവേ!



ലോകത്തെയോ ധനത്തെയോ കുടുംബത്തെയോ ഭാര്യപുത്രൻമാരെയോ നിന്നെക്കാൾ അധികം സ്നേഹിപ്പാനും ഉപദ്രവങ്ങളിൽ നിന്നെ മറക്കുവാനും ഇടയാകാതെ ഞങ്ങളെ കാത്തുകൊള്ളണമെ. വിശുദ്ധ സഹദേൻമാരുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽനിന്ന് ശിക്ഷകളെയും ക്രോധത്തിന്റെ വടികളെയും സകല ഞെരുക്കങ്ങളെയും നീക്കിക്കളകയും ചെയ്യണമെ. മൊറിയൊ..........

**ബോവൂസൊ**

സഹദേൻമാരേ! വിശുദ്ധ സഭയിൽ സമാധാനം വർദ്ധിപ്പാനും അതിന്റെ പ്രജകൾ സന്തോഷിപ്പാനും നിങ്ങളുടെ പെരുന്നാളുകളെ ആത്മീയ സന്തോഷത്തോടെ ആഘോഷിപ്പാനും ഇടയാക്കുവാനായിട്ട് നിങ്ങൾ പ്രാർത്ഥിക്കണമെ.

## പരിശുദ്ധൻമാരുടെ പെരുന്നാളുകളിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

(ഓരോ പരിശുദ്ധന്റെയും ശുദ്ധിമതിയുടെയും പെരുന്നാളിനു പേരും ലിംഗവും ആവശ്യംപോലെ മാറ്റിച്ചൊല്ലണം.)

**കോലോകൾ**

പരിശുദ്ധ പിതാവായ മാർ (ഇന്നാരെ) ദുഷ്ടലോകത്തിന്റെ കുരുക്കുകളിൽ ഉൾപ്പെടാതെയും അതിന്റെ കറകളാൽ അശുദ്ധപ്പെടാതെയും പൂർണ്ണഹൃദയത്തോടെ ദൈവ ഇഷ്ടപ്രകാരം ഇരുന്നവനായ നിനക്കു ഭാഗ്യം. ലോകമോദങ്ങളിൽനിന്നും അശുദ്ധങ്ങളിൽനിന്നും ഒഴിഞ്ഞ് അഴിഞ്ഞുപോകുന്നതായ ശരീരത്തെ സ്നേഹിക്കാതെ ആത്മരക്ഷയെ മാത്രം ആഗ്രഹിച്ചവനായ നിന്റെ ഓർമ്മ ഞങ്ങൾക്കു വാഴ്വിനായിത്തീരണമെ. ബാറെക്മോർ.

പരിശുദ്ധ പിതാവായ മാർ (ഇന്നാരെ) നിന്റെ ഓർമ്മ ആഘോഷിക്കയും നിന്റെ പെരുന്നാളിനു വന്നുകൂടുകയും ചെയ്തിട്ടുള്ളവരെല്ലാവരും ദൈവത്തിൽനിന്ന് കരുണപ്രാപിപ്പാൻവേണ്ടി നീ അപേക്ഷിക്കണമെ. നിന്റെ പ്രാർത്ഥനകളാൽ ദൈവം തന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് ഞങ്ങൾക്കു നിരപ്പും സമാധാനവും ശുഭമുള്ള ആണ്ടുകളും സന്തോഷത്തിന്റെ മാസങ്ങളും നൽകുമാറാകട്ടെ. മൊറിയൊ.......

## പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

സകലമാനപേർക്കും നല്ല മാതൃകയായിത്തീർന്നിരിക്കുന്ന മാർ (ഇന്നാരെ) ഞങ്ങൾ രാവും പകലും പ്രാർത്ഥനയിലും ജാഗരണത്തിലും സകല സൽപ്രവൃത്തികളിലും നിന്നോടു സാദൃശ്യപ്പെടുവാൻ ഇടവരുവാനായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. നൻമകളിൽ ഐശ്വര്യവാനാകുവാൻ യാചിക്കുന്ന എല്ലാവന്റെയും മുൻപിൽ കർത്താവിന്റെ ശ്രീഭണ്ഡാരത്തിന്റെ വാതിൽ തുറന്നിട്ടിരിക്കുന്നുവല്ലൊ. ബാറെക്മോർ.

ഉണങ്ങിയ അസ്ഥിയിൽനിന്ന് അത്ഭുതകരമായി ശിംശോന്റെ പേർക്ക് വെള്ളമൊഴുക്കുകയും അവൻ അതിൽനിന്ന് കുടിച്ച് ദാഹം തീർക്കുകയും ചെയ്തതുപോലെ കർത്താവേ! നിന്റെ ഇഷ്ടനായ മാർ (ഇന്നാരുടെ) പ്രാർത്ഥനകളിൽ സങ്കേതം പ്രാപിക്കുന്നവരായ ഞങ്ങൾക്കു സർവ്വസഹായങ്ങളും നീ നൽകണമെ. മൊറിയൊ......



### ബോവൂസൊ

മാർ (ഇന്നാരെ) നിന്റെ പ്രാർത്ഥനമൂലം ആവശ്യക്കാരായ ഞങ്ങൾക്കു ദൈവത്തിൽനിന്ന് കൃപയും കരുണയും സമാധാനവും രോഗികൾക്കു സുഖവും പാപികൾക്കു പാപമോചനവും ലഭിക്കുമാറാകണമെ.

ശ്ലീഹൻമാരുടെ പെരുന്നാളിനും സന്ധ്യക്കും പ്രഭാതത്തിലും 220-ാം വശത്തുള്ള ജൂൺ 29 -ാം തീയതി പെരുന്നാളിലെ പ്രാർത്ഥന ഉപയോഗിക്കുക

## പരിശുദ്ധ പിതാക്കൻമാരുടെയും വിശുദ്ധ സഭയുടെ മല്പാൻമാരുടെയും ഓർമ്മയിൽ

## സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

കർത്താവേ! സത്യവിശ്വാസം ഞങ്ങളോടുപദേശിക്കുകയും നല്ല മേച്ചിൽസ്ഥലത്ത് ഞങ്ങളെ മേയിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ പിതാക്കൻമാരുടെയും ഉപദേഷ്ടാക്കൻമാരുടെയും ഉപദേശത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ നടപടികളിൻപ്രകാരം നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അവരുടെ പ്രാർത്ഥനകളാൽ സഭയിൽ നിരപ്പും സമാധാനവും വർദ്ധിക്കുമാറാകണമെ. ബാറെക്മോർ.

കർത്താവേ! അവരെപ്പോലെ സത്യവിശ്വാസത്തെ പ്രസിദ്ധപ്പെടുത്തുവാനും ഞങ്ങളുടെ ആത്മാക്കൾക്ക് പ്രയോജനം വരുത്തുന്നവയായി അവർ ഉപദേശിച്ചുതന്നിട്ടുള്ള നോമ്പ്, നമസ്ക്കാരങ്ങൾ മുതലായ സർവ്വ പ്രമാണങ്ങളെയും ആചരിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെ........

### ബോവൂസൊ

കർത്താവേ! അവരിൽ എന്നപ്രകാരം ഞങ്ങളിലും പരിശുദ്ധ റൂഹാ വസിച്ച് സത്യവിശ്വാസത്തിന്റെ വൈരികളെ സത്യവഴിയിലേക്കു തിരിപ്പിപ്പാനും നിന്നെ സ്തോത്രം ചെയ്‌വാനും തക്കതായ നാവും ശക്തിയും ബോധവും ഞങ്ങൾക്കു നൽകണമെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

നിഖ്യായിലും കുസ്തന്തീനോപ്പോലീസിലും എഫേസോസിലും പരിശുദ്ധ പിതാക്കൻമാർ പരിശുദ്ധ റൂഹായാൽ സ്ഥിരപ്പെടുത്തിയിട്ടുള്ള സത്യവിശ്വാസത്തിൽനിന്ന് ഇടത്തോട്ടോ വലത്തോട്ടോ വിട്ടുമാറുവാൻ ഞങ്ങൾക്കിടയാക്കകരുതെ. ബാറെ...

കർത്താവേ! കാതോലികവും ശ്ലൈഹികവുമായ സത്യവിശ്വാസത്തിൽനിന്ന് അവസാനശ്വാസം വരെ ഇളകാതെ അതിൽ മരിപ്പാനും അതിൽ ജീവിപ്പാനും അതിന്റെ വൈരികളെ മറിച്ചിടുവാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമെ. മൊറിയൊ.........

### ബോവൂസൊ

എല്ലായ്പോഴും നാലുഭാഗങ്ങളിലും സത്യവിശ്വാസമെന്ന വിളക്ക് കത്തിച്ച് ലോകത്തെ പ്രകാശിപ്പിക്കയും സത്യവിശ്വാസത്തിനുവേണ്ടി ഞെരുക്കങ്ങളും പീഡകളും സഹിക്കയും ചെയ്തവരായ ഞങ്ങളുടെ പിതാക്കൻമാരുടെ ഓർമ്മയെ നീ മഹത്വപ്പെടുത്തണമെ. അവരുടെ പ്രാർത്ഥനകളാൽ അവരെപ്പോലെ നിന്നെ സ്നേഹിക്കുന്നവരായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ.



## പരിശുദ്ധൻമാരുടെയും ശുദ്ധിമതികളുടെയും ഓർമ്മയിൽ

### സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

(പരിശുദ്ധൻമാരേ! എന്നാദിയായ സ്ഥാനങ്ങളിൽ ശുദ്ധിമതികളേ! എന്ന് ആവശ്യംപോലെ മാറ്റിച്ചൊല്ലണം.)

തിരഞ്ഞെടുക്കപ്പെട്ടവരായ പരിശുദ്ധൻമാരേ! ലോകത്തിന്റെ നാനാഭാഗങ്ങളിലും നിങ്ങളുടെ ഓർമ്മ കൗതുകവും ബഹുമാനവും ഉള്ളതാകുന്നു. നിങ്ങൾ അഴിഞ്ഞുപോകുന്നതായ ഭാഗ്യങ്ങൾക്കു പകരം നിത്യജീവനെ അവകാശിച്ചിരിക്കുന്നു. നിങ്ങളുടെ ഓർമ്മദിവസത്തിൽ കർത്താവ് ലോകത്തിൽ നിരപ്പും സമാധാനവും വസിപ്പാനായിട്ട് പ്രാർത്ഥിക്കണമെ. ബാറെ........

അനുഗ്രഹിക്കപ്പെട്ട ശുദ്ധിമാൻമാരേ! വിശുദ്ധ സഭ നിങ്ങളുടെ ഓർമ്മയെ ആഘോഷിക്കുന്നു. നിങ്ങൾ വെടിപ്പും വിശുദ്ധിയും ഉള്ളവരായിരിപ്പാൻ നിങ്ങളെ തിരഞ്ഞെടുത്തവനായ കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളാൽ സഭയുടെ പ്രജകൾ സകല ഉപദ്രവങ്ങളിൽനിന്നും കാത്തുകൊള്ളപ്പെടുമാറാകണമെ. മൊറി......

### ബോവൂസൊ

നിങ്ങളെ തിരഞ്ഞെടുത്ത പിതാവിനു സ്തുതി. നിങ്ങളെ ശക്തിപ്പെടുത്തിയ പുത്രനു വന്ദനം. നിങ്ങളെ കിരീടം ധരിപ്പിച്ച റൂഹായ്ക്കു സ്തോത്രം. നിങ്ങളുടെ പ്രാർത്ഥനകളാൽ ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ എന്നേക്കും ദൈവകരുണയുണ്ടാകട്ടെ.

### പ്രഭാതപ്രാർത്ഥനയിൽ ചൊല്ലേണ്ടത്

### കോലോകൾ

പരിശുദ്ധൻമാരേ! നിങ്ങളുടെ ഇമ്പമേറിയ ചരിത്രം ഞങ്ങളുടെ ഇടയിൽ ഘോഷിക്കപ്പെടുന്നു. നിങ്ങളുടെ ഓർമ്മയിൽ ആകാശവും ഭൂമിയും സന്തോഷിച്ചാനന്ദിക്കുന്നു.

നിങ്ങളുടെ പെരുന്നാളുകൾമൂലം ലോകത്തിന്റെ നാനാഭാഗങ്ങൾക്കും കരുണ നൽകുന്നവനായ കർത്താവിനു മനുഷ്യമക്കൾ സ്തുതിപാടുന്നു. ബാറെക്മോർ.

ആകാശത്തിൽനിന്നിറങ്ങി കന്യകയിൽനിന്നു ജഡം ധരിച്ച് സാത്താനെ ലജ്ജിപ്പിച്ചവനായി പിതാവിന്റെ വചനമായ ഏകപുത്രനു സ്തുതി. പരിശുദ്ധൻമാർ അവനെക്കണ്ട് സ്നേഹിക്കയും ആ സ്നേഹം മൂലം അവർ തങ്ങളുടെ ശരീരങ്ങളെ ഞെരുക്കങ്ങൾക്ക് ഏല്പിക്കയും ചെയ്തു. കർത്താവേ! അവരെ ഓർത്ത് ഞങ്ങളോടു കൃപ ചെയ്യണമെ. മൊറിയൊ......

### ബോവൂസൊ

പരിശുദ്ധന്മാരേ! നിങ്ങളുടെ ഓർമ്മ ആകാശത്തിലും ഭൂമിയിലും ഉണ്ട്. നിങ്ങളുടെ ഓർമ്മയെ ബഹുമാനിക്കുന്നവർ നിങ്ങളുടെ പ്രാർത്ഥനകളാൽ ദൈവസഹായം പ്രാപിക്കുമാറാകട്ടെ.

(വിശ്വാസികളായ മരിച്ചുപോയവരുടെ ഓർമ്മയിൽ സന്ധ്യാപ്രാർത്ഥനയിലും പ്രഭാതപ്രാർത്ഥനയിലും അവർക്കു വേണ്ടിയുള്ള പ്രാർത്ഥന ചേർക്കണമെങ്കിൽ 43-ാം വശത്തുള്ള ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയോ,109-ാം വശത്തുള്ള മരിച്ചവരുടെ ഞായറാഴ്ചയ്ക്കുള്ള പ്രാർത്ഥനയോ ഉപയോഗപ്പെടുത്താം. കൂടാതെ മരിച്ചവർക്കുവേണ്ടിയുള്ള അടിയന്തിരങ്ങളിൽ മേൽപറഞ്ഞ പ്രാർത്ഥനകളിൽനിന്ന് രണ്ടു കോലോകളും ഒരു ബോവൂസ്സൊയും ചൊല്ലിയാൽ മതിയാകുന്നതും അതിലും ചുരുക്കണമെങ്കിൽ ഒരു ബോവൂസ്സൊ മാത്രം ചൊല്ലിയാൽ മതിയാകുന്നതും അതിലേക്കു സാധാരണമായി നിത്യപ്രാർത്ഥനയുടെ ഒമ്പതാം മണി സമയത്തെ പ്രാർത്ഥനയിൽ 45-ാം വശത്തുള്ള 'കരുണകൾ നിറഞ്ഞിരിക്കുന്നവനേ' എന്നുള്ളത് ഉപയോഗിപ്പാൻ എളുപ്പമുള്ളതും ആകുന്നു.)



### മൂന്നാം ഭാഗം

(ഈ മൂന്നാം ഭാഗത്തിൽ രഹസ്യപ്രാർത്ഥന, കല്പനകൾ, കുമ്പസാരമുറകൾ, പെരുന്നാൾ, നോമ്പുകണക്ക്, അനുതാപത്തിന്റെ ഏഴു മസുമൂറാകൾ, ഒറ്റയൊറ്റയായ പലതരം പ്രാർത്ഥനകൾ മുതലായവ അടങ്ങിയിരിക്കുന്നു.)

# രഹസ്യപ്രാർത്ഥന

## മാബൂഗിന്റെ മാർ പീലക്സിനോസ് ബാവായുടെ പ്രത്യേക പ്രാർത്ഥന

## സന്ധ്യക്കു

ദൈവമേ! നിനക്കു സ്തുതി. ദൈവമേ! നിനക്കു സ്തുതി. ദൈവമേ! നിനക്കു സ്തുതി. ആദിയും അന്തവുമില്ലാത്ത നിത്യനേ! നിനക്കു സ്തുതി. സത്യത്തിന്റെ പിതാവേ! നിനക്കു സ്തുതി! സകലത്തിന്റെയും സ്രഷ്ടാവേ! നിനക്കു സ്തുതി. രഹസ്യങ്ങളെ പരിശോധിക്കുന്നവനേ! നിനക്കു സ്തുതി. തോറ്റുപോകാത്ത പരാക്രമിയും എതിർക്കപ്പെടുവാൻ പാടില്ലാത്ത ശക്തിമാനുമായവനേ! നിനക്കു സ്തുതി. അദൃശ്യന്മാരുടെ ബോധവും ദൃശ്യന്മാരെ ബോധജ്ഞാനപ്പെടുത്തുന്നവനും ആയവനേ! നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള വായ്കളിൽനിന്നും നീ നിർമ്മിച്ചിട്ടുള്ള നാവുകളിൽനിന്നും നിനക്കു സ്തുതിയും മഹത്വവും കരേറുമാറാകട്ടെ. കുറ്റപ്പെടാത്ത നീതിമാനും വീണുപോകാത്ത യോദ്ധാവും ആയുള്ളവനേ! നിനക്കു സ്തുതി. മരണമില്ലാത്ത ജീവനുള്ളവനും ദരിദ്രപ്പെടാത്ത ധനവാനും ആയുള്ളവനേ! നിനക്കു സ്തുതി. വളരെ കൃപയോടും ധാരാളമായ കരുണയോടും കൂടിയിരിക്കുന്ന ഉത്തമനായുള്ളവനേ! നിനക്കു സ്തുതി. കുറവുവരാത്ത സമുദ്രവും ചുരുങ്ങിപ്പോകാത്ത അഗാധവും ആയുള്ളവനേ! നിനക്കു സ്തുതി. നീതിയായി

വിധിക്കുന്നവനും ശരിയായി പരിശോധിക്കുന്നവനുമായ നീതിമാനേ! നിനക്കു സ്തുതി. ഞെരുങ്ങിയിരിക്കുന്നവരുടെ തുറമുഖവും വലഞ്ഞിരിക്കുന്നവരുടെ സങ്കേതവും ആയുള്ളവനേ! നിനക്കു സ്തുതി. ആദിമുതലേ തന്റെ രാജത്വവും തലമുറതലമുറ വരെ തന്റെ അധികാരവും നിലനില്ക്കുന്ന രാജാവേ! നിനക്കു സ്തുതി. കുരുടന്മാരുടെ പ്രകാശവും വഴി തെറ്റിപ്പോയവരെ വഴികാണിക്കുന്നവനും ആയുള്ളവനേ! നിനക്കു സ്തുതി. നിരാശയിലിരിക്കുന്നവരുടെ ശരണവും സഹായമില്ലാത്ത എല്ലാവരുടെയും ആശ്രയവും ആയുള്ളവനേ! നിനക്കു സ്തുതി. മുട്ടുകാരുടെ ധനവും ഹീനരുടെ ഉയർച്ചയും ആയുള്ളവനേ! നിനക്കു സ്തുതി. പുണ്യവാന്മാരുടെ രക്ഷിതാവും ദുഃഖിതന്മാരെ ആശ്വസിപ്പിക്കുന്നവനും ആയുള്ളവനേ! നിനക്കു സ്തുതി. ഞങ്ങളുടെ അന്ധകാരാവസ്ഥയുടെ പ്രകാശവും ഞങ്ങളുടെ വൃദ്ധതയുടെ വടിയും ആയുള്ളവനേ! നിനക്കു സ്തുതി. ഭൗമ്യരാൽ സ്തുതിക്കപ്പെടുകയും ആത്മീയരാൽ ശുശ്രൂഷിക്കപ്പെടുകയും ചെയ്യുന്ന പരിശുദ്ധനായുള്ളവനേ! നിനക്കു സ്തുതി. ചെറുതായിപ്പോകാത്ത വലിയവനും കുറവുകൂടാതെ കൊടുക്കുന്നവനും ആയുള്ളവനേ! നിനക്കു സ്തുതി. ഇരുണ്ടുപോകാത്ത സൂര്യനും കെട്ടുപോകാത്ത പ്രകാശവും ആയുള്ളവനേ! നിനക്കു സ്തുതി. നടപടികളിൽ വിസ്മയിക്കത്തക്കവനും പ്രവൃത്തികളിൽ അതിശയിക്കത്തക്കവനും ആയുള്ളവനേ! നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള മാലാഖമാരിൽനിന്ന് അവരുടെ കൂട്ടങ്ങളിലെ ആളുകളുടെ എണ്ണ പ്രകാരം നിനക്കു സ്തുതി. നീ നിർമ്മിച്ചിട്ടുള്ള മനുഷ്യരിൽനിന്ന് അവരുടെ രോമങ്ങളിൻ ഇഴകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള പലജാതി ഊമവർഗ്ഗങ്ങളിൽനിന്ന് അവയുടെ എണ്ണപ്രകാരം നിനക്കു സ്തുതി. സകലവൃക്ഷങ്ങളിൽനിന്നും



തൃണങ്ങളിൽനിന്നും അവയുടെ ഇലകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. പകലും രാവും നിനക്കു സ്തുതി. സന്ധ്യയിലും പ്രഭാതത്തിലും ഉച്ചയിലും നിനക്കു സ്തുതി. എല്ലാകാലത്തും സദാനേരത്തും നിനക്കു സ്തുതി. എല്ലാസമയങ്ങളിലും നിമിഷങ്ങളിലും നിനക്കു സ്തുതി. സകല ഘ്രാണങ്ങളോടും ശ്വാസങ്ങളോടും കൂടെ നിനക്കു സ്തുതി. നിന്നെ ഓർക്കുവാൻ ഞാൻ അയോഗ്യനെങ്കിലും എന്റെ പാപാവസ്ഥയിൽനിന്ന് നിനക്കു സ്തുതി. ഞാൻ നിന്നോടാവശ്യപ്പെടാതെ നീ എന്നെ സൃഷ്ടിച്ചതിനാൽ നിനക്കു സ്തുതി. ഞാൻ നിന്നോടപേക്ഷിക്കാതെതന്നെ നീ എന്നെ നിർമ്മിച്ചതിനാൽ നിനക്കു സ്തുതി. പൂർണ്ണശരീരത്താലും സുഖേന്ദ്രിയങ്ങളാലും കേടില്ലാത്ത അവയവങ്ങളാലും നീ എന്നെ അലങ്കരിച്ചതിനാൽ നിനക്കു സ്തുതി. സ്ഥിരമുള്ള ബോധങ്ങളാലും കൂർമ്മബുദ്ധിയാലും തിരിച്ചറിവോടുകൂടിയ സ്നേഹത്താലും സ്വതന്ത്രമനസ്സാലും നീ എന്നെ ബഹുമാനിച്ചതിനാൽ നിനക്കു സ്തുതി. ശരീരസുഖത്താലും ആത്മപരിപാലനത്താലും നീ എന്നെ ഐശ്വര്യവാനാക്കിയതിനാൽ നിനക്കു സ്തുതി. അതാതു സമയത്തെ ഭക്ഷണത്തിനു നീ എനിക്കു കുറവു വരുത്താതിരുന്നതിനാൽ നിനക്കു സ്തുതി. ശരീരത്തിന്റെ ആവശ്യങ്ങൾ ഒന്നിനും എനിക്കു നീ മുട്ടുവരുത്താത്തതിനാൽ നിനക്കു സ്തുതി. ഞാൻ വാങ്ങുന്നവനായിരിക്കാതെ കൊടുക്കുന്നവനായിരിപ്പാൻ നീ എന്നെ യോഗ്യനാക്കിയതിനാൽ നിനക്കു സ്തുതി. നിന്നെ സ്തുതിപ്പാൻ എന്റെ വായ്ക്ക് അറിഞ്ഞുകൂടാതെവണ്ണമുള്ളവനായ നിനക്കു സ്തുതി. നിന്റെ മഹത്വങ്ങളെ വർണ്ണിപ്പാൻ എന്റെ നാവിനു പ്രാപ്തിയില്ലാത്തവണ്ണമുള്ളവനായ നിനക്കു സ്തുതി. ആകാശത്തിലെ മാലാഖമാരും ഭൂമിയിലെ മനുഷ്യരും എനിക്കു

വേണ്ടി നിന്നെ സ്തുതിക്കും. നിന്നെ സ്നേഹിച്ച നീതിമാന്മാരും നിന്നെ പ്രിയപ്പെട്ട പുണ്യവാന്മാരുമായ സകലരും എനിക്കുവേണ്ടി നിന്നെ സ്തുതിക്കും. നിന്നെ കോപിപ്പിക്കാത്തവരായ ശിശുക്കളും നിന്റെ സന്നിധിയിൽ അക്രമം പ്രവർത്തിക്കുന്നവരായ കുട്ടികളും എനിക്കുവേണ്ടി നിന്നെ സ്തുതിക്കും. ഉണ്ടായിട്ടുള്ളവരും ഉണ്ടാകുവാനിരിക്കുന്നവരുമായ സകല പരിശുദ്ധന്മാരും എനിക്കുവേണ്ടി നിന്നെ സ്തുതിക്കയും നിന്നോടു പ്രാർത്ഥിക്കയും ചെയ്യും. ദൈവമാതാവായ മറിയാം എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. അവളുടെ ബഹുമാനത്തിനായിട്ട് നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യനാക്കണമെ. മനസ്സുതിരിഞ്ഞിട്ടുള്ള സകല അനുതാപികളും പാപം ചെയ്യാതിരുന്നിട്ടുള്ള സകല വിരക്തന്മാരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. സന്യാസമഠങ്ങളിലിരിക്കുന്ന [1]ഈഹിദായക്കാരും പർവ്വതങ്ങളിലിരിക്കുന്ന [2]ആബീലന്മാരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. പാറകളുടെ വിള്ളലുകളിലിരിക്കുന്ന സന്യാസിമാരും ഗുഹകളിലിരിക്കുന്ന താപസന്മാരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കും. എന്റെ കർത്താവേ! ഇവരെല്ലാവരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നതുകൊണ്ട് നീ എന്നോടു ദയവുചെയ്ത് എന്റെ പാപക്കറകളെ കഴുകിക്കളകയും എന്റെ കുറ്റങ്ങളെ മോചിക്കയും എന്റെ പാപങ്ങളെ പരിഹരിക്കുകയും ചെയ്യണമെ. ശപിക്കപ്പെട്ട പിശാചുക്കളുടെ യുദ്ധത്തിൽനിന്നും ദുഷ്ടമനുഷ്യരുടെ ദുഷ്ടതയിൽനിന്നും അശുദ്ധമായ വികാരങ്ങളിൽനിന്നും നിന്ദ്യമായ ആലോചനകളിൽനിന്നും അശുദ്ധമോഹങ്ങളിൽനിന്നും സാത്താനുചേരുന്ന ഓർമ്മകളിൽനിന്നും ഒളിച്ചുവച്ചിരിക്കുന്ന കെണികളിൽനിന്നും

1. തനിച്ചു താമസിക്കുന്നവർ
2. വിലാപത്തോടിരിക്കുന്നവർ



വ്യർത്ഥ സ്വപ്നങ്ങളിൽനിന്നും വ്യർത്ഥവും നിഷ്പ്രയോജനവുമായ സംസാരത്തിൽനിന്നും വക്രതയുള്ള ഊടുവഴികളിൽനിന്നും ശിക്ഷാകരമായ മാർഗ്ഗങ്ങളിൽനിന്നും പാപവിരുദ്ധതകളിൽനിന്നും ദുർന്നടപടികളിൽനിന്നും ദുഷ്ടസംസർഗ്ഗത്തിൽനിന്നും ഭോഷന്മാരോടുള്ള ചേർച്ചയിൽനിന്നും നിന്നിൽനിന്ന് എന്നെ അകറ്റുന്നതും നിന്റെ സ്നേഹത്തിൽനിന്ന് എന്നെ വേർതിരിക്കുന്നതുമായ സംഗതികളിൽനിന്നും എന്നെ രക്ഷിക്കണമെ. കർത്താവേ! നിന്നെ വിളിച്ചപേക്ഷിച്ചിട്ട് നീ ഉത്തരമരുളീട്ടുള്ളവരും നിന്നിൽ ശരണം വച്ചിട്ട് നീ രക്ഷിച്ചിട്ടുള്ളവരുമായ എല്ലാവരുടെയും പ്രാർത്ഥനമൂലം ദുഷ്ടമനുഷ്യരിൽനിന്നും വഞ്ചകനായ ശത്രുവിൽനിന്നും വഞ്ചനയുള്ള നാവിൽനിന്നും ആത്മനഷ്ടമുണ്ടാക്കുന്ന സംസാരത്തിൽനിന്നും എന്നെ രക്ഷിക്കണമെ. വിഷമകരമായ നിർബന്ധങ്ങളിൽനിന്നും സങ്കടകരമായ സംഭവങ്ങളിൽനിന്നും നീ എന്നെ ഒഴിക്കണമെ. ലൗകികപരീക്ഷകളിൽനിന്നും മനുഷ്യവഞ്ചനയിൽനിന്നും നിരാശയിൽനിന്നും ആത്മാവിന്റെ അന്ധകാരത്തിൽനിന്നും വിചാരത്തിന്റെ കൂരിരുട്ടിൽനിന്നും ആലോചനയുടെ അരിഷ്ടതയിൽനിന്നും എന്റെ ശക്തിക്കപ്പുറമായ സകല ശിക്ഷകളിൽനിന്നും എന്നെ നീ രക്ഷിക്കണമെ. എന്റെ കർത്താവേ! മഹാകാരുണ്യവാനായ നിന്റെ തൃക്കൈകളാലല്ലാതെ ദുഷ്ടന്മാരുടെ കൈകളാലും മത്സരക്കാരായ പിശാചുക്കളുടെ കൈകളാലും എന്റെ ശിക്ഷ നടത്തരുതെ. എന്റെ കർത്താവേ! നിന്റെ നീതിപ്രകാരം എന്നെ ശാസിക്കരുതെ. നിന്റെ കോപത്താൽ എന്നെ ശിക്ഷിക്കയും അരുതെ. എന്നാലോ നിന്റെ കൃപയാൽ എന്നോടു ദയവുചെയ്യണമെ. നിന്റെ കരുണയാൽ എന്നെ സഹായിക്കണമെ. കരുണയോടുകൂടെ സകലത്തെയും ഭരിക്കുന്ന ഉത്തമനായുള്ളവനേ! തെറ്റിപ്പോകുന്ന

മനുഷ്യനായ ഞാൻ നിന്റെ തിരുസന്നിധിയിൽ ചെയ്തിട്ടുള്ള തെറ്റിനെയും ഞാൻ നിന്നെ കോപിപ്പിച്ചിട്ടുള്ളതിനെയും നീ മോചിക്കയും ക്ഷമിച്ച് നീക്കിക്കളഞ്ഞ് പരിഹരിക്കയും ചെയ്യ ണമെ. അതു നിന്നെ പ്രസാദിപ്പിച്ചവരും നിന്നെ പ്രസാദി പ്പിക്കുന്നവരും നിന്നെ തൃപ്തിപ്പെടുത്തിയവരും നിന്നെ തൃപ്തിപ്പെടുത്തുന്നവരുമായ എല്ലാവരുടെയും പ്രാർത്ഥന കളാൽതന്നെ. ആമ്മീൻ.

### സൂത്താറായ്ക്ക്

ദൈവമായ കർത്താവേ! നിന്റെ കൃപയെ ഞാൻ നിര സിക്കുന്നില്ല. നീ എനിക്കു തന്നിട്ടുള്ള വരങ്ങളെ ഞാൻ നിഷേധിക്കുന്നില്ല. എന്നോടുള്ള നിന്റെ പ്രവൃത്തികളെ ഞാൻ മറക്കുന്നില്ല. എങ്കിലും ഞാൻ നിന്റെ കരുണകൾക്ക് അയോ ഗ്യനെന്നു സമ്മതിക്കുന്നു. ഞാൻ അയോഗ്യനായിരിക്കുമ്പോൾ നീ എന്നെ ബഹുമാനിച്ചു എന്നു ഞാൻ സമ്മതിക്കുന്നു. ആ വേശ്യാസ്ത്രീയെപ്പോലെ ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു. അവൾക്കെന്നപോലെ നീ എനിക്കു പാപപരി ഹാരം നൽകണമെ. ആ ക്നാനായക്കാരിയെപ്പോലെ ഞാൻ എന്റെ കുറ്റങ്ങൾ ഏറ്റുപറയുന്നു. അവളെപ്പോലെ എന്നെ കൈക്കൊള്ളണമെ. എന്റെ വിചാരങ്ങൾകൊണ്ടും എന്റെ വചനങ്ങൾകൊണ്ടും പ്രവൃത്തികൾകൊണ്ടും എന്റെ ജീവ കാലമെല്ലാം ഞാൻ നിന്നെ കോപിപ്പിച്ചു എന്നു ഞാൻ ഏറ്റുപറയുന്നു. ഇപ്പോൾ കർത്താവേ! ഞാൻ നിന്റെ അടു ക്കലേക്കു തിരിഞ്ഞിരിക്കുന്നതിനാൽ നിന്റെ സഭയിലെ അനുതാപികളിൽ ഒരുവനെപ്പോലെയും നിന്റെ ആട്ടിൻകൂട്ട ത്തിലെ ആടുകളിൽ ഒന്നിനെപ്പോലെയും നിന്റെ കൃപയും കരുണയും മൂലം ദയവായി പാപപരിഹാരം കൊടുത്തിട്ടുള്ള പാപികളിൽ ഒരുവനെപ്പോലെയും എന്നെ ആക്കിത്തീർക്കണമെ.



എന്റെ കർത്താവേ! എന്റെ പാപങ്ങളെ മായിച്ചുകളഞ്ഞ് എന്റെ കുറ്റങ്ങളെ കഴുകണമെ. എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ. തെറ്റുകളിൽനിന്ന് നീ എന്നെ രക്ഷി ക്കണമെ. എന്റെ കർത്താവേ! നിന്റെ ദയയാകുന്ന സോപ്പാ കൊണ്ട് നിന്റെ കരുണയാകുന്ന വെള്ളം എന്റെ മേൽ തളി ക്കണമെ. എല്ലായ്പോഴും നിന്നെ സ്തോത്രം ചെയ്‌വാൻ ചലിച്ചുകൊണ്ടിരിക്കുന്ന വെടിപ്പുള്ള ഹൃദയം പുതുതായിട്ട് എന്നിൽ സൃഷ്ടിക്കണമെ. നിന്നെ സ്തുതിപ്പാൻ എന്റെ ചുണ്ടുകളെ തുറക്കണമെ. രാവും പകലും പുണ്യവാന്മാരോ ടുകൂടെ ഞാൻ നിന്നെ പുകഴ്ത്തുമാറാകണമെ. അതു നിന്റെ ശുശ്രൂഷകന്മാരായ മാലാഖമാരുടെയും നിന്നെ തൃപ്തിപ്പെ ടുത്തുന്നവരായ പുണ്യവാൻമാരുടെയും പ്രാർത്ഥന യാൽതന്നെ. ആമ്മീൻ.

### പാതിരാത്രിക്ക്

ചുങ്കക്കാർക്കും വേശ്യാസ്ത്രീകൾക്കും പാപപരിഹാരം നൽകിയവനേ! എന്റെ കുറ്റങ്ങൾക്കു നീ പരിഹാരം നൽക ണമെ. കള്ളന്മാരെയും പീഡിപ്പിക്കുന്നവരെയും മനസ്സു തിരിപ്പിച്ചവനേ! നിന്റെ സത്യത്തിലേക്ക് എന്നെ തിരിപ്പിക്ക ണമെ. മുട്ടുവിൻ തുറക്കുമെന്ന് അരുളിച്ചെയ്തവനേ! നിന്റെ വാതിൽ എനിക്കു തുറന്നുതരണമെ. സാധുക്കളുടെ നിലവി ളിയെ മറക്കാത്തവനേ! എന്റെ പാപാവസ്ഥയുടെ നിലവിളിയെ മറക്കരുതേ. തന്നിലാശ്രയിക്കുന്ന എല്ലാവർക്കും സഹായം ചെയ്യുന്നവനേ! നിന്റെ വലത്തു തൃക്കൈയാൽ എന്നെ സഹാ യിക്കണമെ. ദുഃഖിതന്മാരുടെ അപേക്ഷയെ നിന്ദിക്കാത്ത വനേ! അരിഷ്ടനായ എന്റെ അപേക്ഷയെ നിന്ദിക്കരുതേ.

വ്യസനിച്ചിരിക്കുന്നവരുടെ ഹൃദയത്തെ നിരാകരിക്കാത്തവനേ! നിന്റെ സന്നിധിയിൽനിന്ന് നീ എന്നെ നിരാകരിച്ച് തള്ളിക്കളയരുതേ. തന്റെ സൃഷ്ടിയെ കൈവിടാതിരിക്കുന്നവനേ! നീ എന്നെ കൈവിട്ടുകളയരുതേ. മനോവേദനയിലിരിക്കുന്നവർക്ക് അടുത്തിരിക്കുന്നവനേ! എന്റെ ആത്മാവിനെ നിന്റെ രക്ഷയിലേക്ക് അടുപ്പിക്കണമെ. നശിച്ചുപോയവരെ നിരാശപ്പെടുത്താത്തവനേ! എന്റെ ജീവനെക്കുറിച്ച് നീ എനിക്കു നിരാശ വരുത്തരുതേ. എന്റെ ശത്രുക്കൾക്ക് എന്നെ ഏല്പിച്ചുകൊടുക്കാതെ നിന്റെ അടുക്കലേക്ക് എന്നെ അടുപ്പിച്ച് നിന്റെ തൊഴുത്തിലേക്ക് എന്നെ പ്രവേശിപ്പിക്കണമെ. ആ ചുങ്കക്കാരനെപ്പോലെ എന്നെ നീതീകരിക്കണമെ. ആ കള്ളന് എന്നപ്രകാരം എനിക്കു പാപപരിഹാരം നൽകണമെ. ആ വേശ്യാസ്ത്രീയെപ്പോലെ എന്നെ കഴുകണമെ. നിന്റെ അറിവിൻ പ്രകാശത്താൽ എന്റെ അന്ധകാരാവസ്ഥയെ പ്രകാശിപ്പിക്കണമെ. അറിവോടും അറിവുകൂടാതെയും ഞാൻ നിന്റെ തിരുമുമ്പാകെ തെറ്റായി ചെയ്തുപോയിട്ടുള്ള സകല കുറ്റങ്ങൾക്കും പാപങ്ങൾക്കും മോചനം നൽകണമെ. എന്റെ കർത്താവേ! ഞാൻ മറ്റുള്ളവരോടു ക്ഷമിപ്പാനും നീ എന്റെ കുറ്റങ്ങളെ ക്ഷമിപ്പാനും എനിക്കു കൃപ നൽകണമെ. അതു നീ കൈക്കൊണ്ടിട്ടുള്ള അനുതാപികളും നീ നീതീകരിച്ചിട്ടുള്ള പാപികളുമായ എല്ലാവരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

### പ്രഭാത സമയത്തേക്ക്

എന്റെ കർത്താവേ! ഈ പ്രഭാതസമയത്തെ അനുഗ്രഹകരമായും ആശ്വാസകരമായുമുള്ള പ്രഭാതമായിട്ടും സന്തോഷമുള്ള പകലായിട്ടും ആക്കിത്തീർക്കണമെ. ഈ



സമയത്തു ദുഷ്ടന്മാരിൽനിന്നും വഞ്ചകനായ അയൽക്കാരനിൽനിന്നും യുദ്ധം ചെയ്യുന്ന സാത്താനിൽനിന്നും ദോഷകരമായ നാഴികയിൽനിന്നും നശിപ്പിക്കുന്നതായ കെണിയിൽനിന്നും വ്യസനിപ്പിക്കുന്നതായ സംഭവത്തിൽനിന്നും വഞ്ചനയുടെ സംസാരത്തിൽനിന്നും വിരുദ്ധമുണ്ടാകുന്ന വചനങ്ങളിൽനിന്നും പാപവിരുദ്ധതകളിൽനിന്നും അറിവില്ലായ്മയുടെ തെറ്റുകളിൽനിന്നും ഉന്നതപ്പെടുന്ന വൈരിയിൽനിന്നും പ്രതികാരം ചെയ്യുന്ന ശത്രുവിൽനിന്നും ഹീനമനുഷ്യരിൽനിന്നും അശുദ്ധ പ്രവൃത്തികളിൽനിന്നും നിന്ദ്യമായ ധ്യാനത്തിൽനിന്നും അശുദ്ധ വിചാരങ്ങളിൽനിന്നും എന്നെ രക്ഷിക്കണമെ. എന്റെ കർത്താവേ! നിന്റെ ദയയാൽ പരിപാകതയുള്ള ശരീരവും പ്രകാശമുള്ള നാവും അടക്കമുള്ള ആലോചനയും എനിക്കു നൽകണമെ. എന്റെ ജീവനു ഗുണമുള്ളതും നിന്റെ കർത്തൃത്വത്തിങ്കൽ പ്രസാദമുള്ളതുമായ സംഗതികൾ എങ്കൽ നടത്തണമെ. എനിക്കു മതിയായ ആഹാരവും എനിക്കു പ്രയോജനമുള്ള ധനവും ആത്മപരിപാലനവും കൊണ്ട് എന്നെ പോറ്റണമെ. അക്രമത്തെ ദ്വേഷിക്കുകയും അപഹാരത്തെ വിട്ടോടിയൊളിക്കുകയും പാപത്തെ വെറുക്കുകയും തിന്മയിൽനിന്ന് അകലുകയും ചെയ്‌വാനും എന്റെ പിതാക്കന്മാരെ അനുസരിപ്പാനും എന്റെ ഭരണക്കാർക്കു കീഴ്പ്പെടുവാനും എന്റെ സ്നേഹിതന്മാരെ ആശ്വസിപ്പിപ്പാനും എന്റെ ചാർച്ചക്കാരെ ബഹുമാനിപ്പാനും ഞാൻ പ്രവർത്തിക്കുന്ന സകലത്തിലും നിന്റെ പരിശുദ്ധ തിരുനാമം മഹത്വപ്പെടുവാനും ഇടയാക്കണമെ. അതു നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും പ്രാർത്ഥനയാൽതന്നെ. ആമ്മീൻ.

## മൂന്നാം മണിനേരത്തേക്ക്

എന്റെ കർത്താവേ! ഇതാ നിന്റെ അടുക്കലേക്ക് എന്റെ കൈകൾ നീട്ടപ്പെട്ടിരിക്കുന്നു. എന്റെ കണ്ണുകൾ നിന്റെ കരുണകൾക്കായി നോക്കിക്കൊണ്ടിരിക്കുന്നു. ഞാൻ നിന്നെ വിളിക്കയും നിന്നിൽ അഭയം പ്രാപിക്കയും കൃപയെ നിന്നോടു യാചിക്കയും നിന്റെ കരുണയോടപേക്ഷിക്കയും ചെയ്യുന്നു. എന്നെ നീ മറന്നുകളയരുതെ. എന്നെ കൈവിട്ടുകളയരുതെ. എന്നെ ഉപേക്ഷിക്കരുതെ. നീ എന്നെ എന്റെ വൈരികൾക്കു നിന്ദയാക്കിത്തീർക്കരുതെ. എന്റെ സഖാക്കൾക്കു ഞാൻ പരിഹാസമായിത്തീരരുതെ. ഞാൻ കുറ്റക്കാരനായിത്തീർന്നിട്ട് സാത്താൻ സന്തോഷിക്കരുതെ. അസൂയക്കാരൻ എന്റെ തെറ്റുകളെ ചൊല്ലി പ്രശംസിക്കുമാറാകരുതെ. ഞാൻ നിന്റെ തൊഴുത്തിൽനിന്ന് പുറത്തു പോകുമാറാകരുതെ. ഞാൻ നിന്റെ വഴി വിട്ട് നടക്കുമാറാകരുതെ. നിന്റെ കൃപയെ എന്നിൽനിന്ന് മാറ്റിക്കളയരുതെ. എന്നാലോ നിന്റെ ദയയാൽ എന്നെ കാത്തുകൊള്ളണമെ. എന്നെ നിനക്കുള്ളവനാക്കിത്തീർക്കണമെ. ഞാൻ നിന്നെ മറന്നതുപോലെ നീ എന്നെ മറക്കരുതെ. എന്തെന്നാൽ നീ ഉടയവനും ഞാൻ ദാസനുമാകുന്നു. നീ സ്രഷ്ടാവും ഞാൻ സൃഷ്ടിയുമാകുന്നു. നീ പ്രകാശവും ഞാൻ അന്ധകാരവും നാറ്റം പിടിച്ച ചെളിയും നിന്ദ്യമായ കൊതുകും കോണുകളിലെ ചപ്പും കുപ്പക്കുഴിയിലെ എച്ചിലും ആകുന്നു. എന്നോടു ദയവുണ്ടായി എനിക്കു പാപപരിഹാരം നൽകണമെ. എന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കണമെ. ദുർവികാരങ്ങളിൽനിന്നും ശക്തിയുള്ള കയ്യിൽനിന്നും ബലമുള്ള കാലിൽനിന്നും അക്രമമുള്ള അധികാരത്തിൽനിന്നും കവർച്ചക്കാരായ ജനങ്ങളിൽനിന്നും വഞ്ചകനായ ദുഷ്ടനിൽനിന്നും എന്നെ ഒഴിച്ചു രക്ഷിക്കണമെ.



വാളിൽനിന്നും അടിമയിൽനിന്നും ഭൂകമ്പത്തിൽനിന്നും ഭയത്തിൽനിന്നും ശരീരത്തെ വ്യസനിപ്പിക്കയും ആത്മാവിനെ അരിഷ്ടതപ്പെടുത്തുകയും ചെയ്യുന്ന സങ്കടകരമായ സകല ശിക്ഷകളിൽനിന്നും എന്നെ രക്ഷിക്കണമെ. അതു നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും പരിപാകതയുള്ളവരുടെയും ബ്രഹ്മചാരികളുടെയും പ്രാർത്ഥനയാൽതന്നെ. ആമ്മീൻ.

## മദ്ധ്യാഹ്നസമയത്തേക്ക്

പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നവനേ! നിന്റെ വലത്തു തൃക്കൈ എന്റെ മേൽ ആവസിപ്പിക്കണമെ. ദീർഘക്ഷമയുള്ളവനും കൃപയും സത്യവും വളരെയുള്ളവനുമേ! നീ എന്നോടു ദീർഘക്ഷമയായിരിക്കണമെ. സമുദ്രത്തിലെ ഓളങ്ങളെ അടക്കുന്നവനേ! കലങ്ങിയിരിക്കുന്ന എന്റെ പാപ ഓളങ്ങളെ അടക്കണമെ. മനോവേദനയിലിരിക്കുന്നവരെ ചേർത്തുകൊള്ളുന്നവനേ! എന്റെ ആത്മാവിനെ നിങ്കലേക്കു ചേർക്കണമെ. കുറ്റങ്ങളെയും പാപങ്ങളെയും ക്ഷമിക്കുന്നവനേ! എന്റെ കുറ്റങ്ങളെയും പാപങ്ങളെയും എന്നോടു ക്ഷമിക്കണമെ. നിന്റെ ദാസന്മാരെ കാത്തുകൊള്ളുന്നവനും തന്റെ ഭവനക്കാരെ സൂക്ഷിച്ചുകൊള്ളുന്നവനും ആയവനേ! ഞാൻ തിന്മയായിട്ട് വിചാരിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യാതെ എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും എന്റെ സ്മരണകൾക്ക് ഒരു കാവൽക്കാരനെയും എന്റെ ഇന്ദ്രിയങ്ങൾക്ക് ഒരു കാവൽക്കാരനെയും എന്റെ ഹൃദയത്തിന് ഒരു കാവൽക്കാരനെയും എന്റെ വിചാരങ്ങൾക്ക് ഒരു കാവൽക്കാരനെയും നിയമിക്കണമെ. എന്റെ ജീവിതവും വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും ജോലികളും നടപടികളും എന്നിലുള്ള സകലവും എന്റെ ഇഷ്ടപ്രകാരവും

മത്സരക്കാരായ പിശാചുക്കളുടെ ഇഷ്ടപ്രകാരവും അല്ല, നിന്റെ ഇഷ്ടപ്രകാരം ഭരിക്കപ്പെടുമാറാകണമെ. അത് ▼ ആബീലന്മാരുടെയും താപസന്മാരുടെയും പ്രയാസങ്ങളനുഭവിക്കുന്നവരായ വനവാസികളുടെയും പ്രാർത്ഥനയാൽതന്നെ. ആമ്മീൻ

### ഒമ്പതാംമണി നേരത്തേക്ക്

എന്റെ കർത്താവേ! നിന്നിൽ ആശ്രയിപ്പാനും നിന്നിൽ അഭയം പ്രാപിപ്പാനും നിന്നെ വിളിപ്പാനും എന്റെ വേദനകൾക്കു വൈദ്യവും എന്റെ കുറ്റങ്ങൾക്കു പരിഹാരവും നിന്നോടു യാചിപ്പാനും എന്നെ യോഗ്യനാക്കണമെ. എന്റെ കർത്താവേ! നിന്റെ കല്പനകളെ ആചരിപ്പാനും അതിനാൽ ഞാൻ കാത്തുകൊള്ളപ്പെടുവാനും നിന്റെ ദയയിൽ ആശ്രയിപ്പാനും എന്നെ യോഗ്യനാക്കണമെ. അനീതികളിൽനിന്ന് അകന്നും തിന്മകളിൽനിന്ന് ഒഴിഞ്ഞും ഈ ലോകത്തിൽ ജീവിപ്പാൻ എനിക്കു കൃപയരുളണമെ. എന്റെ കർത്താവേ! ഈ ലോകത്തിൽ സമാധാനത്തിന്റെ മനുഷ്യർക്കുള്ളതായ നല്ല അവസാനം എനിക്കു നൽകണമെ. മുഖപ്രസാദവും, സകല മനുഷ്യരും സ്തുതിക്കത്തക്കതായ പ്രവൃത്തികളും ഇവിടെ വച്ച് സമ്പാദിപ്പാൻ എനിക്ക് കൃപ നൽകണമെ. ആ ലോകത്തിൽ നിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ പ്രസാദവും എനിക്കു തരണമെ. സന്തോഷങ്ങളുടെ മണവറയിലെ സൗഭാഗ്യങ്ങളുടെ ആനന്ദത്തിനും എന്നെ യോഗ്യനാക്കണമെ. പഴയനിയമകാലത്തും പുതിയനിയമകാലത്തുമുള്ള സകല പുണ്യവാന്മാരുടെയും ജയം ധരിച്ചവളും വിശുദ്ധന്മാരുടെ നാഥയുമായ ദൈവമാതാവാകുന്ന പരിശുദ്ധ കന്യകയുടെയും പ്രാർത്ഥനയാൽതന്നെ. ആമ്മീൻ.

മാർ പീലക്സീനോസ് ബാവായുടെ നമസ്ക്കാരം സമാപ്തി.

▼ വിലാപത്തോടിരിക്കുന്നവർ



## രഹസ്യപ്രാർത്ഥന

(ഇത് ഈഹീദായക്കാർ, ദയറാക്കാർ, താപസന്മാർ, വൃദ്ധന്മാർ, സന്യാസികൾ മുതലായ ആളുകൾ സാധാരണയുള്ള പൊതുപ്രാർത്ഥനയ്ക്കു പുറമെ, നടത്തുവാനുള്ളതാകുന്നു. ഇതുനിമിത്തം പൊതുപ്രാർത്ഥനയെ ഉപേക്ഷിച്ചുകൂടാത്തതാകുന്നു. ഞായറാഴ്ചമുതൽ ശനിയാഴ്ചവരെ എല്ലാദിവസങ്ങൾക്കും പ്രത്യേകം പ്രത്യേകമായി ഓരോ ദിവസത്തിൽ ഏഴുനേരത്തെ പ്രാർത്ഥനവീതം ഇതിൽ അടങ്ങിയിരിക്കുന്നു. പൊതുപ്രാർത്ഥന ഏഴുനേരമായിട്ട് ഭാഗിച്ചിരിക്കുന്നതുകൊണ്ട് പൊതുപ്രാർത്ഥന കഴിക്കുമ്പോൾ അതാതു സമയത്തേക്കുള്ള രഹസ്യപ്രാർത്ഥനകൂടെ പൊതുപ്രാർത്ഥനയുടെ അന്ത്യത്തിൽ കഴിക്കുകയാണെങ്കിൽ രഹസ്യപ്രാർത്ഥനയ്ക്ക് പ്രത്യേകമായി കൗമാകളും മറ്റും ചൊല്ലണമെന്നില്ല. പൊതുപ്രാർത്ഥന മുറപോലെ അവസാനിപ്പിച്ചിട്ട് രഹസ്യപ്രാർത്ഥന വേറെ പ്രത്യേകസമയത്ത് നടത്തുകയാണെങ്കിൽ ഓരോ സമയത്തേക്കുമുള്ള പ്രാർത്ഥനയുടെ ആരംഭത്തിലും അന്ത്യത്തിലും ഓരോ കൗമാ ചൊല്ലേണ്ടതും അവസാനിക്കുമ്പോൾ വിശ്വാസപ്രമാണം ചൊല്ലേണ്ടതുമാകുന്നു. രഹസ്യപ്രാർത്ഥന തുടങ്ങുമ്പോൾ പിതാവും പുത്രനും..... ഇത്യാദി ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട്........ ഇത്യാദിയും ചൊല്ലിയതിന്റെ ശേഷം കൗമാ ചൊല്ലേണ്ടതാകുന്നു. അന്ത്യത്തിൽ വിശ്വാസപ്രമാണം കഴിഞ്ഞിട്ട് കുറിയേ..... കുറിയേ..... കുറിയേ..... ഇത്യാദി അന്ത്യം ചൊല്ലി അവസാനിപ്പിക്കണം. സന്ധ്യാപ്രാർത്ഥനയിൽ 'കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ' ഇത്യാദി മസുമൂറായും 'ഞങ്ങളുടെ കർത്താവായ യേശുമിശിഹാ' എന്നുള്ളതും സൂത്താറയിലും മറ്റു സമയത്തെ പ്രാർത്ഥനകളിലും പൊതുപ്രാർത്ഥനയിൽ നിത്യോപയോഗമായിട്ടുള്ളവകളും രഹസ്യപ്രാർത്ഥനയിൽ വീണ്ടും ചൊല്ലുന്നത് ഏറ്റവും നല്ലതാണ്. അവ ഉപേക്ഷിച്ചാലും കൗമാകൾ ഉപേക്ഷിക്കത്തക്കതല്ല. മാബൂഗിന്റെ മാർ പീലക്സീനോസ് ബാവായുടേത് എന്നപേരിൽ ഇതിൽ ചേർത്തിരിക്കുന്ന പ്രാർത്ഥനയും ഏഴുനേരത്തേക്കുള്ള രഹസ്യപ്രാർത്ഥനയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഇവിടെ രഹസ്യപ്രാർത്ഥനയ്ക്ക് പറഞ്ഞിരിക്കുന്ന നിയമപ്രകാരം തന്നെ അതും നടത്തേണ്ടിയിരിക്കുന്നു.)

## ഞായറാഴ്ച സന്ധ്യാപ്രാർത്ഥന

ഈ പകലിനെ സമാധാനത്തോടുകൂടി കഴിച്ചുകൂട്ടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ആശ്വാസത്തോടുകൂടെ ഈ സന്ധ്യയിലേക്ക് ഞങ്ങളെ കൊണ്ടുവരികയും ചെയ്തവനായ ദയവാനായ കർത്താവേ! നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. എന്റെ കർത്താവേ! ഞാൻ നിന്റെ സന്നിധിയിൽ കഴിക്കുന്ന ഈ പ്രാർത്ഥന കൈക്കൊള്ളണമെ. ദുഷ്ടന്റെ തന്ത്രങ്ങളിൽനിന്ന് എന്നെ രക്ഷിക്കണമെ. വഞ്ചകന്റെ സകല കെണികളും എന്നിൽനിന്ന് നീക്കികളയണമെ. ഈ സന്ധ്യയിലും രാത്രിയിലും സങ്കടങ്ങളിൽനിന്നും ഞെരുക്കങ്ങളിൽനിന്നുമുള്ള ഒഴിവ് എനിക്കു നൽകണമെ. പൈശാചികചിന്തകളാൽ ഞാൻ പരീക്ഷിക്കപ്പെടാതെ സമാധാനത്തോടെ ഈ രാത്രിയെ കഴിച്ചുകൂട്ടുകയും നിന്റെ തിരുമുമ്പാകെ നടത്തുവാൻ ആവശ്യമായിരിക്കുന്ന ശുശ്രൂഷകൾക്കും പ്രാർത്ഥനകൾക്കും സ്തുതിപ്പുകൾക്കും വെടിപ്പോടുകൂടെ ഞാൻ നിൽക്കുകയും ചെയ്യുമാറാകണമെ. എന്റെ കർത്താവും ദൈവവുമായുള്ളോവേ! നിനക്കു സദാനേരത്തും എന്നേക്കും ബഹുമാനവും മഹത്വവും പുകഴ്ചയും യോഗ്യമാകുന്നു. ആമ്മീൻ.

മനുഷ്യർക്കു വിവേകത്തോടുകൂടിയതും സ്വാഭാവികവുമായ നിയമങ്ങളെയും കല്പനകളെയും നൽകിയവനായി ഉന്നതനും ഭയങ്കരനും ഉത്തമനും സകലവും കഴിയുന്നവനുമായ കർത്താവേ! സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മൂലം പകലുകളും രാത്രികളും നിവർത്തിക്കപ്പെടുവാൻ ആദിയിങ്കലേ നീ കല്പിച്ചുവല്ലൊ. നിന്റെ സൃഷ്ടികളോടുള്ള നിന്റെ സർവ്വകൃപകൾക്കും നിന്റെ മുൻകരുതലിനും വേണ്ടി ഞാൻ



നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവേ! ഈ സന്ധ്യാസമയത്ത് ഞാൻ നിന്നോടപേക്ഷിക്കുന്നു. നിന്റെ ഇഷ്ടത്തിനൊത്തവണ്ണം പകലിൽ എന്നപോലെ ശരിയായിട്ടു നടപ്പാൻവേണ്ടി നിന്റെ ഉപദേശങ്ങളുടെ പ്രകാശത്താൽ എന്റെ ബോധത്തെ പ്രകാശിപ്പിക്കണമെ. വിശുദ്ധിയും മഹത്വവുമുള്ള നിന്റെ വന്ദ്യതിരുനാമമഹത്വത്തിനായിട്ട് എന്റെ ശരീരത്തിൽനിന്നും ആത്മാവിൽനിന്നും പാപത്തിന്റെ സകലവിധ മലിനതയും കറയും നീക്കിക്കളയണമെ. ആമ്മീൻ.

കർത്താവേ! നീ എല്ലായ്പോഴും എന്നോടുകൂടിയിരിക്കണമെ. എന്റെ ദേഹിയാകുന്ന ആലയത്തിൽ നീ വസിക്കണമെ. എന്റെ ഹൃദയമാകുന്ന ആലയത്തിൽ നീ വസിക്കണമെ. എന്റെ ഹൃദയമാകുന്ന ഭവനത്തിൽ നീ പാർക്കണമെ. എന്റെ ആത്മാവാകുന്ന കൂടാരത്തിൽ നീ താമസിക്കണമെ. നിന്റെ കരുണകളുടെ അവകാശത്തിൽനിന്നും നിന്റെ ധാരാളമായ കൃപയുടെ സഹായത്തിൽനിന്നും എന്നെ ദൂരത്താക്കിക്കളയരുതെ. എന്നാലോ എല്ലായ്പോഴും നിന്റെ അത്ഭുതങ്ങളെക്കുറിച്ച് വിസ്മയിപ്പാനും നിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ച് പ്രശംസിപ്പാനും നിന്റെ മുറിവുകളെ തഴുകുവാനും നിന്റെ ഉയിർത്തെഴുന്നേല്പിൽ സന്തോഷിപ്പാനും നിന്റെ വരവിനെ കാത്തിരിപ്പാനും നിന്റെ രാജ്യത്തിൽ നിന്നോടുകൂടെ ആനന്ദിപ്പാനും എനിക്കു കൃപ നൽകണമെ. നിന്നെയും വാഴ്ത്തപ്പെട്ടവനും മഹത്വമുള്ളവനുമായ നിന്റെ പിതാവിനെയും ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായെയും എല്ലായ്പോഴും എന്നേക്കും ഞാൻ സ്തുതിച്ച് സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## ഞായറാഴ്ച സൂത്താറാപ്രാർത്ഥന

ദൈവമായ കർത്താവേ! പകൽ കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ ഞാൻ നിന്നെ സ്തോത്രം ചെയ്തുകൊണ്ടപേക്ഷിക്കുന്നു. ഈ രാത്രിയിൽ സമാധാനത്തോടും സുഖത്തോടും പാപം കൂടാതെയും എന്നെ കാത്തുകൊള്ളണമെ. നിന്റെ കരുണയാൽ എനിക്കു രക്ഷ നൽകണമെ. പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും രാത്രിയിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും എന്നെ രക്ഷിക്കണമെ എന്ന് നിന്റെ ദയവിനോടു യാചിച്ചുകൊണ്ട് ഭയഭക്തിയോടെ നിന്റെ സന്നിധിയിൽ നിൽപ്പാൻ എന്നെ യോഗ്യനാക്കണമെ. എന്റെ കൈകൾ ഉയർത്തിയിരിക്കുന്നതിനെ സന്ധ്യയുടെ ബലി പോലെ നീ കൈക്കൊള്ളണമെ. രാത്രി പ്രാർത്ഥനയ്ക്കു കുറ്റം കൂടാതെ നില്പാനും സാത്താന്റെ സകല പരീക്ഷകളിൽനിന്നും ദുർദർശനങ്ങളിൽനിന്നും രക്ഷ പ്രാപിപ്പാനും എന്നെ യോഗ്യനാക്കണമെ. എന്റെ ആത്മാവിന് അനുതാപവും നിന്റെ നിരൂപണയ്ക്കു ഭയങ്കരവും പരിഭ്രമിക്കത്തക്കതുമായ ന്യായവിധിയെക്കുറിച്ചുള്ള ഓർമ്മയും വിചാരവും നൽകണമെ. എന്റെ കർത്താവേ! നിന്നെക്കുറിച്ചുള്ള ഭയം എന്റെ ഹൃദയത്തിൽ സ്ഥാപിക്കണമെ. അടക്കമുള്ള ഉറക്കത്തിൽ കൂടെ വലുതായ നിന്റെ ന്യായവിസ്താരത്തെക്കുറിച്ച് ധ്യാനിപ്പാൻ തക്കവണ്ണം ലോകത്തോടുള്ള എന്റെ ചേർച്ചയെ ഇല്ലായ്മ ചെയ്യണമെ. എന്റെ കർത്താവേ! സകല ദുർവിചാരങ്ങളെയും ഉപദ്രവകരമായ സകല മോഹങ്ങളെയും എന്നിൽനിന്ന് നീക്കിക്കളയണമെ. സകല അശുദ്ധങ്ങളെയും വെടിഞ്ഞുകൊണ്ടും നിന്റെ പരിശുദ്ധ കല്പനകളെ വിശ്വാസത്തോടെ നിവർത്തിച്ചുകൊണ്ടും രാത്രിപ്രാർത്ഥനയുടെ സമയത്തേക്ക് എന്നെ എഴുന്നേല്പിക്കേണമെ. അത് നിന്റെയും നിന്റെ ഏകപുത്രന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും കൃപയാൽതന്നെ. ആമ്മീൻ.



കർത്താവേ! എല്ലാക്കാലത്തും നീ എന്നോടുകൂടെ ഇരിക്കണമെ. ലോകഅലട്ടുകളിൽ വലയുവാനും ഹൃദയവിചാരം കലങ്ങുവാനും തക്കവണ്ണം നിന്റെ കൃപയോടുകൂടിയ വിചാരങ്ങളിൽനിന്ന് ഞാനുപേക്ഷിക്കപ്പെടുമാറാകരുതേ. നിന്റെ രാജത്വത്തിന്റെ മഹത്വത്തോടുകൂടെ നീ എഴുന്നള്ളുമ്പോൾ കരുണയാകുന്ന എണ്ണയാൽ തങ്ങളുടെ ദീപയഷ്ടികളെ ശോഭിപ്പിച്ചവരായ ജ്ഞാനമുള്ള സ്ത്രീകളെപ്പോലെ മന്ദിക്കാത്തതും ഉറങ്ങാത്തതുമായ കണ്ണുകളോടുകൂടെ ആഘോഷയോഗ്യതയാൽ ഞാൻ നിന്നെ എതിരേൽക്കുമാറാകണമെ. നിന്റെ കർത്തൃത്വത്തെ ഇഷ്ടപ്പെടുത്തുന്ന നല്ല നടപടികളുടെ പ്രശോഭയോടുകൂടെ ഞാൻ നിന്നെ കൈക്കൊള്ളുമാറാകണമെ. എന്റെ ഉദാസീനതയും താല്പര്യക്കുറവും നിമിത്തം സൽപ്രവൃത്തികളാകുന്ന വെളിച്ചത്തെ ഞാൻ നശിപ്പിക്കയും ദോഷികളാകുന്ന സ്ത്രീകളെപ്പോലെ നിന്റെ കരുണയുടെ വാതിലിനു പുറത്തിരുന്ന് മുട്ടിവിളിക്കയും ഉത്തരം ലഭിക്കാതെ വരികയും ചെയ്യരുതെ. എന്നാലോ നിന്റെ കരുണയാലും കൃപയാലും എന്നോടുത്തരമരുളിച്ചെയ്ത് എനിക്കു വാതിൽ തുറന്നുതരണമെ. നിന്റെ കർത്തൃത്വത്തെ ഞാൻ ഏറ്റുപറഞ്ഞതിനാൽ നീ എന്നെ ഏറ്റുപറയണമെ. നിന്റെ മണവറയിൽ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഞാൻ സ്തുതിച്ച് സ്തോത്രം ചെയ്യുമാറാകണമെ. ആമ്മീൻ.

## ഞായറാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! എന്റെ ബോധം ജ്ഞാനങ്ങളുടെ ഉറവയായിത്തീരുവാനും പുതിയ ലോകത്തിലെ രഹസ്യങ്ങൾ അതിൽ വെളിപ്പെടുവാനും

എന്നെ യോഗ്യനാക്കണമെ. പിതാവിന്റെ പുത്രനും തന്റെ നിത്യതയുടെ കതിരും ആയവനേ! നിന്നോടു ഞാൻ അപേക്ഷിക്കുന്നു. നിന്റെ പരിശുദ്ധന്മാരുടെ ആത്മാക്കളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന സ്നേഹത്തിൽനിന്നും മമതയിൽനിന്നും എന്നെ നീ വിരോധിക്കരുതെ. എന്റെ കർത്താവേ! നിന്റെ വലിമയെ ആഘോഷിക്കുന്ന മേലുള്ള സൈന്യങ്ങളുടെ ഭയങ്കര അട്ടഹാസത്തെ ഈ സമയത്ത് ആത്മചെവികൾകൊണ്ട് കേൾപ്പാൻ നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ ശുദ്ധിമാന്മാരുടെ ബോധത്തിനും ഈ സമയത്തു കേൾക്കപ്പെടാവുന്നതായ സംഗീതത്തെയും പുകഴ്ചയെയും കേൾപ്പാനും എനിക്കു കൃപയരുളണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! പ്രാർത്ഥനാസമയത്തു വെളിപ്പെടുന്ന അഗ്നിമയന്മാരായ മാലാഖമാരെ കാണുന്നതിനും അവരിൽനിന്നും വീശുന്ന സുഗന്ധവാസനയാൽ ആനന്ദിക്കുന്നതിനും നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കണമെ. ആമ്മീൻ.

**2-ാം കൗമാ**

സകല സ്വർഗ്ഗീയരും തന്നെ മഹത്വപ്പെടുത്തുന്നതിലേക്കു തന്റെ ശക്തിയാൽ അവരെ എല്ലായ്പോഴും ഇളക്കുന്നവനായി ഒരിക്കലും മന്ദിക്കാതെയും ഉറങ്ങാതെയും ഇരിക്കുന്ന ഉണർവ്വുള്ളവനായ കർത്താവേ! നിന്നോടു ഞാൻ അപേക്ഷിക്കുന്നു. തിന്മകളിലേക്കു ചാഞ്ഞുകൊടുക്കാതെ വിശുദ്ധ ഉണർവ്വോടുകൂടെ ശോഭയും വെടിപ്പും വെൺമയും ഉള്ള ആത്മീയ വിചാരങ്ങളുടെ നിർമ്മലതയോടുകൂടെയും അഴിഞ്ഞുപോകുന്നതായ ഈ ലോകത്തെക്കുറിച്ചുള്ള ചിന്തകളിൽനിന്നും നിന്ദ്യനും ബലഹീനനുമായ എന്റെ ഹൃദയം



ഒഴിഞ്ഞിരിപ്പാൻ എനിക്കു ശക്തി നൽകണമെ. സകല വർഗ്ഗങ്ങളും അടക്കത്തിലും മൗനത്തിലും ഇരിക്കുന്ന ഈ രാത്രിയിൽ സ്വർഗ്ഗീയ മാലാഖമാരെപ്പോലെ നിന്റെ സന്നിധിയിൽ നില്പാനും എന്റെ ഉണർവ്വ് അവരുടെ നിർമ്മല സംഘങ്ങളിൽ ചേർക്കപ്പെടുവാനും ഞാൻ യോഗ്യനായിത്തീരണമെ. എന്തെന്നാൽ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവനേ! നീ നല്ല ഇടയനാകുന്നു. ആത്മാവിലും സത്യത്തിലും വന്ദിക്കുന്നവരായ സകല സ്വർഗ്ഗീയരുടെയും ഭൗമ്യരുടെയും വായ്കളിൽനിന്ന് നിനക്ക് ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും വന്ദനവും യോഗ്യമാകുന്നു. ആമ്മീൻ.

**3-ാം കൗമാ**

പിതാവിന്റെ സൗന്ദര്യമായ മിശിഹാതമ്പുരാനേ! ആദിമുതൽ നിന്നിൽ മറവായിരിക്കുന്ന നിന്റെ പിതാവിന്റെ രഹസ്യങ്ങളുടെ വാതിൽ നിന്നിലാകുന്നു ഞങ്ങൾക്കു തുറക്കപ്പെട്ടത്. നീ മൂലം ഞങ്ങളുടെ ആത്മാവാകുന്ന ആലയത്തിലേക്ക് അവൻ പ്രവേശിപ്പാനും മറഞ്ഞിരിക്കുന്ന ജീവന്റെ നിക്ഷേപമായ നിന്നെ അവിടെ കാണുവാനും അവന്റെ സ്നേഹം മൂലം സംസാരശക്തിയുള്ള പറുദീസായിൽ അവൻ നട്ടുപിടിപ്പിച്ച ജീവന്റെ വൃക്ഷമായ നിന്നിൽനിന്ന് ആഗ്രഹത്തോടെ ഭക്ഷിപ്പാനും ഞങ്ങൾക്കു കൃപ നൽകണമെ. നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തെ കാണുവാനും അറിവാനും അതിൽനിന്നു ഭക്ഷിപ്പാനും അതിന്റെ മാധുര്യവും അതിന്റെ വിസ്മയകരമായ കാഴ്ചയുടെ കൗതുകവും ഞങ്ങളെ അനുവദിക്കുമാറാകരുതെ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ ദൈവമേ! നിനക്കു സ്തുതി. ഹാലേ...... ഉഹാലേ....ഉഹാലേ.... ദൈവമേ! ഹാലേ...... ഉഹാലേ....ഉഹാലേ.... ദൈവമേ! .....

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ.....

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ.....ഇത്യാദി 30-ാം വശത്ത്.

ത്രിത്വത്തിനു സ്തുതി..... ഇത്യാദി 31-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ പരിശുദ്ധ തിരുനാമം നിമിത്തവും ഞങ്ങളോടുള്ള നിന്റെ മനുഷ്യസ്നേഹം നിമിത്തവും നിന്റെ മാലാഖമാരുടെ സ്തുതിപ്പുകൾ നിമിത്തവും വാഴ്ത്തപ്പെട്ടവളും പരിശുദ്ധയുമായ നിന്റെ മാതാവിന്റെ പ്രാർത്ഥനകൾ നിമിത്തവും നിന്റെ പരിശുദ്ധന്മാരുടെയും പുണ്യവാന്മാരുടെയും പ്രാർത്ഥനകൾ നിമിത്തവും അറിവോടും അറിവുകൂടാതെയുമുള്ള എന്റെ കുറ്റങ്ങളെ മോചിക്കയും എന്റെ പാപങ്ങൾക്കു പരിഹാരമുണ്ടാക്കുകയും ചെയ്യണമെ. ഇടവിടാതെ നിന്നെ സ്തോത്രം ചെയ്യുവാൻ എന്റെ ബോധത്തെ പ്രകാശിപ്പിക്കയും ചെയ്യണമെ. ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ.....ഇത്യാദി 36-ാം വശത്ത്.

## ഞായറാഴ്ച പ്രഭാതപ്രാർത്ഥന

51-ാം മസുമൂറാ 4-ാം വശത്ത്.

സംക്ഷേപിക്കപ്പെടാവതല്ലാത്ത സ്വയംഭൂവാകുന്ന സത്യപിതാവേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. പരിശോധിക്കപ്പെടാവതല്ലാത്ത ആദ്യന്തമല്ലാത്ത സത്യപുത്രാ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. ശോധനചെയ്യപ്പെടാവതല്ലാത്ത സത്യദൈവമായ പരിശുദ്ധ റൂഹാ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യ



ഏകദൈവമേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. സർവ്വലോകത്തിന്റെയും ദൈവവും സകലത്തിന്റെയും സ്രഷ്ടാവുമായവനേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. തന്റെ ഏകപുത്രനെ സത്യമായിട്ട് ലോകത്തിലേക്ക് അയക്കുകയും അവൻ പരിശുദ്ധ റൂഹായിൽനിന്നും കന്യകമറിയാമിൽനിന്നും ജഡമെടുത്ത് അവന്റെ ജീവനുള്ള സ്ലീബായാൽ ദുഷ്ടനിൽനിന്നും മരണത്തിൽനിന്നും ഞങ്ങളെ രക്ഷിപ്പാൻ തിരുമനസ്സാവുകയും ചെയ്ത കരുണയുള്ള പിതാവേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. സ്വർഗ്ഗീയപിതാവിന്റെ ആദ്യന്തമില്ലാത്ത പുത്രനും നീതിയുടെ സൂര്യനും വിശുദ്ധ സൈന്യങ്ങളുടെ പ്രകാശവും വിശ്വാസികളുടെ ആത്മാക്കളുടെ ജീവനുള്ള രക്ഷിതാവുമായ യേശുമിശിഹാ! നിന്റെ ജയമുള്ള സ്ലീബായെ ഞാൻ വന്ദിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ വീഴ്ചയെ എഴുന്നേല്പിക്കുന്നവനേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. ഞങ്ങളെ കൊല്ലുന്ന മരണത്തെ കൊന്നവനായ യേശുമിശിഹാ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. എന്റെ കർത്താവും ദൈവവുമേ! നീ സാത്താനെ മറിച്ചിടുകയും നിന്റെ സൃഷ്ടിയെ വഞ്ചനയിൽനിന്ന് സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തതിനാൽ നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ ആത്മാക്കളെ പുതുക്കുന്നവനും ഞങ്ങളുടെ ശരീരങ്ങളെ വെടിപ്പാക്കുന്നവനും തന്റെ ആരാധകന്മാരെ കാത്തുരക്ഷിക്കുന്നവനും തന്റെ സ്നേഹിതരെ അന്ധകാരത്തിൽനിന്ന് തന്റെ ദൈവത്വത്തിന്റെ പ്രകാശത്തിലേക്കും ജീവങ്കലേക്കും വീണ്ടെടുക്കുന്നവനുമായ ദൈവമേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. സാക്ഷാൽ കർത്താവും സാക്ഷാൽ ദൈവവും സർവ്വത്തിന്റെയും സ്രഷ്ടാവും സർവ്വത്തെയും കാത്തുകൊള്ളുന്നവനും സർവ്വരഹസ്യങ്ങളെയും

പരിശോധിക്കുന്നവനും സകല പ്രവൃത്തികൾക്കും പ്രതിപ കരം കൊടുക്കുന്നവനും ശരിയായ രാജാവും ഭരണത്തിൽ ദയവാനും ഭയപ്പെടത്തക്കവനും നീതിയിൽ ഉഗ്രനും ആയ വനേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. അധികാരത്തിൽ ഭയങ്കരനും ബഹുമാനത്തിൽ സ്തുത്യനും പ്രാബല്യത്തിൽ വിസ്മയിക്കത്തക്കവനും ശക്തിയിൽ യുദ്ധശാലിയും ആയ വനേ! നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. നിന്റെ സിംഹാ സനം അഗ്നിയും നിന്റെ ചെങ്കോൽ എരിതീയും ആകുന്നു. നിന്റെ ദർശനം നിസ്തുല്യപ്രകാശവും നിന്റെ നീതി സാക്ഷാൽ അഗ്നിയുമാകുന്നു. നിന്റെ സത്യം ജീവനും നിന്റെ കൃപ അലംകൃതവും നിന്റെ നേര് എരിതീയുടെ രശ്മിയുമാ കുന്നു. നിന്റെ പരിശോധന ശിഷ്ടരും ദുഷ്ടരുമായ സകല രുടെമേലും ഒരുപോലെയുള്ള ദൈവവിചാരണയുടെ സത്യ മാകുന്നു. നിന്റെ ദൈവികമഹത്വപ്രത്യക്ഷതയിങ്കൽ സൃഷ്ടി വർഗ്ഗങ്ങളിലോരോന്ന് പ്രതികാരത്തിന്റെ സത്യത്തെ അറിയി ക്കുന്നവരായ മാലാഖമാരോടുകൂടെ അതാതിന്റെ പ്രതിഫ ലത്തിങ്കലേക്ക് ഓടുകയും പ്രവൃത്തികൾക്ക് തക്കവണ്ണമുള്ള വാസസ്ഥലങ്ങളെ കാണുന്ന നിമിഷത്തിൽ മഹാഭീതിയി ലായിത്തീരുകയും ചെയ്യുന്നു. ഉടനെ സകലമാനപേർക്കും പരിഭ്രമം പിടിക്കയും ആ പരിഭ്രമത്തോടുകൂടെ ഓരോരുവൻ അവനവന്റെ പ്രവൃത്തികൾക്കുതക്കവണ്ണമുള്ള ഭയങ്കരശബ്ദം കേൾക്കുകയും ചെയ്യുന്നു. നല്ലവരോട് 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! നിങ്ങൾ വന്ന് അകത്ത് പ്രവേശി പ്പിൻ' എന്നും ദുഷ്ടൻമാരോട്, 'ശപിക്കപ്പെട്ടവരേ! നിങ്ങൾ എങ്കൽനിന്ന് അഗ്നിയിലേക്കു പോകുവിൻ' എന്നും പറയുന്നു. ഉടനടി ഇടത്തുഭാഗത്തുള്ളവർ ആട്ടിയോടിക്കപ്പെടുന്നു. നീതി യോടുകൂടിയ എരിതീയുടെ ശക്തിയും ഉഗ്രതയും ജ്വാലയും അവരെ പിടികൂടുന്നു. ആ സങ്കടകരമായ എരിച്ചിലുകൾക്ക്



അവസാനമില്ല. എല്ലാവരും അവരവരുടെ ഇഷ്ടാനുസരണം പ്രവർത്തിച്ചിട്ടുള്ള ദോഷങ്ങളുടെ സ്ഥിതിക്ക് തക്കവണ്ണം അനുഭവിക്കുന്നു. കഠിനസംഭ്രമങ്ങളോടുകൂടി അന്ധകാരഭ വനങ്ങളിലേക്ക് അവർ ചെന്നുപറ്റുമ്പോൾ അവിടെ എന്ന ന്നേക്കുമായി അവർ അതിവേദനപ്പെടുകയും ചെയ്യുന്നു. എന്നാൽ വലത്തുഭാഗത്തുള്ളവർ ദൈവികശക്തികളെ മുഖ സ്തുതികൂടാതെ സന്തോഷത്തോടെ കൈക്കൊള്ളുന്നു. പുണ്യവാന്മാർ കർത്താവേശുമിശിഹായുടെ ദൈവികബഹു മാനത്തോടും മഹത്വത്തോടും കൂടെ വർണ്ണിക്കപ്പെടാവത ല്ലാത്ത പ്രകാശമേഘങ്ങളിൽ ആദരവോടെ വഹിക്കപ്പെട്ടു കൊണ്ട് അവരുടെ ഇഷ്ടാനുസരണം ചെയ്തിട്ടുള്ള നന്മ പ്രവൃത്തികളുടെ സ്ഥിതിക്കുതക്കവണ്ണം സന്തോഷമനുഭവി ക്കുന്നു. അവർ നിത്യജീവനും അവസാനമില്ലാത്ത ആനന്ദ ങ്ങളും നിറഞ്ഞിരിക്കുന്ന ഭവനങ്ങളിൽ ചെന്നുപറ്റി ആ പരി ശുദ്ധവാസസ്ഥലങ്ങളിലെ പ്രകാശഭവനങ്ങളിൽ ക്രമീകരിക്ക പ്പെടുന്നു. ഓരോരുവൻ അവനവന്റെ ശക്തിയും സ്ഥാനവും സ്ഥിതിയും പ്രാപ്തിയും അനുസരിച്ച് എന്നേക്കുമായി അവിടെ ആനന്ദിക്കുന്നു. ഇറക്കുകയും കയറ്റുകയും ചെയ്യുന്ന കാലചക്രവും ഗോവണിയും നശിച്ച് ഇല്ലാതായിത്തീരുന്നു. സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ അടയ്ക്കപ്പെടുന്നു. മിശി ഹാതമ്പുരാന്റെ ജീവനുള്ളതും ജീവൻകൊടുക്കുന്നതുമായ സ്ലീബായുടെ മഹാശക്തിയാൽ ഓരോരുവൻ അവനവനു ലഭി ച്ചതായ അവകാശത്തെ പരസ്യമായി അനുഭവിക്കുകയും ചെയ്യുന്നു. കർത്താവായ യേശുമിശിഹാ! ജീവൻ നൽകുന്ന നിന്റെ സ്ലീബായെ എന്നേക്കും ഞാൻ ഏറ്റുപറഞ്ഞ് വിശ്വ സിക്കുകയും വന്ദിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഞാൻ ആ വിശുദ്ധ സ്ലീബായെ നോക്കിക്കൊണ്ട് എന്റെ ദേഹിയിലും ദേഹത്തിലും മനസ്സിലും സകല ഇന്ദ്രിയങ്ങളിലും

തലമുറ തലമുറവരെ എന്നന്നേക്കും നിന്നെ സ്തോത്രം ചെയ്യുന്നു. വിശുദ്ധ സ്ലീബായാൽ അശുദ്ധിയിൽനിന്ന് ഞാൻ വെടിപ്പാക്കപ്പെടുമാറാകണമെ. വി. സ്ലീബായാൽ മലിനതയിൽനിന്ന് ഞാൻ ശുദ്ധീകരിക്കപ്പെടുമാറാകണമെ. വി. സ്ലീബായാൽ ദുർവികാരങ്ങളിൽനിന്നും വ്യർത്ഥവിചാരങ്ങളിൽനിന്നും പൈശാചിക നിരൂപണങ്ങളിൽനിന്നും നിന്ദ്യ നടപടികളിൽനിന്നും പാപം വരുത്തിക്കൂട്ടുന്ന എല്ലാ അവസ്ഥകളിൽനിന്നും ഞാൻ രക്ഷപെടുമാറാകണമെ. ദുരാഗ്രഹത്തിൽനിന്നും അറയ്ക്കത്തക്കതായ ഉപായത്തിൽനിന്നും ദുഷ്കോപത്തിൽനിന്നും അതിന്റെ നിന്ദ്യമായ വേരിൽനിന്നും ദുർമ്മോഹത്തിൽനിന്നും വഞ്ചനയുള്ള നേത്രങ്ങളിൽനിന്നും വെറുക്കത്തക്കതായ നിഗളത്തിൽനിന്നും മരണകരമായ വ്യാജത്തിൽനിന്നും അശുദ്ധ ഘ്രാണത്തിൽനിന്നും ഭിന്നമായി സംസാരിക്കുന്ന അധരങ്ങളിൽനിന്നും കൊല്ലുന്ന സംസാരത്തിൽനിന്നും ദുഃസ്വഭാവത്തിൽനിന്നും അപഹാരത്തിൽനിന്നും ഞാൻ രക്ഷപ്പെടുമാറാകണമെ. ധിക്കാരത്തോടുകൂടിയതും നന്മകളെ തടസ്സപ്പെടുത്തുന്നതുമായ നടപ്പിൽനിന്നും വഞ്ചനയുടെ മാർഗ്ഗങ്ങളിൽനിന്നും കോപവെറിയിൽനിന്നും ആകെൽക്കറുസ്സായുടെ കുരുക്കുകളിൽനിന്നും ശപിക്കപ്പെട്ട പിശാചുക്കളാകുന്ന ദുഷ്ടാത്മാക്കളിൽനിന്നും നിന്ദ്യമായ ഹൃദയഡംഭത്തിൽനിന്നും വൃഥാസ്തുതിയിൽനിന്നും വക്രതയിൽനിന്നും കൗശലത്തിൽനിന്നും കാമവികാരത്തിൽനിന്നും ഉപായത്തിൽനിന്നും ദുർമനസ്സിൽനിന്നും ഭോഷത്വത്തിൽനിന്നും പാപമാലിന്യത്തിൽനിന്നും അശുദ്ധമായ അനീതിയിൽനിന്നും അറിവില്ലായ്മയുടെ തെറ്റുകളിൽനിന്നും ഞാൻ രക്ഷപെടുമാറാകണമെ. സകല പാപമാലിന്യങ്ങളിൽനിന്നും എന്നെ വെടിപ്പാക്കണമെ. കർത്താവേ! നിന്റെ സ്ലീബായാൽ എനിക്കു



പാപപരിഹാരം ലഭിക്കുമാറാകണമെ. എന്റെ കഠിനകുറ്റങ്ങളിൽനിന്നും ഞാൻ മോചിക്കപ്പെടുമാറാകണമെ. എന്റെ കർത്താവേ! രാവും പകലും ഞാൻ ഉണർന്നിരിക്കുമ്പോഴും ഉറങ്ങിക്കിടക്കുമ്പോഴും എല്ലാ നാഴികയിലും എല്ലാസമയത്തും ഇടവിടാതെ നിന്റെ സ്ലീബായാൽ എന്റെ ഇന്ദ്രിയങ്ങളും അവയവങ്ങളും കാത്തുകൊള്ളപ്പെടുമാറാകണമെ. നിന്റെ സ്ലീബായാൽ ദുഷ്ടന്റെ മേലും ദുഷ്ടതയിന്മേലും പാപത്തിന്മേലും ഞാൻ ശക്തിപ്പെടുകയും നിന്നിൽനിന്നു സഹായം പ്രാപിക്കുകയും ചെയ്യുമാറാകണമെ. നിന്റെ സ്ലീബായാൽ സ്ഥിരതയുള്ള ആത്മാവും സത്യസ്നേഹവും വിനയവും സമ്പാദിപ്പാൻ എന്നെ ശക്തനാക്കി സഹായിക്കണമെ. അതിനാൽ എപ്പോഴും എന്റെ ബോധത്തിൽ നിന്റെ കൃപ മനോഗുണത്തെ വർദ്ധിപ്പിക്കുമാറാകണമെ. അതിനാൽ പരിശുദ്ധ ശ്ലീഹന്മാരെപ്പോലെ ഞാൻ നന്മ പ്രവർത്തിക്കുന്നവനായി തീരുമാറാകണമെ. അതിനാൽ ഞാൻ ഈ ലോകത്തിൽ ജയം പ്രാപിക്കുമാറാകണമെ. അതിനാൽ ആ ലോകത്തിൽ ഞാൻ അവകാശിയായിത്തീരുമാറാകണമെ. അതിനാൽ നാശത്തിൽനിന്നു ഞാൻ കാത്തുകൊള്ളപ്പെടുമാറാകണമെ. അതിനാൽ ഈ താൽക്കാലിക ലോകത്തിൽ ഞാൻ നീതിമാനായിരിക്കുകയും നിത്യലോകത്തിൽ ഞാൻ ആനന്ദിക്കയും ചെയ്യുമാറാകണമെ. എന്റെ സ്രഷ്ടാവായ കർത്താവേശുമിശിഹാ! ജീവനുള്ളതും ജീവൻ നൽകുന്നതുമായ നിന്റെ സ്ലീബാമൂലം നിന്റെയും നിന്റെ പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും ഇഷ്ടംപോലെ ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും എന്റെ ഇന്ദ്രിയങ്ങൾ മുദ്രകുത്തപ്പെടുകയും കാത്തുകൊള്ളപ്പെടുകയും ചെയ്യുമാറാകണമെ. അതു ദൈവമാതാവായ മറിയാമിന്റെയും നിന്റെ രക്ഷാകരമായ സ്ലീബായിൽ ഏറ്റുപറഞ്ഞവരായ നിബിയന്മാരുടെയും

ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും വിശുദ്ധന്മാരും സത്യവിശ്വാസികളുമായ ആചാര്യന്മാരുടെയും നിന്റെ വന്ദ്യസ്ലീബായെ വന്ദിക്കുന്നവരെല്ലാവരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

### ഞായറാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥന

തന്റെ വിശുദ്ധ റൂഹാമൂലം ഞങ്ങളെ ആശ്വസിപ്പിച്ചവനായി കാരുണ്യവാനും സകല ആശ്വാസത്തെ നൽകുന്നവനുമായ ദൈവമേ! നിന്റെ വിശുദ്ധ ശ്ലീഹന്മാരുടെമേൽ തീനാവുകൾപോലെ നിന്റെ വിശുദ്ധ റൂഹാ വസിച്ചതായ ഈ നേരത്ത് നിന്റെ മുമ്പാകെ നിന്ന് പ്രാർത്ഥിപ്പാൻ എന്നെ നീ യോഗ്യനാക്കിയതുകൊണ്ട് നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. മനുഷ്യസ്നേഹമുള്ളവനായ കർത്താവേ! പരിശുദ്ധ റൂഹായുടെ കൃപ എങ്കലേക്കു നീ കല്പിച്ചയയ്ക്കണമെ. അതിനാൽ ആത്മാവിന്റെയും ശരീരത്തിന്റെയും സർവ്വമാലിന്യങ്ങളിൽനിന്നും എന്നെ ശുദ്ധീകരിക്കണമെ. ആത്മീയപ്രകാരം നടക്കുകയും ജഡമോഹങ്ങളെ നിവർത്തിക്കാതിരിക്കുകയും ചെയ്തുകൊണ്ട് ആത്മീയനടപടികളിലേക്ക് എന്നെ നീ മാറ്റണമെ. എന്റെ ആയുഷ്ക്കാലമെല്ലാം വിശുദ്ധിയോടും നീതിയോടും കൂടെ നിന്നെ ശുശ്രൂഷിപ്പാൻ എന്നെ യോഗ്യനാക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! നിനക്ക് എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

കർത്താവേ! എന്റെ ആത്മാവിനെ നിന്റെ ദയവുകൊണ്ടും എന്റെ അറിവിനെ നിന്റെ വിശ്വാസംകൊണ്ടും എന്റെ വിചാരങ്ങളെ നിന്റെ വിശുദ്ധികൊണ്ടും എന്റെ വായെ നിന്റെ സ്തുതിപ്പുകൾകൊണ്ടും എന്റെ നാവിനെ നിന്റെ സ്തോത്രങ്ങൾകൊണ്ടും നിറയ്ക്കണമെ. നിന്റെ കരുണയാൽ എന്റെ



അകൃത്യങ്ങളെ മോചിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! എന്റെ ആയുഷ്ക്കാലമെല്ലാം എന്നേക്കും എന്നെ നിന്റെ ദൈവത്വത്തിനു വെടിപ്പുള്ള ആലയമായിട്ടും വാസസ്ഥലമായിട്ടും ആക്കിത്തീർക്കണമെ. ആമ്മീൻ.

### ഞായറാഴ്ച മദ്ധ്യാഹ്നപ്രാർത്ഥന

എന്റെ സർവ്വത്തിന്റെയും ഉടയവനേ! നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. സർവ്വശക്തനേ! നിന്നെ ഞങ്ങൾ വന്ദിക്കുന്നു. എന്തെന്നാൽ നിന്റെ ഏകപുത്രന്റെ കഷ്ടാനുഭവ സമയങ്ങളെ നീ പ്രാർത്ഥനയുടെയും ആശ്വാസത്തിന്റെയും സമയങ്ങളാക്കിത്തീർത്തിരിക്കുന്നു. കർത്താവേ! ഈ സമയത്തു ഞങ്ങളുടെ നമസ്ക്കാരങ്ങളും അപേക്ഷകളും ഞങ്ങളിൽനിന്ന് കൈക്കൊള്ളണമെ. പാപം നിമിത്തം ഞങ്ങളുടെമേൽ എഴുതപ്പെട്ടിരിക്കുന്ന കടച്ചീട്ടിനെ നിന്റെ ഏകപുത്രൻ, ദുഷ്ടന്റെ സകലസൈന്യത്തെയും അതിനാൽ മറിച്ചിട്ടതായ സ്ലീബായിന്മേൽ തൂങ്ങിയ നാഴികയിൽ കീറിക്കളഞ്ഞതുപോലെ നീ കീറിക്കളയണമെ. നിന്റെ വന്ദ്യതിരുനാമത്തെ പ്രീതിപ്പെടുത്തുന്ന വിശുദ്ധ ജീവിതവും സുകൃതനടപടികളും ഞങ്ങൾക്കു നൽകണമെ. ആദ്യന്തമില്ലാത്ത പിതാവേ! നിന്നെയും നിന്റെ പുത്രനെയും നിന്റെ വിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിച്ചുകൊണ്ട് നിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ കുറ്റം കൂടാതെ നില്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

കർത്താവേ! നീ എന്നേക്കുമുള്ളവനാകുന്നു. നിന്റെ സിംഹാസനം തലമുറ തലമുറയായി നിലനിൽക്കുന്നതുമാകുന്നു. എന്നേക്കുമായി ഞങ്ങളെ ഉപേക്ഷിക്കയും ദീർഘനാ

ളുകൾ ഞങ്ങളെ മറന്നുകളകയും അരുതെ. കർത്താവേ! നിങ്ക ലേക്കു ഞങ്ങളെ തിരിപ്പിക്കയും ഞങ്ങൾ തിരിഞ്ഞുവരികയും ചെയ്യുമാറാകണമെ. മുമ്പിലത്തെ നാളുകളെ ഞാൻ സൂക്ഷി ച്ചുനോക്കിയതിൽ വ്യസനിക്കുന്നു. നീ എന്നെ സൗഖ്യമാ ക്കുകയും ഞാൻ സൗഖ്യമാകുകയും ചെയ്യണമെ. എന്തെ ന്നാൽ എന്റെ മഹത്വം നീയാകുന്നു. നീ എന്നെ നശിപ്പിക്ക രുതെ. എന്നാലോ ദുർദിവസത്തിങ്കൽ നീ എന്റെമേൽ വസി ക്കണമെ. എന്നെ പീഡിപ്പിക്കുന്ന പിശാചുക്കൾ ലജ്ജിക്കു കയും ഞാൻ ലജ്ജിക്കാതിരിക്കുകയും ചെയ്യണമെ. നീ അവ രുടെ മേൽ ദുർദിവസത്തെ വരുത്തണമെ. ഒന്നിന്നിരട്ടിയായി ഞാൻ അവരെ തോല്പിക്കുമാറാകണമെ. പുണ്യവാന്മാരെ ശോധനചെയ്യുന്നവനും അന്തരിന്ദ്രിയങ്ങളെയും ഹൃദയ ത്തെയും നോക്കിക്കാണുന്നവനും ആകുന്ന ബലവാനായ കർത്താവേ! ഞാൻ എന്റെ സങ്കടങ്ങളെ നിങ്കൽ ബോധിപ്പി ച്ചിരിക്കുന്നതുകൊണ്ട് നീ അവരോടു ചെയ്യുന്ന പ്രതികാരം ഞാൻ കാണുമാറാകണമെ. ആമ്മീൻ.

### ഞായറാഴ്ച ഒമ്പതാം മണിനേരത്തെ പ്രാർത്ഥന

എന്റെ കർത്താവേ! എന്നോടു കരുണ ചെയ്യണമെ. സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. ഇനി നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ എനിക്കു യോഗ്യതയില്ല. നിന്റെ കൂലിക്കാരിൽ ഒരുവനെ പ്പോലെ എന്നെ ആക്കിത്തീർക്കണമെ. എന്റെ കർത്താവേ! എന്നോടു കരുണചെയ്യണമെ. കൃപയിൻപ്രകാരം എന്റെ പിതാവും സ്വാഭാവികമായി എന്റെ സ്രഷ്ടാവുമായവനേ! ഞാൻ പാപം ചെയ്തുപോയെന്നു ഞാൻ ഏറ്റുപറയുന്നു. അവ നിനക്കു വെളിവായിരിക്കുന്നതുകൊണ്ട് ഞാൻ



മറച്ചുവെക്കുന്നില്ല. നിനക്കു ബോധ്യമുള്ളതിനെ ഞാൻ നിഷേധിക്കുന്നുമില്ല. ഞാൻ കുറ്റക്കാരനെപ്പോലെ നിൽക്കുന്നു. നിയമ ലംഘനക്കാരനെപ്പോലെ ഞാൻ ശിക്ഷയ്ക്കു വിധി ക്കപ്പെട്ടവനാകുന്നു. എന്റെ പിതാവേ! സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. ഇനി നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ എനിക്കു യോഗ്യതയില്ല. നിന്റെ കൂലിക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കി ത്തീർക്കണമെ. എന്റെ കർത്താവേ! നിന്റെ രാജ്യത്തിൽനിന്ന് നീ എന്നെ തള്ളിക്കളയരുതെ. എന്റെ കർത്താവേ! ഞാൻ വഴിതെറ്റിനടക്കുന്നതായി ശത്രു എന്നെ കണ്ടിട്ട് എന്നെ അടിമപ്പെടുത്താതിരിപ്പാൻവേണ്ടി നിന്റെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതെ. എന്റെ കർത്താവേ! എന്നോടു കരുണ ചെയ്യണമെ. ഞാൻ മുമ്പേ ചെയ്തിട്ടുള്ള അകൃത്യങ്ങളെ നീ എന്നോടു വിചാരിക്കരുതെ. എന്റെ കർത്താവേ! 'ഞാൻ നിന്നെ അറിയുന്നില്ല' എന്ന് നീ എന്നോടു കല്പിക്കരു തെ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി കരുണ യോടെ ഈ ലോകത്തിലേക്ക് ഇറങ്ങിവന്നവനായ മിശി ഹാതമ്പുരാനേ! നിന്നോടപേക്ഷിക്കുന്നവരുടെ ആത്മാക്ക ളിൽ നിന്റെ അറിവിന്റെ പ്രകാശം ഉദിപ്പിക്കണമെ. അവർ നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹാ യെയും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതി ച്ചുകൊണ്ട് നിന്റെ അദൃശ്യാവസ്ഥയുടെ ശുശ്രൂഷകന്മാരോ ടുകൂടെ നിന്റെ മഹത്വത്തിൽ ഇടവിടാതെ ആനന്ദിപ്പാൻവേണ്ടി മഹത്വത്തിന്റെ തുറമുഖത്ത് ചെന്നെത്തുന്നതുവരെ നിന്റെ പ്രകാശ ഊടുവഴിയിൽക്കൂടി തടസ്സം കൂടാതെ അവർ നട ക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

## തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥന

ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ ഞങ്ങളെ എണ്ണണമെ. നിന്റെ ഭയങ്കരമായ രണ്ടാമത്തെ എഴുന്നള്ളത്തിങ്കൽ 'ശപിക്കപ്പെട്ടവരേ നിങ്ങളെ അറിയാത്തതുകൊണ്ട് എന്നെ വിട്ടുപോകുവീൻ' എന്നുള്ള ശബ്ദം നിന്നിൽനിന്ന് ഞങ്ങൾ കേൾക്കുമാറാകരുതെ. ദൈവപുത്രാ! സഹദേന്മാർ തങ്ങളുടെ ഞെരുക്കങ്ങളെയും പുണ്യവാന്മാർ തങ്ങളുടെ സുകൃതങ്ങളെയും വഹിച്ചുകൊണ്ട് വരികയും നീ ഓരോരുവനും അവനവന്റെ പ്രവൃത്തികൾക്കു തക്കവണ്ണമുള്ള പ്രതിഫലം കൊടുപ്പാനായിട്ട് നിന്റെയും നിന്റെ പിതാവിന്റെയും മഹത്വത്തോടുകൂടെ എഴുന്നള്ളുകയും ചെയ്യുന്ന സമയത്ത് 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! നിങ്ങൾ വന്ന് നിത്യരാജ്യത്തെയും പുതിയ ജീവനെയും അവകാശിച്ചുകൊൾവിൻ' എന്നു പറയുന്നതായി കരുണയും ദയവും സന്തോഷവും നിറഞ്ഞ ശബ്ദം കേൾപ്പാൻ ഞങ്ങളെയും യോഗ്യരാക്കണമെ. പിതാവിന്റെ വചനവും ഏകജാതനുമായ മിശിഹാതമ്പുരാനേ! 'എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു' എന്നും 'ഇതുമുതൽ എന്നേക്കും എന്റെ സമാധാനം നിങ്ങൾക്കു വച്ചേക്കുന്നു' എന്നും പറഞ്ഞ് നിന്റെ ശിഷ്യൻമാർക്കു നീ സമാധാനം കൊടുത്തതുപോലെ സന്തോഷങ്ങൾ നിറഞ്ഞിരിക്കുന്ന നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമെ. തന്നെ സ്തുതിക്കുന്നവരുടെ സ്തുതിപ്പുകളോടുകൂടി ആകാശത്തെ പിളർന്ന് യാത്ര ചെയ്യുന്ന ഈ ദിവസത്തിന്റെ ദൂതാ! കർത്താവ് എന്റെ കുറ്റങ്ങൾ മോചിക്കുവാനായിട്ട് അവന്റെ സന്നിധിയിൽ നീ എന്നെ ഓർക്കണമെ. എന്റെ കർത്താവേ!



രോഗികളെ സുഖമാക്കണമെ. വലഞ്ഞിരിക്കുന്നവരെ ആശ്വസിപ്പിക്കണമെ. ദൈവമേ! യാതൊരുവിധ ഞെരുക്കത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ സഹായിച്ച് രക്ഷിക്കണമെ. ഞങ്ങൾ എല്ലായ്പോഴും നിന്റെ സ്തുതികളെ ഉച്ചരിച്ചുകൊണ്ട് നിന്റെ പരിശുദ്ധ തിരുനാമത്തെ പുകഴ്ത്തുമാറാകണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ത്രിയേകദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നേക്കും അവനു സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

സകലഭാഗ്യങ്ങളിലും ഉന്നതമായിരിക്കുന്ന ഭാഗ്യം ഞങ്ങൾക്കു വാഗ്ദാനം ചെയ്തവനേ! നീ ഞങ്ങൾക്കു വാഗ്ദാനം ചെയ്തിട്ടുള്ള ഭാഗ്യം അനുഭവിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. നീ ഞങ്ങളെ അറിയിച്ചിട്ടുള്ളതും ഞങ്ങളുടെ ആത്മാവ് മോഹത്തോടെ അന്വേഷിച്ച് വിഷമിക്കുന്നതുമായ ശരണം ഞങ്ങൾക്കു നൽകണമെ. ഞങ്ങൾ അശുദ്ധരും അയോഗ്യരും ആകകൊണ്ടും നിന്റെ വിലാവിൽ നിന്ന് ഒഴുകിയ വെള്ളം ഞങ്ങളുടെ മാലിന്യങ്ങളുടെ ബാഹുല്യത്തെ വെടിപ്പാക്കണമെ. ഞങ്ങളുടെ പാപപരിഹാരത്തിനായിട്ട് ചൊരിയപ്പെട്ട നിന്റെ രക്തം ഞങ്ങളെ വെടിപ്പും വിശുദ്ധിയുമുള്ളവരാക്കിത്തീർക്കുമാറാകണമെ. കർത്താവേ! നിനക്കില്ലാതിരുന്നതായി ഞങ്ങൾക്കുള്ളതിൽനിന്നും നീ എടുത്തതിനാൽ ഞങ്ങൾക്കില്ലാത്തതായി നിനക്കുള്ളതിൽനിന്ന് ഞങ്ങൾക്കു നൽകണമെ. ഞങ്ങളുടെ അനീതിയുടെ പെരുപ്പത്താൽ ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഞങ്ങൾ പുറപ്പെടുമാറാക്കിയതുകൊണ്ട് നിന്റെ കരുണമൂലം നിന്റെ അടുക്കലേക്ക് ഞങ്ങളെ പ്രവേശിപ്പിച്ച് നിന്റെ പ്രകാശലോകത്തിൽ മഹത്വത്തോടെ ഞങ്ങളെ വസിപ്പിക്കണമെ. സകലത്തിൽനിന്നും എന്നന്നേക്കും നിനക്കു സ്തുതി.

## തിങ്കളാഴ്ച സൂത്താറാപ്രാർത്ഥന

കർത്താവേ! ബലഹീനരും പാപികളുമായ ഞങ്ങളുടെ ചുറ്റും നിന്റെ പരിശുദ്ധ മാലാഖമാരുടെ പാളയത്തെ നീ നിറുത്തണമെ. സകല തിന്മയിൽനിന്നും ആകൽക്കറുസ്സായുടെയും ദുരാത്മാക്കളുടെയും പ്രതിക്രമമായ അന്ധകാരത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. എന്തെന്നാൽ നീ ബലവാനും സകലവും കഴിവുള്ളവനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമേ! എല്ലായ്പോഴും എന്നേക്കും സകലവിജയവും മഹത്വവും നിനക്കു ചേർച്ചയും യോഗ്യവുമാകുന്നു.

പിതാവിന്റെ മാർവ്വിടത്തിൽനിന്ന് ഞങ്ങൾക്ക് ഉദിച്ചവനായ മിശിഹാതമ്പുരാനേ! നിന്റെ ആഗ്രഹിക്കത്തക്കതായ സൗന്ദര്യം മൂലം നിന്റെ സ്നേഹിതരുടെ മനസ്സിനെ സകലത്തിൽനിന്നും നിങ്കലേക്കു നീ ആകർഷിക്കുന്നുവല്ലൊ. അതുപോലെ നിന്റെ ബലഹീന ദാസരായ ഞങ്ങളുടെ പോരാട്ടക്കാലത്ത് നീ ഞങ്ങൾക്കു സഹായമായിരിക്കയും ഞങ്ങളുടെ മനസ്സിനെ നീ ഭേദപ്പെടുത്തി നിങ്കലേക്കു ആകർഷിക്കുകയും ചെയ്യണമെ. ആമ്മീൻ.

ഞങ്ങളുടെ ശരണവും ആശ്രയവും ആയവനേ! ഞങ്ങളുടെ ജീവിതത്തെ നിന്റെ ഇഷ്ടപ്രകാരം ഭരിക്കണമെ. നിനക്ക് ഇഷ്ടമുള്ള കൈപ്പ് ഞങ്ങൾക്ക് ഇഷ്ടമുള്ള തേൻകട്ടയേക്കാൾ മധുരമാകുന്നു. നിന്റെ കല്പനകളെ സ്നേഹിപ്പാനും പൂർണ്ണഹൃദയത്തോടെ അവയെ ആചരിപ്പാനും എന്നേക്കും നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്വാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ.



## തിങ്കളാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

കർത്താവേ! നീ എന്നെ ഉയർത്തുകയും എന്റെ ശത്രുക്കളായ പിശാചുക്കളെ എന്നെക്കുറിച്ച് സന്തോഷിക്കാത്തവരാക്കുകയും ചെയ്തതിനാൽ ഞാൻ നിന്നെ പുകഴ്ത്തും. നിന്റെ ദയവാൽ അവരിൽനിന്നു നീ എന്നെ രക്ഷിച്ചിരിക്കുന്നു. ഇപ്പോൾ കർത്താവേ! നിന്റെ കരുണകൾ എന്റെമേൽ വരുമാറാകണമെ. ശരീരത്തിൽനിന്നുള്ള വേർപാടുസമയത്തെ ഓർത്തും മനുഷ്യരുടെ ആത്മാക്കളെ പിടിപ്പാനും വിരുദ്ധങ്ങൾ നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ ഞാൻ ചെയ്തിട്ടുള്ള പാപങ്ങൾ നിമിത്തം എന്റെ ആത്മാവിനെ അന്ധകാരസ്ഥലത്തേക്കു കൊണ്ടുപോകുവാനുമായി ആയാറിൽ പതിയിരിക്കുന്ന പിശാചുക്കളുടെ എതിർപ്പിനെ ഓർത്തും എന്റെ ആത്മാവ് പരിഭ്രമിക്കുന്നതുകൊണ്ട് നിന്റെ വലത്തുതൃക്കൈയുടെ സഹായം എനിക്കുണ്ടാകണമെ. കർത്താവേ! അവരുടെ കൈകളിൽനിന്ന് നീ എന്നെ ഉയർത്തി സഹായിക്കയും രക്ഷിക്കയും ചെയ്യണമെ. ഞാൻ അവരാൽ ആക്രമിക്കപ്പെടാതെ നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാഖമാരെ എന്റെ അടുക്കലേക്കയ്ക്കണമെ. പിശാചുക്കളുടെ കാവൽസ്ഥലം കടന്നുപോകുവോളം നിന്റെ മാലാഖമാർ എന്റെ ആത്മാവിനു വഴികാട്ടിയായിരിക്കണമെ. എന്റെ ആത്മാവ് നിന്റെ സിംഹാസനത്തിൻ മുമ്പാകെ വന്നു കുമ്പിടുകയും അതിനോടു നീ ചെയ്തിട്ടുള്ള അനേകം കൃപകൾക്കുവേണ്ടി നിന്നെ സ്തുതിക്കുകയും ചെയ്യുവോളം നിന്റെ മാലാഖമാർ മൂലം എപ്പോഴും അതിനെ സഹായിക്കുകയും ചെയ്യണമെ. ആമ്മീൻ.

**2-ാം കൗമാ**

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞാൻ നിന്നെ വന്ദിക്കുന്നു. മനുഷ്യസ്നേഹമുള്ളവനേ! നിന്റെ കൃപയോടു ഞാൻ അപേക്ഷിക്കുന്നു. നിന്റെ കരുണയിൻപ്രകാരം എന്നോടു കരുണചെയ്യണമെ. മനസ്സോടും മനസ്സുകൂടാതെയും ഉള്ള എന്റെ പാപങ്ങളെ നീ മോചിക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളവനേ! എല്ലാക്കാലത്തും എല്ലാസമയത്തും എന്നേക്കും ഞാൻ നിന്നെ സ്തോത്രം ചെയ്തു വന്ദിപ്പാനായിട്ട് മരണത്തിനു മുമ്പ് സത്യഅനുതാപം എനിക്കു നൽകണമെ. ആമ്മീൻ.

ദൈവമേ! ബലഹീന മനുഷ്യനെപ്പോലെ ഞാൻ നിനക്കു വിരോധമായി പാപം ചെയ്തുപോയി. കാരുണ്യവാനും മനുഷ്യസ്നേഹിയുമായ ദൈവത്തെപ്പോലെ നീ എനിക്കു മോചനം നൽകണമെ. എന്തെന്നാൽ നീ നല്ലവനും ദയവാനും ആകുന്നു. നിന്നെ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഞാൻ സ്തുതിച്ചു സ്തോത്രം ചെയ്യുന്നു. ആമ്മീൻ.

**3-ാം കൗമാ**

ഞങ്ങളുടെ ദൈവമേ! നിന്റെ സ്നേഹത്തിന്റെ ധാരാളത്വത്തിനു സ്തുതി. എല്ലാവരോടും കരുണചെയ്യുന്നവനേ! നിന്റെ ദയവു വന്ദിക്കപ്പെടത്തക്കതാകുന്നു. ഞങ്ങൾ ദരിദ്രരായിത്തീർന്നിരിക്കുന്നു. എങ്കിലും നിന്നാൽ ഞങ്ങൾ ഐശ്വര്യപ്പെടുമാറാകണമെ. അന്ധകാരമാകുന്ന ഞങ്ങളെ പ്രകാശമുള്ളവരാക്കിത്തീർക്കുവാൻ വേണ്ടി നിന്നിൽനിന്ന് ഞങ്ങൾക്കുദിച്ചവനായ മിശിഹാതമ്പുരാനു സ്തുതി. അനീതികളുടെ ഉറവകളാകുന്ന ഞങ്ങളുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന മരണാവസ്ഥയെ ഉയിർപ്പിപ്പാനായിട്ട് ജീവവെള്ളത്തിന്റെ നദികൾ ഞങ്ങളിൽ ഒഴുകത്തക്കവണ്ണം നിന്റെ മടിയിൽനിന്ന് ഞങ്ങൾക്കുത്ഭവിച്ചതായ ജീവൻ ഉന്നതമാകുന്നു. ആമ്മീൻ.



ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി. ഹാലേ....ഉഹാലേ.....ഉഹാലേ....ദൈവമേ! ഹാലേ....ഉഹാലേ.....ഉഹാലേ....ദൈവമേ!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ.......

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ......ഇത്യാദി 30-ാം വശത്ത്.

ത്രിത്വത്തിനു സ്തുതി.......ഇത്യാദി 31-ാം വശത്ത്.

ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്ന് ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കഷ്ടതകളും കുരിശുമരണവും സഹിച്ച അത്യുന്നതനായ കർത്താവേ! ഞങ്ങളുടെ അപേക്ഷകളെ കൈക്കൊള്ളുകയും ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. നിന്റെ മഹത്വങ്ങളുടെ പ്രകാശത്താൽ ഞങ്ങളുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കണമെ. ജീവൻ നൽകുന്ന നിന്റെ കല്പനകളെ ആചരിക്കുന്നതിന് ഞങ്ങളെല്ലാവരേയും ശക്തിപ്പെടുത്തണമെ. നന്മ പ്രവൃത്തികൾ ചെയ്യുന്നതിന് ഞങ്ങളുടെ കൈകളെ ആയുധം ധരിപ്പിക്കണമെ. നിന്റെ കല്പനകളുടെ വഴിയിലേക്ക് ഞങ്ങളുടെ നടപ്പുകളെ ശരിപ്പെടുത്തണമെ. നിന്നെയുള്ള ഓർമ്മയിൽ ഞങ്ങളുടെ വിചാരങ്ങളെ കാത്തുകൊള്ളണമെ. സ്തുതിപ്പുകളുടെയും സത്യത്തിന്റെയും വചനങ്ങളാൽ ഞങ്ങളുടെ ചുണ്ടുകളെയും നാവുകളെയും നീ ശുദ്ധീകരിക്കണമെ. സകലവിധ പാപത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. സർവ്വനീതിയിലും ഞങ്ങളെ കാത്തുകൊള്ളണമെ. നിന്റെ കൃപയുടെ ചിറകുകളാൽ ഞങ്ങളെ മറയ്ക്കണമെ. ഞങ്ങളുടെ ജീവന്റെ ശരണവും ആത്മാക്കളുടെ രക്ഷിതാവുമായ മിശിഹാ! ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും നിന്നെയും നിന്റെ വിശുദ്ധ റൂഹായെയും ഞങ്ങൾ സ്തോത്രം ചെയ്തു വന്ദിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!....ഇത്യാദി 36-ാം വശത്ത്.

## തിങ്കളാഴ്ച പ്രഭാതപ്രാർത്ഥന

51-ാം മസുമൂറാ 4-ാം വശത്ത്.

എന്റെ കർത്താവേ! തടസ്സംകൂടാതെയും അന്യവിചാരങ്ങൾ കൂടാതെയും നിന്റെ തിരുമുമ്പാകെ പ്രാർത്ഥിപ്പാൻ എനിക്കു വെടിപ്പുള്ള ഹൃദയം നൽകണമെ. എന്റെ ചുണ്ടുകൾകൊണ്ട് ഞാൻ പ്രാർത്ഥിക്കുമ്പോൾ എന്റെ ബോധം വ്യർത്ഥകാര്യങ്ങളിൽ ചുറ്റിസഞ്ചരിച്ചിട്ട് എന്റെ ഗ്രഹണശക്തിയെ നശിപ്പിക്കാതിരിക്കത്തക്കവണ്ണം എന്റെ നിരൂപണയെയും വിചാരങ്ങളെയും നിന്റെ അടുക്കലേക്കു കൂട്ടിച്ചേർക്കണമെ. എന്റെ കർത്താവേ! നിന്റെ കരുണകൾ എന്റെ ബലഹീനതയിങ്കലേക്ക് വരുവാൻ നിർബന്ധിക്കുന്നതായ വെടിപ്പുള്ള പ്രാർത്ഥന നിന്റെ സന്നിധിയിൽ കഴിപ്പാൻ എന്നെ പഠിപ്പിക്കണമെ. എന്റെ കർത്താവേ! എന്റെ പ്രാർത്ഥന കൈക്കൊള്ളണമെ. എന്റെ അപേക്ഷ കേൾക്കണമെ. എന്റെ യാചനകൾ നൽകണമെ. പാപിയായ എന്നോടു കരുണയുണ്ടാകണമെ. ഞാൻ വഴിതെറ്റിപ്പോയവനാകയാൽ എന്നെ അന്വേഷിക്കണമെ. ഹീനനായ എന്നോടു കരുണചെയ്യണമെ. എന്റെ കർത്താവും ദൈവവുമായുള്ളവനേ! എല്ലാക്കാലത്തും എല്ലാസമയത്തും എന്നേക്കും നിന്നെ ഞാൻ സ്തോത്രം ചെയ്തു വന്ദിച്ചു സ്തുതിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

കർത്താവേ! ഞാൻ നിന്റെ ദാസനും നിന്റെ ദാസിയുടെ പുത്രനും ബലഹീനനും അല്പായുസ്സുകാരനും ന്യായത്തിലും വേദപ്രമാണത്തിലും ബുദ്ധിഹീനനും ആകുന്നു. കർത്താവേ! നിന്റെ തിരുവിഷ്ടരം പ്രവർത്തിപ്പാൻ നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കണമെ. എന്റെ വായ് നിന്റെ സ്തുതിപ്പുകൾകൊണ്ടും എന്റെ നാവ് നിന്റെ സ്തോത്രങ്ങൾകൊണ്ടും



നിറഞ്ഞിട്ട് നിനക്കിഷ്ടമുള്ള അവസാനം എനിക്കു നൽകണമെ. കർത്താവായ യേശുമിശിഹാ! എന്നോടു കരുണയുണ്ടാകണമെ. നിന്റെ അടുക്കൽ സത്യമായ അനുതാപവും നിന്റെ സന്നിധിയിൽ സത്യമായ താഴ്മയും എനിക്കു നൽകണമെ. കർത്താവേ! നിന്നെ ഞാൻ സമ്പാദിക്കയും നിന്നാൽ ഞാൻ ഭരിക്കപ്പെടുകയും ചെയ്‌വാൻ എന്നെ പഠിപ്പിക്കണമെ. ഞാൻ ഒരു മൃഗവും ഒന്നും അറിഞ്ഞുകൂടാത്തവനും ആകുന്നുവെന്ന് നിനക്കറിയാമല്ലൊ. ഈ ആയുസ്സിൽ ഈ സ്ഥിതിയിലേക്കു നീ എന്നെ കൊണ്ടുവന്നിരിക്കുകയാൽ നിന്റെ കരുണനിമിത്തം എന്നെ രക്ഷിക്കണമെ. ഞാൻ നിന്റെ ദാസനും ദാസിയുടെ പുത്രനും കൃമിയും പൂഴിയുമാകുന്നു. കർത്താവേ! നിന്റെ തിരുവിഷ്ടം പ്രവർത്തിപ്പാൻ എന്നെ പഠിപ്പിക്കണമെ. അതിന് എന്നെ ശക്തിപ്പെടുത്തുകയും ചെയ്യണമെ. കർത്താവേ! നിന്റെ തൊഴുത്തിലേക്ക് എന്നെ പ്രവേശിപ്പിച്ച് നിന്റെ ആട്ടിൻകൂട്ടത്തിൽ എന്നെ ചേർക്കുകയും നിന്റെ കുഞ്ഞാടുകളോടു കൂടെ എന്നെ എണ്ണുകയും ചെയ്യണമെ. കർത്താവേ! മനുഷ്യാവസ്ഥയനുസരിച്ച് ഞാൻ നിന്റെ മുമ്പാകെ പാപം ചെയ്തുപോയി. നിത്യജീവൻ അവകാശിപ്പാൻ നീ എന്നെ സൃഷ്ടിച്ചതിനാൽ ദൈവമേ! നിന്റെ നന്മയിൻ പ്രകാരവും കരുണയിൻ പ്രകാരവും ദയവിൻ പ്രകാരവും എനിക്കു പാപമോചനം നൽകണമെ. ഞാൻ ഒന്നിനും പ്രാപ്തിയില്ലാത്തവനാകുന്നു. സകലത്തിന്റെയും സ്രഷ്ടാവും സകലത്തെയും അടിസ്ഥാനപ്പെടുത്തുന്നവനുമായ ദൈവമേ! മത്സരക്കാരൻ നിനക്കും നിന്റെ ദാസന്മാർക്കും വിരോധമായി അടിയനോടു പഴിപറയാതെ സകലത്തെയും ഭരിക്കുന്ന നിന്റെ ശക്തിയാൽ അവന്റെ

വായെ അടയ്ക്കണമെ. സംശയത്തിന്റെ കാറ്റുകൾ എന്നിൽ ഊതാതിരിപ്പാനായിട്ട് എന്റെ ബോധത്തെ നിന്റെ അറിവിലേക്ക് ഉയർത്തണമെ. എന്റെ കർത്താവേ! നിന്റെ സമാധാനം എന്നിൽ വർദ്ധിപ്പിക്കണമെ. നിന്റെ വിശ്വാസം കൊണ്ട് എന്നിൽ നിറയ്ക്കണമെ. നിന്നോടുള്ള സ്നേഹത്തിലും നിന്നിലുള്ള ശരണത്തിലും നിന്നോടുള്ള പ്രീതിയിലും എന്നെ ഐശ്വര്യപ്പെടുത്തണമെ. രാവും പകലും നീ എനിക്കു കോട്ടയും അഭയസ്ഥാനവും ആയിരിക്കണമെ. ദുഷ്ടപിശാചിന്റെ തെറ്റുകളിൽനിന്ന് എന്നെ കാത്തുകൊള്ളണമെ. ആകെൽക്കറുസ്സായുടെ വിരുദ്ധതകളിൽനിന്ന് എന്നെ രക്ഷിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! എന്റെ ആയുഷ്ക്കാലമെല്ലാം എന്റെ നടപടികൾ നിന്റെ ഇഷ്ടത്തിനൊത്തവണ്ണം ആയിരിപ്പാൻ എനിക്കു കൃപ നൽകുകയും ചെയ്യണമെ. ആമ്മീൻ.

## തിങ്കളാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥന

വിശേഷജ്ഞാനമുള്ളവരുടെ പ്രകാശവും ജീവനുമായ യേശുമിശിഹാ! നിന്റെ വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിൽനിന്ന് നീ എന്നെ വിരോധിക്കരുതെ. എനിക്കു യോഗ്യതയില്ലാതെയും ഞാൻ നിന്നോടപേക്ഷിക്കാതെയുമിരിക്കെ ഇവിടെ അവരോടുകൂടെ ചേരുവാൻ പാപിയായ എന്നെ നീ യോഗ്യനാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യത്തിലെ മണവറയിൽ അവരോടുകൂടെയുള്ള വാസത്തിൽനിന്ന് നീ എന്നെ തള്ളിക്കളയരുതെ. എന്റെ കർത്താവേ! അവരുടെ വഴികളിൽ നടപ്പാനും അവരുടെ കല്പനകളെ ആചരിപ്പാനും നീ എനിക്കു ബുദ്ധി നൽകണമെ. അവരുടെ സുകൃതഫലങ്ങളിൽനിന്ന് പഠിക്കുവാൻ എനിക്കു ജ്ഞാനം നൽകണമെ. അവരെപ്പോലെ എന്റെ ഹൃദയത്തെ വെടിപ്പാക്കണമെ.



അവരെപ്പോലെ എന്റെ ശരീരത്തെ ശുദ്ധീകരിക്കണമെ. അവരുടെ അങ്കികളുടെ വിളുമ്പുകളിൽ അഭയം പ്രാപിപ്പാൻ ഞാൻ യോഗ്യനായിത്തീരുവാനും അവരുടെ അവകാശത്തിലേക്കും ഓഹരിയിലേക്കും ചെന്നുപറ്റുവാനും ആയിട്ട് നിന്റെ കൃപയാലും ധാരാളമായ കരുണയാലും എനിക്കു വിശ്വാസം വർദ്ധിപ്പിച്ചു തരണമെ. ഒരിക്കലും കോപിക്കാത്തവനും ദയവോടെ അകൃത്യങ്ങളെയെല്ലാം വഹിക്കുന്നവനുമായ നല്ലവനേ! എന്റെ ഹൃദയത്തെ നിന്റെ സമാധാനം കൊണ്ടും ദുഷ്ടനു കടക്കുവാൻ കഴിയാത്ത വേർപെടാത്ത സ്നേഹം കൊണ്ടും നിറയ്ക്കണമെ. ആമ്മീൻ.

## തിങ്കളാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥന

ഞങ്ങളുടെ വർഗ്ഗത്തിന്റെ ആനന്ദവും ഞങ്ങളുടെ ദരിദ്രാവസ്ഥയുടെ ആശ്വാസവും ചാഞ്ഞുവീണുപോയ ഞങ്ങളുടെ ബലഹീനതയെ താങ്ങുന്നവനും സന്യാസികളുടെ ആശ്രയവും മനുഷ്യരുടെ ഇടയിൽ അറിയപ്പെട്ടിരിക്കുന്ന വിലയേറിയ നാമവുമായ മിശിഹാതമ്പുരാനേ! നീ എന്റെ വീഴ്ചയെ എഴുന്നേല്പിക്കണമെ. എന്റെ മരണാവസ്ഥയെ ജീവിപ്പിക്കണമെ. നിത്യജീവനെക്കുറിച്ചുള്ള അറിവ് എന്നിൽ ജനിപ്പിക്കണമെ. നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട് അറിവില്ലായ്മയുടെ കാരാഗൃഹത്തിൽനിന്ന് എന്റെ ആത്മാവിനെ പുറപ്പെടുവിക്കണമെ. പുതിയ ജീവന്റെ കാറ്റ് എന്നിൽ ഊതിക്കണമെ. കബറിൽ എന്റെ നാശത്തെ നീ ദർശിച്ച് അന്ധകാരസ്ഥലത്തുനിന്ന് എന്നെ പുറപ്പെടുവിക്കണമെ. അറിവില്ലായ്മയുടെ പാതാളത്തിനകത്തു പ്രകാശം എന്നെ ദർശിക്കുമാറാകണമെ. വൃഥാസംസാരത്തിന്റെ സ്വഭാവം എന്നിൽ ഇല്ലാതാക്കണമെ. നിത്യജീവങ്കലേക്ക് എന്റെ സ്വഭാവത്തെ നീ ഇളക്കണമെ. എന്തെന്നാൽ പാതാളം നിന്നെ സ്തോത്രം ചെയ്യുകയും നാശക്കുഴിയിലേക്കിറങ്ങുന്നവർ നിന്റെ

തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്കയില്ലല്ലൊ. ഇന്ന് എന്നപോലെയുള്ള ജീവികൾ നിന്നെ സ്തോത്രം ചെയ്യട്ടെ എന്നല്ലാതെ എന്റെ വായ്കൊണ്ട് മറിച്ചുപറവാൻ എനിക്കിടയാക്കരുതെ. തന്റെ ആശ്രിതന്മാരുടെ ഇഷ്ടം പ്രവർത്തിക്കുകയും അവരുടെ അപേക്ഷകേട്ട് അവരെ രക്ഷിക്കുകയും ചെയ്യുന്നവനായ കർത്താവേ! നിന്റെ വിശുദ്ധിയുടെ വാസസ്ഥലത്തുനിന്ന് എന്റെ പ്രാർത്ഥന കേൾക്കണമെ. മനോഗുണവാനേ! ഞാൻ നിന്നെ വിളിക്കുന്ന സമയം നീ എന്നെ ഉപേക്ഷിക്കരുതെ. എന്നോടുകൂടിയിരുന്ന് എന്നെ രക്ഷിക്കണമെ. നിന്റെ ചെവി ചായിച്ച് എന്റെ പ്രാർത്ഥന കേൾക്കണമെ. മിശിഹാതമ്പുരാനേ! നിന്നെയും നിന്നെ അയച്ച പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഞാൻ സ്തോത്രം ചെയ്തു വന്ദിപ്പാനായിട്ട് നിന്റെ വലത്തുതൃക്കൈകൊണ്ട് എന്നെ മറച്ചുകൊള്ളണമെ. ആമ്മീൻ.

### തിങ്കളാഴ്ച ഒമ്പതാംമണിനേരത്തെ പ്രാർത്ഥന

ജീവന്റെ ഉറവയും കരുണയോടും ദയവോടും കൂടെ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവനുമായ മിശിഹാതമ്പുരാനേ! നിന്നിൽനിന്ന് ആസ്വദിപ്പാനും എന്റെ കണ്ണുകൾ പ്രകാശിപ്പാനും എനിക്ക് ഇടയാക്കണമെ. സൃഷ്ടികളുടെ ശരണമായവനേ! ഞാൻ ലോകത്തിനു കുരുടനും ആത്മാവിൽ പ്രകാശമുള്ളവനും ആയിരിപ്പാനായിട്ട് നിന്നിലുള്ള ശരണത്തിന്റെ ഇമ്പംകൊണ്ട് എന്നെ രുചിപ്പിക്കണമെ. ഞാൻ ലോകത്തെയും അതിന്റെ വ്യാപാരങ്ങളെയും മറക്കുവാൻ തക്കവണ്ണം എന്റെ ജീവൻ നിന്നോടുള്ള സ്നേഹത്തിൽ മദിക്കുമാറാകണമെ. എന്റെ ഹൃദയം നിന്റെ മഹാശോഭയിൽ സംസർഗ്ഗം ചെയ്തുകൊണ്ട് നിങ്കൽ അടിമപ്പെടുമാറാകണമെ.



ലോകം അതിന്റെ വഞ്ചനനിറഞ്ഞ സംസർഗ്ഗങ്ങളാൽ എന്നെ കീഴ്പെടുത്തുവാൻ നീ സമ്മതിക്കരുതെ. എന്നാലോ നിന്റെ തിരുവിഷ്ടപ്രകാരം സൂക്ഷ്മതയോടുകൂടെ നിന്റെ സന്നിധിയിൽ ശുശ്രൂഷിപ്പാനും എല്ലാ സമയത്തും മഹാസമാധാനത്തോടുകൂടെ അരിഷ്ടതകൂടാതെ നിന്നെ മഹത്വപ്പെടുത്തുവാനും എന്നെ യോഗ്യനാക്കണമെ. എന്റെ കർത്താവേ! നിന്റെ സ്തുതികൾകൊണ്ട് നിറഞ്ഞിരിക്കുന്ന വായും അനുതാപമുള്ള ഹൃദയവും എനിക്കു തരണമെ. മനോവികാരങ്ങളിൽ വെടിപ്പുള്ള പരിപാകതയാൽ എന്റെ ബോധത്തെ ശോഭിപ്പിക്കണമെ. ഞാൻ നിനക്ക് ഈ സമയത്ത് കുറ്റമില്ലാത്ത സ്വീകാര്യബലിയായിരിക്കുമാറാകണമെ. എന്റെ കർത്താവേ! എന്റെ ഇന്ദ്രിയങ്ങൾ ശക്തിപ്പെടുവാൻ തക്കവണ്ണം നിന്റെ രഹസ്യശക്തി എന്നിൽ വസിപ്പിക്കണമെ. വിസ്മയകരമായ രാഗത്തോടുകൂടെ രഹസ്യമായിട്ടു ഞാൻ നിന്റെ വാതിൽക്കൽ മുട്ടി വിളിക്കുമാറാകണമെ. നിന്റെ നിത്യതയുടെ ശക്തിയെക്കുറിച്ച് എല്ലാസമയത്തും ഉയരത്തിലെ മാലാഖമാരുടെ പുകഴ്ചകളാൽ ഞാൻ നിന്നെ പുകഴ്ത്തുമാറാകണമെ. നിന്റെ ദൈവത്വത്തിന്റെ സ്തുതിപ്പുകളെ ആകാശത്തിലെപ്പോലെ എന്റെ അദൃശ്യാവയവങ്ങളിൽ ഞാൻ വഹിക്കുമാറാകണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായി സ്വഭാവപ്രകാരം മഹത്വത്തോടുകൂടിയിരിക്കുന്നവനേ! നിന്റെ സകലശുദ്ധിമാന്മാരോടുകൂടെ നിന്റെ വലിയതിരുനാമത്തെ തൃപ്തിവരാത്ത വിധം എന്നന്നേക്കും ഞാൻ സ്തോത്രം ചെയ്തു വന്ദിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

എന്റെ കർത്താവേ! എന്റെ സഹായത്തിനു നിന്റെ കൃപയും എന്റെ തുണയ്ക്കു നിന്റെ ശക്തിയും എന്റെ രക്ഷയ്ക്കു നിന്റെ ദയവും എന്റെ പാപമോചനത്തിനു നിന്റെ കരുണയും വരുമാറാകണമെ. നിന്റെ സന്നിധിയിലുള്ള എന്റെ

പ്രാർത്ഥനയും അപേക്ഷയും നിലയും ജാഗരണവും ശുശ്രൂഷയും നീ കൈക്കൊള്ളണമെ. നിന്റെ വലത്തുഭാഗത്തെ നിലയ്ക്കു എന്നെ യോഗ്യനാക്കണമെ. സകല നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഞാൻ സ്തുതിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

### ചൊവ്വാഴ്ച സന്ധ്യാപ്രാർത്ഥന

ലോകത്തെ രക്ഷിപ്പാനല്ലാതെ അതിനെ കുറ്റം വിധിപ്പാനായിട്ടല്ല വന്നിരിക്കുന്നതെന്ന് അരുളിച്ചെയ്തവനായ കർത്താവേ! നിന്റെ വിശുദ്ധ കഷ്ടാനുഭവങ്ങളാൽ രക്ഷപെട്ടവരും നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരുമായ ഞങ്ങളോടു കരുണയുണ്ടായി ഉത്തരമരുളിച്ചെയ്യണമെ. കർത്താവേ! ഞങ്ങൾ നശിച്ചുപോകാതിരിപ്പാനായിട്ട് ഞങ്ങളോടു കൃപയുണ്ടാകണമെ. സന്ധ്യ ഞങ്ങളെ പിടികൂടിയിരിക്കുന്നതിനാൽ നിന്റെ സ്ലീബായുടെ അടയാളം ഞങ്ങൾക്കു പ്രകാശമായിരിക്കണമെ. പകൽ കൊഴിഞ്ഞുപോയിരിക്കുന്നതിനാൽ നിന്റെ ദൈവത്വത്തിന്റെ പ്രകാശം ഞങ്ങളിൽ ശോഭിക്കുമാറാകണമെ. സൂര്യന്റെ അസ്തമയത്തോടുകൂടി നിന്റെ കൃപ ഞങ്ങളിൽനിന്നു അസ്തമിക്കുമാറാകരുതെ. അന്ധകാരമായ രാത്രിയും മരണത്തോടു തുല്യമായ ഉറക്കവും വന്നിരിക്കുന്നു. ഇടവിടാതെ നിന്നെ സ്തുതിപ്പാൻ മാലാഖമാരെ ഉണർത്തുന്നതായ ഉണർവ്വും പരിശുദ്ധ റൂഹായുടെ വരവും ഞങ്ങൾക്കുണ്ടാകണമെ. തക്കതുപോലെ നിന്നെ സ്തുതിപ്പാൻ ഞങ്ങൾക്കു ശക്തിയില്ല. ശത്രു ഞങ്ങൾക്കായി പതിയിരിക്കുന്നു. നിന്റെ കരുണയാൽ ഞങ്ങളെ ഉണർത്തണമെ. നിന്റെ ദയവാൽ ഞങ്ങളെ വെടിപ്പാക്കണമെ. നിന്റെ കൃപയാൽ ഞങ്ങൾക്കു പാപപരിഹാരം നൽകണമെ. നിന്റെ



വരങ്ങളാൽ ഞങ്ങളെ ഐശ്വര്യപ്പെടുത്തണമെ. നിന്റെ കല്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ ബലിയാൽ ഞങ്ങളെ ശുദ്ധീകരിക്കണമെ. നീ ഒഴികെ വേറൊരു ദൈവത്തെ ഞങ്ങൾ അറിയാതിരിക്കത്തക്കവണ്ണം നിന്റെ ദിവ്യ കഷ്ടാനുഭവങ്ങളുടെ നിയമപുസ്തകങ്ങൾ ഞങ്ങൾക്കും നിനക്കും ഇടയിൽ മദ്ധ്യസ്ഥത വഹിക്കുമാറാകണമെ. ശരിയായ വിധത്തിൽ നിന്നെ സ്തോത്രം ചെയ്വാനും വേണ്ടതുപോലെ നിന്നെ വിശ്വസിപ്പാനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും സ്തുതിപ്പാനും ഞങ്ങൾക്കു ബോധം നൽകുകയും ചെയ്യണമെ. ആമ്മീൻ.

### ചൊവ്വാഴ്ച സൂത്താറാ പ്രാർത്ഥന

ഇസ്രായേലിന്റെ കാവൽക്കാരനായി മന്ദിക്കാതെയും ഉറങ്ങാതെയും ഇരിക്കുന്ന ഉണർവ്വുള്ളവനേ! നിന്റെ ഉണർവ്വ് എന്റെ ഉറക്കത്തെ കാത്തുകൊള്ളുമാറാകണമെ. ഞാൻ അറിയാതെ എന്നോടുകൂടെ എന്റെ ജഡമോഹവും ഉറങ്ങുമാറാകണമെ. എന്റെ അവയവങ്ങളോടുകൂടെ ജഡവികാരങ്ങളും അടങ്ങുമാറാകണമെ. എനിക്കും എന്റെ ജഡമോഹങ്ങൾക്കും ഒരുപോലെ ഉറക്കം ഉണ്ടാക്കുമാറാകണമെ. പരിശുദ്ധനേ! ഞാൻ നിനക്കു വിശുദ്ധ ആലയമായിരിപ്പാൻ എന്നെ ശുദ്ധീകരിക്കണമെ. ഞാൻ ഉണരുമ്പോൾ ജഡമോഹം ഉണരാതെ ഉറക്കത്തിൽ തന്നെ ഇരിക്കുമാറാകണമെ. എന്റെ കർത്താവേ! എന്റെ വൈരികളായ പിശാചുക്കൾക്ക് ഞാൻ പരിഹാസമായിത്തീരരുതെ. അവരുടെ ഇഷ്ടം എന്നിൽ നടത്തുവാൻ ഇടയാകാതെ അവരുടെ ഉപദ്രവങ്ങളിൽനിന്ന് എന്നെ കാത്തുകൊള്ളണമെ. നിന്റെ വലത്തുതൃക്കൈ എന്റെ കിടക്കമേൽ വസിപ്പിക്കുന്നത് അവർ കണ്ട് ഭയപ്പെടുമാറാകണമെ. ഞാൻ

അറിയാതെ എന്റെ ശരീരം ജഡമോഹത്തെ ശുശ്രൂഷിക്കുന്നതായി തീരരുതെ. ഇതാ നിന്റെ തിരുമുമ്പാകെ ഞാൻ എന്റെ കിടക്കയെ വിരിച്ചിരിക്കുന്നു. എന്റെ കർത്താവേ! നിന്റെ കണ്ണ് നിന്റെ ദാസന്റെ മേൽ ഇരിക്കണമെ. എന്റെ കർത്താവേ! എന്റെ ഉറക്കത്തിലും ഉണർവ്വിലും എന്റെ ഇന്ദ്രിയങ്ങൾ നിന്നാൽ കാത്തുകൊള്ളപ്പെടുമാറാകണമെ. മന്ദിക്കാതെയും ഉറങ്ങാതെയും ഇരിക്കുന്ന പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! എന്നോടുള്ള നിന്റെ സർവ്വ കൃപകൾക്കും വേണ്ടി നിനക്ക് എന്നേക്കും സ്തുതികളും സ്തോത്രങ്ങളും പുകഴ്ചകളും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

കർത്താവേ! നിന്റെ കരുണയുടെ ചിറകിൻ കീഴെ കരുണയോടെ എന്നെ മറയ്ക്കണമെ. സകലവും കേൾക്കുന്നവനേ! നിന്റെ മാതാവിന്റെയും പരിശുദ്ധൻമാരുടെയും പ്രാർത്ഥനകളാൽ അടിയന്റെ പ്രാർത്ഥന കേൾപ്പാൻ കൃപയുണ്ടാകണമെ. എന്റെ കർത്താവേ! കാണപ്പെടുവാൻ പാടില്ലാത്ത ശത്രുക്കളുടെ ഉയർച്ചയെ നിനക്കറിയാമല്ലൊ. എന്റെ സ്രഷ്ടാവേ! ക്ഷീണതയോടും അരിഷ്ടതയോടും കൂടിയിരിക്കുന്ന എന്റെ സ്വഭാവബലഹീനതയെയും നീ അറിയുന്നുവല്ലൊ. അതുകൊണ്ട് ഞാൻ എന്റെ ആത്മാവിനെ നിന്റെ തൃക്കൈയ്യിൽ ഏല്പിക്കുന്നു. ഞാൻ മരണകരമായി ഉറങ്ങാതെ നിന്റെ ദൈവത്വത്തിന്റെ കൃപയുടെ ചിറകിൻ കീഴെ എന്നെ മറച്ച് കാത്തുകൊള്ളണമെ. നിന്റെ പ്രകാശത്തിന്റെ ആനന്ദത്താൽ എന്റെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കണമെ. നിന്റെ പെരുമയെ സ്തുതിപ്പാനായിട്ട് ശരിയായ സമയത്ത് ഉറക്കത്തിൽനിന്ന് എന്നെ എഴുന്നേല്പിക്കണമെ. ഉത്തമനും മനുഷ്യസ്നേഹമുള്ളവനുമായ കർത്താവേ! നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതി യോഗ്യമാകുന്നു. ആമ്മീൻ.



## ചൊവ്വാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1–ാം കൗമാ

മനുഷ്യസ്നേഹമുള്ള ദൈവമായ കർത്താവേ! നിന്നെ ശുശ്രൂഷിക്കുന്നതിന് ഉണർവ്വുള്ളവരും നിന്റെ കല്പനകളെ ആചരിക്കുന്നതിനു ഒരുക്കമുള്ളവരും നിന്റെ കരുണയെ സന്തോഷിപ്പിക്കുന്നവരും ആയിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! എന്നേക്കും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിന്റെ നല്ലതും പൂർണ്ണവുമായ തിരുവിഷ്ടം ഞങ്ങളിൽ നിവർത്തിക്കപ്പെടുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

### 2–ാം കൗമാ

ദൈവമായ കർത്താവേ! നിന്റെ സന്നിധിയിലുള്ള ഞങ്ങളുടെ നില നിന്റെ മഹത്വത്തിനും ബഹുമാനത്തിനും ആയിത്തീരുമാറാകണമെ. രാവും പകലും നിന്റെ തിരുനാമത്തെയും നിന്റെ ദിവ്യകല്പനകളെയും ഓർത്തുകൊണ്ട് ദൈവികപാട്ടുകാരനായ ദാവീദിനോടുകൂടെ ഞങ്ങൾ പാതിരാത്രിയിൽ എഴുന്നേറ്റ് സംക്ഷേപിക്കപ്പെടാവതല്ലാത്ത നിന്റെ ഉത്തമ ന്യായവിധികളെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്യുമാറാകണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! നിനക്ക് എന്നേക്കും സ്തുതി യോഗ്യമാകുന്നു. ആമ്മീൻ.

### 3–ാം കൗമാ

ദൈവമേ! പ്രവൃത്തിയാലും വചനത്താലും ഹൃദയവിചാരത്താലും ഞാൻ നിന്നോട് പാപം ചെയ്യാതെ എല്ലായ്പോഴും എന്നെ കാത്തുകൊള്ളണമെ. മരിച്ചുപോകുന്നവനായ മനുഷ്യന്റെ സ്വഭാവം അനുസരിച്ച് നിന്നോടു ഞാൻ പാപം ചെയ്തതുകൊണ്ട് നിന്റെ കരുണയെ എന്നിൽനിന്ന് വിരോധിക്കരുതെ. ദൈവമേ! നിന്റെ നന്മയിൻപ്രകാരവും ദയവിൻപ്രകാരവും എനിക്കു മോചനം നൽകണമെ.

ദൈവമേ! ദേഹി ദേഹത്തിൽനിന്ന് വേർപെടുന്ന സമയത്ത് നീ എന്നെ പരിഭ്രമിപ്പിക്കരുതെ. ദൈവമേ! നിന്റെ കോപത്താൽ എന്നെ ശാസിക്കരുതെ. നിന്റെ ക്രോധത്താൽ എന്നെ ശിക്ഷിക്കയും അരുതെ. എന്റെ പാപങ്ങൾക്കും എന്റെ ദുഷ്പ്രവൃത്തികൾക്കും അനുയോജ്യമായപ്രകാരം നീ എന്നോടു കോപിക്കരുതെ. ദൈവമേ! ഞാൻ നിന്റെ സന്നിധിയിൽ കാണപ്പെടുമ്പോൾ നിന്റെ തിരുമുഖം എന്നിൽനിന്ന് മറച്ചുകളയരുതെ. ദൈവമേ! മനുഷ്യരുടെ രഹസ്യകാര്യങ്ങളെയും പരസ്യകാര്യങ്ങളെയും നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ എന്നിൽനിന്ന് നിന്റെ തിരുമുഖം മാറ്റിക്കളയരുതെ. ഞങ്ങൾക്കുവേണ്ടി ജഡമെടുക്കുകയും കഷ്ടപ്പെടുകയും കുരിശിൽ തൂങ്ങിമരിക്കുകയും കബറടക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തവനായ ദൈവമേ! ദുഷ്ടാത്മാക്കൾ എന്റെമേൽ അധികാരപ്പെടാതെയും അവ നിന്റെ തൃക്കൈകളിൽനിന്ന് എന്നെ അപഹരിക്കാതെയും ഇരിപ്പാനായിട്ട് നിന്നിൽ എന്നെ ബന്ധിക്കണമെ. ദൈവമേ! വഞ്ചനയിലേക്കു ചായുവാൻ എന്നെ നീ വിട്ടുകൊടുക്കരുതെ. ശത്രുവായ സാത്താൻ അവന്റെ വകകളിൽ വല്ലതും എന്നിൽ കണ്ടിട്ട് അവൻ എന്റെമേൽ അധികാരപ്പെടുവാൻ നീ സമ്മതിക്കരുതെ. ദൈവമേ! പാപത്തിന്റെ സകലവിചാരങ്ങളെയും എന്നിൽനിന്ന് നീക്കിക്കളവാൻ ഞാൻ പ്രാപ്തനാകത്തക്കവണ്ണം എന്റെ ഹൃദയത്തെ മൂർച്ചയുള്ള വാളുപോലെ ആക്കണമെ. സമുദ്രത്തെ ശാസിച്ച് അടക്കിയവനായ ദൈവമേ! എന്റെ സ്വാഭാവിക വികാരങ്ങൾ പാപത്തിലേക്ക് തിരിയാതെ നീ തടുക്കണമെ. പാപം എന്റെ സകല അവയവങ്ങളിൽനിന്നും ഒഴിഞ്ഞുനീങ്ങിപ്പോകുമാറാകണമെ. ദൈവമേ! സത്യവിശ്വാസത്തോടുകൂടിയ വെടിപ്പുള്ള ഹൃദയം എന്നേക്കും എനിക്കു നൽകണമെ. എന്തുകൊണ്ടെന്നാൽ മഹത്വവും ബഹുമാനവും എന്നന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.



ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി. ഹാലേ.... ഉഹാലേ..... ഉഹാലേ......ദൈവമേ! ഹാലേ.... ഉഹാലേ..... ഉഹാലേ......ദൈവമേ!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ......

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ.........ഇത്യാദി 30-ാം വശത്ത്.

ത്രിത്വത്തിനു സ്തുതി.......ഇത്യാദി 31-ാം വശത്ത്

ദൈവമായ കർത്താവേ! വചനത്താലോ പ്രവൃത്തിയാലോ വിചാരത്താലെങ്കിലും മറ്റ് ഇന്ദ്രിയങ്ങളാലോ ഞാൻ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളേയും നീ പരിഹരിച്ച് മോചിക്കണമെ. എന്റെ കർത്താവേ! ദുഷ്ടന്റെയും അവന്റെ സർവ്വസൈന്യങ്ങളുടെയും ഉപദ്രവങ്ങളിൽ നിന്ന് എന്നെ കാത്തുകൊള്ളുവാനായിട്ട് നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാഖയെ എങ്കലേക്ക് അയയ്ക്കണമെ. ദൈവമായ കർത്താവേ! എന്റെ ദേഹിക്കും ദേഹത്തിനും ആശ്വാസത്തിന്റെ ഉറക്കം നൽകണമെ. പാപവികാരങ്ങളുടെ ഉഗ്രതകളെ എന്നിൽനിന്ന് അടക്കണമെ. ജഡത്തിന്റെ ജ്വലിപ്പിനെ നീ കെടുത്തണമെ. ശത്രുക്കളുടെ കെട്ടുകളെ എന്നിൽനിന്ന് അഴിക്കണമെ. പ്രകാശമുള്ള ബോധവും വെടിപ്പുള്ള കിടപ്പും എനിക്കു നൽകണമെ. നിന്റെ പിതാവിന്റെയും നിന്റെ പരിശുദ്ധ റൂഹായുടെയും പരിശുദ്ധ തിരുനാമത്തെ സ്തുതിപ്പാനായിട്ട് ഇപ്പോഴും എല്ലായ്പോഴും എന്നേക്കും എന്നെ ഉണർത്തുകയും ചെയ്യണമെ. ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഇത്യാദി 34-ാം വശത്ത്.

## ചൊവ്വാഴ്ച പ്രഭാതപ്രാർത്ഥന

51-ാം മസുമൂറാ 4-ാം വശത്ത്.

സത്യവാനായ പിതാവേ! ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ലോകത്തിലേക്ക് നിന്റെ പുത്രനെ കല്പിച്ചയച്ചതിനാൽ നിനക്കു സ്തുതി. സത്യവാനായ പുത്രാ! നിന്റെ ശിഷ്യൻമാരുടെമേൽ നിന്റെ വിശുദ്ധ റൂഹായെ അയച്ചതിനാൽ നിനക്കു സ്തുതി. പരിശുദ്ധ റൂഹാ! സ്വർഗ്ഗരാജ്യത്തെ പ്രസംഗിക്കുന്നതിന് ശ്ലീഹന്മാരെ വഴികാണിച്ചതിനാൽ നിനക്കു സ്തുതി. മൂന്നു ക്നൂമാകളോടും ഏക സാരാംശത്തോടും കൂടിയവനും ലോകങ്ങളുടെ സ്രഷ്ടാവും സകലത്തിൻമേലും അധികാരിയുമായ ദൈവമേ! നിനക്കു സ്തുതി. ജീവനുള്ള യേശുമിശിഹാ! നിന്റെ പിതാവിനോടും നിന്റെ വിശുദ്ധ റൂഹായോടും കൂടെ എന്നേക്കും നിനക്കു സ്തുതി. നിന്റെ രൂപത്തിൽ നീ ഞങ്ങളെ സൃഷ്ടിച്ചതിനാൽ നിനക്കു സ്തുതി. ജീവൻ നൽകുന്ന നിന്റെ മരണത്താൽ നീ ഞങ്ങളെ രക്ഷിച്ചതിനാൽ നിനക്കു സ്തുതി. ഞങ്ങളുടെ ബലഹീനവർഗ്ഗത്തെ നീ ഏറ്റം കാത്തുകൊണ്ടതിനാൽ നിനക്കു സ്തുതി. നീ ഏറ്റം ഹീനപ്പെട്ടതിനാൽ നിനക്കു സ്തുതി. ശ്ലീഹന്മാർക്ക് സഹോദരനായിത്തീരുകയും വഴിയിൽ അവരോടു കൂടെ നടക്കുകയും ചെയ്യത്തക്കവണ്ണം നീ ഏറ്റം വിനയപ്പെട്ടതിനാൽ നിനക്കു സ്തുതി. നിന്റെ ശിഷ്യന്മാരെ സ്നേഹിക്കയും അവരെ ലോകത്തിലേക്ക് അയയ്കുകയും നിങ്ങൾ പോയി സർവ്വജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ എന്നും ലോകാവസാനത്തോളം എല്ലായ്പോഴും ഞാൻ നിങ്ങളോടുകൂടെ ഉണ്ടെന്നും അവരോടു കല്പിക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. നിന്റെ സ്നേഹത്തെക്കുറിച്ച് ഞങ്ങൾ വിസ്മയിക്കുകയും നിന്റെ മനുഷ്യപ്രീതിയെക്കുറിച്ച് ഞങ്ങൾ



അത്ഭുതപ്പെടുകയും ഞങ്ങളുടെ ഹൃദയകണ്ണുകൾ നിങ്കലേക്ക് പതിക്കുകയും ചെയ്തുകൊണ്ട് നിന്റെ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ താമസിക്കുകയും യാദൃച്ഛികമായി ചെന്നുചേരുകയും ചെയ്യുന്ന എല്ലായിടത്തും ഞങ്ങൾ യാത്ര ചെയ്യേണ്ടിവരുന്ന എല്ലാവഴികളിലും യാത്രയിലും ഞങ്ങളുടെ ആശ്വാസത്തിനും സഹായത്തിനുമായിട്ട് നിന്നെ ഞങ്ങൾക്ക് അയച്ചുതരത്തക്കവണ്ണം നിന്റെ പിതാവിനെ ഞങ്ങളോടു യോജിപ്പിക്കണമെ. നീ ഞങ്ങളുടെ മുമ്പിൽ വഴി തെളിക്കുന്നവനായിരിക്കണമെ. നിന്റെ പരിശുദ്ധ ശ്ലീഹന്മാരോടുകൂടെ നീ ഇരുന്നപ്രകാരം നീ ഞങ്ങളോടുകൂടെ ഇരിക്കണമെ. ഞങ്ങൾ വഴിയിൽക്കൂടി നടക്കുമ്പോൾ നിന്നേക്കുറിച്ച് വിചാരിക്കയും സംസാരിക്കയും ചെയ്തുകൊണ്ട് ഞങ്ങൾ നിന്നിൽ നടക്കുമാറാകണമെ. നിന്നാൽ സകല ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ കാത്തുകൊള്ളപ്പെടുമാറാകണമെ. ഞങ്ങളുടെ കണ്ണുകൾ അന്യകാഴ്ചകളിൽനിന്ന് നിന്നാൽ കാത്തുകൊള്ളപ്പെടുമാറാകണമെ. നിന്റെ കൃപയ്ക്ക് അനുയോജ്യമല്ലാത്ത എല്ലാ വചനങ്ങളിൽനിന്നും ഞങ്ങളുടെ കൈകൾ അഹങ്കാരത്തോടെ നീട്ടപ്പെടാതിരിപ്പാനും നിന്നാൽ ഞങ്ങൾ കാത്തുകൊള്ളപ്പെടുമാറാകണമെ. ഞങ്ങളുടെ കാലുകൾ നിന്റെ വഴിവിട്ടു നടക്കാതെയും തിന്മയാകുന്ന കെണിയിൽ അകപ്പെടാതെയും പാമ്പുകടികൊള്ളാതെയും ദുഷ്ടജന്തുവിനാലും തേളിനാലും ഉപദ്രവിക്കപ്പെടാതെയും ദുഷ്ടമനുഷ്യരാൽ തകർക്കപ്പെടാതെയും നിന്നാൽ കാത്തുകൊള്ളപ്പെടുമാറാകണമെ. കർത്താവേ! വ്യസനം കൂടാതെ ഞങ്ങളുടെ ബോധങ്ങളെയും ഉപദ്രവം കൂടാതെ ഞങ്ങളുടെ ശരീരത്തെയും കാത്തുകൊള്ളണമെ. അനാവശ്യകാര്യങ്ങളെ വിചാരിക്കാതെ ഞങ്ങളുടെ ബുദ്ധിയെയും ജഡമോഹങ്ങളിൽ ഉൾപ്പെട്ടു തളർന്നുപോകാതെ

ഞങ്ങളുടെ മനസ്സിനെയും കാത്തുകൊള്ളണമെ. നിന്റെ മഹത്വത്തിനു ചേരാത്ത സകലത്തെയും ഞങ്ങളിൽനിന്ന് ഉരിഞ്ഞുകളയണമെ. നിന്റെ കൃപയെ ഞങ്ങളിൽ പുതുതാക്കണമെ. നിന്റെ ഇഷ്ടം ചെയ്‌വാനും നിന്റെ കൂടെ നിന്റെ പിതാവിന്റെയും നിന്റെ വിശുദ്ധ റൂഹായുടെയും അടുക്കലേക്കു യാത്ര ചെയ്‌വാനും നിന്റെ രാജ്യത്തിൽ അവകാശികളായിരിപ്പാനും നിന്റെ കൃപയാൽ നിന്റെ കൂടെ ജീവിപ്പാനും നിന്റെ കൃപയും കരുണയും കൈക്കൊള്ളുവാനും നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമെ. ആമ്മീൻ.

### ചൊവ്വാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥന

ദൈവമായ കർത്താവേ! അനുതാപത്താലും മനസ്സുതിരിവിന്റെ കണ്ണുനീരുകളാലും ഞങ്ങളെ വെടിപ്പാക്കണമെ. സകല അഴുക്കിൽനിന്നും പാപത്തിന്റെ മാലിന്യത്തിൽനിന്നും കറയിൽനിന്നും ഞങ്ങളെ ഒഴിവാക്കണമെ. കർത്താവും ദൈവവുമേ! എല്ലായ്പോഴും എന്നേക്കും വിജയകരമായ ജീവിതം ഞങ്ങൾക്കു നൽകണമെ.

കർത്താവേ! ഞങ്ങളോടു കരുണചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം എന്നന്നേക്കും നിന്നെ ഞങ്ങൾ സ്തുതിച്ച് വന്ദിക്കുകയും നിന്റെ തിരുനാമത്തിനു സ്തോത്രം പാടുകയും ചെയ്യുമാറാകണമെ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ യാചനകൾക്കു നിന്റെ കരുണയുടെ ഭണ്ഡാരപ്പുര തുറന്നുതരണമെ. ഞങ്ങളുടെ മുട്ടു തീർക്കുവാൻ നിന്റെ നന്മകൾ ഞങ്ങൾക്കു ഒഴുക്കിത്തരണമെ. ഞങ്ങളുടെ ഇടയിൽനിന്ന് തർക്കങ്ങളെ



നീക്കിക്കളയണമെ. നിന്റെ നിരപ്പും സമാധാനവും ദയവോടുകൂടിയ സ്നേഹവും ഞങ്ങളുടെ ഉള്ളിൽ വസിക്കുമാറാകണമെ. ശത്രുവായ ദുഷ്ടന്റെ ഉപദ്രവങ്ങളിൽനിന്നും ഞങ്ങളുടെ ജീവിതത്തെ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരുണയോടെ മറച്ചുകൊള്ളണമെ.

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കൂബിന്റെയും ദൈവമായ കർത്താധികർത്താവേ! നീ ഞങ്ങൾക്കു യുദ്ധത്തിൽ ജയം നൽകുന്നവനും ഞങ്ങളുടെ കുറ്റങ്ങളെ മറച്ചുകൊള്ളുന്നവനും ആയിരിക്കണമെ. ഞങ്ങളുടെ കുറ്റങ്ങൾക്കു പരിഹാരം ചെയ്യുന്നവനും ഞങ്ങളുടെ വിശ്വാസത്തെ കാത്തുകൊള്ളുന്നവനും ഞങ്ങളുടെ പാപവികാരങ്ങളെ നീക്കിക്കളയുന്നവനും ആയിരിക്കണമെ. ഞങ്ങളുടെ ശത്രുക്കളെ ഓടിച്ചുകളയണമെ. ഞങ്ങൾ ഭയപ്പെടുന്നവരിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ വിചാരങ്ങളെ പ്രകാശിപ്പിക്കണമെ. നിന്റെ ശ്രേഷ്ഠതയ്ക്കു കീഴ്പെടുന്നവരും അനുസരണമുള്ളവരുമായിട്ട് ഞങ്ങളെ ആക്കുകയും ചെയ്യണമെ. അത് ദൈവമാതാവായ മറിയാമിന്റെയും നിന്നെ ഇഷ്ടപ്പെടുത്തുന്നവരായ സകല ശുദ്ധിമാന്മാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

### ചൊവ്വാഴ്ച മദ്ധ്യാഹനപ്രാർത്ഥന

കാരുണ്യവാനും ദയവാനും കൃപയുള്ളവനും ദീർഘക്ഷമയുള്ളവനും ഉത്തമനും ആർദ്രതയുള്ളവനും രഹസ്യങ്ങളെ അറിയുന്നവനുമായ മിശിഹാതമ്പുരാനേ! ഞാൻ നിന്റെ തിരുമുമ്പിൽ ചെയ്തിട്ടുള്ള പാപങ്ങളിൽനിന്ന് വിടുതൽ പ്രാപിപ്പാൻ എനിക്കു ബോധം നൽകിയതുകൊണ്ട് ഇപ്പോൾ നിന്റെ

ദയവിനോട് എന്റെ പാപങ്ങൾക്കും കുറ്റങ്ങൾക്കും മോചനം യാചിക്കുന്നു. കൃപയോടെ എന്റെ പാപവേദനകളെ സുഖപ്പെടുത്തുകയും എന്റെ തെറ്റുകൾക്ക് മാപ്പുതരികയും ചെയ്യണമെ. നിന്റെ ശരണത്തിൻമേൽ മരിച്ചുപോയിരിക്കുന്ന വിശ്വാസികളെ, നിന്റെ ഇഷ്ടം പ്രവർത്തിച്ചിട്ടുള്ള പരിശുദ്ധന്മാരുടെ കൂടാരങ്ങളിൽ ആശ്വസിപ്പിക്കണമെ. ഞങ്ങളും അവരും കൂടി നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഒരുമിച്ച് സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുമാറാകണമെ.

എന്റെ സ്രഷ്ടാവേ! നിന്റെ ദൈവത്വത്തിന്റെ ധാരാളമായ കരുണകളാൽ കൃപയോടെ എന്നെ രക്ഷിക്കണമെ എന്ന് നിന്നോട് ഞാൻ അപേക്ഷിക്കുന്നു. നിന്റെ കൃപയിലും കരുണയിലുമല്ലാതെ എനിക്കു വേറെ ശരണവും ആശ്രയവും ഇല്ല. കർത്താവായ യേശുമിശിഹാ! സങ്കടകരമായ കണ്ണുനീരോടുകൂടി നിന്റെ ദൈവത്വത്തോടു ഞാൻ പ്രാർത്ഥിക്കുന്നു. വർണ്ണിക്കപ്പെടാവതല്ലാത്ത നിന്റെ ആർദ്രകരുണകളാൽ എന്റെ ജീവകാലമൊക്കെയും എന്റെ ബലഹീനതയ്ക്കു നീ സഹായിക്കണമെ. അശുദ്ധപിശാചുക്കളുടെ വഷളത്വത്തിൽനിന്ന് എന്റെ ആത്മാവിനെ രക്ഷിക്കണമെ. നിന്റെ കൃപയാൽ എന്റെ സർവ്വ കുറ്റങ്ങൾക്കും പാപങ്ങൾക്കും അകൃത്യങ്ങൾക്കും നിന്റെ സന്നിധിയിൽനിന്ന് മോചനം നൽകണമെ. ദീർഘക്ഷമയുള്ളവനും കൃപയും സത്യവും വളരെയുള്ളവനുമായ ദൈവമേ! ഞാൻ നിന്നോടപേക്ഷിക്കുന്ന ഈ സമയത്ത് എന്റെ ബലഹീനതയിലേക്കു നീ തിരിഞ്ഞുനോക്കണമെ. കർത്താവേ! നിന്റെ കരുണയാൽ എന്റെ ബലഹീനതയെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു എന്ന് പിശാചുക്കൾ കണ്ട് ലജ്ജിപ്പാനും നിന്റെ പരിശുദ്ധ



തിരുനാമത്തെ എന്നന്നേക്കും മഹത്വപ്പെടുത്തുവാനും ആയിട്ട് നിന്റെ കൃപയാൽ കാരുണ്യത്തിന്റെ നല്ല അടയാളം എന്നിൽ സ്ഥാപിക്കണമെ. ആമ്മീൻ.

### ചൊവ്വാഴ്ച ഒമ്പതാംമണിനേരത്തെ പ്രാർത്ഥന

കർത്താവേ! നീയല്ലാതെ എന്റെ ആശ്രയം ആരാകുന്നു. നിന്റെ രഹസ്യങ്ങൾ എത്രയും വിസ്മയിക്കത്തക്കവയാകയാൽ നിനക്കു സ്തുതി. നിന്റെ ശോഭയാൽ എല്ലായ്പോഴും ശോഭിച്ചുകൊണ്ടിരിക്കുന്ന നിന്റെ സ്നേഹിതന്മാർ ഭാഗ്യവാന്മാരാകുന്നു. നീ നിന്നെത്തന്നെ അവർക്കു സമ്മാനമായി കൊടുക്കുന്ന എന്റെ ദൈവമേ! നിന്റെ കൃപയാൽ ദുർവികാരങ്ങളാകുന്ന വസ്ത്രങ്ങൾ എന്നിൽനിന്ന് ഉരിഞ്ഞുകളയണമെ. ഞാൻ ഈ ലോകം വിടുന്നതിനു മുമ്പ് നിന്റെ പരിശുദ്ധ പ്രകാശമാകുന്ന വസ്ത്രം എന്നെ ധരിപ്പിക്കണമെ. എന്റെ കർത്താവേ! നിന്റെ കാഴ്ചയുടെ ശോഭ എനിക്കു ആഹാരമായിട്ടു തരണമെ. നിന്റെ നിത്യതയുടെ മടിയിൽ മറവായിരിക്കുന്ന രഹസ്യങ്ങൾ സന്തോഷിപ്പിക്കുന്ന പാനീയമായിട്ട് എനിക്കു വെളിപ്പെടുത്തണമെ. എന്റെ കർത്താവേ! എന്നെ നിന്റെ ഏകപുത്രന്റെ ശരീരത്തിൽ അവയവമാക്കിത്തീർക്കണമെ. നല്ലവനായ പിതാവേ! ഞാൻ അയോഗ്യനെങ്കിലും നിന്നേയുള്ള സ്നേഹവും ഭക്തിയും എനിക്കു നൽകണമെ.

പിശാചുക്കളുടെ അസൂയയ്ക്കു പാത്രമായിരിക്കുന്ന നിന്റെ ജാതിയെ നിന്റെ സ്ലീബായുടെ ചിറകിൻകീഴെ മറച്ചുകൊള്ളണമെ. വിശ്വാസികളായ മരിച്ചുപോയവരുടെ മുഖത്തു നിന്റെ പ്രകാശത്തെ ശോഭിപ്പിക്കുകയും ചെയ്യണമെ. ദൈവമേ! എന്നന്നേക്കും നിനക്കു സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

## ബുധനാഴ്ച സന്ധ്യാപ്രാർത്ഥന

സകലത്തിന്റെയും നിർമ്മിതാവും സകലത്തെയും ക്രമപ്പെടുത്തുന്നവനുമായ ദൈവമേ! ഈ സന്ധ്യാസമയത്ത് എന്റെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഈ ദിവസത്തിന്റെ അന്ത്യത്തിലേക്ക് എന്നെ നീ കൊണ്ടുവന്നടുപ്പിച്ചതിനാൽ നിന്റെ മാന്യതിരുനാമത്തെ ഞാൻ വന്ദിക്കുന്നു. അന്ധകാരത്തിന്റെ ക്രിയകളിൽനിന്നും രാത്രി സ്വപ്നംമൂലമുള്ള മായാമോഹങ്ങളിൽനിന്നും സാത്താന്റെ പ്രേരണയിൽനിന്നും എന്നെ നീ കാത്തുരക്ഷിക്കണമെയെന്ന് നിന്റെ കരുണയോടു ഞാൻ അപേക്ഷിക്കുന്നു. ശാന്തതയും വിനയവും എനിക്കു നൽകണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! സ്തോത്രത്തോടുകൂടെ അതികാലത്തെ നിന്റെ അടുക്കൽ വരുവാനും വെടിപ്പുള്ള സ്തുതിപ്പുകളെ നിനക്കു പാടുവാനുമായിട്ട് എന്നെ കൊണ്ടുവന്നടുപ്പിക്കണമെ. ആമ്മീൻ.

എന്റെ കർത്താവേ! നിന്റെ കൃപയാൽ ഈ സമയത്ത് മണ്മയനായ എന്റെ സ്തുതിപ്പിനെ ഉടമ്പില്ലാത്തവരും ഈ ലോകത്തിനു മേലുള്ളവരുമായ കൂട്ടങ്ങളുടെ നിർമ്മലവും വിശുദ്ധവുമായ സ്തുതിപ്പുകളോടു കൂടെ ചേർക്കണമെ. നിന്നെ സ്തുതിക്കുന്നവരുടെ സ്തുതിപ്പിനെ അനുയോജ്യമായ അത്മീക ശബ്ദത്തോടുകൂടെ ഞാനും സ്തുതിക്കുകയും നിന്നെ പുകഴ്ത്തി പ്രാബല്യപ്പെടുത്തുകയും ചെയ്യുമാറാകണമെ. നീങ്ങിപ്പോകാത്തതായ വാഴ്വുകളും കുറ്റങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും എന്നേക്കുമുള്ള പുതിയ ജീവനും നിന്നിൽനിന്ന് ഞാൻ പ്രാപിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.



## ബുധനാഴ്ച സൂത്താറാ പ്രാർത്ഥന

ദൈവത്തിന്റെ വചനമായ ഞങ്ങളുടെ മിശിഹാ തമ്പുരാനേ! ഇപ്പോൾ ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. നിന്റെ കൃപയാൽ ഞങ്ങളുടെ അടുക്കലേക്ക് നീ ചെവിചായിച്ച് പാപികളായ ഞങ്ങളുടെ സ്തുതിപ്പുകളെ കൈക്കൊള്ളണമേ. അന്ധകാരത്തിൽനിന്ന് ഞങ്ങൾ ഓടിഒളിച്ചുകൊണ്ട് ഇരുട്ടുള്ള രാത്രിയാൽ ആക്രമിക്കപ്പെടാത്ത പകലിലേക്കു ചെന്നുപറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളെ അലട്ടുന്ന പാപവികാരങ്ങളിൽനിന്നും ഞങ്ങളെ അകപ്പെടുത്തുവാൻ പതിയിരിക്കുന്ന ദുഷ്ടപിശാചുക്കളുടെ കെണിയിൽനിന്നും ഞങ്ങളെ വിമുക്തരാക്കണമെ. ഞങ്ങളുടെ ലോകമോദങ്ങൾ നിമിത്തം ആകെൽക്കറുസ്സായ്ക്കു ഞങ്ങളെ ഏല്പിച്ചുകൊടുക്കാതെ നിന്റെ പരിശുദ്ധന്മാരോടുകൂടിയുള്ള ആശ്വാസത്തിന് ഞങ്ങളെ യോഗ്യരാക്കണമെ. സാത്താൻ ഞങ്ങളുടെ കിടക്കയോട് അടുക്കാതെയും ദുർവിചാരങ്ങൾ ഞങ്ങളിൽ ജനിപ്പിക്കാതെയും ഇരിക്കുന്നതിന് ഞങ്ങളുടെമേൽ നീ കാവലാകണമെ. നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിച്ച് വന്ദിപ്പാനായി ഉറക്കത്തിൽനിന്ന് ഞങ്ങളെ ഉണർത്തി എഴുന്നേല്പിക്കുകയും ചെയ്യണമെ. ആമ്മീൻ.

## ബുധനാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

ദൈവമേ! ശരീരത്തിന്റെ ഉറക്കത്തെ ഞങ്ങളിൽനിന്നു നീക്കിക്കളയണമെ. ഉണർവ്വോടുകൂടെ നിന്റെ പരിശുദ്ധ തിരുനാമത്തെ ഓർപ്പാനും നിന്റെ ഉത്തമമായ നീതിന്യായങ്ങളെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്വാനും ഞങ്ങൾക്കു കൃപയരുളണമെ. മനുഷ്യസ്നേഹമുള്ളവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ ഹൃദയകണ്ണുകളെ

നീ പ്രകാശിപ്പിക്കണമെ. മരണകരമായ ഉറക്കം ഞങ്ങൾ ഉറങ്ങുമാറാകരുതേ. ദുർദർശനങ്ങളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. നിന്റെ കല്പനകൾ ആചരിപ്പാൻ ഞങ്ങൾക്കു സംഗതിയാക്കണമെ. കർത്താവേ! രാവും പകലും നിന്റെ വേദപ്രമാണങ്ങളെ ഞങ്ങൾ ധ്യാനിക്കുകയും നിന്റെ തിരുവിഷ്ടം ഞങ്ങൾ നിവർത്തിക്കുകയും ചെയ്യുമാറാകണമെ. അന്ധകാരത്തിന്റെയും പാപത്തിന്റെയും ക്രിയകളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. സാത്താന്റെ അടിമയിൽനിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമെ. നിന്റെ പരിശുദ്ധന്മാരോടുകൂടെ ഞങ്ങളെ ഓഹരിക്കാരാക്കണമെ. ഞങ്ങളെ പ്രകാശത്തിന്റെയും പകലിന്റെയും മക്കളാക്കിത്തീർക്കണമെ. കർത്താവേ! സകല സൽപ്രവൃത്തികളും വിശുദ്ധിയും കൊണ്ട് എന്നന്നേക്കും ഞങ്ങൾ നിന്നെ സ്തുതിച്ച് പുകഴ്ത്തുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

### 2-ാം കൗമാ

തന്റെ ഉദയത്താൽ ലോകങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്ന സത്യപ്രകാശമായ യേശുവേ! എന്റെ അകൃത്യങ്ങളുടെ മോചനത്തെ കാണുവാൻ എന്റെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കണമെ. എന്റെ പ്രധാനപ്രശംസയായ യേശുവേ! നിന്നാൽ ഞാൻ നന്മകളെ കൈക്കൊള്ളുകയും നിന്നാൽ എന്നിൽ അറിവുദിക്കുകയും ചെയ്തതിനാൽ എല്ലാസമയത്തും ഞാൻ നിന്നെ മഹത്വപ്പെടുത്തുമാറാകണമേ. എന്റെ കർത്താവും രക്ഷിതാവുമായവനേ! കുറ്റങ്ങളാകുന്ന കാടുപടർപ്പുകളെയും പാപമാകുന്ന കടുത്ത മുള്ളുകളെയും എന്നിൽനിന്ന് ഉന്മൂലനം ചെയ്യണമെ. സത്യപ്രകാശവും നിത്യജീവനും ആകുന്ന നിന്നാൽ ഞാൻ പ്രകാശിക്കുകയും ജീവിക്കുകയും ചെയ്യുമാറാകണമെ. ഞാൻ വീണ്ടും പാപം ചെയ്യാതിരിപ്പാനായിട്ട് എന്റെ ഹൃദയത്തിന്റെ അറകളെ നിന്നെയുള്ള ഭക്തികൊണ്ടും



നിന്നെക്കുറിച്ചുള്ള അറിവുകൊണ്ടും നിറയ്ക്കണമെ. നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ വെടിപ്പുള്ള പ്രാർത്ഥന കഴിപ്പാനായിട്ട് ദുർവികാരങ്ങളാകുന്ന കാരാഗൃഹത്തിൽനിന്ന് എന്റെ നിരൂപണയെ പുറപ്പെടുവിക്കണമെ. സത്യസ്നേഹത്തിന്റെ ഭംഗിയോടുകൂടെ എന്റെ ബോധത്തെ നിന്റെ അടുക്കൽ നിറുത്തണമെ. നിന്റെ അടുക്കലേക്കുള്ള ഓട്ടത്തിൽനിന്ന് എന്റെ ജീവിതത്തെ തടസ്സപ്പെടുത്തുന്ന ഉദാസീനതയെ എന്നിൽ നീ ശേഷിപ്പിക്കരുതെ. നിന്റെ നീതിയുടെ ഭയങ്കരവും ഉഗ്രവുമായ ശിക്ഷാവിധിയിൽനിന്ന് എന്നെ രക്ഷിക്കണമെ. ഞാൻ എന്നേക്കും നിന്നെ സ്തുതിപ്പാനായിട്ട് ഉയരത്തിലെ സംഗതികളെക്കുറിച്ചുള്ള ധ്യാനത്തിൽ എന്റെ ആത്മശക്തിയെ ചലിപ്പിക്കുകയും ചെയ്യണമെ. ആമ്മീൻ.

### 3-ാം കൗമാ

കാരുണ്യവാനായ കർത്താവേ! നിന്റെ അറിവിൻ പ്രകാശത്തെ എന്നിൽ ഉദിപ്പിക്കണമെ. അനശ്വരമായ നിത്യസന്തോഷത്തിന് എന്നെ യോഗ്യനാക്കണമെ. നിന്റെ സോപ്പാകൊണ്ട് എന്റെമേൽ തളിച്ച് എന്നെ ശുദ്ധീകരിച്ച് വെൺമയാക്കണമെ. നിന്നെ സ്തുതിക്കുന്നതിൽനിന്നും നിന്റെ വിസ്മയങ്ങളെക്കുറിച്ചുള്ള ധ്യാനത്തിൽനിന്നും ഞാൻ ഒഴിഞ്ഞിരിക്കാതിരിപ്പാനായിട്ട് എന്റെ ഹൃദയ പലകകളിൻമേൽ നിന്റെ വിശുദ്ധ ഓർമ്മയുടെ മുദ്ര കുത്തണമെ. നിന്റെ സംക്ഷേപിക്കപ്പെടാവതല്ലാത്തതും മഹത്വമുള്ളതുമായ അവസ്ഥയെക്കുറിച്ചുള്ള വിസ്മയത്താൽ ഞാൻ ആനന്ദിപ്പാനായിട്ട് സദാനേരത്തും നിന്റെ സന്നിധിയിൽ എന്നെ നിറുത്തണമേ. എല്ലായ്പോഴും നിന്റെ സഹായങ്ങളുടെ ശക്തി എന്നിൽ വസിപ്പിക്കണമെ. ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഞാൻ നിന്നെ സ്തോത്രം ചെയ്തു വന്ദിപ്പാനായിട്ട് നിന്റെ പരിശുദ്ധ സ്നേഹത്തെക്കുറിച്ചുള്ള താല്പര്യത്തിൽ എന്റെ ഹൃദയത്തെ ബന്ധിക്കുകയും ചെയ്യണമേ. ആമ്മീൻ.

ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി. ഹാലേ.... ഉഹാലേ..... ഉഹാലേ......ദൈവമേ! ഹാലേ.... ഉഹാലേ..... ഉഹാലേ......ദൈവമേ!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. മൊറിയൊ........

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ.......ഇത്യാദി 30-ാം വശത്ത്.

ത്രിത്വത്തിനു സ്തുതി......ഇത്യാദി 31-ാം വശത്ത്.

എല്ലാവരും സത്യഅറിവിലേക്കു വരുവാൻ ആഗ്രഹിക്കുന്നവനായി സകലത്തിന്റെയും ഉടയവനും സർവ്വശക്തനുമായ കർത്താവേ! നിന്റെ ദൈവിക വചനങ്ങളുടെ അറിവ് എനിക്കു തുറന്നുതരണമെ. നിന്റെ തിരുവിഷ്ടത്തിന്റെ കാരുണ്യം എന്റെ ബോധത്തിന്റെ ഉള്ളിൽ നീ വെളിപ്പെടുത്തണമെ. നിന്റെ കരുണകളുടെ അടുക്കലേക്കു എന്റെ ഉൾക്കണ്ണുകളെ ഉയർത്തണമെ. ദുഷ്പ്രവൃത്തികൾക്കു നിർബന്ധിക്കുന്നതായ വികാരത്തിൽ എന്റെ ഹൃദയം അശുദ്ധപ്പെടാതിരിപ്പാനായിട്ട് പാപത്തിന്റെ വേരിനെ എന്നിൽനിന്ന് ചുവടെ പറിച്ചുകളയണമെ. അതിന്റെ ഫലങ്ങളെ ഉതിർത്തുകളയുകയും അതിന്റെ കൊമ്പുകളെ ഉണക്കുകയും ചെയ്യണമെ. ഞാൻ നിന്നോട് പാപം ചെയ്യാതിരിപ്പാനായിട്ട് നിന്നേയുള്ള ഭയഭക്തിയുടെ ഭാരം എന്റെമേൽ വയ്ക്കണമെ. നിന്റെ തിരുവിഷ്ടത്തിന് പ്രീതിയുള്ളതായ വെടിപ്പുള്ള പ്രാർത്ഥന എനിക്കു നൽകണമെ. എന്റെ ഹൃദയത്തിന്റെ അഗാധത്തിൽനിന്ന് നിന്നെ വിളിപ്പാൻ എനിക്കു ജ്ഞാനം നൽകണമെ. നിനക്കിഷ്ടമുള്ള അറിവ് എന്റെ ഹൃദയത്തിൽ ഉദിപ്പിക്കണമെ. എന്റെ നടപടികളുടെ ഉദാസീനതമൂലം ഞാൻ ചെയ്തുപോയിട്ടുള്ള പാപങ്ങളിൽനിന്ന് കഴുകപ്പെടുവാനായിട്ട് ചൂടുള്ള കണ്ണുനീരുകളുടെ ഉറവ എന്റെ ഹൃദയത്തിൽ തുറക്കണമെ. ജീവൻ നൽകുന്ന



നിന്റെ കല്പനകളെ ആചരിപ്പാനും നിന്നിൽ സന്തോഷിപ്പാനും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിന്നെ സ്തോത്രം ചെയ്യുവാനും എന്നെ യോഗ്യനാക്കിത്തീർക്കുകയും ചെയ്യണമെ. ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!......ഇത്യാദി 34-ാം വശത്ത്.

## ബുധനാഴ്ച പ്രഭാതപ്രാർത്ഥന

51-ാം മസുമൂറാ 4-ാം വശത്ത്.

ദൈവമേ! നീ എന്നോടു ചെയ്തിട്ടുള്ള സർവ്വ കൃപകൾക്കുംവേണ്ടി ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു. ഞാൻ അയോഗ്യനെങ്കിലും നിന്നോടുള്ള സ്നേഹവും ഭയഭക്തിയും എനിക്കു തരേണമേ എന്ന് നിന്നോടു ഞാൻ യാചിക്കുന്നു. എന്റെ ജീവനു ഗുണവും നിന്റെ കർത്തൃത്വത്തിന് ഇഷ്ടവും ആയിരിക്കുന്ന പ്രകാരം എന്നോടു പ്രവർത്തിക്കണമെ. നിന്റെ നല്ല തിരുവിഷ്ടപ്രകാരം എന്നെ നടത്തണമെ. എല്ലായ്പോഴും നിന്റെ തിരുവിഷ്ടം എന്നിൽ നിവർത്തിക്കപ്പെടുമാറാകണമെ. കർത്താവായ യേശുമിശിഹാ! എല്ലാ മനുഷ്യരെക്കാൾ അധികമായിട്ടും എല്ലാവരെപ്പോലെയും നിന്റെ തിരുമുമ്പാകെയും ഞാൻ പാപിയാകുന്നു എന്ന് ഏറ്റുപറഞ്ഞുകൊണ്ട് എന്റെ പാപങ്ങൾക്കു മോചനം നിന്നോടു ഞാനപേക്ഷിക്കുന്നു. നീ കരുണയുള്ള ദൈവമാകുന്നുവല്ലൊ. ഞാൻ ജനിച്ചതുമുതൽ ഇതുവരെയും നിന്നോടും മനുഷ്യരോടും ചെയ്തിട്ടുള്ള സകല അകൃത്യങ്ങളും എന്നോടു മോചിക്കണമെ. നീ കാരുണ്യവാനാകകൊണ്ട് എന്നോടു കുറ്റം ചെയ്തിട്ടുള്ള എല്ലാവർക്കും നീ മോചനം നൽകണമെ. നീ കരുണയുടെ കടലാകുന്നുവെന്നും ഞങ്ങളുടെ പാപം നിന്റെ

മഹാസമുദ്രത്തിൽ ഒരുതുള്ളി ചെളിപോലെ ആയിരിക്കുന്നു വെന്നും ഒരു തുള്ളി ചെളി മഹാസമുദ്രത്തെ കലക്കുവാൻ കഴിയുന്നതല്ലെന്നും പറഞ്ഞിട്ടുണ്ടല്ലോ. ആകയാൽ ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമെ. എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എല്ലായ്പോഴും എന്റെ നേരെ ഇരിക്കുന്നു. കർത്താവായ യേശുമിശിഹാ! എന്നെ പ്പോലെയുള്ള ദുഷ്ടൻമാർക്കും പാപികൾക്കും ഒരുക്കപ്പെട്ടിരിക്കുന്ന അഗ്നിനരകത്തിൽനിന്നും അതിവേദനകളിൽനിന്നും എന്നെ രക്ഷിക്കണമെ. അവരുടെ അഗ്നി കെടാതെയും പുഴു ചാകാതെയും ഇരിക്കുന്നുവല്ലൊ. പരലോകത്തിൽ നിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവർക്ക് ഒരുക്കപ്പെട്ടിരിക്കുന്ന പരമാനന്ദത്തിനും എന്നെ യോഗ്യനാക്കണമെ. നിന്നെ സ്നേഹിക്കുന്നവർക്കു നീ ഒരുക്കിവച്ചിട്ടുള്ളതിനെ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യഹൃദയത്തിൽ കയറീട്ടുമില്ല. ചുങ്കക്കാരെയും വേശ്യാസ്ത്രീകളെയും സ്വല്പനേരംകൊണ്ട് നീതിനിഷ്ഠരാക്കിതീർത്ത നിനക്ക് ആയിരമായിരങ്ങളായും പതിനായിരം പതിനായിരങ്ങളായും ഉള്ള പാപങ്ങളെ സ്വല്പ നേരം കൊണ്ട് മോചിപ്പാൻ ഒരു പ്രയാസവുമില്ലല്ലൊ. ആയതുകൊണ്ട് നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്തെ പ്രതിയും നിന്റെ അടുക്കൽ ധൈര്യത്തോടുകൂടെ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന മാതാവിനെപ്രതിയും നിന്റെ സകല പരിശുദ്ധന്മാരുടെ പ്രാർത്ഥനയെപ്രതിയും അയോഗ്യനായ എന്റെ മഹാപാപങ്ങൾക്കും എന്റെ കഠിനകുറ്റങ്ങൾക്കും പരിഹാരം വരുത്തണമേ. നീ കാരുണ്യവാനും മഹാകൃപയുള്ള



വനും ഞങ്ങളുടെ ജീവനുവേണ്ടി ഉത്സാഹിക്കുന്നവനും ആകുന്നുവല്ലൊ. കർത്താവായ യേശുമിശിഹാ! നീ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതുമായ സകലത്തിൽനിന്നും നിനക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി നിന്നെ അയച്ച പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും വന്ദനവും യോഗ്യമാകുന്നു. ആമ്മീൻ.

### ബുധനാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥന

ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ! നിന്റെ തിരുവിഷ്ടം പ്രവർത്തിപ്പാൻ എന്റെ ബലഹീനതയെ ശക്തിപ്പെടുത്തണമെ. എന്റെ സ്രഷ്ടാവാകുന്ന മിശിഹാ! വെടിപ്പോടും വിശുദ്ധിയോടും കുറ്റംകൂടാതെയും മലിന്യം കൂടാതെയും നിന്റെ തിരുമുമ്പാകെ നിന്ന് പ്രാർത്ഥിപ്പാൻ നിന്റെ ദൈവത്വത്തിന്റെ ആദ്യന്തമില്ലാത്ത കരുണകളാൽ എന്നെ സഹായിക്കണമേ. എന്റെ സത്യ ശരണവും ബലമുള്ള ആശ്രയവും എന്റെ ബലഹീനതയുടെ അഭയസ്ഥാനവുമായ യേശുമിശിഹാ! നിനക്കു തിരുവിഷ്ടമുണ്ടായി എന്റെ എളിയ ആത്മജീവനെ നാശത്തിൽനിന്നു രക്ഷിക്കണമെ. നിന്റെ കൃപയ്ക്കു തിരുവിഷ്ടമുണ്ടായിട്ട് ഇല്ലായ്മയിൽനിന്ന് എന്നെ സൃഷ്ടിച്ചുണ്ടാക്കിയതുപോലെ കുറ്റക്കാരനായ എന്റെ മേൽ തിരുവിഷ്ടമുണ്ടായി എന്റെ ജീവകാലമെല്ലാം നിന്റെ ദൈവത്വത്തിന്റെ ഇഷ്ടം പ്രവർത്തിപ്പാനും നിവർത്തിപ്പാനും എന്നെ ശക്തിപ്പെടുത്തി സഹായിക്കണമെ. ഉത്തമനും ദയവാനുമായ കർത്താവേ! എന്റെ പ്രാർത്ഥന വിശുദ്ധിയും മഹത്വവുമുള്ള നിന്റെ ആലയത്തിലേക്കു പ്രവേശിക്കുമാറാകണമെ. കർത്താവേ! ശത്രുക്കൾ എന്നിൽ ഉളവാകുന്ന അന്യവിചാരങ്ങളിൽനിന്ന് നിന്റെ കരുണയാൽ എന്നെ ഒഴിക്കണമേ.

അന്യവിചാരങ്ങൾ എന്റെ ഹൃദയത്തെ പതറിക്കാതെ നിന്റെ കൃപയാൽ എന്നെ കൂട്ടിച്ചേർക്കണമേ. എന്റെ നേരെ കോപി ച്ചിരിക്കുന്ന വിനാശകരമായ കഠിനഓളങ്ങളിൽനിന്ന് നിന്റെ കൃപയാൽ നിന്റെ ശ്രേഷ്ഠതയിലേക്ക് എന്നെ തിരിപ്പിക്കണമെ. എന്റെ കർത്താവേ! നിന്റെ ഇഷ്ടത്തിനൊത്തവണ്ണം ഞാൻ പൂർണ്ണമായി നിന്നിൽ ഒന്നായിരിപ്പാൻ എനിക്കു കൃപ നൽകണമേ. ബലഹീനനും പാപിയുമായ എന്റെ ശരണ മായ മിശിഹാ! നിന്റെ സർവ്വകൃപകൾക്കും വേണ്ടി ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് എന്റെ വായനയുടെയും ശുശ്രൂഷയു ടെയും പ്രാർത്ഥനയുടെയും സമയത്ത് നീ എന്നോടുകൂടി യിരിക്കണമേ. ആമ്മീൻ.

### ബുധനാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥന

ബർബരന്മാരും ദൈവമില്ലാത്തവരും ആത്മാക്കളുടെ സാക്ഷാൽ വൈദ്യൻ നീ മാത്രമാകുന്നുവെന്ന് നിന്നെ തിരി ച്ചറിയുവാനും നിങ്കൽ അഭയം പ്രാപിപ്പാനും ഞാൻ ആഗ്ര ഹിക്കുന്നു. ദയവാനായ കർത്താവേ! ഞാൻ നിന്നെ വെറു പ്പിക്കുകയും ശത്രുവിനെ അനുസരിക്കുകയും ചെയ്തിട്ടു ള്ളത് അല്പമൊന്നുമല്ലെന്ന് ഞാൻ അറിയുന്നതിനാൽ എന്നോടു കരുണയുണ്ടാകണമേ. ഇതാ! ഞാൻ മരിച്ചവനാ യിരിക്കുന്നു. മനുഷ്യൻ കരുണയില്ലാത്തവനായിരിക്കാതെ അന്യോന്യം കരുണചെയ്യണമെന്ന് നീ പഠിപ്പിക്കുന്നുണ്ടല്ലോ. അതുകൊണ്ട് വളരെ കരുണയും ദയവുമുള്ളവനേ! എന്റെ മേൽ കൃപയുണ്ടാകണമേ. നിങ്കൽ സാദ്ധ്യമല്ലാത്തത് ഒന്നു മില്ലല്ലോ. നീ കരുണയുടെ ഉടയവൻ ആകുന്നുവല്ലോ. എന്റെ ഹൃദയവും എന്റെ ജഡവും ഞെരുക്കത്തിലിരിക്കുന്നതു കൊണ്ട് എന്നോടുത്തരമരുളിച്ചെയ്യണമേ. കരുണയുള്ള



കർത്താവേ! ജീവിപ്പാൻ നിവൃത്തിയില്ലാത്തവണ്ണം ഞാൻ ആയിത്തീർന്നിരിക്കുന്നതിനാൽ നീ എന്നെ ജീവിപ്പിക്കണമേ. ഞാൻ സർവ്വശിക്ഷകൾക്കും യോഗ്യനാണെന്ന് എനിക്കറിയാം. ഇനി അകൃത്യങ്ങൾക്കുവേണ്ടി ഉത്തരം പറവാൻ ന്യായമായവി ധത്തിൽ ഞാൻ യോഗ്യനല്ല. എന്നെക്കുറിച്ച് വിലപിക്കുന്നതിന് ഭൂലോകത്തെ മുഴുവനും ഞാൻ വിളിച്ചാലും സാദ്ധ്യമല്ല. അതിനാൽ കർത്താവേ! നിന്റെ കരുണയോടു ഞാൻ സങ്കടം ബോധിപ്പിക്കുകയും നിന്റെ കൃപയോട് ഞാൻ പ്രാർത്ഥിക്കു കയും ചെയ്യുന്നു. നിന്റെ കോപത്താൽ എന്നെ ശാസിക്കരു തേ. നിന്റെ ക്രോധത്താൽ എന്നെ ശിക്ഷിക്കരുതേ. നീതി യുള്ള ശിക്ഷാവിധിയാൽ എന്നെ നീ അതിവേദനപ്പെടുത്ത രുതേ. ഞാൻ എല്ലാ മനുഷ്യരെക്കാൾ മഹാപാപിയാകുന്നു എന്ന് ഏറ്റുപറയുന്നു. ഇനി എന്തുചെയ്യേണ്ടു എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ എവിടേക്ക് ഓടിഒളിക്കേണ്ടു. നിന്റെ സന്നിധിയിൽനിന്ന് ഞാൻ എവിടെ മറഞ്ഞിരിക്കേണ്ടു. എനി ക്കുവേണ്ടി നിന്നോട് പ്രാർത്ഥിപ്പാൻ ആരുള്ളു. ആകാശ ത്തിലേക്കു നോക്കുവാൻ എനിക്ക് ധൈര്യമില്ല. സങ്കടമുള്ള ഹൃദയത്തോടും വിനയമുള്ള ആത്മാവോടുംകൂടെ ആ ചുങ്ക ക്കാരനെപ്പോലെ ഞാൻ നിന്റെ അടുക്കൽ നിലവിളിക്കുന്നു. ആ മുടിയനായ പുത്രനെ കൈക്കൊണ്ടതുപോലെ എന്നെ കൈക്കൊള്ളണമേ. നിന്നെ ഉപേക്ഷിച്ചുപറഞ്ഞ ശെമഓ നോട് നീ നിരപ്പായതുപോലെ എന്നോടു നിരപ്പാകണമേ. എന്റെ കർത്താവേ! നിന്റെ തിരുശരീരം എന്നെ ഭക്ഷിപ്പിക്കു കയും നിന്റെ തിരുരക്തം എന്നെ കുടിപ്പിക്കുകയും നിന്റെ പരിശുദ്ധ തിരുനാമം എൻമേൽ വിളിക്കപ്പെടുകയും ചെയ്തു വല്ലോ. നീ എന്നെ അന്ധകാരത്തിൽ വസിപ്പാൻ വിട്ടുകളയ രുതേ. ഞാൻ നരകാഗ്നിക്ക് ഓഹരിക്കാരനായിത്തീരരുതേ.

ദുഷ്ടൻമാരോടുകൂടെ കരുണയില്ലാത്ത അതിവേദന ഞാൻ അനുഭവിക്കുമാറാകരുതേ. എന്നാലോ എന്റെ കർത്താവും ദൈവവുമേ! നിന്റെ തിരുവിഷ്ടപ്രകാരം നടന്നിട്ടുള്ള പരിശുദ്ധന്മാരോടുകൂടെ എന്നേക്കും നിനക്കു സ്തുതിപാടുവാൻ എന്നെ യോഗ്യനാക്കണമെ. ആമ്മീൻ.

### ബുധനാഴ്ച ഒമ്പതാംമണിനേരത്തെ പ്രാർത്ഥന

ഒമ്പതാംമണിസമയത്ത് ഞങ്ങൾക്കുവേണ്ടി ജഡപ്രകാരം മരണം അനുഭവിച്ചവനായ കർത്താവേ! ഞങ്ങളിൽ മറഞ്ഞിരിക്കുന്ന പാപവികാരങ്ങളെ ഞങ്ങളിൽനിന്ന് മരിപ്പിച്ച് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങൾക്കുവേണ്ടി കുരിശുമരണത്തിനു തന്നെതന്നെ ഏല്പിക്കുകയും വലത്തുഭാഗത്തെ കള്ളന് പറുദീസ്സായിലേക്ക് വഴി ഒരുക്കുകയും ചെയ്തവനായ കർത്താവേ! അടിയന്റെ നേരെ കണ്ണടച്ചുകളയുകയും അരുതേ. അടിയന്റെ അരിഷ്ടാവസ്ഥയെ നിരസിച്ചുകളകയും അരുതേ. ഞാൻ നിന്റെ നന്മകളെ ആസ്വദിച്ചുകൊണ്ട് ഇടവിടാതെ നിന്നെ സ്തുതിപ്പാനായിട്ട് എന്റെ ദേഹിയെ ശുദ്ധീകരിക്കുകയും എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുകയും വിശുദ്ധ കുർബാനയിൽ സംബന്ധിപ്പാൻ എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. ഞങ്ങൾക്കുവേണ്ടി കന്യകയിൽനിന്ന് ജനിക്കുകയും കഷ്ടതകൾ സഹിക്കുകയും ചെയ്തവനായി സ്വർഗ്ഗീയപിതാവിന്റെ വചനമായവനേ! നിന്റെ തൃക്കൈകളുടെ സൃഷ്ടിയെ നീ നിരസിച്ചുകളയരുതേ. ഞങ്ങളോടുള്ള നിന്റെ മനുഷ്യസ്നേഹത്തെ നീ ഓർക്കണമേ. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മാതാവായ കന്യകയുടെ പ്രാർത്ഥനയെ കൈക്കൊണ്ട് നിന്റെ ജനങ്ങളെ രക്ഷിക്കണമെ. കർത്താവേ! നിന്റെ പരിശുദ്ധ തിരുനാമത്തെ ഓർത്ത് അവസാനത്തോളം



ഞങ്ങളുടെനേരെ കണ്ണടച്ചുകളയാതെയും ഞങ്ങളെ നിരസിച്ചുകളയാതെയും ഇരിക്കണമെ. ഞങ്ങളോടുള്ള നിന്റെ വാഗ്ദാനത്തെ നീ മാറ്റിക്കളയരുതേ. നിന്റെ സ്നേഹിതനായ അബ്രഹാമിനെപ്രതിയും നിന്റെ ദാസനായ യിസഹാക്കിനെ പ്രതിയും നിന്റെ വാത്സല്യവാനായ യാക്കൂബിനെപ്രതിയും നിന്റെ സഹായത്തെ ഞങ്ങളിൽനിന്ന് മാറ്റിക്കളകയും അരുതേ. കർത്താവേ! അയോഗ്യരാകുന്ന നിന്റെ ദാസരായ ഞങ്ങൾ ഇടവിടാതെ എന്നേക്കും നിന്നെ സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുന്നു. ആമ്മീൻ.

### വ്യാഴാഴ്ച സന്ധ്യാപ്രാർത്ഥന

ദൈവമേ! നിന്റെ വാത്സല്യപുത്രനായ ഞങ്ങളുടെ കർത്താവും രക്ഷിതാവുമാകുന്ന യേശുമിശിഹാമൂലം നീ ഞങ്ങളെ നടത്തുകയും അവന്റെ ജാഗ്രതയാൽ ഞങ്ങൾ സഹായം പ്രാപിക്കുകയും അവന്റെ ഉത്സാഹത്താൽ അവനിലുള്ള വിശ്വാസത്തിലേക്ക് ഞങ്ങൾ ചേരുകയും ചെയ്തതിനാൽ ഞങ്ങൾ നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്യുന്നു. ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളുടെ ബലഹീനതയ്ക്കു സഹായിക്കണമേ. ഞങ്ങളെ കാത്തുകൊള്ളുന്ന നിന്റെ മഹാകരുണയിലല്ലാതെ ഞങ്ങളുടെ സ്വശക്തിയിലാശ്രയിപ്പാൻ ഞങ്ങൾക്കിടയാക്കരുതേ. ഞങ്ങളുടെ തെറ്റുകളെ നീ തടയണമേ. ഞങ്ങളുടെ അപേക്ഷകൾ കേൾക്കണമേ. നിന്റെ ഏദൻതോട്ടത്തിൽ ഞങ്ങളെ വസിപ്പിക്കണമേ. വിശുദ്ധനടപടികളാൽ നിന്നെ ഇഷ്ടപ്പെടുത്തിയിട്ടുള്ള എല്ലാവരോടും കൂടെ ഞങ്ങളെ ചേർക്കണമേ. നരകത്തിലെ അഗ്നിയിലും അന്ധകാരത്തിലുമുള്ള വേദനകളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. നിന്റെ ധാരാളമായ ദയവിൽനിന്ന് ഞങ്ങളെ

വിരോധിക്കരുതേ. കുറ്റങ്ങളിൽനിന്നും പാപങ്ങളിൽനിന്നും ഞങ്ങളെ വെടിപ്പാക്കണമേ. ഞങ്ങളുടെ ലംഘനങ്ങളും അനുസരണക്കേടും നിമിത്തം ഞങ്ങളെ നീ കുറ്റക്കാരാക്കരുതേ. ഞങ്ങളുടെ രക്ഷിതാവായ കർത്താവേശുമിശിഹാ എഴുന്നുള്ളി സിംഹാസനത്തിൻമേൽ ഇരിക്കുമ്പോൾ അവന്റെ മുമ്പാകെ നാണംകൂടാതെയും ലജ്ജകൂടാതെയും നില്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. വളരെ കൃപയുള്ളവനും മനുഷ്യസ്നേഹമുള്ളവനുമായ കാരുണ്യവാനേ! ദരിദ്രനായ ലാസറിനോടും വലത്തുഭാഗത്തെ കള്ളനോടും കൂടെ ഞങ്ങളുടെ അവകാശവും വാസവും വലത്തുഭാഗത്താക്കിത്തീർക്കണമേ. നല്ല അവസാനത്തിനു ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. എന്തെന്നാൽ നീ കരുണയുള്ളവനും വളരെ കൃപയുള്ളവനും ആകുന്നു. നിനക്കും നിന്റെ ഏകപുത്രനും നിന്റെ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

## വ്യാഴാഴ്ച സൂത്താറാ പ്രാർത്ഥന

കർത്താവേ! അന്യായക്കാരുടെ കയ്യിൽനിന്ന് എന്നെ കാത്തുകൊള്ളണമേ. ദുഷ്ടന്മാരുടെ മുൻകരുതലിൽനിന്ന് എന്നെ രക്ഷിക്കണമേ. നിന്നിൽ ശരണപ്പെട്ടും നിന്റെ ധാരാളമായ കൃപയെ കാത്തും ഇരിക്കുന്നവൻ ഭാഗ്യവാൻ. നിന്റെ നീതിയെ അറിഞ്ഞുകൂടാത്ത അന്യായക്കാരെ എന്നിൽനിന്നകറ്റണമേ. നിന്റെ തിരുവചനത്തിന്റെ ശാസന എനിക്കു മതിയായിരിക്കുമാറാകണമേ. കർത്താവേ! നിന്റെ തൃക്കൈകളുടെ മഹത്വത്തിൽ ഞാൻ ആനന്ദിക്കുകയല്ലാതെ നിന്റെ കോപത്തെ ഞാൻ കാണുമാറാകരുതേ. ദൈവമായ കർത്താവേ! എനിക്കു വിരോധമായി എഴുന്നേറ്റിട്ടുള്ള പിശാചുക്കളുടെ കർത്താവും



ദൈവവും നീ ആകകൊണ്ട് അവരിൽനിന്ന് എനിക്കു ആശ്വാസം തരണമേ. നിന്നാൽ അവരിൽനിന്നു ഞാൻ രക്ഷപെടുമാറാകണമേ. നിന്റെ തിരുനാമം ഞാൻ അവരുടെ നേരെ ഉച്ചരിക്കുമ്പോൾ നിന്റെ കോപത്താൽ അവർ നശിക്കുകയും നിന്റെ ക്രോധത്താൽ അവർ മാഞ്ഞുപോവുകയും ചെയ്യുമാറാകണമേ. എന്റെ കർത്താവേ! വ്യർത്ഥമായുള്ള സകലത്തെയും എന്റെ ആലോചനകളിൽനിന്ന് നീക്കിക്കളയണമേ. ദൈവമായ കർത്താവേ! നീ മാത്രം എനിക്കു കാവൽക്കാരനും അഭയസ്ഥാനവും ആയിരിക്കണമേ. ഞാൻ നിന്റെ തിരുനാമത്തെ എന്നേക്കും പുകഴ്ത്തി സ്തുതിക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

## വ്യാഴാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

എന്റെ കർത്താവേ! സമ്മിശ്രവിചാരങ്ങളാൽ ഞാൻ കുലുങ്ങിപ്പോകാതെ ഹൃദയസമാധാനവും തന്നെത്താൻ സംശയിക്കാത്ത വെടിപ്പുള്ള നിരൂപണയും മനോസാക്ഷിയാൽ കുറ്റം ചുമത്തപ്പെടാത്ത ഇഷ്ടവും ശരീരത്തിന്റെ അലങ്കോലങ്ങളിൽനിന്ന് ഒഴിഞ്ഞതും അശുദ്ധ വിചാരങ്ങളിൽനിന്ന് വെടിപ്പാക്കപ്പെട്ടതുമായ ആലോചനയും സ്വതന്ത്രാധികാരത്തോടുകൂടെ നിന്റെ അടുക്കലേക്കുള്ള നീതിയോടുകൂടിയ ഓട്ടവും ദുഷ്ടനിൽനിന്ന് ഉത്ഭവിക്കുന്ന സകലത്തെയും നിർമ്മൂലമാക്കിക്കളയത്തക്കതായ ഹൃദയസങ്കടവും എനിക്കു നൽകണമേ. നിങ്കലുള്ള ധ്യാനം മൂലം നീ എന്റെ ഹൃദയത്തിനു നടത്തിപ്പുകാരനായിരിക്കണമെ. വിചാരത്തിന്റെ പുതുക്കത്തിൽ വിരുദ്ധ നടപടികളെ മറക്കുവാൻ എനിക്കിടയാക്കണമെ. നല്ലതും ഗുണമുള്ളതുമായ യാചനകളെ യാചിപ്പാൻ എനിക്കു തോന്നിക്കണമെ. ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഞാൻ നിന്നെ സ്തുതിച്ച് പുകഴ്ത്തുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

**2-ാം കൗമാ**

എന്റെ കർത്താവേ! എല്ലായ്പോഴും നിങ്കലേക്കു നോക്കുന്ന വെടിപ്പുള്ള ഉത്തമഹൃദയവും ഇടവിടാതെ നിനക്കുവേണ്ടിയുള്ള കഷ്ടപാടുകൾ നിമിത്തം നിന്നെ ആശ്രയിക്കുന്നതിൽനിന്ന് ബലഹീനപ്പെടാത്ത വിചാരവും എനിക്കു തരണമെ. ജീവശക്തിയുള്ള ചുണ്ടുകളുടെ സംസാരത്താൽ മാത്രം നിന്റെ സന്നിധിയിൽ ഞാൻ പ്രാർത്ഥിക്കാതെ ഹൃദയത്തിന്റെ വിനയത്തോടും അനുതാപത്തോടും കൂടെയുള്ള പ്രാർത്ഥന കഴിപ്പാൻ എനിക്കിടയാക്കണമെ. എന്റെ പാപങ്ങളെക്കുറിച്ചുള്ള ദീർഘക്ഷമയാൽ ഈ ലോകത്തിൽ ഇത്രത്തോളം ജീവിച്ചിരിക്കുവാൻ എനിക്കു കൃപ നൽകിയ ദൈവമേ! പരലോകത്തിലെ ജീവനിൽനിന്ന് നീ എന്നെ വിരോധിക്കരുതെ. എന്റെ കർത്താവേ! നിന്നോടുള്ള സ്നേഹം നിമിത്തം എന്റെ ആയുസ്സിനെ ദ്വേഷിപ്പാനും ഈ ലോകത്തിലെ സർവ്വ സന്തോഷങ്ങൾക്കും ഞാൻ മരിച്ചവനായിത്തീരുവാനും എനിക്കു കൃപ നൽകണമെ. എന്റെ കർത്താവേ! എന്റെ അവയവങ്ങളിൽ കോപിച്ചിരിക്കുന്ന പാപഓളങ്ങൾ അടങ്ങുവാനും ഈ ലോകത്തിൽനിന്നും അതിന്റെ സംസർഗ്ഗങ്ങളിൽനിന്നും നിന്റെ സ്നേഹം എന്നെ വേർതിരിപ്പാനും എപ്പോഴും എല്ലായ്പോഴും എന്നേക്കും നിന്നെ ഞാൻ സ്തോത്രം ചെയ്തു വന്ദിപ്പാനും എന്റെ മേൽ കൃപയുണ്ടാകണമെ. ആമ്മീൻ.

**3-ാം കൗമാ**

എന്റെ കർത്താവേ! ഈ താൽക്കാലിക ലോകത്തെയും അതിന്റെ സ്ഥിതിഗതികളെയും കുറിച്ചുള്ള ഓർമ്മകൾ നിമിത്തം വന്നുകൂടുന്നതായ സകല അശുദ്ധങ്ങളുടെയും ചലനത്തെ പരാജയപ്പെടുത്തുന്ന നിന്റെ അദൃശ്യമായ



സ്നേഹത്തിന്റെ രൂപം എന്റെ ഹൃദയത്തിൽ രൂപീകരിക്കണമെ. വിനയത്തോടുകൂടിയ അറിവ് എന്നിൽ സ്ഥാപിക്കണമെ. ബലഹീനരുടെ അഭയസ്ഥാനവും വഴിതെറ്റിൽ അകപ്പെടുന്നവരുടെ ശരിയായ വഴിയും ആകുന്ന കർത്താവേ! എന്റെ നേരെയുള്ള ശത്രുവിന്റെ പ്രശംസയെ നീ ഇല്ലാതാക്കണമെ. എനിക്കെതിരെയുള്ള അവന്റെ തന്ത്രങ്ങളുടെ ശക്തിയെ നീ കെടുത്തികളയണമെ. അവന്റെ നിഗളത്തോടുകൂടിയ ഉയർച്ചയെ നീ താഴ്ത്തണമെ. എന്റെ കർത്താവും ദൈവവുമേ! എന്റെ ഹൃദയത്തിന്റെ മുമ്പിൽ നിന്റെ രഹസ്യമായ ഊടുവഴികൾ എന്നേക്കും തെളിയിക്കണമെ. ആമ്മീൻ.

ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി. ഹാലേ......ഉഹാലേ.........ഉഹാലേ.........ദൈവമേ! ഹാലേ......ഉഹാലേ.........ഉഹാലേ.........ദൈവമേ!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമേ. മൊറിയൊ..........

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ......ഇത്യാദി 30-ാം വശത്ത്.

ത്രിത്വത്തിനു സ്തുതി..........ഇത്യാദി 31-ാം വശത്ത്.

സർവ്വാധിപതിയും സർവ്വത്തിന്റെയും ഉടയവനും ആയവനേ! ഇതാ മത്സരക്കാർ ഉന്നതപ്പെടുന്നു. ദയവാനായ ദൈവമേ! എന്നോടു കരുണചെയ്യണമേ. അദൃശ്യനായ നിത്യനേ! എന്നോടു കരുണചെയ്യണമേ. കരുണയുള്ള പിതാവേ! സത്യമുള്ള പുത്രാ! വന്ദ്യറൂഹാ! എന്നെ സൃഷ്ടിച്ച ഉത്തമനേ! എന്നെ രക്ഷിച്ച കർത്താവേ! എന്റെ കുറ്റങ്ങളെ മോചിച്ച് എന്നോടു കരുണചെയ്യണമേ. നിന്റെ അടുക്കലേക്കു എന്നെ തിരിപ്പിക്കണമേ. എന്റെ വിചാരങ്ങളെ പ്രകാശിപ്പിക്കണമേ. എന്റെ ബലഹീനതയെ സഹായിക്കണമേ. നിന്റെ സ്നേഹത്തിന് എന്നെ യോഗ്യനാക്കണമേ. എന്റെ ആയുസ്സിനെ

ഭരിച്ച് എന്നോടു കരുണചെയ്യണമേ. അടിമത്വത്തിൽനിന്ന് എന്നെ വിടുർത്തണമേ. എന്നോടുള്ള കയ്യേറ്റത്തിനു നീ പ്രതി പകരം ചോദിക്കണമേ. എന്റെ മരണാവസ്ഥയെ ജീവിപ്പിക്ക ണമേ. വഴിതെറ്റിപ്പോയിരിക്കുന്ന എന്നെ അന്വോഷിക്കണമേ. നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യനാക്കണമേ. എന്റെ അപേക്ഷയെ കൈക്കൊള്ളണമേ. അതു നിന്റെ മാതാവി ന്റെയും പരിശുന്മാരുടെയും പ്രാർത്ഥനയാൽ തന്നെ ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!...... ഇത്യാദി 34-ാം വശത്ത്.

## വ്യാഴാഴ്ച പ്രഭാതപ്രാർത്ഥന

51-ാം മസുമൂറാ 4-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങൾ നിങ്ക ലേക്ക് അടുത്തുവന്നിരിക്കുന്ന ഈ സമയത്ത് ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ വഴിയാത്രചെയ്യുമ്പോൾ ഞങ്ങ ളിൽ ഭരിക്കണമേ. ഞങ്ങൾ തിരികെ വരുമ്പോൾ ഞങ്ങളെ ഏറ്റുപറയണമേ. ഞങ്ങൾ ഉണർന്നിരിക്കുമ്പോൾ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ രക്ഷാ കരമായ നിന്റെ സ്ലീബായാൽ ഞങ്ങളെ മറയ്ക്കണമേ. ഞങ്ങൾ ലോകത്തിനു കുരിശിക്കപ്പെടുകയും പാപത്തിനു മരിച്ച് കബറടക്കപ്പെടുകയും ചെയ്തുകൊണ്ട് ഭാഗ്യമുള്ള സത്യജീവനാകുന്ന നിന്നിൽ ജീവിപ്പാൻ ഞങ്ങളെ യോഗ്യ രാക്കണമേ. ഞങ്ങളോടുള്ള നിന്റെ സർവ്വ കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഇടവിടാതെ ജയകരമായ സ്തുതിപ്പുകൾ നിനക്കു പാടുവാൻ ഞങ്ങൾക്കു സംഗതിയാക്കുകയും ചെയ്യണമേ. ആമ്മീൻ.



ആദിയും അന്തവുമില്ലാത്ത കർത്താവേ! ഞങ്ങൾ എല്ലാ യ്പോഴും നിന്റെ തിരുമുമ്പാകെ നില്പാനും ഞങ്ങളുടെ ആരംഭവും അവസാനവും നിന്നിലായിരിപ്പാനും ഞങ്ങൾക്കു കൃപയരുളണമേ. നിന്നിൽനിന്ന് ആരംഭവും അവസാനവും ഞങ്ങൾ പ്രാപിക്കണമേ. പ്രഭാതത്തിന്റെ ആരംഭം മുതൽ ദിവ സത്തിന്റെ അന്ത്യംവരെ നിന്റെ മുന്തിരിത്തോപ്പിൽ ഞങ്ങൾ വേലചെയ്യുമാറാകണമേ. ആരംഭത്തിലും അവസാനത്തിലും താൽപ്പര്യമുള്ള വേലക്കാരെപ്പോലെ നിന്റെ ഭണ്ഡാരപ്പുര യിൽനിന്ന് ഞങ്ങൾ പൂർണ്ണകൂലി വാങ്ങിക്കുമാറാകണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! എന്നേക്കും ഞങ്ങൾ നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്യുമാറാകണമേ. ആമ്മീൻ.

കർത്താവേ! നീ അതിർത്തി കുറിക്കപ്പെടുവാൻ പാടില്ലാ ത്തവനായി പ്രകാശങ്ങളുടെ പിതാവാകുന്നു. നിന്നിൽ നിന്നുള്ള മഹൽക്കതിരായ പുത്രൻ സംക്ഷേപിക്കപ്പെടുവാൻ പാടില്ലാത്തവനാകുന്നു. ജീവനുള്ള വിശുദ്ധ റൂഹാ അവന്റെ ഉദയത്തിന്റെ ഉഗ്രതയാൽ സകലത്തേയും പ്രകാശിപ്പിക്കുന്ന വനാകുന്നു. കർത്താവേ! പ്രഭാതങ്ങൾ ഉദയങ്ങളാൽ നിന്നെ രൂപീകരിക്കുന്നു. പകലുകൾ അവയുടെ ഓട്ടങ്ങളാൽ നിന്നെ പുകഴ്ത്തുന്നു. കർത്താവേ! പ്രഭാതവും പ്രകാശവും പകലും നിന്റേതാകുന്നു. നിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പി ക്കണമേ. നിന്റെ ശരണത്താൽ ഞങ്ങളെ സന്തോഷിപ്പിക്കണ മേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! എന്നേക്കും ഞങ്ങളെല്ലാവരുടെമേലും കരുണചെയ്യണമേ. ആമ്മീൻ.

## വ്യാഴാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥന

കർത്താവേ! നിന്റെ കരുണയാൽ എന്നോടു കരുണചെ യ്യണമേ. എന്റെ കർത്താവേ! നിന്റെ ദയവാൽ എന്റെ കുറ്റ ങ്ങൾക്കു മാപ്പുതരണമേ. എന്റെ കർത്താവേ! അശുദ്ധ വികാ രങ്ങളെയും നിന്ദ്യമായ വിചാരങ്ങളെയും എന്നിൽനിന്ന്

വിരോധിക്കണമേ. എന്റെ കർത്താവേ! ആകെൽക്കറുസ്സായുടെ വഞ്ചനകളിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ കർത്താവേ! ഞാൻ നിനക്കുള്ളവനായിരിപ്പാനും നിന്റെ ഇഷ്ടത്തിനൊത്തവണ്ണം നിന്നെ പ്രസാദിപ്പിപ്പാനും എനിക്കു കൃപ നൽകണമേ. എന്റെ കർത്താവേ! ജീവന്റെ തുറമുഖത്തേക്ക് എന്നെ കൊണ്ടുചെന്നടുപ്പിക്കണമേ. കർത്താവേ! അനുതാപമുള്ള ഹൃദയം എനിക്ക് നൽകണമേ. കർത്താവേ! വിനയവും ക്ഷമാവിചാരങ്ങളും നിനക്കിഷ്ടമുള്ളവയൊക്കെയും എനിക്കു നൽകണമേ. കർത്താവേ! എന്റെ ജീവരക്ഷയ്ക്ക് സഹായവും ഗുണവുമായിട്ടുള്ളവ നിന്റെ കരുണയുടെ ധാരാളപ്രകാരം എനിക്കു നൽകണമേ. കർത്താവേ! അറിവും ജ്ഞാനവും ക്ഷമാവിചാരങ്ങളും എനിക്കു നൽകണമേ. കർത്താവേ! വ്യർത്ഥകാര്യങ്ങളേക്കുറിച്ചുള്ള ചിന്തയിൽനിന്ന് എന്റെ വിചാരങ്ങളെ നിങ്കലേക്ക് കൂട്ടിച്ചേർക്കണമേ. എന്റെ കർത്താവേ! നിന്നോടുള്ള ഭയവും ഭക്തിയും കൊണ്ടും നിന്റെ സ്നേഹവും പ്രിയവും കൊണ്ടും സഹോദരപ്രീതി കൊണ്ടും എന്നെ നിറയ്ക്കണമേ.

[1]ദൈവമേ! പാപിയായ അടിയനോടു കരുണയുണ്ടാകണമേ. [2]മിശിഹാ! പാപിയായ അടിയനോടു കൃപയുണ്ടാകണമേ.

സർവ്വശക്തനും ബലവാനും സകലത്തെയും ഭരിക്കുന്നവനും പരിശുദ്ധനും അത്യുന്നതങ്ങളിൽ വസിക്കുന്ന മഹത്വമുള്ളവനും പ്രാബല്യത്തോടെ പ്രകാശത്തിൽ വസിക്കുന്ന രാജാധിരാജനും കർത്താധികർത്താവും ആകുന്ന ദൈവമായ കർത്താവേ! അടിയന്റെ രഹസ്യങ്ങളെ നിനക്കറിയാമല്ലൊ. ഞാൻ അയോഗ്യനായിരിക്കെ നിങ്കലേക്ക് അടുത്തു വന്നിരിക്കുന്നു. ഞാൻ നിന്നോടപേക്ഷിക്കുകയും നിന്റെ ഇമ്പമുള്ള സ്നേഹത്തോടു പ്രാർത്ഥിക്കുകയും

1, 2 ഈ വാചകങ്ങളിൽ ഒന്ന് നാലപതോ, എഴുപതോ, നൂറോ പ്രാവശ്യം ചൊല്ലുക. കൂടുതൽ എത്ര പ്രാവശ്യം ചൊല്ലിയാലും ഉത്തമമാകുന്നു.



ചെയ്യുന്നു. മലിനവിചാരങ്ങളെയും പിശാചുക്കളെയും അശുദ്ധമായ സർവ്വ ആലോചനകളെയും എന്റെ മുമ്പിൽനിന്ന് നീക്കികളയണമേ. ഞാൻ ചെയ്തുപോയിട്ടുള്ള സർവ്വപാപത്തിൽനിന്നും അശുദ്ധമായ ദുർവികാരങ്ങളിൽനിന്നും എന്നെ സ്വാതന്ത്ര്യപ്പെടുത്തണമേ. ഉന്നതനും ബലവാനും പരാക്രമശാലിയുമായ അമ്മാനുയേലേ! എന്റെ ദേഹവും ദേഹിയും അവയവങ്ങളും ഇന്ദ്രിയങ്ങളും ദുഷ്ടനിൽനിന്നും സൈന്യങ്ങളിൽനിന്നും നിന്റെ തിരുനാമത്താൽ കാത്തുകൊള്ളപ്പെടുമാറാകണമേ. ആമ്മീൻ.

## വ്യാഴാഴ്ച മദ്ധ്യാഹ്നപ്രാർത്ഥന

എന്റെ കർത്താവേ! ഞാൻ സ്വർഗ്ഗത്തിനു യോഗ്യനല്ലെന്ന് എനിക്കറിയാം. പാപിയുടെ മരണത്തിൽ തിരുവിഷ്ടമില്ലാത്ത ഉത്തമനും ദയവാനും ആയവനേ! നിന്റെ മഹാകരുണകളിൻ പ്രകാരം എന്നോടു പ്രവർത്തിക്കണമേ. എന്റെ അരിഷ്ടാവസ്ഥയോടു ദയവുചെയ്യണമേ. എന്നോടു കരുണയുണ്ടാകണമേ. കർത്താവേ! ഞാൻ നിന്റെ സന്നിധിയിൽ ചെയ്തുപോയിട്ടുള്ള ദുഷ്ടതയെ നീ ക്ഷമിക്കണമേ. എന്റെ കർത്താവേ! ഞാൻ ചെയ്തുപോയിട്ടുള്ള പാപം നിമിത്തം ഞാൻ അടച്ചുകളഞ്ഞിരിക്കുന്ന നിന്റെ കരുണയുടെ വാതിൽ എനിക്കു തുറന്നുതരണമേ. എന്റെ കർത്താവേ! നിന്റെ തിരുമുഖം എന്റെമേൽ ശോഭിപ്പിക്കണമേ. ഞാൻ രക്ഷപെട്ടുകൊള്ളട്ടെ. അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്ന അഗതിയായ എനിക്കു പ്രകാശം നൽകണമേ. കർത്താവേ! ഞാൻ ഏറ്റം നശിച്ചുപോയിരിക്കുന്നതിനാൽ നിന്റെ കരുണ വേഗം എനിക്കു പ്രത്യക്ഷപ്പെടുമാറാകണമേ. സകല അനീതികളിലും കിടന്നുരുളുന്ന കുറ്റക്കാരനും കോപിപ്പിക്കുന്നവനുമായ എന്നെ കൃപയോടെ കൈക്കൊള്ളണമേ. എന്റെ കർത്താവേ!

നിന്റെ ദൈവത്വത്തിന്റെ സിംഹാസനമാകുന്ന സ്വർഗ്ഗവും നിന്റെ പാദപീഠമാകുന്ന ഭൂമിയും എനിക്കുവേണ്ടി നിന്നോട പേക്ഷിക്കുന്നു. നിന്റെ ദൈവത്വത്തിന്റെ ശുശ്രൂഷകരാകുന്ന സ്വർഗ്ഗീയ സൈന്യങ്ങൾ എനിക്കുവേണ്ടി നിന്നോടപേ ക്ഷിക്കുന്നു. നിന്നെ പ്രസവിച്ച കന്യകയായ അമ്മ എനിക്കു വേണ്ടി നിന്നോടപേക്ഷിക്കുന്നു. നിബിയന്മാരുടെ തലവനായ മൂശയും ശ്ലീഹന്മാരുടെ തലവനായ ശെമഓനും എനിക്കു വേണ്ടി നിന്നോടപേക്ഷിക്കുന്നു. നിന്റെ ഏവൻഗേലിയോൻ പ്രസംഗിച്ച ശ്ലീഹന്മാരും നിന്നോടുള്ള സ്നേഹം നിമിത്തം മരിച്ചിട്ടുള്ള സഹദേൻമാരും എനിക്കുവേണ്ടി നിന്നോടപേക്ഷി ക്കുന്നു. വിശുദ്ധ സഭയുടെ മല്പപ്പാൻമാരും നിന്റെ കല്പന കളെ ആചരിച്ചവരായ പിതാക്കന്മാരും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു. ഗോഗുൽത്തായിൽ നിന്നെ വഹിച്ച മരവും നിന്റെ തിരുവിഷ്ടത്തോടെ നിന്നെ സ്വീകരിച്ച കബറും എനിക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു. മരിച്ചവ രുടെ ഇടയിൽനിന്നുള്ള നിന്റെ ഉയിർത്തെഴുന്നേല്പും നിന്റെ സ്വർഗ്ഗാരോഹണവും എനിക്കുവേണ്ടി നിന്നോടപേ ക്ഷിക്കുന്നു. എന്റെ കർത്താവേ! ഇവയൊക്കെയുടെയും നിന്റെ തിരുവിഷ്ടം പ്രവർത്തിച്ചിട്ടുള്ള എല്ലാവരുടെയും അപേക്ഷയാലും പ്രാർത്ഥനയാലും കുറ്റക്കാരനായ അടി യനോടു നിരപ്പാകണമേ. എന്റെ അന്യായത്തെ പരിഹരിച്ച് മോചിപ്പിക്കണമേ. ദൈവമായ കർത്താവേ! നീ മഹത്വ ത്തോടെ ഉദിക്കുന്ന ദിവസത്തിൽ വിവേകികളായ അനുതാ പികളോടുകൂടെയും പതിനൊന്നാം മണിസമയത്തെ വേലക്കാ രോടുകൂടെയും ഞാൻ നിന്റെ വലത്തുഭാഗത്ത് നിൽക്കുവാനും നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിപ്പാനും എന്നെ യോഗ്യനാക്കണമേ. ആമ്മീൻ.



**വ്യാഴാഴ്ച ഒമ്പതാംമണിനേരത്തെ പ്രാർത്ഥന**

ഒമ്പതാംമണി സമയത്ത് മരത്തിൻമേൽ കിടന്നുകൊണ്ട് 'എന്റെ ദൈവമേ! എന്റെ ദൈവമേ! എന്തിനു എന്നെ നീ കൈവിട്ടു' എന്ന് അട്ടഹസിച്ചവനായ കർത്താവേ! നീ എന്നെ ഉപേക്ഷിക്കുകയും കൈവിടുകയും ശത്രുക്കളുടെ കൈയിൽ ഏല്പിക്കുകയും ചെയ്യാതെ നിന്റെ കരുണയാൽ ഭൂമിയിലും ആയാറിലും അവരിൽനിന്ന് എന്നെ രക്ഷിക്കണമേ. വലത്തു ഭാഗത്തെ കള്ളനെപ്പോലെ ഏദനിലെ പറുദീസായിലേക്കു പ്രവേശിപ്പാൻ എനിക്കു വഴി കാണിച്ചുതരണമേ. ആദാമി നുവേണ്ടി ചൊറുക്കായും കൈപ്പും കുടിച്ചവനായ കർത്താവേ! പാപത്തിൽ കൈപ്പായിത്തീർന്നിരിക്കുന്ന എന്റെ ആത്മാവിനെ നിന്റെ വിശുദ്ധ റൂഹായുടെ മാധുര്യ ത്തിൽനിന്നു കുടിപ്പിക്കണമേ. 'എന്റെ പിതാവേ! ഞാൻ എന്റെ ആത്മാവിനെ നിന്റെ കൈകളിൽ വയ്ക്കുന്നു' എന്നു സ്ലീബായിൽ കിടന്നുകൊണ്ട് തന്റെ പിതാവിനോട് അട്ടഹ സിച്ചവനായ കർത്താവേ! എന്റെ ആത്മാവിനെ നിന്റെ പരി ശുദ്ധ തൃകൈകളിൽ വയ്ക്കുകയും എന്റെ ശത്രുക്കളുടെ കൈകളിൽനിന്ന് നിന്റെ ചിറകുകളുടെ നിഴലിൽ അതിനെ മറയ്ക്കുകയും ചെയ്യണമേ. എന്റെ പാപങ്ങൾക്കുവേണ്ടി തന്നെത്തന്നെ മരണത്തിന് ഏല്പിച്ചുകൊടുക്കുകയും തന്റെ മരണത്താൽ പാപത്തെ കൊല്ലുകയും ചെയ്തവനായ കർത്താവേ! എന്റെ അവയവങ്ങളിലുള്ള ജഡമോഹ ങ്ങളേയും പാപങ്ങളെയും നീ കൊല്ലണമേ. രഹസ്യമായും പരസ്യമായും എന്റെ ആത്മാവിനെ നശിപ്പിക്കുന്ന സകല മൂലപാപങ്ങളിൽനിന്നും നീ എന്നെ നീക്കി സ്വാതന്ത്ര്യപ്പെ ടുത്തണമേ. സ്ലീബാമേൽ കിടന്നുകൊണ്ട് തന്റെ ശബ്ദ ത്താൽ സൃഷ്ടികളെ ഇളക്കിയവനായ കർത്താവേ! നിന്റെ

ശക്തിയാൽ ശത്രുവായ ദുഷ്ടനെ ഇളക്കുകയും നിന്റെ കൃപയാൽ അവന്റെ കൈകളിൽനിന്ന് എന്നെ രക്ഷിക്കുകയും ചെയ്യണമേ. തന്റെ ശക്തിയാൽ പാറകൾ പിളർക്കുകയും കബറുകൾ തുറക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തവനായ കർത്താവേ! നിന്റെ ദയയാൽ എന്റെ ഹൃദയ കണ്ണുകളെ തുറക്കുകയും എന്റെ മരണാവസ്ഥയെ ജീവിപ്പിക്കുകയും ചെയ്യണമേ. തന്റെ ശബ്ദത്താൽ ദേവാലയത്തിന്റെ വാതിൽമറ കീറിയവനായ കർത്താവേ! എന്റെ കുറ്റങ്ങളുടെ ചീട്ടിനെ കീറുകയും എന്റെ അകൃത്യങ്ങളെ മായിക്കുകയും ചെയ്യണമേ. ഇവൻ സത്യമായിട്ട് ദൈവപുത്രൻ തന്നെയെന്ന് ശതാധിപനെക്കൊണ്ട് ഏറ്റുപറയിച്ചവനായ കർത്താവേ! എന്നേക്കും നിന്നെ ഏറ്റുപറയുവാൻ എനിക്കു കൃപ നൽകണമേ. ആമ്മീൻ.

## വെള്ളിയാഴ്ച സന്ധ്യയുടെ പ്രാർത്ഥന

ഈ പകലിന്റെ നാഴികകളെ നിവർത്തിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും സന്ധ്യാസമയത്തെ പ്രാർത്ഥനകളും അപേക്ഷകളും നിന്റെ സന്നിധിയിൽ കഴിപ്പാനായിട്ട് ഈ സന്ധ്യാസമയത്തേക്കു ഞങ്ങളെ കൊണ്ടുവരുകയും ചെയ്തവനായ ഞങ്ങളുടെ ദൈവമായ കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. അവയെ പരിമളവാസനപോലെ നീ അംഗീകരിച്ചുകൊണ്ട് സകലവിധ പാപങ്ങൾക്കും നീ മോചനം നൽകണമേ. രാത്രിസംബന്ധമായും അന്ധകാരസംബന്ധമായുമുള്ള പാപവികാരങ്ങളുടെ സകല ഇമ്പങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. ഈ സന്ധ്യ സമാധാനമുള്ളതും കലക്കമില്ലാത്തുമായിട്ട് ഞങ്ങൾക്കു നൽകണമേ. വരുന്ന രാവ് ഞങ്ങൾക്കു മായാമോഹം കൂടാത്തതും ഉപദ്രവം കൂടാത്തതും ആക്കിത്തീർക്കണമേ.



ഞങ്ങൾ ജീവനോടിരിക്കുന്ന കാലമെല്ലാം പാപം കൂടാതെ ഞങ്ങളെ കാത്തുകൊള്ളണമേ. ന്യായവിസ്താര നാളിൽ നിന്റെ കരുണയും മനുഷ്യസ്നേഹവും പ്രാപിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. എന്തെന്നാൽ നീ കരുണയുള്ള ദൈവമാകുന്നു. നിനക്ക് ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

## വെള്ളിയാഴ്ച സൂത്താറാ പ്രാർത്ഥന

ദൈവമേ! പുതിയ ലോകത്തിൽ നീ ലോകത്തിനു കൊടുപ്പാനിരിക്കുന്ന മഹിമയ്ക്കു നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കണമേ. നിന്റെ വരവിന്റെ മഹാദിവസത്തിൽ നിന്റെ നീതി എന്നെ ശിക്ഷയ്ക്കു വിധിക്കരുതേ. ദൈവമേ! നിന്റെ കരുണയാൽ സത്യത്തിന്റെ അറിവിനും നിന്റെ പൂർണ്ണ സ്നേഹത്തിന്റെ സംബന്ധത്തിനും എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. ആമ്മീൻ.

എന്റെ കർത്താവേ! നിന്റെ ദയയാൽ ഞങ്ങൾക്കു ലഭിച്ചിട്ടുള്ള ഈ രാത്രിയിൽ ഞങ്ങൾ നിന്നിൽ ഉറങ്ങുകയും ആശ്വസിക്കുകയും ചെയ്യുമാറാകണമേ. വ്യർത്ഥമായ അദ്ധ്വാനങ്ങളിൽനിന്നും പ്രയോജനമില്ലാത്ത സഞ്ചാരങ്ങളിൽനിന്നും അഴിഞ്ഞുപോകുന്നതായ ഈ ലോകത്തിലെ ഉപദ്രവകരമായ ആകർഷണങ്ങളിൽനിന്നും നിന്നാൽ ഞങ്ങൾ രക്ഷപെടുമാറാകണമേ. കർത്താവും ദൈവവുമേ! ജീവൻ നൽകുന്നതായ നിന്റെ കല്പനകളുടെ നുകത്തെ വഹിപ്പാൻ എന്നേക്കും ഞങ്ങളുടെ തോളുകളെ ഞങ്ങൾ ചായിക്കുമാറാകണമേ. ആമ്മീൻ.

പരിശുദ്ധ പിതാവേ! നിന്റെ പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ കാത്തുകൊള്ളണമേ. രക്ഷിതാവായ പുത്രാ! ജയമുള്ള നിന്റെ സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളണമേ.

പരിശുദ്ധ റൂഹാ! നിന്റെ വിശുദ്ധ വാസത്തിനു ഞങ്ങളെ ഭവനങ്ങളാക്കിത്തീർക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ! എല്ലാക്കാലത്തും എല്ലാസമയത്തും എന്നേക്കും നിന്റെ ദൈവത്വത്തിന്റെ ചിറകിൻകീഴെ ഞങ്ങളെ മറച്ചുകൊള്ളുകയും ചെയ്യണമേ. ആമ്മീൻ.

## വെള്ളിയാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

ഉന്നതനും ഭയങ്കരനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും നിത്യനും ആദ്യന്തമില്ലാത്തവനും എന്നേക്കുമുള്ളവനുമായ ദൈവമേ! ഈ സമയത്ത് പാപിയായ അടിയന്റെ അപേക്ഷയെ കൈക്കൊള്ളണമേ. ഈ പ്രാർത്ഥനാസമയത്ത് അടിയന്റെ പാപങ്ങളെയും കുറ്റങ്ങളെയും ഓർക്കരുതേ. കർത്താവേ! സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥന നീ കേട്ടതുപോലെ എന്നോടുത്തരമരുളിച്ചെയ്യണമേ. എന്റെ കർത്താവേ! "ചോദിപ്പിൻ കിട്ടുമെന്ന്" നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. നിന്റെ അടിയാരുടെ പ്രാർത്ഥന കേൾക്കുമെന്ന് നീ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. എന്റെ കർത്താവേ! ഈ നിന്റെ അടിയന്റെ വഴിയെ നീ ഒരുക്കി ശരിപ്പെടുത്തി തെളിയിക്കണമേ. എന്റെ പൈതൽപ്രായത്തോടും യൗവനത്തോടും കൃപയോടെ കരുണ ചെയ്യണമേ. വഞ്ചിക്കുന്ന സകല ദുരാത്മാക്കളെയും എന്റെ മുമ്പിൽനിന്ന് നീ ഓടിച്ചുകളയണമേ. എന്റെ കർത്താവേ! നീ നിന്റെ ആയുധവും പരിചയും പിടിച്ച് എന്റെ സഹായത്തിനു നിൽക്കുകയും ഉപദ്രവങ്ങളിൽനിന്ന് എന്നെ രക്ഷിക്കുകയും ചെയ്യണമേ. എന്റെ കർത്താവേ! ഭയത്തിന്റെയും മടിയുടെയും ഉദാസീനതയുടെയും വിചാരങ്ങളെ എന്നിൽനിന്ന് മായിച്ചുകളയണമേ. ജഡമായ ദുർമോഹത്തിന്റെ ചൂടെല്ലാം എന്നിൽനിന്ന് നീക്കണമേ.



നിന്റെ വിശുദ്ധ അറിവിൻ പ്രകാശത്താൽ എന്റെ ദേഹിയെയും ദേഹത്തെയും ആത്മാവിനെയും പ്രകാശിപ്പിക്കണമേ. നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിപ്പാൻ എന്നെ യോഗ്യനാക്കണമേ. എന്റെ കർത്താവും ദൈവവുമേ! എന്നേക്കും നിന്റെ പരിശുദ്ധ തിരുനാമത്തിന്റെ മഹത്വത്തിനായിട്ട് എന്നെ പ്രാർത്ഥന പഠിപ്പിക്കുകയും ചെയ്യണമേ. ആമ്മീൻ.

### 2-ാം കൗമാ

എന്റെ കർത്താവേ! ദുഃഖങ്ങളുടെ കാലത്ത് നീ എനിക്ക് ആശ്വാസവും അപകടകാലത്ത് എന്റെ നടത്തിപ്പുകാരനും ആയിരിക്കണമേ. എന്റെ ആത്മാവിന്റെ രോഗത്തെയും അതിന്റെ ഔഷധം നിന്റെ തൃക്കൈകളിൽ ഇരിക്കുന്നു എന്നുള്ളതിനെയും നിനക്കറിയാമല്ലൊ. തങ്ങളുടെ തലമുറകൾക്ക് കണ്ണാടിയായിത്തീർന്നിട്ടുള്ള പുണ്യവാന്മാർ ഏതിനാൽ തങ്ങളെത്തന്നെ കണ്ടിരിക്കുന്നുവോ ആ നീതിയുടെ സൂര്യനായുള്ളവനേ! എന്റെ ഉള്ളിൽ നിന്നെക്കുറിച്ചുള്ള അറിവിന്റെ വാതിൽ തുറക്കണമേ. തങ്ങളുടെ പ്രത്യേകനടപടികളാൽ നിന്നെ പ്രസാദിപ്പിച്ചവരായ ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ ചെന്നുചേർന്നിരിക്കുന്ന ആ നിർമ്മലഭവനത്തിൽ ചെന്നുചേരുവാൻ എന്നെ യോഗ്യനാക്കണമേ. നിന്റെ കൂദാശകളാൽ എന്നെ ശുദ്ധീകരിക്കണമേ. നിന്നെക്കുറിച്ചുള്ള അറിവാൽ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. എന്റെ കർത്താവും ദൈവവുമേ! എന്നേക്കും നിന്നിലുള്ള ആശ്രയം എന്നിൽ ഉല്പാദിപ്പിക്കുകയും ചെയ്യണമേ. ആമ്മീൻ.

### 3-ാം കൗമാ

ദൈവമേ! നിന്നെയും ജീവൻ നൽകുന്നതായ നിന്റെ കല്പനകളെയും സ്നേഹിപ്പാൻ എന്നെ യോഗ്യനാക്കണമേ. എന്റെ സ്രഷ്ടാവേ! എന്റെ സ്വഭാവബലഹീനതയെ

നിനക്കറിയാമല്ലൊ. ശത്രുവിന്റെ ഉഗ്രതയെ എന്റെ അടുക്കൽനിന്ന് നീ വിരോധിക്കണമേ. എന്റെ അവയവങ്ങളിൽനിന്ന് പാപത്തിന്റെ മുളയെ നീ പറിച്ചുകളയണമേ. എന്റെ ഹൃദയത്തിൽനിന്ന് പാപത്തിന്റെ ചൂടിനെ നീ ഇല്ലാതാക്കണമേ. എന്റെ ആത്മരോഗത്തിനു ഔഷധത്തിന്റെ കൈ നീ നീട്ടിത്തരണമേ. ഞാൻ നിന്നെ എന്നേക്കും സ്തോത്രം ചെയ്തു സ്തുതിക്കുകയും ചെയ്യണമേ. ആമ്മീൻ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി. ഹാലേ......ഉഹാലേ.........ഉഹാലേ.........ദൈവമേ! ഹാലേ......ഉഹാലേ.........ഉഹാലേ.........ദൈവമേ!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമേ. മൊറിയൊ..........

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ......ഇത്യാദി 30–ാം വശത്ത്.

ത്രിത്വത്തിനു സ്തുതി..........ഇത്യാദി 31–ാം വശത്ത്.

മഹാസ്നേഹംമൂലം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകപുത്രനെ കല്പിച്ചയച്ചവനായ കരുണയുള്ള ദൈവമേ! നിന്റെ വാത്സല്യപുത്രന്റെ എളിമയെക്കുറിച്ചുള്ള ഓർമ്മ എന്നിൽ സ്ഥാപിക്കണമേ. അവന്റെ നടപടിയെക്കുറിച്ചുള്ള വിസ്മയം എന്നിൽ വർദ്ധിപ്പിക്കണമേ. ലോകത്തോടു നിരപ്പാകുന്നതിന് മുമ്പ് തന്റെ ഏകപുത്രനെ ഞങ്ങൾക്കു വേണ്ടി മരണത്തിന് ഏല്പിച്ചുകൊടുക്കുകയും നിരപ്പായതിന്റെ ശേഷം ദൈവത്വത്തിന്റെ സിംഹാസനത്തിലേക്കു അവനെ ഉയർത്തി ശ്രേഷ്ഠതപ്പെടുത്തുകയും ചെയ്തവനായ ദൈവമേ! ഞാൻ പ്രത്യാശയില്ലാത്ത കബറിലേക്കു പോകുവാൻ നീ സമ്മതിക്കരുതേ. എന്റെ പാപബന്ധനങ്ങളോടുകൂടെ മരിച്ചവനെപ്പോലെ ഞാൻ എന്നേക്കും അന്ധകാരത്തിലിരിക്കുമാറാകരുതേ. ഞങ്ങളുടെ വർഗ്ഗത്തിനു വിടുതൽ



നൽകുന്നവനേ! എന്റെ അകമേയുള്ള അവയവങ്ങളിൽ കിടക്കുന്ന മറവായ കെട്ടുകളെയും എന്റെ പുറമേയുള്ള ഇന്ദ്രിയങ്ങളുടെ മുമ്പിൽനിന്ന് വെളിവായ തടസ്സങ്ങളെയും നീ അഴിച്ചുനീക്കണമേ. പറുദീസ്സായിലേക്ക് ഞാൻ ഓടിച്ചെന്നു പ്രവേശിക്കുകയും ആദാമിനു ഭക്ഷിപ്പാൻ അനുവദിക്കപ്പെടാത്ത ജീവവൃക്ഷത്തിന്റെ ഫലങ്ങളിൽനിന്ന് ഭക്ഷിക്കുകയും നിനക്ക് ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32–ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഇത്യാദി 34–ാം വശത്ത്.

## വെള്ളിയാഴ്ച പ്രഭാതപ്രാർത്ഥന

51–ാം മസുമൂറാ 4–ാം വശത്ത്.

പിതാവേ! എന്നെ ചെവിക്കൊള്ളണമേ. പുത്രാ! നിന്നെത്തന്നെ എന്നെ കാണിക്കണമേ. പരിശുദ്ധ റൂഹാ! നിന്നെ തിരിച്ചറിവാൻ എനിക്കു കൃപ നൽകണമേ.

പരിശുദ്ധ പിതാവേ! നിന്റെ നാമത്തിൽ എന്നെ കാത്തുകൊള്ളണമേ. പരിശുദ്ധ പുത്രാ! നിന്റെ ഉദയം എന്നെ കാണിക്കണമേ. പരിശുദ്ധ റൂഹാ! എന്നിൽ നീ വസിക്കണമേ.

പിതാവായ ദൈവമേ! നിന്റെ രാജ്യത്തിനും നിന്റെ പുത്രനോടും വിശുദ്ധ റൂഹായോടും കൂടെ അതിൽ ആനന്ദിക്കുന്നതിനും എന്നെ യോഗ്യനാക്കണമേ.

ആകൽക്കറുസ്സാമൂലം നശിച്ചുപോയിരിക്കുന്ന അന്ധകാരലോകത്തെ രക്ഷിപ്പാനായിട്ട് പിതാവിൽനിന്ന് അയയ്ക്കപ്പെട്ടവനായി ആനന്ദകരമായ പ്രഭാതവും പ്രകാശവും ആകുന്ന യേശുമിശിഹാ! എന്റെ അശുദ്ധ വികാരങ്ങളോടു

കൂടിയുള്ള ബലഹീനപ്രാർത്ഥനയെ കൈക്കൊള്ളണമേ. നിന്റെ കൃപയാൽ എന്റെ പ്രാർത്ഥനയെ വെടിപ്പാക്കുകയും നിന്റെ ദയയാൽ എന്നോടുത്തരമരുളുകയും ചെയ്യണമേ.

എന്റെ കർത്താവേ! നിന്റെ സ്നേഹത്തിന്റെ പ്രകാശം എന്റെമേൽ ശോഭിപ്പിക്കണമേ. നിന്നെക്കുറിച്ചുള്ള അറിവിന്റെ രശ്മികളാൽ ഞാൻ ശോഭിക്കുകയും നിന്റെ ദാനങ്ങളുടെ ഐശ്വര്യങ്ങളാൽ ഞാൻ പ്രകാശിക്കുകയും ചെയ്യുമാറാക ണമേ. പിതാവും പുത്രനും വിശുദ്ധ റൂഹായുമേ! നിന്റെ കരു ണയാൽ നിന്റെ കൃപയുടെ സഹായത്തിനും പാപമോചന ത്തിനും ഞാൻ യോഗ്യനായിത്തീരുകയും നിനക്ക് ഇപ്പോഴും എല്ലാസമയത്തും എന്നേക്കും മഹത്വവും വന്ദനവും കരേറ്റു കയും ചെയ്യുമാറാകണമേ. ആമ്മീൻ.

പ്രകാശത്തിന്റെ സ്രഷ്ടാവും നിർമ്മിതാവും ആയവനേ! ഞാൻ സകല ജോലികൾക്കും മുമ്പായി നിന്റെ അടുക്കൽ വന്ന് നിന്റെ കൃപയോടു കരുണയും ദയവും യാചിക്കുന്നു. നിന്റെ പ്രകാശം എന്റെ ഹൃദയത്തിൽ നീ ഉദിപ്പിക്കണമേ. എന്റെ കർത്താവും ദൈവവുമേ! ജീവൻ നൽകുന്ന നിന്റെ വിശുദ്ധ കല്പനകളുടെ ഊടുവഴിയിൽക്കൂടി നടക്കുവാൻ തക്കവണ്ണം എന്നേക്കും എന്റെ നടപ്പുകളെ ശരിപ്പെടുത്തണമേ.

കർത്താവേ! നീതിമാന്മാരെ നിന്റെ പ്രകാശത്തിൽ ആന ന്ദിപ്പിക്കുന്നതായ ആ പ്രഭാതത്തിൽ എന്റെ ഹൃദയത്തെയും നീ ആനന്ദിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഈ പ്രഭാതസമയത്ത് പ്രാർത്ഥനയെന്ന സുഗ ന്ധവർഗ്ഗത്തോടുകൂടെ ഹൃദയധൂപം ഞാൻ നിന്റെ സന്നിധി യിൽ സമർപ്പിച്ചിരിക്കുന്നതിനാൽ നിന്റെ പ്രകാശത്തിന്റെ ആന ന്ദത്തിൽ ഞാൻ തൃപ്തിപ്പെടുകയും ഇപ്പോഴും എല്ലാസമ യത്തും എന്നേക്കും ഇടവിടാതെ ഞാൻ നിന്നെ മഹത്വപ്പെടു ത്തുകയും ചെയ്യുമാറാകണമേ. ആമ്മീൻ.



## വെള്ളിയാഴ്ച മൂന്നാംമണിരത്തെ പ്രാർത്ഥന

ദൈവമേ! പാപിയായ എന്നോടു കരുണ ചെയ്യണമേ. ദൈവമേ! എന്റെ കുറ്റങ്ങൾക്കു മോചനം നൽകണമേ. ദൈവമേ! പഴകിയിരിക്കുന്ന എന്റെ അന്യായത്തിൽ നിന്ന് എന്നെ കഴുകി വെടിപ്പാക്കണമേ. എന്റെ സ്രഷ്ടാവേ! എന്റെ ബലഹീനതയോടു കരുണചെയ്യണമേ. എന്റെ നിർമ്മിതാവേ! എന്നോടു ദയയുണ്ടാകണമേ. കർത്താവേ! നിന്റെ തൃക്കൈ കൾകൊണ്ട് മനഞ്ഞുണ്ടാക്കിയിരിക്കുന്ന എന്നെ നശിച്ചുപോ കുവാൻ സമ്മതിക്കരുതേ. അന്ധകാരമായ ഗർഭപാത്രത്തിൽ എന്നെ ആകൃതിപ്പെടുത്തുകയും കൃപയോടെ എന്നെ പ്രകാ ശത്തിലേക്കു പുറപ്പെടുവിക്കുകയും ചെയ്തവനായ കർത്താവേ! അനീതികളുടെ അന്ധകാരത്തിൽനിന്ന് നിന്നെക്കു റിച്ചുള്ള അറിവിന്റെ പ്രകാശത്തിലേക്ക് എന്നെ പുറപ്പെടുവി ക്കണമേ. [1]ഞാൻ ലോകത്തെ വിട്ടുകളഞ്ഞിരിക്കുന്നതിനാൽ ഇനി ലോകകാര്യങ്ങളുടെ ചിന്തയിൽ ഞാൻ ബന്ധിക്കപ്പെ ടുമാറാകരുതേ. [1]ലോകമോദങ്ങളെ ഞാൻ ഉപേക്ഷിച്ചിരിക്ക യാൽ ഇനി അവയിൽ ഞാൻ അശുദ്ധപ്പെടുമാറാക രുതെ. ഈ ലോകത്തിൽനിന്നു ഞാൻ മുഖം തിരിച്ചിരി ക്കുന്നതിനാൽ ഇനി ഞാൻ അതിനെ നോക്കുമാറാകരുതേ. കർത്താവേ! ജീവന്റെ വഴി എനിക്കു കാണിച്ചുതരണമേ. നിന്റെ ശരിയായ ഊടുവഴിയിൽക്കൂടി എന്നെ നടത്തണമേ. സർവ്വ ധന ത്തെക്കാളും കൂടുതലായി ഞാൻ നിന്നെ സ്നേഹിച്ചു. ആയതു കൊണ്ട് [1]ഞാൻ എന്റെ അവകാശത്തെ ഉപേക്ഷിക്കുകയും എനിക്കു വേണ്ടിയുള്ളവരുടെ സ്നേഹത്തെ നിസ്സാരമാക്കു കയും സകലത്തെയും കൈവിടുകയും ചെയ്തു. നിന്റെ അടു ക്കൽ വരുവാൻ ഞാൻ ആഗ്രഹിച്ചിരിക്കുന്നു. എന്റെ പാപങ്ങൾ

1. ഈ വാചകങ്ങൾ ലോകത്തെ ഉപേക്ഷിച്ച് ദയാറായിലോ മറ്റോ താമസിക്കുന്ന താപസന്മാർ ഉപയോഗിക്കുന്നവയാണ്.

എന്നോടെതിർത്ത് എന്നെ കഠിനമായി മുറിവേല്പിച്ചിരിക്കുന്നു. കവർച്ചക്കാർ തങ്ങളുടെ പതിയിരിപ്പിൽനിന്ന് എഴുന്നേറ്റ് എന്നെ പിടികൂടിയിരിക്കുന്നു. സമുദ്രത്തിലെ ഓളങ്ങൾ പോലെ ലോകമോദങ്ങൾ എന്റെ നേരെ കോപിച്ചിരിക്കുന്നു. കർത്താവേ! ഞാൻ നശിച്ചുപോകുന്നതിനു നീ സമ്മതിക്കരുതേ. ഉയരത്തിൽനിന്ന് സഹായങ്ങൾ കല്പിച്ചയച്ച് പാപസമുദ്രത്തിൽനിന്ന് എന്നെ വലിച്ചുകയറ്റണമേ. പതിനായിരം കക്രീൻ നാണയങ്ങളുടെ വലിയ കടത്തിൽ ഞാൻ അകപ്പെട്ടിരിക്കുന്നു. ഇതുവരെ ആ കടത്തിൽ ഒട്ടും ഞാൻ വീട്ടിയില്ല. അതുകൊണ്ട് എനിക്ക് അവധി തരുകയും വീട്ടുവാൻ ശക്തി തരുകയും ചെയ്യണമേ. എന്റെ കർത്താവേ! നീ എന്നെ മണ്ണുകൊണ്ട് മനഞ്ഞുണ്ടാക്കുകയും എന്റെ മേൽ തൃക്കൈ വയ്ക്കുകയും ചെയ്ത നിന്റെ സ്നേഹത്തെയും, നിനക്കിഷ്ടവും സന്തോഷവും ആയിരിക്കുന്ന പ്രകാരം എന്നെ കാത്തുരക്ഷിക്കുന്ന നിന്റെ ദയവിനെയും ഞാൻ നിന്ദിക്കുന്നവനായിത്തീരുമാറാകരുതേ. നീ അറിയുന്ന പ്രകാരം എനിക്കു ഗുണമായിട്ടുള്ളത് എന്നോടു പ്രവർത്തിക്കണമേ. എന്തെന്നാൽ കരുണയും ദയവും കൃപയും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

### വെള്ളിയാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥന

ആറാം ദിവസം ആറാംമണി സമയത്ത് ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി തിരുമനസ്സോടെ കുരിശിൽ തറയ്ക്കപ്പെട്ടവനായ കർത്താവേ! നീ ഞങ്ങളുടെ രക്ഷിതാവാകയാൽ ഞങ്ങളുടെ പാപങ്ങളുടെ ചീട്ടിനെ കീറിക്കളയണമേ. ഞങ്ങൾക്കുവേണ്ടി തിരുമനസ്സോടെ കുരിശിൽ തറയ്ക്കപ്പെടുകയും പാപത്തെ തന്റെ സ്ക്കീപ്പായിൽ പതിക്കുകയും മരിച്ചുകിടന്ന ആദാമിനെ ജീവിപ്പിക്കുകയും ചെയ്തവനായ



കർത്താവേ! ഞങ്ങളിൽ മറഞ്ഞുകിടന്ന പാപക്കക്ഷ്ടതകൾക്ക് ജീവൻ നൽകുന്നതായ നിന്റെ കഷ്ടാനുഭവങ്ങളാലും നിന്നിൽ തറയ്ക്കപ്പെട്ട ആണികളാലും നിർമ്മൂലനാശം വരുത്തണമേ. കർത്താവേ! നീ ദയവാനാകകൊണ്ട് സംക്ഷേപിക്കപ്പെടാവതല്ലാത്ത നിന്റെ ന്യായവിധികളെക്കുറിച്ചുള്ള ഓർമ്മയിൽ ഞങ്ങളുടെ ബോധങ്ങളെ നീ കെട്ടിയുറപ്പിക്കണമേ. കർത്താവായ യേശുമിശിഹാ! ഞങ്ങൾ നിന്റെ സന്നിധിയിൽ അയോഗ്യരായ ദാസരാകുന്നുയെന്ന് ഏറ്റുപറയുന്നു. മനുഷ്യസ്നേഹമുള്ളവനേ! നിന്റെ കൃപയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആറാം മണി സമയത്ത് ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി തൃക്കൈകളിലും തൃക്കാലുകളിലും ആണി തറയ്ക്കപ്പെട്ടവനായ കർത്താവേ! ഞങ്ങളുടെ ദേഹികളെയും ദേഹങ്ങളെയും നിന്നോടുള്ള ഭയഭക്തിയിൽ തറച്ചുറപ്പിക്കണമേ. ഞങ്ങൾക്കുവേണ്ടി പരിഹാസവും ആക്ഷേപവും നിന്ദയും സഹിപ്പാൻ സമ്മതിച്ചവനായ കർത്താവേ! പാപവികാരങ്ങളെയും ജഢമോഹങ്ങളെയും ഞങ്ങളിൽനിന്ന് നീക്കികളയണമേ. പാപത്തിന്റെ ലജ്ജയിൽനിന്നും അവസാനനാളിൽ ഉണ്ടാകുവാനിരിക്കുന്ന നാണത്തിൽനിന്നും നിന്റെ കൃപയുടെ വസ്ത്രങ്ങളാൽ ഞങ്ങളെ മറച്ചുകൊള്ളണമേ. കാവൽക്കാർ തങ്ങളുടെ ഇടയിൽ തന്റെ കുപ്പായങ്ങളെ ഭാഗിക്കുകയും തന്റെ കുപ്പായത്തിനു ചീട്ടിടുകയും ചെയ്തവനായ കർത്താവേ! പാപങ്ങളെ വിട്ട് അനുതപിക്കുകയും നീ കൈക്കൊള്ളുകയും വീണ്ടും പാപത്തിലേക്കു തിരിയാതിരിക്കയും ചെയ്തവരോടു കൂടെ നല്ല ഓഹരി ഞങ്ങൾക്കു നൽകണമേ. പിതാവേ! ഇവർ എന്തുചെയ്യുന്നു എന്ന് അറിയാതിരിക്കുന്നതിനാൽ ഇവരോടു ക്ഷമിക്കണമേ എന്നു പറഞ്ഞുകൊണ്ട് തന്നെ കുരിശിൽ തൂക്കിയവർക്കുവേണ്ടി തന്റെ പിതാവിനോട് അപേക്ഷിച്ചവനായ കർത്താവേ! മനസ്സോടും

മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളെയും നീ ക്ഷമിക്കണമേ. ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ സകല പിഴകളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. തന്റെ കുരിശുമ രണത്തിങ്കൽ ഭൂമിയിലെല്ലാം അന്ധകാരം വരുത്തിയവനായ കർത്താവേ! ഞങ്ങളോടു യുദ്ധം ചെയ്യുന്ന ശത്രുവിന്റെ കണ്ണുകളെ നീ അന്ധകാരപ്പെടുത്തണമേ. അവന്റെ ദുഷ്ടത യിൽനിന്ന് ഞങ്ങളെ മറച്ചുകൊള്ളുകയും ചെയ്യണമേ. താൻ സകലത്തിന്റെയും രാജാവായ ദൈവമാകുന്നുയെന്ന് ഏറ്റുപറഞ്ഞ വലത്തുഭാഗത്തെ കള്ളന്റെ ഹൃദയത്തെ പ്രകാ ശിപ്പിച്ച കർത്താവേ! നിന്റെ കല്പനകളുടെ വഴിയിൽ നട പ്പാനും അവസാനശ്വാസം വരെ നിന്റെ കർത്തൃത്വത്തെ ഏറ്റു പറയുവാനും ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണ മേ. ആ ഷണ്ഡനെ ശിഷ്യപ്പെടുത്തുവാനായിട്ട് പീലിപ്പോ സിന്റെ അടുക്കലേക്ക് തന്റെ മാലാഖയെ അയച്ച കർത്താവേ! ജീവന്റെ വഴി ഞങ്ങളെ പഠിപ്പിപ്പാനും ദുഷ്ടപിശാചി ന്റെയും ദുഷ്ടമനുഷ്യരുടെയും സകല ഉപദ്രവങ്ങ ളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളുവാനുമായിട്ട് സമാ ധാനത്തിന്റെ മാലാഖയെ ഞങ്ങളുടെ അടുക്കലേക്കു കല്പി ച്ചയയ്ക്കണമേ. മേൽത്തട്ടിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന പത്രോ സ് ശ്ലീഹായുടെ പ്രാർത്ഥന കേൾക്കുകയും അവനെ കാണി ച്ചുകൊടുത്ത വസ്ത്രദർശനത്താൽ യേശുമിശിഹായുടെ നാമ ത്തിൽ വിശ്വസിക്കുന്നവനെല്ലാം പാപങ്ങളിൽനിന്ന് വെടിപ്പാ ക്കപ്പെടുമെന്ന് അവനെ അറിയിക്കുകയും ചെയ്ത കർത്താവേ! ഞങ്ങളുടെ രഹസ്യവും പരസ്യവുമായ പാപ ങ്ങളിൽനിന്നു ഞങ്ങളെ വെടിപ്പാക്കണമേ. പൗലോസ് ഊർശ്ലേമിൽനിന്ന് ദർമ്മസൂക്കിലേക്കു പോകുമ്പോൾ അവനു പ്രത്യക്ഷപ്പെടുകയും തെറ്റായ വഴിയിൽനിന്ന് തങ്കലേക്ക്



അവനെ ആകർഷിച്ച് തിരിപ്പിക്കുകയും ചെയ്ത കർത്താവേ! നിന്റെ കരുണയാലും അവന്റെ പ്രാർത്ഥനയാലും ഞങ്ങളെ തെറ്റായ വഴിയിൽനിന്ന് നിന്റെ സത്യവഴിയിലേക്കു നീ ആകർഷിച്ചു തിരിപ്പിക്കണമേ. അവന്റേതുപോലെ ഞങ്ങളുടെ ഹൃദയകണ്ണുകളെ നീ പ്രകാശിപ്പിക്കണമേ. വിശ്വാസത്തിലും പ്രവൃത്തിയിലും അവനെ പിൻതുടരുവാനും നിന്റെ ജീവ നുള്ള സ്ക്കീപ്പായിൽ പ്രശംസിപ്പാനും ഞങ്ങളെ യോഗ്യരാ ക്കുകയും ചെയ്യണമേ. എന്തെന്നാൽ നീ വാഴ്ത്തപ്പെട്ടവനായ കർത്താവാകുന്നു. നിനക്കും നിന്റെ പിതാവിനും നിന്റെ പരി ശുദ്ധ റൂഹായ്ക്കും ഇപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതി കരേറ്റുന്നു. ആമ്മീൻ.

**വെള്ളിയാഴ്ച ഒമ്പതാംമണിനേരത്തെ പ്രാർത്ഥന**

ഞങ്ങളുടെ ഉടയവനായ കർത്താവും സ്വർഗ്ഗീയ പിതാ വിന്റെ വചനവും ഏകപുത്രനും ജീവൻ നൽകുന്ന കഷ്ടാ നുഭവങ്ങളാൽ ഞങ്ങളുടെ പാപങ്ങളുടെ കെട്ടുകളെ പൊട്ടി ച്ചവനും ജീവൻ നൽകുന്ന മരണത്താൽ മരണത്തിന്റെ ശക്തിയെ കെടുത്തിയവനും സംക്ഷേപിക്കപ്പെടാവത ല്ലാത്ത നടപടിമൂലം ജ്ഞാനികളുടെ ജ്ഞാനത്തെയും വിദ്വാന്മാരുടെ തിരിച്ചറിവിനെയും കുറ്റപ്പെടുത്തി ജയിച്ചവനും രക്ഷാകരമായ സ്ലീബായുടെ ശക്തിയാൽ പാതാളത്തിന്റെ വാതിലുകളെ തകർത്തവനും പാതാളത്തിന്റെ അഗാധങ്ങ ളിൽനിന്ന് ആദാമിനെയും മക്കളെയും രക്ഷിച്ചവനുമായ മിശിഹാ! നിന്റെ കൃപയോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ വിശുദ്ധ റൂഹായുടെ കൃപ ഞങ്ങൾക്കു നൽകണമേ. ദുഷ്ടനായ സാത്താന്റെ അഗ്നിയസ്ത്രങ്ങളെയെല്ലാം കെടുത്തു വാൻ പ്രാപ്തരായിത്തീരുവാനായിട്ട് നിന്റെ ജയമുള്ള സ്ലീബായാകുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളെല്ലാം നീതിയോടും സത്യത്തോടും കൂടെ നിന്നെ ഞങ്ങൾ ശുശ്രൂഷിക്കുമാറാകണ മേ. എന്റെ കർത്താവേ! ഞങ്ങളുടെ സ്വഭാവ ബലഹീനതയെ നിനക്കറിയാമല്ലൊ. കരുണയും സഹായവും ഞങ്ങൾക്കു നൽകുകയും സകല അനീതിയിൽനിന്നും ഞങ്ങളെ ഒഴിച്ച് ശുദ്ധീകരിക്കുകയും ചെയ്യണമേ. നിന്റെ നല്ല തിരുവിഷ്ടം പ്രവർത്തിപ്പാനായിട്ട് നിന്നോടുള്ള ഭയഭക്തി ഞങ്ങൾക്കു നൽകമണമേ. കർത്താവേ! നിന്റെ രാജത്വത്തോടെ നീ എഴു ന്നള്ളുമ്പോൾ ഞങ്ങളെ ഓർക്കണമേ. നിന്റെ വലത്തുഭാഗത്തെ കള്ളന് എന്നപോലെ ഞങ്ങൾക്കു പാപപരിഹാരം നൽകണ മേ. കരുണകൾക്കും പാപമോചനത്തിനും ഞങ്ങളെ യോഗ്യ രാക്കണമേ. ദുഷ്ടനിൽനിന്നും അവന്റെ പ്രലോഭനങ്ങ ളിൽനിന്നും അവന്റെ യുദ്ധങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്ക ണമേ. എന്തെന്നാൽ നീ കരുണയുള്ളവനും ദയവുള്ളവനും പാപികളോട് കൃപചെയ്യുന്നവനും അവരുടെ അപേക്ഷ കൈക്കൊള്ളുന്നവനും ആകുന്നു. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതി യോഗ്യമാകുന്നു. ആമ്മീൻ.

### ശനിയാഴ്ച സന്ധ്യയുടെ പ്രാർത്ഥന

മനുഷ്യമക്കളുടെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിലെ മഹി മാവസ്ഥയെ വിട്ട് ഇറങ്ങിവന്നു മനുഷ്യർക്കു രക്ഷനൽകിയ വനായ സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രനായ യേശുമി ശിഹാ! നിനക്കു സ്തുതി. നിന്റെ പ്രകാശമുള്ള കതിരുക ളാൽ എന്നെ പ്രകാശിപ്പിക്കണമേ. ആത്മാവിലും സത്യ ത്തിലും നിന്നെ വന്ദിപ്പാനും നിന്റെ മഹാകരുണകളെ വിസ്മ യത്തോടെ സ്തുതിപ്പാനും എന്നെ യോഗ്യനാക്കണമേ.



നിന്റെ സോപ്പാകൊണ്ട് തളിച്ച് എന്നെ ശുദ്ധീകരിക്കണമേ. ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിന്റെ വലിമയെ ഞാൻ സ്തുതിച്ച് വണങ്ങിക്കൊണ്ട് എന്റെ ഹൃദയ ത്തിൽനിന്ന് നിന്റെ ഉത്തമവചനങ്ങളെ പുറപ്പെടു വിപ്പാൻവേണ്ടി എന്റെ ചുണ്ടുകളിൻമേൽ നിന്റെ കരുണകളെ ചൊരിയണമേ. ആമ്മീൻ.

ദൈവമായ കർത്താവേ! ഈ സന്ധ്യാസമയത്ത് ഞാൻ നിന്റെ സന്നിധിയിൽ കഴിക്കുന്ന പ്രാർത്ഥനയെയും അപേ ക്ഷയെയും നിന്നെ പ്രീതിപ്പെടുത്തുന്നവനായ മൂശ സന്ധ്യാസമയത്തു നിന്റെ സന്നിധിയിൽ കഴിച്ച കാഴ്ച പോലെ കൈക്കൊള്ളണമേ. നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്ന എനിക്കും വിശുദ്ധ സഭയിലെ സകല പ്രജകൾക്കും കുറ്റങ്ങളുടെ പരിഹാരവും പാപങ്ങ ളുടെ മോചനവും നീ നൽകണമേ. കർത്താവും ദൈവ വുമേ! നിന്റെ ശരണത്തിൻമേൽ നിദ്രപ്രാപിച്ചവരും നിന്റെ വരവിനെ കാത്തിരിക്കുന്നവരുമായ വിശ്വാസികളായ മരി ച്ചുപോയവർക്ക് എന്നേക്കും നിന്റെ ആശ്വാസം നൽകു കയും ചെയ്യണമേ. ആമ്മീൻ.

### ശനിയാഴ്ച സൂത്താറാ പ്രാർത്ഥന

നല്ലവനായ പിതാവേ! ഞാൻ അയോഗ്യനെങ്കിലും നിന്നോടുള്ള സ്നേഹവും ഭയവും എനിക്കു തരണമേ. കർത്താവേ! ഈ ലോകസംസർഗ്ഗത്തിനു സത്യമായിട്ട് ഞാൻ മരിച്ചവനായിരിപ്പാൻ കൃപ നൽകണമേ. കർത്താവേ! നിന്റെ ജീവനിൽനിന്ന് ഞാൻ മരിക്കാതെ ശരീരത്തിന്റെ മരണം എനിക്കു നൽകണമേ. ഞാൻ യുദ്ധസാമർത്ഥ്യമില്ലാത്ത ബല ഹീനനാകയാൽ പാപവികാരത്തെയും യുദ്ധത്തെയും

എന്നിൽനിന്ന് നീക്കണമേ. കർത്താവായ യേശുമിശിഹാ! ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവായ യേശുമിശിഹാ! എന്നെ സഹായിച്ച് ശത്രുക്കളുടെ കൈയിൽനിന്ന് എന്നെ രക്ഷിക്കണമേ. കർത്താവായ യേശുമിശിഹാ! നീ എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു. ആമ്മീൻ.

## ശനിയാഴ്ച പാതിരാത്രിയുടെ പ്രാർത്ഥന

### 1-ാം കൗമാ

കരുണാസമുദ്രമായ കർത്താവേ! ഞാൻ നിന്നെ വിട്ടിട്ടുള്ള അന്യചിന്തമൂലം വലയാതെ നീ എന്നെ രക്ഷിക്കണമേ. നിന്നിലുള്ള വിശ്വാസജ്വാലയ്ക്കകത്തേക്ക് എന്നെ പ്രവേശിപ്പിക്കണമേ. എന്റെ കർത്താവേ! നിന്നിലുള്ള ശരണത്തിന്റെ ഒരു തുള്ളി എന്നിൽ വീഴിച്ചിട്ട് അടങ്ങാതെ കത്തിജ്വലിക്കുന്ന ഹൃദയച്ചൂട് എനിക്കു നൽകണമേ. നിന്നിലുള്ള ആശ്രയമാകുന്ന രസമുള്ള സംസർഗ്ഗം എന്നെ കീഴ്പെടുത്തുമാറാകണമേ. നിന്നോടുള്ള ഭയഭക്തിയുടെ ആനന്ദം എന്റെ സ്വാഭാവിക മാർഗ്ഗത്തിൽനിന്ന് എന്നെ വേർതിരിക്കുമാറാകണമേ. നിന്നോടുള്ള സ്നേഹാഗ്നി എന്നിൽ ജ്വലിപ്പിക്കണമേ. നിന്നെക്കുറിച്ചുള്ള വിസ്മയമാകുന്ന ആലാത്തുകൊണ്ട് എന്റെ ഹൃദയത്തെ ബന്ധിക്കണമേ. എന്റെ ഉൾക്കണ്ണുകളാൽ നിന്നെ ഞാൻ നോക്കുവാൻ എന്നെ യോഗ്യനാക്കണമേ. ആ കുരുടനായ മനുഷ്യനു പുതിയ കൃഷ്ണമണികളെ നീ സൃഷ്ടിച്ചതുപോലെ എന്നിൽ പുതിയ കണ്ണുകളെ നീ സൃഷ്ടിക്കണമേ. എന്റെ കർത്താവും ദൈവവുമേ! എന്നേക്കും എന്റെ പുറമേയുള്ള ചെവികളെ നീ അടയ്ക്കുകയും അകമേയുള്ള ചെവികളെ തുറക്കുകയും ചെയ്യണമേ. ആമ്മീൻ.



### 2-ാം കൗമാ

കർത്താവായ യേശുമിശിഹാ! ജഡപ്രകാരമുള്ള ശബ്ദങ്ങളാൽ പതറിപ്പോകാത്തതും അഗ്നിനാവുകളാൽ പോലും വർണ്ണിക്കാനാവാത്തതുമായ സംസർഗ്ഗത്താൽ എന്റെ ബോധം നിന്റെ വലിമയോടു സംസർഗ്ഗം ചെയ്യുവാൻ എനിക്കു കൃപ നൽകണമേ. സ്തുത്യയോഗ്യമായ മൗനവ്രതത്തോടുകൂടിയിരുന്നുകൊണ്ട് നിന്നെ സ്തുതിപ്പാൻ എനിക്കു കൃപ നൽകണമേ. കർത്താവായ യേശുമിശിഹാ! ഒരുവനും അടുത്തുചെല്ലുവാനും കാണുവാനും പാടില്ലാത്തവണ്ണം മഹാപ്രകാശത്തിൽ വസിക്കുന്ന മഹത്വമുള്ളവനായ നിന്നെ സ്തുതിപ്പാൻ അഗ്നിമയമായ വായും നാവും എനിക്കു തരണമേ. ആമ്മീൻ.

### 3-ാം കൗമാ

കർത്താവായ യേശുമിശിഹാ! ഈ സമയത്തു നിന്നോടുള്ള സ്നേഹം നിറഞ്ഞ നിരൂപണയും നിന്നെക്കുറിച്ചുള്ള അറിവു വഹിച്ചിരിക്കുന്ന ബോധവും നിന്നെക്കുറിച്ചുള്ള തിരിച്ചറിവു നിറഞ്ഞ ബുദ്ധിയും നിന്റെ പ്രകാശം ഉദിക്കുന്ന വെടിപ്പുള്ള ഹൃദയവും എനിക്കു നൽകണമേ. കർത്താവായ യേശുമിശിഹാ! എന്റെ ബോധം ജ്ഞാനങ്ങളുടെ ഉറവയായിരിപ്പാനും പുതിയ ലോകത്തിന്റെ രഹസ്യങ്ങൾ അതിൽ വെളിപ്പെടുവാനും എന്നെ യോഗ്യനാക്കണമേ. പിതാവിന്റെ പുത്രനും തന്റെ നിത്യതയുടെ കതിരും ആയവനേ! ഈ സമയത്തു നിന്റെ പരിശുദ്ധന്മാരുടെ ആത്മാക്കളിൽ ജ്വലിക്കുന്ന സ്നേഹത്തിൽനിന്നും പ്രിയത്തിൽനിന്നും എന്നെ നീ വിരോധിക്കരുതേ. ആമ്മീൻ.

ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി. ഹാലേ......ഉഹാലേ.........ഉഹാലേ.........ദൈവമേ! ഹാലേ......ഉഹാലേ.........ഉഹാലേ.........ദൈവമേ!

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമേ. മൊറിയൊ..........

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ............ഇത്യാദി 30-ാം വശത്ത്.

ത്രിത്വത്തിനു സ്തുതി..........ഇത്യാദി 31-ാം വശത്ത്.

എന്റെ കർത്താവേ! നിന്റെ പെരുമയെ ആഘോഷിക്കുന്ന മേലുള്ള സൈന്യങ്ങളുടെ ഭയങ്കരമായ ആർപ്പ് എന്റെ ആത്മചെവികൾകൊണ്ട് കേൾപ്പാൻ ഈ സമയത്ത് കൃപയോടെ എന്നെ യോഗ്യനാക്കണമേ. കർത്താവായ യേശുമിശിഹാ! ഈ സമയത്ത് നിന്റെ ശുദ്ധിമാന്മാരുടെ ബോധത്തിന് കേൾക്കപ്പെടാവുന്ന സംഗീതത്തെയും പുകഴ്ചയെയും കേൾപ്പാൻ എനിക്കു സംഗതിയാക്കണമേ. കർത്താവായ യേശുമിശിഹാ! പ്രാർത്ഥനാസമയത്ത് പ്രത്യക്ഷപ്പെടുന്ന അഗ്നിമയന്മാരെ കാണുന്നതിനും അവരിൽനിന്നു വീശുന്ന സുഗന്ധവാസനയേറ്റ് ആനന്ദിക്കുന്നതിനും കൃപയോടെ എന്നെ യോഗ്യനാക്കണമേ. ആമ്മീൻ.

മാലാഖമാരുടെ സ്തുതിപ്പ് 32-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഇത്യാദി 34-ാം വശത്ത്.

**ശനിയാഴ്ച പ്രഭാതപ്രാർത്ഥന**

51-ാം മസുമൂറാ 4-ാം വശത്ത്.

സർവ്വത്തിന്റെയും ഉടയവനായ ദൈവമേ! എന്നേക്കും ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു. എന്റെ കർത്താവേ! യാതൊരു നന്മയും ഗുണവും ഞാൻ നിന്റെ സന്നിധിയിൽ ചെയ്തിട്ടില്ലെങ്കിലും നിന്റെ കരുണയുടെ ആധിക്യം നിമിത്തം ഇതുവരെ നിന്റെ കൃപയാൽ എന്നെ കാത്തുരക്ഷിച്ചുവല്ലൊ. മിശിഹാതമ്പുരാനേ! ഇപ്പോഴും ഞാൻ അയോഗ്യനെങ്കിലും എന്റെ നിസ്സാരമായ ശുശ്രൂഷയും ഹീനമായ പ്രാർത്ഥനയും



കഴിക്കുവാനായിട്ട് നിന്റെ കരുണ എന്നെ ഇളക്കുകയും നിന്റെ സന്നിധിയിൽ എന്നെ നിർത്തുകയും ചെയ്തിരിക്കുന്നുവല്ലോ. കാരുണ്യവാനും ദയവാനും ആകുന്ന ദൈവമായ കർത്താവേ! നിന്റെ കരുണയാൽ എന്നോടു ദയവു ചെയ്യണമേ. നിന്റെ കൃപയിൻപ്രകാരം എന്നെ സഹായിക്കണമേ. എന്റെ ശുശ്രൂഷ നിന്റെ പ്രീതിക്കും എന്റെ പ്രാർത്ഥന നിന്റെ സന്തോഷത്തിനും ആക്കിത്തീർക്കണമേ. എന്റെ യാചനകളും അപേക്ഷകളും നിന്റെ ശ്രേഷ്ഠതയിങ്കൽ അംഗീകരിക്കപ്പെടുമാറാകണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ എന്റെ സ്രഷ്ടാവേ! ഞാൻ ജീവനോടിരിക്കുന്ന കാലമെല്ലാം എന്നേക്കും നിന്റെ ശ്രേഷ്ഠതയുടെ മഹത്വമുള്ള തിരുവിഷ്ടപ്രകാരം നടപ്പാൻ നിന്റെ ദയയാൽ എന്നെ യോഗ്യനാക്കണമേ. ആമ്മീൻ.

ആദ്യന്തമില്ലാത്ത പിതാവിന്റെ വചനമായ കർത്താവേശുമിശിഹാ! വ്യർത്ഥമായ അന്യചിന്തയിൽനിന്ന് നിന്റെ പൂർണ്ണസ്നേഹത്തിന്റെ അടുക്കലേക്കു എന്റെ ബോധത്തെ ആകർഷിക്കണമേ. തന്റെ രശ്മിയാൽ സംസാരശക്തിയുള്ള എല്ലാവരുടെയും ബോധങ്ങളെ പ്രകാശിപ്പിക്കുന്നവനായി പിതാവിൽനിന്നുള്ള കതിരായവനേ! നിന്റെ പ്രകാശത്താൽ നീ ഇരിക്കുന്നപ്രകാരം നിന്നെ കാണ്മാനും നിന്റെ കൃപയുടെ വായുവിൽനിന്ന് മരണമില്ലാത്തവനും നാശമില്ലാത്തവനുമായ ജീവനെ ശ്വസിപ്പാനുമായിട്ട് എന്റെ ബോധത്തിനകത്ത് നിന്റെ നിത്യപ്രകാശത്തെ ശോഭിപ്പിക്കണമേ. തന്റെ പ്രകാശത്താൽ ശരീരികളായിട്ടുള്ള എല്ലാവരെയും ആത്മീയരാക്കിത്തീർക്കുന്നവനായ പ്രകാശത്തിൽനിന്നുള്ള പ്രകാശമായവനേ! ശരീരിയായ എന്നിൽ നിന്റെ പ്രകാശത്തെ ശോഭിപ്പിക്കണമേ. നിന്റെ രശ്മികളുടെ ഉഗ്രതയാലും നിന്റെ കതിരുകളുടെ ചൂടിനാലും അതിരില്ലാത്ത നിന്റെ പ്രകാശത്തിൽ ഞാൻ ഉണർവ്വോടുകൂടെ സഞ്ചരിച്ചുകൊണ്ട് നിന്നെയും നിന്റെ

പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഇടവിടാതെ സ്തുതിക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

പ്രഭാതത്തിന്റെ സ്രഷ്ടാവും അന്ധകാരത്തെ നീക്കുന്നവനും സൃഷ്ടികളെ പ്രകാശിപ്പിച്ച് സന്തോഷിപ്പിക്കുന്നവനുമായ കർത്താവേ! എന്നെ നല്ല നടപടിയുള്ളവനാക്കിത്തീർക്കുകയും പാപത്തിന്റെ അന്ധകാരത്തെ നീക്കിക്കളയുകയും ചെയ്യണമേ. പിതാവും പുത്രനും പരുിശുദ്ധ റൂഹായുമേ! എന്നേക്കും നിന്റെ കൃപയുടെ മഹത്വമുള്ള കതിരുകളാൽ എന്നെ പ്രകാശിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യണമേ. ആമ്മീൻ.

**ശനിയാഴ്ച മൂന്നാംമണിനേരത്തെ പ്രാർത്ഥന**

കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമാകുന്ന ദൈവമായ കർത്താവേ! ഭയഭക്തിയോടെ നിന്റെ സന്നിധിയിൽ നിൽക്കുവാനും പ്രകാശത്തോടും വിശുദ്ധിയോടും കൂടെ നിനക്കു ശുശ്രൂഷിപ്പാനും നിന്റെ നല്ല തിരുവിഷ്ടപ്രകാരം നിന്നെ പ്രസാദിപ്പിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ! എന്നേക്കും ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം നിന്റെ സന്നിധിയിൽനിന്ന് കൃപയും കരുണയും ഞങ്ങൾക്കു ലഭിക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നീ കുറ്റങ്ങളെ പരിഹരിക്കുന്നവനും പാപങ്ങളെ മോചിക്കുന്നവനും അശുദ്ധരെ ശുദ്ധീകരിക്കുന്നവനും പാപികളുടെ മനസ്സുതിരിവിൽ സന്തോഷിക്കുന്നവനും ആകുന്നുവല്ലൊ. വിളിപ്പീൻ ഞാൻ വിളി കേൾക്കുമെന്നും മുട്ടുവീൻ ഞാൻ തുറന്നുതരുമെന്നും



അന്വേഷിപ്പിൻ കണ്ടെത്തുമെന്നും നീ കല്പിച്ചിട്ടുണ്ടല്ലൊ. ആകയാൽ ദൈവമായ കർത്താവേ! ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. അകൃത്യം ചെയ്യുന്നവർക്ക് നീ മോചനം കൊടുക്കണമേ. കുറ്റക്കാർക്കു പരിഹാരം കൊടുക്കണമേ. അന്യായക്കാരെ നീതിയുള്ളവരാക്കിത്തീർക്കണമേ. പാപികളോടു കരുണചെയ്യണമേ. ചിതറിപ്പോയിരിക്കുന്നവരെ കൂട്ടിച്ചേർക്കണമേ. ദൂരസ്ഥരെ വിളിച്ചുവരുത്തണമേ. വഴിതെറ്റിപ്പോയവരെ തിരികെ കൊണ്ടുവരണമേ. അശുദ്ധരെ ശുദ്ധീകരിക്കണമേ. ധിക്കാരികളെ പരിപാകപ്പെടുത്തണമേ. ഞെരുക്കത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. രോഗികളെ സുഖപ്പെടുത്തണമേ. മുറിവേറ്റിരിക്കുന്നവർക്ക് മരുന്നു ചെയ്യണമേ. ബലഹീനരെ ബലപ്പെടുത്തണമേ. ഹൃദയവേദനയിലും മനോവ്യസനത്തിലും ഇരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. വീണുകിടക്കുന്നവരെ എഴുന്നേല്പിക്കണമേ. അനാഥരുടെ സങ്കടം കേൾക്കണമേ. വിധവകളെ പുലർത്തണമേ. അനുതാപികളിൽ സന്തോഷിക്കണമേ. നീതിമാന്മാരോടുകൂടെ വസിക്കണമേ. ശുദ്ധിമാന്മാർക്ക് കൂട്ടായിരിക്കണമേ. ബ്രഹ്മചാരികളെ പൂർണ്ണരാക്കണമേ. നോമ്പുകാരെ കിരീടം ധരിപ്പിക്കണമേ. ശാന്തതയുള്ളവരിൽ വസിക്കണമേ. താഴ്മയുള്ളവരോടുകൂടെ ഇരിക്കണമേ. ദയവാന്മാരിൽ പാർക്കണമേ. കലഹങ്ങളെ ഒതുക്കണമേ. വഴക്കുകളെ നീക്കണമേ. യുദ്ധങ്ങളെ അടക്കണമേ. തർക്കങ്ങളെ നീക്കിക്കളയണമേ. ശണ്ഠകളെ ഇല്ലായ്മ ചെയ്യണമേ. നിന്റെ വിശുദ്ധ സഭയെ ഉയർത്തണമേ. അതിന്റെ പ്രജകൾക്കു സമാധാനം വർദ്ധിപ്പിക്കണമേ. എല്ലാസ്ഥലത്തും അതിനെ ഉയർത്തണമേ. എല്ലാഭാഗങ്ങളിലും അതിന്റെ ഭിത്തികളെ ഉറപ്പിക്കണ

മേ. അതിന്റെ ആചാര്യന്മാരെ ബഹുമാനിക്കണമേ. അതിലെ ശുശ്രൂഷകന്മാരെ ശോഭിപ്പിക്കണമേ. അതിലെ വായനക്കാരെ തിരിച്ചറിവുള്ളവരാക്കണമേ. അതിലെ മല്പാന്മാരെ ജ്ഞാനമുള്ളവരാക്കണമേ. അതിൽനിന്ന് വേദവിപരീതങ്ങളെയും തർക്കങ്ങളെയും മായിച്ചുകളയണമേ. അതിൽ നിരപ്പും സമാധാനവും വസിപ്പിക്കണമേ. അതിനെ സ്നേഹവും ഐക്യതയും കൊണ്ട് നിറയ്ക്കണമേ. അതിനുവേണ്ടി കഷ്ടതകൾ സഹിക്കുന്ന ഇടയന്മാരെയും അതിന്റെ നിലനില്പിനുവേണ്ടി ഉൽസാഹിക്കുന്ന ഭരണക്കാരെയും അതിൽ നിയമിക്കണമേ. അതിന്റെ പ്രജകളുടെ പ്രാബല്യത്താലും പലപ്രകാരമുള്ള സംഘങ്ങളാലും സകലവായ്കൾകൊണ്ടും നാവുകൾകൊണ്ടും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ചേർച്ചയുള്ള സ്തുതിപ്പുകൾ അതു കരേറ്റുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

### ശനിയാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥന

പാപി അനുതപിച്ചു ജീവിപ്പാനല്ലാതെ മരിപ്പാൻ ഇഷ്ടമില്ലെന്ന് തന്നെക്കൊണ്ട് തന്നെ സത്യമായി ആണയിട്ടവനായ സർവ്വശക്തിയുള്ള ദൈവമായ കർത്താവേ! അനുതപിക്കുന്ന എന്നെ നീ കൈക്കൊള്ളണമേ. എന്റെ രഹസ്യമായ പാപവേദനകളെ നീ സൗഖ്യമാക്കണമേ. എന്റെ പരസ്യമായ മുറിവുകളെയും നീ സ്വസ്ഥമാക്കണമേ. എന്നോടു കരുണചെയ്ത് എന്റെ പാപങ്ങളെ പരിഹരിക്കുകയും എന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കുകയും ചെയ്യണമേ. എന്റെ കുറ്റങ്ങളെയും അകൃത്യങ്ങളെയും മോചിക്കണമേ. എന്റെ വൈരികളോടു നീ പ്രതികാരം ചെയ്യരുതേ. ആത്മാവിലും ശരീരത്തിലും



കറകൂടാതെയും കുറ്റംകൂടാതെയും എന്നെ നടത്തണമേ. പാപമെന്ന കുറ്റത്തിൽനിന്ന് അല്പനേരംപോലും ഒഴിഞ്ഞിരിക്കുന്ന ഒരുവനുമില്ലെന്ന് നീ തീർച്ചയാക്കി കല്പിച്ചിട്ടുള്ളതിനാൽ ജീവനുള്ളവരിൽ ഒരുവനും നിന്റെ തിരുമുമ്പിൽ നീതിമാനായിരിക്കുന്നില്ല. നിന്റെ കൃപയാൽ എന്റെ കുറ്റത്തെ നീക്കി എന്റെ മഹാ അന്യായത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. നിന്റെ കൂടെ നിന്റെ മഹത്വത്തിൽ ഞാൻ ആനന്ദിക്കുമാറാകണമേ. പിതാവേ! നിന്റെ ശബ്ദം എന്നെ കേൾക്കുമാറാക്കണമേ. അതിനാൽ എന്റെ ആത്മാവിന്റെ ഇന്ദ്രിയങ്ങൾ ശുദ്ധീകരിക്കപ്പെടുമാറാകണമേ. എന്റെ ശത്രുക്കളായ പിശാചുക്കളുടെ മായാവിദ്യകളിൽനിന്ന് എന്നെ രക്ഷിക്കണമേ. ലോകവഞ്ചനയിൽനിന്ന് എന്നെ സ്വാതന്ത്ര്യപ്പെടുത്തണമേ. പുത്രാ! ന്യായമായവിധത്തിൽ നിന്നെ സ്തുതിപ്പാൻ എനിക്കറിവുണ്ടാകേണ്ടതിനായിട്ട് നിന്റെ അറിവിൽ എന്നെ സ്ഥിരപ്പെടുത്തണമേ. നിന്റെ നീതിയുള്ള ന്യായവിസ്താരത്താൽ എന്റെ കുറ്റങ്ങളെ പരസ്യമാക്കാതെ നിന്റെ കരുണയുടെ ചിറകിൻകീഴിൽ എന്നെ മറയ്ക്കണമേ. പരിശുദ്ധ റൂഹാ! ഏകദൈവത്വമായിട്ട് വന്ദിക്കപ്പെടുന്ന വിശുദ്ധ ത്രിത്വത്തിന്റെ ഏകസ്വഭാവത്തെ വേണ്ടപ്രകാരം സ്തുതിപ്പാൻ നിന്നാൽ ഞാൻ പ്രാപ്തനാകുവാനായിട്ട് നീ ആരാകുന്നു എന്ന് എന്നെ പഠിപ്പിക്കണമേ. നിനക്കും നീ അവനിൽനിന്നു പുറപ്പെടുന്ന പിതാവിനും നീ അവനോടുകൂടെ സമമായിരിക്കുന്നവനും നീ അവനിൽനിന്ന് എടുക്കുന്നവനുമായ പുത്രനും രണ്ടുലോകങ്ങളിലും ചേർച്ചയുള്ള സ്തുതി ഞാൻ കരേറ്റുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

സ്വർഗ്ഗീയപിതാവും സാക്ഷാൽ കർത്താവും ആന്ത്യമില്ലാത്ത രാജാവും ആയവനേ! നിനക്കു സ്തുതി. മേലുള്ളവരാലും താഴെയുള്ളവരാലും നിന്റെ പിതൃത്വം വിശ്വസിക്കപ്പെടുകയും

നിന്റെ കർത്തൃത്വം സ്തുതിക്കപ്പെടുകയും നിന്റെ രാജത്വ ത്തിന്റെ വലിമ വന്ദിക്കപ്പെടുകയും നിന്റെ നിത്യതയുടെ മഹത്വം പുകഴ്ത്തപ്പെടുകയും ചെയ്യുന്നു. ആയതുകൊണ്ട് നിന്റെ ആധിപത്യത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഞങ്ങളെ നിന്റെ പിതൃത്വത്തിനു വാത്സല്യമക്കളും നിന്റെ കർത്തൃത്വത്തെ ശരിയായി ഏറ്റുപറയുന്നവരും നിന്റെ രാജത്വത്തെ തെറ്റു കൂടാതെ വന്ദിക്കുന്നവരും നിന്റെ ദൈവത്വത്തെ മഹത്വ ത്തോടും വിശുദ്ധിയോടും കൂടെ സ്തുതിക്കുന്നവരും ആക്കിത്തീർക്കണമേ. ആമ്മീൻ.

### ശനിയാഴ്ച ഒമ്പതാംമണിനേരത്തെ പ്രാർത്ഥന

മുള്ളുകൾ നിറഞ്ഞിരിക്കുന്ന ഭൂമിയുടെ അരിഷ്ടതക ളിൽനിന്ന് ഞങ്ങളെ കരേറ്റുവാൻ വേണ്ടി കൃപയോടെ കുരി ശിലേക്കു കരേറിയവനായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക നായ മിശിഹാ! നിന്റെ സ്ലീബായുടെ പ്രകാശം എന്റെമേൽ ശോഭിപ്പിക്കണമേ. എന്റെ ആത്മാവിന്റെ അന്ധകാരത്തെ നീക്കി പ്രകാശിപ്പിക്കണമേ. എന്റെ കർത്താവേ! നീ എന്റെ ദൈവമാകകൊണ്ടും ഞാൻ നിന്നെ സ്നേഹിക്കുന്നതു കൊണ്ടും നിന്റെ വലത്തുകൈ എന്റെമേൽ വെപ്പാനായിട്ട് എന്റെ ആത്മാവ് നിന്റെ പുറകെ പുറപ്പെട്ടിരിക്കുന്നതു കൊണ്ടും ഞാൻ നടക്കേണ്ടുന്നതായ നിന്റെ വഴി എനിക്കു കാണിച്ചുതരണമേ. കർത്താവേ! നിന്റെ ഇഷ്ടം പ്രവർത്തി പ്പാൻ നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കണമേ. കർത്താ വായ യേശുമിശിഹാ! എന്റെ വായ് നിന്റെ സ്തുതിപ്പുകൾ കൊണ്ടും എന്റെ നാവു നിന്റെ സ്തോത്രങ്ങൾകൊണ്ടും നിറ ഞ്ഞിരിക്കുന്ന അവസരത്തിൽ നിനക്കിഷ്ടമുള്ളതായ അവ സാനം എനിക്കു നൽകുകയും ചെയ്യണമേ. ആമ്മീൻ.



ലോകങ്ങളുടെ സ്രഷ്ടാവും സൃഷ്ടികളെ സ്ഥിരപ്പെ ടുത്തുന്നവനും നിന്റെ സ്ലീബാമൂലം ലോകത്തിന് രക്ഷയു ണ്ടാക്കിയവനും തന്റെ സ്ക്കീപ്പായുടെ രക്തത്താൽ മേലു ള്ളവരെയും താഴെയുള്ളവരെയും സമാധാനപ്പെടുത്തിയ വനുമായ ദൈവമേ! രഹസ്യവും പരസ്യവുമായ ശത്രുക്ക ളിൽനിന്നും രക്ഷപെടുവാൻ നീ ഞങ്ങൾക്കു ബലമുള്ള കോട്ടയായിരിക്കണമേ. നിന്റെ കുറ്റമില്ലാത്ത രക്തത്താൽ രക്ഷിച്ചിട്ടുള്ള മരിച്ചുപോയവർക്കു നീ ആശ്വാസം നൽക ണമേ. ഞങ്ങളുടെ മിശിഹാതമ്പുരാനേ! നിന്റെ സ്ലീബാമൂലം എന്നേക്കും നിന്നെ വന്ദിച്ചു സ്തോത്രം ചെയ്വാൻ ഞങ്ങൾക്കു കൃപയരുളണമേ. ആമ്മീൻ.

## പത്തു കല്പനകൾ

**പുറപ്പാട് 20 : 2 മുതൽ 17 വരെ**

1. ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു. ഞാന ല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.

2. മേൽ ആകാശത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെ പ്രതി മയോ സാദൃശ്യമോ നീ ഉണ്ടാക്കുകയോ അവയെ വന്ദി ക്കുകയോ സേവിക്കുകയാകട്ടെ ചെയ്യരുത്.

3. നിന്റെ ദൈവമായ കർത്താവിന്റെ നാമം കൊണ്ട് വ്യാജമായി ആണയിടരുത്.

4. ശാബതു ദിവസത്തെ ശുദ്ധീകരിപ്പാൻ ഓർക്കുക. ആറുദിവസം നീ വേലചെയ്ത് നിന്റെ പ്രവൃത്തിയെല്ലാം നിവൃത്തിയാക്കണം. ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ ശാബത് ആകുന്നു. ആ ദിവസത്തിൽ നീയും നിന്റെ പുത്രനും പുത്രിയും ദാസനും ദാസിയും നിന്റെ മൃഗങ്ങളും നിന്റെ ഗ്രാമത്തിലുള്ള പരദേശിയും യാതൊരു വേലയും ചെയ്യരുത്.

5. നിന്റെ ദൈവമായ കർത്താവ് നിനക്കു തരുന്ന ദേശത്ത് നീ ദീർഘായുസ്സോടുകൂടിയിരിപ്പാനായി നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.

6. നീ കൊലചെയ്യരുത്.

7. നീ വ്യഭിചാരം ചെയ്യരുത്.

8. നീ മോഷ്ടിക്കരുത്.

9. നിന്റെ കൂട്ടുകാരനു വിരോധമായി നീ കള്ളസാക്ഷി പറയരുത്.

10. നീ നിന്റെ കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്. നിന്റെ കൂട്ടുകാരന്റെ ഭാര്യയെയും ദാസനെയും ദാസിയെയും കാളയെയും കഴുതയെയും നിന്റെ കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്.

ഈ പത്തുകല്പനകളിൽ നാല് ദൈവികവും
ആറ് മാനുഷികവുമാകുന്നു.
ഈ കല്പനകൾ പത്തും രണ്ടിൽ അടങ്ങുന്നതാണ്.

**മത്തായി 22 : 37-ം 38-ം 39-ം വാക്യങ്ങൾ.**

**മർക്കോസ് 12 : 30-ം 31-ം വാക്യങ്ങൾ.**

1. നിന്റെ പൂർണ്ണ ഹൃദയത്തോടും നിന്റെ പൂർണ്ണ ആത്മാവോടും നിന്റെ പൂർണ്ണ ശക്തിയോടും നിന്റെ പൂർണ്ണ മനസ്സോടും കൂടെ നിന്റെ ദൈവമായ കർത്താവിനെ നീ സ്നേഹിക്കണം.

2. നീ നിന്നെ സ്നേഹിക്കുന്നതുപോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം.

## വിശുദ്ധ സഭയുടെ കല്പനകൾ ഏഴ്

1. ഞായറാഴ്ചകളിലും പെരുന്നാളുകളിലും വിശുദ്ധ കുർബാനയ്ക്കു ഹാജരായിരിക്കണം.
2. വിശുദ്ധ സഭയാൽ കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾ ആചരിക്കണം.



3. ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പ് ആചരിക്കണം.
4. പട്ടക്കാരന്റെ മുമ്പാകെ കുമ്പസാരം നടത്തണം.
5. വിശുദ്ധ കുർബാന അനുഭവിക്കണം.
6. വിലക്കപ്പെട്ട നാളുകളിൽ വിവാഹബന്ധത്തിൽനിന്ന് ഒഴിഞ്ഞിരിക്കണം.
7. വഴിപാടുകളും ദശാംശങ്ങളും റീശീസാകളും കൊടുത്തുകൊള്ളണം.

## വിശുദ്ധ സഭയുടെ കൂദാശകൾ ഏഴ്

1. വിശുദ്ധ മാമൂദീസാ.
2. വിശുദ്ധ മൂറോൻ
3. വിശുദ്ധ തൈലം.
4. ആചാര്യത്വം
5. അനുതാപം (കുമ്പസാരം)
6. വിശുദ്ധ കുർബാന.
7. വിവാഹം.

## എപ്പോഴും ഓർമ്മയിൽ ഇരിക്കേണ്ട സംഗതി

1. മരണം.
2. ന്യായവിസ്താരം.
3. അഗ്നിനരകം.
4. സ്വർഗ്ഗരാജ്യം.

## മനോഗുണപ്രവൃത്തികൾ (കാരുണ്യപ്രവൃത്തികൾ)

1. വിശന്നിരിക്കുന്നവർക്കു ഭക്ഷണം കൊടുക്കുക.
2. ദാഹിച്ചിരിക്കുന്നവർക്കു കുടിപ്പാൻ കൊടുക്കുക.
3. പരദേശികളെ സ്വീകരിക്കുക.
4. നഗ്നന്മാരെ ഉടുപ്പിക്കുക.
5. രോഗികളെ ദർശിച്ചു സഹായിക്കുക.
6. ബന്ധനത്തിലിരിക്കുന്നവരെ ദർശിച്ചു സഹായിക്കുക.

7. മരിച്ചവരെ കബറടക്കുക.
8. ചഞ്ചല ഹൃദയമുള്ളവരെ ഉറപ്പിക്കുക.
9. ഭോഷൻമാർക്കു ബുദ്ധി പറഞ്ഞുകൊടുക്കുക.
10. പാപികളെ ശാസിക്കുക.
11. അറ്റകുറ്റങ്ങളെ ക്ഷമിക്കുക.
12. സങ്കടക്കാരുടെ സങ്കടം കേൾക്കുക.
13. സഹനശക്തി ഉണ്ടായിരിക്കുക.
14. ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക.

ഇവകളിൽ ഏഴ് ജഢികവും ഏഴ് ആത്മികവും ആകുന്നു.

✠✠✠✠✠✠✠✠✠✠✠✠

**ഒരുവനുണ്ടായിരിക്കേണ്ട മൂന്നു പ്രധാന സംഗതികൾ**

1. വിശ്വാസം.
2. സ്നേഹം.
3. ശരണം (പ്രത്യാശ)

✠✠✠✠✠✠✠✠✠✠✠✠

## കുമ്പസാരമുറ

പാപങ്ങൾ ഏറ്റുപറയുവാൻ (കുമ്പസാരിപ്പാൻ) വരുന്നയാൾ വിനയത്തോടും സങ്കടഹൃദയത്തോടും കൂടെ തനിക്കിഷ്ടമുള്ള മേൽപ്പട്ടക്കാരന്റെയോ പട്ടക്കാരന്റെയോ അടുക്കൽ വന്ന് മുട്ടുകുത്തി തലകുനിച്ച് കീഴോട്ട് നോക്കിക്കൊണ്ട് തന്റെ സകലപാപങ്ങൾക്കും മോചനം ലഭിക്കുമെന്നുള്ള ധൈര്യത്തോടുകൂടെ പാപങ്ങളെല്ലാം ലജ്ജയോ ശങ്കയോ കൂടാതെ ഏറ്റുപറയണം. ഹൃദയങ്ങളെ അറിയുന്നവനായ ദൈവസന്നിധിയിലാണ് താൻ ഹാജരായിരിക്കുന്നതെന്നും പട്ടക്കാരൻ തനിക്കും ദൈവത്തിനും ഇടയിൽ മദ്ധ്യസ്ഥനാണെന്നും ഏതെങ്കിലും പാപത്തെ മറച്ചുവച്ചാൽ അതു ദൈവത്തിങ്കൽ മറഞ്ഞിരിക്കുന്നതല്ലെന്നും മറച്ചുവയ്ക്കുന്ന പാപങ്ങൾക്കു മോചനം ലഭിക്കാതെ ശിക്ഷയ്ക്കു കാരണമായിത്തീരുമെന്നും



പാപമോചനം ചെയ്യുവാൻ പട്ടക്കാരന് അധികാരമുണ്ടെന്നും ഓർക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതു കൂടാതെ മേലാൽ പാപത്തിലുൾപ്പെടാതെ പരിശുദ്ധമായി ജീവിച്ചുകൊള്ളാമെന്ന് നിശ്ചയിക്കുകയും വേദവായന, ധ്യാനം, നോമ്പ്, പ്രാർത്ഥന, കുമ്പിടൽ, ധർമ്മം, വഴിപാട് മുതലായി പട്ടക്കാരൻ കല്പിക്കുന്ന പ്രതിവിധികൾ (പാപത്തിന്റെ ഔഷധങ്ങൾ) താമസത്തിനിടവരുത്താതെ കഴിയുന്ന വേഗത്തിൽ ഭയഭക്തിയോടും വിശ്വാസത്തോടും കൂടെ പ്രവർത്തിച്ച് നിവർത്തിക്കുകയും വേണം. കുമ്പസാരത്തിനു മുമ്പായി പാപങ്ങളെ ഓർമ്മയിൽ വരുത്തണമെന്നല്ലാതെ ഇന്നയിന്ന പ്രാർത്ഥനകൾ നടത്തണമെന്ന് പ്രത്യേകം നിയമമില്ലെങ്കിലും പാപങ്ങൾ ഓർമ്മയിൽ വരത്തക്കവണ്ണമുള്ള പുസ്തകങ്ങൾ വായിച്ച് ധ്യാനിക്കുകയോ അതിനുതകത്തക്കതായ ഏതെങ്കിലും പ്രാർത്ഥന നടത്തുകയോ ചെയ്യേണ്ടതാകുന്നു.

പാപങ്ങളെ ഓരോന്നായി വിവരിക്കുന്ന വലിയ മൗദ്യോനൂസ്സൊ പ്രാർത്ഥനയും പൊതുവായി പറയുന്ന ചെറിയ മൗദ്യോനൂസ്സൊ പ്രാർത്ഥനയും ഉണ്ട്. പാപങ്ങളെ പ്രത്യേകം പ്രത്യേകമായി വിവരിക്കുന്ന മൗദ്യോനൂസ്സൊയിൽ നിന്ന് തങ്ങൾ ഉൾപ്പെടാത്ത പാപങ്ങളെ വിട്ടുകളയാവുന്നതും അതിൽ വിവരിക്കാത്ത പാപങ്ങൾ തങ്ങൾക്കുണ്ടെങ്കിൽ അവകളെ അതിൽ ചേർക്കാവുന്നതുമാകുന്നു.

പൊതുവായിട്ടും ചുരുക്കമായിട്ടും ഉള്ളതിൽനിന്ന് ഒന്നും വിട്ടുകളയേണ്ടതായിട്ടു വരുകയില്ല.

കുമ്പസാരിക്കുന്ന ആളിനോടു പട്ടക്കാരൻ പല ഗുണദോഷങ്ങൾ പറയുകയും പാപങ്ങളെക്കുറിച്ച് ചോദിക്കുകയും ചെയ്യുമെങ്കിലും ചോദിക്കാതെതന്നെ തന്റെ പാപങ്ങളെ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറയേണ്ടത് ചുമതലയാകയാൽ ചോദിച്ചെങ്കിൽ പറയാമെന്നോ ചോദിച്ചില്ലെങ്കിൽ പറയണ്ടാ എന്നോ യുക്തിയോടുകൂടിയ ഉത്തരം കൊടുക്കാമെന്നോ വിചാരിക്കുന്നതു കഷ്ടവും ശിക്ഷാർഹവുമാകുന്നു.

## മൗദ്യോനൂസ്സൊ പ്രാർത്ഥന

ദൈവമായ കർത്താവേ! ഞാൻ എല്ലാക്കാലത്തും എല്ലാ നേരത്തും സംസാരത്തിലും വിചാരത്തിലും നോട്ടത്തിലും ഹൃദയചാഞ്ചല്യത്തിലും നിന്റെ സന്നിധിയിൽ പാപം ചെയ്തിരിക്കുന്നു. നമസ്കാരസമയത്തും കുർബാന സമയത്തും ഞാൻ ശുശ്രൂഷയിൽ ഉദാസീനത കാണിച്ചു. കല്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾ ഞാൻ നിവർത്തിക്കാതെയും ഏവൻഗേലിയോനിലെ കല്പനകളെ ഞാൻ ആചരിക്കാതെയും ഇരുന്നു. വൈര്യത്തോടും വഴക്കോടും അസൂയയോടും തർക്കത്തോടും നിഗളത്തോടും പ്രശംസയോടും മനസ്സിടിവോടും കൂടെ ഞാൻ രഹസ്യമായും പരസ്യമായും പാപം ചെയ്തു. ഞാൻ മറ്റുള്ളവരെ കുറ്റപ്പെടുത്തി. ഞാൻ ചിലരെക്കൊണ്ട് കുരള പറഞ്ഞു. അശുദ്ധ മോഹത്തോടെ ഞാൻ സൂക്ഷിച്ചുനോക്കി. ഞാൻ വ്യഭിചാരം ചെയ്തു. ഞാൻ വേശ്യാസംഗം ചെയ്തു. കാമവികാരത്തിൽ ഞാൻ അശുദ്ധപ്പെട്ടു. പാപച്ചെളിയിൽ ഞാൻ മലിനപ്പെട്ടു. ഞാൻ മോഷ്ടിച്ചു. ഞാൻ ക്ഷുദ്രം ചെയ്തു. ഞാൻ കൊള്ളചെയ്തു. ഞാൻ പലപ്പോഴും വ്യാജം പറഞ്ഞു. ഞാൻ മനുഷ്യരെ അപമാനിക്കുകയും പ്രാകുകയും ചെയ്തു. ഞാൻ അതികഠിനമായി കോപിക്കുകയും മദ്യംകൊണ്ട് ലഹരിക്കുകയും ചെയ്തു. ഞാൻ മതത്യാഗമായി ആണയിടുകയും ആണകളെ ലംഘിക്കുകയും ചെയ്തു. ഞാൻ പുറജാതികളുടെ വിഗ്രഹബലിയെ ഭക്ഷിച്ചു. ഞാൻ യഹൂദന്മാരോടു സംസർഗ്ഗം ചെയ്തു. ഞാൻ ഇടത്തൂട്ടുകാരോടു ചേരുകയും ദയനീയമായ വിധത്തിൽ അവരെ സ്നേഹിക്കുകയും ചെയ്തു. ഞാൻ അമിതമായിട്ടും അശുദ്ധമായിട്ടും അത്യാഗ്രഹത്തോടും ഭക്ഷിച്ചു. ഞാൻ ദുരാഗ്രഹത്തോടെ മറ്റുള്ളവരെ ആക്രമിച്ചു. ക്രയവിക്രയത്തിൽ ഞാൻ വ്യാജമായി ആണയിട്ടു. മറ്റുള്ളവരുടെ വകകൾ ഞാൻ



അപഹരിച്ചു. ഞാൻ അനീതിയായി പലിശയും ലാഭവും വാങ്ങിച്ചു. പാപകരമായ ദുർവികാരങ്ങളെ ഞാൻ എന്നിൽ വളർത്തി. വ്യാജചിന്തകളെ ഞാൻ ചിന്തിച്ചു. ഞാൻ ചിലരെ മൂഢന്മാരെന്നും ചിലരെ ഭോഷന്മാരെന്നും മഠയന്മാരെന്നും ബുദ്ധിഹീനരെന്നും ചിലരെ കാളകളെന്നും വിളിച്ചു. നിത്യാഗ്നിക്കു കുറ്റം വിധിക്കത്തക്കതായ മറ്റു പേരുകളും ഞാൻ പറഞ്ഞു. എന്റെ സഖാക്കളോടു ഞാൻ വഞ്ചന ചെയ്തു. ഞാൻ അവർക്കു വിരോധമായി ഭരണക്കാരുടെയും അധികാരികളുടെയും മുമ്പാകെ കൊലയ്ക്കുതക്ക വാക്കുകൾ വ്യാജമായിട്ട് പറയാമെന്ന് സമ്മതിച്ചു. ഞാൻ കള്ളസാക്ഷി പറഞ്ഞു. കാമാതുരതയോടെ ഞാൻ സൂക്ഷിച്ചുനോക്കി. എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും ഞാൻ അപമാനിച്ചു. എന്റെ മനസ്സോടും മനസ്സുകൂടാതെയും രാത്രിയിലെ പലതരം മായാസ്വപ്നങ്ങളിലും ഇന്ദ്രിയസ്ഖലനത്തിലും ഞാൻ അകപ്പെട്ടു. ദുർമ്മോഹത്തിലും അശുദ്ധിയിലും ഞാനുൾപ്പെട്ടു. സന്താന നാശത്തിനുവേണ്ടി ഞാൻ ഇന്ദ്രിയസ്ഖലനം ചെയ്തു. ഞാൻ പുരുഷസംഗവും മൃഗസംഗവും നടത്തി. ഞാൻ വേശ്യാവൃത്തിയിൽ ഉൾപ്പെട്ടു. അന്യജാതി സ്ത്രീകളോടും സ്വജാതി സ്ത്രീകളോടും *ബസ്ക്ക്യാമ്മമാരോടും കൂടെ ഞാൻ അശുദ്ധിപ്പെട്ടു. ഞാൻ ദേവാലയങ്ങളെയും മറ്റു പരിശുദ്ധ സ്ഥലങ്ങളെയും കൊള്ളചെയ്തു. ഞാൻ മറന്നുപോയിരിക്കുന്ന മറ്റനേക കുറ്റങ്ങളിലും അവിടുത്തെ മുമ്പാകെ വിവരിച്ചു പറയുവാൻ ലജ്ജിക്കുന്നതായ വഷളത്വങ്ങളിലും ഉൾപ്പെട്ടു.

ബസ്ക്ക്യാമ്മ – ഉടമ്പടിക്കാരി എന്നർത്ഥം. വിവാഹം ഉപേക്ഷിച്ചും ലോകം ഉപേക്ഷിച്ചും സന്യസിക്കുന്ന സ്ത്രീകൾക്കും പുനർവിവാഹത്തെ ഉപേക്ഷിച്ചരിക്കുന്ന സ്ത്രീകളായ പട്ടക്കാരുടെ ഭാര്യമാർക്കും ഈ പേർ ഉപയോഗിച്ചുവരുന്നു.

ഇപ്പോൾ ദൈവമായ കർത്താവേ! മനസ്സോടും മനസ്സു കൂടാതെയും അറിവോടും അറിവുകൂടാതെയും രഹസ്യമായും പരസ്യമായും ഉള്ള എന്റെ സർവ്വകുറ്റങ്ങളെയും നീ എന്നോടു ക്ഷമിക്കണമെന്ന് നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ശെമ ഓന്റെ ഭവനത്തിൽവച്ച് ആ പാപിയായ സ്ത്രീയോടു നീ ക്ഷമിച്ചതുപോലെ എന്നോടു ക്ഷമിക്കണമേ. സ്ക്കീപ്പാ യിൽവച്ച് ആ കള്ളനോടു ചെയ്ത പ്രകാരം എന്നോടു കരുണചെയ്യണമേ. ആ മുടിയനായ പുത്രനെപ്പോലെ എനിക്കു പാപപരിഹാരം നൽകണമേ. ആ ചുങ്കക്കാരനെപ്പോലെ എന്നെ നീതീകരിക്കണമേ. നിന്നെ ഉപേക്ഷിച്ചു പറഞ്ഞ ശെമ ഓനെ എന്നപോലെ എന്നെ കൈക്കൊള്ളണമേ. അശുദ്ധരെ നീ വെടിപ്പാക്കിയതുപോലെ എന്നെ വെടിപ്പാക്കണമേ. പാപക്കറ പിടിച്ചിരിക്കുന്നവരെ നീ ശുദ്ധരാക്കിയതുപോലെ എന്നെ ശുദ്ധീകരിക്കണമേ. അനുതാപികളെ കൈക്കൊള്ളുന്നവനും പാപികളുടെ കുറ്റങ്ങളെ മോചിക്കുന്നവനും തന്റെ അടുക്കൽ കാണപ്പെടുന്ന നശിച്ചുപോയവരെയും തങ്കലേക്കു തിരിയുന്ന വഴിതെറ്റിപ്പോയവരെയും കുറിച്ച് സന്തോഷിച്ച് ആനന്ദിക്കുന്നവനുമായ മിശിഹാതമ്പുരാനേ! നിന്നെയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിന്നെ അയച്ച വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനുമായ നിന്റെ പിതാവിനെയും ഞങ്ങളുടെ മനസ്സുതിരിവിൽ സന്തോഷിക്കുന്നവനായ ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായെയും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഇടവിടാതെ ഞാൻ സ്തുതിച്ചു സ്തോത്രം ചെയ്തു വണങ്ങി വന്ദിപ്പാനായിട്ട് പാപത്തിന്റെ സകലവിധ അഴുക്കുകളിൽനിന്നും എന്നെ തുടച്ചു വെടിപ്പാക്കി നിർമ്മലനാക്കിത്തീർക്കണമേ. ആമ്മീൻ.



### മൗദ്യോനൂസ്സൊ പ്രാർത്ഥന (വേറൊന്ന്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏക ദൈവത്തിന്റെ തിരുനാമത്തിൽ പാപിയായ ഞാൻ സർവ്വശക്തനായ ദൈവത്തോട് എന്റെ കുറ്റങ്ങളെ ഏറ്റുപറയുന്നു. നിത്യകന്യകയാകുന്ന ദൈവമാതാവായ മർത്തമറിയാമിനോടും മാലാഖമാരുടെ തലവന്മാരായ മാർ മീഖായേലിനോടും മാർ ഗബ്രിയേലിനോടും ശ്ലീഹന്മാരുടെ തലവന്മാരായ മാർ പത്രോസിനോടും മാർ പൗലോസിനോടും എഴുപത്തിരണ്ട് അറിയിപ്പുകാരോടും നിഖ്യായിലും കുസ്തന്തീനോപ്പോലീസിലും എഫേസോസിലും സഭ കൂടിയ സത്യവിശ്വാസികളായ പിതാക്കന്മാരുടെ മൂന്നു സുന്നഹദോസുകളോടും ഞാൻ എന്റെ കുറ്റങ്ങളെ ഏറ്റുപറയുന്നു. ബഹുമാനപ്പെട്ട എന്റെ ആത്മീയ പിതാവേ! അവിടുന്ന് ഭൂമിയിൽ കെട്ടുന്നതൊക്കെയും ആകാശത്തിലും കെട്ടപ്പെട്ടിരിക്കുമെന്നും ഭൂമിയിൽ അഴിക്കുന്നതൊക്കെയും ആകാശത്തിലും അഴിഞ്ഞിരിക്കുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഞാൻ പാപിയാകുന്നു. ഞാൻ മഹാപാപിതന്നെ. എന്റെ മഹാപാപങ്ങൾ വളരെയാകുന്നു. അതുകൊണ്ട് അവിടുത്തെ മുമ്പാകെ ഞാൻ കുമ്പാസാരിക്കുന്നു. ദൈവത്തിനും എനിക്കും ഇടയിൽ അവിടുന്ന് മദ്ധ്യസ്ഥനാകുന്നു. അവിടുത്തെ മദ്ധ്യസ്ഥതയാൽ കരുണയും പാപമോചനവും പ്രാപിപ്പാൻ ഞാൻ അപേക്ഷിക്കുന്നു. ആമ്മീൻ.

### മൗദ്യോനൂസ്സൊ പ്രാർത്ഥന (വേറൊന്ന്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ സകലത്തിന്റെയും ഉടയവനായ പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെയും തന്റെ

ഏകപുത്രനായ യേശുമിശിഹായുടെ മുമ്പാകെയും ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. ദൈവമാതാവായ മർത്ത മറിയാമിന്റെ കന്യാവ്രതത്തിന്റെ മുമ്പാകെയും മാലാഖമാരുടെ തലവന്മാരായ ഗബ്രിയേലിന്റെയും മീഖായേലിന്റെയും മുമ്പാകെയും ഇരുപത്തിനാലു നിബിയന്മാരുടെ മുമ്പാകെയും എഴുപത്തിരണ്ട് അറിയിപ്പുകാരുടെ മുമ്പാകെയും പന്ത്രണ്ടു ശ്ലീഹന്മാരുടെ മുമ്പാകെയും മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു ഏവൻഗേലിസ്തന്മാരുടെ മുമ്പാകെയും ഏതു വിശ്വാസത്തിന്റെ ശരണത്തോടെ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നുവോ ആ വിശ്വാസത്തെ സ്ഥാപിച്ച മുന്നൂറ്റി പതിനെട്ടു വിശുദ്ധ പിതാക്കൻമാരുടെ മുമ്പാകെയും വിശുദ്ധ മാമൂദീസായുടെ മുമ്പാകെയും ജയമുള്ള സ്ലീബായുടെ മുമ്പാകെയും വന്ദ്യ ഏവൻഗേലിയോന്റെ മുമ്പാകെയും കർത്താവിന്റെ തിരുശരീര രക്തത്തിന്റെ മുമ്പാകെയും നമുക്കുവേണ്ടിയുള്ള അവന്റെ കഷ്ടാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും മുമ്പാകെയും വിശുദ്ധ സഭയുടെ ഏഴു കൂദാശകളുടെ മുമ്പാകെയും ഈ പരിശുദ്ധ ദൈവാലയത്തിന്റെ മുമ്പാകെയും ബഹുമാനപ്പെട്ട എന്റെ ആത്മീയപിതാവേ! കെട്ടുവാനും അഴിപ്പാനും ജീവനുള്ള ദൈവത്തിൽനിന്ന് അവിടുത്തേക്കു നൽകപ്പെട്ടിട്ടുള്ള ആചാര്യത്വത്തിന്റെ മുമ്പാകെയും ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. ശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളിലും ആത്മാവിന്റെ പഞ്ചേന്ദ്രിയങ്ങളിലും ഞാൻ പാപിയാകുന്നു. ബാറെക്മോർ.

ബഹുമാനപ്പെട്ട പിതാവേ! ഞാൻ സ്വർഗ്ഗത്തോടും അവിടുത്തെ മുമ്പാകെയും പാപം ചെയ്തുപോയി. അവിടുന്നു യജമാനനും ഞാൻ ദാസനുമാകുന്നു. ആ മുടിയനായ



പുത്രനെ കൈക്കൊണ്ടതുപോലെ അനുതാപത്താൽ എന്നെ കൈക്കൊള്ളണമേ. അവിടുന്നു മിശിഹായുടെ സ്ഥാനത്തും ഞാൻ പാപിയായ സ്ത്രീയുടെ സ്ഥാനത്തും ആകുന്നു. അവിടുന്ന് മിശിഹായുടെ സ്ഥാനത്തും ഞാൻ കള്ളന്റെ സ്ഥാനത്തും ആകുന്നു. അവിടുന്നു മിശിഹായുടെ സ്ഥാനത്തും ഞാൻ പാപഓളങ്ങൾക്കിടയിൽ മുങ്ങിയവനായ ശെമഓൻകീപ്പായുടെ സ്ഥാനത്തും ആകുന്നു. എന്റെ സകല പ്രവൃത്തികളിലും ഞാൻ പാപിയാകുന്നു. ഞാൻ നോമ്പിലും നമസ്ക്കാരത്തിലും മടിയനും അസൂയക്കാരനും അത്യാഗ്രഹിയും മോഹവ്യാപാരക്കാരനും കോപിയും കാണാത്തത് പറയുന്നവനും മനുഷ്യരുടെ ഇടയിൽ വിരുദ്ധമുണ്ടാക്കുന്നവനുമാകുന്നു. പിതാവേ! എന്നെ വാഴ്ത്തി എനിക്കു മോചനം തരണമേ. ആമ്മീൻ.

### മൗദ്യോനൂസ്സൊ പ്രാർത്ഥന (വേറൊന്ന്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സർവ്വശക്തനും സർവ്വ ജ്ഞാനിയും മഹാകാരുണ്യവാനുമായ ദൈവത്തിന്റെ തിരുമുമ്പാകെ ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. നിത്യകന്യകയും ദൈവമാതാവുമായ വിശുദ്ധ മർത്ത മറിയാം അമ്മയുടെ മുമ്പാകെയും പരിശുദ്ധ മാലാഖമാരുടെ മുമ്പാകെയും നിബിയന്മാരുടെയും എഴുപത്തിരണ്ട് അറിയിപ്പുകാരുടെയും പന്ത്രണ്ടു ശ്ലീഹന്മാരുടെയും മുമ്പാകെയും ഏതുവിശ്വാസത്തിൽ ഞാൻ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നുവോ ആ സത്യവിശ്വാസത്തെ സ്ഥാപിച്ചവരായ നിഖ്യായിലും കുസ്തന്തീനോപ്പോലീസിലും എഫേസോസിലും സുന്നഹദോസ് കൂടിയ പരിശുദ്ധ പിതാക്കന്മാരുടെ മുമ്പാകെയും സകല ശുദ്ധിമാന്മാരുടെ മുമ്പാകെയും

ബഹുമാനപ്പെട്ട എന്റെ പിതാവേ! അവിടുത്തെ പട്ടത്വത്തിന്റെ മുമ്പാകെയും ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളുമായ ദശേന്ദ്രിയങ്ങളിൽ ഞാൻ പാപിയാകുന്നു. അവിടുന്നു യജമാനനും ഞാൻ ദാസനുമാകുന്നു. ദുർമാർഗ്ഗക്കാരനായ പുത്രനെന്നപോലെ എന്നെ കൈക്കൊള്ളണമേ. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഞാൻ പാപിയാകുന്നു. സ്വർഗ്ഗത്തോടും അവിടുത്തെ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. അവിടുന്നു ഭൂമിയിൽ കെട്ടുന്നതൊക്കെയും ആകാശത്തിലും കെട്ടപ്പെട്ടിരിക്കുമെന്നും ഭൂമിയിൽ അഴിക്കുന്നതൊക്കെയും ആകാശത്തിലും അഴിക്കപ്പെട്ടിരിക്കുമെന്നും അവിടുന്നു ദൈവത്തിനും എനിക്കും ഇടയിൽ മദ്ധ്യസ്ഥനാകുന്നു എന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അതുകൊണ്ട് അവിടുന്ന് എന്നെ അനുഗ്രഹിച്ച് എനിക്കു പാപമോചനം തരണമേ. അവിടുത്തെ നമസ്ക്കാരങ്ങളിലും കുർബാനകളിലും എനിക്കുവേണ്ടി ദൈവതിരുമുമ്പാകെ പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ആമ്മീൻ.

**പാപങ്ങൾ ഏറ്റുപറയുന്നവന്റെ മുറകൾ 5**

1. താൻ ചെയ്ത പാപങ്ങളെക്കുറിച്ച് ഓർക്കുക.
2. തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുക.
3. ലജ്ജകൂടാതെ സത്യകുമ്പസാരം നടത്തുക.
4. തന്റെ മേൽ ചുമത്തപ്പെടുന്ന പ്രതിവിധികളെ നിവർത്തിക്കുക.
5. ഇനിമേൽ പാപം ചെയ്കയില്ലെന്നു നിശ്ചയിക്കുക.

✠✠✠✠✠✠✠✠✠✠✠✠✠✠



**ആണ്ടടക്കമുള്ള മാറാനായ പെരുന്നാളുകളുടെയും മറ്റു പെരുന്നാളുകളുടെയും**

## ചുരുങ്ങിയ പട്ടിക

മാറാനായ പെരുന്നാൾ എന്നു പറഞ്ഞാൽ നമ്മുടെ കർത്താവും രക്ഷിതാവുമാകുന്ന യേശുമിശിഹായുടെ രക്ഷാകരമായ പെരുന്നാളുകളും മാറാനായ പെരുന്നാളുകളുടെ കൂടെ കണക്കിടേണ്ടിയ പെരുന്നാളുകളുമാകുന്നു. ആകയാൽ മാറാനായപ്പെരുന്നാളുകൾ എന്നു പറയപ്പെടുന്നവ മൂന്നുതരത്തിലുണ്ടെന്ന് മനസ്സിലാക്കണം.

ഒന്നാം തരത്തിലുൾപ്പെട്ടവയും തീയതിപ്രകാരവും തീയതിപ്രകാരമല്ലാതെയും വരുന്നവയുമായ നമ്മുടെ കർത്താവേശുമിശിഹായുടെ പെരുന്നാളുകളിൽ എല്ലാവരും ഞായറാഴ്ചയിലെപ്പോലെ പള്ളിയിൽ ഹാജരായി ദിവ്യ ശുശ്രൂഷകളിലും വേദവായനയിലും ധ്യാനത്തിലും സംബന്ധിക്കേണ്ടതും ലൗകിക വേലകളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതും ആകുന്നു. അങ്ങനെയുള്ള പെരുന്നാളുകൾക്ക് തലയ്ക്കൽ 1 എന്നുള്ള അക്കം കൊടുത്തിരിക്കുന്നു.

രണ്ടാം തരത്തിലുള്ളതും കർത്താവിന്റെയല്ലെങ്കിലും മാറാനായപ്പെരുന്നാളുകളുടെ കൂടെ കണക്കിടേണ്ടിയിരിക്കുന്നതുമായ പെരുന്നാളുകളെ ഒന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകളായിട്ടുതന്നെ നാം കണക്കിടേണ്ടതും ലോകവേലകളിൽനിന്നൊഴിഞ്ഞ് പള്ളിയിൽ ഹാജരായി ദിവ്യശുശ്രൂഷയിലും വേദവായനയിലും ധ്യാനത്തിലും സംബന്ധിക്കേണ്ടതും ആകുന്നു. ഈ പെരുന്നാൾ കർത്താവിന്റെയല്ലെങ്കിലും ഓരോ നോമ്പുവീടുന്ന ദിവസങ്ങളിൽ വരുന്നതാകകൊണ്ടും പള്ളിയിൽ ഹാജരായി ദിവ്യശുശ്രൂഷകളിൽ സംബന്ധിക്കാതെ നോമ്പ് വീടുന്നത് ന്യായമല്ലാത്തതുകൊണ്ടും അവയോട് തുല്യമായി വിചാരിക്കണമെന്ന് വിശുദ്ധ പിതാക്കന്മാർ നിശ്ചയിച്ചിരിക്കുന്നു. ഈ തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾക്ക് തലയ്ക്കൽ 2 എന്നുള്ള അക്കം കൊടുത്തിരിക്കുന്നു.

മൂന്നാം തരത്തിലുള്ളതും കർത്താവിന്റെയല്ലെങ്കിലും മാറാനായപ്പെരുന്നാളെപ്പോലെ കണക്കിടേണ്ടതുമായ പെരുന്നാളുകളിൽ പള്ളിയിൽ ഹാജരായി വിശുദ്ധ ശുശ്രൂഷയിൽ സംബന്ധിച്ചിട്ട് ലൗകികവേലകൾ ചെയ്യുന്നത് കുറ്റകരമായിരിക്കുകയില്ല. ഈ തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾക്കു തലയ്ക്കൽ 3 എന്ന അക്കം കൊടുത്തിരിക്കുന്നു. വിശേഷിച്ച് ഇൻഡ്യയുടെ സുവിശേഷകനായ മാർ തോമ്മാശ്ലീഹായുടെ പെരുന്നാളിനെ ഇൻഡ്യാക്കാർ മൂന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളായിട്ട് കണക്കിടേണ്ടിയിരിക്കുന്നു. ഇൻഡ്യാക്കാർ മാർ തോമ്മാശ്ലീഹായുടെ പെരുന്നാളിനെ മൂന്നാം തരം മാറാനായപ്പെരുന്നാളായി കണക്കിടുന്നതുപോലെ ഏതെങ്കിലും പള്ളിയുടെ പരിശുദ്ധന്റെ പെരുന്നാളിനെ അതാതിടവകക്കാർ മൂന്നാംതരം മാറാനായപ്പെരുന്നാളായി കണക്കിടേണ്ടതാണെന്നു വിശുദ്ധ പിതാക്കന്മാർ കല്പിക്കുന്നു. മേൽപറഞ്ഞ മൂന്നിലേതെങ്കിലും തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ ബുധനാഴ്ചയോ വെള്ളിയാഴ്ചയോ വന്നാൽ നോമ്പ് വേണ്ടെന്നും മാംസം മുതലായവ ഭക്ഷിക്കാമെന്നും കല്പിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഞായറാഴ്ച മാറാനായ ദിവസമാണെന്നും അത് ഒന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളാണെന്നും പ്രത്യേകം പറയാതെ ഏവർക്കും അറിയാവുന്നതുകൊണ്ട് ഞായറാഴ്ചകളെ ഈ കണക്കിൽ ഉൾപ്പെടുത്താത്തതാണ്.

ഏതെങ്കിലും മാറാനായപ്പെരുന്നാളുകൾ ബുധനാഴ്ചയോ വെള്ളിയാഴ്ചയോ വന്നാൽ അന്ന് മാംസം മുതലായത് ഭക്ഷിക്കാമെന്ന് പറഞ്ഞതുകൊണ്ട് ഭക്ഷണത്തിൽ മാത്രമല്ലാതെ മറ്റു സംഗതികളിലുള്ള വ്രതം വിടുവാൻ നിവൃത്തിയില്ല. ബുധനാഴ്ചയും വെള്ളിയാഴ്ചയും ഒഴിച്ചുള്ള ദിവസങ്ങളിൽ ഈ പെരുന്നാളുകൾ വന്നാലും ഭക്ഷണം ഒഴിച്ചുള്ള സംഗതികളിൽ വ്രതമായിരിക്കണം.)

✠✠✠✠✠✠✠✠✠✠✠✠✠✠



## കോനൂൻഹ്രോയി– ജാനുവരി (തീയതി 31)

1. 1–ാം തീയതി നമ്മുടെ കർത്താവേശുമിശിഹായുടെ ചേലാകർമ്മപ്പെരുന്നാളും മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ് എന്ന പിതാക്കന്മാരുടെയും സകലവിശുദ്ധ മല്പാന്മാരുടെയും ഓർമ്മ.

1. 6–ാം തീയതി കർത്താവിന്റെ ദനഹാ (മാമൂദീസാ) പെരുന്നാൾ.

7–ാം തീയതി മാർ യോഹന്നാൻ മാംദോനായുടെ പുകഴ്ചയുടെയും ശിരഛേദനത്തിന്റെയും ഓർമ്മ. (ഈ ഓർമ്മ ഓഗസ്റ്റ് 29–ാം തീയതി ആചരിക്കുന്നവരുമുണ്ട്.)

8–ാം തീയതി ശെമ്മാശ്ശന്മാരുടെ തലവനും സഹദേന്മാരിൽ മുമ്പനുമായ മാർ സ്തേപ്പാനോസിന്റെ ഓർമ്മ.

3 15–ാം തീയതി വിത്തുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ. 18–ാം തീയതി മാർ ശ്മുയേലിന്റെയും മാർ ശെമഓന്റെയും കർത്തമീൻ ദയറായിലുള്ള ദയറാക്കാർക്കും വിശുദ്ധന്മാർക്കും തലവനായ മാർ അന്തോനിയോസിന്റെയും ഓർമ്മ.

## ശ്ബോത്ത് - ഫെബ്രുവരി

(സാധാരണ വർഷങ്ങളിൽ 28–ം അതിവർഷങ്ങളിൽ (Leap year) 29-ാം തീയതി.)

1. 2–ാം തീയതി മായൽത്തൊപ്പെരുന്നാൾ (നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനവും വൃദ്ധനായ മാർ ശെമഓന്റെ ഓർമ്മയും.)

3–ാം തീയതി വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമയുടെ ഓർമ്മ.

2 മൂന്നുനോമ്പിന്റെ ബുധനാഴ്ച മാർ യൗനാൻ നിബിയായുടെ ഓർമ്മ. പിറ്റേദിവസം വ്യാഴാഴ്ച ടി ഓർമ്മതന്നെ.

8–ാം തിയതി അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ.

22-ാം തീയതി ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസി ന്റെയും അദ്ദേഹം അന്ത്യോഖ്യായിൽ സിംഹാസനപ്പള്ളി സ്ഥാപിച്ചതിന്റെയും ഓർമ്മ.

24-ാം തീയതി ഏവൻഗേലിസ്തനായ മാർ മത്തായി ശ്ലീഹാ യുടെ ഓർമ്മ.

## ഓദോർ-മാർച്ച് (തീയതി 31)

3 വലിയനോമ്പിന്റെ ആദ്യത്തെ ശനിയാഴ്ച മാർ അപ്രേം മല്പാന്റെയും മാർ തേവോദോറോസ് സഹദായുടെയും ഓർമ്മ.

1 വലിയനോമ്പിന്റെ നാലാം ആഴ്ചയിലെ ബുധനാഴ്ച സ്ലീബാ പ്പെരുന്നാളും പാതിനോമ്പും അബ്ഗാർ രാജാവിന്റെ ഓർമ്മയും.

1 വലിയനോമ്പിന്റെ ആറാം ആഴ്ചയിലെ വെള്ളിയാഴ്ച നാല്പതാം വെള്ളിയാഴ്ചയുടെ പെരുന്നാൾ. (കർത്താവിന്റെ നോമ്പിന്റെ അവസാനം.)

1 നാല്പതാം വെള്ളിയാഴ്ചയുടെ പിറ്റേദിവസം ശനിയാഴ്ച കർത്താവ് ബഥാനിയക്കാരൻ ലാസറിനെ ഉയിർപ്പിച്ച പെരു ന്നാൾ.

1. വലിയനോമ്പിന്റെ ഏഴാം ആഴ്ചയിൽ ഞായറാഴ്ച ഊശാ നപ്പെരുന്നാൾ. ഊശാനയുടെ പിറ്റേദിവസം തിങ്കളാഴ്ച മുതൽ കർത്താവിന്റെ കഷ്ടനുഭവപ്പെരുന്നാൾ (ഹാശാ ആഴ്ചയുടെ നാളുകൾ).

1 ഹാശാ ആഴ്ചയിൽ വ്യാഴാഴ്ച പെസഹാപ്പെരുന്നാൾ.

1 പെസഹായുടെ പിറ്റേദിവസം വെള്ളിയാഴ്ച കർത്താവിന്റെ കുരിശുമരണപ്പെരുന്നാൾ. (ദുഃഖവെള്ളിയാഴ്ച).

1 ദുഃഖവെള്ളിയാഴ്ചയുടെ പിറ്റേദിവസം ശനിയാഴ്ച അറിയി പ്പിന്റെ പെരുന്നാൾ. (അറിയിപ്പിന്റെ ശനിയാഴ്ച അല്ലെങ്കിൽ പ്രകാശത്തിന്റെ ശനിയാഴ്ച.)



1 അറിയിപ്പിന്റെ ശനിയാഴ്ചയുടെ പിറ്റേദിവസം ഞായറാഴ്ച കർത്താവിന്റെ ഉയിർപ്പുപെരുന്നാൾ.

3 9-ാം തീയതി സെബസ്ത്യായിലെ നല്പതു സഹദേന്മാരുടെ ഓർമ്മ. ഈ തീയതി ശനിയാഴ്ചയോ ഞായറാഴ്ചയോ ആയിട്ടു വന്നാൽ ആ ദിവസത്തിൽ തന്നെ ഈ ഓർമ്മയെ ആചരിക്ക ണം. അല്ലെങ്കിൽ ആ മാസം 14-ാം തീയതിക്കു മുമ്പുള്ള ശനി യാഴ്ചയോ ഞായറാഴ്ചയോ ഈ ഓർമ്മ കഴിക്കണം.

1 25-ാം തീയതി ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ പെരു ന്നാൾ.

3 ഉയിർപ്പു ഞായറാഴ്ചയുടെ പിറ്റേദിവസം തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ച് ശുശ്രൂ ഷകൾ നടത്തുന്ന ഹേവോറെനൊളുകൾ. ഹേവോറെനൊളു കളിൽ വെള്ളിയാഴ്ച മൗദ്യാനന്മാരുടെ ഓർമ്മകൂടിയാകുന്നു.

## നീസോൻ- ഏപ്രിൽ (തീയതി 30)

23-ാം തീയതി മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മ.

25-ാം തീയതി ഏവൻഗേലിസ്തനായ മർക്കോസ് മാർ മ്സബ്രോനോയുടെ ഓർമ്മ.

1 ഉയിർപ്പുപെരുന്നാൾ മുതൽ നാല്പതാം ദിവസം വ്യാഴാഴ്ച കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ.

1 സ്വർഗ്ഗാരോഹണപ്പെരുന്നാളിനുശേഷം പത്താം ദിവസം ഞായ റാഴ്ച പെന്തക്കൊസ്തിപ്പെരുന്നാൾ. (അതായത് ശ്ലീഹന്മാരു ടെമേൽ പരിശുദ്ധ റൂഹാ ആവസിച്ച പെരുന്നാൾ)

പെന്തക്കൊസ്തി ഞായറാഴ്ചയുടെ പിറ്റേദിവസം തിങ്കളാഴ്ച താപസന്മാരിൽ പ്രധാനിയായ മാർ അഹറോൻ ബാവായുടെ ഓർമ്മ.

പെന്തക്കൊസ്തിയുടെ ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച സ്വർണ്ണവെള്ളിയാഴ്ച. (മാർ ശെമഒാൻകീപ്പായും മാർ യോഹ ന്നാനും ദേവാലയത്തിലേക്കു പോകുമ്പോൾ ധർമ്മം യാചി

ക്കുന്ന മുടന്തനെ കാണുകയും ഞങ്ങൾക്കു സ്വർണ്ണവും വെള്ളിയും ഇല്ലെന്നു പറഞ്ഞ് കർത്താവിന്റെ നാമത്തിൽ അവർ അവനെ സുഖപ്പെടുത്തുകയും ചെയ്തതിന്റെ ഓർമ്മ).

### ഈയോർ-മേയ് (തീയതി 31)

1-ാം തീയതി സബ്ദിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.

8-ാം തീയതി ഏവൻഗേലിസ്തനായ മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ.

10-ാം തീയതി വൈരാഗ്യക്കാരനായ മാർ ശെമഓൻ ശ്ലീഹായുടെ ഓർമ്മ.

3 15-ാം തീയതി കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ.

20-ാം തീയതി നാല് ഏവൻഗേലിസ്തന്മാരുടെയും നിഖ്യ,കുസ്തന്തീനോപ്പോലീസ്, എഫേസോസ് എന്നീ സ്ഥലങ്ങളിലെ ആകമാന സുന്നഹദോസുകളിൽ ഉൾപ്പെട്ട പരിശുദ്ധ പിതാക്കന്മാരുടെയും ഓർമ്മ.

### ഹ്സീറോൻ- ജൂൺ (തീയതി 30)

11-ാം തീയതി മാർ ബെർത്തുൽമായി ശ്ലീഹായുടെ ഓർമ്മ.

3 15-ാം തീയതി ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ച പെരുന്നാൾ.

16-ാം തീയതി ശ്ലീഹാനോമ്പിന്റെ ആരംഭം.

19-ാം തീയതി കർത്താവിന്റെ സഹോദരനെന്നു വിളിക്കപ്പെട്ടിരിക്കുന്നവനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്ക്കോപ്പായും ശ്ലീഹായും സഹദായും ആദ്യം വിശുദ്ധ കുർബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.



24-ാം തീയതി മാർ യോഹന്നാൻ മാംദോനായുടെ ജനനത്തിന്റെ ഓർമ്മ.

2 29-ാം തീയതി ശ്ലീഹാനോമ്പിന്റെ അവസാനവും മാർ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയും.

30-ാം തീയതി പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

### തോമൂസ്- ജൂലായ് (തീയതി 31)

3 3-ാം തീയതി ഇൻഡ്യയുടെ സുവിശേഷകനായ മാർ തോമ്മാശ്ലീഹായുടെ ഓർമ്മ.

5-ാം തീയതി എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ.

15-ാം തീയതി മാർ കുറിയാക്കോസ് സഹദായുടെയും അദ്ദേഹത്തിന്റെ മാതാവും രക്തസാക്ഷിക്കാരിയുമായ മർത്ത് യൂലിത്തിയുടെയും നിഖ്യായിലെ മാർ അബ്ഹായിയുടെയും ഓർമ്മ.

20-ാം തീയതി മാർ ഏലിയാ നിബിയായുടെ ഓർമ്മ.

22-ാം തീയതി മാർ മറിയാം മഗ്ദലൈത്തായുടെ ഓർമ്മ.

27-ാം തീയതി മാർ ശെമഓൻ ദെസ്തൂനോയുടെ ഓർമ്മ.

### ഓബ് - ഓഗസ്റ്റ് (തീയതി 31)

1-ാം തീയതി ശൂനോയൊ നോമ്പിന്റെ ആരംഭവും ശ്മൂനിയുടെയും അവളുടെ ഏഴു പുത്രന്മാരുടെയും അവരുടെ ഗുരുവായ മാർ ഏലിയാസാറിന്റെയും ഓർമ്മയും. (ഇവർ രക്തസാക്ഷികളാകുന്നു.)

1 6-ാം തീയതി കൂടാരപ്പെരുന്നാൾ. (താബോർമലയിൽ വച്ച് കർത്താവിന്റെ മറുരൂപപ്പെരുന്നാൾ).

12-ാം തീയതി മാർ അസാസായേൽ സഹദായുടെ ഓർമ്മ.

2 15-ാം തീയതി മുന്തിരിത്തണ്ടുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മയും സ്വർഗ്ഗാരോഹണപ്പെരുന്നാളും ശൂനോയൊ നോമ്പിന്റെ അവസാനവും. (ശൂനോയൊ പ്പെരുന്നാൾ)

19-ാം തീയതി മാർ ലാബിശ്ലീഹായുടെ ഓർമ്മ.

24-ാം തീയതി മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.

29-ാം തീയതി മാർ യോഹന്നാൻ മാംദോനായുടെ ശിരച്ഛേദനത്തിന്റെ ഓർമ്മ. (ഈ ഓർമ്മ ജനുവരി 7-ാം തീയതി അദ്ദേഹത്തിന്റെ പുകഴ്ചപ്പെരുന്നാളിനോടുകൂടി നടത്തുന്നവരുമുണ്ട്.)

### ഈലൂൽ-സെപ്റ്റംബർ (തീയതി 30)

3 8-ാം തീയതി ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ

9-ാം തീയതി ദൈവമാതാവിന്റെ മാതാപിതാക്കളായ യൂയാക്കീമിന്റെയും ഹന്നായുടെയും ഓർമ്മ.

1 14-ാം തീയതി വിശുദ്ധ സ്ലീബാപ്പെരുന്നാൾ (സ്ലീബാ കണ്ടെത്തിയ പെരുന്നാൾ.)

24-ാം തീയതി ദീമേത്തിന്റെ ഓർമ്മ.

### തെശ്രീൻക്ദീം-ഒക്ടോബർ (തീയതി 31)

1-ാം തീയതി അറിയിപ്പുകാരനായ മാർ ആദായിയുടെയും മ്ഹീർശാബോർ എന്നു പറയപ്പെടുന്ന മാർ അബഹായി സഹദായുടെയും മാർ മാൽക്കേയുടെയും ഓർമ്മ.

7-ാം തീയതി മാർ സർഗ്ഗിസ്, മാർ ബാക്കോസ് എന്ന സഹദേന്മാരുടെ ഓർമ്മ.



15.-ാം തീയതി താപസനായ മാർ ഓസ്യോയുടെ ഓർമ്മ.

18-ാം തീയതി ഏവൻഗേലിസ്തനായ മാർ ലൂക്കോസ് മ്സബ്രോനോയുടെ ഓർമ്മ.

23-ാം തീയതി ഹൽപ്പായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.

### തെശ്രീൻ ഹ്രോയി-നവംബർ (തീയതി 30)

1-ാം തീയതി സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സകല സഹദേന്മാരുടെയും സഹദ സ്ത്രീകളുടെയും ഓർമ്മ.

13-ാം തീയതി കുസ്തന്തീനോപ്പോലീസിലെ മേൽപ്പട്ടക്കാരനും മല്പാനുമായ സ്വർണ്ണവായുള്ള മാർ ഈവാനിയോസിന്റെ ഓർമ്മ.

14-ാം തീയതി മാർ പീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.

3 21-ാം തീയതി ദൈവമാതാവിന്റെ ദേവാലയപ്രവേശന പ്പെരുന്നാൾ.

28-ാം തീയതി മാർ യാക്കോബ് ബുർദോനൊ (തുകൽധാരി) യുടെ ഓർമ്മ.

29-ാം തീയതി തീബേലിന്റെ മല്പാനും ബത്ത്നൻ ദസ്റൂഗിലെ എപ്പിസ്ക്കോപ്പായുമായ മാർ യാക്കോബിന്റെ ഓർമ്മ.

30-ാം തീയതി മാർ അന്ത്രേവാസ് ശ്ലീഹായുടെ ഓർമ്മ.

### കോനൂൻക്ദിം - ഡിസംബർ (തീയതി 31)

1-ാം തീയതി യൽദാ നോമ്പിന്റെ ആരംഭം.

4-ാം തീയതി രക്തസാക്ഷിക്കാരികളായ മർത്ത് ബർബാറായുടെയും മർത്ത് യൂലിയാനയുടെയും ഓർമ്മ.

6-ാം തീയതി മൂറായുടെ എപ്പിസ്ക്കോപ്പായായ നീക്കോലാവോസ് എന്നു പറയപ്പെടുന്ന മാർ സോക്കേയുടെ ഓർമ്മ.

10-ാം തീയതി പിശാചുക്കളെ ഓടിക്കുന്നവനായ മാർ ബഹനാം സഹദായുടെയും രക്തസാക്ഷിക്കാരായ അവന്റെ സഹോദരി സാറായുടെയും അവന്റെ കൂട്ടു സഹോദരന്മാരുടെയും മാബൂഗിലെ മാർ പീലക്സീനോസ് ബാവായുടെയും ഓർമ്മ.

18-ാം തീയതി മാർ തോമ്മാശ്ലീഹാ പുറജാതിക്കാരാൽ അസ്ത്രമേറ്റതിന്റെ ഓർമ്മ. (ഇൻഡ്യാക്കാർ പൂർവ്വകാലം മുതൽ ഈ ഓർമ്മയെ ആചരിച്ചുവരുന്നു.)

20-ാം തീയതി അഗ്നിമയനും സഹദായുമായ അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസിന്റെ ഓർമ്മ.

21-ാം തീയതി മാർതോമ്മാശ്ലീഹാ മരണം പ്രാപിച്ചതിന്റെ ഓർമ്മ. (ഈ ദിവസത്തെ ഇൻഡ്യാക്കാർ പൂർവ്വകാലം മുതൽ ആചരിച്ചുവരുന്നു. ജൂലായ് 3-ാം തീയതി മാത്രമല്ലാതെ 18-ാം തീയതി അസ്ത്രമേറ്റതിന്റെയും 21-ാം തീയതി മരണം പ്രാപിച്ചതിന്റെയും ഓർമ്മ ശീമരാജ്യങ്ങളിൽ ആചരിക്കുന്നില്ലെന്ന് അറിയുന്നു.)

1 25-ാം തീയതി കർത്താവിന്റെ ജനനപ്പെരുന്നാളും യൽദോനോമ്പിന്റെ അവസാനവും.

3 26-ാം തീയതി ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ.

27-ാം തീയതി ശിശുവധപ്പെരുന്നാൾ

ദൈവമാതാവിന്റെ പെരുന്നാളിൽ ചിലത് രണ്ടാം തരത്തിലുള്ള മാറാനായ പെരുന്നാളുകളായിട്ടും ചിലതു മൂന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകളായിട്ടും അല്ലാതെ കണക്കിടുക പതിവില്ല. ഈ മൂന്നു തരത്തിലുള്ള



മാറാനായപ്പെരുന്നാളുകളെ അതാതിന്റെ നിയമമനുസരിച്ച് ആചരിപ്പാൻ നാം പ്രത്യേകം ചുമതലക്കാരും ആചരിക്കാത്തവർ ശിക്ഷായോഗ്യരും ആകുന്നു. തലയ്ക്കൽ അക്കം കൊടുത്തിട്ടില്ലാത്തവകളായി ശ്ലീഹന്മാർ, സഹദേന്മാർ, നിബിയന്മാർ, മൗദ്യാനന്മാർ, പരിശുദ്ധന്മാർ, വിശുദ്ധ പിതാക്കന്മാർ വിശുദ്ധ മല്പാന്മാർ മുതലായവരുടെ ഓർമ്മ നാളുകളെ നാം ആചരിക്കുന്നത് നമുക്ക് ഗുണവും അനുഗ്രഹപ്രദവുമാകുന്നു. ആചരിക്കാത്തവർ ശിക്ഷായോഗ്യരായിരിക്കയില്ലതാനും. എങ്കിലും മേൽ പറയപ്പെട്ടവരുടെ ഓർമ്മകൾ വലിയ നോമ്പിൽ വരുന്നപക്ഷം ശനിയാഴ്ചയോ ഞായറാഴ്ചയോ മാത്രം നടത്തുന്നതാകകൊണ്ടും നോമ്പുകാലമാകകൊണ്ടും പള്ളിയിൽ ഹാജരായി അതിൽ സംബന്ധിപ്പാൻ നമുക്ക് പ്രത്യേക ചുമതലയുള്ളതിനാൽ ആ ചുമതലയെ അറിയിപ്പാൻവേണ്ടിയാണ് നോമ്പിലെ ഓർമ്മകൾക്ക് 3 എന്നുള്ള അക്കം കൊടുത്തിരിക്കുന്നത്.

കൂടാതെ ഉയിർപ്പിന്റെ ശേഷമുള്ള ഹേവോറൊ നാളുകളിൽ ഉയിർപ്പു സംബന്ധമായ ശുശ്രൂഷകളും പ്രാർത്ഥനകളും ആകകൊണ്ട് ആ നാളുകളെ മാറാനായ ദിവസങ്ങളായി കണക്കിടേണ്ടതാണെങ്കിലും ആ നാളുകളിൽ പള്ളിയിൽ ഹാജരായി ദിവ്യശുശ്രൂഷകളിൽ സംബന്ധിക്കണമെന്നല്ലാതെ ലൗകികവേലകളെ വിരോധിച്ചിട്ടില്ലാത്തിനാൽ ആ വിവരം ധരിപ്പിക്കേണ്ടതിലേക്കായിട്ട് ആ നാളുകൾക്കു 3 എന്നുള്ള അക്കം കൊടുത്തിരിക്കുന്നു.

ശ്ലീഹന്മാരുടെ പെരുന്നാളുകൾ നമുക്കു പ്രധാനമായിട്ടുള്ളതെങ്കിലും അവരുടെ ഓർമ്മകളും നിബിയന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ മുതലായവരുടെ ഓർമ്മകളും

എല്ലാംതന്നെ എല്ലാ സ്ഥലങ്ങളിലും പ്രത്യേകം പ്രത്യേകം ആചരിക്കാതെ പൊതുവായിട്ടോ അവിടവിടെ കീർത്തിമാന്മാരും പ്രധാനികളും ആയിട്ടുള്ളവരുടെ ഓർമ്മകൾ മാത്രമായിട്ടോ ആണ് ആചരിച്ചുവരുന്നത്. പല സ്ഥലങ്ങളിലുമുള്ള പെരുന്നാൾ പട്ടികകളെ പരിശോധിക്കുന്ന പക്ഷം ഈ അവസ്ഥ മനസ്സിലാക്കാവുന്നതാണ്. ദീർഘമായിട്ടും ഹ്രസ്വമായിട്ടും പല മാതൃകയിലുള്ള പട്ടികകൾ പരിശോധിച്ചതിൽ നമുക്ക് ഏറ്റവും ചേർച്ചയുള്ളതെന്നു തോന്നിയ പട്ടികയാണ് തിരഞ്ഞെടുത്ത് ഇതിൽ പ്രസിദ്ധം ചെയ്തിരിക്കുന്നത്. എന്നാൽ മാറാനായപ്പെരുന്നാളുകൾക്കു വ്യത്യാസപ്പെട്ട പട്ടിക ഇതുവരെ കണ്ടിട്ടില്ലെന്നുള്ളതും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

സഹദേന്മാർ പരിശുദ്ധന്മാർ മുതലായവരുടെ ഓർമ്മകൾ വലിയനോമ്പിൽ വന്നാൽ ശനിയാഴ്ചയോ ഞായറാഴ്ചയോ നടത്തണമെന്നുള്ള നിയമപ്രകാരം നടത്തിവരുന്ന സ്ഥിതിക്കു മരിച്ചവരുടെ അടിയന്തിരം അതാതു തീയതികളിൽതന്നെ വീടുകളിൽ നടത്തുന്നത് നിയമലംഘനമാകുന്നു.

| ആണ്ട് | മൂന്നു നോമ്പാരംഭം | വലിയനോമ്പാരംഭം | ഉയിർപ്പ് | സ്വർഗ്ഗാരോഹണം | പെന്തിക്കൊസ്തി |
|---|---|---|---|---|---|
| 2004 | ഫെബ്രുവരി 2 | ഫെബ്രുവരി 23 | ഏപ്രിൽ 11 | മെയ് 20 | മെയ് 30 |
| 2005 | ജനുവരി 17 | ഫെബ്രുവരി 7 | മാർച്ച് 27 | മെയ് 5 | മെയ് 15 |
| 2006 | ഫെബ്രുവരി 6 | ഫെബ്രുവരി 27 | ഏപ്രിൽ 16 | മെയ് 25 | ജൂൺ 4 |
| 2007 | ജനുവരി 29 | ഫെബ്രുവരി 19 | ഏപ്രിൽ 8 | മെയ് 17 | മെയ് 27 |
| 2008 | ജനുവരി 14 | ഫെബ്രുവരി 4 | മാർച്ച് 23 | മെയ് 1 | മെയ് 11 |
| 2009 | ഫെബ്രുവരി 2 | ഫെബ്രുവരി 23 | ഏപ്രിൽ 12 | മെയ് 21 | മെയ് 31 |
| 2010 | ജനുവരി 25 | ഫെബ്രുവരി 15 | ഏപ്രിൽ 4 | മെയ് 13 | മെയ് 23 |
| 2011 | ഫെബ്രുവരി 14 | മാർച്ച് 7 | ഏപ്രിൽ 24 | ജൂൺ 2 | ജൂൺ 12 |
| 2012 | ജനുവരി 30 | ഫെബ്രുവരി 20 | ഏപ്രിൽ 8 | മെയ് 17 | മെയ് 27 |
| 2013 | ജനുവരി 21 | ഫെബ്രുവരി 11 | മാർച്ച് 31 | മെയ് 9 | മെയ് 19 |
| 2014 | ഫെബുവരി 10 | മാർച്ച് 3 | ഏപ്രിൽ 20 | മെയ് 29 | ജൂൺ 8 |

| | | | | | |
|---|---|---|---|---|---|
| 2015 | ജനുവരി 26 | ഫെബ്രുവരി 16 | ഏപ്രിൽ 5 | മെയ് 14 | മെയ് 24 |
| 2016 | ജനുവരി 18 | ഫെബ്രുവരി 8 | മാർച്ച് 27 | മെയ് 5 | മെയ് 15 |
| 2017 | ഫെബ്രവരി 10 | ഫെബ്രുവരി 27 | ഏപ്രിൽ 16 | മെയ് 25 | ജൂൺ 4 |
| 2018 | ജനുവരി 22 | ഫെബ്രുവരി 12 | ഏപ്രിൽ 1 | മെയ് 10 | മെയ് 20 |
| 2019 | ഫെബ്രുവരി 11 | മാർച്ച് 4 | ഏപ്രിൽ 21 | മെയ് 30 | ജൂൺ 9 |
| 2020 | ഫെബ്രുവരി 3 | ഫെബ്രുവരി 12 | ഏപ്രിൽ 12 | മെയ് 21 | മെയ് 31 |
| 2021 | ജനുവരി 25 | ഫെബ്രുവരി 15 | ഏപ്രിൽ 4 | മെയ് 13 | മെയ് 23 |
| 2022 | ഫെബ്രുവരി 7 | ഫെബ്രുവരി 28 | ഏപ്രിൽ 17 | മെയ് 26 | ജൂൺ 5 |
| 2023 | ജനുവരി 30 | ഫെബ്രുവരി 20 | ഏപ്രിൽ 9 | മെയ് 18 | മെയ് 28 |
| 2024 | ജനുവരി 22 | ഫെബ്രുവരി 12 | മാർച്ച് 31 | മെയ് 9 | മെയ് 19 |

**Note :-** 2005, 2016 എന്നീ വർഷങ്ങളിൽ വചനിപ്പു പെരുന്നാളും (മാർച്ച് 25) ദുഃഖവെള്ളിയാഴ്ചയും ഒരുമിച്ചു വരും. 2008 –ൽ വചനിപ്പു പെരുന്നാൾ വലിയ നോമ്പിൽ വരുകയില്ല.



## അനുതാപത്തിന്റെ ഏഴു മസുമൂറാകൾ

### ഒന്നാമതു 6–ാം മസുമൂറാ

ബാറെക്മോർ.

1. കർത്താവേ! നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതേ, നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതെ.

2. കർത്താവേ! ഞാൻ ബലഹീനനാകകൊണ്ട് എന്നോടു കരുണചെയ്യണമേ. എന്റെ അസ്ഥികൾ ഇളകിയിരിക്കകൊണ്ട് എന്നെ സൗഖ്യമാക്കണമെ.

3. എന്റെ ആത്മാവ് എത്രയും ചഞ്ചലപ്പെട്ടു. കർത്താവേ! നീ (താമസിക്കുന്നത്) എത്രത്തോളം.

4. കർത്താവേ! നീ തിരിഞ്ഞ് എന്റെ ആത്മാവിനെ വിടുവിക്കണമേ. നിന്റെ കൃപമൂലം എന്നെ രക്ഷിക്കണമെ.

5. എന്തെന്നാൽ മരണത്തിൽ നിന്നെക്കുറിച്ച് ഓർമ്മയില്ല. പാതാളത്തിൽ നിന്നെ സ്തോത്രം ചെയ്യുന്നവൻ ആരാകുന്നു.

6. എന്റെ നെടുവീർപ്പുകളാൽ ഞാൻ വലഞ്ഞു. രാത്രിതോറും ഞാൻ എന്റെ കട്ടിലിനെ നനച്ചു. എന്റെ കണ്ണുനീരുകളാൽ എന്റെ കിടക്കയെ ഞാൻ ഈറനാക്കുകയും ചെയ്തു.

7. ക്രോധം നിമിത്തം എന്റെ കണ്ണിനു നൊമ്പരം പിടിച്ചു. എന്റെ സകല ശത്രുക്കളും നിമിത്തം അതു കലങ്ങുകയും ചെയ്തു.

8. ദുഷ്പ്രവൃത്തിക്കാരായ സകലരുമേ! എന്നെ വിട്ടുമാറുവിൻ. എന്തെന്നാൽ കർത്താവ് എന്റെ കരച്ചിലിന്റെ ശബ്ദം കേട്ടു.

9. കർത്താവ് എന്റെ അപേക്ഷ കേട്ടു. കർത്താവ് എന്റെ പ്രാർത്ഥന കൈക്കൊണ്ടു.

10. എന്റെ ശത്രുക്കളെല്ലാവരും എത്രയും ലജ്ജിക്കുകയും ഭ്രമിക്കുകയും ചെയ്യും. അവർ പിൻതിരിഞ്ഞ് പെട്ടെന്ന് നശിച്ചുപോകുകയും ചെയ്യും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**രണ്ടാമത് 32-ാം മസുമൂറാ.**

ബാറെക്മോർ.

1. തന്റെ അന്യായം ക്ഷമിക്കപ്പെടുകയും തന്റെ പാപങ്ങൾ മറയ്ക്കപ്പെടുകയും ചെയ്തവൻ ഭാഗ്യവാൻ.

2. കർത്താവു തന്റെ പാപത്തെ കണക്കിടാതെയും തന്റെ ഹൃദയത്തിൽ വഞ്ചനയില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

3. ഞാൻ മൗനിയായിരുന്നതുകൊണ്ട് നിത്യവുമുള്ള ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി.

4. എന്തെന്നാൽ രാവും പകലും നിന്റെ തൃക്കൈ എന്റെ മേൽ ഭാരമായിരുന്നു. എന്നെ കൊല്ലത്തക്കതായ വേദന എന്റെ നെഞ്ചിൽ ഉണ്ടാവുകയും ചെയ്തു.

5. ഞാൻ എന്റെ പാപങ്ങളെ നിന്നോടറിയിച്ചു. എന്റെ അകൃത്യങ്ങളെ നിന്നിൽനിന്ന് ഞാൻ മറച്ചുവച്ചതുമില്ല. എന്റെ അകൃത്യങ്ങളെ കർത്താവിനോടു ഏറ്റുപറയുമെന്നും (അപ്പോൾ) എന്റെ പാപങ്ങളെല്ലാം നീ എന്നോടു ക്ഷമിക്കുമെന്നും ഞാൻ പറഞ്ഞു.

6. ആയതുകൊണ്ട് ഉത്തമന്മാരെല്ലാം അംഗീകാരകാലത്ത് നിന്നോടു പ്രാർത്ഥിക്കും. പെരുവെള്ളത്തിന്റെ ഉഗ്രത അവങ്കലേക്ക് അടുക്കുകയില്ല.

7. നീ എന്നെ മറച്ചുകൊള്ളണമേ. എന്റെ ശത്രുക്കളിൽനിന്നും നീ എന്നെ കാത്തുകൊള്ളുകയും ചെയ്യണമേ. ഞാൻ നിന്നെ തിരിച്ചറിയേണ്ടതിന് മഹത്വവും രക്ഷയും എന്റെ ചുറ്റും നിറുത്തണമെ.

8. നീ നടക്കേണ്ടുന്ന വഴി ഞാൻ നിന്നെ അറിയിക്കും. നിന്റെമേൽ ഞാൻ ദൃഷ്ടി വയ്ക്കുകയും ചെയ്യും.

9. ചെറുപ്പം മുതൽ കടിഞ്ഞാൺകൊണ്ട് കീഴ്പെടുത്തിയിട്ടും സ്വാധീനപ്പെടാതിരിക്കുന്ന ബുദ്ധിയില്ലാത്ത കുതിര

യെപ്പോലെയും കോവർകഴുതയെപ്പോലെയും നിങ്ങൾ ആയിരിക്കരുത്.

10. അന്യായക്കാരന്റെ വേദനകൾ വളരെയാകുന്നു. കർത്താവിൽ ആശ്രയിക്കുന്നവനെ കൃപ ചുറ്റിക്കൊള്ളും.

11. നീതിമാന്മാരേ! കർത്താവിൽ സന്തോഷിച്ചാനന്ദിപ്പിൻ. ഹൃദയനേരുള്ളവരെല്ലാവരുമേ! അവനെ സ്തുതിപ്പിൻ.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**മൂന്നാമത് 38-ാം മസുമൂറാ**

ബാറെക്മോർ.

1. കർത്താവേ! നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതെ. നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കുകയും അരുതെ.

2. എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു. നിന്റെ തൃക്കൈ എനിക്കു വിരോധമായും ഇരിക്കുന്നു.

3. നിന്റെ കോപം നിമിത്തം എന്റെ ശരീരത്തിനു സുഖമില്ല. എന്റെ പാപങ്ങൾ നിമിത്തം എന്റെ അസ്ഥികൾക്കും സ്വസ്ഥതയില്ല.

4. എന്തെന്നാൽ എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്കു മീതെ കടന്നിരിക്കുന്നു. ഭാരമേറിയ ചുമടുപോലെ അവ എനിക്കു ഭാരമായിരിക്കുന്നു.

5. എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി, എന്റെ അകൃത്യങ്ങൾനിമിത്തം ഞാൻ എത്രയും പരിഭ്രമിച്ചു.

6. ഞാൻ ദിവസേന ദുഃഖത്തോടെ നടന്നു.

7. എന്തെന്നാൽ എന്റെ കാലുകൾ വിറച്ചു. എന്റെ ദേഹത്തിനു സുഖമില്ല.

8. ഞാൻ എത്രയും പരിഭ്രമിച്ചുവലഞ്ഞു. എന്റെ ഹൃദയത്തിന്റെ അലർച്ചകൊണ്ട് ഞാൻ വിമ്മിഷ്ടപ്പെട്ടു.



9. കർത്താവേ! എന്റെ ആഗ്രഹം ഒക്കെയും നിന്റെ സന്നിധിയിൽ ഇരിക്കുന്നു. എന്റെ നെടുവീർപ്പുകൾ നിന്നിൽനിന്ന് മറഞ്ഞിരിക്കുന്നതുമില്ല.

10. എന്റെ ഹൃദയം തുടിക്കുന്നു. എന്റെ ശക്തിയും എന്നിൽനിന്നു വിട്ടുമാറി. എന്റെ കണ്ണുകളുടെ വെളിച്ചം എങ്കൽ ഇല്ലാതെയായി.

11. എന്റെ സ്നേഹിതന്മാരും കൂട്ടുകാരും എന്റെ വേദനയ്ക്കെതിരായി നിന്നു.

12. എന്റെ പ്രാണനെ അന്വേഷിക്കുകയും എന്റെ ദോഷം ആഗ്രഹിക്കുകയും ചെയ്യുന്നവർ എന്നെ പിടികൂടി. അവർ ദുഷ്ടതയും വഞ്ചനയും സംസാരിക്കുകയും നിത്യവും (ദോഷം) ആലോചിക്കുകയും ചെയ്തു.

13. എന്നാൽ ഞാൻ ഒരു ചെകിടനെപ്പോലെ കേൾക്കാതെയും ഊമനെപ്പോലെ വായ് തുറക്കാതെയും ഇരുന്നു.

14. ഞാൻ കേൾക്കാത്ത മനുഷ്യനെപ്പോലെയും വായ്കൊണ്ട് ശാസിക്കാത്തവനെപ്പോലെയും ഇരുന്നു.

15. എന്തെന്നാൽ കർത്താവേ! ഞാൻ നിന്നെ കാത്തിരുന്നു. എന്റെ ദൈവമായ കർത്താവേ! നീ എന്നോട് ഉത്തരമരുളുകയും ചെയ്തു.

16. എന്റെ കാലുകളുടെ ഇളക്കത്തിൽ അവർ എന്നെച്ചൊല്ലി സന്തോഷിക്കാതെയും എനിക്കു വിരോധമായി നിഗളിക്കാതെയും ഇരിക്കണമെന്ന് ഞാൻ പറഞ്ഞുവല്ലോ.

17. എന്തുകൊണ്ടെന്നാൽ ഞാൻ കഷ്ടതയ്ക്ക് ഒരുങ്ങിയിരിക്കുന്നു. എന്റെ വേദന എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു.

18. ഞാൻ എന്റെ അകൃത്യങ്ങളെ നിന്നോടറിയിക്കും. എന്റെ പാപങ്ങളിൽനിന്ന് ഞാൻ ശുദ്ധനാക്കപ്പെടുകയും ചെയ്യും.

19. എന്റെ ശത്രുക്കൾ ശക്തിപ്പെട്ട് (എന്റെ സങ്കടത്തെ) കണ്ടു. അന്യായമായി എന്നെ ദ്വേഷിക്കുന്നവർ വർദ്ധിച്ചിരിക്കുന്നു.

20. അവർ നന്മയ്ക്കു പകരം തിന്മ എന്നോടു പ്രതികാരം ചെയ്തു. ഞാൻ നന്മ അന്വേഷിച്ചതുകൊണ്ട് അവർ എനിക്കു വിരോധികളായിത്തീരുകയും ചെയ്തു.

21. എന്റെ ദൈവമായ കർത്താവേ! നീ എന്നെ കൈവിടരുതേ. നീ എന്നിൽനിന്ന് അകന്നിരിക്കുകയും അരുതെ.

22. എന്നാലോ നീ എന്റെ സഹായത്തിനായിട്ട് കാത്തിരുന്ന് എന്നെ രക്ഷിക്കണമെ.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

### നാലാമത് 51 -ാം മസുമൂറാ

ബാറെക്മോർ.

1. ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമെ.

2. എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ.

3. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

4. നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടുതന്നെ.

5. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.



6. എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

7. സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. തൽഗായേക്കാൾ ഞാൻ വെണ്മയാകും.

8. നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

9. എന്റെ പാപങ്ങളിൽനിന്ന് നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമെ.

10. ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ.

11. നിന്റെ മുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയുമരുതെ.

12. എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ.

13. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

14. എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

15. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

16. എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല.

17. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

18. നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ.

19. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമ ബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ (ബലിയായി) കരേറും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**അഞ്ചാമത് 102-ാം മസുമൂറാ.**

ബാറെക്മോർ.

1. കർത്താവേ! എന്റെ പ്രാർത്ഥനയെ കേൾക്കണമെ. എന്റെ നിലവിളി നിന്റെ അടുക്കൽ എത്തുമാറാകണമെ.

2. എന്റെ ഞെരുക്കനാളിൽ നിന്റെ മുഖം എന്നിൽനിന്നു മറയ്ക്കരുതെ. എന്നാലോ ഞാൻ നിന്നെ വിളിക്കുന്ന ദിവസത്തിൽ എങ്കലേക്കു നിന്റെ ചെവി ചായിച്ച് വേഗം എനിക്കുത്തരമരുളണമെ.

3. എന്തെന്നാൽ എന്റെ നാളുകൾ പുകപോലെ കഴിഞ്ഞുപോയി. എന്റെ അസ്ഥികൾ വെന്തുവെണ്ണീറായി.

4. എന്റെ ഹൃദയം പുല്ലുപോലെ വാടിക്കരിഞ്ഞു. അതുകൊണ്ട് എന്റെ ആഹാരം (കഴിപ്പാൻ) ഞാൻ മറന്നുപോയി.

5. എന്റെ നെടുവീർപ്പുകളുടെ ശബ്ദം നിമിത്തമായിട്ട് എന്റെ മാംസം എന്റെ അസ്ഥികളോടു പറ്റിപ്പോയി.

6. ഞാൻ വനത്തിലെ കാക്കയ്ക്കു തുല്യനായി. ഞാൻ ശൂന്യപ്രദേശത്തെ നത്തുപോലെ ആയി.

7. പുരയ്ക്കുമേൽ പറക്കുന്ന പക്ഷിയെപ്പോലെ ഞാൻ തനിച്ചു ശേഷിച്ചു.

8. എന്റെ ശത്രുക്കൾ നിത്യവും എന്നെ നിന്ദിച്ചു. എന്നെ സ്തുതിക്കുന്നവർ എന്നെ (നശിപ്പിപ്പാൻ ) ശപഥം ചെയ്തു.

9. എന്തെന്നാൽ ഞാൻ ആഹാരംപോലെ ചാരം തിന്നു. എന്റെ പാനീയത്തെ ഞാൻ കണ്ണുനീരിൽ കലർത്തി.



10. അതു നിന്റെ കോപവും ക്രോധവും ഹേതുവായിട്ടു തന്നെ. എന്തെന്നാൽ നീ എന്നെ ഉയർത്തുകയും പിന്നെ എന്നെ തള്ളിയിടുകയും ചെയ്തു.

11. എന്റെ ദിവസങ്ങൾ നിഴൽപോലെ ചാഞ്ഞുപോയി. ഞാൻ പുല്ലുപോലെ ഉണങ്ങിപ്പോവുകയും ചെയ്തു.

12. കർത്താവേ! നീ എന്നേക്കും നിലനിൽക്കുന്നു. നിന്റെ ഓർമ്മ തലമുറ തലമുറയായിട്ടും നിലനിൽക്കുന്നു.

13. നീ എഴുന്നേറ്റ് സെഹിയോനോടു കരുണ ചെയ്യണമെ. എന്തെന്നാൽ അതിനോടു കരുണചെയ്യുവാനുള്ള കാലം അടുത്തു.

14. എന്തെന്നാൽ നിന്റെ ദാസന്മാർ അതിന്റെ കല്ലുകളിൽ ഇഷ്ടപ്പെടുകയും അതിന്റെ മണ്ണിനെ സ്നേഹിക്കുകയും ചെയ്തു.

15. കർത്താവേ! പുറജാതികൾ നിന്റെ തിരുനാമത്തെയും ഭൂമിയിലെ രാജാക്കന്മാരെല്ലാം നിന്റെ ബഹുമാനത്തെയും ഭയപ്പെടും.

16. എന്തെന്നാൽ കർത്താവ് സെഹിയോനെ പണിയുകയും അവൻ മഹത്വത്തിൽ കാണപ്പെടുകയും ചെയ്യും.

17. അവൻ അഗതികളുടെ പ്രാർത്ഥനയെ കടാക്ഷിക്കും. അവരുടെ പ്രാർത്ഥനകളെ നിരസിക്കാതിരിക്കുകയും ചെയ്യും.

18. വരുവാനുള്ള തലമുറയ്ക്കുവേണ്ടി ഇത് എഴുതപ്പെടും. സൃഷ്ടിക്കപ്പെടുന്ന ജനം കർത്താവിനെ സ്തുതിക്കുകയും ചെയ്യും.

19. എന്തെന്നാൽ സെഹിയോനിൽ കർത്താവിന്റെ നാമത്തെയും ഊർശ്ലേമിൽ അവന്റെ മഹത്വങ്ങളെയും അറിയിപ്പാൻ വേണ്ടി.

20. ബന്ധിക്കപ്പെട്ടവന്റെ നെടുവീർപ്പിനെ കേൾപ്പാനും മക്കളെ മരണത്തിൽനിന്ന് വിടുവിപ്പാനും ആയിട്ട്,

21. കർത്താവ് തന്റെ വിശുദ്ധിയുടെ ഉയരത്തിൽനിന്ന് സൂക്ഷിച്ചുനോക്കുകയും സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കു തൃക്കൺപാർക്കുകയും ചെയ്തു.

22. അതു കർത്താവിനെ സേവിപ്പാൻ പുറജാതികളും രാജത്വങ്ങളും ഒരുമിച്ചുകൂടിയപ്പോൾതന്നെ.

23. അവർ (തങ്ങളുടെ) ഭൂമിയിൽ എന്റെ ശക്തിയെ ക്ഷയിപ്പിച്ചു. എന്റെ നാളുകളുടെ ചുരുക്കത്തെ എന്നെ അറിയിക്കണമെ.

24. എന്റെ നാളുകളുടെ മദ്ധ്യത്തിൽ എന്നെ കരേറ്റിക്കൊണ്ടുപോകരുതേ. നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായിരിക്കുന്നു.

25. ആദിയിൽ നീ ഭൂമിയെ അടിസ്ഥാനപ്പെടുത്തി. ആകാശങ്ങളും നിന്റെ കൈവേലയാകുന്നു.

26. അവ നശിക്കും. നീയോ നിലനിൽക്കും. അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും. ഉടുപ്പുപോലെ അവ ഭേദപ്പെടുകയും ചെയ്യും.

27. നീ യഥാപ്രകാരം ഇരിക്കും. നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയില്ല.

28. നിന്റെ ദാസന്മാരുടെ മക്കൾ ദേശത്തു വസിക്കും. അവരുടെ സന്തതി നിന്റെ സന്നിധിയിൽ സ്ഥിരമായിരിക്കുകയും ചെയ്യും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**ആറാമത് 29-ാം മസുമൂറാ**

ബാറെക്മോർ.

1. കർത്താവേ! (ഹൃദയത്തിന്റെ ) അഗാധത്തിൽനിന്ന് നിന്നെ ഞാൻ വിളിച്ചു.

2. നീ എന്റെ ശബ്ദത്തെ കേട്ടു. നിന്റെ ചെവികൾ എന്റെ പ്രാർത്ഥനാശബ്ദത്തെ ശ്രദ്ധിക്കുമാറാകണമെ.



3. കർത്താവേ! നീ പാപങ്ങളെ കാത്തുവയ്ക്കുന്നു എങ്കിൽ നിലനില്പാൻ കഴിയുന്നവനാരുണ്ട്.

4. എന്തെന്നാൽ പാപമോചനം നിന്റെ അടുക്കൽനിന്നാകുന്നു.

5. ഞാൻ കർത്താവിൽ ആശ്രയിച്ചു. എന്റെ ഉള്ളം അവന്റെ വചനത്തെ കാത്തിരുന്നു.

6. പ്രഭാതം മുതൽ പ്രഭാതം വരെ ഞാൻ കർത്താവിനെ കാത്തിരുന്നു.

7. ഇസ്രായേൽ കർത്താവിനെ കാത്തിരിക്കട്ടെ. എന്തെന്നാൽ കരുണ അവന്റെ അടുക്കൽനിന്നാകുന്നു. അവന്റെ അടുക്കൽ രക്ഷയും വളരെയാകുന്നു.

8. അവൻ ഇസ്രായേലിനെ അവന്റെ സകല അനീതിയിൽനിന്നും വീണ്ടെടുക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**ഏഴാമത് 142 -ാം മസുമൂറാ**

ബാറെക്മോർ.

1. കർത്താവേ! എന്റെ പ്രാർത്ഥനയെ കേട്ട് എന്റെ അപേക്ഷയെ ശ്രദ്ധിക്കണമെ. നിന്റെ വചനപ്രകാരവും നിന്റെ നീതിപ്രകാരവും എന്നോടുത്തരമരുളണമെ.

2. നിന്റെ ദാസനെ ന്യായവിസ്താരത്തിൽ പ്രവേശിപ്പിക്കരുതേ. ജീവനുള്ള ഒരുവനും നിന്റെ സന്നിധിയിൽ കുറ്റമില്ലാത്തവനായിരിക്കുകയില്ലല്ലൊ.

3. എന്റെ ശത്രു എന്റെ ആത്മാവിനെ പീഡിപ്പിക്കുകയും എന്റെ ജീവനെ ഭൂമിയിൽ താഴ്ത്തുകയും ചെയ്തതുകൊണ്ട് എന്നേക്കും മരിച്ചവനെപ്പോലെ അവൻ എന്നെ അന്ധകാരത്തിൽ ഇരുത്തി.

4. ഞാൻ മനോവ്യസനത്തിലായി, എന്റെ ഹൃദയം ചഞ്ചലപ്പെടുകയും ചെയ്തു.

5. കർത്താവേ! ഞാൻ പണ്ടത്തെ (നാളുകളെ) ഓർത്തു നിന്റെ സകലപ്രവൃത്തികളെക്കുറിച്ച് ഞാൻ ധ്യാനിക്കുകയും നിന്റെ കൈവേലകളെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു.

6. ഞാൻ എന്റെ കൈകളെ നിങ്കലേക്കു നീട്ടി. (വരണ്ട) ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു.

7. കർത്താവേ! എന്റെ ജീവൻ അവസാനിച്ചുപോയതുകൊണ്ട് വേഗം എന്നോടുത്തരമരുളണമെ, ഞാൻ കുഴിയിലിറങ്ങുന്നവരോടുകൂടെ ഏല്പിക്കപ്പെടാതിരിപ്പാനായിട്ട് എന്നിൽനിന്ന് നിന്റെ ദൃഷ്ടി മാറ്റിക്കളയരുതെ.

8. പ്രഭാതത്തിൽതന്നെ നിന്റെ കൃപ എന്നെ കേൾക്കുമാറാകണമേ. കർത്താവേ! ഞാൻ നിന്റെ മേൽ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് ഞാൻ നടക്കേണ്ടുന്ന നിന്റെ വഴി എന്നെ കാണിച്ചുതരണമെ, കർത്താവേ! ഞാൻ എന്റെ ആത്മാവിനെ നിങ്കലേക്കുയർത്തിയതുകൊണ്ട്

9. എന്റെ ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കണമെ.

10. നീ എന്റെ ദൈവമാകകൊണ്ട് നിന്റെ ഇഷ്ടം പ്രവർത്തിപ്പാൻ എന്നെ പഠിപ്പിക്കണമേ. നിന്റെ ദയവുള്ള ആത്മാവ് നിന്റെ വഴിയിൽ എന്നെ നടത്തുമാറാകണമെ.

11. കർത്താവേ! നിന്റെ നാമം നിമിത്തം എന്നെ ആശ്വസിപ്പിക്കണമെ, നിന്റെ നീതി നിമിത്തം ഞെരുക്കത്തിൽനിന്ന് എന്റെ ആത്മാവിനെ ഉദ്ധരിക്കണമെ.

12. നിന്റെ കൃപയാൽ എന്റെ വൈരികളെ മൗനമാക്കണമേ. എന്റെ ആത്മാവിന്റെ ശത്രുക്കളെ നശിപ്പിക്കണമേ.. ഞാൻ നിന്റെ ദാസനാകുന്നുവല്ലൊ.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

(ഈ മസുമൂറാകളുടെ എണ്ണവും വാക്യങ്ങളും സുറിയാനി പുസ്തകമനുസരിച്ചത്രെ ഇവിടെ കാണിച്ചിരിക്കുന്നത്.)



## ഓരോരോ സംഗതികൾ നേരിടുമ്പോൾ വായിക്കുവാനുള്ള മസുമൂറാകളുടെ വിവരം


നീതിമാനായ മനുഷ്യനു ഭാഗ്യം കൊടുപ്പാൻ നീ ആഗ്രഹിക്കുമ്പോൾ 1, 32, 41, 112, 118, 127
നീ ചതിയൻമാരെ കുറ്റപ്പെടുത്തുമ്പോൾ 2
നീ ഞെരുക്കത്തിൽ കർത്താവിനെ വിളിക്കുകയും അവൻ നിന്നെ ചെവിക്കൊള്ളുകയും ചെയ്യുമ്പോൾ 4, 115, 141
ദുഷ്ടൻമാർ നിനക്കു വിരോധമായി പതിയിരിക്കുമ്പോൾ 5

കർത്താവിന്റെ കോപത്തെ നീ അറിയുമ്പോൾ 6, 38
ദുഷ്ടന്മാർ നിനക്കു വിരോധമായി ആലോചന ചെയ്യുമ്പോൾ 7

എല്ലാസ്ഥലത്തും കർത്താവിന്റെ കൃപയുണ്ടാകുമ്പോൾ 8
ശത്രുവിന്റെ തോൽവിക്ക് 9
കർത്താവിൽ ശരണം പ്രാപിക്കുമ്പോൾ 11
ദുഷ്ടത വർദ്ധിക്കുമ്പോൾ 12
ചതിവ് നിന്റെമേൽ വരുമ്പോൾ 13
ദൈവവിചാരണയെ ദുഷിക്കുന്നവർക്ക് എതിരായിട്ട് 14
സ്വർഗ്ഗരാജ്യത്തിന്റെ മക്കൾ ആരെന്ന് നീ മനസ്സിലാക്കുവാൻ വേണ്ടി 15
മൂശ പ്രാർത്ഥിച്ചത് എങ്ങനെയെന്നറിയേണ്ടതിന് 90
പീഡിപ്പിക്കപ്പെട്ടവരിൽനിന്ന് നീ രക്ഷപെടുമ്പോൾ 18
സൃഷ്ടിയുടെ ക്രമത്തെക്കുറിച്ച് നിനക്ക് ആശ്ചര്യം തോന്നുമ്പോൾ 16, 20, 24, 29
ഞെരുക്കത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കേണ്ടിവരുമ്പോൾ 20
നിനക്ക് ശുഭാവസ്ഥയുണ്ടാകുമ്പോൾ 32
ശത്രുക്കൾ നിന്നെ ചുറ്റുമ്പോൾ 25

നിന്റെ വ്യവഹാരം അല്ലെങ്കിൽ സങ്കടം നീ ദൈവത്തിങ്കൽ ഏൽപ്പിക്കുമ്പോൾ 26, 35, 43

നിന്നോടു യുദ്ധം ചെയ്യുന്നവർ വർദ്ധിക്കുമ്പോൾ 27

നിന്റെ വൈരികൾ നിമിത്തം നീ വിഷമിക്കുമ്പോൾ 28

കർത്താവിനു നന്ദി പറയുവാൻ അല്ലെങ്കിൽ നീ അനുഭവിച്ച നന്മകൾക്കായിട്ട് കർത്താവിനെ സ്തോത്രം ചെയ്‌വാൻ 29

നീ സത്യമായി പ്രവർത്തിച്ചതുകൊണ്ട് നിന്റെ സ്നേഹിതന്മാർ നിന്നെ വെറുക്കുമ്പോൾ 31

മാമൂദീസാമൂലം സാത്താന്റെ അടിമയിൽനിന്ന് രക്ഷപെടുന്നവരെ കാണുമ്പോൾ 32

ശത്രുക്കളിൽനിന്ന് നീ രക്ഷപെടുമ്പോൾ 34

ദുഷ്ടന്മാർ ദോഷം ചെയ്യുവാൻവേണ്ടി സ്വാഭാവിക ദുഷ്ടൻമാരായി സൃഷ്ടിക്കപ്പെടുന്നവരല്ലെന്നും അവർ തങ്ങളുടെ ഇഷ്ടത്താൽ ദോഷം ചെയ്യുന്നതാണെന്നും അറിയുവാൻ 36

നീ തിന്മകൾ അനുകരിക്കാതിരിപ്പാൻ 37

നീ നിന്നെത്തന്നെ കാണുകയും പാപം ചെയ്യാതിരിക്കുകയും ചെയ്യുവാൻ 39

ക്ഷമകൊണ്ടുള്ള പ്രയോജനം മനസ്സിലാക്കുവാൻ 40

ദരിദ്രൻമാരോടു കരുണതോന്നുവാൻ 41

നീ നിന്ദിക്കപ്പെടുമ്പോൾ ഹൃദയചഞ്ചലം ഉണ്ടാകാതിരിപ്പാൻ 42

ദൈവത്തിന്റെ സഹായങ്ങളും മനുഷ്യർ തന്നോടു നന്ദിയില്ലാത്തവരാണെന്നും ഓർമ്മയിൽ വരുവാൻ
44, 78, 89, 105, 106, 107, 114

ദൈവം നിന്നോടു കാണിച്ചിട്ടുള്ള മനുഷ്യസ്നേഹത്തെ നീ വിചാരിക്കുകയോ പറയുകയോ ചെയ്യുമ്പോൾ 46



നീ പാപം ചെയ്തിട്ട് അനുതപിക്കുമ്പോൾ 51

വല്ലവരും നിന്നെക്കുറിച്ച് കുരള പറയുമ്പോൾ 52, 54, 56

പീഡിപ്പിക്കുന്നവരിൽനിന്ന് നീ ഒളിച്ചിരിക്കുമ്പോൾ 57, 142

കാവൽപ്പുരയിൽനിന്ന് ഓടി ഒളിക്കുമ്പോൾ 59

സ്നേഹിതന്മാരെന്ന് നടിക്കുന്ന വൈരികളാൽ നീ നിന്ദിക്കപ്പെടുമ്പോൾ 55

പ്രശംസക്കാരെക്കുറിച്ച് 58

നിന്റെ നേരെ അതികർശനമായ കോപം പൂണ്ട് നിന്റെ നാശത്തിന് ആഗ്രഹിക്കുന്നവരെക്കുറിച്ച് 62

നീ വനത്തിലേക്കു ഓടിപ്പോകുമ്പോൾ ഭയപ്പെടാതെ പാടുവാൻ 63

നീ കർത്താവിനെ മഹത്വപ്പെടുത്തുമ്പോൾ 65

നീ കരുണ യാചിക്കുമ്പോൾ 67

ദുഷ്ടന്മാർ ശുഭപ്പെടുന്നതും പുണ്യവാന്മാർ ഞെരുക്കത്തിലിരിക്കുന്നതും നീ കാണുമ്പോൾ ചഞ്ചലപ്പെടാതെ പാടുവാൻ. 73

ഇവിടെ പറയാത്ത മറ്റു സംഗതികൾക്കും ഇപ്രകാരം അർത്ഥചേർച്ചയുള്ള മറ്റു മസുമൂറാകളെ എടുത്ത് അതാതു ഉപയോഗിച്ചുകൊള്ളുവാൻ പുസ്തക കർത്താവ് അനുവദിച്ചിട്ടുണ്ട്.

## മരണകരമായ അവസ്ഥയിൽ ഇരിക്കുന്ന രോഗി തന്റെ പിൻഗാമികളെ അനുഗ്രഹിപ്പാനുള്ള വിധം

(വിശുദ്ധ തൈലാഭിഷേക ക്രമത്തിന്റെ സമയത്ത് രോഗി തന്റെ പിൻഗാമികൾക്ക് അവസാനമായി അനുഗ്രഹം കൊടുക്കുന്ന പതിവു ചിലർ നടത്തിവരുന്നതും അവരവരുടെ ഇഷ്ടവും സൗകര്യവും അനുസരിച്ച് നടത്തുകയോ നടത്താതിരിക്കുകയോ ചെയ്യണമെന്നല്ലാതെ ആ സമയത്തുതന്നെ നടത്തണമെന്നോ നടത്തിക്കൂടായെന്നോ നിർബന്ധമില്ലാത്ത

തുമാണ്. വിശുദ്ധ തൈലാഭിഷേകക്രമത്തോടുകൂടെത്തന്നെ വേണമെന്നാണെങ്കിൽ അഭിഷേകത്തിനുമുമ്പുള്ള മൗദ്യോനൂസ്സൊ പ്രാർത്ഥനയ്ക്കു മുമ്പായിരിക്കണം. രോഗിക്കു മറ്റുള്ളവരോടോ മറ്റുള്ളവർക്കു രോഗിയോടോ വല്ല വഴക്കും ഉണ്ടെങ്കിൽ അന്യോന്യം മാപ്പു ചോദിക്കുകയും ക്ഷമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഒരു അത്മേനിക്കു മറ്റുള്ളവരുടെ തലയിൽ കൈവച്ച് റൂശ്മാ ചെയ്തു വാഴ്ത്തുന്നതിനു അധികാരമില്ലാത്തതിനാൽ അത്മേനികൾ പിൻഗാമികളുടെ തോളിൽ കൈകൾ വച്ചുകൊണ്ടോ തഴുകിക്കൊണ്ടോ വാക്കുകളാൽ മാത്രമോ വാഴ്വു കൊടുക്കേണ്ടതാകുന്നു.)

**പ്രാർത്ഥന**

(രോഗി ആദ്യമേ പിൻഗാമികളെ വിളിച്ചു
വരുത്തിയിട്ട് ഈ പ്രാർത്ഥന ചൊല്ലണം.)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവമേ! ഞാൻ എല്ലാസമയത്തും ഇടവിടാതെ നിന്നെ കോപിപ്പിച്ചവനും കോപിപ്പിക്കുന്നവനും പാപങ്ങൾകൊണ്ട് നിറഞ്ഞവനും അയോഗ്യനും ആകുന്നു. എന്റെ കുറ്റങ്ങൾക്കു തക്കവണ്ണം എന്നെ ശിക്ഷിക്കാതെ ദീർഘക്ഷമയോടും കരുണയോടും കൂടെ എന്നെ കാത്തുരക്ഷിച്ചിരിക്കുന്നതിനാൽ നിനക്കു സ്തുതി, നിനക്കു സ്തുതി. ഇപ്പോഴും എല്ലായ്പോഴും എന്നേക്കും എന്റെ ആശ്രയം നീ മാത്രമാകുന്നു. ഇപ്പോൾ നിന്റെ തിരുവിഷ്ടപ്രകാരം എനിക്ക് ഈ ലോകത്തിൽനിന്ന് വേർപെടുവാനുള്ള സമയം അടുത്തിരിക്കുന്നു എന്ന് വിചാരിക്കുന്നു. അതുകൊണ്ട് പൂർവ്വപിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ തങ്ങളുടെ മരണകാലം അടുത്തപ്പോൾ തങ്ങളുടെ പുത്രന്മാർക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും അവരെ അടുക്കൽ വിളിച്ച് അനുഗ്രഹിക്കുകയും ഗുണദോഷിക്കുകയും ചെയ്തതുപോലെ



ഞാൻ എന്റെ പുത്രന്മാരെയും പുത്രിമാരെയും പിൻഗാമികളെയും വിളിച്ച് ഗുണദോഷിപ്പാനും അനുഗ്രഹിപ്പാനും ആരംഭിക്കുന്നു. കാരുണ്യവാനായ ദൈവമേ! അത്യുന്നതങ്ങളിൽനിന്ന് നിന്റെ തൃക്കൈ ഇവരുടെമേൽ വസിപ്പിച്ച് ഇവരെ അനുഗ്രഹിക്കുകയും എന്റെ ഗുണദോഷവാക്കുകൾ ഇവരുടെ ഹൃദയങ്ങളിൽ പതിക്കുകയും ചെയ്യണമേ. എന്റെ പാപങ്ങൾ നിമിത്തം ഇവരിൽനിന്ന് നിന്റെ തിരുമുഖം മാറ്റിക്കളയുകയും ഇവരെ ശിക്ഷിക്കുകയും ചെയ്യരുതേ. ഞങ്ങളെല്ലാവരും അയോഗ്യന്മാരെങ്കിലും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിനെയും നിന്നെ പ്രസാദിപ്പിച്ചവരായ പരിശുദ്ധന്മാരെയും പ്രത്യേകിച്ച് മാർ ✱(ഇന്നാരെയും) മാർ ⌘ (ഇന്നാരെയും) കുറിച്ച് നിന്റെ കരുണകൾ ഞങ്ങളുടെമേൽ ചൊരിയണമേ. ആമ്മീൻ.

**അനന്തരം ഈ ഗുണദോഷവചനങ്ങൾ**
**രോഗി പറയണം**

മക്കളേ! നിങ്ങൾ ദൈവഭയത്തിലും സത്യത്തിലും നീതിയിലും ജീവിച്ചുക്കൊള്ളണം. നമ്മുടെ വിശുദ്ധ സഭയുടെ സത്യവിശ്വാസത്തിൽനിന്ന് നിങ്ങൾ തെറ്റിപ്പോകരുത്. ദൈവഭയത്തെയും സത്യത്തെയും നീതിയെയും സത്യവിശ്വാസത്തെയും നിങ്ങളുടെ അവസാനശ്വാസം വരെ കൈവിടാതെ മുറുകെ പിടിച്ചുകൊള്ളണം. ദൈവഭൃത്യന്മാരായ ആചാര്യഗണത്തിനും വിശുദ്ധ സഭയുടെ കല്പനകൾക്കും നിങ്ങൾ എതിരായി നിൽക്കരുത്. വഴിപാടുകളും ദാനധർമ്മങ്ങളും ചെയ്‌വാൻ നിങ്ങൾക്കു മടിയുണ്ടാകരുത്. ദൈവത്തിനും തന്റെ ഭൃത്യന്മാർക്കും ഉള്ള അംശങ്ങളെ നിങ്ങൾ

✱ അവനവന്റെ ഇടവകപള്ളിയുടെ പരിശുദ്ധന്റെ പേർ പറയണം.

⌘ അവനവന്റെ പേരുകാരനായ പരിശുദ്ധന്റെ പേർ പറയണം.

ആക്രമിച്ചിട്ട് അതു നിമിത്തം ഭവനത്തിൽ ദൈവശാപം പ്രവേശിപ്പാൻ ഇടയാകരുത്. നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹവും യോജിപ്പും അനുസരണവും ഉള്ളവരായിരിക്കുകയും ബഹുമാനിക്കേണ്ടിയവരെ ബഹുമാനിക്കുകയും ചെയ്യണം. സകലത്തിലും നിങ്ങൾ മൂലം ദൈവതിരുനാമം മഹത്വപ്പെടത്തക്കവണ്ണം നിങ്ങളുടെ ചുറ്റുമുള്ളവർക്ക് ദൃഷ്ടാന്തക്കാരും വഴികാട്ടികളും നിങ്ങളായിരിക്കണം. നിങ്ങളുടെ നടപടിദോഷംമൂലം ദൈവശാപത്തിനും സഭാനേതാക്കന്മാരിൽനിന്നുള്ള ശിക്ഷകൾക്കും പാത്രവാന്മാരായിത്തീരാതെ പ്രത്യേകം കരുതിക്കൊള്ളണം. നിങ്ങൾക്കുള്ള യാതൊന്നും നിങ്ങളുടെ സ്വന്തമല്ലെന്നും നിങ്ങളുടെ സാമർത്ഥ്യത്താലുണ്ടായതല്ലെന്നും കാരുണ്യവാനായ ദൈവത്തിന്റെ കൃപാദാനങ്ങൾ മാത്രമാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് തന്റെ തിരുനാമത്തിനു എപ്പോഴും സ്തുതി പറയണം. എനിക്കു പാപമോചനവും സമാധാനമരണവും ദൈവം നൽകുവാനായിട്ട് നിങ്ങൾ പ്രാർത്ഥിപ്പിൻ. ഞാൻ മരിക്കുന്ന പക്ഷം എന്റെ മരണശേഷം എനിക്കും നമ്മുടെ കുടുംബത്തിൽ പെട്ട മരിച്ചുപോയവർക്കും വേണ്ടി പ്രാർത്ഥന, കുർബാന മുതലായത് നടത്തുവാൻ നിങ്ങൾ താത്പര്യമുള്ളവരായിരിക്കണം. ദൈവത്തിനു സ്തുതി. നമ്മുടെമേൽ തന്റെ കരുണകൾ എന്നേക്കും ഉണ്ടായിരിക്കട്ടെ. മക്കളേ, ഞാൻ അയോഗ്യനും പാപിയുമാകുന്നു എങ്കിലും എന്റെ മുറപ്രകാരം ഞാൻ ഇപ്പോൾ നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾ 'ദൈവമേ! ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നുള്ള ധ്യാനത്തോടെ മുട്ടുകുത്തി തല കുനിച്ചിരിപ്പിൻ.

(ഉടനെ പിൻഗാമികൾ രോഗിയുടെ അടുക്കൽ മുട്ടുകുത്തി തല കുനിച്ചുകൊണ്ട് താഴെ വരുന്ന പ്രകാരം പറയണം.)



## പിൻഗാമികളുടെ ക്ഷമാപണം

പിതാവേ! ഞങ്ങൾ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും അവിടുത്തെ മുമ്പാകെ ചെയ്തിട്ടുള്ള സകലവിധ കുറ്റങ്ങളും ദയവോടെ ക്ഷമിച്ചു ഞങ്ങളെ അനുഗ്രഹിക്കണമെ. ദൈവമേ! നിന്റെ കരുണകൾക്കും വാഴ്വുകൾക്കും ഞങ്ങളുടെ പിതാവിന്റെ അനുഗ്രഹങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമെ.

(പിന്നെ രോഗി ഇപ്രകാരം പറയണം.)

## രോഗിയുടെ ക്ഷമാപണം

എന്റെ മക്കളേ! നിങ്ങളെക്കുറിച്ച് എനിക്കു യാതൊരു തൃപ്തികേടും ഇല്ല, എങ്കിലും നിങ്ങൾ വല്ല കുറ്റവും എന്നോടു ചെയ്തിട്ടുണ്ടെങ്കിൽ സകലവും ഹൃദയപൂർവ്വമായി ഞാൻ ക്ഷമിച്ചിരിക്കുന്നു. മക്കളേ! മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും ഞാൻ നിങ്ങളോടു ചെയ്തിട്ടുള്ള കുറ്റങ്ങളെല്ലാം നിങ്ങൾ എന്നോടു ക്ഷമിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്വിൻ. ഞാൻ നിങ്ങളെ വാഴ്ത്തട്ടെ.

(പിന്നെ രോഗി ഇപ്രകാരം പറഞ്ഞ് അനുഗ്രഹിക്കണം.)

## അനുഗ്രഹവചനങ്ങൾ

എന്റെ മക്കളേ! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നമ്മുടെ പിതാവായ അബ്രഹാം ഇസഹാക്കിനെ വാഴ്ത്തിയ വാഴ്വും ഇസഹാക്ക് യാക്കോബിനെ വാഴ്ത്തിയ വാഴ്വും യാക്കോബ് തന്റെ മക്കളെ വാഴ്ത്തിയ വാഴ്വും ദൈവമാതാവായ മർത്തമറിയാം അമ്മയുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും

സഹദേന്മാരുടെയും സകല പരിശുദ്ധന്മാരുടെയും വാഴ്‌വുകളും സ്വർഗ്ഗത്തിൽനിന്ന് നന്മകളും ഭൂമിയുടെ വിളവുകളും ശുഭമുള്ള ആണ്ടുകളും സന്തോഷത്തിന്റെ മാസങ്ങളും ദീർഘായുസ്സും സകല ശുഭാവസ്ഥകളും ദൈവം നിങ്ങൾക്കു നൽകുമാറാകട്ടെ. കുറ്റങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും നിത്യജീവനും പ്രാപിപ്പാൻ ദൈവം നിങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ.

പിൻഗാമികൾ - ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.............

കൃപ നിറഞ്ഞ മറിയമേ!................

ആമ്മീൻ എന്നു പറഞ്ഞുകഴിഞ്ഞിട്ട് 421-ാം വശത്തുള്ള പ്രാർത്ഥനകൂടെ പിൻഗാമികൾ ചൊല്ലുന്നതു കൊള്ളാം. ഈ പ്രാർത്ഥന ചൊല്ലുന്നപക്ഷം 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ആദിയായത് ഈ പ്രാർത്ഥനയുടെ ശേഷം ചൊല്ലിയാൽ മതി.

### മരണസമയത്തു നടത്തേണ്ടിയ മുറകളും പ്രാർത്ഥനകളും

ഒരുവന്റെ മരണസമയം അടുക്കുമ്പോൾ ആയവന്റെ മുഖം കിഴക്കോട്ടാക്കുകയും ഇടക്കെട്ട് കെട്ടിക്കുകയും ചെയ്തതിന്റെ ശേഷം അവന്റെ കൈകൾ രണ്ടും നെഞ്ചത്ത് അടക്കിവച്ചുകൊണ്ട് താഴെ കാണിച്ചിരിക്കുന്ന പ്രകാരം വിശ്വാസപ്രമാണത്തിന്റെ പ്രധാനഭാഗം ചൊല്ലുവാൻ അവനോടാജ്ഞാപിക്കുകയോ ചൊല്ലികൊടുക്കുകയോ അവനു ചൊല്ലുവാൻ പ്രാപ്തിയില്ലെങ്കിൽ അവൻ കേൾക്കത്തക്കവണ്ണം



അവനു പകരമായി ഒരുവൻ ഉച്ചത്തിൽ ചൊല്ലുകയോ ചെയ്യണം. വിശ്വാസപ്രമാണത്തിന്റെ ഈ ചുരുങ്ങിയ വാചകം ഒരു പ്രാവശ്യം പറഞ്ഞുതീരുമ്പോൾ മറ്റുള്ളവരെല്ലാവരും ഒരുമിച്ച് ആമ്മീൻ പറയണം. ഇങ്ങനെ മൂന്നുപ്രാവശ്യം ചൊല്ലിയതിന്റെശേഷം നാലാമതായി ഒരാൾ വിശ്വാസപ്രമാണം മുഴുവനും ഉച്ചത്തിൽ ചൊല്ലണം. ഇങ്ങനെ ചെറിയതും വലിയതുമായ വിശ്വാസപ്രമാണം ആത്മാവ് ശരീരത്തിൽനിന്നു വേർപെടുന്നതുവരെ ചൊല്ലിക്കൊണ്ടിരിക്കാവുന്നതും വിശ്വാസപ്രമാണത്തിന്റെ ശേഷം കാണിച്ചിട്ടുള്ള പ്രാർത്ഥനകൾ മനസ്സുണ്ടെങ്കിൽ ചൊല്ലാവുന്നതും പ്രാർത്ഥന ചൊല്ലുമ്പോൾ വിശ്വാസപ്രമാണം നിറുത്തേണ്ടതും വിശ്വാസപ്രമാണം ഇവിടെ കാണിച്ചിരിക്കുന്ന വിധത്തിൽ ചൊല്ലിയേ തീരൂ എന്ന് നിർബന്ധമുള്ളതാകയാൽ അതൊഴിച്ചുവച്ചിട്ട് പ്രാർത്ഥന നടത്തുവാൻ പാടില്ലാത്തതും പ്രാർത്ഥനാസമയം നോക്കിയും ഇഷ്ടംപോലെയും നടത്തുകയോ നടത്താതിരിക്കുകയോ ചെയ്യാവുന്നതും വിശ്വാസപ്രമാണത്തോടുകൂടി ആത്മാവിന്റെ വേർപാട് നടക്കേണ്ടതും ആകുന്നു. മരണസമയത്ത് രോഗിയുടെ വലത്തുകൈയിൽ കുരിശും ഇടത്തുകൈയിൽ മെഴുകുതിരി കത്തിച്ചതും കൊടുത്ത് പിടിപ്പിക്കുക പതിവുണ്ടെങ്കിലും അങ്ങനെ വേണമെന്ന് നിർബന്ധമില്ലാത്തതും മേൽകാണിച്ച വിവരങ്ങൾ പറയുന്ന പുസ്തകത്തിൽ കുരിശിന്റെയും മെഴുകുതിരിയുടെയും കാര്യം പറഞ്ഞിട്ടില്ലാത്തതും കുരിശും മെഴുകുതിരിയും പിടിപ്പിക്കുന്നതുകൊണ്ട് ദോഷമില്ലാത്തതും അതിനെ കുറ്റം വിധിപ്പാൻ പാടില്ലാത്തതുമാകുന്നു. ആത്മാവ് ശരീരത്തിൽനിന്നു വേർപെടുന്നതായ ആ ഭയങ്കരസമയത്ത് മേൽപറഞ്ഞപ്രകാരമെല്ലാം

നടത്തേണ്ടതിനുപകരം ആശയില്ലാത്ത പുറജാതികളെപ്പോലെ വലിയ നിലവിളിയും ബഹളവും ഉണ്ടാക്കുന്നത് വലിയ കഷ്ടവും പാപവുമാകുന്നു. ആത്മാവു ശരീരത്തിൽനിന്നു വേർപെട്ടാലുടൻ മരിച്ച ആളിന്റെ കൺപോളകളെ ചേർത്തടയ്ക്കേണ്ടതും എല്ലാരും കൂടി മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിയതിന്റെ ശേഷം 'ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!' എന്നുള്ളതും 'ദൈവമേ! നീ പരിശുദ്ധനാകുന്നു' എന്നുള്ളതും 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!..........'എന്നുള്ളതും ചൊല്ലേണ്ടതും അതിന്റെശേഷം നിത്യപ്രാർത്ഥനയിൽനിന്ന് 'കരുണകൾ നിറഞ്ഞിരിക്കുന്നവനേ' എന്നുള്ളതു മാത്രമോ ഒമ്പതാംമണിസമയത്തെ പ്രാർത്ഥന മുഴുവനുമോ നടത്തേണ്ടതും മാലാഖമാരുടെ സ്തുതിപ്പും അതിന്റെ ഒടുവിലുള്ള കൗമായും തികച്ചതിന്റെ ശേഷം പട്ടക്കാരനുണ്ടെങ്കിൽ മരിച്ചവനുവേണ്ടിയുള്ള പ്രാർത്ഥനയോടുകൂടി ധൂപം വയ്ക്കുന്നതും അതിന്റെ ശേഷം പട്ടക്കാരൻ ആജ്ഞാപിച്ചെങ്കിൽ മാത്രം മേൽ പറഞ്ഞപോലെ ഒമ്പതാം മണിസമയത്തെ പ്രാർത്ഥന ചൊല്ലേണ്ടതും പട്ടക്കാരൻ പ്രാർത്ഥന കഴിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്തത്തക്കവണ്ണം അത്മേനികൾ പ്രാർത്ഥന നടത്തിക്കൂടാത്തതും നിലവിളിയും ബഹളവും നിമിത്തം പട്ടക്കാരനു പ്രാർത്ഥന നടത്തുവാൻ അസൗകര്യം വരുത്തിക്കൂടാത്തതും ആകുന്നു. മരണശേഷം മാലാഖമാരുടെ സ്തുതിപ്പും കൗമായും മറ്റും ചൊല്ലിയതിന്റെ ശേഷം മരിച്ചവന്റെ ശരീരത്തെ മുഴുവനും കുളിപ്പിച്ച് വെടിപ്പുള്ള വസ്ത്രങ്ങൾ മുറപോലെ ധരിപ്പിച്ച് പ്രാർത്ഥനയും നടത്തി



പള്ളിയുടെ ✓ഈറാത്തിയോനിൽ കൊണ്ടുവന്ന് കബറടക്കേണ്ടതാകുന്നു. ആചാര്യന്മാർ മരിച്ചാൽ മുഖവും കൈകാലുകളും കഴുകിയാൽ മതിയെന്ന് പറഞ്ഞിരിക്കുന്നുവെങ്കിലും ആചാര്യന്മാരുടെ ശരീരത്തിൽ അഴുക്കുകളോ ഔഷധങ്ങളോ ഇരിപ്പുണ്ടെങ്കിൽ അതിനെ കഴുകിക്കളയേണ്ടതും ആചാര്യന്മാരെയാകട്ടെ അത്മേനികളെയാകട്ടെ എണ്ണ തേപ്പിച്ചോ ചൂടുവെള്ളമുണ്ടാക്കിയിട്ടോ കുളിപ്പിക്കേണ്ട ആവശ്യമില്ലാത്തതും ആകുന്നു. ആചാര്യന്മാരെ ആചാര്യന്മാരും പുരുഷന്മാരെ പുരുഷന്മാരും സ്ത്രീകളെ സ്ത്രീകളും കഴുകേണ്ടതാണെന്ന് പറഞ്ഞിരിക്കുന്ന പ്രകാരം ഇവിടെ നടന്നുവരുന്നുണ്ടെങ്കിലും ആരെയും ലജ്ജ മറയ്ക്കാതെ നഗ്നമായിട്ടുകൊണ്ട് കുളിപ്പിക്കുന്നത് കഷ്ടവും ആക്ഷേപകരവും ആകുന്നു. ശവത്തെ ധരിപ്പിക്കുന്ന വസ്ത്രങ്ങൾ വെടിപ്പുള്ളതായിരിക്കണമെന്നല്ലാതെ വിലയേറിയതോ കോടിയോ ആയിരിക്കണമെന്നില്ലാത്തതും കസവ് മുതലായി ദഹിക്കാത്ത സാധനങ്ങൾ ശവത്തെ ധരിപ്പിച്ചുകൂടാത്തതും അത്മേനികളെ കാൽച്ചട്ടയും ഷർട്ടും അതിനു പുറമേ ഒരു മുഴുക്കുപ്പായവും ധരിപ്പിച്ച് ഇടക്കെട്ട് കെട്ടിക്കേണ്ടതും തലയിൽ തൊപ്പിയോ തലപ്പാവോ ധരിപ്പിക്കേണ്ടതും കഴിവുള്ളവർ കാലിൽ ചെരിപ്പുകൂടി ഇടുവിക്കേണ്ടതും സ്ത്രീകളെക്കൂടെയും കാൽച്ചട്ട ധരിപ്പിക്കേണ്ടതും അവരുടെ നിലയങ്കിക്കു പുറമേ ഇടക്കെട്ട് കെട്ടിക്കേണ്ടതും തലയിൽ മൂടുപടം ഇടുവിക്കേണ്ടതും ആകുന്നു.

✓ ഈറാത്തിയോൻ-ശവക്കോട്ട അല്ലെങ്കിൽ ശവക്കോട്ടയിലുള്ള കെട്ടിടം എന്നർത്ഥം.

## ചുരുങ്ങിയ വിശ്വാസപ്രമാണം

(പട്ടക്കാരനുണ്ടെങ്കിൽ അദ്ദേഹം ആരംഭിക്കുകയോ ചൊല്ലുകയോ ചെയ്യണം. ഇല്ലെങ്കിൽ അത്മേനികളിൽ ഒരുവൻ ചൊല്ലണം.)

ഒരാൾ- പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

എല്ലാവരും- ആമ്മീൻ.

ഒരാൾ- പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

എല്ലാവരും- ആമ്മീൻ.

ഒരാൾ- പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

എല്ലാവരും- ആമ്മീൻ.

വിശ്വാസപ്രമാണം 17-ാം വശത്ത്.

## മരണസമയത്തേക്കുള്ള പ്രാർത്ഥന

ഒരാൾ- ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ പരിശുദ്ധന്മാരുടെ കൂട്ടവുമായി നിന്റെ രാജത്വത്തോടെ നീ എഴുന്നള്ളുമ്പോൾ ഞങ്ങളെ ഓർക്കണമെ. ആമ്മീൻ.

ഒരാൾ- കർത്താവേ! നിന്റെ ദാസന്റെ ആത്മാവ് അതിന്റെ രക്ഷയ്ക്കായി നോക്കിപ്പാർത്തിരിക്കുന്ന സ്ഥലത്ത് നിന്റെ കരുണയാൽ അതിനെ കൈക്കൊള്ളണമെ. ആമ്മീൻ.

ഒരാൾ- കർത്താവേ! പാതാളസംബന്ധമായ സകല ദുഃഖങ്ങളിൽനിന്നും അതിവേദനകളിൽനിന്നും നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

ഒരാൾ- കർത്താവേ! ഹാനോക്കിനേയും ഏലിയായേയും ലോകസാധാരണമായ മരണത്തിൽനിന്ന് നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.



കർത്താവേ! ജലപ്രളയത്തിൽനിന്ന് നോഹിനെ നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! കൽദായക്കാരിൽനിന്ന് പിതാവായ അബ്രഹാമിനെ നീ വീണ്ടെടുത്തതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! ഇസഹാക്കിനെ തന്റെ പിതാവായ അബ്രഹാമിന്റെ ബലിയിൽനിന്നും കയ്യിൽനിന്നും നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! സോദോംകാരിൽനിന്നും അഗ്നിയിൽനിന്നും ലോത്തിനെ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! മെസ്രേമിലെ രാജാവായ ഫറഓന്റെ കയ്യിൽനിന്ന് ദീർഘദർശിമാരുടെ തലവനായ മൂശയെ നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! സിംഹങ്ങളുടെ കുഴിയിൽനിന്ന് ദാനിയേലിനെ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! എരിയുന്ന തീച്ചൂളയിൽനിന്നും ദുഷ്ടൻമാരായ ബാബേൽ രാജാക്കൻമാരുടെ കയ്യിൽനിന്നും ഹാനനിയാ, ആസറിയാ, മീശായേൽ എന്ന മൂന്നു പൈതങ്ങളെ നീ രക്ഷിച്ചപ്രകാരം നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! കള്ളസാക്ഷികളായ ആമ്മീദിൽനിന്നും ആബീദിൽനിന്നും ഭാഗ്യവതിയായ ശൂശാനെ നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! ശമുവേൽ രാജാവിന്റെ കയ്യിൽനിന്നും ഫെലിസ്ത്യനായ ഗോലിയാത്ത് എന്ന മല്ലന്റെ കയ്യിൽനിന്നും ദാവീദിനെ നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! കാരാഗൃഹത്തിൽനിന്ന് പത്രോസിനെയും പൗലോസിനെയും നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! കന്യകയും രക്തസാക്ഷിയായ വിശുദ്ധ തെക്ളായെ മൂന്നു കഠിന ഉപദ്രവങ്ങളിൽനിന്നും നീ രക്ഷിച്ചതുപോലെ നിന്റെ ദാസന്റെ ആത്മാവിനെ നീ രക്ഷിക്കണമെ. ആമ്മീൻ.

കർത്താവേ! നിന്റെ ദാസന്റെ ആത്മാവിനെ രക്ഷിക്കുന്നതിനും നിത്യഭാഗ്യങ്ങളിൽ അതിനെ സന്തോഷിപ്പിക്കുന്നതിനും നിനക്കു വിസമ്മതമുണ്ടാകരുതെ. ആമ്മീൻ.

(ഇതിൽ ദാസനെന്നുള്ളത് സ്ത്രീയാണെങ്കിൽ ദാസി എന്നു പറയണം.)

## മരണസമയത്തേക്കുള്ള വേറൊരു പ്രാർത്ഥന (രോഗിക്കുവേണ്ടി)

മഹാകാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനും പാപിയുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനും മരിപ്പിക്കുകയും ജീവിപ്പിക്കുകയും ശവക്കുഴിയിലേക്കു ഇറക്കുകയും



അവിടെനിന്നു കയറ്റുകയും ചെയ്യുന്നവനുമായ ഉടയതമ്പുരാനേ! നിന്റെ ദാസന്റെ ജീവിതനാളുകൾ അവസാനിക്കാറാവുകയും ആത്മാവും ശരീരവും തമ്മിൽ വേർപെടുന്ന സമയം അടുക്കുകയും ചെയ്തിരിക്കുന്നു. ഇവന്റെ ചെറുപ്പം മുതൽ ഇതുവരെ ചെയ്തിരിക്കുന്ന കുറ്റങ്ങളെയും പാപങ്ങളെയും ഓർത്ത് ഇവനു വ്യസനവും സംഭ്രമവും പിടിച്ചിരിക്കുന്നു. നിന്റെ നീതിയുടെ മുമ്പാകെ ഇവനിൽനിന്നു വന്നുപോയിട്ടുള്ള അനീതികൾ നിമിത്തം എല്ലാഭാഗത്തുനിന്നും ഭയവും പരിഭ്രമവും ഇവനെ വളഞ്ഞിരിക്കുന്നു. ഇവൻ വലത്തോട്ടും ഇടത്തോട്ടും നോക്കിയതിൽ യാതൊരു സഹായവുമില്ലാതെ വിഷമിക്കുന്നു. കർത്താവേ! നിന്റെ കരുണയിൽ മാത്രമല്ലാതെ ഇവനു വേറെ ആശ്രയമില്ലാത്തതുകൊണ്ട് ഇവനോടു ദയവു ചെയ്യണമെ. ഇവന്റെ പാപങ്ങളും അക്രമങ്ങളും നിമിത്തം ഇവന്റെ നേരെനിന്ന് നിന്റെ ദൃഷ്ടിയെ മാറ്റിക്കളയരുതെ. ഈ അത്യാവശ്യസമയത്ത് നിന്റെ കരുണ ഇവന്റെമേൽ ചൊരിഞ്ഞ് ഇവനെ രക്ഷിക്കണമേ. പാപി അനുതപിച്ച് ജീവിക്കുന്നതിനല്ലാതെ പാപത്തിൽ മരിപ്പാൻ നിനക്കിഷ്ടമല്ലാത്തതുകൊണ്ട് അളവില്ലാത്ത നിന്റെ കരുണയാൽ ഇവനെ തൃക്കൺപാർത്ത് ഇവനു പാപമോചനം കൊടുക്കുകയും ഇവനെ പിടികൂടുവാൻ പതിയിരിക്കുന്ന ഭയങ്കരന്മാരായ പിശാചുക്കളിൽനിന്ന് ഇവനെ രക്ഷിക്കുകയും ചെയ്യണമേ. കർത്താവേ! നിന്റെ കല്പനപ്രകാരം ഇവന്റെ അവസാനം അടുത്തിരിക്കുന്ന ഈ സമയത്ത് ഇവന്റെ കണ്ണുനീരുകളിൽ ഏറ്റം ചെറിയ അംശമെങ്കിലും നീ കൈക്കൊള്ളുകയും നിന്റെ വലത്തുഭാഗത്തെ കള്ളന്റെ ഏറ്റുപറച്ചിൽ നീ കൈക്കൊണ്ടതുപോലെ ഇവന്റെ ഏറ്റുപറച്ചിൽ കൈക്കൊള്ളുകയും ചെയ്യണമെ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും

അറിവുകൂടാതെയും വിചാരംകൊണ്ടും വചനം കൊണ്ടും പ്രവൃത്തികൊണ്ടും ഇവൻ ചെയ്തുപോയിട്ടുള്ള സർവ്വപാപങ്ങൾക്കും കുറ്റങ്ങൾക്കും മോചനം നൽകണമേ. നിന്റെ നീതിയിൻ പ്രകാരമല്ല, നിന്റെ കരുണയിൻപ്രകാരവും കൃപയിൻപ്രകാരവും ഇവനോട് പ്രവർത്തിക്കണമേ. നിന്റെ തിരുരക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന ഇവനെക്കുറിച്ചു പിശാചുക്കൾ സന്തോഷിപ്പാനിടയാകരുതെ. ഇവനു നിന്റെ കരുണയിൽ ആശ്രയിക്കയല്ലാതെ വേറെ യാതൊരു രക്ഷാമാർഗ്ഗവും ഇല്ലാത്തതുകൊണ്ട് നിന്റെ കരുണ നിറഞ്ഞ തൃക്കൈ നീട്ടി പാപസമുദ്രത്തിൽനിന്ന് ഇവനെ ഉദ്ധരിക്കുകയും പതിനൊന്നാംമണി സമയത്തെ വേലക്കാരോടുകൂടെ ഇവനെ എണ്ണുകയും ചെയ്യണമെ. പാപികളെ അനുതാപത്തിലേക്ക് വിളിപ്പാനായിട്ട് വന്നവനായ ഞങ്ങളുടെ കർത്താവേശുമിശിഹാ! ഇവനെ സഹായിപ്പാൻ സമാധാനത്തിന്റെ മാലാഖയെ കൃപയോടെ കല്പിച്ചയക്കണമെ. വലഞ്ഞവരും ഭാരം വഹിച്ചിരിക്കുന്നവരുമേ! നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ എന്നും ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാമെന്നും കല്പിച്ച രക്ഷിതാവേ! പാപികളായ ഞങ്ങളുടെ മേലും നിന്റെ കൃപയെ ചൊരിഞ്ഞ് ഞങ്ങളുടെ പാപച്ചുമടുകളെ ഞങ്ങളിൽനിന്ന് നീക്കി ആശ്വസിപ്പിക്കുകയും പാപമോചനത്തിനും ക്രിസ്ത്യാനികൾക്കു ചേരുന്ന നല്ല അവസാനത്തിനും ഇവനെയും ഞങ്ങളെയും യോഗ്യരാക്കിത്തീർക്കുകയും ഞങ്ങളും ഇവനും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരും കൂടി നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും സ്തുതിപ്പാൻ ഇടയാക്കുകയും ചെയ്യണമേ.

ആമ്മീൻ.



## മരണക്കിടക്കയിൽ രോഗിയുടെ പ്രാർത്ഥന

മഹാകാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനും പാപിയുടെ മരണത്തിൽ തിരുവിഷ്ടമില്ലാത്തവനും മരിപ്പിക്കുകയും ജീവിപ്പിക്കുകയും ശവക്കുഴിയിലേക്കിറക്കുകയും അവിടെ നിന്ന് കയറ്റുകയും ചെയ്യുന്നവനുമായ ഉടയതമ്പുരാനേ! എന്റെ ജീവിതനാളുകൾ അവസാനിക്കാറായിരിക്കുന്നു. എന്റെ ശരീരത്തിൽനിന്ന് എന്റെ ആത്മാവ് വേർപെടുന്ന സമയം അടുത്തു. ഞാൻ എന്റെ പൈതൽപ്രായം മുതൽ ഇതുവരെ ചെയ്തിട്ടുള്ള കുറ്റങ്ങളെയും പാപങ്ങളെയും ഓർത്തിട്ട് ഞാൻ വ്യസനിക്കുകയും പരിഭ്രമിക്കുകയും എനിക്കു മോഹാലസ്യം വന്നുകൂടുകയും ചെയ്യുന്നു. കർത്താവേ! ഞാൻ നിന്റെ സന്നിധിയിൽ എത്ര മഹാപാപിയാകുന്നു എന്നുള്ളത് ആലോചിക്കുമ്പോൾ എല്ലാഭാഗത്തു നിന്നും ഭയവും പരിഭ്രമവും എന്നെ വളയുന്നു. ഞാൻ വലത്തോട്ടും ഇടത്തോട്ടും നോക്കിയതിൽ എനിക്കു വിറയലും സംഭ്രമവും വരുന്നു. പിശാചുക്കളുടെ ദുഷ്ടക്കൂട്ടം എന്നെ വളഞ്ഞിരിക്കുന്നു. എന്റെ ഈ ശത്രുക്കൾ എന്നെ കണ്ടിട്ട് എന്റെ നേരെ പാഞ്ഞുവരുന്നു. എന്റെ മഹാപാപങ്ങൾ നിന്റെ സഹായങ്ങളിൽനിന്നും എന്നെ തടുക്കുന്നു. എന്റെ സ്നേഹിതന്മാരെ സഹായത്തിന് വിളിപ്പാൻ നിവൃത്തിയില്ല. എന്റെ വാത്സല്യവാന്മാർക്കും എന്റെ അടുപ്പക്കാർക്കും എന്നെ രക്ഷിപ്പാനും പ്രാപ്തിയില്ല. കർത്താവേ! ആരുമില്ലാതെ ഞാൻ തനിച്ച് ശേഷിച്ചിരിക്കുന്നു. കർത്താവേ! നിന്റെ കരുണയില്ലാതെ എനിക്കു യാതൊരു ആശയും ആശ്രയവും ഇല്ല. മനുഷ്യസ്നേഹമുള്ളവനേ! എന്റെ നേരെ ദയവുണ്ടാകണമെ. എന്റെ രക്ഷിതാവേ! ഇപ്പോൾ ഈ ഞെരുക്ക സമയത്ത് ഞാൻ സങ്കടത്തോടെ നിന്നെവിളിക്കുന്നു.

എന്റെ പാപങ്ങളും കുറ്റങ്ങളും ധിക്കാരങ്ങളും ഹേതുവായിട്ട്
എന്നിൽനിന്ന് നിന്റെ ദൃഷ്ടിയെ മാറ്റിക്കളയരുതെ. ഈ
അത്യാവശ്യസമയത്ത് എന്റെ അപേക്ഷകേട്ട് എന്നെ രക്ഷി
ക്കണമേ. ദൈവമായ കർത്താവേ! നിന്റെ കരുണകൾ എങ്ക
ലേക്കു വേഗം വരുമാറാകണമെ. എന്റെ ശത്രുക്കളുടെ
കൈയിലേക്ക് നീ എന്നെ വിട്ടുകൊടുക്കരുതെ. നീ മാത്രം
സത്യവാനും മനുഷ്യരെല്ലാം വ്യാജക്കാരും ആകുന്നു.
കർത്താവേ! നീ നിന്റെ വചനത്താൽ നീതിമാനായിരിക്കു
കയും നിന്റെ ന്യായവിധികളിൽ കുറ്റമില്ലാത്തവനായിരിക്കു
കയും ചെയ്യും. സർവ്വസൃഷ്ടിയും നിന്റെ നീതിയിങ്കൽ കുറ്റ
ക്കാരാകുന്നു. ജീവന്റെ ഉടയവനും പാപി അനുതപിച്ച് ജീവി
പ്പാനല്ലാതെ മരിപ്പാനിഷ്ടമില്ലാത്തവനുമായ കർത്താവേ!
നിന്റെ തിരുവചനങ്ങളുടെ സത്യത്തിൽ ശരണപ്പെട്ടുകൊണ്ട്
ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. എന്റെ പാപങ്ങൾ ഏറ്റവും
വർദ്ധിച്ച് എന്റെ തലയ്ക്കുമേൽ കടന്നിരിക്കുന്നു. മനുഷ്യ
രുടെ സർവ്വദുഷ്ടതകളെയും കവിഞ്ഞൊഴുകുവാൻ തക്ക
തായ നിന്റെ മഹാകരുണകളോടുകൂടി എന്റെ നേരെ നോക്ക
ണമേ. ക്രൂരന്മാരായ പിശാചുക്കൾ എന്റെ നേരെ വീഴുന്നതും
ഭയങ്കരന്മാരായ ആ ചെന്നായ്ക്കൾ എന്നെ പിടികൂടുവാൻ
പതിയിരിക്കുന്നതും നീ കാണണമേ. ഞാൻ അവരുടെ സകല
തന്ത്രങ്ങൾക്കും കീഴ്പ്പെട്ടുപോയി. എന്റെ നിന്ദ്യപ്രവൃത്തിക
ളാൽ എന്നെ കുറ്റം ചുമത്തുവാനും നിന്നിൽനിന്ന് എന്നെ
മാറ്റി ദൂരെയാക്കുവാനുമായിട്ട് അവർ എന്നെ നേരിടുന്നു.
നിന്റെ കല്പനപ്രകാരം എന്റെ അവസാനം ഏറ്റം അടുത്തി
രിക്കുന്നതിനാൽ എന്റെ പാപങ്ങളെക്കുറിച്ച് അനുതപിപ്പാൻ
എനിക്കു സമയം പോരാതെയും ഇരിക്കുന്നു. എന്റെ
കർത്താവേ! എന്റെ ആയുസ്സിന്റെ ഈ അവസാന നാഴിക
യിൽ ഞാൻ പൊഴിക്കുന്ന നിസ്സാരമായ കണ്ണുനീരുകളിൽ



ഏറ്റവും ചെറിയ ഒരംശമെങ്കിലും നീ കൈക്കൊള്ളണമേ.
നിന്റെ വലത്തുഭാഗത്തെ കള്ളന്റെ ഏറ്റുപറച്ചിൽ നീ
കൈക്കൊണ്ടതുപോലെ എന്റെ ഏറ്റുപറച്ചിൽ കൈക്കൊള്ള
ണമേ. എന്റെ കർത്താവേ! മനസ്സോടും മനസ്സുകൂടാതെയും
അറിവോടും അറിവുകൂടാതെയും വിചാരത്താലും വചന
ത്താലും പ്രവൃത്തിയാലും അകമെയും പുറമെയുമുള്ള ദശേ
ന്ദ്രിയങ്ങളാലും ഞാൻ നിന്റെ തിരുമുമ്പാകെ പാപങ്ങളും
ദുഷ്ടതകളും അകൃത്യങ്ങളും ചെയ്തുപോയി എന്ന് ഏറ്റുപറ
യുന്നു. സാത്താനു മനുഷ്യരെക്കൊണ്ടു ചെയ്യിപ്പാൻ കഴിവു
ള്ളതായ സകല പിഴകളിലും തെറ്റുകളിലും ഞാൻ ഉൾപ്പെ
ട്ടുപോയി. കർത്താവേ! നീതിയിൻപ്രകാരം എന്നോടു
പ്രവർത്തിക്കാതെ നിന്റെ കരുണയിൻപ്രകാരവും കൃപകളിൻ
പ്രകാരവും എന്നോടു പ്രവർത്തിക്കണമെ. കുറ്റമില്ലാത്തവൻ
നീ ഒരുവൻ മാത്രമാകുന്നുവല്ലോ. ഈ സങ്കടസമയത്ത്
എന്നോടുത്തരമരുളിച്ചെയ്യണമെ. എന്റെ പൈതൽപ്രായം
മുതൽ ഇതുവരെയുള്ള സകല പാപങ്ങളെയും അകൃത്യങ്ങ
ളെയും നീ മായിച്ചുകളയണമെ. നിന്റെ തിരു രക്തത്താൽ
രക്ഷിച്ചിരിക്കുന്നവനും നിന്നിൽ വിശ്വസിച്ചിരിക്കുന്നവനുമായ
എന്നെക്കുറിച്ച് എന്റെ ശത്രുക്കൾ സന്തോഷിപ്പാനിടയാകരു
തെ. ആ ദുഷ്ടപിശാചുക്കളെ എന്റെ അടുക്കൽനിന്നും നീ
മാറ്റണമെ. എന്റെ ശത്രുക്കളെ നിന്റെ ശാസനയിൽ നീ മൗന
മാക്കണമെ. അവർ എന്നെ കുറ്റം ചുമത്തുവാൻ നീ സമ്മ
തിക്കരുതെ. നിന്റെ കരുണയിലുള്ള ആശ്രയമല്ലാതെ
യാതൊരു ഒഴികഴിവും എനിക്കില്ല. നിന്റെ അസ്ത്രങ്ങൾ
അയച്ച് എന്റെ ശത്രുക്കളെ ചിതറിക്കണമേ. നിന്റെ മിന്നലു
കൾ അയച്ച് അവരെ കലക്കണമേ. ഉയരത്തിൽനിന്ന് നിന്റെ
തൃക്കൈ നീട്ടി പാപസമുദ്രത്തിൽനിന്ന് എന്നെ ഉദ്ധരിക്ക
ണമെ. എന്റെ കർത്താവേ! നിന്റെ കൃപയാൽ പതിനൊന്നാം

മണിസമയത്തെ വേലക്കാരോടുകൂടെ എന്നെ കണക്കിടണമേ. നിന്റെ കരുണയാൽ എന്റെ സഹായത്തിനായിട്ട് സമാധാനത്തിന്റെ മാലാഖയെ നീ കല്പിച്ചയക്കണമേ. പാപികളെ അനുതാപത്തിലേക്കു വിളിപ്പാൻ വന്നവനായി ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുമിശിഹാ! ഞാൻ നാശത്തിലേക്ക് പോയാൽ ഒരു പ്രയോജനവും ഇല്ലല്ലൊ. തങ്ങളുടെ പാപങ്ങളെ വിട്ട് അനുതപിക്കുകയും നീ കൈക്കൊള്ളുകയും ചെയ്തിട്ടുള്ള പാപികളോടു കൂടെ ഞാൻ നിന്നെ സ്തുതിപ്പാനായിട്ട് നിന്റെ കരുണയാൽ സൗജന്യമായി എന്നെ രക്ഷിക്കണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും യോഗ്യമാകുന്നു. ആമ്മീൻ.

### ഒറ്റയൊറ്റയായ പ്രാർത്ഥനകളെക്കുറിച്ച് പൊതുവായ വിവരണം

പൊതുപ്രാർത്ഥനകൾ, പള്ളിക്രമങ്ങൾ മുതലായവ ഏതുവിധം ആരംഭിച്ച് നടത്തണമെന്നും മറ്റും അവിടവിടെ കാണിച്ചിട്ടുണ്ട്. എന്നാൽ ഒറ്റയൊറ്റയായ പ്രാർത്ഥനകളെക്കുറിച്ച് അവകൾ ഏതുവിധം ആരംഭിക്കണമെന്നും അവസാനിപ്പിക്കണമെന്നും പ്രത്യേകം കാണിച്ചിട്ടില്ലാത്തതുകൊണ്ട് ആവക പ്രാർത്ഥനകളെക്കുറിച്ച് പിതാക്കന്മാരിൽനിന്ന് ലഭിച്ചിരിക്കുന്ന അറിവിൻ പ്രകാരം എഴുതുന്നതെന്തെന്നാൽ, പട്ടക്കാരും ജനങ്ങളും കൂടി ഒരു പ്രാർത്ഥന കഴിക്കുകയാണെങ്കിൽ,

പട്ടക്കാരൻ- പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി. എന്നും

ജനങ്ങൾ- ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ, ആമ്മീൻ, എന്നും ചൊല്ലിയതിന്റെ ശേഷം ഉദ്ദേശിക്കുന്ന പ്രാർത്ഥന ചൊല്ലുകയും അതിന്റെ അവസാനം ആമ്മീൻ പറയുകയും അതിന്റെ ശേഷം കർത്തൃപ്രാർത്ഥന ചൊല്ലുകയും ചെയ്യേണ്ടതാകുന്നു. പട്ടക്കാരൻ ഇല്ലാതെ അത്മേനികൾ മാത്രമായിരുന്നാൽ അവരിൽ



പ്രധാനി- പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ, എന്നും

മറ്റുള്ളവർ- തനിക്കു സ്തുതി, നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ, എന്നും ചൊല്ലിയതിന്റെ ശേഷം ഉദ്ദേശിക്കുന്ന പ്രാർത്ഥന ചൊല്ലേണ്ടതും പ്രാർത്ഥന അവസാനിക്കുമ്പോൾ 'ആമ്മീൻ' പറയേണ്ടതും അതിന്റെ ശേഷം കർത്തൃപ്രാർത്ഥന ചൊല്ലേണ്ടതും ആകുന്നു. എന്നാൽ ഒരാൾ മാത്രം ചൊല്ലുകയും മറ്റുള്ളവർ കേട്ട് ധ്യാനിക്കുകയും ചെയ്യുന്നതിനും അല്ലെങ്കിൽ എല്ലാവരും കൂടി ഒരുമിച്ച് ചൊല്ലുന്നതിനും അല്ലെങ്കിൽ രണ്ടുഭാഗമായി നിന്നുകൊണ്ട് ഓരോ വാചകം ഓരോഭാഗക്കാർ ചൊല്ലുന്നതിനും അല്ലെങ്കിൽ ഒരാൾ ചൊല്ലിക്കൊടുത്തിട്ട് ചൊല്ലുന്നതിനും വിരോധമില്ലാത്തതാകുന്നു. പ്രാർത്ഥനയുടെ ആരംഭത്തിൽ അത്മേനികൾ മാത്രമായിരിക്കുമ്പോൾ ചൊല്ലേണ്ടിയ ആരംഭം പട്ടക്കാരൻ ചൊല്ലുന്നതിനു വിരോധമില്ലെങ്കിലും പട്ടക്കാരൻ ചൊല്ലേണ്ട ആരംഭം അത്മേനികൾ ഉപയോഗിച്ചുകൂടാത്തതാണ്. ഏതുതരം പ്രാർത്ഥനയോ ക്രമമോ നടത്തിയാലും അവക്കെല്ലാറ്റിനും മുമ്പായി ദൈവത്തിനു മഹത്വം പറഞ്ഞിട്ട് നിവർത്തിക്കേണ്ടതാണെന്നുള്ളതും ഒടുവിൽ കർത്തൃപ്രാർത്ഥന ഉപയോഗിക്കണമെന്നുള്ളതും സഭയിൽ നടപ്പായിരിക്കുന്ന ഒരു നിയമമാകുന്നു. ഒറ്റയൊറ്റയായുള്ള ഇത്തരം

പ്രാർത്ഥനകൾക്ക് ആദിയിൽ ആരംഭവും, കൗമായും ചേർക്കുന്നതിനും കൗമാ മാത്രം ചേർക്കുന്നതിനും ഒടുവിൽ കൗമാ ചേർത്തവസാനിപ്പിക്കുന്നതിനും വിരോധമില്ലാത്തതാകുന്നു. എന്നാൽ പ്രത്യേക പ്രാർത്ഥനയ്ക്കു സൗകര്യമില്ലാത്തപ്പോൾ ഏതുസംഗതിക്കും കർത്തൃപ്രാർത്ഥന ചൊല്ലിയാൽ മതിയാകുന്നതാണ്. പൊതുപ്രാർത്ഥനയുടെ ആരംഭം കർതൃപ്രാർത്ഥനയുടെ ആരംഭം കൗമായുടെ ആരംഭം മുതലായവ പരിശോധിച്ചാൽ ദൈവത്തിനു മഹത്വം പറയാതെ ആവശ്യങ്ങൾക്കായി യാചിക്കുന്നത് വിഹിതമല്ലെന്ന് കാണാം. ഒരു മനുഷ്യനു ആവശ്യമുള്ള സകല അപേക്ഷകളും കർത്തൃപ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നതുകൊണ്ടാണ് അതുമാത്രമായാലും മതിയെന്ന് പറഞ്ഞത്. കർതൃപ്രാർത്ഥനയിൽ മനുഷ്യന്റെ ആവശ്യങ്ങളെല്ലാം അടങ്ങിയിട്ടുണ്ടെന്നുള്ളതിനാൽ മറ്റു പ്രാർത്ഥനകളെ ഉപേക്ഷിക്കത്തക്കതല്ല. മറ്റു പ്രാർത്ഥനകൾ നിമിത്തം കർത്തൃപ്രാർത്ഥനയും ഉപേക്ഷിക്കത്തക്കതല്ല. ആകയാൽ ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥന, വസന്തകാലത്തെ പ്രാർത്ഥന മുതലായി ഒറ്റയൊറ്റയായിട്ടുള്ള എല്ലാ പ്രാർത്ഥനകളും മേൽപറഞ്ഞ മുറയനുസരിച്ച് നടത്തേണ്ടതാകുന്നു. ഇത്തരം പ്രാർത്ഥനകൾ പൊതുപ്രാർത്ഥനാസമയത്തോ കുർബാനസമയത്തോ നടത്തുകയാണെങ്കിൽ മേൽകാണിച്ചിരിക്കുന്ന ആരംഭവും മറ്റും വേണമെന്ന് നിർബന്ധമില്ലാത്തതാകുന്നു.

### ഒരു അപേക്ഷ

സത്യ ദൈവമേ! നീ ഞങ്ങളെ രക്ഷിക്കണമേ. സർവ്വ ഉപദ്രവങ്ങളിൽനിന്നും സകല പാപങ്ങളിൽനിന്നും സർവ്വ ദുർമനസ്സിൽനിന്നും വേശ്യാദോഷചിന്തയിൽനിന്നും സകല



ശത്രുക്കളിൽനിന്നും വഞ്ചനയുടെ സ്നേഹിതന്മാരിൽനിന്നും പിശാചുക്കളുടെ പരീക്ഷകളിൽനിന്നും ദുഷ്ടമനുഷ്യരുടെ സകല ദുഷ്ടതകളിൽനിന്നും അശുദ്ധ വിചാരങ്ങളിൽനിന്നും മലിന മോഹങ്ങളിൽനിന്നും പൈശാചിക വികാരങ്ങളിൽനിന്നും ദുഃസ്വപ്നങ്ങളിൽനിന്നും മറച്ചുവച്ചിരിക്കുന്ന കെണികളിൽനിന്നും വ്യർത്ഥ വചനങ്ങളിൽനിന്നും വൻചതിവുകളിൽനിന്നും ദുഷ്ടസംസർഗ്ഗത്തിൽനിന്നും ഈ ലോകസംബന്ധമായ സകല പരീക്ഷകളിൽനിന്നും ഞങ്ങളെ നീ രക്ഷിക്കണമേ. ക്രോധത്തിന്റെ വടിയിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും കോപത്തിൽനിന്നും ദോഷത്തിൽനിന്നും മിന്നലുകളിൽനിന്നും ഇടികളിൽനിന്നും വസന്തകളിൽനിന്നും അഗ്നിനരകത്തിൽനി ന്നും അതിവേദനകളിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കെടാത്തതീയിൽനിന്നും പല്ലുകടിയിൽനിന്നും കരച്ചിലിൽനിന്നും കഠിനതരമായ സംഭവത്തിൽനിന്നും ദോഷമുള്ള നാഴികയിൽനിന്നും ഉപദ്രവകരമായ അന്ധകാരത്തിൽനിന്നും ക്ഷാമത്തിൽനിന്നും ഭയത്തിൽനിന്നും പരിഭ്രമത്തിൽനിന്നും സഹിപ്പാൻ പാടില്ലാത്ത സകല ശിക്ഷകളിൽനിന്നും 'പോകുവീൻ ഞാൻ നിങ്ങളെ അറിയുന്നില്ല' എന്നുള്ള തിരുവചനത്തിൽനിന്നും നിന്നിൽനിന്ന് ഞങ്ങളെ അകറ്റുന്നതായ സകലത്തിൽനിന്നും കർത്താവേ! ഞങ്ങളെ നീ രക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

### വേറൊരു അപേക്ഷ

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏക ദൈവമേ! നീ എന്നേക്കും ഞങ്ങളുടെ ദൈവമാകുന്നു എന്ന് ഞങ്ങൾ വിശ്വസിച്ചുകൊണ്ട് നിന്നോടപേക്ഷിക്കുന്നു.

ഞങ്ങളുടെ നോമ്പും നമസ്ക്കാരവും ശുശ്രൂഷയും ആവലാധിയും നീ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമേ. അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും നിനക്കു വിരോധമായി ഞങ്ങൾ ചെയ്തിട്ടുള്ള സകല കുറ്റങ്ങളും പാപങ്ങളും നീ ഞങ്ങളോടു ക്ഷമിക്കണമേ. നിനക്കിഷ്ടമുള്ളതായ വിചാരത്തോടും വചനത്തോടും പ്രവൃത്തിയോടും കൂടെ ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം കഴിച്ചുകൂട്ടുവാൻ ഞങ്ങളെ നീ സഹായിക്കണമേ. ദുഷ്ടപിശാചുക്കളുടെ പരീക്ഷകളിൽനിന്നും അസൂയയിൽനിന്നും ദുരാത്മാക്കളുടെ ഉപദ്രവങ്ങളിൽനിന്നും ദുഷ്ടമനുഷ്യരുടെ ദുഷ്ടതയിൽനിന്നും ഞങ്ങളെ സങ്കടപ്പെടുത്തുന്ന സകല രോഗങ്ങളിൽനിന്നും കഠിനതരമായ സംഭവങ്ങളിൽനിന്നും ഞങ്ങൾക്കാവശ്യമായിരിക്കുന്ന ആഹാരത്തിനു മുട്ടുവരത്തക്കതായ ദാരിദ്ര്യത്തിൽനിന്നും രഹസ്യമായും പരസ്യമായുമുള്ള സകല ശത്രുക്കളിൽനിന്നും പരീക്ഷകളിൽനിന്നും ദൈവമേ! ഞങ്ങളെ നീ രക്ഷിച്ചുകൊള്ളണമേ. ഞങ്ങളുടെയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരുടെയും സകല കുറ്റങ്ങളും പാപങ്ങളും നീ ക്ഷമിക്കണമേ. ദുഷ്ടന്മാർക്കും മത്സരക്കാർക്കും ഒരുക്കിയിരിക്കുന്നതായ അഗ്നിനരകം അവകാശിപ്പാൻ നീ ഞങ്ങളെ കൈവിടരുതേ. പിന്നെയോ നിന്റെ ഇഷ്ടൻമാരായ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ ഞങ്ങളെല്ലാവരെയും നീ യോഗ്യരാക്കിത്തീർക്കണമേ. ദൈവമാതാവായ വിശുദ്ധ കന്യകമറിയമേ! നിന്നിലും, സകലപരിശുദ്ധന്മാരേ! നിങ്ങളിലും പരിശുദ്ധ മാലാഖമാരേ! നിങ്ങളിലും, ഞങ്ങൾ സങ്കേതം പ്രാപിച്ചുകൊണ്ട് ഞങ്ങൾക്കുവേണ്ടി ദൈവത്തോടപേക്ഷിക്കണമേ എന്ന് നിങ്ങളോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമേ. ആമ്മീൻ.



## വേറൊരു അപേക്ഷ

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവമേ! മഹാപാപികളായ ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് കൃപയോടെ ഞങ്ങളോട് ഉത്തരമരുളിച്ചെയ്യണമേ. ഞങ്ങളെയും ഞങ്ങളുടെ സഹോദര സഹോദരിമാരെയും ഞങ്ങളുടെ സന്താനങ്ങളെയും ഞങ്ങൾക്കുള്ള എല്ലാവരെയും നീ കൃപയോടെ കാത്തുരക്ഷിക്കണമേ. ഞങ്ങൾക്കു നിന്നോടുള്ള അനുസരണവും ഭക്തിയും വിശ്വാസവും വർദ്ധിപ്പിച്ചുതരണമേ. സത്യ അറിവും നന്മകൾക്കു താൽപര്യവും ഹൃദയപ്രകാശവും തിന്മകളോടു വെറുപ്പും ആശ്വാസത്തോടും സന്തോഷത്തോടും കൂടിയുള്ള ദീർഘായുസ്സും നല്ല അവസാനവും പാപമോചനവും സ്വർഗ്ഗരാജ്യത്തിൽ അവകാശവും നൽകണമേ. ഇവിടെ അഴിഞ്ഞുപോകുന്ന ഭവനത്തിൽ ഞങ്ങൾ സ്നേഹത്തോടെ ഒരുമിച്ച് പാർത്ത് നിന്നെ സ്തുതിപ്പാൻ ഇടയാക്കണമേ. അതുപോലെതന്നെ അവിടെ അഴിവില്ലാത്ത ഭവനത്തിലും ഞങ്ങൾ ഒരുമിച്ച് വസിച്ച് നിന്നെ സ്തുതിപ്പാൻ ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ. ഞങ്ങളിൽ ഒരുവനെയും നിന്റെ പരമാനന്ദരാജ്യത്തിൽനിന്ന് പുറത്ത് തള്ളിക്കളയരുതേ. കർത്താവേ! ഈ ആയുസ്സിൽ പഞ്ഞത്തിൽനിന്നും വസന്തയിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും മിന്നലുകളിൽനിന്നും ഇടികളിൽനിന്നും പിശാചുക്കളുടെയും ദുഷ്ടമനുഷ്യരുടെയും ശത്രുക്കളുടെയും ദുഷ്ടജന്തുക്കളുടെയും ഉപദ്രവങ്ങളിൽനിന്നും സകല അപകടങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും ദുഷ്ക്കാലങ്ങളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും മഹാരോഗങ്ങളിൽനിന്നും വേദനകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമേ. ഞങ്ങൾ എപ്പോഴും എന്നേക്കും നിന്റെ ഇഷ്ടം

ചെയ്ത് നിനക്കുള്ളവരായിരിപ്പാനും നിന്റെ കൃപകൾക്കു പാത്രവാന്മാരായിരിപ്പാനും യോഗ്യരായിത്തീരണമേ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകലപാപങ്ങളും ദയവോടെ ഞങ്ങളോടു ക്ഷമിക്കണമേ. ദൈവമേ! നിന്നെക്കാൾ അധികം മറ്റൊന്നിനെയും സ്നേഹിപ്പാനും ആശ്രയിപ്പാനും ഇടയാകാതെ ഞങ്ങളെ കാത്തുരക്ഷിക്കണമേ. നിന്റെ കല്പന പ്രകാരം ഞങ്ങളെ കാക്കുന്നവരായ നിന്റെ പരിശുദ്ധ മാലാഖമാരെ ഞങ്ങൾ ദുഃഖിപ്പിക്കുന്നവരായിത്തീരുമാറാകരുതേ. ഞങ്ങൾ വിചാരിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമായ സകലവും നിന്റെ തിരുനാമമഹത്വത്തിനും ഞങ്ങളുടെയും മറ്റെല്ലാവരുടെയും നന്മയ്ക്കും ഉപയോഗപ്പെടുന്നതാക്കിത്തീർക്കണമേ. ഞങ്ങളുടെ സ്രഷ്ടാവേ! ഞങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും പൂർണ്ണമനസ്സോടെ നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. നിന്റെ കൃപയാൽ കൈക്കൊണ്ട് ഞങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും നിന്റെ തിരുവിഷ്ടപ്രകാരം ഭരിക്കണമേ. ഞങ്ങളെ നീ ഒരിക്കലും നിരസിച്ച് തള്ളിക്കളയരുതേ. ഞങ്ങളെയും ഞങ്ങളുടെ സന്താനങ്ങളെയും ഞങ്ങളുടെ സഹോദര സഹോദരിമാരെയും ഞങ്ങൾക്കുള്ള എല്ലാവരെയും വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യരാക്കിത്തീർക്കണമേ. കർത്താവേ! നീ ഞങ്ങളെ ഏല്പിച്ചിരിക്കുന്ന സകല ചുമതലകളും നിന്റെ ഇഷ്ടപ്രകാരം ശരിയായി നടത്തുവാനും ദൈവഭയത്തിൽ ജീവിപ്പാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ സഭയിലും രാജ്യത്തും ഞങ്ങളുടെ പള്ളിയിലും കുടുംബത്തിലും സമാധാനവും ആശ്വാസവും നീ ഉണ്ടാക്കണമേ.



ഞങ്ങളെല്ലാവരും സത്യസ്നേഹത്തോടും സന്തോഷത്തോടും കൂടെ ഏകമനസ്സുള്ളവരായി നിന്റെ കൃപയാൽ വിശുദ്ധിയോടെ ജീവിപ്പാനും നിന്റെ വിശുദ്ധ റൂഹാ ഞങ്ങളിൽ പ്രവർത്തിപ്പാനും കൃപചെയ്യണമേ. ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹായെ അറിയാതെയും വിശ്വസിക്കാതെയും ഇരിക്കുന്ന പുറജാതികൾ ഈ ക്രിസ്തീയതൊഴുത്തിൽ വന്നുചേർന്ന് ഞങ്ങളോടുകൂടെ നിന്നെ മഹത്വപ്പെടുത്തുവാനായിട്ട് അവരുടെമേൽ നിന്റെ കൃപ ചൊരിയുകയും അവരെ സത്യഅറിവിലേക്കു തിരിപ്പാൻ കൃപയോടെ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. ഞങ്ങളുടെ ഭരണക്കാരും നിന്റെ ശുശ്രൂഷകന്മാരുമായ മേൽപ്പട്ടക്കാരെയും പട്ടക്കാരെയും സകല ദൈവികവേലക്കാരെയും നീ അനുഗ്രഹിച്ച് അവരെ നീതിയും വിശുദ്ധിയും കൊണ്ട് അലങ്കരിക്കുകയും ഏവൻഗേലിയോൻ പ്രകാരം ഞങ്ങളെ മേയിച്ച് ഭരിപ്പാൻ അവരെ ശക്തിപ്പെടുത്തുകയും അവരെ അനുസരിച്ചു നടപ്പാൻ ഞങ്ങൾക്കു അനുസരണമുള്ള ഹൃദയം നൽകുകയും ചെയ്യണമേ. കർത്താവേ! ഞങ്ങളെ ഭരിക്കുന്ന രാജാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും നീ അനുഗ്രഹിച്ച് സത്യത്തിലും നീതിയിലും ദൈവഭയത്തിലും നടത്തുകയും അവരെ കൃപയോടെ കാത്തുരക്ഷിക്കുകയും ചെയ്യണമേ. ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി നീ കല്പിച്ചയച്ച ഞങ്ങളുടെ കർത്താവായ യേശുമിശിഹാമൂലം ഞങ്ങളുടെ യാചനകളെ നൽകണമേ. ഞങ്ങളെയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെയും പാപമോചനത്തിനും സ്വർഗ്ഗരാജ്യത്തിനും യോഗ്യരാക്കിത്തീർക്കണമേ. ദൈവമേ! ഞങ്ങൾ അയോഗ്യരെങ്കിലും നിന്റെ ഏകപുത്രന്റെ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും

[1]മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ മേലുള്ള നിന്റെ സർവ്വകൃപകൾക്കും വേണ്ടി നിന്നെയും നിന്റെ ഏകപുത്രനെയും നിന്റെ പരിശുദ്ധ റൂഹായെയും എല്ലാസമയത്തും എന്നേക്കും ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്തു വന്ദിക്കുന്നു. ആമ്മീൻ.

**രാവിലെ എഴുന്നേറ്റ് മുഖം കഴുകുമ്പോൾ പ്രാർത്ഥന**

ദൈവമേ! നിന്റെ സോപ്പാകൊണ്ട് എന്റെമേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ. തൽഗായേക്കാൾ ഞാൻ വെണ്മയാകും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ആമ്മീൻ.

**എണ്ണ തേക്കുമ്പോൾ**

രോഗികളെ എണ്ണപൂശി സുഖമാക്കുവാൻ പരിശുദ്ധ ശ്ലീഹന്മാർക്കു ശക്തിയും അധികാരവും നൽകിയവനായ മിശിഹാതമ്പുരാനേ! ഞാൻ എന്റെ മേൽ പൂശുന്ന ഈ എണ്ണയിൽ നിന്റെ ശക്തി വസിപ്പിക്കുകയും ഇതിനെ എന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും സുഖത്തിനും ഗുണത്തിനും ആക്കിത്തീർക്കുകയും ചെയ്യണമെ. ആമ്മീൻ.

**കുളിക്കുമ്പോൾ**

ദൈവമേ! എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകണമെ. എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ആമ്മീൻ.

1. അവരവർ ചേർന്നു നടക്കുന്ന പള്ളി ഏതു പരിശുദ്ധന്റെ നാമത്തിലിരിക്കുന്നുവൊ ആ പരിശുദ്ധന്റെ പേർ ഇവിടെ പറയണം.



**കുളികഴിഞ്ഞ് തുവർത്തുമ്പോൾ**

കർത്താവേ! ഞാൻ എന്റെ ശരീരത്തെ തുടച്ചു വെടിപ്പാക്കുന്നതിനോടുകൂടെ നിന്റെ മനോഗുണത്തിന്റെ [1]എസ്പൂഗാകൊണ്ട് എന്റെ സർവ്വകുറ്റങ്ങളിൽനിന്നും പാപങ്ങളിൽനിന്നും എന്നെ തുടച്ചു വെടിപ്പാക്കുവാൻ കൃപയുണ്ടാകണമെ. ആമ്മീൻ.

**വസ്ത്രം മാറുമ്പോൾ**

ദൈവമായ കർത്താവേ! എന്റെ ദുഷ്പ്രവൃത്തികളുടെ അശുദ്ധിയാൽ സാത്താൻ എന്നെ ധരിപ്പിച്ച അശുദ്ധവസ്ത്രങ്ങളെ എന്നിൽനിന്ന് നീക്കിക്കളഞ്ഞ് എന്നേക്കും നിന്റെ മാന്യതയുടെ ശുശ്രൂഷയ്ക്കും നിന്റെ വിശുദ്ധ തിരുനാമത്തിന്റെ മഹത്വത്തിനും ചേർച്ചയുള്ള വിശുദ്ധ വസ്ത്രങ്ങൾ എന്നെ ധരിപ്പിക്കണമെ. ആമ്മീൻ.

**ദൈവശുശ്രൂഷയ്ക്കായി മണി അടിക്കുന്ന ശബ്ദം കേൾക്കുമ്പോൾ**

ബാറെക്മോർ എന്നുപറഞ്ഞ് കുരിശുവരയ്ക്കണം.

(അല്ലെങ്കിൽ)

കർത്താവേ! നീ ചെയ്തിട്ടുള്ള രക്ഷയ്ക്കുവേണ്ടി നിന്നെ സ്തുതിപ്പാൻ എന്നെ അനുവദിക്കണമേ എന്നു പറഞ്ഞ് കുരിശുവരയ്ക്കണം.

**പള്ളിയിൽ പ്രവേശിക്കുമ്പോൾ പ്രാർത്ഥന**

ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്കു വന്ന് എന്റെ നേർച്ചകളെ കഴിക്കും.

1. എസ്പൂഗൊ – സ്പഞ്ച്.

**പള്ളിയിൽ വഴിപാടായിട്ടോ മറ്റോ വിളക്കു കത്തിക്കുമ്പോൾ പ്രാർത്ഥന**

പ്രകാശം നിറഞ്ഞിരിക്കുന്ന യേശുവേ! സകലസൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം നീ ആകയാൽ നിന്റെ പ്രകാശത്താലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത്. സ്വർഗ്ഗീയപിതാവിന്റെ കതിരായുള്ളവനേ! നിന്റെ ശോഭയുള്ള പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. ആമ്മീൻ.

(ഭവനങ്ങളിൽ വിളക്കു കത്തിക്കുമ്പോഴും ഇതു ചൊല്ലണം.)

**വി: സ്ലീബായെ ചുംബിക്കുകയോ വഹിക്കുകയോ ധരിക്കുകയോ ചെയ്യുമ്പോൾ**

ദൈവമേ! സ്ലീബായിൽ മറഞ്ഞിരിക്കുന്ന ശക്തിമൂലം ശത്രുക്കളായ പിശാചുക്കളോടുള്ള യുദ്ധത്തിൽ ജയിപ്പാനുള്ള ശക്തിയും ധൈര്യവും നിന്റെ കൃപയാൽ എനിക്കു ലഭിക്കുമാറാകണമെ. ആമ്മീൻ.

**വി: ഏവൻഗേലിയോനെ ചുംബിക്കുകയോ എടുക്കുകയോ ചെയ്യുമ്പോൾ പ്രാർത്ഥന**

കർത്താവേ! ജീവനും കൃപയും നിറഞ്ഞിരിക്കുന്നതായ ഏവൻഗേലിയോനിൽ മറഞ്ഞിരിക്കുന്ന ശക്തിമൂലം വചനത്തെ തിരിച്ചറിയുവാൻ തക്കതായ ജ്ഞാനം എന്റെ ഹൃദയത്തിൽ നിറയ്ക്കണമെ. ആമ്മീൻ.

**വി: വേദപുസ്തകത്തിലെ ഏതെങ്കിലും ഭാഗം വായിക്കുമ്പോൾ പ്രാർത്ഥന**

രാവും പകലും വായിച്ച് ധ്യനിപ്പാനായിട്ട് രക്ഷയ്ക്കും ഗുണത്തിനും ഉപയോഗമുള്ളതായ ജീവനും വിശുദ്ധിയുമുള്ള വചനങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന



വിശുദ്ധ പുസ്തകം ഞങ്ങൾക്കു തന്നവനായ കരുണയുള്ള കർത്താവേ! വിശുദ്ധ പുസ്തകത്തെ ന്യായമായ പ്രകാരം ബഹുമാനിപ്പാനും അതുകൊണ്ടുള്ള പ്രയോജനത്തെ അറിയുവാനും ദിനംപ്രതി മടികൂടാതെ വായിച്ച് അതിലെ രഹസ്യങ്ങളെ മനസ്സിലാക്കുവാനും ഞങ്ങൾക്കു തന്നെയും മറ്റുള്ളവർക്കും പ്രയോജനം വരുത്തുവാനും വഞ്ചകനായ ദുഷ്ടന്റെ കൗശലങ്ങളിൽനിന്ന് രക്ഷപെടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങൾ എല്ലാനേരവും അതിൽ ധ്യാനിച്ച് നിന്നെ മഹത്വപ്പെടുത്തിക്കൊണ്ട് അതിൽ കല്പിച്ചിരിക്കുന്നതുപോലെ നിന്റെ ഇഷ്ടത്തിനൊത്തവണ്ണം ഇപ്പോഴും എപ്പോഴും എന്നേക്കും നിന്റെ തിരുമുമ്പാകെ ജീവിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

**വി: വേദപുസ്തകത്തിൽ ഏതെങ്കിലും ഭാഗം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന**

കരുണയുള്ള ദൈവമേ! വിശുദ്ധ വേദപുസ്തകത്തെ വായിച്ച് മനസ്സിലാക്കുവാൻ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമെ. അതിൽ മറഞ്ഞിരിക്കുന്നതും ഞങ്ങൾക്കു പ്രയോജനം വരുത്തുന്നതുമായ മഹത്വമുള്ള കാര്യങ്ങളെ അറിയുവാനും അതിൽനിന്നു കണ്ടുപിടിപ്പാനും ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം അതിൻപ്രകാരം ജീവിപ്പാനും ഞങ്ങൾക്കു കൃപ നൽകണമെ. കുറിയേ........

**വി: വേദപുസ്തകത്തിൽ ഏതെങ്കിലും ഭാഗം വായിച്ചുകഴിഞ്ഞിട്ടുള്ള പ്രാർത്ഥന**

കർത്താവേ! വിശുദ്ധിയുള്ള ജീവവചനങ്ങളിൽനിന്ന് ഞങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുള്ളത് ഞങ്ങളുടെ ഹൃദയങ്ങളിൽനിന്നും വിട്ടുപോകാതിരിപ്പാൻ നീ

ഞങ്ങൾക്കു കൃപയരുളണമെ. ദിവ്യവചനങ്ങളെ വായിച്ച് ധ്യാനിക്കുന്നതിൽനിന്ന് ഞങ്ങൾ പിൻതിരിയുവാൻ ഇടയാകരുതേ. വെട്ടപ്പെട്ട് അഗ്നിയിൽ തള്ളപ്പെടുവാൻ തക്കതായ ഫലം കായ്ക്കാത്ത വൃക്ഷങ്ങൾ പോലെ ഞങ്ങൾ ആയിത്തീരുമാറാകരുതെ. ഏറെക്കുറെ വായിച്ച് മനസ്സിലാക്കുവാൻ നീ ഞങ്ങൾക്കിടയാക്കിയതുകൊണ്ടും അയോഗ്യരായ ഞങ്ങളോടു നീ ചെയ്തിട്ടുള്ള കൃപകൾക്കായിക്കൊണ്ടും നിന്നെ എന്നേക്കും സ്തുതിച്ച് സ്തോത്രം ചെയ്യുന്നു. ആമ്മീൻ.

**വി: വേദപുസ്തകത്തിൽ ഏതെങ്കിലും ഭാഗം വായിച്ചുകഴിഞ്ഞിട്ടുള്ള വേറൊരു പ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ! നീ ഞങ്ങൾക്കു തന്നിട്ടുള്ള പ്രയോജനകരമായ വിശുദ്ധ പുസ്തകത്തിലെ ജീവവചനങ്ങൾക്കുവേണ്ടി നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും സ്തുതിച്ച് സ്തോത്രം ചെയ്യുന്നു. ഹാലേലുയ്യാ.

**പൊതുലേഖനങ്ങളും പൗലോസിന്റെ ലേഖനങ്ങളും വായിക്കുന്നതിനുമുമ്പുള്ള പ്രാർത്ഥന**

ദൈവമായ കർത്താവേ! ഈ സമയത്ത് നിന്റെ തിരുസന്നിധിയിലുള്ള ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും നീ കൈക്കൊള്ളണമേ. കർത്താവേ! നിന്റെയും നിന്റെ ദിവ്യശ്ലീഹന്മാരുടെയും നിന്റെ വിശുദ്ധ സഭയുടെ ശില്പാശാരിയും പണിക്കാരനുമായ പൗലോസിന്റെയും കല്പനകളെ എന്നന്നേക്കും വെടിപ്പോടും വിശുദ്ധിയോടും കൂടെ ആചരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ.



**വി: ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന**

ദൈവമേ! നിന്റെ വാത്സല്യപുത്രന്റെ ലോകനടപടിയെ തിരിച്ചറിഞ്ഞ് എന്റെ ബോധത്തിൽ ആനന്ദിപ്പാൻ എന്നെ നീ യോഗ്യനാക്കണമെ. കർത്താവേ! എന്റെ ബോധത്തിന്റെ മുഖത്തെ മൂടിയിരിക്കുന്ന ദുർവികാരങ്ങളാകുന്ന മൂടലിനെ നീ നീക്കികളയണമേ. പുസ്തകത്തിൽ മഷികൊണ്ട് എഴുതിയിരിക്കുന്നതായ കാണപ്പെടാവുന്ന അക്ഷരങ്ങളുടെ ഉള്ളിലേക്കു എന്റെ ഹൃദയം പ്രവേശിപ്പാൻ തക്കവണ്ണം അതിൻമേൽ നിന്റെ വിശുദ്ധപ്രകാശത്തെ ശോഭിപ്പിക്കണമേ. നിന്റെ ഏവൻഗേലിയോനിൽ മറഞ്ഞിരിക്കുന്ന വിശുദ്ധ രഹസ്യങ്ങൾ എന്റെ ആത്മാവിന്റെ പ്രകാശമുള്ള കണ്ണുകൊണ്ട് ഞാൻ കാണപ്പെടുമാറാകണമെ. നിന്റെ കല്പനകളുടെ വഴിയും നിന്റെ നിയമങ്ങളുടെ ആചാരവും നിന്നിലുള്ള വിശ്വാസത്തിന്റെ സത്യഅറിവും എന്നെ പഠിപ്പിക്കണമേ. കർത്താവേ! രാത്രിയിലാകട്ടെ പകലാകട്ടെ എന്റെ ഹൃദയത്തിൽനിന്ന് നിന്റെ ഓർമ്മ വിട്ടുപോകാതിരിപ്പാനും നിന്റെ കല്പനകളെ അനുസരിച്ച് പ്രവർത്തിപ്പാനും നിനക്ക് ഇഷ്ടമുള്ള ഫലങ്ങൾ എന്നിൽനിന്നു പുറപ്പെടുവിപ്പാനും എന്നേക്കും എനിക്കു കൃപനൽകണമെ.ആമ്മീൻ.

**വി: ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പുള്ള വേറൊരു പ്രാർത്ഥന**

ദൈവമായ കർത്താവേ! നിന്റെ ദൈവിക വചനങ്ങളുടെ അറിവ് ഞങ്ങൾക്കു നൽകണമെ. നിന്റെ വിശുദ്ധ ഏവൻഗേലിയോന്റെ സാരാംശങ്ങൾകൊണ്ടും ദൈവിക വചനങ്ങളുടെ ഐശ്വര്യം കൊണ്ടും നിന്റെ വിശുദ്ധ റൂഹായുടെ ദാനങ്ങൾകൊണ്ടും ഞങ്ങളെ നിറയ്ക്കണമെ. ഞങ്ങൾ

സന്തോഷത്തോടെ നിന്റെ കല്പനകളെ ആചരിപ്പാനും നിന്റെ തിരുവിഷ്ടം നിവർത്തിപ്പാനും നിന്റെ വാഴ്വുകൾക്കും കരുണകൾക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നീ ഞങ്ങൾക്കു കൃപനൽകുകയും ചെയ്യണമെ. ആമ്മീൻ.

**വി: ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞിട്ടുള്ള പ്രാർത്ഥന**

ഞങ്ങളോടു കല്പിച്ചിട്ടുള്ള ജീവവചനങ്ങൾക്കു വേണ്ടി ഞങ്ങളുടെ കർത്താവായ യേശുമിശിഹായ്ക്കും ഞങ്ങളുടെ രക്ഷയ്ക്കായിട്ട് അവനെ കല്പിച്ചയച്ച അവന്റെ പിതാവിനും ജീവനുള്ളവനും ഞങ്ങൾക്കു ജീവൻ നൽകുന്ന അവന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിപ്പുകളും സ്തോത്രങ്ങളും പുകഴ്ചകളും ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

**പ്രസംഗത്തിനുമുമ്പുള്ള പ്രാർത്ഥന**

ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹാ! ഞങ്ങളുടെ മുമ്പാകെ ഘോഷിക്കപ്പെടുന്ന നിന്റെ പരിശുദ്ധ വചനങ്ങളെ കേട്ട് മനസ്സിലാക്കുവാനും അവമൂലം നിന്റെ ഇഷ്ടപ്രകാരം നിന്റെ സന്നിധിയിൽ ജീവിപ്പാനും നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും എന്നേക്കും മഹത്വപ്പെടുത്തുവാനും നിന്റെ കരുണയാൽ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. കുറിയേ..........

**പ്രസംഗത്തിനുശേഷമുള്ള പ്രാർത്ഥന**

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങൾ കേട്ടിട്ടുള്ള നിന്റെ ജീവവചനങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്തു പുകഴ്ത്തുന്നു. ഹാലേലുയ്യാ.



**രോഗം, പിശാചുബാധ, ഞെരുക്കം, വ്യസനം, ക്ഷാമം. മുതലായ പലതിൽനിന്നും രക്ഷപ്രാപിക്കുമ്പോഴുള്ള സ്തോത്രപ്രാർത്ഥന**

സ്വർഗ്ഗീയ പിതാവും സർവ്വശക്തനും സകലത്തിന്റെയും ഉടയവനും മഹാകാരുണ്യവാനും സകലത്തെയും കൃപയോടെ പോറ്റി പുലർത്തുന്നവനായ ദൈവമേ! നീ ഞങ്ങൾക്ക് ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ സർവ്വകൃപകൾക്കും നന്മകൾക്കും വാഴ്വുകൾക്കും സഹായങ്ങൾക്കുമായിട്ട് നിന്നെ ഞങ്ങൾ സതുതിച്ച് സ്തോത്രം ചെയ്യുന്നു. ഞങ്ങൾ ആവശ്യപ്പെടാതെ തന്നെ നിന്റെ നന്മകളും വാഴ്വുകളും അനുഭവിപ്പാനായിട്ട് മഹാകൃപയോടെ ഇല്ലായ്മയിൽനിന്ന് നീ മനുഷ്യനെ സൃഷ്ടിച്ചുണ്ടാക്കി. ആനന്ദങ്ങളുടെ പറുദീസായിൽ ആക്കിയതിന്റെ ശേഷം അവൻ തന്റെ സ്വാതന്ത്ര്യത്താൽ നിന്റെ കല്പന ലംഘിക്കുകയും തൻമൂലം ഭൂമിയിലേക്ക് തള്ളപ്പെടുകയും പിശാചിന്റെ അടിമയിൽ ഉൾപ്പെടുകയും ചെയ്തു. എങ്കിലും അവനെ വീഴ്ചയിൽ നിന്നെഴുന്നേല്പിച്ച് രക്ഷിപ്പാൻവേണ്ടി ഹീനമായ മനുഷ്യാവതാരത്തിലേക്കും കഷ്ടതകളിലേക്കും നിന്ദ്യമായ കുരിശുമരണത്തിലേക്കും നിന്റെ വാത്സല്യമുള്ള ഏകപുത്രനെ കല്പിച്ചയച്ച് രക്ഷിപ്പാൻ തക്കവണ്ണം നിനക്കു തിരുവിഷ്ടമുണ്ടായതിനാൽ ആയിരമായിരങ്ങളായിട്ടും പതിനായിരം പതിനായിരങ്ങളായിട്ടും നിനക്കു സ്തുതി. ഞങ്ങളുടെ പ്രവൃത്തികളിൻ പ്രകാരമല്ല നിന്റെ കരുണയിൻ പ്രകാരം ഞങ്ങളോടു പ്രവർത്തിപ്പാൻ നിനക്കു തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. പാപികളായ ഞങ്ങളുടെ അപേക്ഷകളെ കേൾപ്പാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. കുറ്റക്കാരായ ഞങ്ങളുടെ ദുഃഖങ്ങളെ ദയവോടെ നീക്കിക്കളയുവാൻ

തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. നന്ദിയില്ലാത്തവരായ ഞങ്ങളുടെ രോഗങ്ങളെ സുഖമാക്കുവാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. വെറുപ്പുണ്ടാക്കുന്നവരായ ഞങ്ങളുടെ ഞെരുക്കങ്ങളിൽനിന്ന് ഞങ്ങളെ ആശ്വസിപ്പിപ്പാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. അന്യായക്കാരായ ഞങ്ങളുടെ സങ്കടങ്ങളെ കേൾപ്പാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. ഞങ്ങളുടെ അകൃത്യങ്ങൾക്കു തക്കവണ്ണം ഞങ്ങളെ ശിക്ഷിക്കാതെ ദീർഘക്ഷമയോടും കരുണയോടും കൂടെ വെയിലും മഴയും മഞ്ഞും ഭൂമിയുടെ വിളവുകളും ഞങ്ങൾക്കു തരുവാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. നിന്നിൽനിന്ന് ഞങ്ങളെ അകറ്റുവാനും വീഴിപ്പാനും ആഗ്രഹിച്ചുകൊണ്ട് എല്ലാനേരത്തും ഇടവിടാതെ ഉറ്റുശ്രമിക്കുന്ന സാത്താനെയും സൈന്യങ്ങളെയും വിരോധിപ്പാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. സ്വന്തനന്മകളും ഗുണങ്ങളും ഏതെല്ലാമെന്നറിയുവാൻ പാടില്ലാത്തവരായ ഞങ്ങൾക്ക് അതാതുസമയത്ത് നന്മകളും വാഴ്വുകളും കൃപയോടെ നൽകുവാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. യാതൊന്നിനും പ്രാപ്തിയില്ലാത്തവരായ ഞങ്ങൾക്ക് അപ്പോഴപ്പോൾ ആവശ്യമായിട്ടുള്ളത് പ്രവർത്തിക്കുന്നതിനു ബുദ്ധിയും പ്രാപ്തിയും നൽകുവാൻ തിരുവുള്ളമുണ്ടായതിനാൽ നിനക്കു സ്തുതി. തന്നെത്താൻ രക്ഷിപ്പാൻ ശക്തിയില്ലാത്തവരായ ഞങ്ങളുടെ ചുറ്റും വളഞ്ഞിരിക്കുന്ന അപകടങ്ങളിൽനിന്നും ആപത്തുകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിപ്പാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. അഴിഞ്ഞുപോകുന്നതായ ഈ ലോകത്തിലെ



ഞങ്ങളുടെ ആയുസ്സ് എത്രത്തോളമെന്ന് അറിവില്ലാത്തവരും മരണത്തിന്റെ വായിൽ ഇരിക്കുന്നവരുമായ ഞങ്ങളെ ഇത്രത്തോളം ദീർഘായുസ്സോടിരുന്ന് പുത്രപൗത്രന്മാരെ കാണുവാനും നിന്റെ നൻമകൾ അനുഭവിപ്പാനും യോഗ്യരാക്കിത്തീർത്തതിനാൽ നിനക്കു സ്തുതി. ഈ സമയത്തുതന്നെ സർവ്വശിക്ഷകൾക്കും അതികഠിനമായ വേദനകൾക്കും യോഗ്യരാകുന്ന ഞങ്ങളെ ഇപ്പോൾ നിന്റെ സന്നിധിയിൽ നിന്നുകൊണ്ട് നിന്നെ സ്തുതിപ്പാനും സ്തോത്രം ചെയ്യുവാനും യോഗ്യരാക്കിത്തീർത്തതിനാൽ നിനക്കു സ്തുതി. സ്വന്ത ആവശ്യങ്ങൾ എന്തെല്ലാമെന്നറിയുവാൻ ശേഷിയില്ലാത്തവരായ ഞങ്ങളുടെ ആവശ്യങ്ങളെ അപ്പോഴപ്പോൾ കൃപയോടെ നിറവേറ്റുവാൻ ദയയുണ്ടായതിനാൽ നിനക്കു സ്തുതി. സ്വന്തപ്രാപ്തികൊണ്ടും അദ്ധ്വാനം കൊണ്ടുമല്ല, നിന്റെ മഹാകരുണകൾകൊണ്ടുതന്നെ ഞങ്ങൾക്കു അന്നവസ്ത്രാദികൾ തന്നു രക്ഷിപ്പാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. ഞങ്ങളെ സങ്കടപ്പെടുത്തുന്ന രോഗങ്ങൾ, ദുഃഖങ്ങൾ, വ്യസനങ്ങൾ, പിശാചുക്കളുടെ കെണികൾ, ദുഷ്ടജന്തുക്കളുടെ ഉപദ്രവങ്ങൾ മുതലായ സകലത്തിൽനിന്നും ഞങ്ങളെ കാത്തുരക്ഷിപ്പാൻ തിരുവുള്ളമുണ്ടായതിനാൽ നിനക്കു സ്തുതി. ഞങ്ങളുടെ ദുഷ്ടതകളും അക്രമങ്ങളും പാപങ്ങളും നിമിത്തം ഞങ്ങളെ കൈവിട്ടുകളയാതെ നിന്റെ കരുണകളും കൃപകളും സഹായങ്ങളും തന്നരുളുവാൻ തിരുവിഷ്ടമുണ്ടായതിനാൽ നിനക്കു സ്തുതി. ഞങ്ങളാകട്ടെ പക്ഷിമൃഗാദികളാകട്ടെ വൃക്ഷാദികളാകട്ടെ ഏറ്റം നിസ്സാരമായ തൃണം തന്നെയാകട്ടെ സ്ഥിതി ചെയ്യുന്നതോ ഇളകുന്നതോ നിന്റെ അറിവാലും കല്പനയാലും മാത്രമാണെന്നുള്ളത് ഞങ്ങൾ തിരിച്ചറിഞ്ഞ് നിന്നിലുള്ള ആശ്രയത്തെയും ഭയഭക്തിയെയും

മുൻനിറുത്തിക്കൊണ്ട് സകലവും പ്രവർത്തിപ്പാനും പറയുവാനും വിചാരിപ്പാനും അയോഗ്യതയോടെ എങ്കിലും ഞങ്ങൾ അനുഭവിക്കുന്ന നിന്റെ കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്യുവാനും കൃപയോടെ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ.

(ഈ പ്രാർത്ഥനയുടെ ശേഷം 35-ാം വശത്തുള്ള മാലാഖമാരുടെ സ്തുതിപ്പും ഒരു കൗമായും ചൊല്ലുന്നതു കൊള്ളാം.)

**ബുർക്ക്സാ അപ്പം ഭക്ഷിക്കുമ്പോൾ**

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ കർത്താവേ! നിന്റെ അടുക്കൽനിന്ന് ഞങ്ങൾക്കു നന്മകളും വാഴ്വുകളും എന്നന്നേക്കും മേൽക്കുമേൽ വർദ്ധിപ്പിച്ചു തരണമെ. ആമ്മീൻ.

**വിശുദ്ധ കുർബാന അനുഭവിക്കുന്നവർ ചൊല്ലുവാനുള്ള പ്രാർത്ഥന**

മിശിഹാതമ്പുരാന്റെ തിരുശരീര രക്തമാകുന്ന പാപമോചനം നൽകുന്ന തീക്കട്ട ബലഹീനനും പാപിയുമായ എനിക്കു നൽകപ്പെടുന്നു. ഇതെനിക്കു രണ്ടുലോകങ്ങളിലും എന്നന്നേക്കും കുറ്റങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായിട്ട് ഭവിക്കുമാറാകണമെ. ആമ്മീൻ.

**ഭക്ഷണത്തിനുമുമ്പുള്ള പ്രാർത്ഥന**

കർത്താവേ! ഭക്ഷിപ്പാനും പാനം ചെയ്യുവാനും നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തെയും നിന്റെ കരുണയെയും ഓർത്തു നിന്നെ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ.



**ഭക്ഷണത്തിനുമുമ്പുള്ള വേറൊരു പ്രാർത്ഥന**

ദൈവമായ കർത്താവേ! നിന്നെ ആരാധിക്കുന്നവരായ അടിയങ്ങൾക്കു നീ ഒരുക്കി തന്നിട്ടുള്ള ഈ ഭക്ഷണത്തിൻമേൽ നിന്റെ പോഷകശക്തിയും തൃപ്തിയും വാഴ്വും നിറവും വസിപ്പിക്കണമേ. അഴിവില്ലാത്തതും നാശമില്ലാത്തതുമായ നന്മകളും വാഴ്വുകളും ഇതിൻമേൽ വർദ്ധിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! നിന്റെ പരിശുദ്ധ തൃക്കൈകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള സർവ്വസൃഷ്ടിയോടും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ദയവോടെ കരുണചെയ്യണമെ. ആമ്മീൻ.

**ഭക്ഷണം കഴിഞ്ഞിട്ടുള്ള പ്രാർത്ഥന**

ദൈവമേ! നിന്റെ കൃപയും വാഴ്വും നിമിത്തം നിനക്കു സ്തുതി. ഞങ്ങളെ തീറ്റി തൃപ്തിപ്പെടുത്തിയതിനാൽ നിനക്കു സ്തുതി. നിനക്കുള്ളതിൽനിന്ന് ഞങ്ങൾ ഭക്ഷിച്ച് പാനം ചെയ്ത് ജീവിക്കുന്നതിനാൽ നിന്റെ കരുണകൾക്കായിട്ട് നിനക്കു സ്തുതി. നിന്നെ സ്തുതിപ്പാനും നിന്റെ ഇഷ്ടം ചെയ്യുവാനും ഞങ്ങളെ നീ യോഗ്യരാക്കണമെ. ആമ്മീൻ.

**ഭക്ഷണം കഴിഞ്ഞിട്ടുള്ള വേറൊരു പ്രാർത്ഥന**

തന്റെ നന്മകൾക്കായിട്ട് ദൈവത്തിനു സ്തുതി. തന്റെ വാഴ്വുകൾക്കായിട്ട് ദൈവത്തിനു സ്തുതി. ഞങ്ങളെ പോഷിപ്പിച്ച ദൈവത്തിനു സ്തുതി. ഞങ്ങളെ പുലർത്തിയ ദൈവത്തിനു സ്തുതി. ഞങ്ങളെ തൃപ്തിപ്പെടുത്തിയ ദൈവത്തിനു സ്തുതി. അവന്റേതിൽനിന്ന് ഞങ്ങൾ ഉപജീവിക്കുന്ന ദൈവത്തിനു സ്തുതി. കാരുണ്യവാനായ ദൈവത്തിനു സ്തുതി. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകൾ മൂലം അവന്റെ കരുണകൾ ഞങ്ങളെല്ലാവരുടെമേലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

### ഗുരുക്കന്മാരുടെ പ്രാർത്ഥന

പഠിത്തമില്ലാത്തവരും മീൻപിടുത്തക്കാരുമായ ശ്ലീഹന്മാർക്കു ലോകം വിസ്മയിക്കത്തക്കവണ്ണം അറിവും പഠിത്തവും കൊടുത്ത് അവരെക്കൊണ്ട് അനേകം മനുഷ്യരെ സത്യവഴിയിലേക്കു തിരിപ്പിച്ചവനായ മിശിഹാതമ്പുരാനേ! ഞാൻ അയോഗ്യനെങ്കിലും ഗുരു എന്നുള്ള പേരിനും ജോലിക്കും നീ എന്നെ അർഹനാക്കിയതുകൊണ്ട് നിന്റെ കരുണകൾക്കു സ്തുതി. വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ വിധത്തിൽ ദൈവഭയത്തോടുകൂടി ന്യായമായി പഠിപ്പിപ്പാനും ഞാൻ അവരുടെ മുമ്പിൽ സർവ്വനന്മകൾക്കും മാതൃകാപുരുഷനായി ശോഭിപ്പാനും എന്നെ പ്രാപ്തനാക്കണമേ. വിദ്യാർത്ഥികൾ നന്നായി പഠിച്ച് നിന്നെ മഹത്വപ്പെടുത്തുവാനും അവരുടെ മാതാപിതാക്കളെ സന്തോഷിപ്പിപ്പാനും ഇടയാകത്തക്കവണ്ണം നിന്റെ വിശുദ്ധ റൂഹായെ അയച്ച് അവരുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കുകയും അവർക്ക് ഓർമ്മശക്തിയും ജ്ഞാനവും നൽകുകയും നിന്റെ തിരുവിഷ്ടപ്രകാരം ദൈവഭയത്തോടെ ജീവിപ്പാൻ അവരെ യോഗ്യരാക്കുകയും എന്നെയും അവരെയും നിന്റെ കൃപകൾക്കും കരുണകൾക്കും പാത്രീഭൂതരാക്കിത്തീർക്കുകയും ചെയ്യണമേ. നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്യുന്നു. ആമ്മീൻ.

### വിദ്യാർത്ഥികളുടെ പ്രാർത്ഥന

പൈതങ്ങളെ അടുക്കൽ വിളിച്ച് വാത്സല്യത്തോടെ അവരെ അനുഗ്രഹിച്ചവനായ ഞങ്ങളുടെ കർത്താവേശുമിശിഹാ! ഞങ്ങളിൽ നിന്റെ തിരുവിഷ്ടമുണ്ടായി ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെമേൽ പരിശുദ്ധ റൂഹായെ അയച്ച് അവരെക്കൊണ്ട് പലഭാഷകളിൽ



സംസാരിപ്പിച്ചവനായ കർത്താവേ! നിന്റെ പരിശുദ്ധ റൂഹായെ ഞങ്ങളുടെമേൽ അയച്ച് ഞങ്ങൾക്ക് ജ്ഞാനവും തിരിച്ചറിവും നൽകണമേ. നിന്റെ തിരുവിഷ്ടത്തിനൊത്ത വണ്ണം ഞങ്ങൾ ദൈവഭയമുള്ളവരായിരിപ്പാനും സത്യ അറിവിനെ പഠിപ്പാനും സംസാരിപ്പാനും മടിയും ഉദാസീനതയും പ്രയോജനകരമായ പഠിത്തത്തിന് നാശം വരുത്തുന്ന സകല ദുഃസ്വഭാവവും ഞങ്ങളിൽനിന്ന് നീങ്ങിപ്പോകുവാനായിട്ട് കൃപയോടെ ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ ഞങ്ങളെ പഠിപ്പിപ്പാനും സർവ്വ നന്മകളിലും ഞങ്ങളെ നടത്തുവാനും ഞങ്ങളുടെ ഗുരുവിനെ പ്രപ്തനാക്കിത്തീർക്കണമേ. ഞങ്ങൾ വിചാരിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമായ സകലവും നിന്റെ തിരുനാമമഹത്വത്തിനും ഞങ്ങളുടെ പ്രയോജനത്തിനും ആക്കിത്തീർക്കണമേ. ഞങ്ങളെ സത്യവഴിയിൽനിന്ന് തെറ്റിപ്പാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്ന സാത്താനെയും സൈന്യങ്ങളെയും ഞങ്ങളിൽനിന്ന് വിരോധിക്കണമേ. ദിവസേനയുള്ള പ്രാർത്ഥനകൾക്കും വേദവായനയ്ക്കും സ്ക്കൂളിൽ പോയി പഠിക്കുന്നതിനും വീഴ്ചവരാതിരിക്കത്തക്കവണ്ണം രോഗങ്ങളിൽനിന്നും സകല അപകടങ്ങളിൽനിന്നും ഞങ്ങളെയും ഞങ്ങളുടെ ഗുരുവിനെയും കൃപയോടെ കാത്തുകൊള്ളണമേ. ദിവസേന കൂടുതലായ പുതിയ അറിവു സമ്പാദിപ്പാനും ഞങ്ങളോടുള്ള നിന്റെ സർവ്വകൃപകൾക്കും വേണ്ടി നിന്നെ സ്തുതിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. നിന്റെ കൃപയിൻകീഴ് ജീവിക്കുന്ന ഞങ്ങളെയും ഞങ്ങളെ പരിപാലിക്കുന്ന മാതാപിതാക്കളെയും ഞങ്ങൾക്കുള്ള എല്ലാവരെയും നീ കാത്തുരക്ഷിക്കുകയും ഞങ്ങളെല്ലാവരെയും നിന്റെ തിരുവിഷ്ടപ്രകാരം ജീവിപ്പാൻ താല്പര്യമുള്ളവരാക്കിത്തീർക്കുകയും ചെയ്യണമേ. ആമ്മീൻ.

**പരിശുദ്ധന്മാരുടെ കബറിങ്കൽനിന്ന് വാഴ്വ് കൈക്കൊള്ളുവാൻ പ്രാർത്ഥന**

ദൈവമായ കർത്താവേ! നിന്റെ സമാധാനത്തിനും നിന്റെ പരിശുദ്ധന്മാരുടെ സമാധാനത്തിനും നിന്നെയും നിന്റെ സ്ലീബായെയും വന്ദിക്കുന്നതിനും ഞങ്ങളെ യോഗ്യ രാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ! നിന്നെ ആരാധിക്കുന്നതിനാലും നിന്റെ പരിശുദ്ധന്മാരിൽ വസിച്ചി രിക്കുന്ന ശക്തിയാലും കുറ്റങ്ങൾക്കു പരിഹാരവും പാപ ങ്ങൾക്കു മോചനവും ഞങ്ങൾ പ്രാപിക്കുകയും നിന്റെ പരി ശുദ്ധന്മാരുടെ പ്രാർത്ഥനകൾ മൂലം ഞങ്ങളെല്ലാവരും അനു ഗ്രഹിക്കപ്പെടുകയും ഞങ്ങളുടെ യാചിക്കുന്നവ ഞങ്ങൾക്കു ലഭിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

(ഇതു പരിശുദ്ധന്മാരുടെ ഓർമ്മ വീടുകളിലോ മറ്റോ നടത്തുമ്പോൾ ഉപയോഗിക്കാം.)

**ഏകപരിശുദ്ധനോടുള്ള പ്രാർത്ഥന**

സൗന്ദര്യശ്രേഷ്ഠനായി ഞങ്ങളുടെ പരിശുദ്ധ പിതാ വായ മാർ (ഇന്നാരെ)നിനക്കു സമാധാനം. ദുഖിതർക്ക് സഹായങ്ങളെ ചൊരിഞ്ഞുകൊടുക്കുന്ന വലിയ ഭണ്ഡാരം നീയാകുന്നു. കർത്താവ് തന്റെ സത്യവാഗ്ദത്ത പ്രകാരം നിന്നിലും നീ അവനിലും വസിക്കുന്നു. ദൈവത്തിന്റെ വിശ്വസ്ത കലവറക്കാരാ! പാപികളായ ഞങ്ങൾ കരുണ കൾക്കും പാപമോചനത്തിനും യോഗ്യരായിത്തീരുവാനും നിന്റെ അവയവങ്ങളിൽ വസിച്ചിരിക്കുന്ന ശക്തിയാൽ സഹായം പ്രാപിപ്പാനും ഞങ്ങളുടെ ജീവകാലമെല്ലാം നിന്റെ പുണ്യാവസ്ഥയിൽ സാദൃശ്യപ്പെടുവാനുമായിട്ട് എല്ലാസമയത്തും ഞങ്ങൾക്കു വേണ്ടി അപേക്ഷിച്ചു പ്രാർത്ഥിക്കണമെ. നിന്റെ പ്രാർത്ഥന എന്നും ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ.



(മാർ ഗീവറുഗീസ് സഹദായുടെയോ മറ്റെതെങ്കിലും പരിശുദ്ധ ന്റെയോ ഓർമ്മ വീടുകളിലോ മറ്റോ നടത്തുമ്പോൾ ഉപയോഗിക്കാം.)

**ഏകപരിശുദ്ധനോടു വേറൊരു പ്രാർത്ഥന**

പരിശുദ്ധ പിതാവായ മാർ (ഇന്നാരെ)ദൈവം നിന്റെ സുകൃതത്തിൽ ഞങ്ങളെ സംബന്ധിപ്പിക്കുകയും നിന്റെ പ്രാർത്ഥനമൂലം എന്നേക്കും ദൈവത്തിന്റെ കരുണകൾക്കും ദയവിനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യുമാ റാകണമെ. ആമ്മീൻ.

**വഴിയാത്രക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥന**

ലോകാവസാനത്തോളം ഞാൻ നിങ്ങളുടെ കൂടെ ഇരി ക്കുമെന്ന് ശ്ലീഹന്മാരോട് കല്പിക്കുകയും അവരോടുകൂടെ ഇരിക്കുകയും ചെയ്തവനായ ദൈവമേ! ഈ നിന്റെ ദാസർ യാത്രചെയ്യുന്ന സ്ഥലത്ത് നീ ഇവരോടുകൂടെ ഇരിക്കണമേ. സമാധാനത്തോടുകൂടെ ഇവരെ തിരികെ കൊണ്ടുവരികയും ഇവരെ കണ്ട് സന്തോഷിക്കുന്നതിനും ഞങ്ങൾ ഒരുമിച്ച് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തോത്രം ചെയ്തു മഹ ത്വപ്പെടുത്തുന്നതിനും ഇടയാക്കുകയും ചെയ്യണമെ.

ആമ്മീൻ.

**രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന**

തന്നോടപേക്ഷിക്കുന്നവരെ സൗജന്യമായി സുഖപ്പെടു ത്തുന്ന മഹാവൈദ്യനായ ദൈവമേ! നിന്റെ കരുണയിൽ അഭയം പ്രാപിക്കുന്ന ഈ നിന്റെ ദാസനെ സുഖപ്പെടു ത്തണമെ. ഇവന്റെ കുറ്റങ്ങളെ മോചിച്ച് ഇവന്റെ രോഗങ്ങളെ നീക്കിക്കളയുകയും ഇവന്റെ അവയവങ്ങളെ ബലപ്പെടുത്തി രോഗക്കിടക്കയിൽനിന്ന് ഇവനെ എഴുന്നേല്പിക്കുകയും

ചെയ്യണമേ. ഉപദ്രവകരമായ സകല ശിക്ഷകളിൽ നിന്നും സങ്കടങ്ങളിൽനിന്നും ഇവനെ സ്വസ്ഥനാക്കണമേ. മിശിഹാ തമ്പുരാനേ! ഇവനോടുള്ള നിന്റെ സർവ്വകൃപകൾക്കും വേണ്ടി ഇവൻ എന്നേക്കും നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് ഇവന്റെ പാപങ്ങളെയും കുറ്റങ്ങളെയും പരിഹരിച്ച് മോചിപ്പിക്കണമെ.

വചനത്താൽ ശക്തിയെ അറിയിക്കുകയും പ്രവൃത്തിയാൽ സംഗതികളെ നിവർത്തിക്കുകയും ചെയ്യുന്ന സർവ്വശക്തനും സഹായങ്ങളെയും ഔഷധങ്ങളെയും വഹിച്ചുകൊണ്ട് ഞങ്ങളുടെ ബലഹീനതയുടെ അടുക്കലേക്ക് എഴുന്നള്ളിയ ഉത്തമ വൈദ്യനുമാകുന്ന ദൈവമായ കർത്താവേ! നിന്റെ കരുണയിൽ അഭയം പ്രാപിക്കുന്ന ഈ നിന്റെ ദാസനെ സ്വസ്ഥനാക്കണമേ. ഇവന്റെ രോഗങ്ങളെ നീക്കിക്കളഞ്ഞ് ഇവന്റെ അവയവങ്ങൾക്കു ബലം കൊടുക്കണമേ. ഇവന്റെ കുറ്റങ്ങളും പാപങ്ങളും മോചിക്കണമെ. ഇവന്റെ അകൃത്യങ്ങളെ നീ മായിച്ചുകളയണമെ. നിന്റെ ശക്തിയാൽ രോഗക്കിടക്കയിൽനിന്ന് ഇവനെ എഴുന്നേല്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഇവനോടുള്ള നിന്റെ സഹായങ്ങൾക്കുവേണ്ടി ഇവൻ എന്നേക്കും നിന്നെ സ്തുതിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

### രോഗികൾ ദൈവമാതാവിനോടു പ്രാർത്ഥിപ്പാനുള്ളത്

ഭാഗ്യവതിയും നിത്യകന്യകയും കറയില്ലാത്തവളുമായ മർത്തമറിയാമേ! നിന്റെ വിശുദ്ധിയോടു ഞാൻ അപേക്ഷിക്കുന്നു. എന്റെ രോഗം സൗഖ്യമാക്കുവാനായിട്ട് എനിക്കുവേണ്ടി കർത്താവും രക്ഷിതാവുമായ നിന്റെ ഏകപുത്രനോട് അപേക്ഷിപ്പാൻ ദയവുണ്ടാകണമെ. മാതാവേ! എന്നെയും എനിക്കുള്ള എല്ലാവരെയും വ്യസനിപ്പിക്കുന്നതായ എന്റെ രോഗത്തെ സൗഖ്യമാക്കിത്തരണമെ. എന്റെ സർവ്വനന്മകൾക്കുമായിട്ട് നിന്റെ പ്രാർത്ഥന എപ്പോഴും എനിക്ക് കോട്ടയായിരിക്കണമേ. ഞാൻ സുഖം പ്രാപിച്ച് നിന്നെ പുകഴ്ത്തുവാനും നിന്റെ ഏകപുത്രനായ യേശുമിശിഹായെ സ്തുതിപ്പാനും നിന്റെ പരിശുദ്ധ നടപടികളെ പിന്തുടരുവാനും എന്നെ യോഗ്യനാക്കണമെ. ആമ്മീൻ.



### രോഗികൾ പരിശുദ്ധനോടു പ്രാർത്ഥിപ്പാനുള്ളത്

കർത്താവിനുവേണ്ടി കഷ്ടതകൾക്കും മരണത്തിനും തന്നെത്തന്നെ ഏല്പിച്ചുകൊടുത്ത് കർത്താവിന്റെ ഇഷ്ടവാനായിത്തീർന്നിരിക്കുന്ന പരിശുദ്ധ പിതാവായ മാർ (ഇന്നാരെ) നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എനിക്കുവേണ്ടി നീ ദൈവത്തോട് അപേക്ഷിച്ച് എന്റെ രോഗത്തെ സൗഖ്യമാക്കണമെ. നിന്നിൽ അഭയം പ്രാപിക്കുന്ന എന്നെ നീ തള്ളിക്കളയരുതെ. നിന്റെ പ്രാർത്ഥനകളാൽ എനിക്കു സൗഖ്യം കിട്ടുമെന്ന് ഞാൻ വിശ്വസിക്കുന്നു. അഗതിയായ എന്നെ തള്ളിക്കളയാതെ എന്റെ രോഗം സൗഖ്യമാക്കണമെ. എന്റെ നോമ്പും നമസ്കാരങ്ങളും വഴിപാടുകളും നിന്റെ പ്രാർത്ഥനകളാൽ കൈക്കൊള്ളപ്പെടുമാറാകണമെ. അവയുടെ കുറ്റങ്ങൾ കണക്കിടപ്പെടരുതെ. സ്വജാതിക്കാരും പുറജാതിക്കാരും എന്റെ സൗഖ്യത്തിൽ നിന്നെ പുകഴ്ത്തുവാൻ ഇടയാക്കണമെ. ദൈവതിരുനാമത്തിനു മഹത്വം വർദ്ധിക്കുമാറാകണമെ. നിന്റെ ശക്തിയെ എന്റെ മേൽ വെളിപ്പെടുത്തി എന്നെ സൗഖ്യമാക്കണമെ. ആമ്മീൻ.

**രോഗികൾ ദൈവത്തോടു പ്രാർത്ഥിപ്പാനുള്ളത്**

മഹാകരുണയുള്ള ദൈവമേ! നിന്റെ മഹാകരുണയുടെ കടലിലേക്കു ഞാൻ നോക്കിക്കൊണ്ട് നിന്നെ വിളിക്കുന്നു. എന്നോടുത്തരമരുളിച്ചെയ്യണമേ. എന്റെ കുറ്റങ്ങളും പാപങ്ങളും വളരെയാകുന്നു. നിന്റെ വെടിപ്പുള്ള സോപ്പായാൽ എന്റെമേൽ തളിച്ച് എന്നെ വെണ്മയാക്കണമേ. നിന്റെ പിതാവിന്റെ സ്നേഹം മൂലം ഞാൻ നിന്നോടപേക്ഷിക്കുന്നു. എന്നെ ചെവിക്കൊണ്ട് നിന്റെ കരുണയുടെ വാതിൽ എനിക്കു തുറന്നുതരണമേ. ആത്മാവിന്റെയും ശരീരത്തിന്റെയും മഹാവൈദ്യനായ കർത്താവേ! ഞാൻ പലപ്രകാരത്തിലും നിന്നെ കോപിപ്പിച്ചിരിക്കുന്നു. നിന്റെ തൃപ്പാദത്തിങ്കലല്ലാതെ ഞാൻ എവിടെപ്പോയി ആശ്രയിക്കേണ്ടു. പല വൈദ്യൻമാരും എനിക്കു ചികിത്സ നൽകി. വളരെ ചെലവും ചെയ്തു. ഒരു നിവൃത്തിയുമില്ല. എന്റെ രോഗം എനിക്കു സഹിപ്പാൻ പാടുള്ളതിലപ്പുറമായിരിക്കുന്നു. നീ മഹാവൈദ്യനാകുന്നുയെന്നും നിന്റെ തൃപ്പാദത്തിങ്കൽ അടുത്തുവന്ന് ആശ്രയിക്കുന്നവരെ നീ തള്ളിക്കളയുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. കുഷ്ഠരോഗിയെയും പക്ഷവാതക്കാരനെയും രക്തവാർച്ചക്കാരിയെയും മറ്റു പല മഹാരോഗികളെയും നീ സൗഖ്യമാക്കിയതുപോലെ പാപിയായ എന്റെ നേരെ മനസ്സലിഞ്ഞു മർത്തമറിയാമിന്റെയും മാർ✶(ഇന്നാരുടെയും) സകലപരിശുദ്ധൻമാരുടെയും പ്രാർത്ഥനകളാൽ എന്റെ രോഗത്തെ സൗഖ്യമാക്കണമേ. കർത്താവേ! ഞാൻ അയോഗ്യനെങ്കിലും നിന്റെ പരിശുദ്ധ മാതാവിനെ പ്രതിയും മാർ (ഇന്നാരെയും) ശേഷം സകല പരിശുദ്ധന്മാരെ പ്രതിയും എന്നോടു കരുണചെയ്ത് എന്നെ സൗഖ്യമാക്കണമെ. കർത്താവേ! എന്റെയോ പിതാക്കൻമാരുടെയോ പാപങ്ങൾ നിമിത്തം എന്നെ കൈവിട്ടുകളയാതെ രക്ഷിച്ചുസൗഖ്യമാക്കണമെ. ആമ്മീൻ.

✶ അവരവരുടെ ഇടവകപള്ളിയുടെ പരിശുദ്ധന്റെ പേര് പറയണം.



**ഏതെങ്കിലും ഞെരുക്കത്തിലോ വ്യസനത്തിലോ ഉൾപ്പെട്ടിരിക്കുന്നവനുവേണ്ടി പ്രാർത്ഥന**

അത്യുന്നതനും ഭയങ്കരനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും ആദ്യന്തമില്ലാത്തവനുമായ ദൈവമേ! ഈ നിന്റെ ദാസൻ(ഇന്നാരുടെ) അപേക്ഷയെ കൈക്കൊള്ളണമേ. അവന്റെ പാപങ്ങളെയും കുറ്റങ്ങളെയും നീ ഓർക്കരുതേ. കർത്താവേ! നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയെ കേട്ടതുപോലെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. യാചിപ്പിൻ നിങ്ങൾക്കു ലഭിക്കുമെന്ന് നീ കല്പിച്ചു വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലൊ. കർത്താവേ! ഈ നിന്റെ ദാസന്റെ വഴിയെ ശരിപ്പെടുത്തുകയും ദയവോടെ ഇവനോടു കരുണചെയ്യുകയും ചെയ്യണമെ. ഇവന്റെ മുമ്പിൽനിന്ന് സർവ്വ ശത്രുക്കളെയും വഞ്ചിക്കുന്ന ദുരാത്മാക്കളെയും ഓടിച്ചുകളയണമെ. കർത്താവേ! നീ നിന്റെ ആയുധവും പരിചയും പിടിച്ച് ഇവനു സഹായിപ്പാൻ നിൽക്കുകയും സകല ദുഃഖങ്ങളിൽനിന്നും ആപത്തുകളിൽനിന്നും ഇവനെ രക്ഷിക്കുകയും ചെയ്യണമെ. ഭയത്തിന്റെയും വ്യസനത്തിന്റെയും ഉദാസീനതയുടെയും സകല വിചാരങ്ങളും സർവ്വ ഞെരുക്കങ്ങളും ഇവനിൽനിന്ന് നീക്കിക്കളയണമെ ജഡസംബന്ധമായ ദുർമ്മോഹത്തിന്റെ ചൂടിനെ ഇവനിൽ നിന്ന് കെടുത്തിക്കളയണമെ. നിന്റെ വിശുദ്ധ അറിവിൻ പ്രകാശത്താൽ ഇവന്റെ ദേഹത്തെയും ദേഹിയെയും ആത്മാവിനെയും നീ പ്രകാശിപ്പിക്കണമെ. ഇവൻ എന്നേക്കും നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുവാൻ യോഗ്യനായിത്തീരുകയും ചെയ്യണമെ. ആമ്മീൻ.

(ഞെരുക്കത്തിലോ വ്യസനത്തിലോ ഇരിക്കുന്നവർ തന്നെ ത്താൻ പ്രാർത്ഥിക്കുന്നതിനു ഈ പ്രാർത്ഥനയിൽ ഉപയോഗിച്ചിരിക്കുന്ന മൂന്നാം പുരുഷപ്രയോഗത്തെ ഒന്നാം പുരുഷനായി മാറ്റിക്കൊണ്ടാൽ മതി.)

**പനിയിൽ കിടക്കുന്നവർക്കുള്ള പ്രാർത്ഥന**

കൃപയാൽ ഞങ്ങളെ ദർശിക്കുകയും ആംഗ്യത്താൽ മരിച്ചവരെ ഉയിർപ്പിക്കുകയും പത്രോസിന്റെ അമ്മാവിഅമ്മയ്ക്കു വലത്തുതൃക്കൈ നീട്ടിക്കൊടുത്ത് അവളെ പനിയിൽനിന്ന് സൗഖ്യമാക്കുകയും ചെയ്തവനായ കർത്താവേശുമിശിഹാ! നിന്റെ ആർദ്രകരുണയാൽ പനി പിടിച്ചുകിടക്കുന്ന ഈ നിന്റെ ദാസന് നിന്റെ വലത്തു തൃക്കൈ നീട്ടിക്കൊടുത്ത് ഇവന്റെ രോഗത്തെയും വേദനയെയും നീക്കി ഇവനെ സുഖപ്പെടുത്തണമേ. പനിപോലെതന്നെ ഇവന്റെ ആത്മാവിനെയും ശരീരത്തെയും ചൂടുപിടിപ്പിക്കുന്ന പാപവികാരങ്ങളെയും ഇവനിൽനിന്ന് നീക്കിക്കളഞ്ഞ് നിന്നെയുള്ള ഭയഭക്തിയാൽ ഇവനെ സ്ഥിരപ്പെടുത്തണമേ. പത്രോസിന്റെ അമ്മാവിഅമ്മ നിന്റെ ശിഷ്യൻമാരുടെ കൂട്ടത്തിൻ മുമ്പാകെ സൗഖ്യത്തോടെ എഴുന്നേറ്റ് നിനക്കു ശുശ്രൂഷ ചെയ്തതുപോലെതന്നെ ഇവനും എഴുന്നേറ്റ് നിന്റെ ദയവിനെയും കൃപയെയും സ്തോത്രം ചെയ്‌വാൻ തക്കവണ്ണം നിന്നേയുള്ള സ്നേഹത്തിൽ ജ്വലിക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

(ഇതു തന്നെത്താൻ പ്രാർത്ഥിക്കുന്നതിനു പുരുഷൻ മാറ്റി ചൊല്ലിയാൽ മതി.)

**പിശാചുബാധിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന**

കാണപ്പെടാവുന്നതും കാണപ്പെടുവാൻ പാടില്ലാത്തുമായ സകലത്തിന്റെയും ഉടയവനാകുന്ന സർവ്വശക്തിയുള്ള ദൈവമായ കർത്താവേ! നിന്റെ സ്വരൂപത്തിൽ നീ സൃഷ്ടിച്ചിട്ടുള്ള ഈ നിന്റെ ✶ദാസനിൽനിന്ന് അശുദ്ധ പിശാചുക്കളും ദുരാത്മാക്കളും ഒഴിഞ്ഞുമാറുവാൻ വേണ്ടി നിന്റെ കരുണയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകേട്ട്

✶സ്ത്രീയാണെങ്കിൽ ദാസി എന്നു പറയണം.



ആ വിപരീതിയുടെ ശക്തിയെയും വ്യാപാരത്തെയും നിന്റെ ദാസനിൽനിന്ന് നീ വിരോധിക്കണമേ. നിന്റെ സൃഷ്ടിയെ ഉപദ്രവിക്കുന്ന ദുരാത്മാവിനെ ശാസിച്ച് ഓടിക്കണമേ. സർവ്വശക്തനും സർവ്വാധികാരിയും ആകുന്ന നിന്റെ കൈവേലയാകുന്ന ഈ മനുഷ്യനെ ഉപദ്രവിക്കാതിരിപ്പാൻ അഹങ്കാരിയായ പിശാചിനെ നീ ആട്ടിയോടിച്ചുകളയണമേ. ഗോദോർദേശത്തുവച്ച് പിശാചുബാധിതരായ രണ്ടുമനുഷ്യരുടെ മേൽ ബാധിച്ചിരുന്ന പിശാചുക്കളെ പന്നികൾമൂലം സമുദ്രത്തിന്റെ അഗാധത്തിലേക്കയച്ചവനായ കർത്താവേ! ഈ നിന്റെ ദാസനെ ബാധിച്ചിരിക്കുന്ന പിശാചിനെ നീ കരുണയോടെ വിരോധിച്ച് നീക്കിക്കളയണമേ. നിന്നെ പരീക്ഷിപ്പാൻ ധൈര്യപ്പെട്ട പിശാചിനോട് 'സാത്താനേ! പോക' എന്നു കല്പിച്ചുകൊണ്ട് അവനെ ലജ്ജിപ്പിച്ച് ഓടിപ്പിച്ചവനായ കർത്താവേ! ഈ നിന്റെ ദാസനിൽ വസിച്ചിരിക്കുന്ന പിശാചിനെയോ പിശാചുക്കളെയോ നീ ശാസിച്ച് ലജ്ജിപ്പിക്കണമേ. ഇനിയും ഇവനിൽ ദുരാത്മാക്കൾ പ്രവേശിക്കാതെ നിന്റെ മഹാശക്തിയാൽ കരുണയോടെ ഇവനെ കാത്തുകൊള്ളണമേ. നീ അനുവദിക്കാതെ നിന്റെ സ്വരൂപത്തിലുള്ള മനുഷ്യരിൽ എന്നുവേണ്ട പന്നികളിൽപോലും പ്രവേശിപ്പാൻ കഴിയാത്തവരായ പിശാചുക്കൾ ഞങ്ങളുടെ പാപങ്ങൾ നിമിത്തമായിട്ട് ഞങ്ങളിൽ പ്രവേശിപ്പാൻ നീ അനുവദിക്കരുതേ. നിന്റെ തിരുരക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന നിന്റെ ദാസനിൽ പിശാചുക്കൾ പ്രവേശിപ്പാൻ നീ സമ്മതിക്കരുതേ. നിന്റെ ആലയമായ ഇവനെ പിശാചുക്കളിൽനിന്ന് ഒഴിവാക്കി ശുദ്ധീകരിച്ച് ഇവനിൽ നീ വസിക്കണമേ. ഇവനെ ഉപദ്രവിപ്പാനും നശിപ്പിപ്പാനുമായിട്ട് ഇവനിൽ പ്രവേശിച്ചിരിക്കുന്ന പിശാചുക്കൾ ഇവനോടുള്ള നിന്റെ കൃപയും ദയവും കണ്ട്

ഭയത്തോടെ നിലവിളിച്ചുകൊണ്ട് ഓടുവാൻ നീ സംഗതിയാക്കണമേ. ഇവനിൽനിന്ന് ദുരാത്മാവു നീങ്ങി ബുദ്ധിയുള്ളവനായിത്തീർന്ന് നിന്റെ സന്നിധിയിൽ നിൽക്കുമാറാകണമേ. പിശാചുക്കൾ കണ്ട് ലജ്ജിച്ച് ഭയപ്പെടുവാൻ തക്കവണ്ണം ഞങ്ങളും ഇവനും നിന്റെ വന്ദ്യതിരുനാമത്തെയും വിശുദ്ധ സ്ലീബായെയും തിരുവചനത്തെയും ആയുധമായി പിടിച്ചുകൊണ്ട് അവരെ ലജ്ജിപ്പിപ്പാൻ പ്രാപ്തരായിത്തീരുമാറാകണമേ. ഞങ്ങളും ഇവനും ഒരുമിച്ച് കൃതജ്ഞതയോടെ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും സ്തുതിച്ച് സ്തോത്രം ചെയ്യുവാൻ സംഗതി വരുത്തുകയും ചെയ്യണമേ. ആമ്മീൻ.

**ഭവനങ്ങളിൽ പിശാചുബാധമൂലം ഉണ്ടാകുന്ന ഉപദ്രവങ്ങൾക്കുവേണ്ടി പ്രാർത്ഥന**

കാണപ്പെടുന്നതും കാണപ്പെടുവാൻ പാടില്ലാത്തതുമായ സകലത്തിന്റെയും ഉടയവനായ കർത്താവേ! നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ ഭവനങ്ങൾ ഉണ്ടാക്കി അതിൽ പാർപ്പാൻ നീ ഞങ്ങൾക്കു ബുദ്ധിയും ജ്ഞാനവും നൽകിയതിനാൽ നിനക്കു സ്തുതി. നീ സകലത്തെയും കൃപയോടെ ഭരിക്കുന്നു എങ്കിലും നിന്റെ ജനമായ ഇസ്രായേൽക്കാരുടെമേൽ നീ നിന്റെ പ്രത്യേക കൃപയെ ചൊരിഞ്ഞ് നീ അവരുടെ ദൈവമാകുന്നുവെന്നും അവർ നിന്റെ ജനമാകുന്നുവെന്നും പ്രത്യക്ഷപ്പെടുത്തുകയും അവരുടെ ശത്രുക്കളുടെമേൽ അവർക്ക് ജയം കൊടുത്ത് അവരെ ഉയർത്തുകയും അവരുടെ സകലകാര്യങ്ങളിലും നീ അവർക്കുവേണ്ടി നിന്ന് പ്രവർത്തിക്കുകയും ചെയ്തതുപോലെ നിന്റെ ഏകപുത്രനിൽ വിശ്വസിച്ചരിക്കുന്ന ജനങ്ങളും പുതിയ ഇസ്രായേലുമായ ഞങ്ങളുടെമേൽ നിന്റെ പ്രത്യേക കൃപയെ ചൊരിയുകയും സകലത്തിലും നീ ഞങ്ങൾക്കുവേണ്ടി നിന്ന്



പ്രവർത്തിക്കുകയും ചെയ്യണമേ. അവരെ കീഴ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തുകൊണ്ടിരുന്ന ഫറവോൻ രാജാവിനെയും മെസ്രേൻകാരെയും നീ ലജ്ജിപ്പിച്ചതുപോലെ ഞങ്ങളെ ഉപദ്രവിക്കുന്ന ശത്രുക്കളായ പിശാചിനെയും സൈന്യങ്ങളെയും നീ ലജ്ജിപ്പിച്ച് ഞങ്ങളുടെ അടുക്കൽനിന്ന് ഓടിച്ചുകളയണമേ. ഞങ്ങൾ നിന്റെ ആലയമായിരിക്കുന്നതുപോലെ ഞങ്ങളുടെ ഭവനങ്ങളും നിനക്ക് ആലയമായിരിക്കണമേ. നിന്നിൽ വിശ്വസിച്ചും നിന്റെ സ്ലീബായിൽ അഭയം പ്രാപിച്ചും ഇരിക്കുന്ന ഈ നിന്റെ ദാസന്റെ ഭവനത്തിൽ പ്രവേശിപ്പാൻ ധൈര്യപ്പെട്ട പിശാചുക്കളെ ലജ്ജിതരാക്കി ഈ ഭവനത്തിൽനിന്ന് നീക്കിക്കളയണമേ. ഗോദോർ ദേശത്തുവച്ച് പിശാചുബാധിതരായ മനുഷ്യരിൽനിന്ന് പിശാചുക്കൾ പന്നികൾമൂലം സമുദ്രത്തിന്റെ അഗാധത്തിലേക്ക് ഓടിക്കപ്പെട്ടതുപോലെ ഈ ഭവനത്തിൽനിന്ന് നീ അവരെ ആട്ടി ഓടിച്ചുകളയണമേ. നിന്റെ ഇഷ്ടനും നീതിമാനുമായ ഇയ്യോബിന്റെ അടുക്കൽ പിശാചുക്കൾ ലജ്ജിച്ചുപോയതുപോലെ ഈ ഭവനത്തിൽനിന്ന് നീ അവരെ ആട്ടി ഓടിച്ചുകളയണമേ. നിന്റെ ഇഷ്ടനും നീതിമാനുമായ ഇയ്യോബിന്റെ അടുക്കൽനിന്ന് പിശാചുക്കൾ ലജ്ജിച്ചുപോയതുപോലെ ഈ ഭവനത്തിൽ നിന്ന് അവർ ലജ്ജിച്ച് ഓടുമാറാകണമേ. നിന്റെ ശക്തിയെ എതിർപ്പാനും നിന്റെ കരുണയിൻ കീഴിലിരിക്കുന്ന ജനങ്ങളെ ഉപദ്രവിപ്പാനും അവർ പ്രാപ്തരല്ലെന്ന് നീ ലോകത്തിന് വെളിപ്പെടുത്തണമേ. പിശാചാരാധനക്കാരായ ആളുകളുടെ മുമ്പിൽ ഞങ്ങൾ പരിഹാസപാത്രമായിത്തീരരുതേ. ഇനി ഒരിക്കലും ഈ ഭവനത്തിലോ നിന്റെ ജനങ്ങളുടെ മറ്റു ഭവനങ്ങളിലോ അവർ പ്രവേശിപ്പാൻ ധൈര്യപ്പെടാതിരിക്കത്തക്കവണ്ണം നീ അവരെ ഭയപ്പെടുത്തി ഓടിച്ചുകളയണമേ. ഈ ഭവനത്തിൽ നിന്റെ കരുണയുടെ ചിറകുവിരിച്ച് ഇതിനെ

മറച്ചുകൊള്ളണമേ. നിന്റെ അനുവാദം കൂടാതെ ഒരിടത്തും പ്രവേശിപ്പാൻ കഴിയാത്തവരായ പിശാചുക്കൾ ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങളുടെ ഭവനങ്ങളിലോ അവയിൽ പാർക്കുന്നവരിലോ പ്രവേശിപ്പാൻ നീ അനുവദിക്കരുതേ. നിന്റെ ഏകപുത്രനും രക്ഷിതാവുമായ യേശുമിശിഹായുടെ തിരുരക്തത്താൽ പിശാചിന്റെ അടിമയിൽനിന്ന് രക്ഷിക്കപ്പെട്ടവരായ ഞങ്ങളെ പാപങ്ങൾ നിമിത്തം വീണ്ടും അവന്റെ കൈയിലേക്കു നീ വിട്ടുകൊടുക്കരുതേ. നീ കാരുണ്യവാനും പാപങ്ങളെ ക്ഷമിക്കുന്നവനും പാപി അനുതപിച്ച് ജീവിപ്പാനല്ലാതെ പാപത്തിൽ മരിപ്പാൻ ഇഷ്ടമില്ലാത്തവനും ആകയാൽ ഞങ്ങളുടെ പാപങ്ങളെ കരുണയോടെ ക്ഷമിച്ച് ഞങ്ങളിൽനിന്ന് പിശാചുക്കളെ വിരോധിക്കണമേ. നിന്റെ വന്ദ്യതിരുനാമത്തെയും വിശുദ്ധ സ്ലീബായെയും വിശുദ്ധ ഏവൻഗേലിയോനെയും ആയുധമായി പിടിച്ചുകൊണ്ട് പിശാചുക്കളെ ഞങ്ങൾ ലജ്ജിപ്പിപ്പാനും അവർ ലജ്ജയോടെ ഞങ്ങളിൽനിന്ന് ഓടിഒളിക്കുന്നതിനാൽ നിന്റെ തിരുനാമം മഹത്വപ്പെടുവാനും നിന്നെ ആരാധിക്കുന്ന ക്രിസ്ത്യാനി ജനങ്ങൾ പുകഴ്ത്തപ്പെടുവാനും തിരുവിഷ്ടമുണ്ടാകണമേ. ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും യോഗ്യമാകുന്നു. ആമ്മീൻ.

### ഒരു കുട്ടി ജനിക്കുമ്പോൾ പ്രാർത്ഥന

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ഇല്ലായ്മയിൽനിന്ന് സകലത്തെയും സൃഷ്ടിച്ചവനായ സർവ്വശക്തിയുള്ള കർത്താവേ! ഈ കുട്ടിയെ നിന്റെ ദാസിയുടെ ഉദരത്തിൽ സൃഷ്ടിക്കുകയും കാക്കുകയും ഇപ്പോൾ അപകടം കൂടാതെ പ്രസവിപ്പാൻ ഇടയാക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. പ്രസവവേദനയോടുകൂടി സ്ത്രീകൾ



പ്രസവിക്കണമെന്ന് നീ കല്പിച്ച് നിശ്ചയിച്ച പ്രകാരമുള്ള വേദനകളെ സഹിപ്പാൻ നിന്റെ ദാസിയെ പ്രാപ്തയാക്കുകയും കുട്ടിയേയും തള്ളയെയും ജീവനോടെ കണ്ട് സന്തോഷിപ്പാൻ ഞങ്ങൾക്കിടയാക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. നിന്റെ ഈ ദാസിയെയും ഞങ്ങളെയും ഈ സങ്കടസമയത്ത് നീ കൃപയോടെ കടാക്ഷിച്ചതിനാൽ നിനക്കു സ്തുതി. ദൈവമേ! ഞങ്ങളുടെ നടപടികളും പാപങ്ങളും വിചാരിച്ചാൽ ഞങ്ങൾക്കു സന്താനങ്ങളെയാകട്ടെ നിന്റെ യാതൊരു നന്മകളെയാകട്ടെ അനുഭവിപ്പാൻ അർഹതയില്ലാത്തവരാകുന്നു. എങ്കിലും കാരുണ്യവാനായ നീ കരുണയോടെ ഈ കുട്ടിയെ ഞങ്ങൾക്കു തന്നതിനായി ഞങ്ങൾ നിന്നെ വന്ദിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഇന്നേദിവസം ഭൂമിയിൽ ഞങ്ങളുടെ കണ്ണുകൾക്കു മുമ്പാകെ ഈ കുട്ടിയെ പ്രത്യക്ഷപ്പെടുത്തുകയും നിന്റെ ദാസിയെ ആശ്വസിപ്പിക്കുകയും ഞങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്യുവാൻ കൃപയുണ്ടായതുപോലെ ഈ കുട്ടിയെ അപകടം കൂടാതെയും രോഗങ്ങൾ കൂടാതെയും കരുണയോടെ വളർത്തുവാനും ഈ കുട്ടിയെയും ഞങ്ങളെയും നിന്റെ തിരുമുഖത്തെ മഹത്വപ്പെടുത്തുന്നവരാക്കിത്തീർപ്പാനും കൃപയുണ്ടാകണമേ. നിന്റെ ഈ ദാസിക്കു പ്രസവവേദനയിൽ നീ സഹായിച്ച് ഇവളെ പ്രസവിപ്പിച്ചതുപോലെ ഇവളെ സ്വസ്ഥതപ്പെടുത്തി എഴുന്നേല്പിച്ച് ഞങ്ങളോടുകൂടെ നിന്നെ സ്തുതിക്കുമാറാക്കണമേ. ഈ കുട്ടിയെ വിശുദ്ധ മാമൂദീസായുടെ നൽവരത്തിനും നിത്യജീവന്റെ അവകാശത്തിനും നിന്റെ തിരുവിഷ്ടത്തിനൊത്തവണ്ണം ദീർഘായുസ്സോടിരുന്ന് നിന്നെ മഹത്വപ്പെടുത്തുന്നതിനും നല്ല അവസാനം പ്രാപിക്കുന്ന

തിനും യോഗ്യമാക്കണമേ. നാശമുള്ളതായ ഈ ലോകത്തിൽ ഞങ്ങൾ നിത്യമായി ജീവിക്കുന്നവരെങ്കിലും ഞങ്ങളുടെ കണ്ണുകൾക്കു മുമ്പാകെ ഞങ്ങളുടെ വാത്സല്യഭാജനങ്ങൾ ഈ ലോകത്തെയും ഞങ്ങളെയും വിട്ടുപോകുന്നത് കണ്ട് സങ്കടപ്പെടുവാൻ ഇടയാക്കരുതേ. ഞങ്ങൾ ഇപ്രകാരം ആഗ്രഹിക്കുന്നു എങ്കിലും ഞങ്ങളുടെ നൻമകളെ തിരിച്ചറിയുവാൻ പാടില്ലാത്തവരായ ഞങ്ങളുടെ ഇഷ്ടമല്ല, സർവ്വജ്ഞാനിയായ നിന്റെ തിരുവിഷ്ടം നടക്കുമാറാകണമേ. ഞങ്ങളുടെ പാപങ്ങൾക്കു തക്കവണ്ണം ഞങ്ങളെ ശിക്ഷിക്കാതെ ദുഃഖങ്ങളിലും ഞെരുക്കങ്ങളിലും മറ്റെല്ലാ സംഗതികളിലും നീ ഞങ്ങൾക്കു ചെയ്തതും ചെയ്യുന്നതുമായ സഹായങ്ങൾക്കുവേണ്ടി നിന്നെയും നിന്റെ ഏക പുത്രനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്യുവാൻ നീ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. കുറിയേ...........കുറിയേ...........കുറിയേ...........

മാലാഖമാരുടെ സ്തുതിപ്പ് 35-ാം വശത്ത്.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!....... ഇത്യാദി 36-ാം വശത്ത്.

ദൈവമേ! നീ പരിശുദ്ധനാകുന്നു........ഇത്യാദി കൗമാ

**വിദ്യാഭ്യാസത്തിന് ആരംഭിക്കുന്ന കുട്ടിക്കുവേണ്ടി പ്രാർത്ഥന**

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏക ദൈവമേ! സംസാരശക്തിയോടും വിശേഷബുദ്ധിയോടും കൂടി നിന്റെ സാദൃശ്യത്തിൽ നീ സൃഷ്ടിച്ചിരിക്കുന്ന ഈ പൈതൽ വിദ്യാഭ്യാസത്തിന് ആരംഭിക്കുന്ന ഈ സമയത്ത് നിന്റെ പ്രത്യേക കരുണ ഇവന്റെമേൽ ചൊരിയുകയും ആത്മികമായും ലൗകികമായുമുള്ള സത്യഅറിവിനെ മനസ്സിലാക്കുവാനും പഠിപ്പാനുമുള്ള ബുദ്ധി ഇവനു നൽകുകയും



ചെയ്യണമേ. മടിയും ഉദാസീനതയും കൂടാതെ ഇവനു പ്രയോജനകരമായിരിക്കുന്ന സകലവും പഠിപ്പാൻ വിസ്താരമുള്ള ഹൃദയം ഇവനു നൽകണമേ. ഇവനു വിപരീതമായി നിൽക്കുന്ന സാത്താനെയും സൈന്യങ്ങളെയും അവരുടെ ഉപായതന്ത്രങ്ങളെയും കെണികളെയും ഇവനിൽനിന്ന് വിരോധിക്കണമേ. തീനാവുകൾ പോലെ ശ്ലീഹന്മാരുടെമേൽ വസിച്ച് അവരെക്കൊണ്ട് പല ഭാഷകളിൽ സംസാരിപ്പിക്കുകയും സത്യഅറിവും ജ്ഞാനവുംകൊണ്ട് അവരെ നിറയ്ക്കുകയും ചെയ്തവനായ പരിശുദ്ധ റൂഹാ! ഇവന്റെ മേൽ വസിച്ച് നിന്റെ തിരുനാമത്തിനു ചേർച്ചയായിരിക്കുന്ന സകല അറിവുകളും കൊണ്ട് ഇവനെ നിറയ്ക്കണമേ. ഇവൻ സകലത്തിലും ദൈവഭയമുള്ളവനായിരുന്ന് താല്പര്യത്തോടെ ദിവസംതോറും പഠിക്കുകയും മറ്റുള്ളവരെക്കൂടി പഠിപ്പിപ്പാൻ പ്രാപ്തി സമ്പാദിച്ചുകൊണ്ട് സ്കൂളിൽനിന്ന് പിരിയുകയും അനേകരെ നിങ്കലേക്കാകർഷിച്ചുകൊണ്ടുവരുവാൻ തക്ക ഉപദേഷ്ടാവായിത്തീരുകയും ചെയ്യുമാറാകണമേ. ഇവൻ നിന്നെയും നിന്റെ കല്പനകളെയും ഇവന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും അനുസരിച്ച് ജീവിപ്പാൻ തക്കവണ്ണം ഇവനു അനുസരണമുള്ള ഹൃദയം നൽകണമേ. ഇവനും ഞങ്ങളും കൂടി നിന്റെ തിരുവിഷ്ടപ്രകാരം ജീവിച്ചുകൊണ്ട് ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിന്നെ മഹത്വപ്പെടുത്തുവാൻ യോഗ്യരായിത്തീരുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

**വിത്തുവിതയ്ക്കുമ്പോൾ**

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കൂബിന്റെയും കൃഷിയെ അനുഗ്രഹിച്ച് ഒന്നിനു മുപ്പതായും അറുപതായും നൂറായും വർദ്ധിപ്പിച്ച ദൈവമേ! ഞങ്ങൾ

വിതയ്ക്കുന്ന ഈ വിത്തിനെ നീ അനുഗ്രഹിച്ച് ഇതിനെ വാഴ്‌വുകൾകൊണ്ട് നിറയ്ക്കണമേ. ഇതു ശരിയായി മുളച്ച് കേടുകൂടാതെ വളരുകയും സന്തോഷത്തോടെ കൊയ്യുവാനിടവരികയും ഞങ്ങളുടെ ധാന്യപുരകൾ നിറഞ്ഞുകവിയുകയും അതിൽനിന്ന് സർവ്വത്തിന്റെയും ഉടയവനായ നിനക്കു വഴിപാടുകളും ദശാംശങ്ങളും റീശീസാകളും കൊണ്ടുവരുവാൻ ഞങ്ങൾ യോഗ്യരായിത്തീരുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

### കൊയ്യുമ്പോൾ പ്രാർത്ഥന

നല്ലവരുടെമേലും ദുഷ്ടന്മാരുടെമേലും മഴയെ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കയും ചെയ്യുന്നവനും കൃപയോടെ സർവ്വ സൃഷ്ടികളെയും പോറ്റി പുലർത്തുന്നവനുമായ ദൈവമേ! പാപികളായ ഞങ്ങൾ ചെയ്തിരിക്കുന്ന കൃഷിക്ക് ഞങ്ങളുടെ പാപങ്ങൾ നിമിത്തം നാശം സംഭവിക്കാതെ കൊയ്യുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർത്തതുകൊണ്ട് നിന്നെ ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്യുന്നു. നീ ഞങ്ങൾക്ക് കൃപയോടെ തന്നിട്ടുള്ള ഈ വിളവ് ഞങ്ങൾ എടുത്തതിന്റെ ശേഷം നിന്നെക്കുറിച്ച് സ്മരണയും നന്ദിയും ഇല്ലാതെ ഇരിപ്പാൻ ഞങ്ങൾക്ക് ഇടയാക്കാതെ നിന്റെ തിരുനാമമഹത്വത്തിനുവേണ്ടി ദശാംശങ്ങളും വഴിപാടുകളും ധർമ്മങ്ങളും നിനക്കിഷ്ടമുള്ള സകലവും പ്രവർത്തിപ്പാനും ഞങ്ങൾ ഇതിൽനിന്ന് ഭക്ഷിച്ച് കുടിച്ച് നിന്നെ സ്തുതിപ്പാനും ഇതു ഞങ്ങളുടെ സ്വന്തമല്ല നിന്റെ ദാനമാണെന്നും ഞങ്ങൾ നിന്റെ കലവറക്കാർ മാത്രമാണെന്നും അറിഞ്ഞ് നിന്റെ ഇഷ്ടപ്രകാരം നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ആമ്മീൻ.



### കച്ചവടക്കാരുടെ പ്രാർത്ഥന

മനുഷ്യർ മുഖത്തെ വിയർപ്പോടുകൂടി ആഹാരം കഴിക്കണമെന്ന് കല്പിച്ച് ചിലരെ കച്ചവടക്കാരായിട്ടും ചിലരെ കൃഷിക്കാരായിട്ടും മറ്റും നിയമിച്ചവനായ ദൈവമേ! നീ ഞങ്ങളെ വിളിച്ചിരിക്കുന്ന പ്രകാരം ഞങ്ങൾ നടത്തുന്ന കച്ചവടത്തെ നീ അനുഗ്രഹിക്കണമേ. നിനക്കിഷ്ടമില്ലാത്തതും ന്യായമല്ലാത്തതുമായ ലാഭങ്ങൾക്കും വഞ്ചനകൾക്കും ഞങ്ങളെ പ്രേരിപ്പിക്കുന്ന ദുഷ്ടപിശാചുക്കളെ ഞങ്ങളിൽനിന്ന് നീ വിരോധിക്കണമേ. വ്യാജവാക്കുകളും കള്ളത്തൂക്കങ്ങളും കള്ളഅളവുകളും നടത്താതിരിപ്പാൻ നീ ഞങ്ങളെ കാത്തുകൊള്ളണമേ. നിന്റെ കരുണയുടെ സഹായത്താലല്ലാതെ ഞങ്ങളുടെ സ്വശക്തികൊണ്ട് യാതൊന്നും പ്രവർത്തിപ്പാൻ ഞങ്ങൾ പ്രാപ്തന്മാരല്ലാത്തതിനാൽ കർത്താവേ! ഞങ്ങളുടെ യാത്രകളിലും ഞങ്ങൾ ചെന്നെത്തുന്ന സ്ഥലങ്ങളിലും ഞങ്ങളുടെ കച്ചവടസ്ഥലങ്ങളിലും ഞങ്ങളുടെ വലത്തേതുകൊണ്ടും ഇടത്തേതുകൊണ്ടും ചെയ്യുന്ന സകലത്തിലും നിന്റെ കൃപ ഞങ്ങൾക്കു കൂട്ടും സഹായവും ആയിരിക്കണമേ. നിന്റെ തിരുവിഷ്ടത്തിനെതിരായുള്ള ഞങ്ങളുടെ പാപങ്ങളും അഹങ്കാരങ്ങളും നിമിത്തം നീ ഞങ്ങളെ നശിപ്പിക്കാതെ നിന്റെ കല്പനപ്രകാരം നടപ്പാനും ജീവിപ്പാനും ഞങ്ങളെ താൽപ്പര്യപ്പെടുത്തുകയും ഞങ്ങൾക്കുള്ളതെല്ലാം ഒന്നിനു മുപ്പതായും അറുപതായും നൂറായും നീ വർദ്ധിപ്പിക്കുകയും നിന്റെ തിരുനാമമഹത്വത്തിനായിട്ട് വഴിപാടുകളും ദശാംശങ്ങളും ധർമ്മങ്ങളും മറ്റും കൊടുപ്പാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. ആമ്മീൻ.

**മഴയ്ക്കുവേണ്ടി പ്രാർത്ഥന**

കരുണ നിറഞ്ഞവനും ദീർഘക്ഷമയുള്ളവനുമായ കർത്താവേ! നിന്റെ കൈവേലയായ ഭൂമിയെ നീ ശിക്ഷിച്ചിട്ട് നിന്നെ ആരാധിക്കുന്ന സാധുക്കളും ദരിദ്രന്മാരുമായ ഞങ്ങളെ നശിപ്പിക്കുകയും വേദനപ്പെടുത്തുകയും അരുതേ. കർത്താവേ! നല്ലവരുടെമേലും ദുഷ്ടൻമാരുടെമേലും മഴ പെയ്യിക്കുകയും വെയിൽ ഉദിപ്പിക്കുകയും ചെയ്യുന്ന കാരുണ്യവാൻ നീയാകുന്നുവല്ലൊ. ഞങ്ങൾക്കു വിശപ്പും ദാഹവും അവയുടെ ശമനത്തിനുവേണ്ടി സാധനങ്ങളും കൃപയോടെ നൽകിയവനായ കർത്താവേ! നീ മഴ പെയ്യിക്കാതിരുന്നിട്ട് ഭൂമി അതിന്റെ ഫലങ്ങളെ പുറപ്പെടുവിക്കാതിരിക്കുന്നപക്ഷം ഞങ്ങളെല്ലാം പട്ടിണികൊണ്ട് നശിച്ചുപോകുമല്ലൊ. ഞങ്ങൾ ആശയോടെ വിതയ്ക്കുകയും നടുകയും ചെയ്തിട്ടുള്ളവകളിൽനിന്ന് ഫലങ്ങൾ ഉണ്ടാവുകയും സാധുക്കളായ ഞങ്ങൾ ഭക്ഷിച്ച് നിന്നെ മഹത്വപ്പെടുത്തുകയും ചെയ്‌വാൻ തക്കവണ്ണം വാഴ്‌വിന്റെ മഴയെയും ചാറൽ മഴയെയും നീ ഞങ്ങളുടെ മേൽ പെയ്യിക്കണമേ. മേഘങ്ങൾ മഴയും മഞ്ഞും വഹിച്ചിരിക്കുന്നുവെങ്കിലും ഞങ്ങളുടെ അനീതികൾ അവയെ തടുക്കുന്നുവെന്ന് ഞങ്ങൾ അറിയുന്നു. കർത്താവേ! നിന്റെ കരുണാസമുദ്രത്തിൽ ഞങ്ങളുടെ അസംഖ്യപാപങ്ങൾ മഴയുടെ ഒരു തുള്ളിപോലെയല്ലാതെ എന്തുള്ളു. നിന്റെ കൃപ ഞങ്ങളുടെമേൽ ചൊരിഞ്ഞ് അനുഗ്രഹത്തിന്റെ മഴപെയ്യിക്കണമേ. വളരെ കരുണയുള്ളവനേ! അടിയങ്ങളുടെ അപേക്ഷയെ നിരസിക്കുകയും തിരുസന്നിധിയിൽനിന്ന് അടിയങ്ങളെ തള്ളിക്കളയുകയുമരുതേ. നീ തിരഞ്ഞെടുത്തിട്ടുള്ള പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ സംവത്സരത്തിന്റെ പന്ത്രണ്ടു മാസങ്ങളെയും നീ വാഴ്ത്തണമേ. അതാതുകാലത്തു വേണ്ടപ്രകാരം മഴയും വെയിലും വർഷവും വേനലും ക്രമമായിട്ടുണ്ടാകുവാൻ കല്പനയുണ്ടാകണമേ. കർത്താവേ! നീ നിന്റെ നൻമകളെ ഞങ്ങളുടെമേൽ വർഷിപ്പിക്കുകയും ഭൂമി അതിന്റെ വിളവുകളെ തരുവാൻ കല്പിക്കുകയും ചെയ്യണമേ. അനുഗ്രഹത്തിന്റെ മഴയും ചാറൽമഴയും ഉണ്ടായിട്ട് ഫലങ്ങൾ വളരുകയും പാപികളും അഗതികളുമായ ഞങ്ങളെല്ലാവരും ഭക്ഷിച്ച് തൃപ്തിപ്പെട്ട് നിന്റെയും നിന്റെ പിതാവിന്റെയും നിന്റെ പരിശുദ്ധ റൂഹായുടെയും തിരുനാമത്തെ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിക്കുകയും ചെയ്‌വാൻ കൃപ നൽകണമേ. ആമ്മീൻ.



**അതിവർഷം നീങ്ങുവാൻ പ്രാർത്ഥന**

മനുഷ്യരെ രക്ഷിപ്പാൻവേണ്ടി സ്വർഗ്ഗത്തിലെ മഹിമാസനത്തിൽനിന്ന് ഇറങ്ങിവന്ന് മനുഷ്യാവതാരം ചെയ്ത് സാത്താന്റെ അടിമയിൽനിന്ന് മനുഷ്യവർഗ്ഗത്തെ കൃപയോടെ വിടുർത്തി രക്ഷിച്ചവനായ കർത്താവേ! മണ്ടയരും മറവിക്കാരും പാപികളുമായ ഞങ്ങളിൽനിന്ന് നിന്റെ കൃപയെ മറയ്ക്കുകയും കരുണയോടല്ലാതെ ന്യായമായ വിധത്തിൽ നീ ഞങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ നിലനിൽപ്പാൻ കഴിയുന്നവനാരുണ്ട്. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിന്നെ അയച്ച പിതാവ് ജലപ്രളയം കഴിഞ്ഞപ്പോൾ ഇനി അപ്രകാരം ഭൂമിയെ ശിക്ഷിക്കയില്ലെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലൊ. ആകയാൽ കർത്താവേ! അതിവർഷത്താലും വെള്ളപ്പൊക്കത്താലും ഞങ്ങളെ നീ ശിക്ഷിക്കുകയും നശിപ്പിക്കുകയും അരുതേ. ഞങ്ങളുടെ മഹാപാപങ്ങളെയും അതിക്രമങ്ങളെയും അഹങ്കാരങ്ങളെയും നിന്റെ തിരുവിഷ്ടത്തിന് എതിരായുള്ള പെരുമാറ്റങ്ങളെയും വിചാരിച്ചാൽ

ഇതിനപ്പുറമായിട്ടുള്ള അതികഠിനമായിട്ടുള്ള ശിക്ഷകൾക്ക് ഞങ്ങൾ യോഗ്യരാകുന്നു എന്ന് ഞങ്ങൾ സമ്മതിക്കുന്നു. എങ്കിലും കരുണയുള്ള പിതാവേ! ഞങ്ങൾ അപേക്ഷിക്കാതെ ഞങ്ങൾക്കുവേണ്ടിയുള്ള മനുഷ്യാവതാരത്തിനും കഷ്ടതകൾക്കും അപമാനങ്ങൾക്കും കുരിശുമരണത്തിനും നിന്നെ പ്രേരിപ്പിച്ചതായ ആ മനുഷ്യസ്നേഹവും കരുണയും ഇപ്പോൾ ഞങ്ങളുടെ മേൽ ചൊരിഞ്ഞ് ഞങ്ങളോടു നിരപ്പായി ഞങ്ങളെ രക്ഷിക്കണമേ. കർത്താവേ! അഗതികളുടെ പാർപ്പിടങ്ങൾ വെള്ളത്താൽ ഒഴുകിയും ധനവാൻമാരുടെ പാർപ്പിടങ്ങൾ ഇടിഞ്ഞുപൊളിഞ്ഞും രാജാക്കന്മാർപോലും വെള്ളത്തിന്റെയും തണുപ്പിന്റെയും ആധിക്യത്താൽ ഞെരുങ്ങിയും പിതാക്കന്മാരും മാതാക്കളും തങ്ങളുടെ വസ്തുവകകളും വാത്സല്യകുഞ്ഞുങ്ങൾപോലും മൃഗസമ്പാദ്യങ്ങളും മറ്റനേക വസ്തുക്കളും വെള്ളത്തിൽ നശിക്കുന്നതിനെക്കുറിച്ച് വ്യസനിച്ചും വിലപിച്ചും ഇരിക്കുന്നു. പ്രായമുള്ളവർ പാപച്ചെളിയിൽ മുങ്ങിയിരിക്കുന്നുവെങ്കിലും നന്മയും തിന്മയും തമ്മിൽ തിരിച്ചറിവാൻ കഴിയാത്ത പൈതങ്ങളെ ഓർത്തിട്ടെങ്കിലും അതിവർഷം കൊണ്ടുള്ള ശിക്ഷ ഞങ്ങളിൽനിന്ന് വിരോധിച്ച് നീക്കണമേ. കർത്താവേ! മനുഷ്യർ ദുഷ്ടരും നന്ദിയില്ലാത്തവരും ആകുന്നുവെങ്കിലും വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെയും പക്ഷികളെയും ഓർത്തിട്ടെങ്കിലും ഞങ്ങളോടു കരുണചെയ്യണമേ. താണഭൂമിയിലെ കൃഷികളെല്ലാം ചീഞ്ഞുപോയിരിക്കുന്നതും ഉയർന്ന ഭൂമിയിലെ കതിരുകൾക്കു കേടുതട്ടിയിരിക്കുന്നതും എല്ലാത്തരം കൃഷികളും നശിച്ചിരിക്കുന്നതും ദരിദ്രന്മാരും ധനവാന്മാരും ഒരുപോലെ വലഞ്ഞ് വ്യസനിച്ച് കഷ്ടപ്പെടുന്നതും ക്ഷാമം ഞങ്ങളെ



പിടികൂടിയിരിക്കുന്നതും അറിവില്ലാത്ത കുഞ്ഞുങ്ങൾ ആഹാരത്തിനായി നിലവിളിക്കുന്നതും ചിലർക്കു വസ്ത്രംപോലുമില്ലാത്തതും ചിലർക്കു ഉടുത്തിരിക്കുന്ന വസ്ത്രമല്ലാതെ ഒന്നുമില്ലാത്തതും തൃക്കൺ പാർത്ത് ഞങ്ങളുടെമേൽ മനസ്സലിയണമേ. അന്നന്നത്തെ ആഹാരത്തിനു ഞങ്ങൾക്കു മുട്ടുണ്ടാകരുതേ. ഞങ്ങൾ നിന്റെ തൃപ്പാദത്തിലല്ലാതെ എവിടെപ്പോയി ആശ്രയിക്കേണ്ടു. നിന്റെ മഹാകരുണയൊന്നുമാത്രമെ ഞങ്ങൾക്കാശ്രയമുള്ളു. ആയതുകൊണ്ട് കർത്താവേ! കരുണ നിറഞ്ഞ നിന്റെ തൃക്കൈ നീട്ടി ഞങ്ങളെ അനുഗ്രഹിക്കുകയും ശുഭവത്സരങ്ങളും സന്തോഷത്തിന്റെ മാസങ്ങളും ഞങ്ങൾക്കു തന്നരുളുകയും നീ ഞങ്ങളോടു ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിച്ച് പുകഴ്ത്തുവാൻ ഇടവരുകയും ചെയ്യണമേ. ആമ്മീൻ.

### ചാഴി, പുഴു, കാറ്റ് മുതലായവകളാൽ കൃഷിക്കു ദോഷംതട്ടുമ്പോൾ പ്രാർത്ഥന

മനുഷ്യരിൽനിന്നു തന്റെ സഹായങ്ങളെ വിരോധിക്കാതെ കരുണയോടെ അവരെ പോറ്റിപ്പുലർത്തുന്നവനും സകല ഉപദ്രവങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നവനും പൂർവ്വപിതാക്കൻമാരായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും നിലങ്ങളെയും കൃഷികളെയും വിളവുകളെയും മൃഗസമ്പാദ്യങ്ങളെയും അനുഗ്രഹിച്ച് അവകളെ ഒന്നിനു മുപ്പതായും അറുപതായും നൂറായും വർദ്ധിപ്പിച്ചവനുമായ ദൈവമേ! നിന്റെ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ നിലങ്ങളെയും കൃഷികളെയും നടു

തലകളെയും സസ്യാദികളെയും നീ അനുഗ്രഹിച്ച് കളകളെ നീക്കികളയുകയും കതിരുകളെയും വിളവുകളെയും പതിരുകൂടാതെ കാത്തുകൊള്ളുകയും ചെയ്യണമേ. ചാഴി, പുഴു, ഉഷ്ണക്കാറ്റ് മുതലായി വിളവുകളെ ഉപദ്രവിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന സകലത്തെയും നീ വിരോധിച്ച് നീക്കിക്കളയണമേ. സകലവും കഴിയുന്ന നിന്റെ ശക്തിയാൽ അവയെ ഒന്നിനു മുപ്പതായും അറുപതായും നൂറായും വർദ്ധിപ്പിക്കുകയും അവയെയും നിന്റെ അടിയാരായ ഞങ്ങളെയും സകല ഉപദ്രവങ്ങളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും നിന്റെ വിശുദ്ധ സ്ലീബായാൽ കാത്തുകൊള്ളുകയും ചെയ്യണമേ. അതു ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും പരിശുദ്ധനായ (ഇന്നാരുടെയും) സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

**സാംക്രമികരോഗങ്ങളുടെ കാലത്ത് നടത്തുവാനുള്ള പ്രാർത്ഥന**

പാപികളുടെ അനുതാപത്തിൽ പ്രീതിയോടെ സന്തോഷിക്കുന്ന ദൈവംതമ്പുരാനേ! ഞങ്ങൾ പാപം ചെയ്തുപോയതുകൊണ്ട് നീ ഞങ്ങളെ ഞെരുക്കുകയും ശിക്ഷിക്കുകയും അരുതേ. ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിനെപ്രതിയും നിബിയന്മാരെപ്രതിയും ശ്ലീഹന്മാരെപ്രതിയും സഹദേന്മാരെപ്രതിയും സർവ്വ ശിക്ഷകളെയും ഞങ്ങളിൽനിന്ന് നീ വിരോധിച്ച് നീക്കണമേ. കർത്താവേ! ഈ കഠിനരോഗത്തിൽ ഞങ്ങളെ നീ അകപ്പെടുത്തരുതേ. നീ കരുണയുള്ള ദൈവമാകുന്നു എന്നു കല്പിച്ചിരിക്കുന്നതുകൊണ്ട് ക്രോധത്തിന്റെയും ശിക്ഷയുടെയും കാലത്തിൽ ഞങ്ങളുടെ നേരെ നിന്റെ കരുണയുടെ വാതിൽ അടച്ചുകളയരുതേ.



ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ കരുണയാൽ ഞങ്ങളെ ആശ്വസിപ്പിക്കണമേ. ദൈവമേ! കരുണയോടല്ലാതെ കോപത്തോടെ നീ ഞങ്ങളെ ശിക്ഷിക്കരുതേ. രണ്ടാമത്തെ മരണത്തിൽനിന്ന് ഞങ്ങളെ നീ രക്ഷിച്ചുകൊള്ളണമേ. ഞങ്ങളുടെ നമസ്ക്കാരങ്ങൾക്കും അപേക്ഷകൾക്കും നിന്റെ കരുണയുടെ വാതിൽ തുറന്നുതരണമേ. ഞങ്ങൾ അനുഭവിച്ചിട്ടുള്ള നിന്റെ തിരുശരീരവും തിരുരക്തവും ഞങ്ങൾക്കു സഹായമായി ഭവിക്കണമേ. ജയമുള്ള നിന്റെ ആയുധമാകുന്ന സ്ലീബാ നിന്റെ ജനങ്ങൾക്ക് രക്ഷയായിരിക്കണമേ. നല്ല ഇടയനായ കർത്താവേ! ഞങ്ങളുടെ ആവലാധി നീ കേൾക്കണമേ. ഞങ്ങൾ സങ്കടത്തോടെ നിന്റെ അടുക്കൽ നിലവിളിക്കുന്നതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾക്കു മോചനം നൽകണമേ. മനോഗുണവാനേ! നിന്റെ അടുക്കലല്ലാതെ ഞങ്ങൾ ആരുടെ അടുക്കൽ പോകേണ്ടു. നിന്നെയല്ലാതെ ആരെ ഞങ്ങൾ വന്ദിക്കേണ്ടു. അപേക്ഷിപ്പാനും പ്രാർത്ഥിപ്പാനും വന്ദിപ്പാനും നീയല്ലാതെ ആരും ഞങ്ങൾക്കില്ല. ആയതുകൊണ്ട് കർത്താവേ! നീ നിന്റെ തൃക്കൈ നീട്ടി ഞങ്ങളെ വാഴ്ത്തണമേ. തിരുവുള്ളം കൊണ്ട് ഇല്ലായ്മയിൽനിന്ന് ഞങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയ ദൈവമേ! തിരുവുള്ളക്കേടുകൊണ്ട് ഞങ്ങളെ നീ നശിപ്പിച്ചുകളയരുതേ. ഞങ്ങളുടെ നേരെ നീ കോപിക്കാതെ ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ അനീതികൾ നിമിത്തം ഉണ്ടായിട്ടുള്ള ഈ ശിക്ഷയെ ഞങ്ങളിൽനിന്ന് നീ വിരോധിക്കണമേ. നിന്റെ ഉഗ്രകോപത്തിൽനിന്നു നീ ശാന്തതപ്പെടണമേ. നിന്നെ ഞങ്ങൾ കോപിപ്പിച്ചു എങ്കിലും നിന്നിൽ ഞങ്ങൾ അഭയം പ്രാപിക്കുന്നതിനാൽ നീ ഞങ്ങളോടു നിരപ്പാകണമേ. നീ ഞങ്ങൾക്കു അനുതാപത്തിന്റെ ഹൃദയവും

കണ്ണുനീരുകളും തരണമേ. നിന്റെ വിശുദ്ധ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമേ. കാരുണ്യവാനും ദീർഘക്ഷമയുള്ളവനുമായ കർത്താവേ! നിന്റെ തിരുരക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന നിന്റെ ജനങ്ങളെക്കുറിച്ച് മനസ്സലിവുണ്ടാകണമേ. വൃദ്ധന്മാരെയും യൗവനക്കാരെയും കുഞ്ഞുങ്ങളെയും മരണം വിഴുങ്ങിയിരിക്കുന്നു. കരച്ചിലും വിലാപവും കേൾക്കപ്പെടുന്നു. കർത്താവേ! നിന്റെ തൃക്കൈ നീട്ടി ഞങ്ങൾക്കു സഹായിച്ചില്ലെങ്കിൽ ഞങ്ങളും നശിച്ചുപോകുമല്ലോ. ഞങ്ങളുടെ പാപങ്ങൾ അസംഖ്യമെങ്കിലും നീയല്ലാതെ ഞങ്ങൾക്ക് ആശ്രയവും രക്ഷയും വേറെ ഇല്ലാത്തതുകൊണ്ട് കരുണയോടെ ഞങ്ങളെ തൃക്കൺപാർത്ത് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും നീ കൃപയോടെ കാത്തുരക്ഷിക്കണമേ. ഞങ്ങളെല്ലാവരുംകൂടി നന്ദിയുള്ള ഹൃദയത്തോടെ നിന്നെയും നിന്റെ പരിശുദ്ധറൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിച്ച് സ്തോത്രം ചെയ്യുവാൻ കൃപയോടെ ഞങ്ങൾക്കിടയാക്കുകയും ചെയ്യണമേ. ആമ്മീൻ.

### മൃഗവസന്ത നീങ്ങുവാനുള്ള പ്രാർത്ഥന

ഭൂമിയുടെ അലങ്കാരത്തിനായിട്ടും മനുഷ്യരുടെ പ്രയോജനത്തിനായിട്ടും മൃഗങ്ങളെ സൃഷ്ടിച്ചവനും അവ അവയുടെ ആഹാരത്തിനുവേണ്ടി പ്രയാസപ്പെടുകയോ അദ്ധ്വാനിക്കുകയോ ചെയ്യാതെ അവയ്ക്കു ആഹാരം കൊടുത്ത് പോറ്റുന്നവനുമായ കരുണയുള്ള കർത്താവേ! ഞങ്ങളുടെ പാപങ്ങൾ നിമിത്തം നീ അവയെ വസന്തകൊണ്ട് ശിക്ഷിച്ചു നശിപ്പിക്കുന്നുയെന്നും അവയുടെ നാശത്താൽ നീ ഞങ്ങളെ അനുതാപത്തിലേക്കു വിളിക്കുന്നുയെന്നും അറിഞ്ഞുകൊണ്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു സങ്കടത്തോടെ നിന്നോടു



പ്രാർത്ഥിക്കുന്നു. വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെ നീ ശിക്ഷിക്കുന്നതുകൊണ്ട് വിശേഷബുദ്ധിയുള്ളവരായി നിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ കഷ്ടപ്പെടുകയും നഷ്ടപ്പെടുകയും ചെയ്യുന്നതിനെക്കുറിച്ച് നിനക്ക് മനസ്സലിവു തോന്നണമേ. കർത്താവേ! ആടുമാടുകളെ കൂടാതെ ഭൂമിയിൽ ജീവിപ്പാൻ നിവൃത്തിയില്ലാത്തവണ്ണം നീ ഞങ്ങളെ ആക്കിയിരിക്കുന്നതുകൊണ്ട് ഞങ്ങളുടെനേരെ കൃപയുണ്ടായിട്ട് അവയെ ശിക്ഷിക്കാതിരിക്കണമേ. കന്നുകാലികളെ കൂടാതെ ഭൂമിയിൽ കൃഷിചെയ്വാനും മറ്റും നിവൃത്തിയില്ലാത്തതുകൊണ്ട് അവയിൽനിന്ന് വസന്തരോഗത്തെ നീക്കികളയുകയും അവയെക്കൊണ്ടുള്ള പ്രയോജനം അനുഭവിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമേ. ഞങ്ങളുടെ അനുതാപത്തെയും പ്രാർത്ഥനയെയും നീ കൈക്കൊണ്ട് ഞങ്ങളുടെ നേരെയുള്ള കോപത്തിൽനിന്ന് നീ അടങ്ങുകയും ഞങ്ങളോടു കൃപയായിരിക്കുകയും ചെയ്യണമേ. ഞങ്ങളുടെ പാപങ്ങൾ നിമിത്തം സംസാരശക്തിയും വിശേഷബുദ്ധിയുമില്ലാത്ത ഞങ്ങളുടെ മാട്ടിൻകൂട്ടങ്ങളെയും നീ ശിക്ഷിക്കരുതേ. അവ നശിച്ചുപോകുന്നതുകൊണ്ട് ഞങ്ങൾക്ക് വന്നുകൂടുന്ന കഷ്ടതകളെയും നഷ്ടങ്ങളെയും സങ്കടങ്ങളെയും നീ ഓർത്ത് ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ നേരെ നീ പ്രീതിപ്പെട്ട് ഞങ്ങളെയും ഞങ്ങളുടെ കന്നുകാലിക്കൂട്ടങ്ങളെയും നീ അനുഗ്രഹിക്കുകയും വസന്തരോഗങ്ങളിൽനിന്നും അവകളെ രക്ഷിക്കുകയും ചെയ്യണമേ. പൂർവ്വപിതാക്കന്മാരായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കൂബിന്റെയും നിമിത്തം മൃഗസമ്പാദ്യങ്ങളെ ഇനിയെങ്കിലും നശിപ്പിക്കാതെ അവകളെ അനുഗ്രഹിച്ച് ഒന്നിനു മുപ്പതായും അറുപതായും നൂറായും

വർദ്ധിപ്പിക്കുകയും അവയിൽനിന്ന് നേർച്ചവഴിപാടുകളും നിന്റെ ആചാര്യന്മാർക്കും ദരിദ്രന്മാർക്കും മറ്റും ആഹാരങ്ങളും കൊടുപ്പാൻ ഇടയാക്കുകയും ചെയ്യണമേ. ഞങ്ങൾക്കുവേണ്ടി തിരുമനസ്സോടെ ഹീനമായ മനുഷ്യവേഷം ധരിച്ച് അപമാനങ്ങളും കഷ്ടതകളും കുരിശുമരണവും സഹിച്ച് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാതമ്പുരാനേ! ഞങ്ങളോടുള്ള കൃപമൂലം ഞങ്ങളുടെ മൃഗസമ്പാദ്യങ്ങളെ നീ രക്ഷിക്കുന്നതിനാൽ നന്ദിയുള്ള ഹൃദയത്തോടെ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിച്ച് സ്തോത്രം ചെയ്‌വാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമേ. ആമ്മീൻ.

### സഭയ്ക്കുവേണ്ടി പ്രാർത്ഥന

സർവ്വശക്തനും കാരുണ്യവാനും ദയവാനും ദീർഘക്ഷമയുള്ളവനും വളരെ കൃപയുള്ളവനുമായ ദൈവമേ! നിന്റെ സഭയുടെ രക്ഷയ്ക്കുവേണ്ടി നിന്റെ വാത്സല്യമുള്ള ഏകപുത്രനെ ഹീനതകൾ അനുഭവിപ്പാനായിട്ട് ലോകത്തിലേക്ക് കല്പിച്ചയപ്പാൻ നിന്നെ നിർബന്ധിച്ചതായ ആ മഹാകരുണയും മഹാസ്നേഹവും നിമിത്തം ബലഹീനരും പാപികളും നിന്റെ ഏകപുത്രന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരുമായ ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമേ. സർവ്വനീതിയുടെയും സർവ്വനന്മകളുടെയും വൈരിയായ സാത്താൻ വിശുദ്ധസഭയിൽ വരുത്തിക്കൂട്ടുന്ന ഭിന്നതകളെയും പിരിച്ചിലുകളെയും കലഹങ്ങളെയും തർക്കങ്ങളെയും കൃപയോടെ അതിൽനിന്ന് നീക്കിക്കളഞ്ഞ് സാത്താന്റെയും സൈന്യങ്ങളുടെയും യാതൊരുവക തന്ത്രങ്ങളും ദുഷ്പ്രേരണകളും അതിൽ പ്രവേശിക്കാതെ അതിന്റെ



വാതിലുകളിൽ വിശുദ്ധ സ്ലീബായാൽ മുദ്രകുത്തണമേ. അതിൽ ഉണ്ടായിരിക്കുന്ന കലഹങ്ങളെയും തർക്കങ്ങളെയും ഭിന്നതകളെയും പിരിച്ചിലുകളെയും നീ നീക്കി മായിച്ചുകളയണമേ. നിന്റെ ഏകപുത്രന്റെ മനുഷ്യാവതാരത്തെയും കഷ്ടതകളെയും രക്തത്തെയും കുരിശുമരണത്തെയും നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, പരിശുദ്ധന്മാർ മുതലായ നിന്റെ ഇഷ്ടന്മാരുടെ പ്രയാസങ്ങളെയും കഷ്ടതകളെയും രക്തത്തെയും നീ ഓർത്ത് വിശുദ്ധസഭയിൽ നിരപ്പും സമാധാനവും ഐക്യവും വാഴുമാറാകണമേ. അതിലെ വിശ്വാസാചാരനടപടികളെയും നിയമങ്ങളെയും ഉടച്ചുതകർക്കുവാനും അതിന്റെ മഹത്വത്തെയും ശോഭയെയും സൗന്ദര്യത്തെയും നശിപ്പിപ്പാനും പിരിച്ചിലുകളും തർക്കങ്ങളും ഭാഗങ്ങളും വർദ്ധിപ്പിപ്പാനും ശ്രമിക്കുന്നവരെ നീ നിർമ്മൂലമാക്കണമേ. അതിനെ നീ ഉയർത്തുകയും അതിന്റെ നാനാഭാഗങ്ങളിലും നിന്റെ ഏകപുത്രന്റെ വന്ദ്യ ഏവൻഗേലിയോൻ പ്രബലപ്പെടുത്തുകയും അതിലെ തലവന്മാരെയും അധികാരികളെയും നീ ജ്ഞാനവും ശക്തിയും ഉള്ളവരാക്കിത്തീർക്കുകയും അനേക പുറജാതികൾ നിന്റെ ഏകപുത്രനിൽ വിശ്വസിച്ച് അതിൽ വന്നുകൂടുവാനിടയാക്കുകയും ചെയ്യണമേ. രാജാക്കന്മാരെയും അധികാരികളെയും അതിന് അലങ്കാരമാക്കിത്തീർക്കണമേ. അതിന്റെ പ്രജകൾ സമാധാനത്തെയും ഐക്യതയെയും അനുസരണത്തെയും ധരിച്ചുകൊണ്ട് സന്തോഷത്തോടെ ആർപ്പുവിളിച്ച് നിന്നെ മഹത്വപ്പെടുത്തുമാറാകണമേ. അതിന്റെ ശത്രുക്കൾ വീണുപോകുമാറാകണമേ. അതിനെ ഉപദ്രവിക്കുന്നവർ ലജ്ജിച്ച് പിൻതിരിയുമാറാകണമേ. നിന്നെ തിരിച്ചറിയാത്തവരും നിന്റെ ഏകപുത്രനെ വിശ്വസിക്കാത്തവരുമായി

സഭയ്ക്കു പുറത്തുള്ളവരെ അതിലേക്ക് ആകർഷിപ്പാൻ തക്ക വണ്ണം താല്പര്യത്തോടെ വിശുദ്ധ ഏവൻഗേലിയോനെ വഹിക്കുന്നവർ അതിൽ വർദ്ധിക്കുമാറാകണമേ. ഭൂമി ഒക്കെയിലുമുള്ള നിന്റെ പള്ളികളെയും ദയറാകളെയും നീ ഉയർത്തി മഹത്വപ്പെടുത്തി അലങ്കരിക്കണമേ. ഇടത്തൂട്ടുകാരെയും താർക്കികരെയും മൗനമാക്കി ലജ്ജിപ്പിപ്പാൻ തക്കവണ്ണം അതിന്റെ പ്രജകൾക്ക് വിശ്വാസസ്ഥിരതയും വായ്കളും നാവുകളും നീ നൽകണമേ. അതിനെ ശരിയായും സത്യമായും ഭരിക്കുന്ന ഇടയന്മാരെയും സ്തുതിയോഗ്യമായ ആദരവോടും നിന്നെയുള്ള ഭയഭക്തിയോടും കൂടെ നിന്റെ ദിവ്യ ശുശ്രൂഷകൾ നടത്തുന്ന ശുശ്രൂഷകന്മാരെയും അതിൽ നിയമിക്കണമേ. നിന്റെ സത്യപ്രകാശം അതിൽ ശോഭയോടെ വിളങ്ങുമാറാകണമേ. സാത്താന്റെയും സൈന്യങ്ങളുടെയും പ്രേരണമൂലം അതിൽ സ്വശക്തിയും തന്നിഷ്ടവും നടത്തുവാനും അതിന് ആക്ഷേപങ്ങളും ഞെരുക്കങ്ങളും വരുത്തുവാനും ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നവർക്ക് നീ അനുതാപമുള്ള ഹൃദയം കൊടുത്ത് സത്യനിലയിലേക്ക് അവരെ തിരിപ്പിക്കണമേ. നിന്റെ വിളിയെ അനുസരിക്കാതെ ഫറവോനെപ്പോലെ കഠിനഹൃദയരായിരിക്കുന്നവർക്ക് തക്കതായ പ്രതിഫലം നീ കൊടുക്കുകയും നീ വിശുദ്ധ സഭയുടെ ഉടയവനും നടത്തിപ്പുകാരനും ആകുന്നു എന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യണമേ. കാലോചിതമായ നിയമങ്ങളും നടപടികളും അതിൽ ക്രമപ്പെടുത്തുവാൻ അതിന്റെ ഭരണക്കാർക്ക് നീ ബോധജ്ഞാനം കൊടുക്കണമേ. അതിന്റെ ഭരണക്കാരും നടത്തിപ്പുകാരും ശുശ്രൂഷകരും ധനവാന്മാരും ദരിദ്രന്മാരും അതിന്റെ പ്രജകളൊക്കെയും പുറജാതികളുടെയും അന്യന്മാരുടെയും മുമ്പാകെ ഉത്തമരും



ദൃഷ്ടാന്തയോഗ്യന്മാരുമായി കാണപ്പെടുമാറാകണമേ. അതിന്റെ വീഴ്ചയ്ക്കും നാശത്തിനും ആഗ്രഹിച്ചുകാത്തിരിക്കുന്ന സാത്താനും സൈന്യങ്ങളും ലജ്ജിക്കുമാറ് ഭൂമി ഒക്കെയിലുമുള്ള അതിന്റെ സർവ്വ പ്രജകൾക്കും ശുഭവത്സരങ്ങളും സന്തോഷത്തിന്റെ മാസങ്ങളും നീ കൊടുക്കണമേ. നാനാ ഭാഗങ്ങളിൽനിന്നുമുള്ള നിന്റെ പള്ളികളിൽനിന്നും ദയറാകളിൽനിന്നും മറ്റു വിശുദ്ധ സ്ഥലങ്ങളിൽനിന്നും അതിന്റെ പ്രജകളുടെ എല്ലാ ഭവനങ്ങളിൽനിന്നും പ്രത്യേകം പ്രത്യേകം ഓരോരുവനിൽനിന്നും നിനക്കും നിന്റെ ഏകപുത്രനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും ഇടവിടാതെ കരേറുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

### പട്ടക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവമേ! ദൈവികവചനങ്ങളെ ഞങ്ങളോടുപദേശിക്കുകയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഞങ്ങളുടെ കണക്കുകൊടുക്കേണ്ടവരെപ്പോലെ ഞങ്ങൾക്കുവേണ്ടി പ്രയാസപ്പെടുകയും ചെയ്യുന്നവരായി ഞങ്ങളുടെ സഭയിലുള്ള മേൽപ്പട്ടക്കാരെയും പട്ടക്കാരെയും നീ അനുഗ്രഹിച്ച് അവരുടെ സകല വചനങ്ങളും പ്രവൃത്തികളും നിന്റെ തിരുനാമ മഹത്വത്തിനാക്കിത്തീർക്കണമേ. മനുഷ്യസ്വഭാവ പ്രകാരം അവരിലുള്ള ബലഹീനതകളെ നീ ഓർക്കാതെ അവർക്കു പാപമോചനവും ഭരണശക്തിയും കൊടുക്കണമേ. അവർക്കു ജനങ്ങളോടും ജനങ്ങൾക്ക് അവരോടുമുള്ള സ്നേഹവും ഐക്യതയും നീ വർദ്ധിപ്പിക്കണമേ. ഞങ്ങളുടെ പ്രധാനതലവന്മാരായ മോറാൻ മോർ ഇഗ്നാത്തിയോസിനെയും മാർ ബസ്സേലിയോസ്സിനെയും

മാർ ഗ്രീഗോറിയോസ്സിനെയും ഞങ്ങളുടെ മേൽപ്പട്ടക്കാരൻ മാർ(❖ ഇന്നാരെയും) സത്യവിശ്വാസികളായ ശേഷമുള്ള സകല മേൽപ്പട്ടക്കാരെയും പട്ടക്കാരെയും മല്പാൻമാരെയും ദയറാക്കാരെയും ഈഹിദായക്കാരെയും ഉപദേഷ്ടാക്കളെയും എല്ലാത്തരത്തിലുള്ള ശുശ്രൂഷക്കാരെയും ആചാര്യഗണത്തിലുൾപ്പെട്ട എല്ലാവരെയും നീ അനുഗ്രഹിച്ച് ഉന്നതപ്പെടുത്തുകയും ജനങ്ങളോടുപദേശിപ്പാനും അവരെ ഭരിപ്പാനുമുള്ള ശക്തിയും ജ്ഞാനവും അവർക്കു കൊടുക്കുകയും ചെയ്യണമേ. അവസാന നാളിൽ തങ്ങളുടെ താലന്തുകളെ പ്രാപിച്ചുകൊണ്ട് വിശ്വസ്ത കലവറക്കാരായി നിന്റെ സന്നിധിയിൽ കാണപ്പെടുവാനും പന്ത്രണ്ടു ശ്ലീഹന്മാരോടുകൂടെ വലത്തുഭാഗത്തു നിന്നുകൊണ്ട് നിനക്കു സ്തുതി പാടുവാനും അവരെ യോഗ്യരാക്കണമേ. നിന്റെ ആടുകളെ പിടിച്ച് ചീന്തുവാൻ ആഗ്രഹിക്കുന്നവരായി കുഞ്ഞാടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കളെ നശിപ്പിപ്പാനുള്ള വായും നാവും പ്രാപ്തിയും അവർക്കു കൊടുക്കണമേ. അവരിൽ ബന്ധിക്കപ്പെട്ടവരായും രോഗികളായും ഇരിക്കുന്നവർക്കു നീ ആശ്വാസവും സുഖവും കൊടുക്കണമേ. അവരിൽ ഞെരുക്കത്തിലിരിക്കുന്നവരോടു നീ കരുണ ചെയ്യണമേ. ദുഷ്ടന്മാരിൽനിന്നും പിശാചുക്കളുടെ ഉഗ്രതയിൽനിന്നും അവരെ രക്ഷിക്കണമേ. അവർ ജീവനോടിരിക്കുന്ന കാലമെല്ലാം നിന്റെ കല്പനപ്രകാരം നടപ്പാനും ജനങ്ങളെ സത്യവഴിയിൽ നടത്തുവാനും അറിവും ബുദ്ധിയും താല്പര്യവും അവർക്കു കൊടുക്കണമേ. അവരിൽ ദരിദ്രരായിരിക്കുന്നവരെ നീ സഹായിക്കണമേ. നല്ല പുഷ്ടിയുള്ള മേച്ചിൽസ്ഥലങ്ങളിൽ നിന്റെ ജനങ്ങളെ അവർ മേയിക്കുമാറാകണമേ. ജനങ്ങൾക്കുവേണ്ടി തങ്ങളുടെ ജീവനെപ്പോലും ഉപേക്ഷിക്കുന്നതിനുള്ള ധൈര്യവും മനസ്സും



അവർക്കു നൽകണമേ. പരീക്ഷകളിലും ഉപദ്രവങ്ങളിലും പീഡകളിലും അവർ ബലഹീനപ്പെട്ടു തളർന്നുപോകാതെ നീ അവരെ സഹായിച്ചു ധൈര്യപ്പെടുത്തണമേ. അവരിൽ വഴിയാത്രചെയ്യുന്നവർക്കു നീ കാവലും കൂട്ടുമായിരിക്കണമേ. അവർ പോകുന്ന എല്ലായിടത്തും എല്ലാസമയത്തും നീ അവരോടുകൂടെ ഇരിക്കണമേ. സത്യമായ കാര്യങ്ങളെ സത്യമായിട്ട് പറയുവാനും വിധിപ്പാനും നീ അവർക്കു ജ്ഞാനം കൊടുക്കണമേ. ബഹുമാനമുള്ള വൃദ്ധതയും ആശ്വാസത്തോടുകൂടിയ ദീർഘായുസ്സും അവർക്കു നൽകണമേ. അവരുടെ കുറ്റങ്ങളെയും പാപങ്ങളെയും നീ കണക്കിടാതെ കൃപയോടെ അവർക്കു മോചനം നൽകണമേ. അവരുടെ വിചാരങ്ങളിലും വചനങ്ങളിലും പ്രവൃത്തികളിലും നിന്റെ കരുണ അവരുടെ മേൽ ചൊരിയണമേ. അവരുടെ പ്രാർത്ഥനകളാൽ ഭൂമിയിൽ വെയിലും മഴയും മഞ്ഞും അതാതുകാലത്ത് വേണ്ട പ്രകാരം നീ കല്പിച്ചയക്കുകയും സംവത്സരത്തിന്റെ കിരീടത്തെ വാഴ്ത്തുകയും ചെയ്യണമേ. സുഖത്തോടും സമാധാനത്തോടും കൂടിയ ആയുസ്സ് അവർക്കു നൽകണമേ. നിന്നിൽനിന്നുള്ള സഹായങ്ങൾ അവർക്കു ധാരാളമായി ഒഴുക്കി കൊടുക്കണമേ. അവർ നിന്റെ ജനങ്ങളെ വെടിപ്പിലും വിശുദ്ധിയിലും നടത്തുകയും നിന്റെ തിരുനാമ മഹത്വത്തിനു ചേർച്ചയും നിനക്കിഷ്ടമുള്ള ജനങ്ങളെ അവസാനനാളിൽ നിന്റെ സന്നിധിയിൽ ഹാജരാക്കുകയും ചെയ്യുമാറാകണമേ. അവർമൂലം നിന്റെ സഭയുടെ തല അതിന്റെ വിപരീതികൾ ലജ്ജിക്കത്തക്കവണ്ണം ഉയർത്തപ്പെടുമാറാകണമേ. അവരുടെ മുമ്പിൽ വേദവിപരീതികളെ നീ മൗനമാക്കി മുട്ടുകുത്തിക്കണമേ. അവർമൂലം നിന്റെ സഭയിൽ സത്യവിശ്വാസം ഉന്നതി പ്രാപിക്കുകയും വിശുദ്ധ ഏവൻഗേലിയോൻ പ്രസിദ്ധപ്പെടുത്തുകയും

നിന്റെ തിരുനാമം മഹത്വപ്പെടുകയും ചെയ്യുമാറാകണമേ. പ്രത്യേകിച്ച് ഞങ്ങളുടെ ഇടവകയിലെ പട്ടക്കാരെയും ശെമ്മാശ്ശന്മാരെയും അവരുടെ ഗണത്തിലുൾപ്പെട്ട എല്ലാവരെയും നിന്റെ തൃക്കൈ നീട്ടി വാഴ്ത്തുകയും ഞങ്ങളുടെ ഇടവകപള്ളിയും അതിലുൾപ്പെട്ട ജനങ്ങളും നിനക്കിഷ്ടമുള്ള പ്രകാരം അവരാൽ ഭരിക്കുവാനിടയാക്കുകയും ചെയ്യണമേ. നിന്റെ തിരുനാമ മഹത്വത്തിനൊത്തവണ്ണം ഈ പള്ളിയും ജനങ്ങളും അകമെയും പുറമെയും അവർമൂലം അലങ്കരിക്കപ്പെടുമാറാകണമേ. അവർക്കു സുഖകരമായ ദീർഘായുസ്സും ബഹുമാനമുള്ള വാർദ്ധക്യവും ജനപ്രീതിയും നൽകണമേ. നിന്റെ തിരുവിഷ്ടപ്രകാരം പഠിപ്പിപ്പാനും ഉപദേശിപ്പാനും അവരെ യോഗ്യരാക്കിത്തീർക്കുകയും നിന്റെ സഭയിൽ പൊതുവിനുവേണ്ടി വേല ചെയ്യുന്ന എല്ലാവരെയും നീ അനുഗ്രഹിച്ച് അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണമേ. സഭയുടെ ശത്രുക്കളായ പിശാചുക്കളും ദുഷ്ടമനുഷ്യരും ലജ്ജിക്കത്തക്കവണ്ണം അവരെയെല്ലാവരെയും നീതിയും വിശുദ്ധിയും പ്രാപ്തിയും സത്യവും സ്വർഗ്ഗീയ വാഴ്വുകളും കൃപകളും കൊണ്ട് അലങ്കരിക്കുകയും ചെയ്യണമേ. ഞങ്ങൾ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു. ആമ്മീൻ.

### രാജാക്കന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥന

രാജാധിരാജാവും കർത്താധികർത്താവും സർവ്വശക്തനുമായ ദൈവമേ! രാജത്വവും അധികാരവും ശക്തിയും ആധിപത്യവും എന്നേക്കും നിന്റേതാകുന്നുവല്ലൊ. രാജാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും നിയമിക്കുന്നവനും നീയാകുന്നുവല്ലൊ. നിന്നെ ഭയപ്പെട്ടും ആദരിച്ചും ആരാധിച്ചും നടക്കുന്ന രാജാക്കന്മാരെയും അധികാരികളെയും നീ



സഹായിക്കുന്നു. നിന്നെ വിചാരിക്കാതെയും അനീതിയായിട്ടു നടക്കുകയും ഭരിക്കുകയും ചെയ്യുന്നവരെ നീ ശിക്ഷിക്കുന്നു. ദൈവമേ! ഇങ്ങനെ സകല അധികാരവും നിന്നിൽനിന്നുള്ളതാണെന്ന് നീ വചനത്താലും പ്രവൃത്തിയാലും ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതുകൊണ്ട് രാജാക്കന്മാരെയും അധികാരികളെയും അനുസരിച്ചു നടക്കേണ്ടത് ഞങ്ങളുടെ കടമയാകുന്നു. ഞങ്ങളുടെ അതിക്രമങ്ങളും പാപങ്ങളും നിമിത്തം ദയവില്ലാതെ അധികാരം നടത്തുന്നവരെ ഞങ്ങളുടെമേൽ നീ നിയമിക്കരുതേ. ഞങ്ങൾ പാപികളും അയോഗ്യരുമെങ്കിലും ഞങ്ങളുടെ പാപങ്ങൾക്കു തക്കവണ്ണം ഞങ്ങളെ ഞെരുക്കുകയും വലയ്ക്കുകയും ചെയ്യുന്ന രാജാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും ഞങ്ങളുടെമേൽ നിയമിക്കാതെ ആശ്വാസത്തോടെ ഭൂമിയിൽ ജീവിക്കത്തക്കവണ്ണം ദയവുള്ള രാജാക്കന്മാരെ നീ ഞങ്ങളുടെ മേൽ നിയമിച്ചിരിക്കുന്നതിനാൽ നിനക്ക് സ്തുതി. നിനക്ക് സ്തുതി. നിനക്ക് സ്തുതി. ദൈവമേ! ഞങ്ങളുടെമേൽ അധികാരം ചെയ്യുന്ന എല്ലാവരെയും ഉദ്യോഗസ്ഥന്മാരെയും നീ അനുഗ്രഹിച്ച് അവരിൽനിന്നു ദയ ലഭിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. സകലത്തിലും അവരെ സഹായിപ്പാൻ നീ ആയുധവും പരിചയും പിടിച്ചു നിൽക്കണമേ. നിന്റെ കൈവേലയാകുന്ന ഞങ്ങൾ ഭയവും വ്യസനവും കൂടാതെ ആശ്വാസത്തോടും സന്തോഷത്തോടും കൂടെ അവരുടെ കീഴിൽ ജീവിപ്പാനായിട്ട് അവരുടെ സകല ശത്രുക്കളെയും അവരോടു യുദ്ധം ചെയ്യുന്ന എല്ലാവരെയും ജയിപ്പാനുള്ള ശക്തിയും പ്രാപ്തിയും നീ അവർക്കു നൽകണമേ. നിന്റെ സഭയെയും അതിന്റെ പ്രജകളെയും സഹായിപ്പാനും നിന്നെ പിൻതുടരുവാനും നീ അവർക്ക് നല്ല മനസ്സുകൊടുക്കണമേ. അവർക്ക് ദീർഘായുസ്സും

സുഖവും നൽകണമേ. നീതിയും സത്യവും ദയവും അവരെ ധരിപ്പിക്കണമേ. നിന്റെ കരുണ അവരെ നടത്തുമാറാകണമേ. സകല ശക്തിയെയും കവിയുന്നതായ നിന്റെ ശക്തിയാൽ അവരെ കാത്തുകൊള്ളണമേ. നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്ന അനുഗ്രഹിക്കപ്പെട്ട സന്താനങ്ങളെ അവർക്ക് നൽകണമേ. അവരുടെ കോപത്തെ നീ ഞങ്ങളുടെമേൽ ജ്വലിപ്പിക്കരുതേ. കരുണയോടും ദയവോടും കൂടിയല്ലാതെ നീ അവരെ ശിക്ഷിക്കരുതെ. അവരുടെ ഭരണത്തിൻ കീഴിലിരിക്കുന്ന രാജ്യങ്ങളിൽ ക്ഷാമവും വസന്തയും ഭയങ്ങളും അപകടങ്ങളും ആപത്തുകളും വരുത്താതെ ആശ്വാസവും സമ്പൂർണ്ണതയും നീ കല്പിച്ചയക്കണമേ. അവരുടെ ജീവപര്യന്തം സത്യത്തോടും നീതിയോടും കൂടിയല്ലാതെ നിന്റെ തിരുവിഷ്ടത്തിനൊക്കാത്ത വിധത്തിൽ യാതൊന്നും പ്രവർത്തിപ്പാൻ ഇടവരാതെ അവരെ കാത്തുകൊള്ളുകയും ചെയ്യണമേ. നിന്റെ കൃപ മൂലം അവരിൽനിന്ന് ഞങ്ങൾ അനുഭവിക്കുന്നതായ സർവ്വസഹായങ്ങൾക്കും നൻമകൾക്കുമായിട്ടും ഞങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും എല്ലായ്പോഴും ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമേ. ആമ്മീൻ.

### പ്രസവിക്കാത്ത സ്ത്രീകൾക്കുവേണ്ടിയുള്ളപ്രാർത്ഥന

സർവ്വശക്തിയുള്ള കാരുണ്യവാനായ ദൈവമേ! വൃദ്ധയായിരുന്ന സാറായ്ക്കും ഗർഭപാത്രം അടയ്ക്കപ്പെട്ടിരുന്ന ഹന്നായ്ക്കും വന്ധ്യയായിരുന്ന ഏലിശ്ബായ്ക്കും പുത്രസമ്പത്തു നൽകുവാൻ തിരുവിഷ്ടമുണ്ടായല്ലൊ. ഇസഹാക്കിന്റെ ഭാര്യയായ റഫ്ക്കായ്ക്കുവേണ്ടി അവൻ നിന്നോടു



പ്രാർത്ഥിച്ചതിനെ നീ കേട്ട് അവന് ഉത്തരമരുളിയല്ലൊ. അപ്രകാരം നിന്നോടു പ്രാർത്ഥിക്കുന്ന ഞങ്ങൾ അയോഗ്യരെങ്കിലും ഞങ്ങളുടെ പ്രാർത്ഥനയെ കൃപയോടെ കേട്ട് നിന്റെ ദാസിയായ (ഇന്നാരോട്) കൃപചെയ്യണമേ. അവളുടെ യോഗ്യതയിൻ പ്രകാരമല്ല, നിന്റെ കൃപയിൻ പ്രകാരം നിന്റെ ദാസിയായ (ഇന്നാരുടെ) അടയ്ക്കപ്പെട്ട ഗർഭപാത്രത്തെ തുറക്കണമേ. നിന്റെ കരുണയിൽമാത്രം അവൾ ആശ്രയിച്ചിരിക്കുന്നതിനാൽ അവളുടെ ഉദരത്തിൽ പ്രജ ഉരുവാകുവാൻ കല്പനയുണ്ടാകണമേ. നീ കൃപയോടെ അവളുടെ ഉദരത്തിൽ സൃഷ്ടിക്കുന്ന പ്രജയെയും അവളെയും ദയവോടെ കാത്തുരക്ഷിക്കുകയും അപകടം കൂടാതെ പ്രസവിപ്പാനിടയാക്കുകയും ചെയ്യണമേ. അവൾ പ്രസവിക്കുന്ന പ്രജയെ അവളും ഞങ്ങളും കണ്ട് സന്തോഷിപ്പാൻ അവളുടെയും ഞങ്ങളുടെയും കണ്ണുകൾക്കു ഭാഗ്യം നൽകണമേ. ഞങ്ങൾ അയോഗ്യരും മഹാപാപികളുമാകുന്നു. എങ്കിലും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിനെയും സാറാ, ഹന്നാ, ഏലിശ്ബാ മുതലായ ശുദ്ധിമതികളെയും കുറിച്ച് ഞങ്ങളുടെ അപേക്ഷ കേട്ട് നിന്റെ ദാസിക്ക് പാപമോചനവും മാതൃസ്ഥാനത്തോടു കൂടിയ പുത്രസമ്പത്തും ആശ്വാസത്തോടും സന്തോഷത്തോടും കൂടിയ ദീർഘായുസ്സും നൽകണമേ. അവളും ഞങ്ങളും നിന്നിൽനിന്ന് പ്രാപിച്ചതും പ്രപിക്കുന്നതുമായ സർവ്വസഹായങ്ങൾക്കും വേണ്ടി ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിന്റെ വന്ദ്യതിരുനാമത്തെ സ്തുതിച്ച് സ്തോത്രം ചെയ്‌വാൻ യോഗ്യരായിത്തീരുകയും ചെയ്യണമേ. ആമ്മീൻ.

### പ്രസവിക്കാത്ത സ്ത്രീകൾ നടത്തുവാനുള്ള പ്രാർത്ഥന

സർവ്വശക്തനും കാരുണ്യവാനുമായ ദൈവമേ! ഞാൻ പാപംകൊണ്ട് നിറഞ്ഞവളും നിന്റെ സന്നിധിയിൽ വന്ന് അപേക്ഷിപ്പാൻ യോഗ്യതയില്ലാത്തവളുമാകുന്നു. നിന്റെ കൃപ കൊണ്ട് മാത്രമല്ലാതെ എനിക്ക് മോചനം ലഭിപ്പാൻ നിവൃത്തി യില്ലാത്തതിനാൽ ഞാൻ നിന്റെ കൃപയിൽ മാത്രം ആശ്രയി ക്കുന്നു. എന്നോടു കരുണചെയ്ത് എന്റെ പ്രാർത്ഥന കേൾക്കുകയും എനിക്കു പാപമോചനം തന്ന് എന്റെ യാചന നൽകുകയും ചെയ്യണമേ. നിന്റെ ഇഷ്ടദാസികളായ വൃദ്ധ യായിരുന്ന സാറായ്ക്കും ഗർഭപാത്രം അടയ്ക്കപ്പെട്ടിരുന്ന ഹന്നായ്ക്കും വന്ധ്യയായിരുന്ന ഏലിശ്ബായ്ക്കും പുത്ര സമ്പത്ത് നൽകുവാനും തന്റെ ഭാര്യയായ റഫ്ക്കായ്ക്കു വേണ്ടി പ്രാർത്ഥിച്ച ഇസഹാക്കിന്റെ പ്രാർത്ഥന കേട്ടരുളു വാനും തിരുവിഷ്ടമുണ്ടായതുപോലെ നിന്റെ ദാസിയായ എന്റെ പ്രാർത്ഥനയെ കേൾക്കുകയും എന്റെ അയോഗ്യതയെ വിചാരിക്കാതെ നിന്റെ കൃപയിൻപ്രകാരം എന്നെ കടാക്ഷി ക്കുകയും അടയ്ക്കപ്പെട്ടിരിക്കുന്ന എന്റെ ഗർഭപാത്രത്തെ തുറക്കുകയും ചെയ്യണമേ. എന്റെ ഉദരത്തിൽ പ്രജ ഉരു വാകുവാൻ കല്പന ഉണ്ടാകണമേ. നീ കൃപയോടെ എന്റെ ഉദരത്തിൽ സൃഷ്ടിക്കുന്ന പ്രജയെയും എന്നെയും കാത്തു രക്ഷിച്ച് അപകടം കൂടാതെ പ്രസവിപ്പാൻ എനിക്കിടയാക്ക ണമേ. ഞാനും എന്റെ ഭർത്താവും എന്റെ മാതാപിതാക്കളും എനിക്കുള്ള എല്ലാവരും നീ എനിക്കു തരുന്ന പ്രജയെ കണ്ട് സന്തോഷിക്കുമാറാകണമേ. ഞാൻ അശുദ്ധിയും പാപവും കൊണ്ട് നിറഞ്ഞവളാകുന്നു. എങ്കിലും ദൈവമാതാവായ വിശുദ്ധകന്യകമറിയാമിനെയും സാറാ, ഹന്നാ, ഏലിശ്ബാ മുതലായ ശുദ്ധിമതികളെയും കുറിച്ച് എന്റെ അപേക്ഷ



കേൾക്കുകയും എനിക്കു പാപമോചനവും മാതൃസ്ഥാനവും പുത്രസമ്പത്തും നൽകുകയും ചെയ്യണമേ. ഞാനും നീ എനിക്കു കൃപയോടെ നൽകുന്ന കുട്ടിയും കൂടി ഒരുമിച്ച് നിന്ന് നിന്നിൽനിന്നുള്ള സർവ്വ സഹായങ്ങൾക്കും വേണ്ടി നിന്റെ വന്ദ്യതിരുനാമത്തിനു സ്തുതിയും സ്തോത്രവും പാടുവാൻ എന്നെ യോഗ്യതയുള്ളവളാക്കിത്തീർക്കുകയും ചെയ്യണമേ. ആമ്മീൻ.

### 'എനിക്കുവേണ്ടി പ്രാർത്ഥിക്കണ'മെന്ന് ആരെങ്കിലും അപേക്ഷിച്ചാൽ ആയവനുവേണ്ടിയുള്ള പ്രാർത്ഥന

മിശിഹാതമ്പുരാനേ! ഞങ്ങളുടെ സഹോദരനായ (ഇ ന്നാരെ) നിന്റെ ഇഷ്ടപ്രകാരവും സന്തോഷപ്രകാരവും അവനു ഗുണമുള്ള പ്രകാരവും നീ ദർശിച്ച് നടത്തണമേ. അവന്റെ പ്രാർത്ഥനകളാൽ പാപിയായ എന്നോടു നീ കരു ണചെയ്യണമേ. ഇപ്പോഴും എപ്പോഴും എന്നേക്കും നിനക്കു സ്തുതി യോഗ്യമാകുന്നു. ആമ്മീൻ.

### സകല പ്രവൃത്തികൾക്കും വേലകൾക്കും മുമ്പുള്ള പ്രാർത്ഥന

മിശിഹാതമ്പുരാനേ! ഞാൻ ചെയ്തിട്ടുള്ളതും ചെയ്യു ന്നതുമായ സകലവും പാപം കൂടാതെ നിന്റെ പരിശുദ്ധ തിരുനാമത്തിന്റെ മഹത്വത്തിനായിട്ട് ഭവിക്കുമാറാകണമേ. ആമ്മീൻ.

### പിശാചുക്കൾമൂലം ഉണ്ടാകുന്ന ദുർവിചാരങ്ങൾ നീങ്ങുവാനുള്ള പ്രാർത്ഥന

സർവ്വാധികാരിയും സകലത്തിന്റെയും ഉടയവനുമായ ദൈവമേ! ഇതാ മത്സരക്കാരായ പിശാചുക്കൾ ഉന്നതപ്പെടു ന്നു. മനോഗുണവാനായ ദൈവമേ! എന്നോടു കരുണ ചെയ്യ ണമേ. നിത്യനും അദൃശ്യനുമായ ദൈവമേ! എന്നോടു ദയവു ചെയ്യണമേ. കാരുണ്യവാനായ പിതാവേ! സത്യമുള്ള പുത്രാ!

വന്ദ്യനായ റൂഹാ! എന്നെ സഹായിക്കണമേ. എന്നെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്ത നല്ല ഉടയവനേ! എന്റെ കുറ്റങ്ങൾ മോചിച്ച് എന്നോടു കൃപ ചെയ്യണമേ. എന്നെ നിങ്കലേക്കു തിരിപ്പിക്കണമേ. എന്റെ വിചാരങ്ങളെ പ്രകാശിപ്പിക്കണമേ. എന്റെ ബലഹീനതയ്ക്കു സഹായിക്കണമേ. നിന്റെ സ്നേഹത്തിന് എന്നെ യോഗ്യനാക്കണമേ. എന്റെ ജീവിതത്തെ നീ കൃപയോടെ ഭരിക്കണമേ. എന്റെ അടിമത്തത്തെ നീ വിടുർത്തണമേ. എന്റെ സങ്കടം കേൾക്കണമേ. എന്റെ മരണാവസ്ഥയെ ജീവിപ്പിക്കണമേ. വഴിതെറ്റിപ്പോയിരിക്കുന്ന എന്നെ നീ അന്വേഷിക്കണമേ. നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യനാക്കണമേ. എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. എന്റെ അപേക്ഷയെ കൈക്കൊള്ളുകയും ചെയ്യണമേ. അതു നിന്റെ മാതാവിന്റെയും മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽതന്നെ. ആമ്മീൻ.

### അനുതാപത്തിന്റെ ഒരു പ്രാർത്ഥന

അടിഭാഗം കാണുവാനും സ്പർശിപ്പാനും പാടില്ലാത്ത പ്രകാരം അഗാധമുള്ളതും കരുണ നിറഞ്ഞു കവിഞ്ഞൊഴുകുന്നതുമായ മഹാസമുദ്രവും, ബലഹീനരും പാപികളുമായ മനുഷ്യരുടെ ആത്മശരീരങ്ങളുടെ ജ്ഞാനമുള്ള വൈദ്യനും, പല പ്രകാരമുള്ള രോഗങ്ങളാലും വ്രണങ്ങളാലും വേദനകളാലും അവശതപ്പെട്ടിരിക്കുന്നവരുടെ അടുക്കലേക്ക് പിതാവിനാൽ അയക്കപ്പെട്ടവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ! ഞെരുക്കത്തിലിരിക്കുന്നവരെ ദർശിച്ച് സഹായിപ്പാനും ഒടിഞ്ഞും ചതഞ്ഞും നുറുങ്ങിയും ഇരിക്കുന്നവർക്ക് ഔഷധം ചെയ്യുവാനും രോഗത്തിലിരിക്കുന്നവരെ സുഖപ്പെടുത്തുവാനും അന്ധകാരത്തിലിരിക്കുന്നവർക്കു പ്രകാശം കൊടുപ്പാനും വീണുപോയിരിക്കുന്നവരെ എഴുന്നേല്പിപ്പാനും



അശുദ്ധപ്പെട്ടിരിക്കുന്നവരെ വെടിപ്പാക്കുവാനും അകന്നുപോയിരിക്കുന്നവരെ പിതാവിങ്കലേക്ക് അടുപ്പിപ്പാനും ആകൽക്കറുസ്സായുടെ കഠിനനുകത്തിൻ കീഴിലിരിക്കുന്നവരെയും ലോകമയമായ വ്യർത്ഥവിചാരങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവരെയും രക്ഷിപ്പാനും മഹാപാപങ്ങളാൽ വലഞ്ഞിരിക്കുന്നവർക്ക് ആശ്വാസം നൽകുവാനുമായിട്ട് തിരുവിഷ്ടത്തോടെ അത്യുന്നതങ്ങളിലെ മഹിമാസനത്തിൽനിന്ന് നീ ഇറങ്ങി വന്ന് ദരിദ്രരും പാപികളും നിന്ദ്യരും അയോഗ്യരുമായ ഞങ്ങൾക്ക് ഇവയും ഇവയിലധികവും ചെയ്തു രക്ഷനൽകിയതിനാൽ നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. ആയിരമായിരങ്ങളായിട്ടും പതിനായിരം പതിനായിരങ്ങളായിട്ടും എന്നന്നേക്കും അളവില്ലാതെ നിനക്കു സ്തുതി. കുഷ്ഠരോഗം പിടിച്ചു നാറിയിരിക്കുന്ന അവസ്ഥയിൽനിന്ന് തിരുവചനത്താൽ നീ രക്ഷിച്ചിട്ടുള്ള ശെമഓന്റെ ഭവനത്തിൽ മഹാകരുണയേടുകൂടി നീ എഴുന്നള്ളി അവരോടു കൂടെ ഭക്ഷണത്തിനിരിക്കുമ്പോൾ കാമവികാരത്തിലും അശുദ്ധിയിലും പൂണ്ടുകിടന്ന ആ പാപിയായ സ്ത്രീ നിന്റെ കൃപകളെക്കുറിച്ചും ഏവർക്കും ചെയ്യുന്ന നിന്റെ സഹായങ്ങളെക്കുറിച്ചും നിന്റെ കരുണകളിൽ അഭയം പ്രാപിക്കുന്ന അശുദ്ധ സ്ത്രീകളോടുപോലും അറപ്പും വെറുപ്പുംകൂടാതെ നീ ദയവുചെയ്തതിനെക്കുറിച്ചും കേട്ടിട്ട് സത്യ അനുതാപത്തോടും തിളയ്ക്കുന്ന വിശ്വാസത്തോടും മേൽത്തരം തൈലത്തോടും കൂടെ ധൈര്യസമേതം നീ ഇരിക്കുന്നിടത്തേക്ക് ഓടി എത്തുകയും നിന്റെ കരുണയുടെ വാതിലിൽ ആശയോടെ മുട്ടിവിളിക്കുകയും അവളുടെ ശരീരം കൊണ്ട് സമ്പാദിച്ചിട്ടുള്ള അന്യായത്തിന്റെയും പാപത്തിന്റെയും ലാഭമെല്ലാം ലോകമൊക്കെയുടെയും പാപത്തെ വഹിപ്പാൻ പ്രാപ്തനായ

നിന്റെ മേൽ ചൊരിയുകയും നിന്റെ പരിശുദ്ധ തൃക്കാലുകളെ അവളുടെ അശുദ്ധ കൈകൊണ്ട് പിടിപ്പാനും അവളുടെ മലിന ചുണ്ടുകളാൽ ചുംബിപ്പാനും സങ്കടകരമായ കണ്ണു നീരുകളാൽ നനപ്പാനും തലമുടികൊണ്ട് തുവർത്തുവാനും അവൾക്കു പാപപരിഹാരം നൽകുവാനും നിനക്കു തിരുവി ഷ്ടമുണ്ടാവുകയും ചെയ്തുവല്ലൊ. കർത്താവേ! നിന്റെ തൃക്കൈകൾകൊണ്ട് സൃഷ്ടിച്ചുണ്ടാക്കിയിട്ടുള്ള ഞങ്ങളെ അവളെപ്പോലെ സാത്താൻ അടിമപ്പെടുത്തിയിരിക്കുന്നതിനെ നീ കാണണമേ. അവൻ ഞങ്ങളെ അശേഷം നശിപ്പിക്കാതെ നീ വിരോധിക്കണമേ. കാണാതെപോയ ആടുകൾക്കുവേണ്ടി വന്നവനായ നല്ല ഇടയാ! കാണാതെപോയിരിക്കുന്ന ആടു കളായ ഞങ്ങളെ നീ അന്വേഷിച്ച് കണ്ടുപിടിച്ച് ആ ഉപദ്രവി യായ മഹാചെന്നായയുടെ പല്ലുകളുടെ ഇടയിൽനിന്ന് നിന്റെ കരുണയാൽ ഞങ്ങളെ വിടുവിക്കണമേ. പക്ഷിക്കുഞ്ഞുങ്ങളെ അപഹരിക്കുന്ന പരുന്തായ വഞ്ചകന്റെ കെണിയിൽനിന്ന് ഞങ്ങളെ വീണ്ടെടുക്കണമേ. ഞങ്ങളെ നിന്റെ കൂട്ടിലെ പരമാർത്ഥമുള്ള മാടപ്രാവായിട്ടും നിന്റെ ഭവനത്തിലെ പാതിവ്രത്യമുള്ള ചെങ്ങാലിയായിട്ടും നിന്റെ ബലിപീഠ ത്തിന്റെ അരികെ വസിക്കുന്ന വാത്സല്യ പക്ഷിയായിട്ടും ആക്കിത്തീർക്കണമേ. പാപങ്ങളുടെയും കുറ്റങ്ങളുടെയും സമുദ്രത്തിൽ മുങ്ങിയിരിക്കുന്ന ഞങ്ങളെ ഉദ്ധരിക്കുകയും മലിനതകൾ നിറഞ്ഞ കുഴിയിൽ നിന്ന് ഞങ്ങളെ കരേറ്റു കയും ചെയ്യണമേ. അശുദ്ധരാകുന്ന ഞങ്ങളുടെമേൽ വെണ്മ യാകുന്ന നിന്റെ സോപ്പാകൊണ്ട് തളിച്ച് നിന്റെ വിശുദ്ധിയാൽ ഞങ്ങളെ ശുദ്ധീകരിക്കണമേ. എത്രയും വലുതായ ഞങ്ങ ളുടെ അനീതികളിൽനിന്ന് ഞങ്ങളെ നന്നായി കഴുകുകയും നിന്റെ കൃപ ഞങ്ങളുടെമേൽ ശക്തിപ്പെടുത്തുകയും



ചെയ്യണമേ. കർത്താവേ! ഇസ്രായേൽ കുലത്തിൽനിന്ന് കാണാതെപോയിരിക്കുന്ന ആടുകളെ തിരികെ കൊണ്ടുവ രുവാനായിട്ട് എഴുന്നള്ളിയെന്ന് കല്പിച്ചിട്ടുണ്ടല്ലൊ. വീണ്ടും 'വിളിപ്പിൻ ഞാൻ വിളികേൾക്കുമെന്നും' 'യാചിപ്പിൻ നിങ്ങൾക്കു ലഭിക്കുമെന്നും' 'അന്വേഷിപ്പിൻ കണ്ടെത്തു മെന്നും' നീ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. ഇതാ ഞങ്ങൾ നിന്റെ വാതിൽക്കൽ മുട്ടുന്നു. നിന്റെ കരുണയ്ക്കായിട്ട് നോക്കി പ്പാർക്കുന്നു. ഞങ്ങളെ ചെവിക്കൊള്ളുകയും ഞങ്ങളോടുത്ത രമരുളുകയും ചെയ്യണമേ. ഞങ്ങളുടെ നിലവിളിയെ കേൾക്ക ണമേ. ഞങ്ങളുടെ നെടുവീർപ്പുകളെയും അടിമത്തത്തെയും കാണണമേ. ഞങ്ങൾ ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഞങ്ങ ളോടു ക്ഷമിക്കണമേ. കർത്താവേ! ഞങ്ങളുടെ ശത്രു ഞങ്ങളെ തകർപ്പാൻ ഭാവിക്കുന്നു. ഞങ്ങളുടെ വൈരി ഞങ്ങളെ നശി പ്പിപ്പാൻ അതിതാൽപര്യത്തോടിരിക്കുന്നു. ഞങ്ങൾ നിന്റെ സന്നിധിയിൽനിന്ന് ലജ്ജയോടെ ഞങ്ങളുടെ നേരെ നിന്റെ ദർശനമില്ലാതെയും പിന്തിരിഞ്ഞുപോകുന്നതു കണ്ടിട്ട് ഞങ്ങളെക്കുറിച്ച് അവനു സന്തോഷിപ്പാൻ ഇടയാകരുതേ. അവന്റെ കെണികളിൽനിന്നും വലകളിൽനിന്നും ഞങ്ങൾ രക്ഷപ്രാപിക്കാതിരിക്കുന്നതു കണ്ടിട്ട് അവൻ ഞങ്ങളെ പരി ഹസിപ്പാൻ ഇടയാകരുതേ. അവന്റെ ബന്ധനങ്ങളെയും കെട്ടുകളെയും പൊട്ടിപ്പാൻ ഞങ്ങൾക്കു കഴിഞ്ഞില്ലെന്നു കണ്ടിട്ട് അവൻ ഞങ്ങളെക്കുറിച്ച് ചിരിപ്പാനിടയാകരുതേ. അവന്റെ നുകത്തിൻകീഴെ ഞങ്ങളെ ഇട്ടേക്കരുതേ. കാരു ണ്യവാനായ നിന്റെ അടുക്കലേക്കുള്ള ഞങ്ങളുടെ വരവി നെക്കുറിച്ച് അവൻ ഞങ്ങളെ കഠിനമായി കുറ്റപ്പെടുത്തു കയും രഹസ്യമായിട്ടും പരസ്യമായിട്ടും പലതും ഞങ്ങളെ അനുഭവിപ്പിക്കുകയും ചെയ്തു. ഞങ്ങൾ നിന്റെ അടുക്കൽ

വന്ന് നിന്നെ കാണാതിരിക്കത്തക്കവണ്ണം അവൻ ഞങ്ങളെ ഭയപ്പെടുത്തുകയും പരിഭ്രമിപ്പിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്തു. കർത്താവേ! നിന്റെ മനുഷ്യസ്നേഹം ഞങ്ങളുടെമേൽ ശക്തിപ്പെടുത്തണമേ. അവൻ ലജ്ജിക്കത്തക്കവണ്ണം നിന്റെ സത്യത്തിന്റെ മുദ്ര ഞങ്ങളുടെമേൽ പതിക്കണമേ. അവൻ കണ്ട് ഓടി ഒളിക്കത്തക്കവണ്ണം നിന്റെ ജീവനുള്ള അടയാളം ഞങ്ങളുടെമേൽ വരയ്ക്കണമേ. ഇനിയും അവൻ ഞങ്ങളുടെമേൽ അഹങ്കാരപ്പെടാതെ നിന്റെ ആട്ടിൻകൂട്ടത്തിൽ ഞങ്ങളെ ചേർക്കണമേ. ശക്തിഹീനരായ ഞങ്ങളെ ഇനിയും അവൻ പിടിച്ചുകൊണ്ടുപോകാതെ നിന്റെ തൊഴുത്തിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കണമേ. കർത്താവേ! ഞങ്ങൾ സകല അശുദ്ധിയിലും ഉരുണ്ടു മറിഞ്ഞു കിടക്കുന്ന മഹാപാപികളാകുന്നു. ഞങ്ങൾ അശുദ്ധമായിട്ട് നിന്റെ അടുക്കൽ വന്നതുപോലെ പുറപ്പെടുവാനിടവരാതെ ഞങ്ങളെ നീതിയും വിശുദ്ധിയുമുള്ളവരാക്കിത്തീർക്കണമേ. കർത്താവേ! നിന്നെ കണ്ടുമുട്ടിയവരെല്ലാവരും അവരവരുടെ വിശ്വാസംപോലെ നിന്നിൽനിന്ന് കരുണ പ്രാപിക്കുമാറാകണമേ. ഇതുമുതൽ എന്നേക്കും ഞങ്ങൾ നിനക്കുള്ളവരായിരിക്കുമാറാകണമേ. വാഴ്ത്തപ്പെട്ട നിന്റെ പിതാവിനെയും ജീവൻ നൽകുന്ന നിന്റെ റൂഹായെയും നിന്റെ പരിശുദ്ധ മാലാഖമാരെയും ഞങ്ങളിൽ സന്തോഷിപ്പിക്കണമേ. ദയവാനായ കർത്താവേ! ആ പാപിയായ സ്ത്രീയെപ്പോലെ സങ്കടമേറിയ കണ്ണുനീരുകളോടും നെടുവീർപ്പുകളോടും പൂർണ്ണവിശ്വാസത്തോടും വഞ്ചനയില്ലാത്ത സ്നേഹത്തോടും നിന്റെ തിരുമുമ്പാകെ സത്യമായി അനുതപിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. 'സ്ത്രീയേ, നീ പൊയ്ക്കൊള്ളുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നും



'നീ വളരെ സ്നേഹിച്ചതുകൊണ്ട് നിന്റെ മഹാപാപങ്ങൾ നിന്നോടു മോചിക്കപ്പെട്ടിരിക്കുന്നു' എന്നും നീ അവളോട് കല്പിച്ച സന്തോഷശബ്ദം കേൾപ്പാൻ ഞങ്ങളെയും യോഗ്യരാക്കണമേ. മഹാപാപങ്ങളുടെ മോചനത്താൽ അവളെപ്പോലെ സന്തോഷിച്ചാനന്ദിച്ചുകൊണ്ട് നിന്റെ അടുക്കൽനിന്ന് പുറപ്പെടുവാനും ഞങ്ങളോടുള്ള നിന്റെ സർവ്വകൃപകൾക്കും വേണ്ടി നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്തുതിച്ച് സ്തോത്രം ചെയ്വാനും ഞങ്ങൾക്കിടയാക്കുകയും ചെയ്യണമേ. ആമ്മീൻ.

### ദൈവകോപത്തിന്റെ കാലത്തു നടത്തുവാനുള്ള പ്രാർത്ഥന

അനീതികളെ ക്ഷമിക്കുന്നവനും അഴുക്കുകളെയും കറകളെയും നീക്കിവെടിപ്പാക്കുന്നവനും സർവ്വരോഗങ്ങളുടെയും വേദനകളുടെയും വൈദ്യനും സർവ്വശിക്ഷകളെയും കൃപയോടെ ഒഴിച്ചുകളഞ്ഞ് രക്ഷിക്കുന്നവനും സർവ്വശക്തനും കാരുണ്യവാനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ! മലിനരും പാപികളുമായ ഞങ്ങൾ നിന്റെ തിരുമുമ്പാകെ നിലവിളിച്ചപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങളെ നീ നശിപ്പിച്ചുകളയരുതേ. ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് വ്യസനമുള്ള ഹൃദയവും സത്യമുള്ള അനുതാപവും പരമാർത്ഥമുള്ള കണ്ണുനീരുകളും ഞങ്ങൾക്കു നൽകണമേ. സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ പാപമില്ലാത്തവൻ ഒരുത്തനുമില്ലല്ലോ. കുറ്റക്കാരായ ഞങ്ങളുടെ തെറ്റുകളെ നീ തൃക്കൺപാർക്കരുതേ. നിന്റെ തിരുവിഷ്ടത്തിന് കീഴ്പെട്ട് നിന്നെ പ്രസാദിപ്പിച്ചിട്ടുള്ളവരെക്കുറിച്ച് ഞങ്ങളോടു കൃപ ചെയ്യണമേ. മനുഷ്യനെ നീ ശിക്ഷിക്കുന്നതിന് അവൻ എന്തുള്ളു. ഞങ്ങൾ സാത്താന്റെ അടിമയിൽനിന്ന് രക്ഷപ്രാപിച്ചത്

ഞങ്ങളുടെ നീതിയാലല്ല, നിന്റെ കൃപയാലാണല്ലോ. ഇപ്പോഴും നിന്റെ കൃപയാലല്ലാതെ ഞങ്ങൾക്ക് വേറെ ആശ്രയമില്ല. കർത്താവേ! നിന്റെ തിരുവിലാവിൽനിന്ന് ഒഴുക്കിയിട്ടുള്ള രക്തത്താലും വെള്ളത്താലും രക്ഷപ്രാപിച്ചിരിക്കുന്ന നിന്റെ സൃഷ്ടിയോടും സ്വരൂപത്തോടും കൃപയുണ്ടാകണമേ. സങ്കടമുള്ള ഹൃദയത്തോടെ നിലവിളിക്കുന്ന ഞങ്ങളെ നീ ഉപേക്ഷിച്ചു തള്ളിക്കളയരുതേ. നീ ഞങ്ങളോടു കല്പിച്ച പ്രകാരം ഞങ്ങൾ നടക്കുകയും പ്രവർത്തിക്കുകയും ചെയ്തട്ടില്ലാത്തതുകൊണ്ട് ഞങ്ങൾക്ക് ഭവിച്ചതും ഭവിക്കുന്നതുമായ സകലത്തിനും ഞങ്ങൾ അർഹരാകുന്നു എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ കുറ്റക്കാരും അയോഗ്യരുമെങ്കിലും എന്നേക്കുമായിട്ട് ഞങ്ങളുടെ ശത്രുക്കളുടെ കൈകളിലേക്ക് ഞങ്ങളെ നീ വിട്ടുകൊടുക്കരുതേ. ലോകാവസാനത്തോളം ഞാൻ നിന്റെ കൂടെ ഇരിക്കുമെന്ന് നിന്റെ വിശുദ്ധ സഭയോടു നീ ചെയ്തിട്ടുള്ള വാഗ്ദത്തത്തെ ഞങ്ങളുടെ അക്രമങ്ങളും അതിക്രമങ്ങളും ഹേതുവായിട്ട് നീ മാറ്റിക്കളയരുതേ. ഞങ്ങളുടെ ദുഷ്ടതകളിൻപ്രകാരമല്ല നിന്റെ കരുണയിൻപ്രകാരം ഞങ്ങളോടു പ്രവർത്തിക്കണമേ. ഞങ്ങളുടെ മഹാപാപങ്ങൾ സ്വർഗ്ഗത്തോളം എത്തിയിരിക്കുന്നതുകൊണ്ട് നിങ്കലേക്കു നോക്കുവാൻപോലും ഞങ്ങൾക്കു ലജ്ജയാകുന്നു. കർത്താവേ! മണ്ണയന്മാർ തെറ്റാത്തവരല്ലല്ലോ. ജഡമയന്മാർ കുറ്റമറ്റവരുമല്ലല്ലോ. കാരുണ്യവാനായ കർത്താവേ! മത്സരക്കാരും അന്യരുമായ ദാസരെപ്പോലെയല്ല, സ്വന്തമക്കളെപ്പോലെ ഞങ്ങളെ ശിക്ഷിക്കണമേ. ഞെരുക്കവും ദുഃഖവും ഞങ്ങളെ പിടികൂടിയിരിക്കുന്നു. നീ അല്ലാതെ ഞങ്ങൾക്കു വേറെ സഹായമില്ലാത്തതുകൊണ്ട് ഞങ്ങളിൽനിന്ന് നീ ദൂരെ മാറിക്കളയരുതേ. ഞങ്ങളെ നാശക്കുഴിയിലേക്കു



തള്ളുവാനാഗ്രഹിക്കുന്ന ശത്രുക്കളെ നിന്റെ സ്ലീബായുടെ ശക്തിയാൽ നശിപ്പിക്കുകയും നീ ഞങ്ങളുടെ രക്ഷകനാകുന്നുവെന്ന് അവർക്കു വെളിപ്പെടുത്തുകയും ചെയ്യണമേ. നിന്റെ വിശുദ്ധ ആലയങ്ങളിൽ ഞങ്ങളുടെ പ്രാർത്ഥനാശബ്ദം മുഴങ്ങുമാറാകണമേ. കർത്താവേ! നിന്റെ സന്നിധിയിൽ ഞങ്ങളുടെ ഞെരുക്കങ്ങളെ വിവരിച്ചുകൊണ്ട് പ്രാർത്ഥിപ്പാൻ നിൽക്കുന്ന നിന്റെ അടിയാരായ ഞങ്ങളുടെ അടുക്കൽനിന്ന് കോപത്തോടെ നീ മാറിപ്പോകരുതേ. ഞങ്ങളുടെ ഭയങ്കര പാപങ്ങളുടെയും ദുഷ്ടതകളുടെയും വലിമയിലേക്ക് നീ സൂക്ഷിച്ചുനോക്കാതെ നിന്റെ കരുണയുടെ പനിനീർ ഞങ്ങളുടെമേൽ തളിച്ച് ഞങ്ങളെ രക്ഷിക്കണമേ. പരീക്ഷകളുടെ അഗ്നിച്ചൂളയിൽ കിടന്ന് എരിയുന്നവരായ ഞങ്ങൾക്ക് കരുണയുടെ ആശ്വാസം നൽകാതെ ഞങ്ങളെ വിട്ട് കടന്നുപോകരുതേ. കോപത്തോടും ക്രോധത്തോടും കൂടെ ഞങ്ങളെ ശിക്ഷിക്കരുതേ. പാപങ്ങളിൽ വൃദ്ധരായിരിക്കുന്ന ഞങ്ങളെ നീ പുതിയ സൃഷ്ടിയാക്കിത്തീർക്കണമേ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും ഞങ്ങളിൽ വന്നുപോയിട്ടുള്ള ആയിരക്കണക്കിലും പതിനായിരക്കണക്കിലുമുള്ള പാപങ്ങളെ നീ മായിച്ചുകളയണമേ. ഉത്തമവൈദ്യനെപ്പോലെ ഞങ്ങളുടെ വേദനകൾക്ക് ആശ്വാസം തരണമേ. ഞങ്ങളുടെ ആത്മരോഗങ്ങളെയും ജഡരോഗങ്ങളെയും നീ സൗഖ്യമാക്കണമേ. രോഗത്തിലുൾപ്പെടാത്തവരെ സൗഖ്യത്തിൽ കാത്തുകൊള്ളണമേ. വിധവകൾക്കു പുരുഷൻമാർക്കു പകരവും അനാഥർക്കു പിതാവിനു പകരവും നീ രക്ഷകനായിരിക്കണമേ. അടിമയിലിരിക്കുന്നവരെ സ്വാതന്ത്ര്യപ്പെടുത്തണമേ. വഴിയാത്രക്കാർക്ക് കൂട്ടായിരിക്കണമേ. സമുദ്രയാത്രക്കാർക്ക് നീ തുറമുഖമായിരിക്കണമേ.

ആകാശത്തിൽ സഞ്ചരിക്കുന്നവരെ കാത്തുകൊള്ളണമേ. ദുഃഖിച്ചും വിലപിച്ചും ഇരിക്കുന്നവർക്ക് നീ ആശ്വാസം കൊടുക്കണമേ. വിശന്നും ദാഹിച്ചും ഇരിക്കുന്നവരെ നീ പോഷിപ്പിച്ച് പുലർത്തണമേ. മുട്ടുള്ളവരുടെ മുട്ടു തീർക്കണമേ. കഠിനരും അവിശ്വാസികളും ദയയില്ലാത്തവരുമായ യജമാനന്മാരുടെ കീഴിൽ വലയുന്നവർക്ക് നീ സ്വാതന്ത്ര്യം കൊടുക്കണമേ. പിശാചുക്കളാൽ ഉപദ്രവിക്കപ്പെടുന്നവരെ നീ സ്വാതന്ത്ര്യപ്പെടുത്തി ആശ്വസിപ്പിക്കണമേ. ധനവാന്മാർക്കു മനുഷ്യപ്രീതിയും ദാനധർമ്മങ്ങളുടെ മനസ്സും സ്വസ്ഥതയും കൊടുക്കണമേ. ദരിദ്രരെ നീ ഭരിച്ചുനടത്തണമേ. ഞങ്ങളുടെ ഭരണക്കാർക്കു സത്യത്തിന്റെയും നീതിയുടെയും വഴി കാണിച്ചു കൊടുക്കണമേ. ഞങ്ങൾക്ക് അവരെ അനുസരിപ്പാനുള്ള ഹൃദയം നൽകണമേ. വിശുദ്ധ സഭയുടെ പ്രജകളായ ഞങ്ങളെല്ലാവരെയും നീ വാഴ്ത്തണമേ. ഞങ്ങളെ സമാധാനത്തിലും ഐക്യതയിലും സുഖത്തിലും ആശ്വാസത്തിലും സർവ്വ നീതിയിലും സ്ഥിരവിശ്വാസത്തിലും കാത്തുകൊള്ളണമേ. ഞങ്ങൾക്കു സമാധാനമുള്ള കാലങ്ങളും ശുഭവത്സരങ്ങളും സന്തോഷത്തിന്റെ മാസങ്ങളും അതാതുകാലത്ത് ക്രമപ്രകാരമുള്ള മഴയും വെയിലും ഭൂമിയിലെ വിളവുകളും തന്ന് രക്ഷിക്കണമേ. ഇടത്തൂട്ടുകളും വേദവിപരീതങ്ങളും പുറജാതികൾക്കടുത്ത പെരുമാറ്റങ്ങളും ഞങ്ങളിൽനിന്ന് വേരോടെ പറിച്ചുകളയണമേ. ഞങ്ങളെല്ലാവരെയും നിന്റെ പരിശുദ്ധ തിരുനാമത്തിനു കീഴ്പെടുത്തുകയും കറയില്ലാത്ത ദൈവിക ഉപദേശങ്ങളെ ഞങ്ങളിൽ ശോഭിപ്പിക്കുകയും നിത്യനന്മകൾക്കു ഞങ്ങളെ യോഗ്യരാക്കുകയും നിന്റെ പിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിന്നെ സ്തുതിപ്പാൻ ഞങ്ങൾക്കിടയാക്കുകയും ചെയ്യണമേ. ആമ്മീൻ.



**ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിനോടുള്ള ഒരു പ്രാർത്ഥന**

(ദൈവമാതാവിനോട് അപേക്ഷിച്ചാൽ ഒരിക്കലും പ്രതിഫലം ലഭിക്കാതിരിക്കയില്ലെന്ന് പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായ പറഞ്ഞിരിക്കുന്നു. പൂർവ്വപിതാക്കന്മാർ രോഗപീഡ, പിശാചുബാധ, ഞെരുക്കം, മനോവേദന മുതലായ സങ്കടനിവൃത്തിക്കും കാര്യസാദ്ധ്യങ്ങൾക്കും വേണ്ടി ദൈവമാതാവിനോടുള്ള ഈ പ്രാർത്ഥന നടത്തുക പതിവാണ്.)

പിതാവായ ദൈവത്തിന്റെ ഇഷ്ടപുത്രിയായ മാതാവേ! നിനക്കു സമാധാനം.

ദൈവപുത്രന്റെ മാതാവേ! നിനക്കു സമാധാനം.

പരിശുദ്ധ റൂഹായുടെ മണവാട്ടിയായ മാതാവേ!........

ദൈവത്തിന്റെ ആലയമായ മാതാവേ!........

പരിശുദ്ധ ത്രിത്വത്തിന്റെ ശോഭയുള്ള ശോശാന പുഷ്പമായ മാതാവേ!........

സ്വർഗ്ഗസേനകൾക്ക് അംഗീകാരയോഗ്യമായ പനിനീർ പുഷ്പമായ മാതാവേ!........

കന്യകമാരിൽ കന്യകയായ മാതാവേ!........

ബലമുള്ള കന്യകയായ മാതാവേ!........

വിനയം നിറഞ്ഞ മാതാവേ!........

സ്വർഗ്ഗീയ രാജാവു തിരുമനസ്സോടെ നിന്നിൽനിന്ന് ജനിക്കുകയും നിന്റെ മുലപ്പാൽ കുടിക്കുകയും ചെയ്ത മാതാവേ!........

സഹദേന്മാരുടെ രാജ്ഞിയായ മാതാവേ!........

കഷ്ടതകളാകുന്ന കത്തികൊണ്ട് കുത്തുകൊണ്ട മാതാവേ!........

സൃഷ്ടികളുടെ നാഥയും ഗുരുവുമായ മാതാവേ!........

ആകാശത്തിലും ഭൂമിയിലും കാര്യനിവൃത്തിക്കു പ്രാപ്തി ലഭിച്ചിരിക്കുന്ന മാതാവേ!........

എന്റെ ഹൃദയരാജ്ഞിയും ആശ്രയവും വഴിയുമായ മാതാവേ!........

വളരെ കരുണയുള്ള മാതാവേ!........

വിസ്മയിക്കത്തക്ക മാതാവേ!........

കൃപനിറഞ്ഞ മാതാവേ!........

കർത്താവ് നിന്നോടുകൂടെ; സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു.

നിന്റെ ഗർഭഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

നിനക്കു വിവാഹം നിശ്ചയിക്കപ്പെട്ട മാർ യൗസേപ്പ് അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

നിന്റെ പിതാവായ യൂയാക്കീം അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

നിന്റെ മാതാവായ ഹന്ന അനുഗ്രഹിക്കപ്പെട്ടവളാകുന്നു.

നിന്റെ പുത്രനായ മാർ യോഹന്നാൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

നിന്നോടറിയിച്ച മാർ ഗബ്രിയേൽ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

നിന്നെ തിരഞ്ഞെടുത്ത ആദ്യന്തമില്ലാത്ത പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

നിന്നെ സ്നേഹിച്ച നിന്റെ പുത്രനായ യേശുമിശിഹാ! വാഴ്ത്തപ്പെട്ടവനാകുന്നു.

നിന്നെ നിയമിച്ച പരിശുദ്ധ റൂഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

ഭാഗ്യമുള്ള കന്യകയായ മാതാവേ! നിന്നെ പ്രിയപ്പെടുന്ന എല്ലാ മനുഷ്യരും നിന്നെ പുകഴ്ത്തുന്നു.



നിത്യകന്യകയായ മാതാവേ! നിന്റെ വാത്സല്യപുത്രനോടുകൂടെ നീ ഞങ്ങളെ അനുഗ്രഹിക്കണമേ.

കൃപനിറഞ്ഞവളും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളും ദൈവമാതാവുമായ മർത്തമറിയാമേ! നിന്നോടു പ്രാർത്ഥിക്കുന്ന ഞങ്ങളെ നീ മറന്നുകളയരുതേ.

നിന്റെ പ്രാർത്ഥനമൂലം ഞങ്ങളും ഞങ്ങൾക്കുള്ള എല്ലാവരും ഞങ്ങളുടെ മരിച്ചുപോയവരും കരുണകൾക്കും പാപമോചനത്തിനും യോഗ്യരായിത്തീരുകയും ചെയ്യണമേ.

ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.........ഇത്യാദി

കൃപനിറഞ്ഞ മറിയമേ!............ഇത്യാദി.

(ഈ പ്രാർത്ഥന ഗർഭണികൾക്കും പ്രസവവേദനയിൽ ഇരിക്കുന്നവർക്കും കൊള്ളാം.)

**ദൈവമാതാവിനോടു വേറൊരു പ്രാർത്ഥന**

(ഇതും ടി. പ്രാർത്ഥനപോലെ ഉപയോഗിക്കാം.)

ഞങ്ങളുടെ മിശിഹാതമ്പുരാനേ! ഞങ്ങളെ ചെവിക്കൊള്ളണമേ. ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. സ്വർഗ്ഗീയ പിതാവായ ദൈവമേ! ഞങ്ങളോടു കരുണചെയ്യണമേ. ലോകരക്ഷിതാവായ പുത്രനാം ദൈവമേ! ഞങ്ങളോടു കരുണചെയ്യണമേ. പരിശുദ്ധാത്മാവാം ദൈവമേ! ഞങ്ങളോടു കരുണചെയ്യണമേ. ത്രിയേക ദൈവമേ! ഞങ്ങളോടു കരുണചെയ്യണമേ.

വിശുദ്ധ കന്യകയായ മർത്തമറിയാം മാതാവേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ ദൈവമാതാവേ! ഞങ്ങൾക്കുവേണ്ടി.........

കന്യകമാരിൽ കന്യകയായ വിശുദ്ധമാതാവേ! ഞങ്ങൾ......

ദൈവത്തെ പ്രസവിച്ച മാതാവേ! ഞങ്ങൾ......

ദൈവകൃപകൊണ്ട് ചുറ്റപ്പെട്ടിരിക്കുന്ന മാതാവേ! ഞങ്ങൾ......
എല്ലാവരിലും വെടിപ്പുള്ള മാതാവേ! ഞങ്ങൾ......
എല്ലാവരിലും പതിവ്രതയായ മാതാവേ! ഞങ്ങൾ......
പരമാർത്ഥതയുള്ള മാതാവേ! ഞങ്ങൾക്കുവേണ്ടി.........
അശുദ്ധപ്പെടാത്ത മാതാവേ! ഞങ്ങൾക്കുവേണ്ടി.........
വാത്സല്യമുള്ള മാതാവേ! ഞങ്ങൾക്കുവേണ്ടി.........
അതിശയിക്കത്തക്ക മാതാവേ! ഞങ്ങൾക്കുവേണ്ടി.........
സ്രഷ്ടാവിന്റെ മാതാവേ! ഞങ്ങൾക്കുവേണ്ടി.........
രക്ഷിതാവിന്റെ മാതാവേ! ഞങ്ങൾക്കുവേണ്ടി.........
ജ്ഞാനമുള്ള കന്യകയായ മാതാവേ! ഞങ്ങൾ......
വന്ദ്യകന്യകയായ മാതാവേ! ഞങ്ങൾ......
മഹത്വമുള്ള കന്യകയായ മാതാവേ! ഞങ്ങൾ......
ബലമുള്ള കന്യകയായ മാതാവേ! ഞങ്ങൾ......
ദയവുള്ള കന്യകയായ മാതാവേ! ഞങ്ങൾ......
വിശ്വസ്ത കന്യകയായ മാതാവേ! ഞങ്ങൾ......
നീതിയുടെ കണ്ണാടിയായ മാതാവേ! ഞങ്ങൾ......
ജ്ഞാനത്തിന്റെ സിംഹാസനമായ മാതാവേ! ഞങ്ങൾ......
ഞങ്ങളുടെ സന്തോഷകാരണമായ മാതാവേ! ഞങ്ങൾ......
ആത്മീയപാത്രമായ മാതാവേ! ഞങ്ങൾ......
വിലയേറിയ പാത്രമായ മാതാവേ! ഞങ്ങൾ......
സുകൃതജീവിതത്തിന്റെ പാത്രമായ മാതാവേ! ഞങ്ങൾ......
സ്നേഹത്തിന്റെ പാത്രമായ മാതാവേ! ഞങ്ങൾ......
ആനന്ദത്തിന്റെ പനിനീർപുഷ്പമായ മാതാവേ! ഞങ്ങൾ......
ദാവീദിന്റെ ഗോപുരമായ മാതാവേ! ഞങ്ങൾ......
സ്ഫടികഗോപുരമായ മാതാവേ! ഞങ്ങൾ......
സ്വർണ്ണഭവനമായ മാതാവേ! ഞങ്ങൾ......
സാക്ഷിയുടെ പെട്ടകമായ മാതാവേ! ഞങ്ങൾ......
സ്വർഗ്ഗത്തിന്റെ വാതിലായ മാതാവേ! ഞങ്ങൾ......



ഉദയനക്ഷത്രമായ മാതാവേ! ഞങ്ങൾക്കുവേണ്ടി.........
രോഗികളുടെ ഔഷധമായ മാതാവേ! ഞങ്ങൾ......
പാപികളുടെ സങ്കേതസ്ഥലമായ മാതാവേ! ഞങ്ങൾ......
വിലപിച്ചിരിക്കുന്നവരുടെ ആശ്വാസമായ മാതാവേ! ഞങ്ങൾ......
ഞെരുക്കത്തിലിരിക്കുന്നവരുടെ സന്തോഷമായ മാതാവേ! ഞങ്ങൾക്കുവേണ്ടി.........
ക്രിസ്ത്യാനികളുടെ സഹായമായ മാതാവേ! ഞങ്ങൾ......
മാലാഖമാരുടെ രാജ്ഞിയായ മാതാവേ! ഞങ്ങൾ......
വിശുദ്ധ പിതാക്കൻമാരുടെ രാജ്ഞിയായ മാതാവേ! ഞങ്ങൾക്കുവേണ്ടി.........
നിബിയന്മാരുടെ രാജ്ഞിയായ മാതാവേ! ഞങ്ങൾ......
സഹദേന്മാരുടെ രാജ്ഞിയായ മാതാവേ! ഞങ്ങൾ......
മൗദ്യാനന്മാരുടെ രാജ്ഞിയായ മാതാവേ! ഞങ്ങൾ......
കന്യകമാരുടെ രാജ്ഞിയായ മാതാവേ! ഞങ്ങൾ......
സകല പരിശുദ്ധന്മാരുടെയും രാജ്ഞിയായ മാതാവേ! ഞങ്ങൾ......

ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാടായ കർത്താവേ! ഞങ്ങൾക്ക് പാപമോചനം നൽകണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാടായ കർത്താവേ! ഞങ്ങളെ ചെവിക്കൊള്ളണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!..........

കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം......

**വൈദ്യന്മാരുടെ പ്രാർത്ഥന**

പ്രതിഫലം കൂടാതെ കരുണയോടെ മനുഷ്യമക്കളുടെ രോഗങ്ങളെ സൗഖ്യമാക്കുന്ന ഉത്തമവൈദ്യനും സർവ്വശക്തനും സകലത്തിന്റെയും ഉടയവനുമായ ഞങ്ങളുടെ

കർത്താവേശുമിശിഹാ! മരുന്നുകൾ കൂടാതെ വാക്കു കൊണ്ടും സ്പർശനം കൊണ്ടും രോഗങ്ങളെ സുഖപ്പെടുത്തുന്നവൻ നീയാകുന്നുവല്ലൊ. നിന്റെ കൃപാദാനങ്ങളാൽ മനുഷ്യമക്കൾ രോഗങ്ങളെ സുഖപ്പെടുത്തുവാൻ നിന്റെ ശക്തി നിറഞ്ഞിരിക്കുന്ന ഓരോരോ മരുന്നുകൾ നീ കല്പിച്ച് നിയമിക്കുകയും അവയെക്കുറിച്ചുള്ള അറിവ് ചിലർക്ക് കൊടുപ്പാൻ തിരുമനസ്സാകുകയും അങ്ങനെയുള്ളവർക്ക് വൈദ്യന്മാരെന്ന് നീ പേരു കൊടുക്കുകയും ചെയ്തിരിക്കുന്നതിനാൽ മരുന്നുകൾ പ്രയോഗിച്ച് രോഗങ്ങൾക്ക് ശമനം വരുത്തുന്നത് നിന്റെ തിരുവിഷ്ടത്തിന് വിപരീതമല്ലെന്ന് ഞങ്ങൾ അറിയുന്നു. നിന്റെ കൃപയാൽ വൈദ്യത്തിന്റെ വരം നീ നൽകിയിരിക്കുന്ന വൈദ്യന്മാരിൽനിന്ന് ഞങ്ങൾ പഠിച്ചിരിക്കുന്ന പ്രകാരം ഇപ്പോൾ ഞാൻ പ്രയോഗിക്കുന്ന ഔഷധങ്ങൾ രോഗശമനത്തിന് ഉതുകുന്നവയായിത്തീരുവാൻ കൃപയുണ്ടാകണമേ. എന്റെ പാപങ്ങൾ നിമിത്തമായിട്ട് ഞാൻ ഉപയോഗിക്കുന്ന മരുന്നുകളിൽനിന്ന് അതിന്റെ ശക്തിയെ നീ മാറ്റിക്കളയരുതേ. ഈ രോഗം സംബന്ധിച്ച് നിന്റെ അടിയാനായ ഞാൻ വിചാരിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമായ സകലവും രോഗത്തിന് വിപരീതമായി ഭവിക്കാതെ നിന്റെ കൃപ എനിക്ക് കൂട്ടായിരിക്കണമേ. ഞാൻ എന്നിലും എന്റെ അറിവിലും അല്ല, നിന്റെ മഹാകരുണയിലും സർവ്വശക്തിയിലും മാത്രം ആശ്രയിക്കുന്നതുകൊണ്ട് ഞാൻ ചെയ്യുന്ന ഔഷധങ്ങൾ മൂലം രോഗി സുഖപ്പെട്ടിട്ട് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും ഇടവിടാതെ സ്തുതിച്ച് സ്തോത്രം ചെയ്യുവാൻ ഇടയാക്കുകയും ചെയ്യണമേ. ആമ്മീൻ.



**മാറാനായസ്ക്കൂൾ (ഞായറാഴ്ചസ്ക്കൂൾ)**
**വേദപാഠം ആരംഭിക്കുമ്പോൾ പ്രാർത്ഥന**

കർത്താവേ! നിന്റെ അടിയാരായ ഞങ്ങൾ ജീവനുള്ള നിന്റെ വചനങ്ങളെ ആചരിപ്പാൻ കൃപയരുളണമേ. നിന്റെ വേദപ്രമാണത്തിലടങ്ങിയിരിക്കുന്ന അത്ഭുതകാര്യങ്ങളെ കാണുവാൻ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കുകയും ചെയ്യണമേ. ആമ്മീൻ.

**ടി അവസാനിക്കുമ്പോൾ**

കർത്താവേ! നിന്റെ വേദപ്രമാണങ്ങളിൽനിന്ന് ഞങ്ങൾ അറിയുകയും പഠിക്കുകയും ചെയ്തിട്ടുള്ള ജീവവചനങ്ങൾ മറന്നുപോകാതിരിപ്പാൻ നീ ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മീൻ.

**ഭക്ഷണത്തിനുവേണ്ടി ആട്, മാട്, കോഴി**
**മുതലായവയെ അറക്കുമ്പോൾ പ്രാർത്ഥന**

ജീവനുള്ള ദൈവത്തിന്റെ തിരുനാമത്തിൽ (എന്നു പറഞ്ഞുകൊണ്ട് ചെയ്യണം.)

മേൽപ്പട്ടക്കാരുടെയും പട്ടക്കാരുടെയും അതായത് വിശുദ്ധ കുർബാന അനുഷ്ഠിക്കുന്ന എല്ലാവരുടെയും കൈകൾ അവരവരുടെ കീഴിലുള്ളവർ മുത്തേണ്ടതും ശെമ്മാശ്ശൻമാരോട് അത്മേനികൾ ഹസ്തൂരി വാങ്ങേണ്ടതും അവർ തമ്മിൽ തമ്മിൽ ഹസ്തൂരി കൊടുക്കേണ്ടതും ആകുന്നു.

## കൈമുത്തുമ്പോഴും, അടിയന്തിരങ്ങൾക്ക് ഹസ്തൂരി കൊടുക്കുമ്പോഴും പ്രാർത്ഥന

ബാറെക്മോർ എന്ന് പറയണം.
സമന്മാർ തമ്മിൽ ഹസ്തൂരി വാങ്ങുമ്പോൾ.
ശ്ലോമ്മൊ ആമോഖ് (താങ്കൾക്കു സമാധാനം ഉണ്ടായിരിക്കട്ടെ എന്നർത്ഥം.)
ഇതുതന്നെ മറുപടിയായിട്ടും പറയണം.

## നാലാം ഭാഗം

### ഉറക്കസമയത്തേക്കുള്ള ഒരു പ്രത്യേക
### സൂത്താറാ പ്രാർത്ഥന

(സന്ധ്യാപ്രാർത്ഥനയോടുകൂടി സൂത്താറാപ്രാർത്ഥന കൂടെ കഴിച്ചതിന്റെ ശേഷം ഉറങ്ങുവാൻ പോകുന്ന സമയത്ത് സൂത്താറാപ്രാർത്ഥന വീണ്ടും കഴിക്കുകയാണെങ്കിൽ താഴെ കാണുന്ന പ്രകാരം ചൊല്ലേണ്ടിയിരിക്കുന്നു.)

ആരംഭവും, ദൈവമേ! നീ പരിശുദ്ധനാകുന്നു..............
ഇത്യാദി കൗമായും ചൊല്ലിയതിന്റെ ശേഷം.

**കോലോകൾ**

(കാഴ്ചയതിൽ കർത്താവേ! നിൻ- എന്ന മട്ടിൽ)

അൻപുടയോനേ! നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ. ബാറെക്മോർ

നിന്നെ വിളിക്കുന്നേ നാഥാ!
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ! കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ. മൊറിയൊ........

**മാർ ബാലായിയുടെ ബോവൂസൊ**

(മാതാവു യാചിക്കും- എന്ന മട്ടിൽ)
ദുഷ്ടൻമാരിൽ കാരുണ്യം പൂണ്ടോനേ!
കാരുണ്യം ചെയ്നിൻ ന്യായത്തീർപ്പിൻനാൾ



ദുഃഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ

സ്വർഗ്ഗസ്ഥൻ താതാ! പ്രാർത്ഥിക്കുന്നയ്യോ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

വിണ്ണവർതൻ നാഥാ! മണ്മയരാശയുമേ!
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

**മാർ അപ്രേമിന്റെ മെമ്രാ**

കർത്താവേ! കൃപചെയ്യണമേ
പ്രാർത്ഥന നീ കൈക്കൊള്ളണമേ
നിൻ ദയവും നിൻ മോചനവും
നിന്നറയിൽ നിന്നേകണമേ.

എന്നുടയോനേ! സന്നിധിയിൽ
നിദ്രതെളിഞ്ഞിന്നീയടിയാൻ
വന്നുണർവോടെ നില്പതിനായ്
ഉന്നതനേ നീ കൃപ ചെയ്ക.

പിന്നെയുമീനിന്നടിയാൻ ഞാൻ
നിദ്രയിലായെന്നാകിലുമേ
എന്റെയുറക്കം സന്നിധിയിൽ
ദോഷം കൂടാതാകണമേ.

തിന്മകൾ ഞാനുണർവിൽ ചെയ്താൽ
നന്മയൊടൊക്കെപ്പോക്കുക നീ
നിദ്രയിൽ ഞാൻ പിഴചെയ്തെങ്കിൽ
നിൻ ദയ മോചിച്ചീടണമേ.

താഴ്മയെഴും നിൻ കുരിശാലെ
നല്ലയുറക്കം നൽകണമേ.
മായകൾ ദുഃസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതേ.

ഇന്നുസമാധാനം നിറയും
നിദ്രയോടെന്നെ കാക്കുക നീ
എന്നിലസത്തും ദുർന്നിനവും
വന്നധികാരം ചെയ്യരുതേ.

നിന്നടിയാൻ ഞാനെന്നതിനാൽ
എന്നുടലിന്നും കാവലിനായ്
നിൻ വെളിവിന്റെ ദൂതനെ നീ
എന്നരികത്താക്കീടണമേ.

യേശുവേ! ജീവനിരിക്കും നിൻ
ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ
ചിത്തമതിൽ തോന്നീടരുതേ.

രാവിലുറങ്ങുമ്പോഴരികിൽ
കാവലെനിക്കായ്ത്തിരുരക്തം
നിന്നുടെ രൂപത്തിന്നുസദാ
നീ വിടുതൽ തന്നീടണമേ.

നിൻകൈ മനഞ്ഞോരെന്നുടലിൽ
നിന്റെ വലങ്കൈയാകണമേ
നിൻകൃപചുറ്റും കോട്ടയുമായ്
കാവലതായും തീരണമേ.



അംഗമടങ്ങും നിദ്രയതിൽ
നിൻബലമെന്നെ കാക്കണമേ.
എന്റെയുറക്കം നിന്നരികിൽ
ധൂപം പോലെയുമാകണമേ.

അമ്പൊടു നിന്നെ പ്രസവിച്ചൊ-
രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻശയനത്തിൻമേൽ രാവിൽ
ദുഷ്ടനടുക്കാറാകരുതെ.

എൻദുരിതത്തിൻ പരിഹാരം
നൽകിയ നിന്റെ ബലിയാലെ
എന്നെ ഞെരുക്കീടാതെ മഹാ
ദുഷ്ടനെ നീ മാറ്റീടണമേ.

നിന്നുടെ വാഗ്ദാനം കൃപയാൽ
എങ്കലഹോ നീ നിറവേറ്റി
നിൻകുരിശാലെൻ ജീവനെ നീ
മംഗലമോടും കാക്കണമേ.

ഏറിയൊരെന്റെ ഹീനതയിൽ
പ്രീതിയെ നീ കാണിച്ചതിനാൽ
ഞാനുണരുമ്പോൾ നിൻകൃപയെ
ഓർത്തു പുകഴ്ത്താറാകണമേ.

നിന്തിരുവിഷ്ടം നിന്നടിയാൻ
അമ്പിലറിഞ്ഞായതുപോലെ
തന്നെനടപ്പാൻ നിൻകൃപയാൽ
എന്നിൽ നിത്യം കൃപചെയ്ക.

നൻമനിറഞ്ഞോരന്തിയെയും
നൻമവിളങ്ങും രാവിനെയും
എന്നുടയോനാം മിശിഹായേ!
നിന്നടിയങ്ങൾക്കേകണമേ.

സത്യവെളിച്ചം നീ പരനേ!
നിന്റെ മഹത്വം വെളിവിൽത്താൻ
നൽവെളിവിൻ സുതരായവരും
നിൻമഹിമയ്ക്കായ് സ്തുതിപാടും.

മാനവരക്ഷകനേ! സ്തുതിനിൻ
ദാസരിലെന്നും നിൻകൃപയെ
ഈയുലകിൽ നീയെന്നതുപോൽ
ആലോകത്തിലുമേകണമേ.

എന്നുടയോനേ! സ്തുതി നൽകീ-
ടുന്നുനിനക്കെൻ രക്ഷകനേ
ആയിരമോടൊത്തായിരമായ്
യേശുവേ! നിന്നെ സ്തുതിപാടും.

(ദിവ്യജനത്തിന്നുടയോനേ!
ദിവ്യജനം വാഴ്ത്തുന്നവനേ!
കീർത്തനമോതീടുന്നവരിൻ
പ്രാർത്ഥനയെ കൈക്കൊള്ളണമേ.

യാവനൊരുത്തൻ മൂവരുമായ്
മൂവരതൊന്നായും മരുവും
താതസുതാശ്വാസപ്രദനാം
സത്യപരന്നായ് സ്തുതിനിത്യം.



ഹീനരുടെയീ പ്രാർത്ഥനയും
പാപികൾ തൻകണ്ണീരുകളും
ആദ്യഫലത്തിൻ കാഴ്ചകൾപോൽ
ഏൽക്കുമവന്നായ് സ്തുതിയെന്നും.

വാനവരെന്നും സ്തുതിയാലെ
നിന്നു പുകഴ്ത്തീടുന്നവനെ
പൂഴികളായീടുന്നവരും
നിൻമഹിമയ്ക്കായ് സ്തുതിപാടും.

താതസുതാശ്വാസപ്രദനാം
ഏകപരൻതൻ തിരുമുമ്പിൽ
ദോഷമകന്നോരറിവോടെ
പാടുക നാം സങ്കീർത്തനവും.

കൊല്ലുന്നൊരു നഞ്ചായവയാം
വെള്ളികൾ പൊന്നും നേടരുതെ
നല്ലനുനിന്നിൽ പ്രീതിവരാൻ
നല്ലുപദേശം നേടുക നീ.

നാൽപ്പതുനോമ്പോടഗതിക്കാർ-
ക്കപ്പവുമേകിപ്പോറ്റുക നീ
മന്നവനീശായ് സുതനെപ്പോ-
ലേഴുകുറി പ്രാർത്ഥിച്ചിടുക.

മോശയുമേലിയായുമവർ
നോറ്റുപവാസം നാൽപ്പതുനാൾ
യേശുവുമീനോമ്പേറ്റതിനാൽ
നാശകനെ തോൽപ്പിച്ചുടനെ.

വൻകടലിൽനിന്നേറിയനൽ
യൗനാനിബിയാ പ്രാർത്ഥനയാൽ
ഈയടിയാർക്കും നിൻകൃപയിൻ
വാതിൽ തുറക്കാറാകണമേ.

സിംഹഗണത്തിൻ കുഴിയിൽ നി-
ന്നേറിയ ദാനീയേലിനുടെ
പ്രാർത്ഥനയാലെ നിൻകൃപയിൻ
വാതിൽ തുറക്കാറാകണമേ.

തീക്കുഴിതന്നിൽ നിന്നരികെ
വന്നശിശുപ്രാർത്ഥനയാലെ
ഈയടിയാർക്കും നിൻകൃപയിൻ
വാതിൽ തുറക്കാറാകണമേ.)

പ്രാർത്ഥനയെ കേൾക്കുന്നവനേ!
യാചനയെ നൽകുന്നവനേ!
പ്രാർത്ഥനകേട്ടീദാസരുടെ
യാചനയെ നൽകീടണമേ.

കുറിയേ......കുറിയേ......കുറിയേ......

(ബ്രാക്കറ്റിൽ ഇട്ടിരിക്കുന്ന നിറുത്തുകൾ മൂന്നുനോമ്പിലും വലിയ നോമ്പിലും മാത്രം സൂത്താറാ പ്രാർത്ഥനയ്ക്കുപയോഗിച്ചാൽ മതി.)

**4-ാം മസുമൂറാ**

(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ഈ മസുമൂറാ രണ്ടുപേർ മാത്രം ഓരോ നിറുത്ത് മാറി ചൊല്ലേണ്ടതാകുന്നു.)

ബാറെക്മോർ. എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമായുള്ളോവേ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോടുത്തരമരുളിച്ചെയ്തു.



ബാറെക്മോർ. എന്റെ ഞെരുക്കങ്ങളിൽ എന്നെ നീ ആശ്വസിപ്പിച്ചു. നീ എന്നോടു കരുണചെയ്ത് എന്റെ പ്രാർത്ഥനയെ കേൾക്കണമേ.

മനുഷ്യപുത്രന്മാരേ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും വ്യർത്ഥത്തെ സ്നേഹിക്കുകയും വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു, എന്നേക്കുമായിട്ടൊ.

കർത്താവ് അത്ഭുതത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ തനിക്കായിട്ട് വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ. ഞാൻ കർത്താവിനെ വിളിക്കുമ്പോൾ അവൻ കേൾക്കും.

നിങ്ങൾ കോപിപ്പിൻ പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ പറയുകയും നിങ്ങളുടെ കിടക്കകളിൻമേൽ വിചാരിക്കുകയും ചെയ്വിൻ.

നിങ്ങൾ നീതിയുടെ ബലികളെ കഴിച്ച് കർത്താവിൽ ആശ്രയിപ്പിൻ.

നല്ലവനെ നമുക്ക് ആര് കാണിച്ചുതരുമെന്നും അവന്റെ മുഖപ്രകാശത്തെ നമ്മുടെമേൽ വിരിക്കട്ടെയെന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ! അവരുടെ ഗോതമ്പും വീഞ്ഞും എണ്ണയും ഒരുമിച്ച് സമാധാനത്തോടെ വർദ്ധിച്ച കാലത്തേക്കാൾ എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

ഞാൻ കിടന്നുറങ്ങും എന്തെന്നാൽ കർത്താവേ! നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ. മെനഓലം വാദാമൊല്ഓലം ഒൽമ്മീനാമ്മീൻ.

## പ്രാർത്ഥന

മഹോന്നതന്റെ മറയിൽ ഇരിക്കുന്ന (ഇത്യാദി 17-ാം വശത്ത്.)

കർത്താവിന്റെ ബഹുമാനം........ഇത്യാദി കൗമാ.

വിശ്വാസപ്രമാണം 19-ാം വശത്ത്.

അന്ത്യം 21-ാം വശത്ത്.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.......

കൃപനിറഞ്ഞ മറിയാമേ!.......ഇത്യാദി.

## യേശുനുഹറൊ

### (അനുതാപത്തിന്റെ)

(മാർ യാക്കോബിന്റെ മട്ടിൽ)

(അതായത് റീശൈകൊഹനെ എന്ന രീതി)

തന്നുദയത്താൽ ലോകത്തിനു വെളിവേകിയൊരീശോ!
എന്നുടെ കൺകൾ കാണാത്തതിനാൽ വെളിവേകണമേ
ഇരന്നീടാതെയിരുട്ടിലുദിച്ചൊരു വെളിവായോവേ!
ഇരുളാമെന്റെ ഉൾക്കണ്ണുകളെ തെളിയിക്കണമേ.

മരണനുകത്തെയുടച്ചുതകർത്ത പരാക്രമനേ! നീ
സാത്താനെന്നെപൂട്ടിയനുകത്തെ തകർത്തീടണമെ.
ഭാഗ്യമെഴുന്നവയറ്റിൽ ജനിച്ച പിതാവിൻകതിരേ!
നിൻകതിരെന്നിൽ ചേർത്തെൻദുരിതം മായിക്കണമേ.

തിരുവചനത്താൽ കുഷ്ഠമകറ്റിയ കർത്താവേ! നീ
എന്നാത്മാവേ! ഞെരുക്കും കുഷ്ഠമകറ്റീടണമേ.
പിറവിക്കുരുടനു കൺകൾതുറന്നിഹകാഴ്ചകൊടുത്ത
കരുണാകരനാം സ്രഷ്ടാവേ! നീയിതുപോലിപ്പോൾ.



ദുരിതവ്യാധി പിടിച്ചുനശിച്ചോരെന്നുൾകൺകൾ-
ക്കലിവോടെ നീ നല്ല വെളിച്ചം നൽകീടണമേ.
തളർന്നോൻ കട്ടിലെടുത്തുനടപ്പാനരുൾ ചെയ്തവനേ!
വളരെ പിഴയാൽ തളരുമെനിക്കു ബലമേകണമേ.

സാത്താൻ തന്നുടെവലയിൽപ്പെട്ട് വലഞ്ഞയ്യോ ഞാൻ
രക്ഷപെടാനാകണ്ണികളെ നീ പൊട്ടിക്കണമേ.
ഈ ലോകത്തിൻ മോഹംമൂലമലഞ്ഞിടുമെന്നെ
ചേലൊടുനിന്റെ വഴിക്കുനടപ്പാൻ തിരിപ്പിക്കണമേ.

മായാകടലിന്നോളങ്ങളിൽ ഞാനലയുന്നയ്യോ
തൃക്കൈനീട്ടിക്കരയേറ്റീടണമീയടിയാനെ
കടലോളത്തിൽ പത്രോസിനു കൈനീട്ടിയ നാഥാ!
പാപക്കടലിൽ മുങ്ങുന്നെന്നെ കൈവെടിയല്ലേ.

കൂനിനടന്നൊരു നാരിയെ നേർക്കു നടത്തിയ നാഥാ!
പാപച്ചുമടാൽ കൂനിയൊരെന്നെ നിവർത്തീടണമേ.
ജീവൻ നൽകും വെള്ളം ഞാനാണെന്റെയടുക്കൽ
ദാഹമെഴുന്നോൻ വന്നുകുടിക്കെന്നരുൾചെയ്തവനേ!

പൊരിയും ലോകം തന്നിൽ ദാഹിച്ചുഴലുന്നെന്നെ
ഉയിരേകും നിന്നുറവയിൽനിന്നു കുടിപ്പിക്കണമേ.
കുടിപ്പാൻ വെള്ളം ശമറൈത്തായോടു ചോദിച്ചവനേ!
ജീവൻ നിറയും വെള്ളമവൾക്കു കൊടുത്തവനേ! നീ

കൃപയാലിപ്പോളീയടിയാനെയുമവളെപ്പോലെ
നിന്നരികത്തേക്കാകർഷിച്ചു തുണച്ചീടണമേ.
സ്വയമീയടിയാൻ നിന്നെ മറുത്തുനടന്നീശോ!
ദയയാലെന്നെകൈവെടിയാതെ കാത്തീടണമേ.

വനമദ്ധ്യത്തിലനേകായിരമാൾകളെയൊരുപോലെ
തെല്ലപ്പം കൊണ്ടമ്പൊടു തീറ്റിനിറച്ചവനേ! നീ
ജീവൻ നൽകും നിന്തിരുമേശയിൽ നിന്നുടയോനേ!
കൃപയൊടു തീറ്റിട്ടെന്റെ വിശപ്പും തീർത്തീടണമേ.

ക്നാനൈത്തായെ നായെന്നുവിളിച്ചവളുടെ മകളെ
പീഡിപ്പിച്ച പിശാചിൽനിന്നും രക്ഷിച്ചവനേ!
നിൻമകനാകാൻ യോഗ്യതയില്ലാത്തവനാമെന്നെ
നീയൊരുനായെപ്പോലെങ്കിലുമിങ്ങോർത്തീടണമേ.

നിൻമേശയിലെയപ്പനുറുക്കിന്നുഛിഷ്ടത്തെ
നിന്നടിയാനാദരവൊടു തിന്നുപജീവിക്കട്ടെ.
രക്തസ്രാവം പിടിപെട്ടവളെ രക്ഷിച്ചവനേ!
പാപസ്രാവം തീർത്തടിയാനും തുണചെയ്യണമേ.

യൂവോറോശിന്നോമന മകളെയുയർപ്പിച്ചവനേ!
ദുഷ്ടൻതോൽപ്പാൻ വീഴ്ചയിൽ നിന്നെഴുന്നേൽപ്പിക്കെന്നെ
മരണമടഞ്ഞുടലഴുകിപ്പോയൊരുതൻ സ്നേഹിതനാം
ലാസറിനെച്ചെന്നുയിർപ്പിച്ചോരെൻ കർത്താവേ! നീ

പാപംമൂലം മൃതനായഴുകിപ്പോയോരെന്നെ
മരണസ്ഥിതിയിൽ നിന്നൻപോടെയുയിർപ്പിക്കണമേ
നിന്ദ്യമതായൊരു കഴുതക്കുട്ടിയെ സെഹിയോൻ തെരുവിൽ
വാഹനമാക്കിയെഴുന്നള്ളിയൊരത്യുന്നത പുത്രാ!

മഹിമയെഴും തിരുമുമ്പിൽ വിരിപ്പാനുതകുന്നവയാം
വെണ്മകലർന്നൊരു വസ്ത്രങ്ങളെ നീ നൽകീടണമേ.
ഉന്നതപദവിയിൽ നിന്നെൻപിഴപരമെന്നെത്താഴ്ത്തി
എൻപാപത്തിന്നാഴത്തിൽ ഞാൻ മുഴുകുന്നയ്യോ.



സ്നേഹത്താൽശമറായെൻതാനെന്നൊരു പേർകൈക്കൊ-
ണ്ടാദാമിൻ മുറിവുകളെക്കെട്ടിപ്പൊറുപ്പിച്ചവനേ!
നീയെന്നെയുടുപ്പിച്ചോരങ്കിയെ ദുഷ്ടനുരിഞ്ഞാൽ
നിൻസ്നേഹം നെയ്തുള്ളോരങ്കിയെനിക്കേകണമേ.

ദുഷ്ടൻമാരാം കള്ളൻമാരെന്നെ പിടികൂടി
തല്ലിയടിച്ചും മുറിവേൽപ്പിച്ചും വസ്ത്രമുരിഞ്ഞും
അയ്യോ എന്നെ മരിച്ചവനെപ്പോലാക്കിത്തീർത്തു
പങ്കപ്പാടേറ്റെഴുന്നേൽപ്പാനും വശമില്ലയ്യോ.

പുണ്യമെഴും നിൻ തൃക്കൈയാലെൻ മുറിവുകൾകെട്ടി
ദണ്ഡനമേറ്റൊരു പാടുകളെല്ലാം സുഖമാക്കണമേ.
കാണാതായോരാടിനെ നോക്കി പുറപ്പെട്ടവനേ!
ദീനർക്കായ്ഞാൻ വന്നെന്നിങ്ങരുൾചെയ്തവനേ!

നിൻതൃത്തോളിൻമേലടിയാനെ വഹിച്ചൻപോടെ
നിന്റെ പിതാവിൻ ഗൃഹമതിലെന്നെകയറ്റീടണമേ.
ന്യായാധിപനാൽ ചോദ്യം ചെയ്യപ്പെട്ടവനേ! നീ-
യെഴുന്നള്ളുമ്പോൾ നാണിപ്പിക്കൊല്ലന്നടിയാനേ.

ആത്മവ്യാധിനിമിത്തം മറ്റുള്ളവരൊക്കെക്കാൾ
ഞാനധികം ദുർബലനായമരുന്നതിനാൽ നാഥാ!
നിന്റെ മഹത്തേറിയ ശക്തിയുമാവൈദ്യവുമിപ്പോൾ
അൻപാലെ നീ നിന്നടിയാനിൽ ഫലിപ്പിക്കണമേ.

നിന്നുടെപാപം സർവ്വവുമിന്നു പൊറുത്തന്നൻപാൽ
അന്നൊരുവേശ്യാസ്ത്രീയൊടു നേരിട്ടരുൾ ചെയ്തോനേ!
നിന്നുടെവാതിൽ മുട്ടിവിളിക്കുന്നീയടിയാന്റെ
ഉന്നതതരമാം പാപങ്ങളെയും മോചിക്കണമേ.

കുരിശതിൽനിന്നും ദാഹിക്കുന്നെന്നരുൾചെയ്തവനേ!
എരിതീതന്നിൽ പൊരിവാനെന്നെ കൈവെടിയല്ലേ
'ഇന്നെൻകൂടെ പറുദൈസായിലിരുന്നിടുമെന്ന്'
വലതുവശത്തെ കള്ളനൊടന്നങ്ങരുൾ ചെയ്തോനേ!

നിൻതാതന്റെ മഹത്വമൊടെ നീയെഴുന്നള്ളുമ്പോൾ
നിന്നടിയാനെയുമന്നലിവാലെ നീയോർക്കണമേ.
നിന്തിരുമുമ്പിൽ കുറ്റം ചെയ്തോനനവരതം ഞാൻ
നിൻമകനെന്നുള്ളൊരുപേരിനുമയോഗ്യനഹൊ ഞാൻ.

നിന്നുടെ ഭവനം തന്നിൽ താഴ്ന്നൊരു വേലക്കാരൻ
തന്നൊടുസമമായെങ്കിലുമെന്നെ കൈക്കൊള്ളണമേ.
നരർ തൻനടുവിൽപ്പെട്ടൊരു മാനിൻതൊലിയുരിയുമ്പോൾ
സുഖമൊടുമേവും പക്ഷിയുടെചിറകരിയുന്നതുപോൽ

വൈരികളെന്നുടെ വേഗതയേറും ചിറകുകളേയും
ചാരുതയേറും തൂവൽകളേയും ഛേദിച്ചല്ലോ
കർത്താവേ! നിന്നടിയാനതിനാൽ ഭൂമിയിലിപ്പോൾ
ആർത്തിയൊടൊരുപാമ്പെന്നതുപോലെ ഇഴയുന്നയ്യോ.

ഏറിയൊരെന്റെ ജീവിതകാലത്തൊരു നാഴികയും
തിരുവിഷ്ടംചെയ്വാൻ വിനിയോഗിച്ചതുമില്ലല്ലൊ
എൻസോദരരേ! നിങ്ങളെനിക്കായ് പ്രാർത്ഥിക്കണമേ.
പാപംചെയ്തെൻ കർത്താവെ! ഞാൻ കോപിപ്പിച്ചേൻ.

സ്വർഗ്ഗീയപിതാവിൻ സ്നേഹത്തെയുപേക്ഷിച്ചയ്യൊ
ലൗകികമോദങ്ങളെ ഞാനേറ്റം സ്നേഹിച്ചല്ലൊ
ആലോകത്തിന്നാനന്ദത്തെ നിരസിച്ചയ്യൊ
ഈലോകത്തിന്നിമ്പങ്ങളെ ഞാൻ സ്നേഹിച്ചല്ലൊ.



അഴിവില്ലാത്തൊരുരാജ്യത്തെ ഞാൻ നിന്ദിച്ചയ്യോ
അഴിയും ലൗകികസമ്പാദ്യങ്ങളെ മാനിച്ചല്ലൊ
ദൈവത്തോടുള്ളൊരു സംസർഗ്ഗത്തെക്കാളയ്യോ
ലോകത്തിൻവേഴ്ചയെ ഞാനിഷ്ടപ്പെട്ടേനല്ലൊ.

ലോകംതൻമോദത്താലെന്നെ വശത്താക്കിയഹൊ
മലിനതയേറിയ കണ്ണാടി കണക്കായെൻദൃഷ്ടി
എൻപിഴയോർത്തീയുലകംവിലപിക്കുന്നതുമിതിനാൽ
ഇന്നേതും ഞാൻ കാണാതെയിരുന്നീടുന്നല്ലൊ.

ഭൂമിയിൽ ഞാനൊരു നശ്വരരൂപമതെന്നേയുള്ളു
എങ്കണ്ണുകൾ കഥയില്ലാത്തവയിൽ സൂക്ഷിച്ചല്ലൊ
കണ്ണുകളുയർത്തി ദൈവത്തിൻ തിരുമുഖമിന്നയ്യൊ
കാണ്മാൻ കഴിയാത്തതിനാൽ ലജ്ജിച്ചീടുന്നിതുഞാൻ.

ന്യായാസനമതിൽ മിശിഹാരാജനിരുന്നു വിധിക്കും
നേരത്തെങ്ങിനെ ഞാനവിടെസ്ഥിതിചെയ്തിടുമയ്യൊ
നല്ലവരൊടിടപ്പെട്ടുനടന്നീടിലുമിന്നയ്യൊ
തെല്ലും ഞാനവരുടെ നടപടികൾ പഠിച്ചില്ലല്ലൊ.

കൊള്ളരുതാത്തൊരു സേവകനായിടുമെന്നേയേറ്റം
നല്ലൊരു സേവകനെന്നെല്ലാരും പറയുന്നല്ലൊ
നയവാൻമാരാചാര്യൻമാരെന്നിവരുടെ സുകൃതം
തിരുസന്നിധിയിൽസൂര്യനുതുല്യം വിലസിടുമല്ലൊ.

✶റമ്പാൻമാരുടെ പക്വതകൂടും വേഷമെടുത്ത്
തെരുവീഥികളിൽ നടന്നതിനെ ഞാൻ നിന്ദിച്ചല്ലൊ
ഈഹീദായക്കാരുടെ പദവി വെറുത്തയ്യോ ഞാൻ
തെരുവിൻകടകൾതോറുമലഞ്ഞു നടന്നേനല്ലൊ.

✶ ഈ നിറുത്തുകൾ ദയറാക്കാരായിട്ടുള്ളവർ ഉപയോഗിച്ചാൽ മതി.

വ്രതമില്ലാത്തോരെന്നെ വൃഥാ വ്രതമുള്ളവനെന്നു
സ്തുതിക്കുന്നെല്ലാവരുമാകാത്തവ ഞാൻ കണ്ടല്ലൊ
സകല രഹസ്യങ്ങളുമന്നു പരസ്യപ്പെടുമയ്യോ
സകലരുമൊളിവെന്ന്യെ തിരുമുമ്പിൽ നിൽക്കണമല്ലൊ.

ഭോജനശാലയെ മണവാളൻ സന്ദർശിക്കുമ്പോൾ
മലിനതയേറിയ വസ്ത്രത്തൊടു ഞാൻ നിൽക്കണമല്ലൊ
രാജാവെന്നുടെ കൈയും കാലും കെട്ടിയിരുട്ടി-
ന്നകമേയിടുവാൻ സേവകരോടരുൾ ചെയ്തിടുമല്ലൊ.

ദേഹത്തോടൊത്താത്മാവധികം വിലപിച്ചാലും
ലേശം തുണയൊരിടത്തിൽനിന്നും വരികില്ലല്ലൊ.
ഞാൻ നല്ലവരുടെ വേഴ്ചവെടിഞ്ഞ ശേതിൻമക്കൾ
കായേൻസുതരെ പിൻചെന്നതുപോലായ്ത്തീർന്നല്ലൊ

ആകൃതിയിൽ പെൺകുഞ്ഞാടാം ഞാനയ്യൊ കഷ്ടം
ആകാവൃത്തികളാൽ കരടായ് തീർന്നേനല്ലൊ.
നാഥാ! ദുഃഖിതനായ് ഭൂമിയിലെ പൊടിയും ചപ്പും
വീഥിയിലെച്ചേർചാരവുമാം ഞാൻ യാചിക്കുന്നേൻ.

നാഥാ! നിൻ കോപത്താലെന്നെ ശാസിക്കല്ലെ
ക്രോധത്താലീയടിയാനെ നീ ശിക്ഷിക്കല്ലെ
പാപമഹാരോഗാതുരനാമെന്നിൽക്കനിയണമേ.
നിലയില്ലാക്കയമതിൽ മുങ്ങുന്നേൻരക്ഷിക്കണമേ.

വൈരികളെന്നെപ്രതിനിഗളിച്ചാക്ഷേപിക്കായ്‌വാൻ
എന്നാത്മാവിനെനിൻതിരുമുമ്പിൽ സമർപ്പിക്കുന്നേൻ
സാത്താനെന്നെ ദിവസംതോറുമടങ്ങീടാതെ
കാൽക്കീഴാക്കിഞെരുക്കുന്നതിനാൽ കൃപചെയ്യണമേ.



എൻനാഥായെൻ പ്രാർത്ഥന നീ കേട്ടരുളീടണമേ.
എന്നുടെ വൈരികളിൽനിന്നെന്നെക്കാത്തീടണമേ.
എൻപാപംമൂലം നീയെന്നെ മറന്നീടല്ലെ
നിൻതിരുമുഖമിപ്പാപിയിൽനിന്നുതിരിച്ചീടല്ലെ.

വൈരികളെന്നെയടക്കിഭരിക്കുവതെത്രത്തോളം
പോരെന്നോ? പരമായവരെന്നെ ഞെരുക്കിയതൊട്ടും
മോചനമേകാൻ പ്രാർത്ഥിക്കുന്നേൻ വേശ്യയൊടൊപ്പം
ഞാനവളേക്കാളേറ്റം പാപിയതോർത്തീടരുതേ.

ചുങ്കക്കാരനൊടൊപ്പമിരിക്കുന്നെന്നെപ്പൊലെ
ശങ്കവെടിഞ്ഞധികം പിഴചെയ്തവർ മാറ്റില്ലല്ലൊ
അതിനാലെന്റെ മഹാപാപങ്ങൾ പൊറുത്തീടണമേ
ആകൽക്കറുസ്സായ്ക്കടിമപ്പെട്ടവനാകല്ലേ ഞാൻ.

വെളിവെഴുമെൻകണ്ണുകളേ! നിങ്ങളെ ഇരുളാക്കിയതാര്
ആരു കവർന്നിതു നിങ്ങടെ കാഴ്ചയിതയ്യൊ കഷ്ടം
സൃഷ്ടിവിചിത്രത കണ്ടറിയുന്നില്ലയ്യൊ നിങ്ങൾ
വേണ്ടാത്തവകാണാതെയിരിക്കുന്നതുമില്ലല്ലൊ.

എൻ കണ്ണുകളേ! നിങ്ങടെ ദുഷ്കൃത്യങ്ങളെയോർത്ത്
കണ്ണീർത്തുള്ളികൾ വീഴ്ത്താത്തതിനാലയ്യോ കഷ്ടം
എൻ കണ്ണുകളേ! നിങ്ങളിലേതും ജലമില്ലല്ലൊ
ആരുണ്ടിനിയെൻ പാപക്കറയെക്കഴുകിത്തുടപ്പാൻ.

എന്നുടെ വായേ! നീ സങ്കീർത്തനമോതീടാതെ
നേരംപോക്കുരചെയ്യുന്നതിനാലയ്യൊ കഷ്ടം
എൻകാതുകളേ! നിങ്ങൾ നല്ലവ കേട്ടീടാതെ
കഥയില്ലാത്തവ കേൾക്കുന്നതിനാലയ്യൊ കഷ്ടം

ക്രയവിക്രയമതിൽവച്ചുകളങ്കം പറ്റിയൊരെന്റെ
കൈയ്യുകളേ! കെട്ടപ്പെടുമാലാത്തുകളാൽ നിങ്ങൾ
ആത്മാവേ! നീവിധിനാളും നിന്നുടലൊടുപിരിയും
നേരവുമോർക്കാത്തതുകൊണ്ടു നിനക്കയ്യൊ കഷ്ടം.

എന്നുടലേ! നീ എരിതീ, പുഴു, പൽകടിയെന്നിവയെ
നിരൂപിക്കാതെ മൃഗത്തെപ്പോലിഹ തിന്നുകുടിപ്പാൻ
ഇഷ്ടപ്പെട്ടതിനാലും നീയിനി മണ്ണായിടുമെ-
ന്നോർക്കാത്തതുമൂലവുമിന്നു നിനക്കയ്യോ കഷ്ടം.

ശോകത്തോടെൻ കുറ്റങ്ങൾക്കായ് ഞാൻ കരയട്ടെ
കൂടെപ്പണിവാൻലോകം പൂട്ടി നുകത്താലെന്നെ
എന്നെയവൻ കെണിവച്ചു പിടിച്ചുവശംവദനാക്കി
പാലങ്ങൾകൊണ്ടയ്യോ ബന്ധിക്കുകയും ചെയ്തു.

ലോകം തന്നുടെയഴകാലെന്നെ വശീകൃതനാക്കി
അവനെ പിൻചെന്നതിനുടെ ഫലമായ് ലജ്ജഭവിച്ചു
ഉലകേ! നിൻരുചിതേനേക്കാളും ബഹുരസമെന്നാ-
ലാരസമേറ്റം കയ്പ്പാണെന്നിവനനുഭവമായി.

മായും നിഴൽപോലാണീ ലോകത്തിൻസ്ഥിതിയോർത്താൽ
ഞാനീദുർഘടയാത്രയ്ക്കൊന്നും കരുതിയുമില്ല.
അയ്യോ! ലോകമതെന്നെയെത്രവശംവദനാക്കി
ഞാനതിനൊത്തു നടന്നേനെന്നെയെത്രവലച്ചു.

കൗതുകകരമാം പൈതൽപ്രായമുഷസ്സിനുതുല്യം
ആയുസ്സറുതിവരുത്തും വൃദ്ധതസന്ധ്യയ്ക്കൊപ്പം
മിന്നും സ്ലീബാ ശോഭിച്ചീടുന്നേരം നാഥാ!
എന്നെയതിൻ  തണൽതന്നിൽ ചേർത്തുമറച്ചീടണമേ.



കാഹളശബ്ദം കേട്ടുമരിച്ചവരെഴുന്നേൽക്കുമ്പോൾ
കഠിനവിധിക്കായ്ക്കബറീന്നെന്നെ വരുത്തരുതെ നീ
അഗ്നിജ്വാലക്കടൽ കോപിച്ചലറുമ്പോളടിയാൻ
മാമൂദീസാക്കപ്പലിലക്കരെപൂകീടണമേ.

പാപികൾനേരെ എരിതീയലറും നേരത്തെന്നെ
സ്പർശിക്കായ്‌വാൻ നിൻമെയ്‌രക്തം വിലസണമെന്നിൽ
ന്യായവിധിക്കായ് മഹിമാസനമതിൽ നീ മേവുമ്പോൾ
ഈയടിയാനെ കരുണയൊടതിൽ നിന്നൊഴിവാക്കണമേ.

ഇരുനിരയായന്നാളുകളെ നീ നിർത്തീടുമ്പോൾ
തിരുരക്തത്താൽ വാങ്ങിയൊരെന്നെയിടത്താക്കരുതേ
ദോഷക്കാരുടെ നേരെ വാതിലടയ്ക്കുംന്നേരം
ദോഷികളാം കന്യകമാരെപ്പോൽ വെടിയരുതെന്നെ.

നിന്നെയുപേക്ഷിച്ചവരെ നീയുമുപേക്ഷിക്കുമ്പോൾ
നിന്നെകൈക്കൊണ്ടവനാമെന്നെയുപേക്ഷിക്കരുതേ
പ്രാർത്ഥിച്ചിടുമെന്നെപ്രതി നിൻകൈപ്പണിയാമാദാം
തൻപ്രാർത്ഥനയും രൂപവുമവിടേക്കിഷ്ടമതല്ലൊ.

രണ്ടാമാദാമാകാനർഹനതാക്കിയ നോഹും
നിൻതിരുമുമ്പിൽ പ്രാർത്ഥിച്ചിടുമീയടിയനുവേണ്ടി
പ്രാർത്ഥിച്ചിടുമബറാഹാമിസഹാക്കും യാക്കോബും
വിൽക്കപ്പെട്ടതിനാൽ നിൻ സമനാകിയയൗസേപ്പും

കടൽനടുവെ വിഭജിച്ചൊരു വിരുതൻമോശയുമതുപോൽ
സൂര്യനെയും ചന്ദ്രനെയും നിർത്തിയ യോശുവതാനും
പരിശുദ്ധാത്മാവാലെ നിന്നെ പ്രവചിച്ചവരാം
നിബിയൻമാരുമെനിക്കായ് നിന്നൊടപേക്ഷിച്ചീടും.

നിന്നെ വിശുദ്ധിയൊടുദരം തന്നിൽ വഹിച്ചവളാമാ-
ക്കന്യകമറിയാമടിയനുവേണ്ടി പ്രാർത്ഥിച്ചീടും
നിൻ തലമേൽകൈവെപ്പാൻ യോഗ്യത നീ നൽകിയൊരാ
വന്ധ്യാപുത്രൻ താനുമെനിക്കായ് പ്രാർത്ഥിച്ചിടുമേ.

ശ്ലീഹൻമാർ പന്തിരുവരുമതുപോൽ നയവാൻമാരും
ആചാര്യൻമാർ ബാവാൻമാരുടെ കൂട്ടവുമൊപ്പം
ഏറിയകഷ്ടതയേറ്റവരാകിയ സഹദേൻമാരും
ഈഹിദായക്കാരും ദയറാക്കാരുമതേപ്പോൽ

ഗുഹകൾ തൂണുകൾതന്നിലമർന്നൊരൊക്കെയെനിക്കായ്
പ്രാർത്ഥിച്ചിടുമേ നാഥാ! എന്നിൽകൃപതോന്നണമേ.
പാപക്കറയും വൃണവും പിടിപെട്ടെന്നാലും ഞാൻ
നിന്നെ വെടിഞ്ഞില്ലതിനാൽ വിധിനാൾവെടിയരുതെന്നെ.

കള്ളൻ ചുങ്കക്കാരൻ വേശ്യാസ്ത്രീയെന്നിവരോ-
ടുള്ളലിവുണ്ടായതുപോലെന്നിലുമുണ്ടാകണമേ.
കർത്താവേ! സങ്കടമോടടിയനപേക്ഷിക്കുന്നു
തീർത്തീടണമെൻപിഴകളശേഷം കനിവാലെനീ.

മേൽനിന്നും നിൻസ്നേഹം നിന്നെയിറക്കികീഴി-
പ്പാപികൾനടുവേകഷ്ടതയും മൃതിയും പൂണ്ടല്ലോ
കഷ്ടപ്പെട്ടാത്തിരുരക്തത്താൽ വാങ്ങിയൊരെന്നെ
കഷ്ടം സാത്താൻ പരിഹസിപ്പാൻ നീയിടയാക്കരുതേ.

സാത്താനെന്നെ വലച്ചു ലോകം തൻമോദത്താൽ
മുക്കുന്നതുകാണ്മാനെൻ കൺമൂടിയെ നീക്കണമേ.
മൃതിനാളോർത്താലതിസങ്കടകരമാണതുപേലെ
വിധിനാളും ബഹുകഠിനം താൻ കൃപയെന്നില്ലല്ലൊ.



സോദരരേ! ഞാനിവിടെ ചെയ്യുവതെന്താണയ്യോ
വിധിയെപ്പറ്റി നിനച്ചേറ്റം ഞാനിളകീടുന്നു.
ദുഷ്ടൻമാരേ! നിങ്ങളിരുട്ടിൽ പോയിവസിപ്പിൻ
എന്നരുളും കൊടുനാദം കേൾക്കിലെനിക്കും കഷ്ടം.

എന്നെ സൃഷ്ടിച്ചിതുപോൽ രക്ഷിച്ചൊരു നിൻകരുണ
എന്നവസാനത്തിങ്കലുമുതകീടണമേ നാഥാ!
ഇവനതിപാപിയതെങ്കിലുമതിനെ ഗണിപ്പാനില്ലെ-
ന്നെന്നെപ്രതിനിന്നൊടു നിൻ കരുണയപേക്ഷിക്കണമേ.

ഇപ്പാവത്തിൻ പിഴസകലം മോചിച്ചവനേറ്റം
വാഴ്ത്തപ്പെട്ടവനെന്നൊരുമിച്ചാ ദൂതഗണങ്ങൾ
ആർത്തും കൊണ്ടിപ്പാപവിമുക്തി ലഭിച്ചോരെന്നെ
പാർത്തുയരത്തിൽ സന്തോഷിച്ചാനന്ദിക്കണമേ.

എന്നുടെ പിഴകളശേഷം മായിച്ചുയരം തന്നിൽ
നിന്നമലൻമാരൊത്തു സുഖിപ്പാൻ കൃപചെയ്യണമേ.
നിന്നൊടു പ്രാർത്ഥിച്ചതിനാൽ വേശ്യയെ നീ കൈക്കൊണ്ടു
എന്നാൽ പ്രാർത്ഥിക്കായ്കിലുമെന്നെ കൈക്കൊള്ളണമേ.

ഭൂവാസികളെ വിധിപ്പാനായ് പരിവാരസമേതം
നീ വലിയൊരു തേജസ്സൊടെഴുന്നെള്ളും ദിവസത്തിൽ
നിൻതോപ്പിൽ പണിചെയ്തൊരു മുമ്പൻമാരൊടു തുല്യം
പിമ്പൻമാരെയുമെണ്ണിയപോൽ നീ എണ്ണണമെന്നെ.

കണ്ണീരിൽ കനിവുണ്ടു നിനക്കെന്നവനറിവുണ്ടേ
കണ്ണീർചിന്തിയ വേശ്യയതിന്നൊരു തെളിവാണല്ലൊ
നിസ്തുലവൈദ്യാ! നീയല്ലാതെൻ രോഗമകറ്റാ-
നാരുണ്ടന്യൻ സുഖമേകണമെ നിന്നെ നമിപ്പാൻ.

നീറിമനം പൊടിയുന്ന കരച്ചിലെനിക്കുളവാകിൽ
നിന്നേറമിയായെന്നെയതൊന്നു പഠിപ്പിച്ചെങ്കിൽ
കൈക്കാണം തരുവാനായ് കണ്ണീരവനില്ലെങ്കിൽ
കർത്താവേ! നിൻ കരുണയെനിക്കിടനിലയാകണമേ.

കാന്തിയെഴും നിൻ സ്ലീബായുടെ നൽചിറകിൻകീഴിൽ
ഈയടിയാനെ മറച്ചെന്നേക്കും കാത്തീടണമേ
ആദരവാലെൻ നാഥാ! നിന്നെയുമനിശം നിന്റെ
താതനെയും വിമലാത്മാവിനെയും സ്തോത്രം ചെയ്വേൻ.

## വസന്തസമയത്തേക്കുള്ള പ്രാർത്ഥന

### കോലോകൾ

(കൂക്കോയൊ മട്ട്)

(ഇതു വസന്തകാലത്തെ പ്രദക്ഷിണങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ഇതിൽ ആദ്യത്തെ നിറുത്ത് പ്രദക്ഷിണത്തിനു മാത്രം ഉപയോഗിക്കുകയും പ്രാർത്ഥനയ്ക്കു രണ്ടാം നിറുത്ത് മുതൽ രണ്ടോ നാലോ നിറുത്തുകൾ ഉപയോഗിക്കുകയും ചെയ്യാം. പ്രാർത്ഥനയ്ക്ക് ആദ്യത്തേതൊഴിച്ച് എല്ലാ നിറുത്തുകളും ഉപയോഗിപ്പാനും വിരോധമില്ലാത്തതാകുന്നു.)

സഭതൻ മക്കളുമായ് വഴിയിൽ പുറപ്പെട്ടീടുന്നിതാ
യുദ്ധത്തിനൊരുങ്ങിപ്പോകും സൈന്യാധിപനെന്നപോൽ
വില്ലിനപേക്ഷ അമ്പിനു പ്രാർത്ഥനയും
വാളിനു പകരം കുരിശും കൈക്കൊണ്ട്
യാചിക്കുന്നിതു കർത്താവേ! നിൻകോപത്തിൻ വടി
എല്ലാലോകങ്ങളിൽനിന്നും നീക്കീടണമീവിധം
ഹാലേലുയ്യാ, കൃപയുണ്ടാകണമേ.



അമ്മേപ്പോൽ കരുണേ നിന്നെ ലോകം നോക്കുന്നു.
പതിവിൻപടി ഞങ്ങൾക്കൊപ്പം യാചിക്കണമേ നീ
ഒരുമനിരപ്പും കൂടെ വരുത്തണമേ
ഇപ്പാപികൾമേൽ ചിറകുവിരിക്കണമേ
അനുതാപപ്പെടുവോർക്കായ് നിൻവാതിൽ തുറക്കണമേ
ദൈവത്തിൻ ഭവനത്താക്കോൽ നിൻ കൈവശമല്ലോ.
ഹാലേലുയ്യാ, ഉഹാലേലുയ്യാ.

പ്രായം ചെന്നവർ കർത്താവേ! പാപം ചെയ്തെങ്കിൽ
ഉണ്ണികളെയോർത്തലിയുക നീയുണ്ണിയുമായല്ലൊ
ബെസ്ക്കുദിശായിൽ പുകഴ്ത്തിടുമാചാര്യർ
നിത്യവുമോർക്കും കർഷകർ ഞെരുങ്ങിടുവോർ
ഇവരെപ്രതിയും കർത്താവേ! തിരുവുള്ളലിയേണമേ
കൃപയാലെയവർക്കാശ്വാസം കല്പിച്ചരുളണമേ
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

നല്ലവഴിക്കു വരാനപ്പൻ തൻമക്കളെയെന്നപോൽ
ദൈവം ദുഷ്ടരെ നന്നാക്കാൻ ശിക്ഷിച്ചീടുന്നു
ശിക്ഷകളെല്ലാ-മുള്ളൊരു തൻവടിയാൽ
അടിപ്പാനോങ്ങും കൊടുപ്പാൻ മനസ്സുവരാ
മെസ്രേൻപോൽ ശിക്ഷിക്കരുതേനാഥാ! ബാബേൽപോൽ
ക്ഷയിപ്പിക്കരുതെ നിന്നൻപിനെ ഞങ്ങൾ സ്തുതിപ്പാനായ്
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

തുറമുഖത്താക്കപ്പലുപോലെ ഫലങ്ങൾ വഹിച്ചിട്ടിതാ
ഭൂമിയടുക്കലണഞ്ഞു വിളിക്കുന്നു തൻ നാഥനെ
ഓളക്കോളിൽ ശെമവൂന്നെന്നതുപോൽ
നീ കരുണക്കൈ നീട്ടികൊടുക്കണമെ
അഗതികൾ തന്നിഹ നിൻ നാമം സ്തോത്രം ചെയ്വാനായ്
നിൻസ്ലീബായാലതിലുള്ള ഫലങ്ങൾ കാത്തീടേണേ
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

വന്ധ്യകൾപെറ്റവരെക്കാളും മരിച്ചവരുയിരോരിലും
ഭാഗ്യക്കാരെന്നിഹ പറവാൻ കാലമിതാവന്നു
വലിയൊരിളക്കം സങ്കടവാർത്തകളും
കൊണ്ടു നിറഞ്ഞു ഭൂതലമിന്നാകെ
ശിഷ്യരുമുമ്പിൽ കടലിൻ കോളടക്കിയ കർത്താവേ!
ക്ഷോഭത്തിൽ പെട്ടൊരു ലോകത്തൊടു കൃപതോന്നേണമേ.
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

മീഖായേലായുധമണിഞ്ഞു ദൈവനിയോഗത്താൽ
ശിക്ഷാവില്ലു കുലച്ചിതുടൻ പാപികളിളകീപരം
പഞ്ഞമൊടടിമ പകരം വ്യാധിയുമാം
കോപാസ്ത്രങ്ങൾ മൂന്നുണ്ടാവില്ലിൽ
അമ്പുകളിളകാതുടനെ നിൻ തൃക്കൈ തടയേണമെ
അഥവാവീഴുകിലവിടവിടെ നിൻ കനിവേശേമേ.
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

തെരുവുകളിൽ കുടിയിടകളിലും മരണം ചെന്നിട്ടുടൻ
നാശംചേർത്തതിൽ മുറവിളികൾ നീളെമുഴങ്ങുന്നിതാ
സമ്പത്തധികം ആളില്ലനുഭവിപ്പാൻ
ജീവിപ്പവരു-ണ്ടവർക്കുൾതെളിവില്ല
ചൊന്നന്യായാൽ ചേർത്തവരെ രക്ഷിക്കുന്നില്ലിതു
സൃഷ്ടികൾതൻ കർത്താവേ! നീ ഞങ്ങളിലലിയേണമേ.
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

ഊറിശ്ലേമിൽ നടന്നമഹാ ബഹളങ്ങൾമൂലം
തകറാത്തൊരുകരളും കരയാകൺകളുമേതുള്ളു
ജീവിതതൃപ്തി വരാത്തൊരു ബാലൻമാർ
ബാലികമാരും മൃതരായവിടേറെ
മുലകുടിമാറാത്ത ശിശുക്കൾ മൃതരായാക്കാട്ടിൽ
കാലികൾപോലെ കരഞ്ഞയ്യോ ദുഃഖിച്ചാത്തള്ളമാർ
ഹാലേലുയ്യാ, ഊഹാലേലുയ്യാ.



എന്തൊരുറക്കം ഏറമിയാ! ഉണരുക നീ വേഗം
പണ്ടെപ്പോലെ വിലാപത്തോടെ വന്നീടുക നീയും
ജനങ്ങൾ നശിച്ച ദേശങ്ങൾക്കായും
ആചാര്യൻമാ-രറ്റസഭയ്ക്കായും
ജീവിതതൃപ്തി വരാതുള്ള ദമ്പതികൾക്കായും
വിലപിക്കുക മൃതവശരായ ശിശുക്കൾക്കായും നീ
ഹാലേലുയ്യാ, ഊഹാലേലുയ്യാ.

കടൽയാത്രകളില്ലാതായി കബറുകളലറുന്നു
തുറമുഖവാതിലടഞ്ഞു ശവക്കുഴികൾ തുറന്നുപരം
സ്ത്രീപുരുഷൻമാർ ശിശുക്കളുമെന്നല്ല
പലപ്രായക്കാർ മരിച്ചിട്ടവനറിഞ്ഞു
കരുണാനിധിയാം കർത്താവേ! കനിയണമെന്നമ്മമാർ
മക്കളുമപ്പൻമാരുമിതാ ചൊല്ലിക്കരയുന്നു.
ഹാലേലുയ്യാ, ഊഹാലേലുയ്യാ. മൊറിയൊ......

### മാർ അപ്രേമിന്റെ ബോവൂസൊ

(ഈ ബോവൂസ്സോയിൽ ആദ്യത്തെയും ഒടുവിലത്തെയും നിറുത്തുകൾ ഒരിക്കലും വിട്ടുകളയരുത്. മറ്റുള്ളവകളിൽനിന്ന് രണ്ടോ നാലോ നിറുത്തുകൾമാത്രം എടുത്തു ചൊല്ലിയാൽ മതിയാവുന്നതാണ്. എല്ലാംകൂടി ചൊല്ലുന്നതിനും വിരോധമില്ല. ഈ ബോവൂസ്സോ പ്രാർത്ഥനയ്ക്കു മാത്രല്ല പ്രദക്ഷിണത്തിനും ഉപയോഗിക്കാം.)

കർത്താവേ! കൃപചെയ്യണമേ
പ്രാർത്ഥന നീ കൈക്കൊള്ളണമേ
നിൻദയവും നിൻമോചനവും
നിന്നറയിൽ നിന്നേകണമേ.

ആടുകളെപ്രതി കൂറോടെ
പാടുകളേറ്റൊരു നല്ലിടയാ!
സന്തോഷോത്സവമീ ഞങ്ങൾ
കൊണ്ടാടാൻ കൃപചെയ്യണമേ.

എല്ലാറ്റിന്നും നായകനേ!
സൃഷ്ടികൾ തന്നരികെ വരുവാൻ
നിന്നെ പ്രേരിപ്പിച്ചെന്ന
നിന്റെ മഹാകൃപയാലിപ്പോൾ.

ഹീനരതാമീദാസരിൽ നീ
കാരുണ്യം ചെയ്തീടണമേ
നിന്നെ വിളിക്കും നിന്നടിയാർ-
ക്കെപ്പോഴും കൃപനൽകണമേ.

സോദരരേ! യാചിപ്പുകളെ
കേൾക്കുകയില്ലെന്നോർക്കരുതേ
പശ്ചാത്താപത്താൽ നിനുവാ
രക്ഷിതരായ് നമുക്കർത്ഥിക്കാം.

നൻമയ്ക്കുള്ളോരോവിഘ്നം
നമ്മിൽത്തന്നെയാകുന്നു
തന്റെ മഹാകാരുണ്യത്തെ
ദൈവം താൻ തടയുന്നില്ല.

അന്വേഷിപ്പോൻ കണ്ടെത്തും
എന്നല്ലൊ തിരുവേദമൊഴി
ഏവൻഗേല്യോനിൽ നിന്നും
നന്നായ് നാമറിഞ്ഞെന്നതുപോൽ.

അപ്പം മക്കൾ യാചിച്ചാൽ
അപ്പൻ കല്ലേകുന്നില്ല
മത്സ്യം മക്കൾ ചോദിച്ചാൽ
പാമ്പിനെയും നൽകാറില്ല.

തൻതിരുമുമ്പിൽ യാചിക്കും
ദാസരുടെ ആവശ്യങ്ങൾ
നൽകീടും ദൈവത്തോടായ്
നമ്മൾക്കും യാചിച്ചീടാം.



തന്നെ വിളിപ്പോർക്കായ് നാഥൻ
തൻ വാതിൽ തുറന്നീടുന്നു.
ദാനീയേലിന്നെന്നതുപോൽ
ഞങ്ങടെ യാചനകൾക്കായി.

നിൻവാതിൽ തുറന്നീടണമേ
നിന്നെയവൻ കുഴിയിൽനിന്നും
കേണുവിളിച്ചർത്ഥിച്ചപ്പോൾ
മാലാഖയെ വിട്ടല്ലൊ.

ആട്ടിൻകൂട്ടങ്ങൾക്കിടയൻ
ആദ്യനതായ് നിൽക്കുംപോലെ
ഞങ്ങടെ യാചനകൾക്കിപ്പോൾ
സ്ലീബായെ മുൻ നിർത്തുന്നു.

കർത്താവേ! ഞങ്ങൾക്കിപ്പോൾ
നൽകരുതേയാശാഭംഗം
ഈയടിയാരുടെ യാചനയെ
നീയൻപാൽ കൈക്കൊള്ളണമേ.

ഗർഭണിയെ വിധികർത്താക്കൾ
കൊല്ലാനേൽപ്പിക്കാത്തതുപോൽ
നിൻമെയ്രക്തങ്ങൾ പേറും
ഭൂമിയെ നീ ശിക്ഷിക്കരുതേ.

മാനസ്സവാട്ടം കണ്ണീരും
വന്നീടേണം പ്രാർത്ഥനയിൽ
പുഞ്ചിരിയുള്ളധരം വ്യസനം
തട്ടാത്തമനവും പോരാ.

വൃദ്ധൻമാർ പിഴചെയ്തീടിൽ
ഉണ്ണികൾ തൻവിളി കേൾക്കണമേ.
ഉണ്ണികൾ തൻ നമസ്ക്കാരത്താൽ
രക്ഷിതമായല്ലൊ നിനുവ.

മുട്ടിവിളിപ്പോർക്കായ് വാതിൽ
തുറക്കും നാഥന്നായ് സ്തോത്രം
അനുതാപം കൈക്കൊൾവോരിൽ
സന്തോഷിക്കും സ്വർഗ്ഗീയർ.

ഞങ്ങളുടെ പാപംമൂലം
ഭൂമിയെ നീ ശിക്ഷിക്കരുതേ
കർത്താവേ! നീ കാരുണ്യം
പൂണ്ടമഹോന്നതനാണല്ലോ.

സങ്കടമായോരിസ്ഥിതിയിൽ
ഞങ്ങളെ നീയിട്ടേക്കരുതേ
ഈ നിൻ കോപത്തിന്റെയും
ശിക്ഷയുടെയും കാലത്തിൽ.

നിന്നടിയാരുടെ നേരെനിൻ
വാതിലടച്ചീടല്ലേ നീ
ഞങ്ങൾ പാപികളാണെന്ന്
ഏറ്റുപറഞ്ഞീടുന്നയ്യോ.

നിൻകനിവീ ദാസൻമാർക്ക്
നൽകണമേ നല്ലാശ്വാസം
ഞങ്ങളെ നീ ശിക്ഷിപ്പതുനൽ
കാരുണ്യത്തോടാകണമേ

തീനരകം തന്നിൽനിന്നും
ഞങ്ങളെ നീ രക്ഷിക്കണമേ.
ഞങ്ങടെ യാചനകൾക്കായി
നിൻ വാതിൽ തുറന്നീടണമേ.

നിൻ ദാസൻമാരുൾക്കൊണ്ട
നിൻ തിരുരക്തശരീരങ്ങൾ
ഞങ്ങളുടെ ദേശത്തിന്റെ
രക്ഷയ്ക്കായുതകീടണമേ.



നിന്നാട്ടിൻകൂട്ടത്തിന്ന്
നിൻസ്ലീബാ മുൻനിൽക്കണമേ
അൻപുടയോനാം നല്ലിടയാ!
സങ്കടശബ്ദം കേൾക്കണമേ.

നിൻമുമ്പിൽ കരയുന്നോരാം
ഞങ്ങടെ കുറ്റം പോക്കണമേ
ഹന്നായ്ക്കൻപാൽ സന്താനം
ദാനം ചെയ്തല്ലൊ നാഥാ!

നിൻസഭയിൻ യാചനകൾ നീ
നൽകണമേ കൃപയോടിപ്പോൾ
തൻപ്രജകൾതൻ കൂട്ടത്താൽ
ശോഭിപ്പിക്കണമേയതിനെ.

നാഥാ നിൻതൃക്കൈയാലെ
നിൻസഭയെ വാഴ്ത്തീടണമേ
സർവ്വജനങ്ങളിലും നിന്റെ
വാഴ്വുകളെ വർഷിപ്പിക്ക.

♦ മാർത്തോമ്മാശ്ലീഹാ തന്റെ
പ്രാർത്ഥനയാൽ നിരപ്പാകണമേ.
ശിക്ഷകളും ദുഃഖങ്ങളുമെ
നീ കൃപയോടൊഴിവാക്കണമേ.

നിന്നൊടു യാചിപ്പാൻ നാഥാ!
യോഗ്യതയില്ലാതുള്ളവരാം
ഈ ദുഷ്ടൻമാരോടിപ്പോൾ
കാരുണ്യം തോന്നീടണമേ.

♦ ഇവിടെ അതാതു പള്ളിയുടെ പരിശുദ്ധന്റെ പേർ പറയണം.

മോചനമേകീടുന്നതിനു
യാചന ചെയ്തീടുന്നവരാം
ഈ ദുർന്നീതിക്കാർ തന്നിൽ
പ്രീതിയുദിപ്പിച്ചീടണമേ.

ഞങ്ങൾക്കേകീടാനായ് നീ
തയ്യാറെന്നരുളുണ്ടല്ലോ
ആരാഞ്ഞും കിട്ടീടായ്കിൽ
ഞങ്ങൾതാൻ ലജ്ജിക്കേണ്ടോർ.

ഏകുന്നോൻ കൈനീട്ടുന്നു
വാങ്ങേണ്ടോൻ പിൻമാറുന്നു
ദുഷ്ടൻമാരും മുട്ടിച്ചാൽ
നീ കേൾക്കുന്നല്ലോ കൃപയാൽ.

ആയതിനാലാവശ്യക്കാ-
രായോരേ! നിങ്ങൾ വന്ന്
ഐശ്വര്യം നിറയും തന്റെ
ഭണ്ഡാരപ്പുരയിൽനിന്നും

നിങ്ങളുടെയാവശ്യങ്ങൾ
സർവ്വവുമെ നേടിക്കൊൾവിൻ
ഇടവില്ലാതരുളുന്നോനിൽ
നിന്നിഹനിങ്ങടെ യാചനകൾ

യാതൊന്നും വിലനൽകാതെ
ദാനമതായ് കൊക്കൊണ്ടിടുവിൻ
ഞങ്ങളെ നിർമ്മിച്ചെന്നോനെ!
ഞങ്ങളുടെ വേദനയോർത്ത്

അങ്ങേയ്ക്കല്ലാതുള്ളത്തിൽ
സങ്കടമിങ്ങാർക്കുണ്ടാകും?
ഈയടിയാരുടെ ദുഷ്ടവൃണം
നീയല്ലാതാർ പോക്കീടും.



മാതാവിൻ മാർവ്വിന്നൊപ്പം
മറ്റെവിടെ സുഖമുണ്ണിക്ക്
ഉണ്ണിക്കുള്ളോരാഹാരം
മാതാവിൻ മുലയിൽ നിന്നാം.

നാഥാ! നിന്തിരുസന്നിധിയിൽ
നൻമകളുണ്ടേ ധാരാളം
ഓരോരോതുണയെപ്പോഴും
നിന്നിൽനിന്നൊഴുകീടുന്നു.

നാഥാ! നിൻ നിക്ഷേപങ്ങൾ
മുട്ടുള്ളോർക്കരുളീടണമേ
ഭൂമിയുമാകാശം താനും
നാശമതായ് തീരുന്നെങ്കിൽ.

നിന്നുടെ പള്ളികളെ നന്നായ്
ശോഭിപ്പിച്ചീടുന്നതിനും
നിൻമെയ് രക്തങ്ങൾ പൂജി-
ക്കുന്നതിനും കഴിവുണ്ടാമൊ.

നാഥാ! ഞങ്ങളിതാ നിന്റെ
ഭണ്ഡാരപ്പുരയിൽ പൂകി
കൃപയുള്ളോനേ! ഞങ്ങൾക്കായ്
നിൻവാതിൽതുറന്നീടണമേ.

നിന്റെ പിതാവിങ്കൽനിന്നും
മോചനവും കൃപയും വരണേ
കാരുണ്യം കൊണ്ടാല്ലാതി-
ന്നെങ്ങനെ രക്ഷപെടും ഞങ്ങൾ

വാതിൽകളേയിപ്പോൾ നിങ്ങൾ
വേഗമുയർത്തിടുവിൻ തലകൾ
മാന്യതയേറും രാജൻതൻ
ഭണ്ഡാരപ്പുര പൂകട്ടെ

ഞങ്ങൾക്കായ് കൃപയും ദയവും
മോചനവും നൽകീടട്ടെ
അൻപുടയോനാം നല്ലിടയാ!
ഞങ്ങടെ യാചന കേൾക്കണമേ.

നിൻമുമ്പിൽ കരയുന്നടിയാർ
ഞങ്ങടെ കുറ്റം മായ്ക്കണമേ
സങ്കടമൻപോടെകീട്ടി-
ന്നുത്തരമരുളിച്ചെയ്യണമേ.

കൈവെടിയാതടിയങ്ങളെ നീ
കാത്തുസദാ പാലിയ്ക്കണമേ
ഇപ്പോഴുമെല്ലാ നേരത്തും
എന്നേക്കും രക്ഷിക്കണമേ.

പ്രാർത്ഥനയെ കേൾക്കുന്നവനേ
യാചനയെ നൽകുന്നവനേ!
പ്രാർത്ഥനകേട്ടീദാസരുടെ
യാചനയെ നൽകീടണമേ.

**മാർ അപ്രേമിന്റെ മെമ്രാ**

(അനുതാപത്തിന്റെ)

ആത്മാവേ! എന്തിനു നീയി-
ന്നെണ്ണിയെരിഞ്ഞീടുന്നിതുപോൽ
എന്തിനു നീ ചൊവ്വില്ലാത്ത
വഴിയിൽക്കൂടി നടക്കുന്നു.

നീയിന്നെന്തിനു വഞ്ചനയിൽ
ഇടറിപ്പോകുന്നാത്മാവേ!
നീ പിന്തിരിയുന്നില്ലല്ലൊ
അതിനാൽ നിനക്കയ്യൊ കഷ്ടം.



ലോകവുമതിലുള്ളവയെല്ലാം
സ്വപ്നം പോലാം വിധിനാളോ
അലറിയണഞ്ഞിടുമെന്നറിക
അയ്യോ നീ വിധിപെടുമന്നാൾ.

കഴിയും പോലാത്മാവേ! നീ
വിലപിച്ചട്ടഹസിച്ചിടുക
നിന്നന്യായങ്ങൾക്കായി
കരയുക കരയുക നീയേറ്റം.

പരിചയമുള്ളവരും നിന്നെ
പരിചിലറിഞ്ഞീടാത്തവരും
എല്ലാവരുമെ നിന്നോടൊ-
ത്തയ്യൊ പാരം വിലപിക്കും.

തൻ പാപമറിഞ്ഞാദാവീ-
ദിരവും പകലും കണ്ണീരാൽ
തന്റെ കിടക്ക നനച്ചയ്യൊ
അയ്യോ വലുതാം നിൻദുരിതം.

ആഴംകൂടിയ കുഴി നീ തീർ-
ത്തന്ന്യായമതാം വിറകാലെ
നീ കത്തിച്ചുള്ളോരഗ്നി
അയ്യോ നിന്നെ നോക്കുന്നു.

എത്രയുമുഗ്രം ന്യായവിധി
വിധികർത്താവതി ഭീകരനാം
ആ സമയം തന്നിൽനിന്നെ
അയ്യോ കാപ്പാനാരുണ്ടാം.

പാഴുമശുദ്ധവുമായവയാൽ
നിന്നുടെകാലം നീ പോക്കി
അന്നെഴുന്നള്ളത്തണയുമ്പോ-
ളയ്യോ നീയെവിടെപ്പോകും.

നിൻകൈകൊണ്ടു പിരിച്ചോരാ-
ക്കയറാൽ കെട്ടപ്പെടുമേ നീ
നീ തീർത്തു നിനക്കാലാത്തും
അയ്യോ നിന്നെയഴിപ്പാനാർ.

എത്രയൊ നന്ന് മരിച്ചെങ്കിൽ
അതിലും നന്നു ജനിക്കായ്കിൽ
നീ ഉയിരോർക്കതി നിന്ദയതായ്
നീ മൃതരിൽ മുമ്പനുമായ്.

നിന്നേയുത്തമ ദൈവം തൻ
രൂപമതെന്നു വിളിച്ചല്ലൊ
ഉത്തമപുത്രൻ തൻ ലോകം
നിനക്കായ് വാഗ്ദാനവുമേകി.

അവരുടെ നാളണയുന്നേരം
നീയെവിടെപ്പോയ് മറയുന്നു
യാചന നീ ചെയ്തീടുമ്പോ-
ളയ്യോ നിനക്കു മഹാകഷ്ടം.

കപടതയുള്ളാത്മാവേ! നീ
പലകുറി ശപഥം ചെയ്തല്ലൊ
വഞ്ചയുള്ളാത്മാവേ! നീ
പൊളിവാക്കനവധി ചൊന്നല്ലൊ.

പാപം വിട്ടുപിരിഞ്ഞീടാൻ
നിശ്ചയവും ചെയ്തെന്നാലും
ദുർമ്മാർഗ്ഗത്തെ വെറുത്തീടാൻ
നൻമനമില്ല നിനക്കേതും.

എവിടെപ്പോയിടുമാത്മാവേ!
നീയെന്തവിടെ ചെയ്തീടും?
പെട്ടന്നാനാളണയുമ്പോ-
ളയ്യോ നീയെവിടെപ്പോകും.



ഉയരവുമാഴവുമന്നിളകും
ഉഴലും വാനവർ മാനവരും
പാറകൾ പൊളിയും നേരം നീ
അയ്യോ എന്തവിടെ ചെയ്യും.

ഇരുൾ നിന്നെ പിടികൂടുമ്പോൾ
വെട്ടംകാട്ടാനാരുണ്ട്?
എരിതീയിൽ നീയെരിയുമ്പോ-
ളയ്യോ പനിനീർ വീശാനാർ?

എല്ലാപാപത്തേക്കാളും
വല്ലാത്തവയാം നിൻപാപം
അഴുകും വ്യണമൊക്കെക്കാളും
നാറുന്നവയാം നിന്റെ വ്യണം.

അയ്യോ നിന്നുടെ മുറിവുകളി-
നെല്ലാ മുറിവുകളെക്കാളും
ആപൽക്കരമാണു നിനക്കി-
ങ്ങയ്യോ ആരുസുഖം നൽകും.

പീശോൻപോലെ തുറന്നിടുക
നിൻ കണ്ണുകളെന്നാത്മാവേ!
ഗീഹോൻപോലെ തുറന്നാലും
വേഗം നിൻകൺമണികളെയും.

അവയൊടുകൂടെ ദെക്ലാസും
പ്രാസും കൂടി ചേർന്നാലും
നിന്നെക്കഴുകി വെടിപ്പാക്കാ-
നയ്യോമതിയാവുകയില്ല.

നിന്നധരം വിലപിക്കട്ടെ
നിൻഹൃദയം ദുഃഖിക്കട്ടെ
നിൻമുഖവും വാടീടട്ടെ
അയ്യോ നിൻപിഴ വലുതല്ലോ.

നിന്റെ കഴുത്തുകുനിച്ചിടുക
ചാരം ഭക്ഷ്യവുമാക്കിടുക
മരണാവസ്ഥ നിരൂപിച്ചി-
ങ്ങയ്യോ കരയുക നീ പാരം.
കരയാൻ വശമുള്ളവരായ
നാരികളെ വരുത്തീടുക നീ
മരണം പൂണ്ടനിനക്കായി-
ട്ടയ്യോ അവരും കരയട്ടെ.
ഉള്ളിൽ കൃപയില്ലാത്തവനേ!
നിന്നോടാരൊരു കൃപചെയ്യും
വിധികർത്താവും വെടിയുമ്പോ-
ളയ്യോ നിന്റെ തുണയ്ക്കാര്
മേലിൽനിന്നാകാശമഹോ
നിന്നെത്തള്ളിമറിച്ചീടും
ഭൂമിയതിൻമടിയിൽത്തന്നെ
നിന്നെയടക്കിയമർത്തീടും.
ധനവാനോടൊത്തൊരുമിച്ച്
മുറയിടുവാനായ് തുനിയും നീ
നിൻമുറവിളിയതു കേട്ടീടാ-
നയ്യോ ആരുണ്ടായീടും.
നാഴികതോറും നീ തോറും
നാഴികതോറും നീ പിഴക്കും
നിന്നുപവാസം പ്രാർത്ഥനയും
ന്യായമതെങ്ങനെ കൈക്കൊള്ളും.
നീ നിൻനാദമുയർത്തിയഹോ
അവനെച്ചൊല്ലി വിളിച്ചീടും
മറ്റുള്ളവർ തൻകുറ്റത്തെ
ഒന്നൊഴിയാതെ വെളിവാക്കും



എന്നാലാരുടെ യാചനയാ-
ണന്നേരത്തഖിലാധീശൻ
താൻ കൈക്കൊണ്ടീടുവതെന്നും
അയ്യോ നിരൂപിച്ചീടുക നീ.
ദുരിതപ്പെട്ടോരാത്മാവേ!
താതസുതാശ്വാസപ്രദനേ
സ്തോത്രം ചെയ്യുകനീയെന്നാ-
ലെത്രഗുണങ്ങൾ നിനക്കുണ്ടാം.

**മാർ അപ്രേമിന്റെ മെമ്രാ**

കർത്താവേ! കറയില്ലാത്ത
ഹൃദയമെനിക്കരുളീടണമേ
പിഴയധികാരം ചെയ്തതിനാൽ
മുന്നേക്കാളതുവഷളായി.
കർത്താവേ! എൻ പ്രാർത്ഥനയാൽ
സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെയെന്നുള്ളിൽ
നന്നായൊന്നു പുതുക്കണമേ.
ആ നിന്നാത്മാവെന്നുള്ളിൽ
ദിവസംപ്രതി പാർത്തീടണമേ
മൗനം ദീക്ഷിക്കാതെ സമാ-
ധാനത്തോടതുവാഴണമേ.
എൻപാപത്തിൻ ബഹുലതയാൽ
റൂഹാവഴിഞ്ഞാൻപ്രാപിച്ച
മുൻവാഗ്ദത്തമകറ്റിയതിൻ
നൽവരമില്ലാത്തവനായ്ഞാൻ

കൃപയുള്ളോനേ! റൂഹായേ!
വീണ്ടും പുതുതാക്കണമെന്നിൽ
അതുനിൻഹിതമെന്നെക്കാണി-
ച്ചമലമനസ്സിൽ പാർക്കണമേ.

കർത്താവേ! ദുച്ചിന്തകളും
പാപവികാരങ്ങളുമറ്റ
കളവില്ലാത്തൊരു നിർമ്മലമാം
ചിത്തമെനിക്കേകീടണമേ.

കർത്താവേ! വൻചതിവുകളും
കുടിലതതന്ത്രമതൊക്കെയുമെ
നിത്യമകറ്റും നിർമ്മലമാം
ചിത്തമെനിക്കേകീടണമേ.

നാഥാ! കോപമടുക്കാതെ
വൈരമടുത്തവനോടെന്നും
ഉണ്ടാകാത്തൊരു നിർമ്മലമാം
ചിത്തമെനിക്കേകീടണമേ.

ആത്മശരീരങ്ങളെ നാശം
ചെയ്യുമസൂയാദോഷമതും
വാശിയുമറ്റൊരു നിർമ്മലമാം
ചിത്തമെനിക്കേകീടണമേ.

അകമേചതിവാലോചിപ്പാ-
നന്യനെ ദുഷിചൊല്ലീടാനും
തുനിയാതുള്ളൊരു നിർമ്മലമാം
ചിത്തമെനിക്കേകീടണമേ.

കർത്താവേ! നിൻഗുണകാര്യം
ചിന്തിപ്പാൻ തുനിയാതൊന്നായ്
അക്രമവൃത്തികളില്ലാത്ത
നിർമ്മലചിത്തം നൽകണമേ.



കർത്താവേ! മലിനതയിൽ നി-
ന്നൊഴിയുന്നതുമീലോകത്തിൻ
ഇമ്പങ്ങളെ വെടിയുന്നതുമാം
നിർമ്മലചിത്തം നൽകണമേ.

കാമവികാരമശുദ്ധതയും
സുഖഭോഗവുമീവകയൊന്നും
നിരുപിക്കാതെയിരിക്കുന്ന
നിർമ്മലചിത്തം നൽകണമേ.

കർത്താവേ! ഈ ലോകത്തിൽ
സമ്പത്തിവിശേഷം സകലം
എച്ചിലുപോലെണ്ണീടുന്ന
നിർമ്മലചിത്തം നൽകണമേ.

കർത്താവേ! ദ്രവ്യാഗ്രഹവും
മതിയില്ലായ്മയുമറ്റു സദാ
അക്രമമൊക്കെ വെറുക്കുന്ന
നിർമ്മലചിത്തം നൽകണമേ.

കർത്താവേ! ഉന്നതഭാവം
തന്നത്താനെ നടിക്കാത്ത
നിഗളമശേഷമകറ്റുന്ന
നിർമ്മലചിത്തം നൽകണമേ.

ഉന്നതസിംഹാസനമെല്ലാം
നിസ്സാരമതെന്നോർക്കുന്ന
അധികാരഭ്രമമില്ലാത്ത
നിർമ്മലചിത്തം നൽകണമേ.

ബഹുമാനപ്രിയമറ്റതുമായ്
അപമാനത്തെ സഹിപ്പതുമായ്
കീർത്തിയിലുയരാത്തതുമായ
നിർമ്മലചിത്തം നൽകണമേ.

കർത്താവേ! ദുർമത്സരമീ-
ങ്ങേശീടാത്തതുമെപ്പോഴും
തിൻമയിൽ ശങ്കകലർന്നതുമാം
നിർമ്മലചിത്തം നൽകണമേ.
അന്യായത്തിൽ നിന്നെന്റെ
കൈകൾ വിരമിച്ചീടട്ടെ
സൽക്കർമ്മങ്ങൾക്കായവകൾ
നീട്ടപ്പെടുമാറാകട്ടെ.
എൻകാലുകൾ ദുർമ്മാർഗ്ഗത്തിൽ
വയ്ക്കുന്നതിനിടയാകരുതേ
സൻമാർഗ്ഗത്തിൽക്കൂടി സദാ
ഞാനടിയൂന്നിനടക്കണമേ.
നിന്നെയാരായുന്നതുമായ്
നിൻവചനംകാക്കുന്നതുമായ്
പാപമിനിചെയ്യാത്തതുമാം
നിർമ്മലചിത്തം നൽകണമേ.
നേരും നല്ലതുമാം ചൊല്ലിൽ
താൽപര്യം കലരുന്നതുമായ്
വിൺചിന്തയകന്നതുമായ
നിർമ്മലചിത്തം നൽകണമേ.
ദുർവാർത്തകളും വ്യർത്ഥതരം
പഴമൊഴിയുമുപേക്ഷിക്കുവതായ്
നിൻസാക്ഷ്യത്തിൻ രസമിയലും
നിർമ്മലചിത്തം നൽകണമേ.
കർത്താവേ! നിൻ കല്പനയിൽ
നിന്നണുവുംതെറ്റീടാതെ
നിന്നെത്തിരവാൻ പ്രിയമിയലും
നിർമ്മലചിത്തം നൽകണമേ.

♦ ഇവിടെ അതാതു പള്ളിയുടെ പരിശുദ്ധന്റെ പേർ പറയണം



നിന്നാജ്ഞാമാർഗ്ഗം തന്നിൽ
കാലടികൾ ഉറപ്പിച്ചിടുവാൻ
നിർദ്ദേശിച്ചീടുന്നൊരു നൽ
നിർമ്മലചിത്തം നൽകണമേ.
കർത്താവേ! തിരുവേദത്തിൽ
രാപകൽ ധ്യാനത്തോടുംനിൻ
സ്തുതിയാൽ തെളിവോടുമിരിക്കും
നിർമ്മലചിത്തം നൽകണമേ.
അനുതാപത്തൊടു കൂടിമഹാ
മുറവിളി നെടുവീർപ്പുകളാലെ
പുല്ലിനുതുല്യം വാടുന്ന
നിർമ്മലചിത്തം നൽകണമേ.
കർത്താവേ! പാപങ്ങളെയോർ-
ത്തുണ്ടാകും മുറവിളിയാലെ
മെഴുകെന്നതുപോലുരുകീടും
നിർമ്മലചിത്തം നൽകണമേ.
സച്ചിന്തകൾ, സദ്വചനങ്ങൾ,
നൻമകളെന്നിവയോരോന്നും
എപ്പഴുമുണ്ടായീടുന്ന
നിർമ്മലചിത്തം നൽകണമേ.
ദുർന്നീതികൾ ദുശ്ചിന്തകളെ-
ന്നെല്ലാവക തിൻമകളേയും
എത്രയുമകലത്താക്കുന്ന
നിർമ്മലചിത്തം നൽകണമേ.
അൻപുടയോനേയതുപോലു-
ള്ളാശയമെന്നിൽ നീതന്ന്
പാപമകന്നും നിൻചേർച്ച
ഞാൻ നേടുകിലേറ്റം നന്ന്.

നരരിൽ പ്രിയമുള്ളവനേ! നീ
മനമിതുപോലെന്നിൽ ചേർത്ത്
അതിൽ നന്നായ് നിന്നോടുള്ള
ഭയഭക്തിയുറപ്പിക്കണമേ.
നാഥാ! ഇതുപോൽ നിർമ്മലമാം
ചിത്തമെനിക്കരുളീടണമേ
എന്നിൽ സ്ഥിരവും ചൊവ്വുമെഴും
റൂഹായെ പുതുതാക്കണമേ.
നിന്റെ വിശുദ്ധാത്മാവിനെ നീ
എന്റെ മനസ്സിലിരുത്തണമേ
അതിൽനിന്നു ദുരാത്മാക്കളെ നീ
നീരറ്റേടത്താക്കണമേ.
മാമൂദീസായുടെ വെള്ളം
എന്നിൽ സ്ഥിതി ചെയ്യുന്നയ്യോ
കർത്താവേ! ദുഷ്ടാത്മാക്കൾ-
ക്കെന്നിലിരിപ്പിടമേകരുതേ.
എന്നുടെ ജീവൻ കാത്തിടുമെൻ
നാഥാ! നിനക്കെന്നും സ്തോത്രം
നിൻകൃപയിരുലോകത്തിലുമീ
എന്നിലുമുണ്ടായീടട്ടെ.

**മാർ അപ്രേമിന്റെ മെമ്രാ**
(അനുതാപത്തിന്റെ)

എന്നുടയോനേ! നീയെന്നെ
കൺമണിപോൽ കാത്തീടണമേ
നിൻചിറകാലെ മറച്ചുപരീ -
ക്ഷയിൽ നിന്നെന്നെ കാക്കണമേ.



ഒളിവായ് നോക്കീടാതെന്റെ
കണ്ണുകളെ നീ കാക്കണമേ
വഞ്ചനകേൾക്കാതടിയന്റെ
കാതുകളേയും കാക്കണമേ.
എന്നധരങ്ങൾക്കെന്നും നീ
കാവലതായും നിൽക്കണമേ
എന്നുള്ളിൽ ദോഷം ചെയ്‌വാ-
നുള്ളവിചാരമുദിക്കരുതേ.
കർത്താവേ! നല്ലവിവേകം
വർദ്ധിപ്പിക്കണമെന്നിൽ നീ
സൗരഭ്യത്താൽ നിന്നെയെനി-
ക്കിമ്പപ്പെടുത്താനിട വരണേ.
ഐഹിക നേട്ടത്തിനുപകരം
നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹച്ചീ ലോകം
നിരസിപ്പാനും കൃപചെയ്ക.
എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ!
എന്നെ നിനക്കു സുഗന്ധമതായ്
അർപ്പിപ്പാനും കൃപചെയ്ക.
എൻനാഥാ! നിൻതിരുമുമ്പിൽ
ആത്മശരീരമനസ്സുകളെ
ശോഭകലർന്ന വിളക്കുകളായ്
ഞാൻ കത്തിപ്പാറാകണമേ.
ആത്മശരീര മനസ്സുകളാ-
മെന്നുടെ തിരുമുൽ കാഴ്ചകളെ
താതസുതാശ്വാസപ്രദനേ!
അൻപൊടു കൈക്കൊണ്ടീടണമേ.

സ്വർഗ്ഗസ്ഥ പിതാവേ! എന്നിൽ
മാനസ ശുദ്ധിവരുത്തണമേ
ദൈവസുതാ! നീയെന്നാത്മാ-
വിനു വിശുദ്ധി വരുത്തണമേ.
ആശ്വാസപ്രദനാകുന്ന
പരിശുദ്ധാത്മാവേ! എന്റെ
ദേഹമശേഷം കൃപയാലെ
പരിപാവനമാക്കീടണമേ.
അന്ത്യദിനത്തിൽ നാഥാ! നീ
സന്തോഷിപ്പിക്കണമെന്നെ
ആത്മശരീരമനസ്സുകൾ നിൻ
സ്തുതിപാടുന്നു കനിയണമേ.

**മാർ അപ്രേമിന്റെ മെമ്രാ**
(അനുതാപത്തിന്റെ)

കർത്താവേ! നിന്തിരുവടിയേ!
സ്തോത്രം ചെയ്യുന്നു ദാസൻ
ഒരുനേരവുമിളവില്ലാതെ
തിരുനാമസ്തുതി പാടുന്നേൻ.
പാപം മോചിക്കപ്പെടുവാൻ
കരയുന്നയ്യോ നിൻദാസൻ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
പാപക്കടലിൽ വീണടിയാൻ
ശ്വാസം മുട്ടി വശംകെട്ടു
ദുർന്നയമാകുന്നാഴത്തിൽ
മുങ്ങിയടിക്കടി താഴുന്നേൻ.



ഞാനെഴുന്നേൽപ്പാൻ തൃക്കൈ നീ
നീട്ടിത്തന്നീടണമിപ്പോൾ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
എന്നെ വലപ്പാൻ വേണ്ടിയിതാ
ദുഷ്ടൻ തന്നുടെ വലവച്ചു
കഷ്ടമവൻതൻ തന്ത്രത്താൽ
തട്ടിയെടുത്തെന്നേയിപ്പോൾ.
എന്നെയവൻ പീഡിപ്പിക്കാ-
തെന്നുടയോനേ! കാക്കണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
കർത്താവേ! നിൻദാസകനാ-
മെന്നെ തീനരകം തന്നിൽ
ഇട്ടുപൊരിപ്പാൻ വേണ്ടിയവൻ
യുദ്ധം ചെയ്യുന്നെപ്പോഴും.
ആയതിനിടയാകാതുടനെ
നീ അവനെ വിരോധിക്കണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
ലൗകികചിന്തയിലയ്യോ ഞാൻ
പെട്ടുവശംകെട്ടലയുന്നു
ഉപവാസം നമസ്ക്കാരങ്ങൾ
വിട്ടുകളഞ്ഞു സമസ്തം ഞാൻ.
നിത്യാനന്ദം പ്രാപിപ്പാ-
നെന്നെ യോഗ്യനതാക്കണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.

അയ്യോ കഷ്ടമെനിക്കെന്റെ
സമയവുമെല്ലാം പോയല്ലൊ
എൻ പാപങ്ങൾ ഭൂമിയിലെ
പൊടിയേക്കാളനവധിയത്രെ.
എൻകുറ്റങ്ങളശേഷം നിൻ
കനിവാൽ മോചിച്ചീടണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
രഹസ്യങ്ങളറിഞ്ഞീടാൻ നീ
കഴിയുന്നവനാണതുകൊണ്ട്
നിന്തിരു സന്നിധിതന്നിലെനി-
ക്കണവാനുണ്ടു ഭയം പാരം.
നാഥാ! നീയാദിവസത്തിൽ
മുഖശോഭയെനിക്കേകണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
നിൻ മുമ്പിലുമാസ്വർഗ്ഗത്തിൻ
നേരെയുമടിയാൻ പിഴചെയ്തു
നിൻപരമാനന്ദത്തിനു ഞാൻ
യോഗ്യതയില്ലാത്തവനല്ലൊ.
നിന്തിരുകൃപയെ പ്രാപിപ്പാൻ
എന്നെ യോഗ്യനതാക്കണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
നിന്നുയിരിൻ മേശയിൽനിന്നും
നിന്നടിയാൻ ഭക്ഷിച്ചുടനെ
പുറജാതികളോടിടപെട്ട്
കറപൂണ്ടേറ്റവുമുടയോനേ!



കൃപയാലെന്നെയൊടുക്കത്തെ
കൂലിക്കാരൊടു ചേർക്കണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
എൻ നാളുകളേറ്റവുമധികം
പാഴായിട്ടു കഴിഞ്ഞല്ലൊ
എൻ ചിന്തകളെല്ലാമോർത്താ-
ലെത്രയശുദ്ധപ്പെട്ടവയാം.
നീ തെളിവുള്ള മുഖത്തോടി-
ന്നിവനെ തൃക്കൺ പാർക്കണമേ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
എൻ പാപമശേഷവുമെന്റെ
കണ്ണിനു മുമ്പിലിരിക്കുന്നു.
നിന്നെ വിളിക്കുമ്പോഴെന്നോ-
ടുത്തരമരുളി ചെയ്യണമേ.
വലഭാഗേ തൂങ്ങിയകള്ള-
ന്നൊപ്പം കരുതണമേയെന്നെ
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.
നിന്നുടെനേരെ നോക്കീടാ-
നിദ്ദാസകനില്ലേ ധൈര്യം
നിന്നെ പാരം കോപിപ്പി-
ച്ചതിനാലെനിക്കയ്യോ കഷ്ടം.
നിന്നടിയാനൊരുനേരത്തും
വന്നീടരുതാശാഭംഗം
കന്യകമറിയാമിൻ മകനേ!
കരുണ ചൊരിഞ്ഞീടണമെന്നിൽ.

നാറിയിരിക്കുന്നോരെന്റെ
പാപവൃണങ്ങളശേഷം നീ
നിൻകരുണക്കടലിൽ കഴുകി
നന്നായ് സുഖമാക്കീടണമേ.
        നിന്നാലടിയാൻ സന്നിധിയിൽ
        വെടിയപ്പെട്ടവനാകരുതേ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.
അഗ്നി മഹാകോപത്തോടെ
നരകം തന്നിൽ കാളുന്നു
എൻനേരെയതു വല്ലാതെ
ഗർജ്ജിക്കുന്നയ്യോ കഷ്ടം.
        കർത്താവേ! നിൻ കൃപയതിൽ നി-
        ന്നെന്നെ രക്ഷിച്ചീടണമേ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.
ഇന്നോർത്താലെന്നെപ്പോലെ
നാറിയവൻ ഭൂമിയിലില്ല
മൃഗജാതികളിൽ പോലുമഹോ
എന്നൊടു സമമായില്ലൊന്നും.
        ഓർക്കണമേ മാമൂദീസാ
        കൈക്കൊണ്ടവനാണല്ലോ ഞാൻ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.
എന്നുടെ ചിന്തകളെപ്പോഴും
പാപങ്ങളിലാകുന്നതിനാൽ
എൻതലയിൽ പൊടിമണ്ണിപ്പോൾ
വാരിയിടേണ്ടിയിരിക്കുന്നു.



        ഓർക്കണമേ നിന്തിരുഗാത്രം
        ഭക്ഷിച്ചവനാണല്ലോ ഞാൻ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.
എൻപാപങ്ങളെ വർണ്ണിപ്പാൻ
ഇല്ലൊരു നാവിനു ചാതുര്യം
എൻകുറ്റങ്ങളെയെണ്ണീടാൻ
പ്രാപ്തിയുമില്ലൊരു നാവിന്നും.
        നിനുവായിലുണ്ടായതുപോലെ
        കനിവെന്നിലുമുണ്ടാകണമേ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.
ഏറിയചിന്താഭാരത്താൽ
ഉഴലുന്നതുകൊണ്ടീദാസൻ
സമയം തെറ്റിക്കാതെ നിൻ
സന്നിധിയിൽ പ്രാർത്ഥിച്ചില്ല.
        എളിമയെഴുന്നോരീയെന്റെ
        പ്രാർത്ഥനയെ കൈക്കൊള്ളണമേ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.
രാത്രിയിൽ ഞാൻ നിന്തിരുവടിയെ
സ്തോത്രം ചെയ്‌വാനെഴുന്നേറ്റു
പാപച്ചുമടാലെന്നാത്മാ-
വാനേരത്തു തളർന്നധികം.
        എന്നാത്മാവിൻ ക്ഷീണത്തെ
        എൻനാഥാ! നീ നീക്കണമേ
        കന്യകമറിയാമിൻ മകനേ!
        കരുണ ചൊരിഞ്ഞീടണമെന്നിൽ.

കത്തിയെരിഞ്ഞു തിളച്ചീടു-
ന്നഗ്നിക്കടലിനെയോർത്തയ്യോ
ഈ നിൻ ദാസകനുള്ളത്തിൽ
എത്ര പരിഭ്രമമേറുന്നു.
    നിന്നരികെ ഞാൻ വന്നണയാ-
    നെന്നൊടു കൃപ നീ ചെയ്യണമേ.
    കന്യകമറിയാമിൻ മകനേ!
    കരുണ ചൊരിഞ്ഞീടണമെന്നിൽ.
വൃക്ഷങ്ങൾ തന്നിലകളുടെ
എണ്ണമതൊപ്പിച്ചെന്നേക്കും
എന്നുടയോനേ! നിൻ മുമ്പിൽ
സ്തുതിയുയരാനിടയാകട്ടെ.
    നിൻമാതാവിൻ പ്രാർത്ഥനയാൽ
    എന്നിൽ കൃപ തോന്നീടണമേ.
    കന്യകമറിയാമിൻ മകനേ!
    കരുണ ചൊരിഞ്ഞീടണമെന്നിൽ.
നിദ്രപെടാതെയിരിക്കുന്നോ
രുണർവ്വുള്ളവനേ! സ്തുതി നിത്യം
നാഥാ! നിബിയൻമാരും നിൻ
ശ്ലീഹൻമാരുമണയ്ക്കുന്ന
    പ്രാർത്ഥനയാലിദ്ദാസകനോ-
    ടുള്ളലിവുണ്ടായീടണമേ.
    കന്യകമറിയാമിൻ മകനേ!
    കരുണ ചൊരിഞ്ഞീടണമെന്നിൽ
കർത്താവെൻ പാപം പോക്കി
മുക്തിയെനിക്കരുളുന്നതിനായ്
നിങ്ങളുമെന്റെ സഹോദരരേ!
സ്നേഹത്തോടർത്ഥിച്ചിടുവിൻ.

മലങ്കര ഓർത്തഡോക്സ്
സുറിയാനി ക്രിസ്ത്യാനികളുടെ

# പ്രാർത്ഥനാക്രമം

പരിഭാഷകൻ

വ. ദി. ശ്രീ. മലങ്കര മൽപ്പാൻ
കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പാ

പ്രസാധകർ

എം.ഒ.സി. പബ്ലിക്കേഷൻസ്
ദേവലോകം, കോട്ടയം

**2003**

മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം

പരിഭാഷകൻ : *വ.ദി.ശ്രീ. മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പാ*

വർഷം : 2003

കോപ്പി :

പ്രസിദ്ധീകരണം : *മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ്*

ടൈപ്പ് സെറ്റിംഗ്സ് : *മാർ ജൂലിയസ് പ്രസ്, പാമ്പാക്കുട*

അച്ചടി : *കാതോലിക്കേറ്റ് ഓഫ്സെറ്റ് പ്രസ്, ദേവലോകം*

വില : 60 രൂപ

ISBN : 81-86631-76-3

സർവ്വശക്തനായി സാംരാംശപൂർണ്ണനായിരിക്കുന്ന
ആദ്യന്തമില്ലാത്ത സ്വയംഭൂവിന്റെ
തിരുനാമത്തിൽ തനിക്കു സ്തുതി

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ
രണ്ടാമത്തെ അബ്ദെദാലോഹൊ ആകുന്ന
ബലഹീനനാകുന്ന

# ഇഗ്നാത്തിയോസ് പാത്രിയർക്കീസ്

**(മുദ്ര)**

**നമ്പർ 42**

മാർ തോമ്മാശ്ലീഹായുടെ ഇടവകയിലുള്ള നമ്മുടെ അനുഗ്രഹിക്കപ്പെട്ട പ്രിയ പുത്രന്മാരായ പട്ടക്കാരുടെമേലും ശെമ്മാശ്ശന്മാരുടെമേലും ശേഷം ജനങ്ങൾ എല്ലാവരുടെമേലും ദൈവീകകൃപയും സ്വർഗ്ഗീയവാഴ്വും വന്നുവസിക്കുമാറാകട്ടെ. കർത്താവിന്റെ വാഴ്വ് ദൈവമാതാവായ വിശുദ്ധ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ അവരുടെമേൽ ഇരിക്കുമാറാകട്ടെ. ആമ്മീൻ.

അനന്തരം നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്നതെന്തെന്നാൽ, നമ്മുടെ പുത്രനായ മലങ്കര മൽപ്പാൻ കാശിശോമത്തായി, അത്മേനികളുടെ വകയ്ക്കായിട്ട് ഒരു പ്രാർത്ഥനാക്രമം ദൈവമാതാവിനോടും പരിശുദ്ധന്മാരോടും ഉള്ള പ്രാർത്ഥനകളും അനുതാപത്തിന്റെ പ്രാർത്ഥനകളും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും മറ്റും എടുത്ത് ചേർത്ത് ക്രമപ്പെടുത്തി മലയാള ഭാഷയിൽ എഴുതി ഉണ്ടാക്കുകയും അതിനെ സുറിയാനി ഭാഷ



യിലാക്കി നമ്മുടെ മുമ്പാകെ കൊണ്ടുവന്ന് കാണിക്കുകയും ചെയ്തു. നാം വായിച്ച് പരിശോധിച്ചതിൽ അത് അത്മേനികൾക്ക് പ്രാർത്ഥിപ്പാൻ നല്ലതെന്ന് കണ്ടിരിക്കുന്നു. എന്തെന്നാൽ ജനങ്ങൾക്ക് ഇക്കാലത്ത് സുറിയാനി ഭാഷ അറിയുവാൻ പാടില്ലാത്തതിനാൽ പള്ളിയിൽ പട്ടക്കാർ പാടുകയും വായിക്കുകയും ചെയ്യുന്ന പ്രാർത്ഥനകളുടെ രസം അവർ അറിയാതെ പോകുന്നു. അതുകൊണ്ട് ഈ ദേശത്ത് ഈ ഭാഷ ഉന്നതി പ്രാപിക്കുന്നതുവരെ ഉപയോഗിപ്പാനായിട്ട് ടി. പ്രാർത്ഥനാക്രമത്തെ അച്ചടിച്ച് ജനങ്ങൾക്ക് കൊടുപ്പാൻ നാം അവനെ അനുവദിച്ചിരിക്കുന്നു. നമ്മുടെ കൽപ്പനപ്രകാരം പുസ്തകം അച്ചടിച്ച് തുടങ്ങുകയും ചെയ്തു. ആയതുകൊണ്ട് ജനങ്ങളിൽ ഓരോരുവൻ ഓരോ പുസ്തകം വാങ്ങി അതിൻപ്രകാരം പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെല്ലാവരോടും ആജ്ഞാപിക്കുന്നു. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരെയും കാത്തുകൊള്ളപ്പെടുമാറാകട്ടെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

ക്രിസ്താബ്ദം 1910 ഇടവം 30-ാംനു
ശ്രായി പള്ളിയിൽനിന്ന്

# മുഖവുര

ഈ പുസ്തകം നാലുഭാഗങ്ങളായി ചേർക്കപ്പെട്ടിരിക്കുന്നു. ഒന്നാം ഭാഗത്തിൽ ശ്ഹീമാ നമസ്ക്കാരം എന്നുപറയുന്ന നിത്യപ്രാർത്ഥനാക്രമവും അതിനോടുചേർത്തു ചൊല്ലേണ്ടതായി ആഴ്ചയിൽ ഓരോ ദിവസങ്ങൾക്കും പ്രത്യേക പ്രാർത്ഥനയും; രണ്ടാം ഭാഗത്തിൽ ആണ്ടടക്കമുള്ള പെൻകീസായിൽ നിന്ന് എടുക്കപ്പെട്ടതായി ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും നിത്യ പ്രാർത്ഥനയിൽ ചേർത്തുചൊല്ലുവാനുള്ള പ്രാർത്ഥനകളും മൂന്നുനോമ്പിന്റെ പ്രാർത്ഥനാക്രമവും വലിയനോമ്പിന്റെ പ്രാർത്ഥനാക്രമവും ഹാശാ ആഴ്ചയിലെ പ്രാർത്ഥനാക്രമവും. മൂന്നാംഭാഗത്തിൽ മാർ പീലക്സിനോസ്ബാവായുടെ പ്രാർത്ഥനയും ആഴ്ചയിൽ എല്ലാദിവസങ്ങൾക്കും പ്രത്യേകം പ്രത്യേകമായി രഹസ്യപ്രാർത്ഥനാക്രമവും, പത്തുകൽപ്പനകൾ, വിശുദ്ധ സഭയുടെ കൽപ്പനകൾ മുതലായവയും കുമ്പസാരമുറയും, "ഞാൻ പിഴയാളി" എന്ന് സാധാരണ പറഞ്ഞുവരുന്ന നാല് മൗദ്യേനൂസ്സൊ പ്രാർത്ഥനകളും ആണ്ടടക്കമുള്ള പെരുന്നാൾ പട്ടികയും നോമ്പുകണക്കും അനുതാപത്തിന്റെ ഏഴ് മസുമൂറാകളും ഓരോ പ്രത്യേക സംഗതികൾക്കുവേണ്ടിയുള്ള മസുമൂറാകളുടെ വിവരവും മരണകരമായ അവസ്ഥയിൽ ഇരിക്കുന്ന രോഗി തന്റെ പിൻഗാമികളെ അനുഗ്രഹിപ്പാനുള്ള മുറയും മരണസമയത്ത് നടത്തേണ്ടിയ മുറകളും പ്രാർത്ഥനകളും നമസ്ക്കാരങ്ങളുടെ അവസാനത്തിലും മറ്റും ഉപയോഗിക്കാവുന്ന പ്രാർത്ഥനകളും ഓരോ സംഗതികൾക്കും പ്രത്യേകം പ്രത്യേകമായുള്ള പ്രാർത്ഥനകളും ദൈവമാതാവിനോടുള്ള പ്രത്യേക പ്രാർത്ഥനകളും; നാലാം ഭാഗത്തിൽ പദ്യമായിട്ട് ഉറക്കസമത്തേക്കുള്ള ഒരു പ്രത്യേക പ്രാർത്ഥനയും യേശുനുഹറോ എന്നാദിയായ മാർ യാക്കോബിന്റെ മട്ടിലുള്ള പ്രാർത്ഥനയും വസന്തസമയത്തേക്കുള്ളതായി കൂക്കോയൊ മട്ടിലും മാർ അപ്രേമിന്റെ മട്ടിലുമുള്ള പ്രാർത്ഥനകളും മാർ അപ്രേമിന്റെ മട്ടിൽ അനുതാപത്തിന്റെ പല മെമ്രാകളും അടങ്ങിയിരിക്കുന്നു.

മുൻ പതിപ്പിലെ പ്രസ്താവന അനുസരിച്ചും ഒരു അത്മേനിക്കാവശ്യമുള്ള പ്രാർത്ഥനകളെല്ലാം അടങ്ങിയതായ ഒരു പുസ്തകം ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശമനുസരിച്ചും അച്ചടിച്ചിട്ടുള്ള ഈ പുസ്തകംകൊണ്ട് ഒരു ക്രിസ്തീയകുടുംബത്തിനാവശ്യമുള്ള പ്രാർത്ഥനകളെല്ലാം തന്നെ നടത്തുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.



ആണ്ടടക്കമുള്ള ഞായറാഴ്ചകൾക്കും വിശേഷ ദിവസങ്ങൾക്കും നോമ്പുകൾക്കും മറ്റു സാധാരണദിവസങ്ങൾക്കും പ്രാർത്ഥനാക്രമങ്ങൾ നമ്മുടെ വിശുദ്ധ സഭയിൽ വിശുദ്ധ പിതാക്കന്മാർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മലയാളത്തുള്ള അത്മേനികൾക്ക് ഉപയോഗപ്പെടത്തക്കവണ്ണം ചില അംശങ്ങൾ മാത്രമേ മലയാളഭാഷയിൽ തർജ്ജിമ ചെയ്തിട്ടുള്ളു. പട്ടക്കാർ ഉപയോഗിച്ചുവരുന്ന സുറിയാനി പ്രാർത്ഥനകളെല്ലാം അതേരീതിയിൽതന്നെ തർജ്ജിമ ചെയ്താൽ ശരിയായി ഉപയോഗപ്പെടുത്തുവാൻ പ്രയാസമായിരിക്കുമെന്നും അവകളുടെ ദീർഘത നിമിത്തം പലരും ഉപയോഗിക്കാതെ പിൻവലിയുമെന്നും ഉള്ളതിന് മുൻ തർജ്ജിമ ചെയ്തു അച്ചടിപ്പിച്ചിട്ടുള്ള പുനരുത്ഥാനത്തിന്റെ പ്രാർത്ഥനാക്രമം സാക്ഷിയായിരിക്കും. ഗാനങ്ങൾ, പ്രത്യേകിച്ചും സുറിയാനിഗാനങ്ങൾ പാടുവാൻ പലർക്കും പരിചയമില്ലാതെയിരിക്കുന്നതിനാൽ ഈ പ്രാർത്ഥനാക്രമം സുറിയാനി പദ്യങ്ങളിൽ നിന്നും മറ്റും തിരഞ്ഞെടുത്ത് സുറിയാനിക്രമത്തിന്റെ രീതിവിടാതെ എളുപ്പവും സൗകര്യവും ആയിരിക്കത്തക്കവണ്ണം പട്ടക്കാർ സുറിയാനിയിലും ജനങ്ങൾ മലയാളത്തിലും നമസ്കരിച്ചാൽ യോജിപ്പായിരിക്കത്തക്കവണ്ണവും എഴുതി തയ്യാറാക്കി നി. വ. ദി. ശ്രീ. വിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ തിരുസന്നിധിയിൽ ഹാജരാക്കുകയും തിരുമേനി പരിശോധിച്ച് അനുവദിച്ച് കൽപ്പനതരികയും ചെയ്തിട്ടുള്ളതാകുന്നു.

ഇതിൽ അടങ്ങിയിരിക്കുന്ന പൊതുപ്രാർത്ഥന എല്ലാവരും പതിവായി അനുഷ്ഠിക്കേണ്ടതും അതിനോടു കൂടെയൊ പ്രത്യേകസമയത്തോ രഹസ്യപ്രാർത്ഥന കൂടെ നടത്താവുന്നതും പൊതുപ്രാർത്ഥനയെ ഉപേക്ഷിച്ച് രഹസ്യപ്രാർത്ഥനയെ മാത്രം ഉപയോഗിപ്പാൻ അനുവാദമില്ലാത്തതുമാകുന്നു.

| | |
|---|---|
| പാമ്പാക്കുട | എന്ന് |
| എപ്പേസോസ് പള്ളി | മലങ്കര മൽപ്പാൻ |
| 1927 മീനം 15–ാംനു | കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പാ |
| | പരിഭാഷകൻ |

## സൂചകം

സുറിയാനിക്രമമനുസരിച്ച് രാവും പകലും കൂടിയ ഒരുദിവസത്തിന് ഏഴുനേരത്തെ പ്രാർത്ഥനകൾ ഉണ്ട്. എങ്കിലും ഏഴുനേരവും വെവ്വേറെ പ്രാർത്ഥിപ്പാൻ എല്ലാവർക്കും സൗകര്യപ്പെടുകയില്ലെന്നുള്ളതുകൊണ്ട് സാധാരണ ദിവസങ്ങളിൽ രണ്ടു നേരമായിട്ടും, മൂന്നുനോമ്പിലും വലിയനോമ്പിലും മൂന്നുനേരമായിട്ടും ഏഴുനേരത്തെ പ്രാർത്ഥനകൾ നടത്തണമെന്നാണ് ഏർപ്പാട്. ഏഴുനേരമായിട്ട് കഴിക്കുന്ന പ്രാർത്ഥനകൾ ദശേന്ദ്രിയങ്ങളെ ഉദ്ദേശിച്ച് പത്താകുന്നു. ഏഴുനേരമായിട്ട് നടത്തുവാൻ കൽപ്പിച്ചിട്ടുള്ള പത്തു പ്രാർത്ഥനകളിൽ ഒന്നെങ്കിലും കുറച്ചാൽ അതു കുറ്റകരവും ദശേന്ദ്രിയങ്ങളിൽ ഒന്നിന്റെ വിശുദ്ധിക്കു കുറവും ആയിരിക്കും. ഏഴുനേരവും പ്രത്യേകം പ്രത്യേകമായി പ്രാർത്ഥന നടത്തുമ്പോൾ എല്ലാനേരത്തെ പ്രാർത്ഥനയ്ക്കും ആരംഭവും കൗമായും ഒടുവിൽ വിശ്വാസപ്രമാണവും അന്ത്യവും ചൊല്ലേണ്ടതാകുന്നു. രണ്ടുനേരമായി കഴിക്കുമ്പോൾ പാതിരാത്രിയുടെയും പ്രഭാതത്തിന്റെയും മൂന്നാംമണിയുടെയും ആറാംമണിയുടെയും പ്രാർത്ഥനകൾ ഒരുമിച്ചു കാലത്തെ നടത്തേണ്ടതും അപ്പോൾ ആരംഭം രാത്രി പ്രാർത്ഥനയുടെ ആദിയിൽ മാത്രവും വിശ്വാസ പ്രമാണവും അന്ത്യവും ആറാംമണിസമയത്തെ പ്രാർത്ഥനയുടെ ഒടുവിൽ മാത്രവും ചൊല്ലേണ്ടതും വൈകുന്നേരം ഒമ്പതാം മണിയുടെയും സന്ധ്യയുടെയും സൂത്താറായുടെയും പ്രാർത്ഥനകൾ ഒരുമിച്ച് നടത്തേണ്ടതും അപ്പോൾ ആരംഭം ഒമ്പതാംമണിനേരത്തെ പ്രാർത്ഥനയുടെ ആദിയിലും വിശ്വാസപ്രമാണവും അന്ത്യവും സൂത്താറാപ്രാർത്ഥനയുടെ ഒടുവിലും ചൊല്ലേണ്ടതും ആകുന്നു സൂത്താറാ പ്രാർത്ഥന സന്ധ്യയ്ക്കു നടത്തിയാലും ഉറക്കസമയത്തു പ്രത്യേകം നടത്തുന്നവരുമുണ്ട്. ഏഴുനേരത്തെ പ്രാർത്ഥന മൂന്നുനേരമായി പ്രാർത്ഥിക്കുമ്പോൾ രാത്രിയുടെയും പ്രഭാതത്തിന്റെയും മൂന്നാം മണിയുടെയും പ്രാർത്ഥനകൾ കാലത്തും ആറാംമണിയുടെയും ഒമ്പതാം മണിയുടെയും സന്ധ്യയുടെയും പ്രാർത്ഥനകൾ ഉച്ചയ്ക്കും സൂത്താറായുടെ പ്രാർത്ഥന സന്ധ്യയ്ക്കും നടത്തേണ്ടതും അപ്പോൾ കാലത്തെ പ്രാർത്ഥനയിൽ ആരംഭം രാത്രി പ്രാർത്ഥനയുടെ ആദിയിലും വിശ്വാസപ്രമാണവും അന്ത്യവും മൂന്നാംമണിനേരത്തെ പ്രാർത്ഥനയുടെ ഒടുവിലും ഉച്ചയ്ക്ക് ആരംഭം ആറാം മണിസമയത്തെ പ്രാർത്ഥനയുടെ ആദിയിലും 44–ാം വശത്തുള്ള മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസായും വിശ്വാസപ്രമാണവും അന്ത്യവും സന്ധ്യാപ്രാർത്ഥനയുടെ ഒടുവിലും ചൊല്ലേണ്ടതും മൂന്നുനോമ്പിലും വലിയനോമ്പിലും ഉച്ചയ്ക്ക് വിശ്വാസപ്രമാണം ചൊല്ലിയശേഷം 'കുറിയേലായിസോൻ, മോറാൻഎസ്രാഹാമെലൈൻ മോറാൻ ഹുസുറാഹേമേലൈൻ, മോറാൻ അനീനുറാഹേമേലൈൻ' എന്നിവകൾ



ഓരോന്നും പതുപത്തു പ്രാവശ്യം ചൊല്ലിക്കൊണ്ട് നാൽപ്പതു കുമ്പിടേണ്ടതും ആകുന്നു. നോമ്പിൽ തന്നെയും കുർബാന കാണേണ്ടിയ ദിവസങ്ങളിൽ 44–ാം വശത്തുള്ള മാനീസ്സാ നമസ്ക്കാരത്തിന്റെ ഒടുവിൽ ഉപയോഗിക്കണമെന്നില്ല.

ഈ മലയാള പ്രാർത്ഥനയിൽ പട്ടക്കാർകൂടി പ്രാർത്ഥിക്കുന്ന പക്ഷം പട്ടക്കാരൻ ശുബഹോലാബൊ എന്നതും മറ്റുള്ളവർ മെനഓലം എന്നതും അതാതു സ്ഥാനത്ത് ചൊല്ലേണ്ടതും അതു പരിചയത്താൽ ശീലിക്കേണ്ടതും പട്ടക്കാരൻ ഒടുവിൽ ബസ്മൽക്കൊ, ഹൂത്തോമൊ മുതലായവ പള്ളിയിൽ ചൊല്ലുന്നതുപോലെ ചൊല്ലി അവസാനിപ്പിക്കേണ്ടതും ഹൂത്തോമൊ സമയത്ത് എല്ലാവരും പട്ടക്കാരന്റെ കൈ മുത്തേണ്ടതും ആകുന്നു. കൂട്ടമായി നമസ്കരിക്കുമ്പോൾ രണ്ടുഭാഗമായി നിന്നുകൊണ്ട് പ്രത്യേകം ഖണ്ഡികയായി തിരിച്ചിട്ടുള്ള ഓരോ നിറുത്ത് ഓരോ ഭാഗക്കാർ ചൊല്ലേണ്ടിയിരിക്കുന്നു. നമസ്കാരങ്ങളുടെ അവസാനത്തിൽ പട്ടക്കാരൻ ഇല്ലാത്തപ്പോൾ വിശുദ്ധ വേദപുസ്തകമൊ, വിശുദ്ധ സ്ലീബായൊ, നമസ്കാര പുസ്തകമൊ, മുത്തുകയും പുരുഷന്മാർ അവർ തമ്മിലും സ്തീകൾ അവർ തമ്മിലും ഹസ്തൂരി വാങ്ങുകയും ചെയ്യേണ്ടത് മുറയാകുന്നു.

എക്ക്ബൊ, കോലോകൾ, ബോവൂസ്സൊ, എനിയോനൊ, മാനീസ്സൊ എന്നിവയെല്ലാം ഓരോതരം പ്രാർത്ഥനകളുടെ പേരുകൾ മാത്രമാകുന്നു. അവകളുടെ അർത്ഥം ഇവിടെ കാണിപ്പാനാവശ്യമുണ്ടെന്ന് വിചാരിക്കുന്നില്ല. ഇവ പേരുകൾ മാത്രമാകകൊണ്ട് പ്രാർത്ഥനയിൽ ചേർത്തു ചൊല്ലേണ്ടതാണെന്ന് വിചാരിക്കുകയൊ ചൊല്ലുകയൊ ചെയ്യരുത്. ബാറെക്മോർ എന്നതിന് എന്റെ കർത്താവേ! വാഴ്ത്തണമേ എന്നും; എന്റെ പിതാവേ! അനുവദിക്കണമേ എന്നും; ആമ്മീൻ എന്നതിന് സത്യം എന്നും, അങ്ങിനെതന്നെ എന്നും; ഹാലേലുയ്യാ എന്നതിനു ദൈവത്തിനു സ്തുതി എന്നും, മൊറിയോറാഹേമേലൈനൂആദറൈൻ എന്നതിനു കർത്താവേ! ഞങ്ങളോടു കരുണചെയ്തു ഞങ്ങൾക്കു സഹായിക്കണമേ എന്നും, മെനഓലം വാദാമൊല്ഓലം ഒൽമ്മീനാമ്മീൻ എന്നതിന് ആദിമുതൽ എന്നന്നേയ്ക്കും എന്നും, ആലോഹൻ റാഹേമേലൈൻ എന്നതിന് ഞങ്ങളുടെ ദൈവമേ! ഞങ്ങളോടു കരുണചെയ്യണമേ എന്നും, സ്തൗമെൻകാലോസ് എന്നതിന് നാം നല്ലവണ്ണം നിന്ന് പ്രാർത്ഥിക്കണമെന്നും, കുറിയേലായിസ്സോൻ എന്നതിന് കർത്താവേ! കൃപ ചെയ്യണമേ എന്നും, മോറാൻഹുസ്സുറാഹേമേലൈൻ എന്നതിന് കർത്താവേ! കൃപയോടെ ഞങ്ങളോടു കരുണചെയ്യണമേ എന്നും, മോറാൻഅനിനുറാഹേമേലൈൻ എന്നതിന് കർത്താവേ! ഉത്തരമരുളി ചെയ്ത് ഞങ്ങളോടു കരുണചെയ്യണമേ എന്നും അർത്ഥമാകുന്നു.

*******

# സംഗതിവിവരം

## 1–ാം ഭാഗം നിത്യപ്രാർത്ഥനാക്രമം


പൊതു പ്രാർത്ഥനാക്രമം 1 – 46

നിത്യപ്രാർത്ഥനയിൽ ചേർത്തുചൊല്ലുവാനുള്ള പ്രത്യേക പ്രാർത്ഥനകൾ 46 – 55


## 2–ാം ഭാഗം പ്രത്യേകപ്രാർത്ഥനാക്രമം


കൂദോശ് ഈത്തൊയുടെയും ഹൂദോസ് ഈത്തോയുടെയും 56 – 58

സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച 58 – 60

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച 60 – 62

ഏലിശ്ബായുടെ അടുക്കലേക്കുള്ള യാത്രയുടെ ഞായറാഴ്ച 62 – 64

യോഹന്നാന്റെ ജനനത്തിന്റെ ഞായറാഴ്ച 64 – 66

യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച 66 – 68

യൽദോനോമ്പിന്റെ ദിവസങ്ങളിൽ 68 – 70

ജനനപ്പെരുന്നാളിന്റെയും ദനഹാവരെയുള്ള ഞായറാഴ്ചകളുടെയും 70 – 72

ഡിസംബർ 26–ാം തീയതി ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ 72 – 74

ഡിസംബർ 27–ാം തീയതി ശിശുവധപ്പെരുന്നാൾ 74 – 76

ജനുവരി 1–ാം തീയതി ചേലാകർമ്മപ്പെരുന്നാൾ 76 – 79

ജനുവരി 5–ാം തീയതി ദനഹാപ്പെരുന്നാളിനും ദനഹായുടെ ശേഷമുള്ള ഞായറാഴ്ചകൾക്കും 79 – 81

ജനുവരി 7–ാം തീയതി മാർ യോഹന്നാൻ മാംദോനോയുടെ ഓർമ്മ 81 – 83

ജനുവരി 8–ാം തീയതി മാർ സ്തേപ്പാനോസ് സഹദായുടെ ഓർമ്മ 84 – 85

ഫെബ്രുവരി 2–ാം തീയതി കർത്താവിന്റെ ദേവാലയ പ്രവേശനപ്പെരുന്നാൾ 85 – 87

മൂന്നുനോമ്പിന്റെ പ്രാർത്ഥനാക്രമം 87 – 107

പട്ടക്കാരുടെ ഞായറാഴ്ച 107 – 109

മരിച്ചവരുടെ ഞായറാഴ്ച 109 – 110

കൊത്ത്നെ ഞായറാഴ്ച 111 – 112

വലിയനോമ്പിന്റെ പ്രാർത്ഥനാക്രമം 113 – 137

വലിയനോമ്പിന്റെ ഒന്നാം ശനിയാഴ്ച 138 – 139

വലിയനോമ്പിന്റെ ഓശാനഒഴികെയുള്ള ഞായറാഴ്ചകളിൽ 140 – 142

മാർച്ച് 9–ാം തീയതി നാൽപതു സഹദേന്മാരുടെ ഓർമ്മ 142 – 144

മാർച്ച 25–ാം തീയതി ദൈവമാതാവിനോടുള്ള അറിയിപ്പുപെരുന്നാൾ 60 – 62

പാതിനോമ്പിന്റെ ബുധനാഴ്ച 145 – 146

ഊശാനയും ഊശാനാനാളുകളും 147 – 149

നാല്പതാം വെള്ളിയാഴ്ച 149 – 151

ലാസറിന്റെ ശനിയാഴ്ച 151 – 152

ഹാശാ ആഴ്ചയിലെ കൗമകൾ 153 – 157

ഹാശാ ആഴ്ചയിലെ പ്രാർത്ഥനാക്രമം 158 – 197

പെസഹാ വ്യാഴാഴ്ച 197 – 199

ദുഃഖവെള്ളിയാഴ്ച 199 – 204

അറിയിപ്പിന്റെ ശനിയാഴ്ച 204 – 206

ഉയിർപ്പു ഞായറാഴ്ചയ്ക്കും ഹേവോറെ നാളുകൾക്കും ഉയിർപ്പിനുശേഷം സെപ്റ്റംബർ 14–ാം തീയതിവരെയുള്ള എല്ലാ ഞായറാഴ്ചകൾക്കും 207 – 209

പുതുഞായറാഴ്ച 209 – 211

സ്വർഗാരോഹണപെരുന്നാൾ 211 – 213

അമ്പതാം പെരുന്നാൾ 214 – 216

സ്വർണ്ണവെള്ളിയാഴ്ച 216 – 218

ശ്ലീഹാനോമ്പ് 218 – 220

ജൂൺ 29–ാം തീയതി മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെയും 30–ാം തീയതി പന്ത്രണ്ടു ശ്ലീഹന്മാരുടെയും പെരുന്നാൾ 220 – 222

ജൂലൈ 3–ാം തീയതി മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ 209 – 211

ശൂനോയൊ നോമ്പ് 222 – 224

ആഗസ്റ്റ് 6–ാം തീയതി കൂടാരപ്പെരുന്നാൾ 225 – 226

ആഗസ്റ്റ് 15–ാം തീയതി ശൂനോയൊപെരുന്നാൾ 227 – 229

സെപ്റ്റംബർ 14–ാം തീയതി സ്ലീബാ പെരുന്നാൾ 229 – 231

ദൈവമാതാവിന്റെ പെരുന്നാൾ 72 – 74

സഹദേന്മാരുടെ പെരുന്നാൾ 232 – 234

പരിശുദ്ധന്മാരുടെ പെരുന്നാൾ 234 – 236

പരിശുദ്ധ പിതാക്കന്മാരുടെയും വിശുദ്ധ സഭയിലെ മൽപ്പാന്മാരുടെയും ഓർമ്മ 236 – 237

പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മ 238 – 239

മരിച്ചവരുടെ ഓർമ്മ 239

## മൂന്നാം ഭാഗം – രഹസ്യപ്രാർത്ഥന


മാബൂഗിന്റെ മാർ പീലക്സീനോസ് ബാവായുടെ പ്രാർത്ഥന 240 – 251
ഞായറാഴ്ച മുതൽ ശനിയാഴ്ചവരെ എല്ലാ ദിവസങ്ങൽക്കുമുള്ള
രഹസ്യ പ്രാർത്ഥന 252 – 338
പത്തുകൽപ്പനകൾ 338 – 339
വിശുദ്ധ സഭയുടെ കൽപ്പനകൾ 339 – 340
വിശുദ്ധ സഭയുടെ കൂദാശകൾ 340
എപ്പോഴും ഓർത്തിരിക്കേണ്ട കാര്യങ്ങൾ 340
മനോഗുണപ്രവർത്തികൾ 340 – 341
മൂന്നു പ്രധാന സംഗതികൾ 341
കുമ്പസാരമുറ 341 – 342
മൗദ്യോനൂസ്സൊ പ്രാർത്ഥനകൾ 343 – 349
പാപങ്ങൾ ഏറ്റുപറയുന്ന മുറകൾ 349
പെരുന്നാളുകളുടെ പട്ടിക 350 – 361
നോമ്പുകണക്ക് 362 – 363
അനുതാപത്തിന്റെ ഏഴുമസുമൂറാകൾ 364 – 374
ഓരോ സംഗതികൾക്കും വായിപ്പാനുള്ള മസുമൂറാകൾ 375 – 377
മരണകരമായ അവസ്ഥയിൽ ഇരിക്കുന്ന രോഗി പിൻഗാമികളെ
അനുഗ്രഹിപ്പാനുള്ള വിധം 377 –382
മരണസമയത്ത് നടത്തേണ്ടിയ പ്രാർത്ഥനകളും മുറകളും 382 – 388
മരണസമയത്തേയ്ക്കുള്ള വേറൊരു പ്രാർത്ഥന 388 – 390
മരണകിടക്കയിൽ രോഗിയുടെ പ്രാർത്ഥന 391 – 394
ഒറ്റയൊറ്റയായ പ്രാർത്ഥനകളെക്കുറിച്ച് പൊതുവിവരണം 394 – 396
നമസ്കാരങ്ങളുടെ അവസാനത്തിലും മറ്റും ചൊല്ലാവുന്ന പ്രാർത്ഥനകൾ 396 – 402
മുഖം കഴുകുമ്പോൾ 402
എണ്ണ തേയ്ക്കുമ്പോൾ 402
കുളിക്കുമ്പോൾ 402
തുവർത്തുമ്പോൾ 403
വസ്ത്രം മാറുമ്പോൾ 403
പള്ളിയിൽ മണി അടിക്കുമ്പോൾ 403
പള്ളിയിൽ പ്രവേശിക്കുമ്പോൾ 403
വിളക്കു കത്തിക്കുമ്പോൾ 404
വി. സ്ലീബായെ ചുംബിക്കുമ്പോൾ 404
വി. ഏവൻഗേലിയോൻ ചുംബിക്കുമ്പോൾ 404
വി. വേദപുസ്തകം വായിക്കുന്നതിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥനകൾ 404 – 408
പ്രസംഗത്തിനു മുമ്പ് 408
പ്രസംഗം കഴിഞ്ഞ് 408
രോഗം പിശാചുബാധ, ഞെരുക്കം, വ്യസനം മുതലായവയിൽനിന്ന്
രക്ഷപ്രാപിക്കുമ്പോൾ 409 – 412
ബുർക്ക്സാ അപ്പം ഭക്ഷിക്കുമ്പോൾ 412
ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥനകൾ 412 – 413
ഗുരുക്കന്മാരുടെ പ്രാർത്ഥന 414
വിദ്യാർത്ഥികളുടെ പ്രാർത്ഥന 414 – 415
പരിശുദ്ധന്മാരുടെ കബറിങ്കൽനിന്ന് വാഴ്വ് കൈക്കൊള്ളുമ്പോൾ 416
ടി. വേറൊന്ന് 416 – 417
വഴിയാത്രക്കാർക്കു വേണ്ടി 417
രോഗികൾക്കു വേണ്ടി 417 – 418
രോഗികൾ ദൈവമാതാവിനോട് 418 – 419
രോഗികൾ പരിശുദ്ധനോട് 419
രോഗികൾ ദൈവത്തോട് 420
ഏതെങ്കിലും വ്യസനത്തിലോ ഞെരുക്കത്തിലോ
ഉൾപ്പെടിരിക്കുന്നവർക്കുവേണ്ടി 421
പനിയിൽ കിടക്കുന്നവർക്കുവേണ്ടി 422
പിശാചു ബാധിച്ചവർക്കുവേണ്ടി 422 – 424
ഭവനങ്ങളിൽ പിശാചുബാധമൂലം ഉണ്ടാകുന്ന ഉപദ്രവങ്ങൾക്ക് 424 – 426
ഒരു കുട്ടി ജനിക്കുമ്പോൾ 426 – 428
വിദ്യാഭ്യാസത്തിന് ആരംഭിക്കുന്ന കുട്ടികൾക്കുവേണ്ടി 428 – 429
വിതയ്ക്കുമ്പോൾ 429 – 430
കൊയ്യുമ്പോൾ 430
കച്ചവടക്കാരുടെ പ്രാർത്ഥന 431
മഴയ്ക്കുവേണ്ടി 432 – 433
അതിവർഷം നീങ്ങുവാൻ 433 – 435

| | |
|---|---|
| കൃഷികൾക്കു ചാഴി, പുഴു, കാറ്റ് മുതലായവകളാൽ ദോഷം പറ്റുമ്പോൾ | 435 – 436 |
| സാംക്രമികരോഗങ്ങളുടെ കാലത്ത് | 436 – 438 |
| മൃഗവസന്ത നീങ്ങുവാൻ | 438 – 440 |
| സഭയ്ക്കുവേണ്ടി | 440 – 443 |
| പട്ടക്കാർക്കുവേണ്ടി | 443 – 446 |
| രാജാക്കന്മാർക്കുവേണ്ടി | 446 – 448 |
| പ്രസവിക്കാത്ത സ്തീകൾക്കുവേണ്ടി | 448 – 449 |
| പ്രസവിക്കാത്ത സ്ത്രീകളുടെ പ്രാർത്ഥന | 450 – 451 |
| എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നവർക്കുവേണ്ടി | 451 |
| സകല ജോലികൾക്കും മുമ്പ് | 451 |
| പിശാചുമൂലമുണ്ടാകുന്ന ദുർവിചാരങ്ങൾ നീങ്ങുവാൻ | 451 – 452 |
| അനുതാപത്തിന്റെ ഒരു പ്രാർത്ഥന | 452 – 457 |
| ദൈവകോപത്തിന്റെ കാലത്തു നടത്തുവാൻ | 457 – 460 |
| വിശുദ്ധ ദൈവമാതാവിനോട് | 461 – 465 |
| വൈദ്യന്മാരുടെ പ്രാർത്ഥന | 465 – 466 |
| മാറാനായസ്ക്കൂൾ (സൺണ്ടേസ്ക്കൂൾ) ആരംഭിക്കുമ്പോൾ | 467 |
| ടി അവസാനിക്കുമ്പോൾ | 467 |
| ഭക്ഷിപ്പാൻ ആട്, മാട്, കോഴി മുതലായവകളെ അറക്കുമ്പോൾ | 467 |
| കൈമുത്തുമ്പോഴും ഹസ്തൂരി കൊടുക്കുമ്പോഴും | 467 |

## നാലാം ഭാഗം

| | |
|---|---|
| ഉറക്കസമയത്തേയ്ക്കുള്ള ഒരു പ്രത്യേക സൂത്താറാ | 468 – 476 |
| യേശുനുഹറോ (ഈശൊനുഹറൊ) | 476 – 488 |
| വസന്തസമയത്തേക്കുള്ള പ്രാർത്ഥന (പള്ളിയിതാമക്കളെ എന്നത്) | |
| വസന്തപ്പെരുന്നാളിന്റെ പ്രദക്ഷിണത്തിനും ഉപയോഗപ്പെടുത്താം | 488 – 491 |
| മാർ അപ്രേമിന്റെ ബോവൂസ്സാ (ദൈവമേ! അനുഗ്രഹിക്ക എന്നത്) | 491 – 498 |
| അനുതാപത്തിന്റെ മെമ്രാകൾ | 498 – 515 |

******